Born in the year 1878 A. D. in a matrilinial Nair family of ancient nobility in Vettathnad, fifty kilometres south of Calicut in the old Malabar district, Vallathol Narayana Menon had his early lettering in Samskrit at the feet of his maternal uncle, himself a learned scholar and physician. The guru's favourite subjects were Ayurveda and Astrology and he naturally wished his nephew to become a physician. Young Narayanan however devoted his studies and attention more towards the broader and wider sphere of classics. He drank deep from the fountains of learning handed down by great savants and sages like Vyasa, Kalidasa, Bhavabhuti and Shri Harsha. He composed his first poem in Samskrit at the unbelievable age of twelve. His debut at a congregation of the then leading literary

luminaries of Kerala at Calicut in the year 1894 at the age of fifteen created a real flutter.

By the age of twenty Narayanan established his pen name 'Vallathol' as a prodigious poet of genius and versatality in Malayalam. It was a time when scholarly disposed princes of the various royalties like the Zamorin's, Cochin and others were hunting for such rising poets. Such patrons vied with each other in winning over this new literary jewel to their respective courts. A short period of such royal fraternisation helped Vallathol to enrich his learning from pastures new, but he was not contended with that sort of growth.. The existing order of social conditions, caste prejudices, untouchability and social inequalities against the all pervading background of British rule, and the rulers strangulating system of education aimed at the slow destruction of the motherland's culture and heritage, everything together were brewing a storm of bitterness and revolt inside Vallathol the poet.

In the year 1905 at the comparatively young age of twenty-six Vallathol undertook the daring and defying task of translating Rishi Valmiki's *Ramayana* into Malayalam, which few had attempted till then. He completed this great assignment in two years' time within which period he had also published a dozen original poetic works in Samskrit and Malayalam. It was at this period a physical calamity befell Vallathol when he lost his faculty of hearing which despite the best medical aid could not be regained. The poet wrote his famous *Badhira Vilapam* (The Deaf Man's Wail) at this period and even today this autobiographic elegy is read by the Malayalam reading public with deep emotion and reverence towards the great departed poet.

Vallathol,
The National Poet and Freedom Fighter

Vallathol's literary works till the period of the Non-coperation Movement led by Mahatma Gandhi in 1921, were mostly confined to translations of Samskrit classics and dramas and compositions of original *Khanda Kavyas* in Malayalam based mostly on mythological themes with an eye and emphasis on contemporay social conditions. The clarion call of the nation's leader Gandiji, however, charged electrifically on Vallathol's imagination. From then on Vallathol's pen transformed itself into a dynamic weapon with a purpose. His poems took more concrete forms and vigour exhorting his countrymen for self-purification and sacrifice at the altar of the motherland's liberation struggle. Vallathol declared himself a dedicated disciple of Gandhiji whom he qualified as his Master in his immortal poem, *Ente Gurunathan* (My Teacher). In his personal life he became a staunch non-cooperator by withdrawing his children from educational institutions of British influence and preferred to coach them at home through tutors for the rest of their academic life. He exhorted his countrymen actively to participate in the non-cooperation movement, wear Khadi, spin Khadi and exhibit to the rest of the world the greatness and spiritual dynamism of India through her non-violent strength. The British rulers found a potential and effective antagonist in Vallathol the poet and they offered a much covetted Decoration to Vallathol in honour of the visit of the Prince of Wales to India at that time. Vallathol refused the Decoration with all the contempt it deserved.

This action of revolt pushed the unassuming poet very much to the forefront of the national movement. Many were the persuasions to lure Vallathol into active

politics. He gave out his mind to no less person than Gandhiji himself during the latter's visit to Kerala at that time, when Gandhiji posed the issue in his characteristic subtlity: "Does the poet spin Khadi?" Quick came the poet's polite reply: "The poet is a dreamer weaving images. He does not work himself, but drives others into action through his poetry".

A few years later, in the thirties, Gandhiji was convinced of this visionary poet's reply, when he found how thousands and thousands of youths and even elders came out of their houses and hamlets with Vallathol's fiery patriotic songs on their lips to offer themselves for arrest, lathi charge, imprisonment and every other suffering that the Civil Disobedience Movement of the thirties demanded. Mahatma Gandhi never forgot to keep actively in touch with Mahakavi Vallathol of Kerala, till the end of his life.

Vallathol,
the Founder of Kerala Kalamandalam.

The great dance art of Kerala *Kathakali* was facing total extinction through neglect by the western educated intelligentsia. Next to poetry, Vallathol loved and adored this dramatic dance art which otherwise was a vast treasure of artistic wealth and culture handed down by generations of learning and training. Vallathol gathered together a score of Kathakali artistes from all over Kerala and organised conducted tours and performances at the various centres of India at a very heavy drain on his own personal resources. The aim was to build a sanctuary for Kathakali and start an academy of learning and training in the art and in other allied ancient arts. Many questioned the success of such an attempt when there were few in the country to understand and sympathise with such a costly ambition. The move was started in the early thirties where the nation itself was in the throes of a total struggle against the British rule. No sympathy, nor financial aid could be expected from the Government either. The indomitable will of Vallathol would not be curbed. He at last succeeded in starting the *Kerala Kalamandalam* in the latter half of 1930. Later he conducted his troupe of artistes for a tour of outlying and distant places like Burma, Malaysia and Ceylon and at a much later period to Russia, China and other East European countries.

Students who passed out of the Kerala Kalamandalam are today imparting the message of Kathakali in the various centres and corners of India and some even in far away United States and Australia.

The well known celebrities of Indian classical dance like Indrani Rehman, Gopinath, Ram Gopal, Santha Rau and Tara Chaudhury were all students who passed out through the portals of the Kerala Kalamandalam. Distingusihed dance teachers like Madhavan, Haridas, Hari Uppal, Yogindra Desai and Ananda Shivram owe much to Mahakavi Vallathol and Kalamandalam for what they are today.

Vallathol as a Prophet of Peace.

After the second World War the peace movement sponsored by the Communist part of the world captured the heart of the humanist Vallathol. He went all the way to distant Warsaw in 1950 at the very ripe age of seventy-two to address a world congregation of pacifists, scientists and writers like Prof: Bernal, Juliot Curie and others. Vallathol sang before the Peace Congress his verses eulogising peace for mankind and against another war. On his way back he visited France and England. In Paris he addressed a packed audience of art students and connoisseurs

of Indian dances, particularly on Kathakali. The same year he visited Soviet Russia in response to an invitation by the Writer's Association of the USSR. While in Russia he was moved by the sight of ravages done to a country and its people by the Fascist invaders during the war. The ransacked sight of Tolstoi's memorial moved Vallathol to tears and on his return home he wrote a powerful and moving indictment of war and its effect on human and cultural values. Vallathol declared himself a friend of the Soviet Union which though, was not received with appreciation in certain quarters in the country at that time. Incidentally he had to take some brickbats also along with the boquets he received from the public.

Vallathol however unflinchingly stuck to his position and more fervently pleaded for deeper friendship and ties between India and Soviet Russia. The wishes of Vallathol have become a prophetic truth in the present context of our conflict with a violent neighbour like Pakistan which in its turn has unfolded the valuable friendship of Russia for India while our erstwhile friends of the West shocked us by throwing their weight on the side of the aggressor country!

Vallathol's indomitable urge to work was Herculean. He had completed seventy four in the year 1953 with an astoundingly big record of seventy four original literary works and translations including a Mahakavya *Chitrayoga* and Valmiki's *Ramayana*, Kalidas's Shankuntala and the translations of the four Puranas (ie. Padma, Matsya, Vamana & Markandeya) ranking as the richest contributions to Malayalam literature. He, however was not prepared to retire from active field and hard work. At the age of seventy five Vallathol undertook the stupendous task of translating *Rig Veda* which he completed by 1958. He was awarded *Padma Bhushan* title by the President of India in 1955.

The strain and stress of a life time's hard work struck down the giant with an attack of Cyrrhosis. After a few days tenacious battle Mahakavi Vallathol, the endeared idol of the people of Kerala, surrendered to the one and only enemy he always defied, namely, Death, on thirteenth March 1958 at the age of seventy nine. Vallathol had defied death in all his poetic works for, he lived for life, to worship Life, to glorify Life and to enjoy Life in all its fullness. He took the whole of human life and, existence as a poem of beauty and immortality and he interpreted life as such through all his poetic works. Death did indeed subdue Vallathol's life, but his soul lives immortally through his poetry for posterity.

With the best compliments

of

VAMAN BROS.

PHOTOGRAPHERS & ARTISTS,

39, Spurtank Road,

CHETPUT,

MADRAS - 31.


★


Phone: 85284 Grams: PHOTOLAND

Young Feet are Seldom Still




at home






at school





at play



That is why it is so important for your child to wear comfortable shoes... Carona shoes! They are specially designed with extra broad toes to ensure room for growth, and soles that don't slip on any surface. Give your child a good start for the years ahead — with durable, economical, Carona shoes.

Carona QUALITY SHOES

Carona Sahu Co. Ltd. Regd. office: 221, Dadabhoy Naoroji Road, Bombay 1

JWT-CSC.2848

With the best compliments

of

ASPY LITHO WORKS

77, GENERAL PATTERS ROAD,

MADRAS-2.

★

PHOTO OFFSET


AND

FLUORESCENT COLOUR PRINTERS

★

Phones:
84688 & 81318

Grams:
"STRAIGHT"


BLITZ
COUNTRYWIDE
COVERAGE
300,000 COPIES
EVERY WEEK

നിളാതടത്തിൽ

— ജി.

നിളതൻതടത്തിലേ—
സ്സെത്തിനോക്കുന്നു, ബാഷ്പ—
ജഡദർശന പരി—
ശ്രാന്തതാരക സന്ധ്യ.

ചില്പകളുടെ നിഴ—
ലനങ്ങുമാക്കോലായി—
ലില്പവളുടെയഭി—
വന്ദ്യവത്സലകവി.

അമ്പിളിക്കുരുന്നുപോ—
ലുള്ള കുഞ്ഞിനെ മെല്ലെ—
ച്ചുംബിച്ചും നരപര—
ണ്ടോരു തൻ വിരിമാറിൽ

കളിരെക്കളിരെച്ചേ—
ത്തോമനിച്ചു കൊഞ്ചിച്ചും,
വെളിയിൽ വരാന്തയി—
ലൊരിക്കൽ,ക്കവി നിന്നു.

വിടർന്നു പെട്ടെന്നന്തി—
മലരിപ്പൂവിൻ ചുണ്ടു,
പടർന്നു പൂന്തെന്നലി—
ലുന്മേഷപരിമളം.

ഒരു മഞ്ജരി കൂടി—
ക്കൊതിച്ചു കൈയും നീട്ടി
അരുമക്കിനാവുണ—
രുന്ന കൈരളിക്കുട്ടി.

നനുത്ത കൺപീലിത്ത—
മ്പൊരു നിർവൃതികൊണ്ടു
നനഞ്ഞും തന്നെത്തന്നെ
മറന്നും പിൻപേ വന്നു.

ആ മനോഹരരംഗ—
മോമ്മിക്കയല്പീ ദിക്കിൻ—
സീമയിൽ വികമ്പിക്കും
വിഹ്വലാംഗിയാം സന്ധ്യ!

തൻകുരുന്നുകൈയ് നീട്ടീ
തന്റെ നേക്കുന്നാരോമൽ—
പ്പൊൻകുഞ്ഞുതുതമാർന്നു
കവിഭാവന പോലെ.

കുനിഞ്ഞു കുഞ്ഞിക്കൈയി—
ലുമ്മവെയ്ക്കുന്നും വിണ്ണിൻ
പനിനീരലരിതം
കൊണ്ടതു നിറയ്ക്കുന്നും

തെളിയും കവിയുടെ
കരളിൻ വെളിച്ചത്തിൻ
കടന്നയെടുത്തു താ—
രങ്ങളിൽത്തളിക്കുന്നും

തനിയ്ക്കുണ്ടായ് പുണ്യം,
ഭാഷതൻ തടം കവി—
ഞ്ഞൊഴുകും വാത്സല്യത്തിൻ
തീർത്ഥത്തിൽ മുഴുകുന്നും.

കാതിനു കുളിർ, ശ്രുദ്ധി
കരളിനു, ദിവ്യാനു—
ഭൂതിദീപ്തി ജീവനു,
ഭാഷയ്ക്കുത്തുതരാഗം,

കൊടുത്തു കാലത്തിന്റെ
വീണയിൽ നവലയം
തൊടുത്ത മഹാകവി—
യെങ്ങുപോയ് പ്രിയസന്ധ്യേ?

ഇല്ല പൂങ്കയിൽ, ഇല
പഴുത്തു മുരടിച്ചു
ചില്ല, നുത്തുകളുടെ
ചർച്ചകളാണീ മാവിൽ.

നിളതൻ തടത്തിലേ—
സ്സെത്തിനോക്കുന്നു ബാഷ്പ—
ജഡദർശന, പരിശ്രാന്ത—
താരക സന്ധ്യ.

വള്ളത്തോൾ സ്മരണകൾ

കെ. പി. കേശവമേനോൻ

ആ ദുരന്തരാത്രി ഞാനിന്നും ഓർക്കുന്നുണ്ട്—1958 മാർച്ച് 13–ാംനു. അന്നു അർദ്ധരാത്രിയിൽ ടെലഫോൺ മണിയടിച്ചു. പെട്ടെന്നു് എഴുന്നേറ്റ് റിസീവർ എടുത്തു് ചെവിയിൽ വെച്ചപ്പോഴും ''വള്ളത്തോൾ അന്തരിച്ചു, മൃതദേഹം ചെറുതുരുത്തിക്കു് കൊണ്ടുപോകുന്നുണ്ടു്'' എന്നു് ഒരു സുഹൃത്തു് എറണാകുളത്തുനിന്നു് പറഞ്ഞതാണു് കേട്ടതു്. അതിനു് ഒരാഴ്ച മുമ്പു് മാത്രമാണു് ഞാനദ്ദേഹത്തെ അവിടെ വെച്ചു് കണ്ടതു്. വള്ളത്തോൾ അന്നു രോഗശയ്യയിലായിരുന്നുവെങ്കിലും മരണം ആസന്നമായിരുന്നു എന്നു വിചാരിക്കുവാൻ വിശേഷിച്ചു് കാരണങ്ങളൊന്നും ഉണ്ടായിരുന്നില്ല. അന്നദ്ദേഹം തികച്ചും പ്രസന്നവദനനായിരുന്നു. ആ അവശനിലയിലും തന്റെ സഹജമായ നർമ്മബോധം അദ്ദേഹം കൈവിട്ടിരുന്നില്ല.

ടെലഫോൺ അവിടെ വെച്ചു് ഞാൻ ചെന്നു കിടന്നു. ഉറക്കം വന്നില്ല. വള്ളത്തോളിന്റെ ആ നീണ്ട സ്വരൂപം ചിരിച്ചുകൊണ്ടു് എന്റെ മുമ്പിൽ നിൽക്കുകയാണു്. ഞരിയാണിവരെ എത്തിയിരുന്ന മുണ്ടെടുത്തു് ഒരു വെള്ളക്കുപ്പായവും ഇട്ടു് അതിനു മീതെ ഒരു വേഷ്ടിയുമായി എന്റെ മുമ്പിൽ നിന്നിരുന്നതായി കണ്ടിരുന്ന മഹാകവി വള്ളത്തോൾ മരിച്ചു എന്നോ! ഫലിതസമ്പൂർണ്ണമായ അദ്ദേഹത്തിന്റെ വാക്കുകൾ ഞാനിനി കേൾക്കില്ലെന്നോ! എനിക്കതു് വിചാരിക്കുകകൂടി വയ്യായിരുന്നു. കുറെ കഴിഞ്ഞപ്പോൾ ഞാനൊന്നു മയങ്ങി. അപ്പോഴും കണ്ടതു് ആ സ്വരൂപം തന്നെയായിരുന്നു. അങ്ങിനെ കഴിച്ചുകൂട്ടി രാത്രി. കാലത്തു് ഞാൻ ചെറുതുരുത്തിയിലേക്കു് പുറപ്പെട്ടു. ഞാൻ അവിടെ എത്തുന്നതിനു് മുമ്പായി വള്ളത്തോളിന്റെ മൃതദേഹം അവിടെ എത്തിക്കഴിഞ്ഞിരുന്നു. നേരിട്ടു ചെന്നതു് ആ പുണ്യശരീരത്തെ കിടത്തിയിരുന്ന മുറിയിലേക്കാണു്. തലക്കരികെ ഒരു നിലവിളക്കു് കത്തുന്നുണ്ടായിരുന്നു. വെള്ള വസ്ത്രംകൊണ്ടു് കഴുത്തുവരെ ദേഹം മൂടിയിരുന്നു. ഒരു നിമിഷമേ ഞാനവിടെ നിന്നുള്ളു. കാലുതൊട്ടു് നമസ്കരിച്ചു് ഞാൻ മുറിയിൽനിന്നു് പുറത്തേക്കു് വന്നു. പല സുഹൃത്തുക്കളും മഹാകവിയുടെ ആരാധകന്മാരും അപ്പോഴേക്കു് അവിടെ എത്തിച്ചേർന്നു. ശവസംസ്കാരത്തിനുള്ള ഒരുക്കങ്ങളും ധൃതിയിൽ നടന്നു. നാലുമണിയായി സംസ്കാരച്ചടങ്ങു് ആരംഭിച്ചപ്പോഴും. അഗ്നിനാളങ്ങളും പൊങ്ങിയതോടുകൂടി ഞാൻ അവിടെനിന്നു് മടങ്ങി. അന്നു രാത്രി തന്നെ കോഴിക്കോട്ടു് തിരിച്ചെത്തുകയും ചെയ്തു. വള്ളത്തോളിനെപ്പറ്റിയുള്ള പല സ്മരണകളും എന്റെ മനസ്സിൽ തിരക്കിക്കൂടി. എന്തൊരു അനുഗൃഹീതമായ ജീവിതം! എന്തൊരു ആകർഷകമായ സ്വഭാവം; എന്തൊരു വമ്പിച്ച നേട്ടം!

ഒരു കവിയുടെ നിലയിൽ വള്ളത്തോളിനു് എത്തുവാൻ കഴിഞ്ഞ പദവിയെപ്പറ്റി ഇവിടെ പറഞ്ഞിട്ടു് ആവശ്യമില്ല. അതു് കുട്ടികൾക്കുപോലും അറിയാവുന്ന ഒരു പരമാർത്ഥമാണു്. കലാപോഷണത്തിനു് വള്ളത്തോൾ നൽകിയ സംഭാവനയാണു് വിദേശങ്ങളിൽ അദ്ദേഹത്തിന്റെ പേരും പ്രശസ്തിയും പ്രചരിക്കുന്നതിനു് അധികം കാരണമായിട്ടുള്ളതെന്നതിനു് സംശയമില്ല. കലാപോഷകൻ ഒരു മഹാകവിയും കൂടി ആയിത്തീരുക എന്നതു് അത്ര സാധാരണയല്ല. കലയുടേയും കവിതയുടെയും സമ്മോഹനമായ ഒരു സമ്മേളനമാണു് ലോകർ വള്ളത്തോളിൽ കണ്ടെത്തിയതു്. ഒരു വ്യക്തിയുടെ നിലയിൽ അദ്ദേഹത്തിന്റെ ചില വിശേഷഗുണങ്ങളെ സ്പർശിക്കുവാനാണു് ഞാൻ ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നതു്.

സംസ്കൃതവും, മലയാളവും മാത്രമേ വള്ളത്തോളിനു് സ്വായത്തമായിരുന്നുള്ളു. ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം അദ്ദേഹത്തിനു് ഇല്ലായിരുന്നു. എങ്കിലും ശാസ്ത്രത്തിന്റെ പുരോഗതിയും ലോകസംഭവങ്ങളുടെ ഗതിയും എത്ര സൂക്ഷ്മമായാണു് അദ്ദേഹം അറിഞ്ഞുവന്നിരുന്നതു്! അദ്ധ്യാനശീലം വള്ളത്തോളിന്റെ കൂടപ്പിറവിയാണു്. വാർദ്ധക്യകാലത്തു കൂടി അതിനു് ഒരു കുറവും വന്നിട്ടില്ലായിരുന്നു. 75 വയസ്സു് കഴിഞ്ഞതിനു് ശേഷമാണു് ഋഗ്വേദം പരിഭാഷപ്പെടുത്തുവാൻ അദ്ദേഹം ആരംഭിച്ചതു്. രണ്ടരക്കൊല്ലംകൊണ്ടു് അതു് പൂർത്തിയാക്കുകയും ചെയ്തു. ദിവസേന എട്ടും പത്തും മണിക്കൂർ വീതം ജോലിചെയ്തതിന്റെ ഫലമായിട്ടാണു് ആ ഗ്രന്ഥം പുറത്തുകൊണ്ടുവരുവാൻ സാധിച്ചതു്. അതുപോലെതന്നെ വാല്മീകിരാമായണത്തിന്റെ തർജ്ജമയും ഒന്നു എടുത്തുനോക്കുക: എന്തൊരു കഠിനാദ്ധ്വാനമാണു് അതിനു വേണ്ടിവന്നിട്ടുള്ളതു്!

സ്വപ്രയത്നംകൊണ്ടു നേടിയതാണു് അദ്ദേഹത്തിന്റെ വിദ്യാഭ്യാസം. അമ്മാമൻ രാവുണ്ണിമേനോനും അച്ഛൻ ഇളയതും കുട്ടന്റെവിദ്യാഭ്യാസത്തിൽ കുറെയെല്ലാം ശ്രദ്ധിച്ചിരുന്നു. കുട്ടനെന്നായിരുന്നു, അച്ഛനും വീട്ടുകാരും ആ കുട്ടിയെ വിളിച്ചിരുന്നതു്. അന്നത്തെക്കാലത്തു് പതിവുണ്ടായിരുന്നതുപോലെ ഒരു നാട്ടെഴുത്തച്ഛന്റെ കീഴിലാണു് കുട്ടൻ വിദ്യാഭ്യാസം ആരംഭിച്ചതു്. സംസ്കൃതവും വൈദ്യവും മരുമകനെ പഠിപ്പിക്കണമെന്നായിരുന്നു അമ്മാമന്റെ ആഗ്രഹം. ആ പഠനം കുറെ പുരോഗമിക്കുകയും ചെയ്തു. ചികിത്സവൃത്തി സ്വീകരിക്ക മാത്രമല്ല വള്ളത്തോൾ നാരായണമേനോൻ ചെയ്തതു്; ആരോഗ്യചിന്താമണി, ഗർഭരക്ഷാക്രമം മുതലായ ചില വൈദ്യഗ്രന്ഥങ്ങളും അദ്ദേഹം രചിക്കയുണ്ടായി. വള്ളത്തോളിന്റെ പതിനെട്ടാമത്തെ വയസ്സിൽ ഉണ്ടായ ഒരു സംഭവം പ്രസ്താവ്യമാണു്. മാനവിക്രമൻ ഏട്ടൻ തമ്പുരാന്റെ സന്നിധിയിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പുന്നശ്ശേരി നമ്പി മുതലായ മഹാപണ്ഡിതന്മാർ വന്നുകൂടിയിരുന്നു. തന്റെ സന്നിധിയിലേക്കു് പണ്ഡിതന്മാരെ ആകർഷിക്കുവാനുള്ള വിദ്വാൻ ഏട്ടൻ തമ്പുരാന്റെ കഴിവു് പ്രസിദ്ധമാണു്. അന്നു് അവരെ കാണുവാനായി യുവാവായ വള്ളത്തോൾ നാരായണമേനോനും അവിടേയ്ക്കു് പോയിരുന്നു. ആ പണ്ഡിതന്മാരുടെ സംഭാഷണംകേട്ടപ്പോഴാണു് തന്റെ സംസ്കൃതജ്ഞാനം എത്ര പരിമിതമാണെന്ന ബോധം വള്ളത്തോളിൽ ഉദിച്ചതു്. ആ കുറവു തീർക്കുന്നതിനു് കിണഞ്ഞു് പരിശ്രമിക്കുവാൻ ആ യുവാവു് ഉറച്ചു. അതിന്റെ ഫലം നമുക്കെല്ലാവർക്കും അറിയാം.

നിസ്സാര കാര്യത്തിലും കവിയുടെ കണ്ണു് ചില പുതുമകൾ കാണും. ഒരിക്കൽ പപ്പടം കാച്ചുന്നതു കണ്ടപ്പോൾ വള്ളത്തോൾ അതിനെപ്പറ്റി അപ്പോൾത്തന്നെ ഒരു കവിതയുണ്ടാക്കിയതായി കേട്ടിട്ടുണ്ടു്:

''പശ്യ കേരഭവേ തൈലേ,
പപ്പടം വിക്ഷിപന്ത്യമീ
സ്നേഹേന യോജയത്യേവ
സുവൃത്തം ഹി സദാജന:''

ധ്വനിപ്പെടുത്തിയുണ്ടാക്കിയ ഒരു പദ്യമാണു് അതെന്നു് അറിയുമ്പോൾ അതിന്റെ മാധുര്യം കൂടുതൽ ആസ്വദിക്കുന്നതിനു് നമുക്കു് കഴിയും.

ഖണ്ഡകൃതികളാണു് വള്ളത്തോളിനെ മഹാകവിയായി ഉയർത്തിക്കൊണ്ടുവന്നതെന്നു് സാധാരണ പറയാറുണ്ടു്. അതു് എത്ര ശരിയാണെന്നു് സാഹിത്യമഞ്ജരി വായിച്ചുനോക്കിയാൽത്തന്നെ അറിയാവുന്നതാണു്. വിഷുക്കണി, കൊച്ചുസീത, അച്ഛനും മകളും എന്നിങ്ങനെയുള്ള വിശിഷ്ടകൃതികളും ഏതൊരു സഹൃദയനെയാണു് ആനന്ദിപ്പിക്കാതിരിക്കുക!

വള്ളത്തോളും ഒരു നടനമായിരുന്നുവെന്ന വസ്തുത ഒരുപക്ഷേ പലർക്കും അറിവുണ്ടായിരിക്കുകയില്ല. അച്ഛനാണു് അതിനും മകനു പ്രോത്സാഹനം നൽകിയതു്. മകൻ വേഷംകെട്ടിക്കാണുവാൻ അച്ഛനു് വലിയ താല്പര്യമായിരുന്നു. നടയിൽ തവണക്കാരൻ മുതൽ കഥാനായകൻ വരെയുള്ള പല വേഷങ്ങളും വള്ളത്തോളും കെട്ടിയിരുന്നുവത്രെ. നാട്യവിദ്യയിൽ ചെറുപ്പകാലത്തുണ്ടായിരുന്ന ഈ അഭിനിവേശമാണു് പിന്നീടു് കലാമണ്ഡലം ഏർപ്പെടുത്തുന്നതിനു് അദ്ദേഹത്തിനു് പ്രേരണ നൽകിയതു്. എന്തൊരു പ്രശസ്തിയാണു് ആ സ്ഥാപനം കേരളത്തിനു് നേടിക്കൊടുത്തതു്! ആനന്ദശിവരാം, താരാ ചൌധുരി, രാഗിണീദേവി, ഗോപിനാഥൻ മുതലായ സുപ്രസിദ്ധ നടീനടന്മാർ കേരള കലാമണ്ഡലത്തിന്റെ സന്താനങ്ങളാണു്.

വള്ളത്തോളിന്റെ പ്രസംഗങ്ങളും കേൾക്കുന്നതു് വിജ്ഞാനപ്രദമായ ഒരനുഭവമാണു്. അദ്ദേഹത്തിന്റെ പ്രൌഢവും കവിത തുളുമ്പുന്നതുമായ ഭാഷാശൈലിയും തികഞ്ഞനർമ്മബോധവും ഒട്ടുങ്ങാത്ത ആശയസമ്പത്തും ആരേയും ആശ്ചര്യപ്പെടുത്താതിരിക്കില്ല.

വള്ളത്തോളിന്റെ സ്വഭാവവിശേഷത്തിലേയ്ക്കു് വെളിച്ചം വീശുന്ന പല സംഭവങ്ങളും ഞാൻ ഓർക്കുന്നുണ്ടു്. ലേഖനം ദീർഘിച്ചുപോകുമെന്നു് ഭയപ്പെട്ടു് അവയിൽ ഒന്നിനെപ്പറ്റി മാത്രമേ ഇവിടെ പറയുന്നുള്ളൂ.

ഞാൻ സിങ്കപ്പൂരിലായിരുന്നപ്പോൾ 1934ൽ വള്ളത്തോൾ അവിടെ വരികയുണ്ടായി. അവിടത്തെ താമസക്കാലത്തു് അദ്ദേഹം ഇടക്കിടെ എന്റെ വീട്ടിൽ ഭക്ഷണം കഴിക്കുവാനായി വന്നിരുന്നു. ഒരു ദിവസം മോരു് പാർന്ന മത്സ്യക്കറിയും ഉണ്ടായിരുന്നു. അതു് വള്ളത്തോളിനു് വളരെ ഇഷ്ടമായി. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ഒന്നിലധികം പ്രാവശ്യം അതു് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. പതിനഞ്ചുകൊല്ലം കഴിഞ്ഞു് ഞാൻ നാട്ടിൽ തിരിച്ചെത്തിയതിനുശേഷം വള്ളത്തോൾ എന്നെ കാണുവാനായി പാലക്കാട്ടേക്കു് വന്നിരുന്നു. സിങ്കപ്പൂരിൽ നിന്നു് കഴിച്ച മത്സ്യക്കറി ഉണ്ടാക്കുവാനാണു് ആദ്യം അദ്ദേഹം ആവശ്യപ്പെട്ടതു്. അതു് അദ്ദേഹത്തിനു് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. യാത്ര പുറപ്പെട്ടപ്പോൾ അദ്ദേഹം എന്നോടു് ചിരിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു. ''ഈ മത്സ്യക്കറി ഉണ്ടാക്കുന്ന ദിവസം എന്നെ മുൻകൂട്ടി അറിയിച്ചാൽ ഞാൻ ചെറുതുരുത്തിയിൽ നിന്നു് അന്നു് ഇങ്ങോട്ടുവരാം.''

ഇതെല്ലാം ഇപ്പോൾ വെറും സ്മരണകൾ മാത്രമായിത്തീർന്നു.

അനശ്വരകീർത്തി നേടിയ ഒരു കവിയുടെ നിലയിൽ മാത്രമല്ല നാം വള്ളത്തോളിനെ ആരാധിക്കുന്നതു്. ഒരു തികഞ്ഞ ദേശാഭിമാനിയുടെ നിലയിലും അദ്ദേഹം അതുല്യനായിരുന്നു. സ്വാതന്ത്ര്യപ്രസ്ഥാനം ആരംഭിച്ചകാലത്തു് അതിനു് ശക്തിയും വ്യാപ്തിയും ഉണ്ടാക്കുന്നതിനു് വള്ളത്തോൾ ചെയ്ത സംഭാവന അഭിമാനത്തോടെയേ നമുക്കു് ഓക്കാൻ കഴിയൂ. കാലം കഴിഞ്ഞാലും മായാത്ത സ്മരണകളാണു് അദ്ദേഹം നമ്മിൽ വിട്ടുപോയിട്ടുള്ളതു്. ആ സ്മരണകളെ അയവിറക്കിക്കൊണ്ടിരിക്കയാണു് എന്നെപ്പോലെയുള്ള അദ്ദേഹത്തിന്റെ അനേകം സുഹൃത്തുക്കൾ.

നമസ്കരിക്കുക

"ഈ പുണ്യ ശരീരത്തിന്റെ മുമ്പിൽനിന്നുകൊണ്ടു് ഇപ്പോൾ പ്രസംഗിക്കുക സാധ്യമല്ല. വിലപിക്കുവാനാണു് തോന്നുന്നതു്. സാഹിത്യസാമ്രാജ്യത്തിലെ ഈ ചക്രവർത്തി, കലാദേവിയുടെ ഈ മഹാഭക്തൻ, കേരളത്തിന്റെ ഈ അഭിമാനസ്തംഭം, അല്പ സമയത്തിനുള്ളിൽ വെറും ഭസ്മമായിത്തീരും. എത്രയെത്ര ഉൽകൃഷ്ട ഗ്രന്ഥങ്ങളാണു് അദ്ദേഹത്തിന്റെ തൂലിക കൈരളിയ്ക്കു് കാഴ്ചവച്ചിട്ടുള്ളതു്, എത്ര മഹത്തായ സേവനമാണു് കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തോളം അദ്ദേഹം നാട്ടിനും ഭാഷയ്ക്കും ചെയ്തിട്ടുള്ളതു്! ആ പ്രസന്നവദനവും ഫലിതസമ്പൂർണ്ണമായ സംഭാഷണവും സ്നേഹപൂർവ്വമായ പെരുമാറ്റവും ഇനി നാം കാണുകയില്ല. എന്നെന്നേയ്ക്കുമായി അദ്ദേഹം കാലത്തിനു പിറകിൽ മറഞ്ഞു. എന്നാൽ മലയാളഭാഷ ഉള്ളേടത്തോളം കാലം, കേരള ചരിത്രം നിലനില്ക്കുന്നേടത്തോളം കാലം മഹാകവി വള്ളത്തോളിന്റെ പേരും കീർത്തിയും നിലനിൽക്കുമെന്നതിനു യാതൊരു സംശയവുമില്ല. ഈ ശരീരം അഗ്നിക്കിരയാകുന്നതിനുമുമ്പു് അവസാനമായി ഒരിക്കൽക്കൂടി ആ വന്ദ്യഗുരുവിന്റെ പാദങ്ങൾക്കു മുമ്പിൽ നമുക്കു് നമസ്കരിക്കുക."

1958 മാർച്ചു് 14

—കെ. പി. കേശവമേനോൻ.

ഞാനറിയുന്ന വള്ളത്തോൾ

പുത്തേഴത്ത്
രാമൻമേനോൻ

തികച്ചും ഒരു അറുപതുകൊല്ലക്കാലം കേരളത്തിലെ സാഹിത്യരംഗത്തിലും, കലാലോകത്തിലും സംസ്കാരമണ്ഡലത്തിലും കേട്ടുകൊണ്ടിരുന്ന പാവനശബ്ദവും, തിളങ്ങിക്കൊണ്ടിരുന്ന സുന്ദരരൂപവും മഹാകവി വള്ളത്തോളിന്റെയായിരുന്നു. ഒരു ദിവസം—ഒരു വ്യാഴാഴ്ച രാത്രി പത്തുമണിക്കു്—ആ ശബ്ദം നിലച്ചു, ആ രൂപം നിശ്ചേഷ്ടമായി. എവിടേയും സ്വന്തം വ്യക്തിമുദ്രകൊണ്ടു പതിച്ചു പ്രവർത്തിച്ചിരുന്ന കൈകളും അചേതനങ്ങളായി! സ്വന്തം കോമളകളേബരത്തെപ്പോലെ സുഭഗസുന്ദരവും, സ്വന്തം ഉയർന്ന ശീർഷത്തെപ്പോലെ സമുന്നതവും, സ്വന്തം പെരുമാറ്റത്തെപ്പോലെ സൌഹൃദസമ്പന്നവും, സ്വന്തം ഹൃദയത്തെപ്പോലെ വിശാലമനോഹരവും ആയ കവിതകളും ഉതിർത്തിരുന്ന ആ കവികോകിലം, ആ മഹാകവി, കേരളവാല്മീകി, മലയാളി ടാഗോർ, കഥാശേഷനായി! വിലാസലതികയിൽക്കൂടി ഋഗ്വേദശൃംഗങ്ങളിൽ കയറി, കേരളത്തിന്റെ കേളിയെ കഥകളിയുടെ കേളിക്കൊട്ടിൽ കൂടി ദ്വീപാന്തരങ്ങളിലെല്ലാം പ്രചരിപ്പിച്ച വിശ്വവിശ്രുതൻ, അന്ത്യവിശ്രമത്തിൽ വിലയംപ്രാപിച്ചു. കേരളസാഹിത്യലോകത്തു് ബ്രഹ്മാവിന്റെ ഒരു പകൽ അവസാനിച്ചു! നിശ്ചലവും നിർജ്ജീവവുമായ രാവുത്ഭവിച്ചു.

കേരളത്തിനു് കവികളും, മഹാകവികളും, മൺമറഞ്ഞവരിലും, മണ്ണിൽക്കിടന്നുരുളുന്നവരിലും വിണ്ണാണ്ടവരിലും ഉണ്ടു്. എന്നാൽ, അവരിൽ ആർക്കും തന്നെ, അത്രയൊന്നും ആർജ്ജിക്കുവാനാകാഞ്ഞ വിഖ്യാതിയും ജനപ്രീതിയും ശ്രീ വള്ളത്തോളിന്റെ സ്വന്തമാവരണങ്ങളായിരുന്നു. 'വള്ളത്തോളം' എന്ന ശബ്ദം—ആ പുണ്യനാമത്തിന്റെ പ്രതിദ്ധ്വനി — പൌരസ്ത്യപാശ്ചാത്യരാജ്യങ്ങളിലെല്ലാം അലയടിച്ചുകൊണ്ടിരുന്നു. ഫ്രഞ്ചുപത്രവും, റഷ്യൻ മാസികയും, ഇംഗ്ലീഷു് വാരികകളും ആ മഹാനെ വാനോളം പുകഴ്ത്തി, പ്രതിഭാശാലി, പ്രയത്നനിരതൻ, പ്രബുദ്ധചരിതൻ, ശുഭാപ്തിവിശ്വാസി—അദ്ദേഹം ചെന്നേടത്തൊക്കെയും, കണ്ടവക്ക്ഖിലവും, കണ്ണിലുണ്ണിയും, കൌതുകവിഗ്രഹവുമായി!

മരിക്കുന്നതുവരെ പരാജയമെന്തെന്നു് അറിയാത്ത ഒരു അത്ഭുതചരിതൻ! മരിക്കുന്നതിനു് അല്പം ദിവസം മുമ്പു്, സന്ദർശനാർത്ഥം ചെന്നെത്തിയ ഒരു പഴയ സ്നേഹിതനോടു് പറഞ്ഞതാണു്, ''പരാജയം ഞാനിത്തവണ അറിയും; ഇപ്പോഴത്തെ രോഗം എന്നെ കൊണ്ടേ പോകൂ!'' എന്നു്. ശരിയാണു്, 'തോൽവി' അറിഞ്ഞിട്ടില്ല അദ്ദേഹം, വിജയങ്ങളെ വിശ്വോത്തരങ്ങളും എന്നു വ്യവഹരിക്കുന്നില്ലെങ്കിലും! ''ജീവിക്കണം, നീണ്ടകാലം ജീവിക്കണം, സുഖമായി ജീവിക്കണം; ജീവനുള്ളേടത്തോളം വിയത്തും വേലചെയ്യണം'' എന്നായിരുന്നു, വേദോപനിഷൽക്കാലങ്ങളിലെ ഋഷികളെപ്പോലെ അദ്ദേഹവും അഭിലഷിച്ചിരുന്നതു്! ആത്മധൈര്യവും, ശുഭാപ്തിവിശ്വാസവും അദ്ദേഹം ഒരിക്കലും വെടിഞ്ഞില്ല. അദ്ദേഹത്തെ ശോകാകുലനായും, ബാഷ്പാവിലനയനനായും ആരെങ്കിലും, എന്നെങ്കിലും കണ്ടിട്ടുണ്ടോ എന്നു് സംശയമാണു്! മറ്റു പലരേയും നിരാശപ്പെടുത്തുമായിരുന്ന ബാധിര്യം, അദ്ദേഹത്തെ നിർവീര്യനാക്കിയില്ല, ഉത്സാഹരഹിതനാക്കിയില്ല, റഷ്യൻ പര്യടനത്തിൽനിന്നു് പിന്തിരിപ്പിച്ചില്ല. പ്രായാധിക്യം അദ്ദേഹത്തെ അശേഷം അസ്വസ്ഥനോ, പ്രയത്നവിമുഖനോ ആക്കിയില്ല. പാശ്ചാത്യഭാഷ പരിചയമില്ലായ്മ, അദ്ദേഹത്തിനു് ഒരിക്കലും ഒരു ''കുറവാ''യി അനുഭവപ്പെട്ടിട്ടില്ല. കുടുംബക്ലേശങ്ങളിലും സാമ്പത്തിക പരാധീനതകളിലും അദ്ദേഹത്തിന്റെ പ്രത്യുല്പന്നമനസ്സു് വെള്ളത്തിൽ നനയാത്ത താമരയിലയായിത്തന്നെ വർത്തിച്ചു! കോട്ടും ഹാറ്റും, കളസവും ധരിച്ചു, വാക്കിങ്ങ് സ്റ്റിക്കുമായി, റഷ്യയിൽ സഞ്ചരിച്ച, സഹൃദയരുടെ സാമാന്യങ്ങളല്ലാത്ത സദസ്സുകളിൽ, തന്റെ പരുപരുത്ത കണ്ഠത്തിൽക്കൂടി, സ്വന്തം മലയാളകവിതകളും പാരായണംചെയ്തു, തൃപ്തിയണഞ്ഞു് അഭിമാനംകൊള്ളുന്ന മാനസിക പ്രവണത എത്ര ആശ്ചര്യകരവും അത്യാനന്ദകരവുമാണു്? അതു് ''മറ്റൊങ്ങുമലഭ്യങ്ങളും'' എന്നതു നിർവ്വിവാദം തന്നെ.

റഷ്യയും ചൈനയും കഴിഞ്ഞിട്ടും, വാർദ്ധക്യം വർദ്ധിച്ചിട്ടും, ചിത്രഗ്രഹപ്പൻ കണക്കുപരിശോധനആരംഭിച്ചിരിക്കണമെന്നു് അറിഞ്ഞിരുന്നിട്ടും, ''ഇനിയെന്താ ഭാവം'' എന്ന ചോദിച്ച ഒരു മിത്രത്തോടു്, ആ ശുഭവിശ്വാസി ഉത്തരംപറഞ്ഞതു്, ''അമേരിക്കയും കൂടി ഒന്നു കാണണമെന്നുണ്ടു്'' എന്നാണെങ്കിൽ അന്നത്തെ ആ എഴുപത്തിയെട്ടുകാരൻ എന്തൊരു അപൂർവ്വവ്യക്തിയായിരിക്കണം! അതുമതിയോ? എഴുപതു കഴിഞ്ഞ ഏതൊരു വൃദ്ധനാണു് (ഇന്ത്യയിൽ വിശേഷിച്ചും) ഇദംപ്രഥമമായി, ഋഗ്വേദവിവർത്തനത്തിനു് പുറപ്പെടുക? സാധാരണനിലയിൽ, ആ പ്രായത്തിൽ, അതു മനുഷ്യസാദ്ധ്യം കൂടി ആയിരുന്നി

ല്ല. എന്നിട്ടും, അതു മുഴമിച്ചു, ഏകനായി മുഴമിച്ചു; ഇഷ്ടംപോലെ പ്രസിദ്ധീകരിച്ചു. അതിനു വേണ്ടി, സമാധാനത്തോടും സന്തോഷത്തോടുംകൂടി പാടല്ലാത്ത പാടെല്ലാം പെടുകയും ചെയ്തു.! ഋഗ്വേദവാല്യങ്ങളുടെ കെട്ടുമേറിക്കൊണ്ടു്, അതിന്റെ വില്പനസ്ഥായി കണ്ട പടികളെല്ലാം കയറിയിറങ്ങുന്ന ആ എഴുപത്തിയഞ്ചുകാരൻ കഷണ്ടിക്കാരനെ നിങ്ങൾക്കു് ചിത്രീകരിക്കുവാൻ കഴിയുമോ? അതു ഋഗ്വേദമല്ലേ? എന്നാൽ സ്വന്തം വാല്മീകിരാമായണവും, നാലപ്പാടന്റെ ''പാവങ്ങളും'', മുമ്പു ചുമന്നുതഴമ്പിച്ചിട്ടുള്ള പെട്ടത്തലയിലാണു് ഋഗ്വേദങ്ങളുടെ ഭാരം കൂടെ സമർപ്പിക്കപ്പെട്ടതു്! ശ്രീ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഭാരതതർജ്ജിമയേക്കാൾ, വമ്പിച്ച ആ പ്രയത്നത്തിന്റെ —ഭാരതം ഒരു ഇതിഹാസഗ്രന്ഥം മാത്രം, ഋഗ്വേദമോ വേദസാരസർവ്വസ്വഗ്രന്ഥം — അവസാനഘട്ടം കൂടി സമ്പൂർണ്ണം കലാശിക്കുന്നതുവരെയുമദ്ദേഹന്മാർ അദ്ദേഹത്തെ എത്തിനോക്കുകപോലും ചെയ്തില്ലെന്നുള്ളതും പരിചിന്തനീയമാകുന്നു! മരണാവസരത്തിൽ കേരളം മാത്രമല്ല, ഭാരതം മുഴവനും, ഔദ്യോഗികമായും അല്ലാതേയും പ്രദർശിപ്പിച്ച ഭക്തിസ്നേഹബഹുമാനാദികളുടെ പ്രത്യക്ഷപ്രകടനങ്ങൾ അസാധാരണങ്ങളായിരുന്നു. കലാമണ്ഡലപരിസരത്തിൽ ഉചിതമായ സ്മാരകമണ്ഡലവും ഉയർന്നുകഴിഞ്ഞു!

II

കൊല്ലവർഷം 1081—ലാണു് അന്നൊരു പതിനഞ്ചുകാരൻ ഹൈസ്കൂൾ വിദ്യാർത്ഥിയായ ഞാനും, ഇരുപത്തിയാറുകാരൻ കേരളകൽപദ്രുമം മാനേജർ വള്ളത്തോൾ കെ. നാരായണമേനോനും ഇദംപ്രഥമമായി പരിചയപ്പെട്ടതു്. അദ്ദേഹം അന്നു താമസിച്ചിരുന്നതു് തൃശ്ശൂരിൽ എന്റെ വീട്ടിന്നടുത്തുള്ള ഇന്നത്തെ ''മണ്ണുത്തു ലെയിനി''ലെ ഒരു വീട്ടിലാണു്. എന്റെ ഒരു അമ്മാമനായി അന്നത്തെ തൃശ്ശൂർ സക്കാർ വക്കീൽ പുത്തേഴത്തു നാരായണമേനോനും, ശ്രീ വള്ളത്തോളും ഉറ്റ ചങ്ങാതിമാരായിരുന്നു. അങ്ങിനെയാണു്, ഞങ്ങൾ പരിചയപ്പെടുവാൻ ഇടയായതു്. എന്റെ നേരേ അമ്മാമനും, അന്നു തൃശ്ശൂർ ഡിസ്ട്രിക്ടു് മുൻസീഫു് കോർട്ടിലെ ഒരു പ്രസിദ്ധ വക്കീലുമായിരുന്ന ശ്രീ കുഞ്ഞുണ്ണിമേനോനും, ശ്രീമാൻ വള്ളത്തോളിന്റെ സ്നേഹബഹുമാനങ്ങൾക്കു് പാത്രമായ ഒരു വ്യക്തിയായിരുന്നു. അങ്ങിനെ, അദ്ദേഹം, ആദ്യംമുതൽക്കുതന്നെ, എന്റെ ഒരു കുടുംബമിത്രവും, എനിക്കൊരു ജ്യേഷ്ഠസഹോദരനുമായിത്തീർന്നു. അന്നത്തെ ആ യുവാവായിരുന്ന വള്ളത്തോളിനെക്കുറിച്ചു് ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു. ''ശൃംഗാരക്കുഴമ്പനായി, സുന്ദരകളേബരനായി, ഉന്നതശീർഷനായി, ആജാനുബാഹുവായി, സംഭാഷണചതുരനായി, സഹൃദയശിരോമണിയായി, എപ്പോഴും സുസ്മേരവദനനായിവർത്തിച്ചിരുന്ന വള്ളത്തോൾ, ആരുടേയും ശ്രദ്ധയേയും സ്നേഹാദരത്തേയും ആകർഷിച്ചിരുന്നു.''

പ്രസ്സു് മുടക്കമുള്ള ദിവസങ്ങളിലെല്ലാം, ചങ്ങാതിപ്രിയനും ശീട്ടുകളിഭ്രമക്കാരനുമായിരുന്ന വള്ളത്തോൾ, കൂട്ടുകാരോടുകൂടി സല്ലപിച്ചും, കളിച്ചും കവിത ചൊല്ലിയും രസിക്കുന്നതു് സാധാരണപതിവായിരുന്നു. ശ്രീ കുണ്ടുരുമായുള്ള അടുപ്പം മുത്തത്തോടുകൂടിയാണു് വള്ളത്തോൾ ''ചതുരംഗക്കാരൻ'' ആയതെന്നാണു് തോന്നുന്നതു്. അക്കാലത്തു് സല്ലാപത്തിനുള്ള സങ്കേതം പലപ്പോഴും എന്റെ അമ്മാമന്റെ വാസസ്ഥലം തന്നെയായിരിക്കും. ഞാൻ ആ മഹാനെ സമീപത്തു നിന്നു കണ്ണിമയ്ക്കാതെ നോക്കിക്കാണുകയും, അദ്ദേഹത്തിന്റെ കളകണ്ഠനാദത്തെ—അന്നദ്ദേഹത്തിന്റെ ശബ്ദം ഒട്ടും പരുക്കനായിരുന്നില്ല; അതങ്ങിനെയായതു് ബാധിര്യം ബാധിച്ചു കുറെ കഴിഞ്ഞിട്ടാണു്—ആനന്ദപുളകിതനായി ആസ്വദിക്കയും ചെയ്തിട്ടുണ്ടു്! അക്കാലത്തു്, എനിക്കു് കുറേശ്ശെ സാഹിത്യപ്പനിയും, ശ്ലോകങ്ങളുടെ ഓക്കാനവും ഉണ്ടായിരുന്നു! ആ കാലത്തെക്കുറിച്ചും മഹാകവിയുമായുള്ള ബന്ധുരബന്ധത്തെക്കുറിച്ചും ഞാൻ മഹാകവി ഉള്ളൂരിനേയും, ശ്രീ നാലപ്പാടനേയും കുറിച്ചു് എഴുതിയിട്ടുള്ള സ്മരണലേഖനങ്ങളിൽ, ഭക്ത്യാദരം കുറെയൊക്കെ എടുത്തുപറഞ്ഞിട്ടുണ്ടു്. എന്നെ അക്കാലത്തു് അദ്ദേഹം, എന്തോ തോന്നലാൽ ''രാമങ്കുട്ടി'' എന്നാണു് വിളിക്കാറുള്ളതു്. വാസ്തവത്തിൽ, എന്നെ അദ്ദേഹം ഒരാൾ മാത്രമാണു് ആ പേരു് പറഞ്ഞുവിളിച്ചിട്ടുള്ളതും. അതോർക്കുമ്പോൾ, എനിക്കിപ്പോഴും ശരീരം കോരിത്തരിക്കുന്നു. അമ്മാമന്മാരോടു് എനിക്കുണ്ടായിരുന്ന ഭക്ത്യാദരങ്ങൾ—അറുപതുകൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന അമ്മാമൻമാരോടു്—ആ കവിവര്യന്റെ നേർക്കു്, ഒരു കവിതക്കമ്പക്കാരനായി വളർന്നുവന്ന എനിക്കു വിശേഷിച്ചും, വർദ്ധിച്ചുവന്നതിൽ ഒട്ടും അത്ഭുതമില്ല.

കാവ്യം, സാഹിത്യം എന്നിവയെക്കുറിച്ചൊന്നും ഒരു വിജ്ഞാനവും വിവേകവും ഇല്ലാതിരുന്ന എങ്കിലും, 'സാഹിത്യാഭിരുചി' ഉൾക്കൊണ്ടിരുന്ന ഒരു സ്ഫുരദ്രൂപമോ ശ്രീരാമോദന്തമോ ഒന്നും കണ്ടിട്ടും പഠിച്ചിട്ടുമില്ലാതിരുന്ന ഈയുള്ളവൻ, വള്ളത്തോൾ പ്രഭൃതികളുടെ സംഭാഷണങ്ങളിൽക്കൂടിയും, സാമീപ്യസമ്പർക്കങ്ങൾ വഴിക്കുമാണു്, അതൊക്കെ കഴിഞ്ഞു് നാല്പതുകൊല്ലത്തിനുശേഷം ''സാഹിത്യകുശലൻ' എന്ന രാജകീയബിരുദത്തിനും, അവിടന്നു വീണ്ടുംവീണ്ടും രണ്ടു ദശവർഷങ്ങൾക്കുശേഷം ''കേരള സാഹിത്യ അക്കാദമി പ്രസിഡണ്ടു്'' എന്ന ബഹുമാന്യപദവിക്കും അർഹനായതെന്ന പരമാർത്ഥം, ഞാനീ അവസരത്തിൽ കൂപ്പുകൈകളോടും ബാഷ്പകലിതനേത്രങ്ങളോടും കൂടി, കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊള്ളുന്നു!

''വള്ളത്തോക്കമ്പനി''യുടെ തലസ്ഥാനം, അക്കാലത്തു തൃശ്ശൂരായിരുന്നു. യഥാർത്ഥത്തിൽ ആ കമ്പനി രൂപംപ്രാപിച്ചതും തൃശ്ശൂരുവെച്ചതന്നെയാണെന്നു് തോന്നുന്നു. അതു് പ്രശസ്തവും പ്രഗത്ഭവും സഹൃദയസമ്പൂർണ്ണവും ആയ ഒരു ''സാഹിത്യസംഘ''മായിരുന്നു. അദ്ധ്യക്ഷനായിരുന്ന വള്ളത്തോളിനു് പുറമേ, കുറിപ്പുറത്തു് കേശവൻനായർ, കിട്ടണ്ണി നായർ, വള്ളത്തോൾ ഗോപാലമേനോൻ, കുട്ടികൃഷ്ണൻ നായർ (പള്ളിയത്തു്) പിൽക്കാലത്തു് നാലപ്പാടൻ മുതലായവരെല്ലാം അതിലെ ''സ്ഥിരാംഗങ്ങ''ളായിരുന്നു. ക്ലാസ്സുമുറിയെക്കാളും കളിസ്ഥലത്തെക്കാളും സ്വഗൃഹത്തെക്കാളും ഞാൻ അക്കാലത്തു് അധികം ഇഷ്ടപ്പെട്ടതു്, ആ സംഘമാപ്പീസിന്റെ മുറ്റമോ, എറയമോ ആയിരുന്നു. വള്ളത്തോളിന്റെ ഉറ്റസ്നേഹിതനും, ജ്യേഷ്ഠസഹോദരനെപ്പോലെ കാഴ്ചയിലും വേഴ്ചയിലും കഴിഞ്ഞുപോന്നിരുന്ന ആളും കവിവര്യനും ശ്രുദ്ധസുന്ദരമായ ഒരു പ്രബുദ്ധബാലഹൃദയത്തിന്റെ ഉടമസ്ഥനുമായിരുന്ന ശ്രീ കുണ്ടുരും, വേഴ്ചകൊണ്ടു് ആ കമ്പനിക്കാരനായിരുന്നു. ''താസിൽദാർ'' ആയി കൊടുങ്ങല്ലൂരിലും വടക്കാഞ്ചേരിയിലും മറ്റുമായിരുന്ന അദ്ദേഹം തൃശ്ശൂരിലുള്ള സ്വഗൃഹമായ കോവിലകത്തും പാടത്തുമഠത്തിൽ —തിരുവമ്പാടി ക്ഷേത്രത്തിന്നടുത്തു കിഴക്കുവശം—എത്തുമ്പോഴായിരിക്കും, കമ്പനിയുടെ പൂണ്ണയോഗം ചേരുക പതിവു്. ശ്രീമാൻ ''ഒടുവും'',—ഒടുവിൽകുഞ്ഞിക്കൃഷ്ണമേനോനും—ആ കമ്പനിയിൽ ഓഹരിക്കാരനായിരുന്നെങ്കിലും, ഉദ്യോഗസ്ഥനായിരുന്നതിനാൽ, അദ്ദേഹവും കമ്പനിയുടെ ''ഡയറക്ടർ'' യോഗങ്ങളിൽ പങ്കുകൊള്ളാറില്ല. എങ്കിലും, പൊതുയോഗങ്ങളും—അതു് ഇടക്കിടയ്ക്കുണ്ടാകും—ചേരുമ്പോഴെല്ലാം, അദ്ദേഹം സന്നിഹിതനാകാറുണ്ടു്!

വള്ളത്തോളും വാല്മീകിരാമായണം പരിഭാഷചെയ്തതു് തൃശ്ശൂർ വാസക്കാലത്താണു്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ മുതലായ മഹാരഥന്മാരുടെ അനുഗ്രഹാശിസ്സുകളോടുകൂടിയാണു്, അന്നത്തെ പ്രായത്തിന്റെ നിലയ്ക്കു തികച്ചും ഒരു സാഹസമെന്നു് പറയപ്പെടാവുന്ന, രാമായണതർജ്ജമയ്ക്കു യുവാവായ വള്ളത്തോൾ മുതിർന്നതു്. അക്കാലത്തു്, പരസ്പരം അറിയാതെ, ശ്രീമാൻ ആറൂരും കുറെ ഭാഗം വാല്മീകി രാമായണം തർജ്ജമ ചെയ്തിരുന്ന എന്നും, ആ വിവരം പുറത്തായപ്പോൾ, രണ്ടും കൂടി ഏതായാലും വേണ്ടെന്നു് തീരുമാനിച്ച എന്നും ഏതാണു് തുടരേണ്ടതെന്നു് ഒരു സദസ്സുകൂടി നിശ്ചയിച്ച എന്നും, പരേതനായ ലക്ഷ്മീഭായി ഉടമസ്ഥൻ വെള്ളായ്ക്കൽ നാരായണമേനോൻ ആയിരുന്ന അതിൽ അദ്ധ്യക്ഷനെന്നും, ആ തീർപ്പുപ്രകാരമാണു് രാമായണതർജ്ജമയിൽ നിന്നു് ശ്രീ ആറൂർ പിൻവലിയുകയും ശ്രീമാൻ വള്ളത്തോൾ തുടർന്നു് പ്രവർത്തിക്കയും ചെയ്തതെന്നുമാണു് എന്റെ അറിവു്. അതേതായാലും, വള്ളത്തോൾ ശ്രീ വാല്മീകിരാമായണം തർജ്ജമ ആരംഭിച്ചു തുടർന്നുപോന്നു. അതിലെ പ്രഥമാദ്ധ്യായത്തിന്റെ പരിഭാഷ വള്ളത്തോൾ സ്വന്തം കയ്യെഴുത്തു പകർപ്പു നോക്കി, ''കമ്പനി സക്കിളിൽ'' വായിക്കുന്നതു് നേരിട്ടു കേട്ടിട്ടുള്ളവയാണെന്റെ കണ്ണുങ്കം; അതിലെ ''കൈമുട്ടാണേടാൻ'' —(ആ ജാനബാഹു) എന്ന പ്രയോഗത്തെക്കുറിച്ചു് ചില ചില്ലറ വാക്കുതർക്കങ്ങളും അന്നു നടന്നതും ഞാൻ ഓർക്കുന്നു. മാസികയായി പ്രസിദ്ധീകരിക്കാനുള്ള നിശ്ചയവും, വളരെ നീണ്ട ആലോചനയുടെ ഫലമാണു്. ആദ്യത്തെ 'ലക്കം' അച്ചടികഴിഞ്ഞു് അതിന്റെ ചില പ്രതികളുമായി വാസസ്ഥലത്തേക്കു് അദ്ദേഹം മടങ്ങിയെത്തിയ സമയം, ഞാൻ സ്ഥലത്തുണ്ടായിരുന്നു. എന്നെക്കണ്ടപ്പോൾ, കൃതാർത്ഥതയോടുകൂടി ചിരിച്ചുകൊണ്ടു്, ''എന്റെ രാമായണം ആദ്യലക്കം പുറത്തായി. ഇതാ ഒരു പ്രതി രാമങ്കുട്ടിക്കു്. കൊണ്ടുപോയി മനസ്സിരുത്തി വായിച്ചുപഠിക്കു'' എന്നു പറഞ്ഞുകൊണ്ടു്, ഒരു കോപ്പി എനിക്കുതന്നു. ഞാനതു് സാഹിത്യചക്രവർത്തിയുടെ ഓണപ്പടവ പോലെ മോദാശ്രുക്കളോടുകൂടി, അഭിമാനപുളകിതനായിരണ്ടു കയ്യും കാട്ടി സ്വീകരിച്ചു. അടുത്തകാലംവരെ ആ കോപ്പി എന്റെ പക്കൽ ഉണ്ടായിരുന്നു.

അക്കാലത്തു തന്നെയാണു് ''പഞ്ചതന്ത്രം'' ശ്ലോകത്തിലാക്കുന്ന പണി ആ കമ്പനിയിൽ നടന്നതും. ആ പണിപ്പുരയിലും ഞാൻ പലപ്പോഴും എത്തിനോക്കീട്ടുണ്ടു്. അക്കാലത്താണു് ഭാരത വിലാസം സഭ തൃശ്ശൂർ പൂരക്കാലത്തു് കൊണ്ടാടപ്പെടാറുള്ളതു്. അതിൽ ഭാഗഭാക്കാകുന്നതിനും, വള്ളത്തോൾ പരിചയം എനിക്കൊരു പ്രവേശനപാസ്സായി ഭവിച്ചു. അക്കാലത്തെ കവനകൌമുദിയിൽ സ്വന്തം പേരുവെയ്ക്കുന്നതെ വള്ളത്തോൾ പ്രസിദ്ധപ്പെടുത്തിയ ഒറ്റശ്ലോകങ്ങളാണു് പിന്നീടു് ''വിലാസലതിക''യായി പുസ്തകരൂപത്തിൽ ഒരു 'വള്ളത്തോൾകൃതി'യായി പുറത്തുവന്നിട്ടുള്ള വിഖ്യാതഗ്രന്ഥം. അതിലെ പല ശ്ലോകങ്ങളും കവി തന്നെ പലരേയും—ഉദാഹരണത്തിനു് പരേതനായ ശ്രീ കോമാട്ടിൽ അച്ചുതമേന്നെ—ചൊല്ലിക്കേൾപ്പിക്കുന്നതിലും ഞാൻ ദൃക്സാക്ഷിയായി വർത്തിച്ചിട്ടുണ്ടു്.

ഉടുപ്പിലും, നടിപ്പിലും, നടപ്പിലും ഇരുയും തികഞ്ഞ അന്തസ്സും, ''തറവാടിത്തവും'', അദ്ദേഹത്തിലെന്നപോലെ, അധികമാരിലും—വിശേഷിച്ചും സാഹിത്യകാരന്മാരുടെയിടയിൽ—കണ്ടിട്ടില്ല. ആത്മവിശ്വാസവും, ആനന്ദഭാവവും, ഭാവിയെക്കുറിച്ചുള്ള പരിഭ്രമമില്ലാത്ത ശുഭാപ്തിവിശ്വാസവും, അദ്ദേഹത്തിന്റെ അസാധാരണങ്ങളായ മാനസികപ്രവണതകളായിരുന്നു. ആതിഥ്യമര്യാദകളിൽ, ആഭിജാത്യരക്ഷയ്ക്കുവേണ്ടി ചിലപ്പോൾ, അസൌകര്യങ്ങളും തന്നേയും അനുഭവിക്കേണ്ടിവരാറുണ്ടു്. എന്നാൽ അതിൽ ദുർമ്മുഖമോ, ദുരഹങ്കാരമോ ഒട്ടുമുണ്ടാകാറുമില്ല. സ്നേഹിതന്മാരിൽ, അതിഥികളിൽ, സാഹിത്യകാരന്മാരിൽ ''ആളവസ്ഥ'' അദ്ദേഹം ഒരിക്കലും ദീക്ഷിക്കാറില്ല. ക്ഷണകാര്യങ്ങളിൽ വളരെ ശ്രുദ്ധാലു

വായിരുന്നു. ഒന്നാന്തരം ഒരു ''അസസ്യഭക്ഷ്യ'' ആയിരുന്ന അദ്ദേഹം. പരേതനായ എന്റെ അമ്മാമന്റെ ഭാര്യ ലക്ഷ്മിക്കുട്ടി അമ്മയുടെ പാചകപാണ്ഡിത്യത്തിൽ മഹാകവിക്കു് വളരെ ഭ്രമമായിരുന്നു. ആദ്യകാലത്തൊക്കെ തൃശ്ശൂരു വന്നാൽ എന്റെ വീട്ടിലാണു് ഭക്ഷണം. അമ്മായി അതിനു് സശ്രദ്ധം സാദരം വട്ടംകൂട്ടുകയും ചെയ്യും. തീരെ സസ്യഭക്ഷ്യനായ എന്നെ 'പുല്ലും വെള്ളവും കഴിക്കുന്ന കന്നുകുട്ടി' എന്നു് കളിയാക്കാറുണ്ടു്. ഭക്ഷണം കഴിക്കുന്നതു് കണ്ടിരിക്കാൻ തോന്നും. അതിലും നല്ല ഒരു ''കലാവല്ലഭത്വം'' കാണാം. ഇതുരണ്ടുമായോട്ടുകൂടി, ഭക്ഷണസാധനങ്ങളെ ആസ്വദിച്ചുരസിച്ചുകൊണ്ടു് ഊണുകഴിക്കുന്ന ആളുകളെ ഞാനധികം കണ്ടിട്ടില്ല. ''ജീവിക്കാൻ വേണ്ടിയാണു് ഉണ്ണുന്നതെന്നു്'', ആ ഊണു കണ്ടാൽ തന്നെ തോന്നും. ഭക്ഷണക്കാര്യത്തിൽ ശുദ്ധിയും, ശുചിയുമല്ലാതെ, ജാതിയും മതവും ഒന്നും അദ്ദേഹത്തിനു് ബാധകമായിരുന്നില്ല. ഒരു നല്ല ഊണിനുവേണ്ടി, എത്രവൈകിയവേളയിലും, അരക്കാതം വഴി കൂട്ടൽ നടക്കാൻ അദ്ദേഹം മടിച്ചിരുന്നില്ല! സ്നേഹിതന്മാർ ആരെങ്കിലും ഊണിനു് ക്ഷണിച്ചാൽ, തനിക്കു വേണ്ട പദാർത്ഥങ്ങളുടെ ഒരു പട്ടിക നിവർത്തിക്കാണിക്കാൻ അശേഷം മടിക്കാറില്ല.

III

ശ്രീ വള്ളത്തോൾ കവിത'യെഴുതുക', സ്വന്തം മനോലയിലാണു്. അല്ലാതെ, കവിതയെഴുതാൻ വേണ്ടി, കടലാസും പെൻസിലുമായി, മേശയ്ക്കരികെചെന്നിരുന്ന ഒന്നുപൊടിവലിച്ചും, സിഗററു കൊളുത്തിയും, മുറുക്കാൻ ചവച്ചും, പെൻസിലിന്റെ തുമ്പു കടിച്ചും, തലചൊറിഞ്ഞും, എണീററു നടന്നും, കിട്ടിയതുകൊണ്ടൊന്നു മൂളിനോക്കിയും, ഒടുവിൽ കടലാസ്സും പെൻസിലും മേശയിൽത്തന്നെ വെച്ചുപൂട്ടി കവിതയെ വരുത്താൻ വേണ്ടി പ്രയാസപ്പെടുന്ന ചിലർ കാട്ടിക്കൂട്ടാറുള്ള വെപ്രാളങ്ങളൊന്നും മഹാകവി വള്ളത്തോൾ അറിഞ്ഞിട്ടില്ല. ബാധിര്യത്തിനുശേഷം വലിയ ''ജലദോഷക്കാരൻ'' ആയപ്പോൾ ചില ഔഷധച്ചൂണ്ണങ്ങളും, ഒടുവിലെ ഘട്ടത്തിൽ ധാരാളം സിഗററും വള്ളത്തോൾ ഉപയോഗിച്ചിരുന്നു. സിഗററു ഒടുവിൽ ഒരു വിടാബാധയായിത്തീർന്നു! നടക്കുകയും കിടക്കുകയും വെറുതെയിരിക്കയും ചെയ്യുമ്പോഴാണു് വള്ളത്തോൾ 'കവിത ചിന്തിക്കുന്നതും, രൂപപ്പെടുത്തുന്നതും. ഓരോ വരികളുടെ മിനുക്കുപണികൂടി അങ്ങിനെ നടക്കും. ചുരുക്കത്തിൽ ഒരു 'കൃതി' മനസ്സിൽ രചിച്ചുകഴിഞ്ഞതിനുശേഷമാണു് അതു് കടലാസ്സിൽ പകർത്തുക! അതുവരെ അതു മനസ്സിൽക്കിടന്നു ''മൂക്കുക''യായിരിക്കും. ഇതൊരു അസാധാരണരീതിയാണു്. അധികമാളുകൾക്കും അതു സാദ്ധ്യംതന്നെ ആയിരിക്കയില്ല. ഓമ്മശക്തിയുടെ ഒരു വല്ലാത്ത രൂപംതന്നെ ആ മൂശയിൽ ദർശിക്കാവുന്നതാണു്. ഇപ്പറഞ്ഞതു് സ്വതന്ത്രകൃതികൾക്കല്ലാതെ വിവർത്തനങ്ങൾക്കു് ബാധകമല്ലെന്നു് എടുത്തുപറയേണ്ടതില്ലല്ലോ. ആളെപ്പോലെ സുന്ദരവും ലളിതവും 'കനംകുറഞ്ഞതു'മാണു് വള്ളത്തോളിന്റെ കയ്യക്ഷരം. അതിനു് സ്വല്പം വലത്തോട്ടൊരു ചെരിവുണ്ടു്. അക്ഷരങ്ങൾ ''ഉണ്ടയല്ല, കോല''നാണു്. വയലററു മഷിയിൽ എഴുതുന്നതായിരുന്നു പഥ്യം. ഇതു നല്ല വെടിപ്പുള്ള കയ്യക്ഷരം മഹാകവികൾക്കു് അപൂർവ്വമാണു്. ഉദാഹരണത്തിനു് മഹാകവി ഉള്ളൂരിന്റെ കയ്യക്ഷരം നോക്കിയാൽ മതി. അതൊരു ''ആനച്ചങ്ങലവടിവൻ'' ആകുന്നു. വായിക്കാൻ പ്രത്യേകപരിചയം വേണം.

മഹാകവിക്കു് സ്വന്തമായ ഒരു തടിച്ച നോട്ടുപുസ്തകമുണ്ടായിരുന്നു, ഒന്നല്ല, ഒന്നിനുശേഷം മറെറാന്നായി പലതും. പുതിയതായി വായിച്ചറിയുന്ന സാഹിത്യസംഗതികളും, അലങ്കാരപ്രയോഗങ്ങളും, ഓരോ മഹാന്മാരുമായുള്ള സംഭാഷണങ്ങളിൽ നിന്നു് ലഭിക്കുന്ന രസികരത്നങ്ങളായ പുതിയ അറിവുകളും, വിദേശീയരായ മഹാകവികളുടെ പ്രയോഗചാതുരികളെയും അഭിപ്രായപ്രകടനങ്ങളേയും കുറിച്ചു് തന്റെ സ്നേഹിതന്മാരും അന്തേവാസികളുമായ രസികന്മാർ—അവരിൽ അഗ്രഗണ്യനും, വളരെക്കാലം സന്തതസഹചാരിയും ശ്രീ നാലപ്പാടനായിരുന്നു—പറഞ്ഞുകൊടുക്കുന്ന പുത്തൻ ചിന്തകളും, എന്നിവയെല്ലാം, 'അതോറിട്ടിസഹിതം' കുറിച്ചുവെയ്ക്കുന്നതിനു് ഉപയോഗപ്പെടുത്തിയിരുന്ന അനർഘങ്ങളായ വാല്യങ്ങളായിരുന്ന ആ നോട്ടുബുക്കുകൾ! പ്രസിദ്ധീകൃതങ്ങളല്ലാത്ത കവിതകളുടെ പകർപ്പുകൾക്കു് വേറേയും നോട്ടുബുക്കുണ്ടായിരുന്നു. ഒരു തികഞ്ഞ പ്രത്യുല്പന്നമതിയും, പരന്ന വായനക്കാരനും, വള്ളത്തോളിന്റെ അന്തേവാസിയുമായിരുന്ന നാലപ്പാടനായിരുന്ന ആ കുറിപ്പുപുസ്തകത്തിങ്ങളിലെ മുതൽക്കൂട്ടിനു് പ്രധാന കാരണക്കാരൻ. വിശ്വസാഹിത്യത്തോടും, പ്രത്യേകിച്ചും, ഇംഗ്ലീഷ് സാഹിത്യത്തോടും, ശ്രീ വള്ളത്തോളിനെ അടുപ്പിക്കയും ഇണക്കിത്തീർക്കുകയും ചെയ്തതിനുള്ള ബഹുമതിക്കു് മുഴുവനും അർഹൻ ശ്രീ നാലപ്പാടൻ ആയിരുന്നു. ഇംഗ്ലീഷും മറ്റും പഠിച്ചിട്ടില്ലാതിരുന്നതുകൊണ്ടു് ആ മഹാസമുദ്രത്തെ കണ്ടു കൌതുകംപൂണ്ടു് അതിലേക്കു് ആഞ്ഞിറങ്ങുവാൻ എന്തു മാർഗ്ഗം, എന്നുകരുതി ഒരു ജിജ്ഞാസുവിനെപ്പോലെ വർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിലെ ആ 'മോഹം' സാധിപ്പിച്ചതു് നാലപ്പാടനാണു് പ്രധാനമായിട്ടും. എന്തു താൻ വായിച്ചാലും, അതിൽക്കാണുന്ന നല്ല ആശയങ്ങളും, അലങ്കാരങ്ങളും, അഭിപ്രായങ്ങളും, അറിവുകളും, പ്രയോഗചാതുരികളും എല്ലാംവള്ളത്തോളുമായി സംഭാഷണത്തിന്നിടയിൽ അതൊക്കെ മഹാകവിക്കു് അദ്ദേഹം പകർന്നുകൊടുത്തിരുന്നു. കാണാപ്പാഠം പഠിക്കുന്ന കുട്ടിയെപ്പോലെയല്ലാതെ, അതൊക്കെ സ്വന്തമാക്കി, തന്മയപ്പെടുത്തി — വള്ളത്തോളീകരിച്ചു — വ്യക്തിമുദ്രകൾ വിടുകളയാതെ, ആ പഠിച്ചതെല്ലാം വള്ളത്തോൾ

സ്വന്തം നോട്ടബുക്കിലാക്കി! ഇടക്കിടയ്ക്കൊക്കെ വെറുതെ ആ നോട്ടപുസ്തകങ്ങളും ശ്രദ്ധാപൂർവ്വം മറിച്ചുനോക്കുന്നതു് പലരും കണ്ടിട്ടുണ്ടായിരിക്കും. പുതിയതൊന്നും അറിയാനും പഠിക്കാനുമില്ലെന്നുള്ള ഒരു അഹംഭാവമോ, അവജ്ഞയോ അദ്ദേഹത്തെ ഒരിക്കലും തീണ്ടിയിട്ടില്ല. ആ നോട്ടപുസ്തകത്തിലേക്കു് അപൂർവ്വം ചിലതു് ചിലപ്പോൾ ഇയ്യുള്ളവനും ഇട്ടുകൊടുത്തിട്ടുണ്ടു്. ശ്രീ നാലപ്പാടനെയാകട്ടെ വള്ളത്തോൾ ആകുന്ന ''ഡോക്ടർജോൺസ''ന്റെ നിഴലും വക്താവുമായ ''ബോസു് വെൽ'' എന്നാണല്ലോ പറയാറു്.

ഇംഗ്ലീഷു് സ്കൂളിൽ പഠിച്ചിട്ടില്ല. ഇംഗ്ലീഷു് ഭാഷ അറിയില്ല. ഇംഗ്ലീഷു് പഠിച്ചവരാരും അന്നവരെ അദ്ദേഹത്തിന്റെ തറവാട്ടിൽ ഉണ്ടായിട്ടില്ല. 'സ്കൂംപഠിപ്പുള്ളവർ' അന്നു് ആ നാട്ടിൽപ്പോലുമില്ല. ഈ ചുറ്റുപാടുകളിൽ ഇന്നത്തെ ഭാഷയിൽ ഒരു ''ശ്രദ്ധകൺടി''യായി വളർന്നവന്ന ഒരാളം കേരളത്തിന്റെ കണ്ണിലുണ്ണിയായും, കവിസാർവ്വഭൌമനായും, ഭാരതത്തിലെ ഒരു വിഖ്യാത കലാസംസ്കാരപോഷണവിചക്ഷണനായും റഷ്യയും ചൈനയും കൂടി സമാരാധ്യനായ ഒരു ഉല്പതിഷ്ണുവായും, വളരുകയും വിജയിക്കുകയും ചെയ്തു! ആത്മവിശ്വാസിക്കു് വിശ്വവിജയം സാദ്ധ്യമാണു്!

താൻ സ്വന്തം കവിത രചിക്കുന്നതോടൊപ്പം സതീർത്ഥ്യന്മാരുടേയും, ശിഷ്യന്മാരുടേയും, സ്നേഹിതന്മാരുടേയും കവിതകളും തിരുത്തിക്കൊടുക്കുകയും ചെയ്യുകൊണ്ടിരുന്നു. മറ്റൊരാളുടെ കവിത തിരുത്തി നന്നാക്കിക്കൊടുക്കാൻ ഇത്ര സമർത്ഥനായ ഒരു കവി വേറെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. ഒരു പദം സ്ഥാനംമാറ്റി വെച്ചു, ഒരു സംസ്കൃതവാക്കുമാറ്റി അവിടെ തത്തുല്യമായ ഒരു പച്ചമലയാളവാക്കുവെച്ചു ഉത്തരാർദ്ധത്തെ പൂർവ്വാർദ്ധമാക്കി! അപ്പോഴേക്കും ആ കവിത പണ്ടത്തെയല്ലാതെ, വള്ളത്തോളിന്റെയായി! കാവ്യമർമ്മം ഇത്രയുമറിഞ്ഞിരുന്ന ഒരു കവിയുമില്ലായിരുന്നു എന്നാണു് എന്റെ ചുരുങ്ങിയ അനുഭവം. ശ്രീ കുഞ്ഞിക്കുട്ടൻ തമ്പുരാൻ അതിലും അദ്വിതീയനായിരുന്നുവത്രെ. ശ്രീ പി. വി. കൃഷ്ണവാരിയർക്കും അതിനൊരു പ്രത്യേക മിടുക്കുണ്ടായിരുന്നതായി കേട്ടിട്ടുണ്ടു്.

വള്ളത്തോളിന്റെ ജീവിതവീക്ഷണവും, തത്വജ്ഞാനവും ഒരു പ്രത്യേക സ്വഭാവത്തോടുകൂടിയതായിരുന്നു. അദ്ദേഹം തികഞ്ഞ ഒരു ആസ്തികനും, 'ദൈവഭക്തനു'മായിരുന്നുവെന്നുള്ളതിനുള്ള വിളംബരങ്ങളായ എത്രയോ മനോഹരകവിതകളുണ്ടു്, ശ്രീഗുരുവായൂരിലെ ദീപാരാധനവണ്ണനപോലെ. വാസ്തവത്തിൽ അതിന്റെ പരിവേഷം അദ്ദേഹത്തിന്റെ ആദ്യകാലകവിതകളെ വിശേഷിച്ചും പ്രഭാപൂർണ്ണങ്ങളാക്കിയിട്ടുണ്ടു്. എന്തെന്നാൽ, അതേസമയംതന്നെ——കാലക്രമത്തിലായാലും അദ്ദേഹം യുക്തിവാദിയും നാസ്തികനും കൂടിയായി മാറിയിരുന്നുവോ എന്നും വായനക്കാരനെ സംശയാലുവാക്കുന്ന കാര്യങ്ങളും, ധാരാളമുണ്ടു്. ''ഈ ഒരവസരം (മരണം) എല്ലാവർക്കുമുണ്ടെന്നു് ഓരോരുത്തരും ഓർമ്മിക്കുക'', എന്ന ദിവ്യോപദേശത്തെ ഉദീരണം ചെയ്തുകൊണ്ടാണു്, വള്ളത്തോളിന്റെ കാരണവരും, ശത്രുവും, അഭിവന്ദ്യഗുരുവുമായിരുന്ന മഹാൻ ചരമഗതി പ്രാപ്തിച്ചതു്! ആ വാക്കുകളും, വള്ളത്തോളും ഒരിക്കലും മറന്നിട്ടില്ല. സുഖത്തെ കൈവെടിയാതേയും, മരണത്തെ മറക്കാതേയുമാണു് മഹാകവി ജീവിച്ചതു്! മരിക്കാൻ ഇഷ്ടപ്പെട്ടിട്ടില്ല. സുഖിക്കാൻ മടിച്ചുമില്ല. ആദ്യവസാനം ജീവിക്കയും പ്രവർത്തിക്കയും സുഖിക്കയും ഒടുവിൽ മരിക്കയും ചെയ്തു! മരണം വന്നുവിളിച്ചപ്പോളും ചൂളിഞ്ഞില്ല, ഒളിച്ചില്ല, അന്ധാളിച്ചു് ആവലാതിപ്പെട്ടുമില്ല!!

പണത്തിനുള്ള ആവശ്യവും, ആഗ്രഹവും അതില്ലായ്കകൊണ്ടുള്ള ക്ലേശവും എന്നും ധാരാളം ഉണ്ടായിരുന്നാലും, കുടുംബം വർദ്ധിച്ചതോടൊപ്പം അതു കണക്കറ്റു വർദ്ധിക്കയും ചെയ്തു, എന്നാലും, അന്തസ്സും കുലീനതയും അതിഥിമര്യാദകളും ബലികഴിപ്പാൻ അദ്ദേഹം ഒരിക്കലും മുതിർന്നിട്ടില്ല. 'കവിതയ്ക്കു കാശു' എന്ന വ്രതം അദ്ദേഹത്തിനെ പല രംഗങ്ങളിലും അധിക്ഷിപ്തനാക്കി. എന്നാൽ, അഭിമാനത്തോടും, ധീരതയോടും കൂടി ഉറക്കെ പറഞ്ഞു:

''ഞാനൊരു ദരിദ്രനാം കവിയാണെനിക്കെന്റെ
ദൈനജീവിതം പോക്കാൻ പണിചെയ്താലേ
പാടൂ.

മുടക്കുമുതലായിപ്പുസ്തകങ്ങളേയുള്ള
മുടക്കംവരാതവ വിറ്റാലേ ഗതിയുള്ളൂ''

ഇന്നോ! ഊതിയാൽ പൊട്ടുന്ന കവിതയ്ക്കും കഥയ്ക്കും വേണം പണം, ധാരാളം പണം. ഇന്നതു് നിയമമാണു്, അപവാദമല്ല.

IV

തൃശ്ശൂരിലെ താമസക്കാലത്തു ഞാൻ രണ്ടുനേരവും ആ സരസ്വതീവല്ലഭനെ ദർശിക്കാറും, പൂജിക്കാറുമുണ്ടു്. 1909ൽ ഞാൻ പഠിക്കാൻ എറണാകുളത്തേയ്ക്കു് പോയി. അക്കാലത്തു് തമ്മിൽ കാണൽ വെക്കേഷൻ കാലത്തായി. അങ്ങിനെയൊരു വെക്കേഷൻ കാലത്തുണ്ടായ കഥയാണു് ''മഹാകവി ഉള്ളൂർ'' എന്ന എന്റെ ലേഖനത്തിലുള്ളതു്. അതു ''മൺമറഞ്ഞവർ'' എന്ന പുസ്തകത്തിൽ കാണാം. അതിന്റെ ആദ്യഭാഗം ''വള്ളത്തോൾ സ്മരിശി''യാകുന്നു.

മദിരാശിയിൽ ഞാൻ പഠിക്കുന്ന കാലത്താണു കണ്ണുചികിത്സയ്ക്കായി, വള്ളത്തോൾ ഡോക്ടർ ടി. എം. നായരെ കാണാൻ മദിരാശിക്കു് വന്നതു്. അന്നൊരു ചെറിയ കുട്ടിയായിരുന്ന മൂത്തമകൻ ബാലകൃഷ്ണക്കുറുപ്പും കൂടെ ഉണ്ടായിരുന്നു. റോയപുരത്തു അയ്യപ്പമുതലിത്തെരുവിൽ എന്റെ ''ലോ

ഡ്ജിൽ'' ഞാൻ മഹാകവിയെ സ്വീകരിച്ചു. ചിലനാൾ സൽക്കരിക്കുകയും മകന്റെ ചുമതല ഞാൻ ഏൽക്കുകയും ചെയ്തു. ഡോക്ടർ നായരുടെ ചികിത്സകൊണ്ടും ഫലമൊന്നുണ്ടായില്ല. അവിടന്നു മടങ്ങുമ്പോഴും മനസ്സൊട്ടും നിരാശപ്പെട്ടില്ല. പ്രവൃത്തിവൈമുഖ്യം ബാധിച്ചുമില്ല.

എന്റെ മദിരാശിത്താമസക്കാലത്താണു് ''ചിത്രയോഗം'' മഹാകാവ്യത്തിന്റെ പ്രസിദ്ധീകരണം. അതിന്റെ ഒരു പ്രതി, വാത്സല്യപൂർവ്വം, എനിക്കു് മദിരാശിക്കു് അയച്ചുതന്നു. അതു ഞാൻ വായിച്ചു. മദിരാശിയിലെ ഹിന്ദുദിനപത്രത്തിൽ അതിന്റെ ഒരു നിരൂപണം എഴുതുകയും ചെയ്തു. തൃശ്ശൂരുനിന്നു് ''കേരളം'' എന്നൊരു വാരിക ചില സ്നേഹിതന്മാരൊക്കെ കൂടി പ്രസിദ്ധപ്പെടുത്തി. അതിന്റെ പ്രധാന ചുമതലക്കാരൻ വക്കീൽ ശ്രീ കെ. ഗോവിന്ദൻ നമ്പ്യാരും പത്രാധിപർ വള്ളത്തോളുമായിരുന്നു. അവിടത്തെ ആവശ്യപ്രകാരം ഞാൻ തുടർച്ചയായി ആ പത്രത്തിൽ ''മദിരാശിക്കത്തു'' പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു.

തൃശ്ശൂർ താമസം മഹാകവി വെടിഞ്ഞു, കേരളകല്പദ്രുമത്തിലെ ഉദ്യോഗം വിട്ടപ്പോഴാണു്. അതിനുശേഷം കുന്നംകുളത്തു മണക്കുളം മാപ്പാടിനു് അടുത്താക്കി താമസം. അക്കാലത്താണു് 'ആത്മപോഷിണി'യുടെ പത്രാധിപത്യമേറ്റതു്. അന്നത്തെ 'ജോസഫു് ഡീക്കൻ' വള്ളത്തോളിന്റെ വലിയ ആരാധകനായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശവും, പ്രോത്സാഹനവും വഴിക്കാണു് ''മശലനമറിയം'' എന്ന മനോഹരകൃതി ഉണ്ടായതു്. അതു് അച്ചടിപ്പിക്കുന്നതിനു് മുമ്പുതന്നെ ഞാൻ വായിച്ചുകേട്ടിട്ടുണ്ടു്. 1092–ാം ആണ്ടിൽ ഞാൻ തൃശ്ശൂരു് വക്കീലായി പ്രാക്ടീസു് തുടങ്ങി. അന്നുമുതൽ ഞങ്ങടം ധാരാളം കൂടിക്കാണുകയും പതിവായി. തൃശ്ശൂരുള്ള ഞങ്ങളുടെ കുളപ്പുരമഠത്തിൽ ശ്രീ നാലപ്പാടനുമൊത്തു താമസിച്ചിട്ടുണ്ടു്. അക്കാലത്താണു് 'കണ്ണനീർത്തുള്ളി' പുറപ്പെട്ടതു്. നാലപ്പാടനും ഞാനും മഹാകവിയും കൂടി ഒരു കൊല്പത്തിൽ ആലുവായിൽ സ്ഥലമെടുത്തു് ''കളിച്ചുപാർത്തിട്ടുണ്ടു്.'' കുന്നംകുളത്തു താമസക്കാലത്തായിരുന്ന ഒരു മകളുടെ കല്യാണം. അതിൽ ഞാൻ ആദ്യവസാനക്കാരനായിരുന്നു. അന്നുമുതൽക്കാണു്, പ്രധാനമായും, ശ്രീ മണക്കുളം മുകുന്ദരാജാവും വള്ളത്തോളും ഒരേഞെട്ടിലെ രണ്ടു ഫലങ്ങളെപ്പോലെയായതു്. അവിടെനിന്നാണു് കഥകളിഭ്രമം കൊടുമ്പിരിക്കൊണ്ടതും, പൂർവ്വവാസനകടം വിജൃംഭിതങ്ങളായതും 'കലാമണ്ഡലം' രൂപംകൊണ്ടതും.

അതിനുശേഷമാണു് തമ്പുരാന്റെ സാഹചര്യത്തിൽ മണക്കുളം വക മുണ്ടത്തിക്കോട്ടുള്ള സ്ഥലത്തേക്കു് പാർപ്പു മാറിയതും, കലാമണ്ഡലത്തിന്റെ വിത്തുപാകിയതും . അക്കാലത്തും ഞങ്ങടം തമ്മിൽ കാണാറുണ്ടു്. തൃശ്ശൂർ വിട്ടതിനുശേഷം തൃശ്ശൂർക്കു് വരവു് ചുരുങ്ങിയും, തക്ക കാരണവശാലുമായപ്പോഴാം, എന്റെ വീട്ടിൽ ഊണിനെത്തുന്ന പതിവു് മുടങ്ങി. ബസ്സുസൌകര്യവും മറ്റും നിമിത്തം ആ കേന്ദ്രം ശ്രീ കോമാട്ടിൽ അച്ചുതമേനോന്റെ വീട്ടിലേക്കു് മാറി. ശ്രീമതി ടി. സി. നാരായണിഅമ്മയുടെ —മിസിസ്സു് കോമാടന്റെ —പാട്ടു് മഹാകവിക്കു് വളരെ ഭ്രമമായിരുന്നതും, ആ മാറ്റത്തിനൊരു കാരണമായി. ''ശ്രീമതി ടി. സി. നാരായണിഅമ്മയുടെ പാട്ടുകേൾക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണു് എന്റെ ബാധിര്യത്തിന്റെ ഏറ്റവും വലിയ കെടുതി'' എന്നദ്ദേഹം പറയുന്നതു് കേട്ടിട്ടുണ്ടു്. ശ്രീമാൻ അച്ചുതമേനോനാണെങ്കിൽ നല്ല സഹൃദയനും, രസികനും, അതിഥിസൽക്കാരപ്രിയനും, പലവിധത്തിലും ശക്തിസ്വാധീനങ്ങടം കൂടുതലുണ്ടായിരുന്ന മാന്യനും ആയിരുന്നു. ക്രമേണ, തൃശ്ശൂർക്കു് പെട്ടെന്നു് വരുക, ആവശ്യം കഴിഞ്ഞു് ഉടനെ മടങ്ങുക എന്ന സമ്പ്രദായമേർപ്പെട്ടപ്പോഴാം, കോമാടന്റെ വീട്ടിൽ ചെല്ലുലും താനേ നിലച്ച കൂട്ടത്തിലായി. എന്നാൽ, കലാമണ്ഡലം രൂപംകൊള്ളുകയും, മുച്ചുവരികയും, എല വിരിയുകയും മറ്റും കഴിഞ്ഞപ്പോഴാം കലാപ്രിയൻ കൂടിയായിരുന്ന ശ്രീ അച്ചുതമേനോന്റെ സഹായവും സഹവർത്തിത്വവും കൂടുതൽ അഭികാമ്യവും, ആവശ്യവുമായിത്തീർന്നു. ഏതാണ്ടു് അന്ത്യകാലം വരെ കലാമണ്ഡലത്തിൽ കൂടിയുള്ള 'വള്ളത്തോടം–കോമാടൻ' ബന്ധം മുറിയാതെ നിലനിന്നും പോന്നു.

കഥകളിയിലും, കലാമണ്ഡലത്തിലും നിഷ്ഠാതനും നിമഗ്നനുമായതോടുകൂടി, ഇയ്യുള്ളവനുമായുള്ള സംബന്ധം യാദൃച്ഛികങ്ങളും അപൂർവ്വങ്ങളുമായി. അതിന്നിടയ്ക്കു് എന്റെ അമ്മാവനും അമ്മായിയും പരലോകപ്രാപ്തരുമായി . എനിക്കാണെങ്കിൽ പണിത്തിരക്കിനും മറ്റും പുറമേ, കഥകളിഭ്രമത്തിന്റെ ശൂന്യത കൂടുതൽ അടുപ്പത്തിനു് വകനൽകാതെയുമായി.

എന്റെ വിവാഹത്തിനു്—അതു് 1092ലായിരുന്നു—വള്ളത്തോളും കുണ്ടുരും മറ്റും സന്നിഹിതരായിരുന്നു. വിവാഹമംഗളങ്ങടം രണ്ടാളും തങ്ങടം തന്നെ പാരായണംചെയ്തു. അന്നു് അവർ എഴുതിയ കടലാസ്സുകടം ഇന്നും ഞാൻ സൂക്ഷിച്ചിട്ടുണ്ടു്. അതിനെക്കുറിച്ചു് കൂടുതൽ എന്റെ ''കാഴ്ചപ്പാടുകടം'' എന്ന ആത്മകഥാഗ്രന്ഥത്തിൽ കാണാം. ആ കവിതകളെല്ലാം അന്നത്തെ ''കവനകൌമുദി'' പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

ചെറുതുരുത്തിയിൽ സ്വന്തം വീടുകെട്ടി അവിടെ സ്ഥിരതാമസമാക്കിയതിനുശേഷം, ഞങ്ങടം തമ്മിൽക്കാണുന്നതു് വളരെ അപൂർവ്വമായി. എങ്കിലും, എല്ലാ കൊല്ലവും പിറന്നാളിനു് പ്രത്യേകം ക്ഷണിക്കപ്പെടാറും, ഒരു നിവൃത്തിയുണ്ടെങ്കിൽ ഞാൻ ഉത്സാഹപൂർവ്വം ചെന്നു ആഘോഷങ്ങളിൽ പങ്കുകൊള്ളാറുമുണ്ടു്. ഞങ്ങളുടെ പിറന്നാളുകടം ഒരു മാസത്തിൽ തന്നെ അടുത്തടുത്താ

ണ്. തുലാമാസത്തിൽ ഭരണിനക്ഷത്രം ഞാനും മകയിരം നക്ഷത്രം മഹാകവിയും. ചില വർഷങ്ങളിൽ, ഞാൻ എന്റെ പിറന്നാൾ സംബന്ധിച്ചുള്ള ചില ഭജനവിധികളും നിമിത്തം ചെറുതുരുത്തിക്കു് എത്തുവാൻ സാധിക്കാതെ ഗ്രൂപ്പായ്മയിൽ കടുങ്ങിപ്പോകാറുണ്ടു്. അല്പാത്ത അവസരങ്ങളിൽ, ഞാൻ കണിശമായി എത്താറുണ്ടു്, എന്നെ സഹോദരനിർവ്വിശേഷമായ പഴയ വാത്സല്യത്തോടുകൂടി സ്വീകരിച്ചു ഭക്ഷണസമയത്തു് ഇടത്തുഭാഗത്തു് ഒപ്പം ഇരുത്തി അനുഗ്രഹിക്കാറുമുണ്ടു്. അദ്ദേഹത്തിന്റെ ശീലാവതിയായ സഹധർമ്മിണി ശ്രീമതി മാധവിഅമ്മയും എന്നോടു സ്വന്തം മക്കളിൽ ഒരാളോടെന്നപോലുള്ള വാത്സല്യമുണ്ടായിരുന്നു. അതിനിന്നും കുറവില്ല.

ഒരു സംഭവം കൂടി പെട്ടെന്നു് ഓർമ്മവരുന്നു: ഋഗ്വേദവ്യാഖ്യാനകാലത്തൊരു ദിവസം, എന്നെ കാണാൻ ആവശ്യപ്പെടുകയും, ഞാൻ ചെല്ലുകയും, സംഭാഷണമദ്ധ്യേ ഋഗ്വേദതർജ്ജിമയെക്കുറിച്ചു പറയുകയും, ചില ഭാഗങ്ങളും താൻ തന്നെ പാടിക്കേൾപ്പിക്കയും, പൊതുവിൽ ഒരു അഭിപ്രായം ആവശ്യപ്പെടുകയും ചെയ്തു! ഞാൻ പെട്ടെന്നു് ഇങ്ങനെ പറഞ്ഞുപോയി. ''ഋഗ്വേദമന്ത്രങ്ങളെ വഞ്ചിപ്പാട്ടും കുറത്തിപ്പാട്ടും മറുമാക്കി വിവർത്തനം ചെയ്യുന്നതിനോടു് ഞാൻ എതിരാണു്!'' അതിനുള്ള മറുപടി ഇതായിരുന്നു. ''അതു സാരമില്ല. ഋഗ്വേദത്തിൽ ആദ്ധ്യാത്മികം വളരെയൊന്നുമില്ല. കേവലം ഭൌതികമാണു്. പക്ഷേ കവിത ലോകോത്തരമാണു്. അതാണെന്നെ ആകർഷിച്ചതു്.''

ഇതും ഞാനിപ്പോൾ ആദ്യമായി പറയുന്നതല്ല. പരേതനായ വി. കെ. നാരായണൻ ഭട്ടതിരിപ്പാടിലെ കുറിച്ചുള്ള എന്റെ സ്മരണകളിൽ പ്രസ്താവിച്ചിട്ടുള്ളതാണു്.

നിസ്സാരങ്ങളും അധികവുംസാങ്കല്പികങ്ങളുമായ മാറാലപ്രശ്നങ്ങളൊന്നും മഹാകവിയെ ഏതുകാര്യത്തിലും സംശയാധീനനോ അധീരനോ ആക്കാറില്ല.

V

അദ്ദേഹത്തിന്റെ കൃതികളുടെ ഒരു സ്മരണം പോലും നിർവ്വഹിക്കുവാൻ ഇയ്യുള്ളവൻ അർഹനല്ല. ഒരുകാലത്തു് ആ കവിതകളിൽ മിക്കവയും എനിക്കു് ഹൃദിസ്ഥമായിരുന്നു. 'അനിരുദ്ധൻ' മുഴുവനും കാണാപ്പാഠം പഠിച്ചു. ചില കഥാപ്രസംഗം കൂടി ഞാൻ നടത്തിയതായി ഓർക്കുന്നുണ്ടു്! രാമായണകാലം മുതൽക്കു്, ആ കവിതകളോടു് ഞാൻ അലിഞ്ഞുചേർന്നിട്ടുണ്ടു്. ചിത്രയോഗമഹാകാവ്യത്തിൽ എന്റെ വാക്കനുസരിച്ചു് ചില സർഗ്ഗങ്ങളുണ്ടെന്നുംകൂടി പത്രക്കെ അഭിമാനപ്പെടാം. പ്രാസദീക്ഷ കൂടാതെ, കേവലം യഥാതഥപ്രസ്താവങ്ങളായ വള്ളനകം പാശ്ചാത്യ കവികൾക്കു് വളരെ പഥ്യമാണു്. അത്തരത്തിൽ ചിലതു് വേണമെന്നൊരിക്കൽ ഞാൻ സംഭാഷണമദ്ധ്യേ പറയുകയും, ചില മാതൃകകൾ അന്നു വിവരിക്കുകയും ചെയ്തതിന്റെ ഫലമാണു്—എന്നു ഞാൻ അഭിമാനപ്പെടുന്നു—''പതഞ്ഞ വെള്ളം പഥി വായിൽനിന്നു്, വീഴുന്ന കന്നാലിയെ മുൻനടത്തി, നകം കരിക്കോലിവതോളിലും വെച്ചിതാ കൃഷിക്കാർ വയൽ വിട്ടിടുന്നു'', എന്നു തുടങ്ങിയ ശ്ലോകങ്ങളും ഉൾക്കൊള്ളുന്ന ചിത്രയോഗത്തിലെ പ്രസിദ്ധസർഗ്ഗങ്ങൾ.

സംസ്കൃതഭാഷ വളരെയധികം സ്വാധീനമായിരുന്നിട്ടും, അദ്ദേഹം തന്റെ ''വേളി''യായി വരിച്ചതും വാരിക്കോരിയ സമ്പൽസമൃദ്ധിയാൽ സല്ലരിച്ചതും, മാതൃഭാഷയായ മലയാളത്തെയാകുന്നു. മാതൃഭാഷാഭിമാനം ഇത്രയുമുണ്ടായിരുന്ന ഒരു ''ഭാഷാകവി''യെ കാണുക പ്രയാസമാണു്. ''ഏതൊരു വേദവു, മേതൊരു ശാസ്ത്രവു, മേതൊരുകാവ്യവുമേതൊരാലംകൃം, പൂത്തിൽപ്പുതിയണമെങ്കിൽ സ്വഭാഷതൻ, വക്ത്രത്തിൽനിന്നു താൻ കേൾക്കവേണം'', എന്നു് അദ്ദേഹം പാടിയതു് ഇന്നൊരു ''നാടോടിപ്പാട്ടു'' നാട്ടാരുടെ പാട്ടും ആയിരിക്കുന്നു.

ഗദ്യത്തേയും, പദ്യത്തെപ്പോലെതന്നെ, അദ്ദേഹം അനുകൂലിക്കുകയും, ആശ്ലേഷിക്കുകയും ചെയ്തു. അയത്നം നിർവ്വഹിക്കപ്പെട്ടവയായ അദ്ദേഹത്തിന്റെ പുരാണവിവർത്തനങ്ങളും, പത്രാധിപലേഖനങ്ങളും പുസ്തകാഭിപ്രായങ്ങളും മറൊരു മഹാകവിക്കും സാധിച്ചിട്ടില്ലാത്ത അത്ഭുതനേട്ടങ്ങളാകുന്നു. വളർച്ചയേയും വികാസത്തേയും രംഗവ്യത്യാസം കൂടാതെ സ്വാഗതം ചെയ്കയും, സ്വാധീനപ്പെടുത്തുവാൻ ശ്രമിക്കയും ചെയ്ത അദ്ദേഹം; നിന്ന നിലയിൽതന്നെ അനങ്ങാതെ നിൽക്കാതെ, ഓരോ കാലും സധൈര്യം മുന്നോട്ടവെച്ചുകൊണ്ടു് വിദൂരമായിരുന്ന പരമലക്ഷ്യത്തിന്റെ മട്ടുപ്പാവിൽ എത്തിക്കുടിയ ആളാണദ്ദേഹം; മാത്രമല്ല, അവിടേയ്ക്കുള്ള യാത്രയിലും, അവിടെ ചെന്നെത്തിയതിൽപ്പിന്നേയും, എല്ലാവരേയും, ആ വഴിക്കു മാടിവിളിച്ചുകൊണ്ടിരുന്നു; വല്ലവരും ഒപ്പമെത്തി, മീതെ കയറി, തന്റെ മഹാകവിസ്ഥാനം നഷ്ടപ്പെടുത്തിയാലോ എന്ന ഒരു ഭീതിയും അദ്ദേഹത്തിന്നില്ലായിരുന്നു!! ആദ്യം സംസ്കൃത കവിതയെഴുതി. പിന്നെ മലയാള കവിതയെഴുതി. ആദ്യം സംസ്കൃതവൃത്തങ്ങളിലെഴുതി. പിന്നെ ദ്രാവിഡവൃത്തങ്ങളിലെഴുതി. ആദ്യം ഹിന്ദുപുരാണങ്ങളെക്കുറിച്ചെഴുതി. പിന്നെ വിശ്വപുരാണങ്ങളെക്കുറിച്ചെഴുതി. ശ്രീകൃഷ്ണനെക്കുറിച്ചെഴുതി, ശ്രീബുദ്ധനെക്കുറിച്ചെഴുതി, ശ്രീക്രിസ്തുവിനെക്കുറിച്ചെഴുതി, ശ്രീനബിയെക്കുറിച്ചെഴുതി, ഗാന്ധിജിയെക്കുറിച്ചെഴുതി, സ്റ്റാലിനെക്കുറിച്ചെഴുതി; ഹാ! ആ കാവ്യയാത്ര വിശ്വോത്തരവും, വിമോഹനവുമാകുന്നു. പിൽക്കാല

ത്തു കവിതയെക്കാൾ പ്രേമം കഥകളിയോടായി. കേരള കലാമണ്ഡലത്തിന്റെ സ്ഥാപകൻ എന്ന പദവിയെയാണ്, ഒടുവായപ്പോൾ കവിസാർവ്വഭൗമൻ എന്ന ബിരുദത്തേക്കാൾ അദ്ദേഹം ഇഷ്ടപ്പെട്ടതു്. വള്ളത്തോളില്ലായിരുന്നെങ്കിൽ, ഇന്നും കഥകളി, യാതൊരു കഥയും ഗതിയുമില്ലാത്ത കളിയായും, കളയായും തന്നെ കഴിയുമായിരുന്നു.

സാഹിത്യമഞ്ജരിയിലെ മിക്ക കവിതകളും വിശേഷിച്ചു് കലാമണ്ഡലക്കാരനായി സമ്പൂർണ്ണ പരിവർത്തനം സംഭവിച്ചതിനു് മുമ്പുള്ള മിക്ക കവിതകളും വിശ്വോത്തരങ്ങളാകുന്നു. കൊണ്ടാടേണ്ടും പദാർത്ഥസ്ഫുടത, സുലളിതം, ഓതിക്കൊണ്ടാലാവാത്ത ബന്ധവൈചിത്ര്യം, അതിരസികൻ ശയ്യാഗ്രഹണം, മെച്ചത്തിൽ മെച്ചമായ ഭാഷ എന്നീ അപൂർവ്വങ്ങളും അദ്ഭുതകരമാംവിധം ഒന്നിച്ചുകൂടിനിൽക്കുന്നവയുമായ ഗുണങ്ങളാൽ, വള്ളത്തോൾക്കവിതകൾ മലയാളത്തിൽ കാവ്യരസത്തിന്റെ പരമോൽകൃഷ്ടാവസ്ഥയെ കാണിക്കുന്നു എന്നാണു് എന്റെ അഭിപ്രായം. ശബ്ദത്തിലും, അർത്ഥത്തിലും, അന്തസ്സിലും, ഭാവനയിലും, സംസ്കാരത്തിലും ആ കവിതകൾ നിമ്മലങ്ങളും നിരാക്ഷേപകരങ്ങളുമാകുന്നു. ചീത്ത അർത്ഥമോ, ഭാവമോ, ചിന്തയോ മഹാകവി കവിതകളിൽ കൂടി 'ഇഞ്ചകൂ' ചെയ്യുന്നില്ല. വാക്കുകളെക്കൊണ്ടുള്ള ചിത്രം വരയിൽ, ഇത്ര മിടുക്കനായ ഒരു ഭാഷാകവിയുമില്ലെന്നതന്നെ പറയാം. വീട്ടിന്റെ ഉമ്മറത്തുകിടക്കുന്ന ആ പട്ടിണിക്കാരൻ പട്ടിയും, പ്ലാറ്റ്ഫോറത്തിൽ എല്ലും തോലുമായി കിടക്കുന്ന ദരിദ്രനും, എന്നുവേണ്ട സജീവങ്ങളായ സുന്ദരവാങ്മയചിത്രങ്ങളുടെ ഒരു മഹാചിത്രശാലയാണു് വള്ളത്തോൾക്കവിത. ബന്ധനസ്ഥനായ അനിരുദ്ധനെപ്പോലെ മനോഹരമായ ഒരു ഖണ്ഡകാവ്യവും മലയാളത്തിലില്ലെന്നു് പറയുന്നവർ അപൂർവ്വമല്ല. കാളിയമർദ്ദനവും, എന്റെ ഗുരുനാഥനും, എന്തിനങ്ങിനെ എടുത്തെടുത്തു പറയുന്നു, സാഹിത്യമഞ്ജരി മുഴുവനുംതന്നെ ആ പേരിനെ നിതരാം അർഹിക്കുന്ന ഗ്രന്ഥപരമ്പരയാകുന്നു.

''സദലങ്കൃതശയ്യ ചേർന്നതും, അഴകെഴും ഭാവപ്രകാശത്തോടുകൂടിയതും, വിവിധാലങ്കാരസമ്പത്തോടു ചേർന്നതും വിദഗ്ദ്ധാലിതമായതും, നിറയെ പ്രസാദം ഉൾക്കൊള്ളുന്നതും'' ആയ വള്ളത്തോൾ കവിതകൾ കണ്ട കാളിദാസനും ''ബലേബേഷ്'' പറയുന്നുണ്ടാവും.

വെറും കാവ്യസമ്പത്തു കൂടാതെ, ലോകോപകാരാർത്ഥമായ ഉപദേശസമ്പത്തും, അദ്ദേഹം, ഒരു നല്ല കൃഷിക്കാരനെപ്പോലെ, തെറ്റാതെ വിതച്ചിട്ടുണ്ടു്. മാതൃഭാഷാസ്നേഹത്തെക്കുറിച്ചു് മുമ്പു പറഞ്ഞു. ''ഉടപ്പിൽ തുന്നിച്ചേർക്കുന്ന ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചു്'', അധികാരസ്ഥാനങ്ങൾ അമ്പരക്കുമാറു് പറഞ്ഞു. ''സൌഭാഗ്യം വേണമോ, സന്തുഷ്ടി വേണമോ, സ്വാതന്ത്ര്യം വേണമോ—വേണമെങ്കിൽ—കർഷകജീവിതം പ്രത്യുദ്ധരിയ്ക്കുന്നാം'' എന്നു് അദ്ദേഹം അന്നേ ആഹ്വാനം നൽകി; അതു ഫലപ്രദമാക്കുവാനുള്ള ശ്രമം ഇനിയത്തെ പഞ്ചവത്സരപദ്ധതിക്കാലത്തു തുടങ്ങാമെന്നുവെച്ചിരിക്കയാണു്!!

''മഴവില്ലു പിഴിഞ്ഞെടുത്ത സത്താമഴകു്'' എന്നതരത്തിലുള്ള അന്യാദൃശപ്രയോഗങ്ങൾ കാട്ടണമെങ്കിൽ നാം വള്ളത്തോളിനെ സമീപിക്കണം. തനി മലയാളപദങ്ങളും ശൈലികളും നാടോടിവാക്യങ്ങളും അങ്ങിങ്ങായി വിതറി, കവിതക്കു് ആകർഷകത്വവും ആകാരഭംഗിയും, അവിസ്മരണീയതയും വരുത്തുന്ന വിഷയത്തിൽ വള്ളത്തോളിന്റെ തോളൊപ്പം നിൽക്കാൻ ആരുണ്ടു്? മശലനമറിയത്തെപ്പോലെ—അതിന്റെ നേർക്കു് ഈയിടെ ചില വിമർശകമാന്യന്മാർ അലസമന്ദാക്ഷമെറിയാൻ തുടങ്ങിയിട്ടുണ്ടെങ്കിലും—ഇന്നലെവരെ അതു ക്രിസ്ത്യാനികൾക്കും—കൃഷ്ണനേയും ക്രിസ്തുവിനേയും കൂട്ടുചേർത്തതിൽ ചില അവിശാലമനസ്കന്മാർക്കു് സങ്കടം തോന്നിയാലും—ഒരു ഉന്നതമനോഹരകാവ്യമായിരുന്നു.

രാഷ്ട്രീയഗാനങ്ങളും കവിതകളും ഇത്രയധികം ഇത്രയും വൈവിധ്യത്തോടും, വൈദഗ്ധ്യത്തോടും വികാരോദ്രേകത്തോടും കൂടി കൈകാര്യം ചെയ്തിട്ടുള്ള കവി വേറെ ആരുണ്ടു്? രാഷ്ട്രീയജീവിതത്തിലേയും, സ്വാതന്ത്ര്യസമരത്തിലേയും, സ്വരാജ്യലബ്ധിയിലേയും ഏതെല്ലാം മുക്കുകളേയും മൂലകളേയുമാണദ്ദേഹം പ്രകാശമാനങ്ങളാക്കീട്ടുള്ളതു്?

''എത്തേണ്ടതോമിടത്തെത്തിയാലും ശരി
മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി
മുന്നോട്ടുതന്നെ നടക്കും വഴിയിലെ
മുള്ളുകളൊക്കെച്ചവുട്ടിമെതിച്ചു ഞാൻ''

എന്നു കേൾക്കുമ്പോൾ സ്വാതന്ത്ര്യസമരത്തിലെ അകാലമരണമടഞ്ഞ സേനാനായകന്മാരുടെ ആത്മാക്കളും കൂടി കിടന്നേടത്തുകിടന്നൊന്നു തലപൊക്കിനോക്കിയിരിക്കണം!

''ഭാരതമതംഗജം ചങ്ങല പൊട്ടിപ്പതു,
പാരിനെച്ചുതച്ചുകൊണ്ടങ്ങിങ്ങു പായാനല്ല
വാരിയിൽ വീഴിയ്ക്കപ്പെട്ടഴറും തൻ കൂട്ടരെ
കൂറുറ തുമ്പിക്കയ്യാൽ പിടിച്ചുകേറാനത്രേ''

ഇതിലും ഭംഗിയായും സ്പഷ്ടമായും ആ സംഗതിയെക്കുറിച്ചാക്കാണു് പറയാൻ സാധിക്കുക? ആരുണ്ടതുപോലും പറഞ്ഞിട്ടു്?

''ബ്രഹ്മർഷിമാർമുഖ്യനെ മുക്കുവത്തി
പെറ്റോരുപുണ്യക്ഷിതി മണ്ഡലത്തി''ന്റെ

ഇന്നത്തെ ദയനീയാവസ്ഥയെയും, അയിത്തപ്പി

ശാചിന്റെ ഘോരാട്ടഹാസത്തെയും ഏതൊരു ''അയിത്തക്കാര''നെക്കാളും ശക്തിയായും സാർവ്വത്രികമായും എതിർത്ത ആളാണ് വള്ളത്തോൾ.

''അച്ഛന്റെ പാഴ്നരകേറിയ മാറത്തു
നൽച്ചെമ്പവിഴത്തെ ചാർത്തിക്കലും
അമ്മിഞ്ഞക്കണ്ണു തിരുമ്മലുമല്ലാതെ—
ന്നമ്മുവിൻ ചിന്നക്കൈയ്യെന്തറിയാം'' എന്നു വായിച്ചാൽ ഹൃദയം തുടിക്കാത്ത ഒരു പിതാമഹനെങ്കിലും കേരളത്തിലുണ്ടാകുമോ?

ഏതായാലും അദ്ദേഹത്തിന്റെ കാവ്യമഹാസാഗരത്തെ ഒരു 'പൊതുമ്പുവഞ്ചി' കയറി അക്കരെ പറ്റുന്ന ശ്രമത്തിനു ഞാൻ സാഹസപ്പെട്ടുന്നില്ല. സൂര്യാസ്തമയങ്ങളെ ദിനം പ്രതി ഏൽക്കുകയും എതിരേൽക്കുകയും പ്രതിഫലിപ്പിക്കയും ചെയ്യുന്ന വിസ്തൃതവും അഗാധമായതുമാണ് ആ സാഗരം! അതിന്റെ വക്കത്തുകൂടി നടന്നു, തിരമാലകളൊന്നിനുപിന്നാലെ മറ്റൊന്നായി ഉയരുന്നതു കണ്ടു, അതെങ്ങാനും തന്നെ തട്ടിയിട്ടേയ്ക്കുമോ എന്നു ഭയന്നു അതിന്റെ വരവിനൊപ്പം പിന്നോക്കം നീങ്ങുന്ന ഭീരുവായ അജ്ഞനായ ഒരു ആരാധകൻ മാത്രമാണീയുള്ളവൻ! ആ കവിസാർവ്വഭൌമന്റെ പുണ്യസ്മരണയ്ക്കു മുമ്പിൽ കൃതജ്ഞതാഭിമാനപൂർവ്വം ഒന്നു നമസ്കരിക്കണമെന്നുമാത്രമേ ഇവിടെ ഉദ്ദേശമുള്ളൂ.

ഓം ശാന്തി! ശാന്തി! ശാന്തി!

ഏതൊരു വേദവു, മേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവു, മേതൊരാഗമവും
ഏത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം!

''എന്റെ ഭാഷ''

With the best compliments

from

NEYVELI LIGNITE CORPORATION LIMITED, NEYVELI

SOUTH ARCOT DISTRICT, MADRAS STATE

Now Producing :

Power and High Quality lavigated White Clay (Nekolin)

Will Produce Shortly :

UREA (Fertilizer - 46% Nitrogen)

LECO (Carbonised Lignite Briquettes—an excellent fuel for use in houses, canteens, hotels, restaurants, hospitals, laundries, industries etc.

'Leco' is 25 % more efficient than charcoal; 350 % more efficient than firewood.

CUT YOUR FUEL COST USING LECO

KERALA STATE INDUSTRIAL DEVELOPMENT CORPORATION LTD.

Vellayambalam, Trivandrum - 1.

Instituted by the Kerala State Government for assisting industrial development in Kerala

Authorised Capital: Rs. 5 Crores

FORMS FOR ASSISTANCE

Financial

Participation in share capital, Underwriting of new capital issues. Medium and long term loans, Guaranteeing deferred payments, Guaranteeing rupee loans.

General

Assistance for setting up Companies, obtaining licences, securing foreign exchange and technical collaboration, purchasing land for factories, obtaining power and water etc., liaison with State and Central Governments.

Schemes already sponsored include Zinc Smelter, Wire Ropes, Rubber Tyres, Cotton Spinning, Steel Re-rolling, Electric & Water Meters, Electro-Chemicals etc.

Number of products for which assistance sanctioned/given	:	19
Estimated cost of the projects assisted	:	Rs. 3,828.00 lakhs.
Financial assistance sanctioned	:	Rs. 366.00 lakhs.
Financial assistance disbursed	:	Rs. 107.00 lakhs.
Employment potential in the assisted industries	:	About 6,800 persons.
Number of industries already started production.	:	5

Chairman:
K. R. K. MENON

Managing Director:
M. ABDUSSALAM

Phone No: 2504 Telegrams: 'CHITTIES'

THE MADRAS CHIT FUNDS PRIVATE LIMITED

(Incorporated in 1938)

56 & 57 Oppanakara St., COIMBATORE.

Chairman: **Sri K. Kuttikrishna Menon,**
(Ex-Advocate General, Madras)
Karakkat Road, ERNAKULAM.

Vice-Chairman: **Sri D. H. Nambudiripad,** M.A.B.L.,
Advocate, Hospital Road, ERNAKULAM.

Managing Director: **Sri A. M. Mathew,** B. A.,
56 & 57 Oppanakara Street, COIMBATORE.

It has been our great privilege to get almost all our chits over-subscribed during the past 27 years. We mainly commence the following schemes several times a year. Any prospective investor or borrower desiring transactions through our chits may confidently contact us for free advice and guidance.


50 MONTHS SCHEME

Full Ticket of Rs. 10,000/- each of Rs. 200/- Per Month
Half „ Rs. 5,000/- each of Rs. 100/- Per Month
Quarter „ Rs. 2,500/- each of Rs. 50/- Per Month


60 MONTHS SCHEME

Full Ticket of Rs. 15,000/- each of Rs. 250/- Per Month
Half „ Rs. 7,500/- each of Rs. 125/- Per Month
One fifth „ Rs. 3,000/- each of Rs. 50/- Per Month


FOR DETAILS RULES PLEASE APPLY:




ചെറുതുരുത്തിയിലെ ഗൃഹം




മഹാകവിയും പത്നിയും




ഉച്ചയുറക്കംകഴിഞ്ഞു



വായനയിൽ



ഗോവിന്ദക്കുറുപ്പ്, മഹാകവി, കെ. എം. പണിക്കർ



വള്ളത്തോൾ കുടുംബം: ഇടത്തുനിന്നു്:— മല്ലിക, വാസന്തി, വള്ളത്തോൾ, കമല (ദൌഹിത്രി), മാധവിഅമ്മ (വള്ളത്തോളിൻെറ പത്നി), ശ്രീകുമാർ (ദൌഹിത്രൻ) അമ്മുഅമ്മ. പിൻവരി:— അച്യുതക്കുറുപ്പ്, ബാലചന്ദ്രൻ, ബാലകൃഷ്ണക്കുറുപ്പ്, ഗോവിന്ദക്കുറുപ്പ്, മാധവക്കുറുപ്പ്.

ധർമ്മസന്ദേശം, വള്ളത്തോൾകവിതയിൽ

—ബാലാമണിയമ്മ

ആദികവികളുടെ പതിവനുസരിച്ച് ജീവിതത്തെക്കാൾ ജീവിതമൂല്യങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടാണ് വള്ളത്തോൾ കാവ്യരചന ചെയ്തത്. മുൻകാലത്തെ എണ്ണപ്പെട്ട കൃതികളിലെല്ലാം കാണാം ഈ പ്രവണത. എന്നാൽ വള്ളത്തോൾകവിതകളിലെ ധർമ്മസന്ദേശം നൈസർഗ്ഗികതകൊണ്ടും ഹൃദയസ്പർശിത്വംകൊണ്ടും സവിശേഷമേന്മ പുലർത്തുന്നു. മനുഷ്യനു നേരിടേണ്ടുന്ന വ്യക്തിപരവും സാമൂഹ്യവും രാഷ്ട്രീയവും ചെറുതും വലുതുമായ പ്രശ്നങ്ങളെക്കുറിച്ചെല്ലാം ചിന്തിക്കയും തനതായൊരഭിപ്രായം രൂപവൽകരിക്കയും അതിനെ കലാസുന്ദരമായാവിഷ്കരിക്കയും ചെയ്തിട്ടുള്ള ഒരു മഹാകവിയുടേതെന്ന നിലയിൽ അദ്ദേഹത്തിന്റെ നൈതികവീക്ഷണം തികച്ചും ശ്രദ്ധേയമത്രെ.

പുരാണേതിഹാസങ്ങളുടെ അന്തസ്സത്തയിൽ ഉറവെടുത്ത ആ കാവ്യകല ആദ്യമേ ആർഷസംസ്കാരവാഹിനിയായിരുന്നു. ഗാന്ധിയൻ തത്ത്വചിന്തയുമായുള്ള സമ്പർക്കം അതിനെ കുറെക്കൂടി ഊർജ്ജസ്വലമാക്കി; അതിനു് പുതിയൊരു വ്യക്തിത്വവും ഗൗരവവും കൈവരുത്തി. മഹാകവിയുടെ പരമാരാധ്യ ഗുരുവായിരുന്ന ഗാന്ധിജി. അദ്ദേഹത്തിന്റെ ആശയ സംഹിതയുടെ സ്വാധീനശക്തി അവസാനംവരേയ്ക്കും തന്റെ കവിതയിൽ പ്രകടമാണുതാനും. 'എന്റെ ഗുരുനാഥൻ' മുതലായ ഏതാനും കൃതികളിലൂടെ മഹാത്മാവിന്റെ—അദ്വിതീയ വൈശിഷ്ട്യമുറ്റ ആ ഗാന്ധിയുഗത്തിന്റെ തന്നെ—ജീവിതദർശനത്തെ വള്ളത്തോൾ ചിത്രീകരിച്ചിട്ടുണ്ട്.

മഹാകവിയുടെ ഓരോ കവിതയിലും പാലിൽ വെൺമയെന്നപോലെ വ്യാപിച്ചിട്ടുണ്ട്, ധർമ്മോൽബോധനം. ബലവും നീതിബോധവുമുള്ള ഒരു ജനതയെ വളർത്തിയെടുക്കാൻ വേണ്ടുന്ന ജീവകങ്ങളെല്ലാം, ആസ്വാദ്യമാംവണ്ണം പാകപ്പെടുത്തിയ നിലയിൽത്തന്നെ, അവയിലുണ്ട്. ഒന്നു മനസ്സിരുത്തി നോക്കിയാലോ ത്യാഗത്തിന്റേയും അഹിംസയുടേയും പരിമളമാണ് കൂടുതലുള്ളതെന്നറിയാം.

'സൃഷ്ടാവിൻ തൃക്കളിത്തോപ്പാം ജഗത്തിതിൽ
നട്ടവളർത്തുക നന്മ നമ്മളം'

എന്നു് വിളിക്കുന്ന കവി ആ കാര്യസാദ്ധ്യത്തിനു്

'ഹിംസാവിഷപ്പല്ലിളക്കിപ്പറിച്ചവരും'

'സംസാരമായയെസ്സുസ്മിതംനോക്കുവോ' രുമായ മഹാത്മാക്കളുടെ വഴിയേ പറ്റൂ എന്നു് വിശ്വസിക്കുന്നു. ജീവിതത്തിന്റെ സുലഭോപഹാരങ്ങളെ നന്ദിപൂർവ്വം സ്വീകരിക്കയും ഭൂലോകത്തെ അളവറ്റു് സ്നേഹിക്കയും ചെയ്യുന്ന അദ്ദേഹവും ഭോഗത്തിലല്ല ത്യാഗത്തിലാണു് സുഖമെന്ന ഭാരതീയ സിദ്ധാന്തത്തെ ശരിവയ്ക്കുന്നുണ്ടു്.

'എന്തില്ലനീഹതേ നിൻചൊറ്റഭോണ്ഡത്തി—
ലെന്നും ദരിദ്രം ദുരതൻ നിലവറ!'

ത്യാഗത്തിന്റേയും സംയമത്തിന്റേയും മാതൃകകളാണു് വള്ളത്തോൾകൃതികളിലെ ഉത്തമകഥാപാത്രങ്ങളും. ഭാവരൂപങ്ങളുടെ അന്യൂനസൗന്ദര്യത്തിൽ മുന്തിനിൽക്കുന്ന ഒരാദ്യകാലകൃതിയായ നാഗിലയിൽ കണ്ണഞ്ചിക്കുന്ന പ്രകാശധോരണിയോടെയാണു് ത്യാഗാദർശം ആവിഷ്കരിക്കപ്പെട്ടന്നതു്. ഭിക്ഷുവ്രതം കയ്ക്കുന്നുണ്ടു് ഏറെക്കാലമായിട്ടും അനുരാഗാഗ്നി കെട്ടടങ്ങായ്കയാൽ ഒടുവിൽ ധൈര്യംവിട്ടു് തിരിച്ചെത്തുന്ന പ്രിയതമനെ 'തൊടായ്ക, സകൃതി തേ പെടായ്ക കൈവിട്ട നികൃഷ്ടവസ്തുവിൽ' എന്നു് സ്നേഹാദരപൂർവ്വം വിലക്കുന്ന ആ നാഗിലയെ ആർക്കും മറക്കാനാവില്ല. ഉമിത്തിയ്യിലെന്നപോലെ ഭവദേവൻ പിടഞ്ഞുനീറിക്കൊണ്ടിരുന്ന മിഥ്യാസന്ന്യാസത്തിലും പിന്നീടു് 'സിതാംഗഗംഗാജലസംഗനിർവൃത'മായ ജന്മദേശത്തേയ്ക്കുള്ള ആയാളുടെ തിരിച്ചുവരവിലും പങ്കെടുത്ത വായനക്കാരനു് അവളുടെ ഈ വാക്കുകളും അപ്രതീക്ഷിതമായൊരടിയായി അനുഭവപ്പെട്ടന്നെങ്കിലെന്തു്? ധർമ്മത്തിന്റെ കക്ശതയെക്കുറിച്ചു് ഖേദിക്കാൻ അതവരെ നിർബ്ബന്ധിക്കുന്നെങ്കിലെന്തു്? താനേറ്റവുമാഗ്രഹിക്കുന്നതിനെ ത്യജിക്കാനുള്ള കഴിവാണു് മനുഷ്യനിൽ പരമാരാധ്യമായതെന്നു് പെട്ടെന്നായാരുക്കു് തോന്നിപ്പോകുന്നുണ്ടല്ലോ! തൻകാര്യം നേടാനല്ല, തട്ടിനീക്കാനാണു് കരുത്തുവേണ്ടതെന്ന നിഗമനത്തിലാണു് മികച്ച സാഹിത്യകൃതികളും മിക്കതും നമ്മെ എത്തിയ്ക്കുന്നതു്. രാമനെക്കൊണ്ടു് സീതാപരിത്യാഗം ചെയ്യിച്ച വാല്മീകിയേയും 'കപ്പലപകട'മെഴുതിയ ടാഗോറിനേയും ഈ സന്ദർഭത്തിൽ ഓർത്തുപോകുന്നു. ഇതരസാഹിത്യത്തിലും ഉദാഹരണങ്ങളുക്കു് കുറവില്ല.

കൊല്ലങ്ങൾക്കു് മുൻപുള്ള കഥയാണിതു്. ഇന്നത്തെ സഹൃദയർക്കു് ഇത്ര കാര്യമുള്ള നീതി

നിയമങ്ങളിൽ വിശ്വാസം കുറയും. ത്യാഗത്തിന്റെ വഴി മറ്റേതിനേക്കാളും ശ്രേഷ്ഠമാണെന്ന ബോധം നമ്മുടെ ഹൃദയത്തിനടിത്തട്ടിൽ ഇപ്പോഴുമുണ്ടെങ്കിലും ഒരു ജനതയെന്ന നിലയിൽ നാമിന്നു് ഉന്നംവയ്ക്കുന്നതു് ഭൗതികോൽക്കർഷത്തെയാണു്, മുക്തിയെയല്ല. ഭൗതികപുരോഗതിയ്ക്കു് ഒഴിച്ചുകൂടാത്ത സോഷ്യലിസമത്രെ ആധുനിക കാലത്തെ സുപ്രധാനാശയം. അതിനാൽ മാനുഷിക മൂല്യങ്ങളിൽ സഹാനുഭൂതിക്കു് പ്രാമുഖ്യം കിട്ടുന്നു. ഉത്തമസാഹിത്യം സഹാനുഭൂതിഭരിതമാകുന്നു.

വള്ളത്തോൾക്കവിതയിലും കാലംകൊണ്ടു് അത്തരം പരിണാമങ്ങളുണ്ടായി. നാഗിലയെപ്പോലുള്ള പാത്രങ്ങളെ അന്ത്യകാലകൃതികളിൽ കാണുന്നില്ല. കാരണം കവിയുടെ വീക്ഷണത്തിൽ വന്ന മാറ്റമല്ല. അതാതു് കാലത്തു് ജനതയെ ഉത്തേജിതമാക്കാനുതകിയ ധാർമ്മികാശയങ്ങൾക്കു് അദ്ദേഹം തന്റെ കവിതയിൽ മുൻഗണന നൽകിയെന്നു് മാത്രം. ആശയങ്ങൾക്കല്ല, ധർമ്മത്തിനാണു് ശാശ്വതത്വം. ത്യാഗാദർശത്തിനു് തുരുമ്പുകയറലില്ലെന്നും അതിന്റെ ഉപയോഗക്രമത്തിൽ മാത്രമേ കാലം മാറ്റംവരുത്തുന്നുള്ളൂ എന്നും അറിഞ്ഞിരുന്ന മഹാകവി. ഇന്നത്തെ നാഗില താൻ പാലിച്ചുപോന്ന വ്രതത്തെ ഉപേക്ഷിച്ചും പ്രിയതമനെ മിഥ്യാസന്ന്യാസത്തിൽ നിന്നു് മുക്തനാക്കും. അവിടേയും ത്യാഗമാണു് ജയിക്കുന്നതു്. ഏതു് കാലഘട്ടത്തിന്റെ ഏതൊരുൽകൃഷ്ടാശയത്തിനും സാക്ഷാൽക്കാരം കിട്ടണമെങ്കിൽ മനുഷ്യനിലെ ത്യാഗശക്തി പ്രവർത്തിയ്ക്കണം. നമ്മുടെ സോഷ്യലിസവും ഭൗതികാഭ്യുദയവും രൂപംകൊള്ളേണ്ടതും മഹത്തരമായ, സമൂഹത്തിനേറ്റതായ, ത്യാഗത്തിലൂടെത്തന്നെ — കർമ്മികളുടെ ഈ ത്യാഗത്തിനാണു് പിൽക്കാലത്തെ കവിതകളിലൂടെ വള്ളത്തോൾ നമ്മെ തയാറെടുപ്പിക്കുന്നതു്.

കടത്തൊരു ദുഃഖാനുഭവവും തനിക്കുണ്ടായിട്ടില്ലെന്നു് മഹാകവി ഒരിക്കൽ പറകയുണ്ടായി. അതു് വ്യക്തിപരമായിട്ടു്. തന്റെ നാട്ടിലെ ജനകോടികളുടെ 'ദീർഘദാരിദ്ര്യവ്യാധി വേദനാജ്ഞരക്കങ്ങൾ' അദ്ദേഹത്തെ നിരന്തരം അലട്ടിക്കൊണ്ടിരുന്ന നിശ്ചയം. അവരുടെ പ്രശ്നങ്ങളും നിവാരണമാർഗ്ഗങ്ങളും നാം ചെല്ലുംതോറും കവിയുടെ ചിന്തക്കു് അധികമധികം വിഷയീഭവിച്ചതായി വേണം കരുതാൻ. സാമൂഹ്യജീവിതത്തെ കൂടുതൽ സുഖിതവും ശ്രേഷ്ഠവുമാക്കാനുള്ള വെമ്പൽ ആദ്യകൃതികളിലൂടെതന്നെ സുവ്യക്തമാണെങ്കിലും പിൽക്കാലത്തു് അതിനു് പ്രാമുഖ്യം കൂടുന്നുണ്ടു്. കാലഹരണമില്ലാത്ത ധാർമ്മികമൂല്യങ്ങളും സാധാരണ ജനങ്ങളുടെ ദൈനംദിനചര്യയിലെടുത്തു പെരുമാറുന്ന നാണയങ്ങളാവുമ്പോഴേ സാമൂഹ്യയാതനകൾക്കു് ശമനം കിട്ടൂ എന്ന വിശ്വാസവും ബലപ്പെട്ടുവന്നു. ഒരു ജനതയുടെ വളർച്ചയിൽ സ്നേഹത്തിനും ഐക്യത്തിനുമുള്ള അതുല്യമായ പങ്കിനെ കവി കീർത്തിയ്ക്കുയാണു്.

> 'ഒന്നിനുംകാലക്കേടുനേരിടാതിടതിങ്ങി
> നിന്നുകൊള്ളട്ടേ നാനാസസ്യങ്ങളുംവയൽ
> കളിൽ
> എന്നോളം മുളയ്ക്കുകില്ലസ്സമസ്യഷ്ടിസ്നേഹ—
> മന്നോളംനമുക്കവതരിശ്രനിലങ്ങളുംതാൻ!'

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ചരാചരങ്ങളെയെല്ലാം സ്വന്തം കുടുംബക്കാരെയെന്നമട്ടിൽക്കരുതാനും സ്നേഹിക്കാനും കഴിവേകുന്നതാണു് യഥാർത്ഥവിദ്യാഭ്യാസം.

> 'ഏതൊരാപത്തുമെതിർത്താലെതിക്കട്ടെ;
>
> 'നീ തൊട്ടപോകൊലാപാഷ്ഠൊലയായുധം,'

അഹിംസയെപ്പറ്റി ഇതാണു് കവിയുടെ നിലപാടു്. സ്വതന്ത്രഭാരതത്തെക്കുറിച്ചു് മിഴിവുറ്റ സ്വപ്നങ്ങളുണ്ടായിരുന്ന അദ്ദേഹത്തിനു്. അഹിംസയുടെയും ലഘുജീവിതചര്യയുടേയും നിറം പൂണ്ട അവയുടെ രൂപരേഖകളും 'കൃഷിക്കാരുടെ പാട്ടി'ൽ ഉടനീളം കാണാം.

പലപ്പോഴും നമുക്കു് തോന്നിപ്പോവും ഈ വിശിഷ്ടകൃതികളിലൂടെ ജീവിക്കുന്നതും സ്വപ്നം കാണുന്നതും ചിന്തിക്കുന്നതും കവിത്വമുറ്റ ഒരു വ്യക്തിയല്ല, ഒരു വമ്പിച്ച ജനസമുദായം—ദശാബ്ദങ്ങളെ ചവിട്ടിക്കടന്നുപോകുന്ന ഒരു മഹാജനതയാണെന്നു്! ആരണ്യാശ്രമങ്ങളിൽ നിന്നു് ഗാന്ധിജിയുടെ ഗ്രാമരാജ്യം വഴി വ്യവസായമേഖലകളിലേയ്ക്കു് നീണ്ടുകിടക്കുന്ന വള്ളത്തോൾക്കവിതയുടെ നെടുംപൂന്തോട്ടത്തിനു് പല തട്ടുകളുണ്ടു്. എന്നാൽ സച്ചിദാനന്ദരൂപമായ ആ ധാർമ്മികാന്തരീക്ഷം എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. അവിടെ ഉന്മേഷം കൂട്ടുന്ന വെയിൽനാളങ്ങൾക്കും തളർച്ചയാറ്റുന്ന കാറ്റുകൾക്കുമിടയിൽ, ഒട്ടിട വിശ്രമിക്കാനിഷ്ടപ്പെടാത്തവരുണ്ടോ?

വള്ളത്തോളിന്റെ വളർച്ച

കെ. എൻ. എഴുത്തച്ഛൻ

മലയാളസാഹിത്യത്തിന്റെ സുഖഭോഗ്യങ്ങളിൽ അമ്പതമ്പത്തഞ്ചുകൊല്ലത്തോളം പങ്കുകൊള്ളുകയും ഒരതിരുവരെ അവയെ നയിയ്ക്കുകയും ചെയ്ത മഹാകവിയാണ് വള്ളത്തോൾ. 20–ാം ശതകത്തിന്റെ ആരംഭത്തിൽ ഭൂതവിലാസത്തിന്റെ പ്രസീദ്ധീകരണത്തോടുകൂടി അദ്ദേഹം സാഹിത്യരസികന്മാരുടെ ശ്രദ്ധയിൽ പെട്ടതായി തോന്നുന്നു. എന്നാൽ, ആദികാവ്യത്തിന്റെ വിവർത്തനത്തോടുകൂടിയാണ് (1907) കാവ്യലോകത്തിൽ അദ്ദേഹം സ്ഥിരപ്രതിഷ്ഠ നേടുന്നത്. അക്കാലംമുതൽ ഭൂഗോദവിവർത്തനത്തിന്റെതായ അന്ത്യകാലം വരെ വള്ളത്തോൾ മലയാള സാഹിത്യത്തിലെ എണ്ണപ്പെടേണ്ട ഒരു ശക്തിയായി വർത്തിച്ചിട്ടുണ്ട്. എങ്കിലും സ്വതന്ത്രകൃതികളുടെ കർത്താവെന്ന നിലയ്ക്ക് അദ്ദേഹം നേടിയ അപാരയശസ്സ് ബന്ധനസ്ഥനായ അനിരുദ്ധന്റെ കാലം മുതൽ അച്ഛനും മകളും (1940) എഴുതിയ കാലംവരെയുള്ള പ്രവർത്തനങ്ങളെ ആസ്പദിച്ചതാണെന്നു പറയാം. ഈ രണ്ട് കൃതികളേയും കലാകാരന്റെ വളർച്ചയെ അടിസ്ഥാനപ്പെടുത്തി ഈ ലേഖനത്തിന്റെ ഒടുവിൽ നിരൂപണം ചെയ്യുന്നുണ്ട്. മുകളിൽ കാണിച്ച കാലപരിധി ഇനിയും അല്പം ചുരുക്കാം. മഹാകവിയുടെ കയ്യിൽനിന്ന് തൂലിക വാങ്ങി സാക്ഷാൽ വാഗ്ദേവതതന്നെ എഴുതിക്കൊടുത്ത ഒന്നാംകിട കവിതകളും മിയ്ക്കവാറും സാഹിത്യമഞ്ജരിയുടെ വിവിധ ഭാഗങ്ങളിലാണല്ലോ പ്രത്യക്ഷപ്പെടുന്നത്. കൊച്ചുസീത തുടങ്ങിയ ഖണ്ഡകാവ്യങ്ങളും സാഹിത്യ മഞ്ജരിയിലെ കൊച്ചു കവിതകളുടെ സൗഭാഗ്യം മുഴുവനും ഉൾക്കൊള്ളിച്ച് അല്പംകൂടി വലിയ കാൻവാസിൽ വരച്ച ചിത്രശില്പങ്ങളും മാത്രമാണെന്നും, കവിയുടെ വളർച്ച അവയിൽ കൂടുതൽ പ്രതിഫലിയ്ക്കുന്നതായി പറഞ്ഞുകൂടെന്നും വാദിച്ചുകൂടെന്നില്ല. ഏതായാലും, കലയെ സംബന്ധിച്ചേടത്തോളം വള്ളത്തോളിന്റെ കഴിവുകളും മുഴുവൻ ലഘുകവനങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടെന്നു സമ്മതിച്ചാൽ അദ്ദേഹത്തിന്റെ കാവ്യരചനയുടെ സുവർണ്ണകാലം ഒന്നാംലോകമഹായുദ്ധത്തിന്റെ അവസാനം മുതൽക്കുള്ള പത്തുപതിനഞ്ചുകൊല്ലമാണെന്നു കാണാം. 1918–30 വരേയുള്ള ഒരു പന്തീരാണ്ട് വള്ളത്തോളും കവിതയുടെ പ്രവാഹകാലമാണ്; ഒന്നാംകിട കലാശില്പങ്ങളുടെ ആവിർഭാവകാലവും അതുതന്നെ.

സാഹിത്യമഞ്ജരി ഒന്നാം ഭാഗത്തിലുള്ള മാതൃവന്ദനം, ഒരുചിത്രം, മാതൃഭൂമിയോട്, കീറത്തലയണ തുടങ്ങിയ കവിതകളിൽത്തന്നെ ഒരു പ്രത്യേക മുദ്രയോടെ ഉദിച്ചുയരുന്ന കവിപ്രതിഭയെ നാം കാണുന്നുണ്ട്. ഈ കവിതകളെല്ലാം 1918– നുമുമ്പ് വരുന്നവയാണ്. എന്നാൽ, വള്ളത്തോളിനെ വള്ളത്തോളാക്കിയ ഒന്നാംതരം കാവ്യശില്പങ്ങളും സാഹിത്യമഞ്ജരി രണ്ടാംഭാഗം മുതൽ ഏഴാംഭാഗംവരേയുള്ള ഭാഗത്താണ് കാണുക. സത്യഗാഥ, പുരാണങ്ങളും, ഉണ്ണുനീലി ഉട്ടുപ്പാനില്ല തുടങ്ങിയവ 1918–ൽ എഴുതിയവയാണ്. പുരാണങ്ങളുടെ അന്യാദൃശശൈലി വികസിപ്പിച്ചതാണ് എന്റെ ഗുരുനാഥൻ എന്ന് സൂക്ഷിച്ചുനോക്കിയാൽ കാണാം. തോണിയാത്ര, തുഞ്ചത്തെഴുത്തച്ഛൻ, കാറുകണ്ട കർഷകൻ, ഒരു സന്ധ്യാപ്രണാമം, അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ, വെടികൊണ്ട പക്ഷി തുടങ്ങിയ ഒന്നാംകിട കവിതകളും മഹാകവിയുടെ തൂലികയിൽ നിന്ന് പുറപ്പെടുന്നത് 1919–നും 1920–നുമിടയ്ക്കുള്ള കാലത്താണ്. പ്രഭാതഗീതം, രാധയുടെ കൃതാർത്ഥത, കിളിക്കൊഞ്ചൽ, എന്റെ ഗുരുനാഥൻ, ജാതകം തിരുത്തി, ചക്രവാഗാഥ എന്നിവ 1922–ലേയും, കമ്മ്യൂണിസ്റ്റുകാരുടെ പിഞ്ചുകാൽ, നിങ്ങളെന്തു പോകുമിവിപരീതമാകൊലാ, നാഗില, പോരാ പോരാ, കാട്ടെലിയുടെ കത്ത്, പണ്ടത്തെ പാട്ടുകളും, ഒടുക്കത്തെ കുറിപ്പ് തുടങ്ങിയവ 1923 ലെയും കൃതികളാണെന്നു കാണുന്നു. 1924ന്റെ പ്രശസ്ത സംഭാവനകളാണ് ഭക്തിയും വിഭക്തിയും, നരേന്ദ്രന്റെ പ്രാർത്ഥന, അല്ലാഹ്, ശ്രദ്ധരിൽശ്രദ്ധൻ, ഗുരുദക്ഷിണ, പൈശാചയജ്ഞം തുടങ്ങിയവ. 1925–ലെ ഒന്നാംകിട കൃതി 'മാപ്പാ'ണെന്നു തോന്നുന്നു. മലയാളത്തിന്റെ തല, നമ്മുടെ മുറുപടി എന്നിവ 1926–ന്റെ സമ്പാദ്യമാണ്. 'എന്റെ ഭാഷ' 1927–നേറയും ഇന്ദ്രനും മാബലിയും 1928–ന്റെയും മികച്ച നേട്ടങ്ങളാണെന്നു പറയാം. സാഹിത്യമഞ്ജരി 8–ാംഭാഗത്തിൽ ചേർത്ത പന്ത്രണ്ട് കവിതകളിൽ 1931 നും 1947–നും ഇടയ്ക്ക് എഴുതിയവയാണ് വരുന്നത്. ഇരുളിൽനിന്ന് (1931), മറിമായം (1936) നിത്യകന്യക (1946) തുടങ്ങിയവ കവിഭാവന ക്ഷീണിച്ചുവരുന്നതിന്റെ നിദർശനങ്ങളാണ്. 1918–നുശേഷം വരുന്ന പ്രതിഭയുടെ ഉണർച്ച 1922–23 കാലത്തു് അതിന്റെ മൂർദ്ധ

ന്യ ദശയിലെത്തുകയും, 1928–ആകുമ്പോഴേക്കും കുറെ ക്ഷയോന്മുഖമാവുകയും ചെയ്യുന്നു. ലോകത്തിലെ പല സാഹിത്യകാരന്മാരുടേയും യശസ്സംഭങ്ങളായി നിൽക്കുന്ന കൃതികളും അവർ രചിച്ചതു് ഏതാനും കൊല്ലങ്ങൾക്കിടയിലാണു്. ന്യൂറ കൊല്ലംകൊണ്ടു് സാധിക്കാത്ത പണി പത്തുകൊല്ലംകൊണ്ടു് അവർ നടത്തുന്നു. എന്നാൽ, കൃതികളുടെ പ്രവാഹം നിൽക്കുന്നതു് ആ കവികളുടെ മാനസികമായ വളർച്ച നിന്നുപോകുന്നതിന്റെ തെളിവല്ല. മറിച്ചു്, കുറെക്കാലംകഴിഞ്ഞു് എഴുതുന്ന ദുർല്ലഭം കൃതികളിൽ കൂടുതൽ ചിന്താശക്തിയും കലാപരമായ പക്വതയും കാണും. വസന്തത്തിന്റെ കണ്ണഞ്ചിക്കുന്ന പൂവും തളിരും കുറയുന്നതോടുകൂടി ഫലഗൗരവം കലയിൽ കൂടിക്കൂടിവരും. വള്ളത്തോളിനെ സംബന്ധിച്ചും ഇതു് ശരിയാണു്. മഹാകവിയുടെ കലാപ്രവർത്തനങ്ങളുടെ ഏറ്റവും പ്രകാശമാനമായ കാലം മുമ്പുകൊടുത്ത തെളിവുകളുടെ വെളിച്ചത്തിൽ 35നും 50–നും ഇടയ്ക്കുള്ള വയസ്സിലാണെന്നു കാണാം. അഭ്യാസവും അനുസന്ധാനവും കൊണ്ടു് ക്രമത്തിൽ വളരുന്ന ഒരു കലാകാരനെയാണു് നാമിവിടെ കാണുന്നതു്. 25 വയസ്സിനു മുമ്പുതന്നെ ചെയ്യാവുന്നതൊക്കെയും ചെയ്തു് തിരോധാനം ചെയ്യുന്ന ദുർലഭം കലാകാരന്മാരെപ്പോലെയല്ല വള്ളത്തോളും. (ഇംഗ്ലീഷിലെ കീറ്റ്സു്, മലയാളത്തിലെ വി. സി. ബാലകൃഷ്ണപ്പണിക്കർ തുടങ്ങിയവർ ഈ ഒടുവിൽപ്പറഞ്ഞ വകുപ്പിൽപ്പെടുന്നു). കവിയുടെ പ്രായത്തിനും പരിചയത്തിനും അനുസരിച്ചു് പ്രൗഢത വരുന്നതാകയാൽ വള്ളത്തോളിന്റെ കലാക്രമപ്പെടുത്തിപ്പഠിക്കാൻ കുറേക്കൂടി സൗകര്യമുള്ളതാണു്. കൊള്ളിമീനുകളെപ്പോലെ പെട്ടെന്നു് ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു് കണ്ണഞ്ചിക്കുന്ന കവികളെ സംബന്ധിച്ചു് ഇതു് പ്രയാസമാണെന്നു് പറയേണ്ടതില്ല.

പണ്ഡിതകവികളെന്നും, വാസനാകവികളെന്നും പൗരാണികന്മാർ കവികളെ രണ്ടായി തിരിച്ചിട്ടുണ്ടല്ലോ. അടുത്തകാലത്തു് റോബർട്ടു് ഗ്രേവ്സു് 'അപ്പോളോവിന്റെ കവികൾ' എന്നും 'മ്യൂസിന്റെ കവിക'ളെന്നും യഥാക്രമം പേരിട്ടിട്ടുള്ളതു് ഇവരെത്തന്നെയാണു്. (അപ്പോളോ വിജ്ഞാനത്തിന്റേയും മ്യൂസു് സരസ്വതീ വ്യാലാസത്തിന്റേയും അധിദേവതകളാണു്.) പണ്ഡിതകവികളുടെ കൃതികളിൽ ശബ്ദം, അർത്ഥം, അലങ്കാരം, വ്യംഗ്യം മുതലായതെല്ലാം ഉണ്ടാകും. എന്നാൽ, നമ്മുടെ ഹൃദയത്തിന്റെ സൂക്ഷ്മതന്ത്രികളെ ഇളക്കുന്ന എന്തോ ഒന്നു് അതിൽ ഉണ്ടാവില്ല. യഥാർത്ഥത്തിൽ, കലയുടെ ജീവനായി നിൽക്കുന്ന ഭാവാംശം ആ 'എന്തോ ഒന്നി'ലാണു് കിടക്കുന്നതു്. വാസനാ കവികളുടെ കൃതികളിലാകട്ടെ, അത്ഥാലങ്കാരാദികളും ചിലപ്പോൾ കുറഞ്ഞുവെന്നുവരാം. ചില കാവ്യദോഷങ്ങളുംകൂടി അവയിൽ സംഭാവ്യമാണു്. എന്നാൽ ആ കവിതകളും ഹൃദയത്തിന്റെ അടിത്തട്ടിലേയ്ക്കിറങ്ങിച്ചെന്നു് വായനക്കാരെ ആനന്ദമത്തരാക്കുന്നു. പണ്ഡിത കവിത സഹൃദയനെ സംബന്ധിച്ചേടത്തോളം ഉപരിപ്ലവമായിത്തീരും. വാസനാകവിയുടെ കൃതിയാകട്ടെ, അഗാധമായ സൗന്ദര്യസാരസ്യങ്ങളും വഹിക്കുന്നതായി അനുഭവപ്പെടുന്നു. കവികളും ജനിക്കുകയാണു്. അല്ലാതെ അവരെ നിർമ്മിക്കാൻ കഴികയില്ല. ഈ പരമാർത്ഥം ലോകമൊട്ടുക്കുമുള്ള ചിന്തകന്മാർ അനുഭവത്തെ ആസ്പദിച്ചു് സമ്മതിക്കുന്നുണ്ടെങ്കിലും, വാസനയെ പഠിപ്പുകൊണ്ടു് പോഷിപ്പിച്ചാലേ കലയ്ക്കു് അതിന്റെ പൂർണ്ണതയിലെത്താൻ സാധിക്കുകയുള്ളു എന്ന വാസ്തവവും അവർ അംഗീകരിയ്ക്കുന്നുണ്ടു്. ഇംഗ്ലീഷു് സാഹിത്യത്തിൽ ആധുനിക കവിതയുടെ വഴിതിരിച്ചുവിട്ട പൗണ്ടു്, എലിയട്ടു് തുടങ്ങിയവരെല്ലാം ഒന്നാംകിട പണ്ഡിതന്മാരായിരുന്നുവെന്നതു് ശ്രദ്ധേയമാണു്. മഹാകവി വള്ളത്തോളിൽ പഠിപ്പും വാസനയും ഒരുമിച്ചു് ചേർന്നതാണു് അദ്ദേഹത്തിന്റെ കലാസൃഷ്ടിക്കു് ഉറപ്പും പ്രകാശവും നൽകിയിട്ടുള്ളതു്. പരമ്പരാഗതമായ സംസ്കൃത വിദ്യാഭ്യാസമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളുവെന്നതു് ഒരു ഭാഗ്യമായാണു് കരുതേണ്ടതു്. പാശ്ചാത്യ മാതൃകകളെ അന്ധമായി അനുകരിക്കാനുള്ള വാസന തന്മൂലം അദ്ദേഹത്തിൽ അങ്കുരിച്ചില്ല. എന്നാൽ, വൈദേശികാശയങ്ങളും കിട്ടുന്നിടത്തുനിന്നെല്ലാം വാങ്ങി സ്വന്തം മൂശയിൽ വാർത്തു് എത്രയും ഭംഗിയായി പ്രകാശിപ്പിക്കാൻ അദ്ദേഹത്തിനു് കഴിഞ്ഞിരുന്നു. 'പാവങ്ങൾ' മഹാകവിയുടെ ഭാവനാശക്തിയെ ഗണ്യമായ വിധത്തിൽ ഒരുകാലത്തു് സ്വാധീനപ്പെടുത്തുകയുണ്ടായെന്നു് നമുക്കറിയാം. അന്യ സംസ്കാരങ്ങളിലെ ആശയങ്ങളും ശരിക്കും സാത്മ്യപ്പെടുത്തി ഉചിത രീതിയിൽ ആവിഷ്കരിക്കണമെങ്കിൽ സ്വകീയമായ, അന്തസ്സുത്തയുള്ള ഒരു സംസ്കാരം കവിക്കുണ്ടായിരിക്കണം. സംസ്കൃത സാഹിത്യത്തിലുള്ള അവഗാഹം വള്ളത്തോളിനെ ഈ വിഷയത്തിൽ വളരെയധികം സഹായിച്ചിട്ടുണ്ടു്. കാളിദാസാദികളുടെ ഹൃദയം സൂക്ഷ്മമായി അദ്ദേഹം മനസ്സിലാക്കിയിരുന്നു. സ്വന്തം കൈമുതലിറക്കി വ്യാപാരം നടത്തുകയാണു് അദ്ദേഹം ചെയ്തതു്. വിദേശച്ചരക്കുകൾ വാങ്ങാൻ ഹൃദയം വിൽക്കുകയുണ്ടായില്ല. നിരൂപണസാഹിത്യത്തിൽ നമ്മുടെ കുട്ടികൃഷ്ണമാരാർക്കു് കിട്ടിയ മെച്ചവും ഈ മൗലികതത്വത്തെ ആസ്പദിച്ചാണു് നിൽക്കുന്നതു്.

വള്ളത്തോൾ സാഹിത്യലോകത്തിറങ്ങിയതു് കേരളവർമ്മയുടേതായ ക്ലാസിക്കു് യുഗങ്ങളിലാണു്. വാല്മീകി രാമായണം തർജ്ജമ മുതൽ ശ്വേതതർജ്ജമവരേയുള്ള ആ നീണ്ട സാഹിത്യജീവിതത്തെ ഒരു നീണ്ട നദിയോടു് ഉപമിക്കാം. പാശ്ചാത്യ സാഹിത്യമാതൃകകളെ ഉപജീവിച്ചുകൊണ്ടുള്ള റൊമാന്റിക്കു് ചിന്താഗതി മലയാള കവികളിൽ ക്ലാസിക്കു് യുഗത്തിന്റെ ഒടുവിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഇതു് റിയലിസത്തിനു് വഴിമാറിക്കൊടുത്തു. നമ്മുടെ മതപരവും രാഷ്ട്രീയവും സാമുദായികവുമായ ജീവിതത്തിൽ ഇടക്കാ

ലത്തു് വമ്പിച്ച മാറ്റങ്ങളും ഉണ്ടായിത്തീർന്നു. പഴയ മൂല്യങ്ങളും ചോദ്യം ചെയ്യപ്പെടുക മാത്രമല്ല ചെയ്തുള്ളൂ. പലതും വലിച്ചെറിയപ്പെട്ടു. ആശയങ്ങളും ആദർശങ്ങളും മാറി. ഇങ്ങനെ അസാധാരണമായ വിധം വൻവൈവിധ്യം കലർന്ന മണ്ണിൽക്കൂടിയാണു് മഹാകവി വള്ളത്തോളിന്റെ ജീവിതനദി ഒഴുകിയതു്. അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ എല്ലാ സമ്മർദ്ദങ്ങളും അദ്ദേഹത്തിന്റെ കവിതകളിൽ പ്രത്യക്ഷപ്പെട്ടുന്നുണ്ടു്. എല്ലാതരം ആശയങ്ങളും അദ്ദേഹത്തിന്റെ കവിതയ്ക്കു് നിറം കൊടുത്തിട്ടുണ്ടു്. കവി സമുദായത്തിലെ അംഗമാകയാൽ നിസ്സംശയം ഒരിക്കലും അയാൾക്കു് പരിപാലിക്കുവാൻ സാധ്യമല്ല. കാലവും ആവശ്യവും മുന്നോട്ടു കൊണ്ടുവരുന്ന ഏതു വസ്തുക്കളേയും സംഭവങ്ങളേയും തന്നിൽ ലയിപ്പിച്ചു, സമുദായത്തിന്റെ നന്മയ്ക്കുതകും വിധം പുരോഗമനപരമായ രീതിയിൽ തന്റെ കഴിവുകൾ തികച്ചും ഉപയോഗിക്കാൻ മഹാകവി വള്ളത്തോളിനു് സാധിച്ചിട്ടുണ്ടു്. കലയെ പ്രചരണായുധമാക്കി മാറ്റാൻ അദ്ദേഹം അവിടവിടെ പരിശ്രമിച്ചിട്ടുണ്ടെന്നുള്ളതു് ശരിതന്നെ. എന്നാൽ, അദ്ദേഹത്തിന്റെ ഒന്നാംകിട കവിതകളെല്ലാം കറകളഞ്ഞ കലാസൃഷ്ടികളാണു്. വിഷയവും ലക്ഷ്യവും കവിതയിൽ അലിഞ്ഞുചേർന്നിരിക്കുന്നു. ശുപ ഭാവങ്ങളെ അവയിൽ വേർതിരിക്കാൻ സാധ്യമല്ല. ആ മാർബിൾക്കൊട്ടാരങ്ങൾ കാണുമ്പോൾ അവയുടെ ലോകോത്തരസൗന്ദര്യത്തിൽ നാം ലയിച്ചു പോകുന്നു. അവയുടെ നിർമ്മാണത്തിനു് പണിയെടുത്ത പല തരക്കാരായ ആളുകളെപ്പറ്റിയോ, അവയ്ക്കു് ചിലവായ പണത്തെപ്പറ്റിയോ നാം ഓർക്കുന്നതേയില്ല. തോണിയാത്രയും, എന്റെ ഗുരുനാഥനും, കൊച്ചുസീതയുമെല്ലാം ചില സാമൂഹ്യാശയങ്ങൾ ഉൾക്കൊണ്ടതാകാം; എന്നാൽ അവയുടെ തിളക്കം കലാപരമായ സൗന്ദര്യത്തെ ആശ്രയിച്ചതാണെന്നു് സ്പഷ്ടമാണു്.

ക്ലാസിസത്തിന്റെ മണ്ണിലാണു് വള്ളത്തോൾ കവിത വേരുന്നിയതെന്നു് മുമ്പു പറഞ്ഞുവല്ലോ. മഹാകാവ്യങ്ങൾ എഴുതി ഭാഷയെ പോഷിപ്പിക്കുന്ന ശ്രമങ്ങളിൽ നമ്മുടെ കവിയും ഏർപ്പെട്ടു. അതിന്റെ ഫലമാണു് ചിത്രയോഗം (1914). കഥാസരിത്സാഗരത്തിലെ ഒരു കഥാഭാഗത്തെ ആസ്പദിച്ചെഴുതിയ ഈ മഹാകാവ്യത്തിൽ (18 സർഗ്ഗം) പൗരാണിക നിയമങ്ങളെല്ലാം പരിപാലിച്ചിട്ടുണ്ടു്. ആശയങ്ങൾ ഒട്ടധികവും സംസ്കൃതത്തിൽനിന്നു് കടംവാങ്ങിയതാണെങ്കിലും ചിത്രയോഗം ഒരിയ്ക്കലും മുഷിപ്പനല്ല. പന്തളത്തിന്റെ രുഗ്മാംഗദചരിതം മുഴുവൻ വായിച്ചാൽ ഹൃദ്യമായ അരഡസൻ ശ്ലോകംപോലും നിങ്ങൾക്കതിൽ നിന്നു തിരഞ്ഞെടുക്കാൻ കിട്ടുകയില്ല. വെറും പദങ്ങളല്ലാതെ അതിൽ കാര്യമായൊന്നും കണ്ടില്ലെന്നുവരാം. പാണ്ഡിത്യത്തെ ആസ്പദിച്ച സക്കസ്സു വിദ്യകൾ കവിതയുടെ പരിധിയിൽപ്പെടുകയുമില്ല. കേശവീയം അതിന്റെ കർത്താവും ആരാധകന്മാരും പറയുംപോലെ, അതുപൊന്നും അകൃതിമത്വമുൾക്കൊണ്ടതല്ല. ഉമാകേരളം ഇതിവൃത്തത്തിന്റെ പുതുമയും അർത്ഥഗൗരവവും നോക്കി ഒന്നാം സ്ഥാനത്തുവന്നാലും രചനാസൗന്ദര്യം, അലങ്കാരംഭംഗി തുടങ്ങിയ കാവ്യഗുണങ്ങളെ മുൻനിർത്തി ചിത്രയോഗത്തിന്നു മഹാകാവ്യങ്ങളുടെ ഇടയിൽ ഗണ്യമായ ഒരു സ്ഥാനമുണ്ടു്. വള്ളത്തോളിന്റെ ഖണ്ഡകവിതകളുടെ മുമ്പിൽ ചിത്രയോഗത്തിനു് അതർഹിക്കുന്ന സ്ഥാനം ലഭിക്കാതെ പോയിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതമില്ല. ഏതായാലും, മഹാകവിയുടെ വളർച്ച മനസ്സിലാക്കാൻ ശ്രമിക്കുന്ന ഒരാൾക്കു് പ്രസ്തുത മഹാകാവ്യത്തെ കണക്കിലെടുക്കാതെ വയ്യ. ചിത്രയോഗം എഴുതുന്ന കാലത്തേയ്ക്കു തന്നെ ശബ്ദസൗന്ദര്യം, അർത്ഥപുഷ്ടി തുടങ്ങിയ കാര്യങ്ങളിൽ കവി നല്ലവണ്ണം വളർന്നു കഴിഞ്ഞുവെന്നു് സ്പഷ്ടമാണു്. എന്നാൽ പരിചയംകൊണ്ടുണ്ടായ ഉറപ്പു് കലയ്ക്കു കിട്ടിക്കഴിഞ്ഞിരുന്നില്ല. ഇതിന്റെ ഫലമാണു് ശ്ലോകങ്ങൾക്കു് കൊടുത്ത കാണുന്ന ചില പാഠഭേദങ്ങൾ. താഴെ ചേർത്ത പദ്യം നോക്കുക.

ധൃതിയൊട്ടു പല ചെന്നായ്ക്കുറരെ കൂട്ടുകൂടാ—
തതിപടുവൊരുയോധൻ കുന്തമേല്പിച്ചുവീഴ്ത്തി
കൃതി സമുചിതമട്ടിൽ പ്രാസമൂന്നിപ്രയോഗി—
പ്പതിനു കഴിയുവോനെങ്ങർത്ഥഭംഗപ്രസംഗം?

ഇതിലെ രണ്ടാംവരി മുതൽ ഒരു പാഠഭേദം കൊടുത്തിരിക്കുന്നു.

....യോധൻകുന്തമേന്തിത്തടുത്തു

പുതിയ നിലയിലുള്ളാ പ്രാസമേറ്റിട്ടനർത്ഥ—
സ്ഥിതിയിലവ പതിച്ചൂ, ക്ഷുദ്രകാവ്യങ്ങൾ പോലെ.

ഇതിൽ സൂചിപ്പിച്ചിട്ടുള്ളതു് മലയാളസാഹിത്യത്തിൽ ഒരുകാലത്തു് കൊടുമ്പിരിക്കൊണ്ട ദ്വിതീയാക്ഷരപ്രാസവാദമാണെന്നു് വ്യക്തമാണല്ലോ (കേശവീയത്തിലെ 'അപജയംവരികിലിഹ കേശവന്നതിനു സംശയമില്ലിഹ ലേശവും' എന്ന പദ്യത്തിലും സൂചിപ്പിച്ചിട്ടുള്ളതു് ഈ വഴക്കാണു്) ദ്വിതീയപ്രാസം അർത്ഥപുഷ്ടിയെ നിഹനിയ്ക്കുന്നതു് അശക്തരെ സംബന്ധിച്ചേ ശരിയാകുവെന്നാണല്ലോ കവിയുടെ ആശയം. പ്രാസപക്ഷപാതിയാണു് താനെന്നു ഇതു് വ്യക്തമാക്കുന്നു. എന്നാൽ,

സുരുചിരനരദീപശ്രേണികാണായിസന്ധ്യാ—
തരുണിയുടെ വിശേഷപ്പെട്ടപൊന്മാലപോലെ

III—86

എന്ന വരികളിൽ 'തരുണി' അനാവശ്യമാണെന്നും പ്രാസത്തിന്റെ ആവശ്യം നികത്താൻ എത്തിയതാണെന്നും അദ്ദേഹം മറന്നുപോലെ തോന്നും. ചിത്രയോഗത്തിൽ പഴയ സംസ്കൃത കവികളുടെ കല്പനകളും സങ്കേതങ്ങളും മാത്രമേ പ്രധാനമായുള്ളൂ.

ഒരാറുകൂട്ടത്തെയകറ്റി, വേറി—
ട്ടൊരാറുകൂട്ടത്തെ മനസ്സിലാക്കി
നിരാകുലം മൂന്നിനെയാശ്രയിച്ച
ചിരായ കാത്താനവനേഴിനേയും: I—40

ഇത്യാദിക്കെല്ലാം കാവ്യത്വം കല്പിക്കുന്ന കാലമായിരുന്ന അതു്. എന്നിരുന്നാലും വള്ളത്തോളിന്റെ പദത്തിന്മേലുള്ള അസാധാരണമായ സ്വാധീനശക്തി പദ്യങ്ങളിൽ തെളിഞ്ഞു കാണാം. നോക്കുക:

സൂതപ്രേരിതഹയചംക്രമോത്ഥ പാംസു—
വ്രാതത്താൽ ദ്യുമണിമറഞ്ഞിരുന്നവാനിൽ
തേർതൻ വെൺകൊടിനിര കാറിലാടിമിന്നീ
കാർതങ്കം പൊഴതണിവെള്ളിൽ മാലപോലെ.
VII 38

ക്ലാസിക്കു് ശൈലി വള്ളത്തോളിന്റെ ക്രമത്തിൽ ഉപേക്ഷിച്ചുവെങ്കിലും അതിന്റെ അലങ്കാരപ്പകിട്ടു് അദ്ദേഹം അവസാനം തീരെ കൈവെടിയുകയുണ്ടായില്ല. പഴയ കല്പനകളെത്തന്നെ പുതുക്കി പൊടിപ്പും തൊങ്ങലും വയ്ക്കുന്ന പതിവു് തുടർന്നു കാണുന്നതു് ക്ലാസിക് പാരമ്പര്യവുമായ ബന്ധം കൊണ്ടാണെന്നു് സ്പഷ്ടമാണു്.

1910—11 കാലത്തെഴുതിയ ഇതര കൃതികളും സ്വഭാവത്തിൽ വിഭിന്നമല്ല. ചിത്രയോഗം എഴുതുന്ന കാലത്താണല്ലോ മഹാകവിയ്ക്കു് ബാധിര്യം വന്നതു്. ബധിരവിലാപം സ്വാനുഭവത്തെ ആസ്പദിച്ച കൃതിയാകയാൽ റൊമാന്റിക്കു് പ്രസ്ഥാനത്തിൽ ഉൾപ്പെടേണ്ടതാണെന്നാണു് തോന്നുക. എന്നാൽ, ആത്മനിഷ്ഠമായ വികാരങ്ങളുടെ ബഹിർഗ്ഗമനമെന്നതിനേക്കാൾ ക്ലാസിക് ശൈലിയനുസരിച്ചുള്ള ഒരു കലാപ്രദർശനമെന്ന നിലയാണതിനുള്ളതെന്നു കാണാം. മിൽട്ടന്റെ ആന്ധ്യത്തെ സംബന്ധിച്ച ലഘുവിലാപത്തിന്റെ ഭാവോത്തേജകത്വം ബധിരവിലാപത്തിൽ ഇല്ല.

ശ്രുതിയുടെ പൊരുളെന്ന പുണ്യലോക—
ശ്രുതികലരും തവ സേവചെയ്യുമീ ഞാൻ
ശ്രുതിവിരഹിതനാകിലുൽക്കടാപ—
ശ്രുതി പുതുതായവിടേയ്ക്കു പറ്റുമല്ലോ.
....

ജയമൊട്ട വിജയപ്രഭാവമേകും
തവ പദസേവനമാചരിച്ചൊട്ടക്കം
ശിവശിവ, ഹതകർണനാകിലും ഞാൻ
ഭുവനമഹേശി, തുലോമപാർത്ഥനായി.
(ബ. വി. 3; 27)

ശ്രുതി, കണ്ണൻ, പാർത്ഥൻ ഇത്യാദി ശ്ലിഷ്ടപദങ്ങളെക്കൊണ്ടു് ചെപ്പടിക്കളി കാട്ടാനാണു്, സ്വന്തം ബാധിര്യത്തെപ്പറ്റി ദുഃഖിക്കാനല്ല കവി ശ്രമിക്കുന്നതു്. റൊമാന്റിസിസത്തിന്റെ അന്തർമുഖത്വം ഇവിടെ നാം കാണുന്നില്ല. കവിയുടെ കാലും കയ്യും ക്ലാസിക് ശൈലിയുടെ പിടിയിൽത്തന്നെ കിടക്കുകയാണു്. എങ്കിലും 1914—ൽ എഴുതിയ ഗണപതി ചില വഴിത്തിരിവുകളിലേയ്ക്കു കവി ഭാവന പ്രവേശിക്കുന്നതായി തെളിയിക്കുന്നുണ്ടു്. ഈ കൃതിയുടെ അവതാരികയിൽ ശ്രീ പി. വി. കൃഷ്ണവാരിയർ, അലങ്കാര നിഷ്ക്കർഷ കൂടാതെ സൃഷ്ടിയിലുള്ള സൗഷ്ഠവവും രസപൂർത്തിയുമുള്ള ഒരു കൃതി കണ്ടാൽക്കൊള്ളാമെന്നുള്ള പ്രാർത്ഥനയുടെ ഫലമായാണു് വള്ളത്തോൾ അതെഴുതിയതെന്നു പറയുന്നു. ചില പുരാണ കഥകളും എടുത്തു് സ്വമനോധർമ്മം ഉപയോഗിച്ചു് മാറ്റിയെഴുതുന്ന പതിവു് വള്ളത്തോൾ കണ്ടെത്തുന്നതും ശ്രദ്ധേയമാണു്.

ഒരു കത്തു്, ശിഷ്യനും മകനും, അനിരുദ്ധൻഎന്നീ കൃതികളും വള്ളത്തോളിന്റെ കലാവീക്ഷണത്തിലും ആവിഷ്ക്കരണപദ്ധതിയിലും വരുത്തുന്ന മാറ്റങ്ങളും വ്യക്തമാക്കുന്നു. രുഗ്മിയെക്കൊണ്ടു് സഹോദരിക്കു് പശ്ചാത്താപം നിറഞ്ഞൊരു കത്തെഴുതിയ്ക്കുമ്പോൾ വസ്തുവർണ്ണനാപരമായ ക്ലാസിക് സമ്പ്രദായത്തിൽനിന്നു് കവി ബഹുദൂരം വിട്ടുപോകുന്നു. ഭാവനയെ മാത്രം ആധാരമാക്കി ഹൃദയത്തിന്റെ ഭാഷയിൽ സംസാരിക്കാൻ കവി തുടങ്ങുകയാണു്. ജീവിതത്തിന്റെ ഉള്ളിലോട്ടു കടന്നു നോക്കാനും ഹൃദയത്തിന്റെ വികാരവിചാരങ്ങളും ആവിഷ്ക്കരിക്കാനും തുടങ്ങുന്നതോടുകൂടി വള്ളത്തോൾ യഥാർത്ഥ കലാമണ്ഡലത്തിലായി പരിചയപ്പെടുന്നു. 'നാടകാന്തം കവിത്വം' എന്നു പൗരാണികന്മാർ പറഞ്ഞിട്ടുള്ളതു് നാടകമെഴുതാനുള്ള പ്രയാസത്തെ മുൻനിർത്തിയാകാം. എങ്കിലും ജീവിതത്തെ നാടകീയമായി ആവിഷ്ക്കരിക്കുന്നതിലാണു് കവിയുടെ പരമമായ വിജയം കിടക്കുന്നതു് എന്നൊരു തത്വം ആ വാക്യത്തോടു് അനുബന്ധിച്ചു് കിടക്കുന്നുണ്ടെന്നു തോന്നാം. പ്രകൃതിയുടെ ബാഹ്യവർണ്ണനയിൽനിന്നു് വിട്ടു് ജീവിത സംഘർഷങ്ങളെ സൂക്ഷ്മമായി ചിത്രീകരിക്കുവാൻ തുടങ്ങുമ്പോൾ കവി സ്വന്തം ലക്ഷ്യത്തിലേയ്ക്കു് കൂടുതൽ അടുക്കുന്നു. വള്ളത്തോളിന്റെ മുൻകാണിച്ച ഖണ്ഡകാവ്യങ്ങളും ഈ പുതിയ വെളിച്ചം കണ്ടെത്തിയതിന്റെ ഫലമാണു്.

തളയും വളയും കിലുങ്ങുമാ—
റിളയിൽപ്പിച്ച നടന്ന പൈതൽ നീ
വിളയാടുവതുണ്ടിവന്റെയും—
ക്കളമാം കണ്ണിനുമുമ്പിലെപ്പൊഴും.
(ഒരു കത്തു് 18)

പ്രാണാധിഭർത്രി കരയാ, സ്സുരിമുക്തനാനാ—
ബാണാളിതാങ്ങുവതിനീയൊരുനെഞ്ചുപോരും
ബാണാത്മജാ നയനനീരൊരു തുള്ളിപോലും
വീണാൽ സഹിപ്പതനിരുദ്ധനസാധ്യമത്രേ.
(ബ.അനി. 61)

ഇത്യാദി വരികളും ക്ലാസിക് കവിതയുടെ ചട്ടപ്പുഴുക്കുട വിട്ടു് കവിഭാവന ഒരു പുതിയ തരം

ചിത്രശലഭമായിത്തീർന്നിരിക്കുന്നുവെന്നതിന്റെ തെളിവാണ്. കെ. എം. പണിക്കർ വള്ളത്തോളിന്റെ ശിഷ്യനും മകനും എഴുതിയിട്ടുള്ള അവതാരികയിൽ പറയുന്നു— രചനയിലുള്ള കൗതുകകരമായ മിനുക്കുപണികളും കറകളഞ്ഞ സൗകുമാര്യവുമാണ് അദ്ദേഹത്തിന്റെ (വള്ളത്തോളിന്റെ) കവിതയ്ക്കുള്ള അനന്യസാധാരണമായ ഗുണവൈശിഷ്ട്യം. എന്നല്ല, മധ്യകാലത്തുവെച്ചുണ്ടായ തൊങ്ങൽക്കെട്ടുകളിൽനിന്ന് മലയാളത്തെ സ്വതന്ത്രമാക്കിത്തീർക്കുവാൻ ഉദ്ദേശിക്കുന്ന നൂതന കവിതാരീതിയുടെ പ്രതിഷ്ഠാപകനും അദ്ദേഹമാണ്! 'വണ്ണ്ന'കളിലും അലങ്കാരങ്ങളിലും അനാവശ്യമായി നിറവും വലിപ്പവും കൂട്ടി കൃത്രിമത്വവും വ്യാഘാസ്ഥൂലത്വവും ഉണ്ടാക്കിത്തീർക്കാതെ കഴിക്കുന്നതിലാണ് വാസ്തവത്തിൽ മി. മേനോന്റെ ശക്തിയും സാമർത്ഥ്യവും കിടക്കുന്നത്. കുറഞ്ഞ നിറപ്പകിട്ടും കോമളമായ വണ്ണ്നവും ആണ് അദ്ദേഹത്തിന്നധികം ഇഷ്ടം!'' ഇതെഴുതിയ കാലത്തേയ്ക്ക് വള്ളത്തോൾ മലയാളി ടാഗോറും കവിതിലകനും മറ്റും ആയിക്കഴിഞ്ഞിരുന്നു. കലാദൃഷ്ട്യാ ചിത്രയോഗത്തിൽനിന്നും മറ്റും കവി എത്രമാത്രം ദൂരത്തെത്തിക്കഴിഞ്ഞിരുന്നുവെന്നതിന്ന് താഴെ ചേർത്ത സജീവ ചിത്രം തെളിവാണ്.

> ഉടൻ മഹാദേവിയിടത്തുകയ്യാ—
> ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി
> ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി—
> പ്പാർശ്വസ്ഥനാകും പതിയോടുരച്ചു:
>
> 'കിട്ടീലയോ ദക്ഷിണ വേണ്ടുവോളം
> വിശിഷ്ടനാം ശിഷ്യനിൽനിന്നിദാനീം
> ദിവ്യായുധം വല്ലതുമുണ്ട ബാക്കി—
> യെന്നാലതും നൽകിയനുഗ്രഹിയ്ക്കാം!
>
> മകൻ പരിക്കേറ്റു മരിക്കലെന്തു
> മഹാരഥൻ ശിഷ്യനടക്കലില്ലേ?
> രാമൻ ജഗൽസത്തമനാണപോലും
> വിദ്യാർപ്പണം പാത്രമറിഞ്ഞുവേണം'.

മഹാകവി പാത്രസൃഷ്ടിയിൽ കൂടുതൽ ശ്രദ്ധിക്കുവാൻ തുടങ്ങുന്നു. അലങ്കാരപ്രയോഗങ്ങളിൽത്തന്നെ ക്ലാസിസത്തിന്റെ പഴഞ്ചൻ കരുക്കളും അപ്രത്യക്ഷമായിത്തീരുന്നു. കവി പുസ്തകത്തിൽനിന്നു കണ്ണെടുത്ത് ചുറ്റും നോക്കുവാൻ തുടങ്ങുമ്പോഴാണ് പുതിയ ഉപമകളും വരുന്നതു.

> പേത്തും വിടർന്ന പനിനീർമലരിങ്കൽമഞ്ഞു
> നീർത്തുള്ളിപോലരുണമായ കവിൾത്തടത്തിൽ
> വീർത്തുള്ളദീർഘനയനങ്ങളിൽനിന്ന ബാഷ്പം
> വാർത്തുല്ലലാക്ഷിവരമന്ത്രിയൊടൊന്നുചൊന്നാൾ
> (അനി. 29)

ഈ പദ്യത്തെ ചിത്രയോഗത്തിലെ,

> ശരന്നിലാവാൽ മണലിൻ വെള്ളപ്പെ—
> ട്ടിരട്ടിയായ് മിന്നിന ഗംഗതന്റെ
> കരയ്ക്കുകാറേററുലയുന്ന കാശ—
> നിരയ്ക്കുനേരായിതവന്റെ കീർത്തി.
> (I—78)

എന്ന പദ്യവുമായി താരതമ്യപ്പെടുത്തുക. സൗകര്യത്തിനുവേണ്ടി ചില ഖണ്ഡകാവ്യങ്ങളെമാത്രം വേറെയെടുത്തതാണ്. മറ്റു ലഘുകൃതികളുടെ ഒപ്പം വെച്ചുപഠിച്ചാലേ കവിയുടെ ബഹുമുഖമായി വളരുന്ന കഴിവുകൾ വ്യക്തമാവുകയുള്ളു. ഒരേ ഉറവിൽനിന്ന് പുറപ്പെടുന്നതാകയാൽ സമകാലികങ്ങളായ കൃതികളിലെല്ലാം സാമാന്യമായി ഒരേ ഗുണങ്ങൾ പ്രത്യക്ഷപ്പെടും.

ഇംഗ്ലീഷ് സാഹിത്യത്തിൽ 20—ാം ശതകത്തിന്റെ ആരംഭം മുതൽ കവിതയുടെ ആകൃതിയും പ്രകൃതിയും വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമാകുന്നുണ്ട്. പൗണ്ട്, എ്ലിൻ, ആംഘിങ്ടൻ, എച്ച്.ഡി. (Hilda Doolittle) എലിയട്ട് തുടങ്ങിയവർ പല പരീക്ഷണങ്ങളും നടത്തുന്നതായി കാണാം. സാസ്സൺ, ഓവൻ, സിറ്റ്വൽസോദരീസോദരന്മാർ, റോയ്കാംപൽ, ജൂലിയൻ ബൽ തുടങ്ങിയ വളരെപ്പേരുടെ പരിലാളനത്തിൽ ഒരു പുതിയതരം സാഹിത്യം തന്നെ ഉടലെടുക്കുന്നുണ്ട്. 1916—21 വരെ ഇംഗ്ലണ്ടിൽ നടന്ന Wheels വാർഷിക പ്രസിദ്ധീകരണങ്ങളം ഇതിന്റെ ഒരു ചിത്രം നൽകുന്നു. യുദ്ധകാല സാഹിത്യം എന്നൊരു വകുപ്പുതന്നെ അവിടെ ഉണ്ടാകുന്നുണ്ട്. ഇമേജിസം, സർറിയലിസം, ക്യൂബിസം, സിംബോളിസം തുടങ്ങിയ' ഇസ'ങ്ങളം ഒരുവക; സ്വതന്ത്ര ഛന്ദസ്സിന്റെ വേലിയേറ്റം അങ്ങനെ; പഴയ മൂല്യങ്ങളടേയെല്ലാം ധിക്കാരം മറ്റൊരിടത്തു; മനുഷ്യനിലുള്ള അവിശ്വാസവും വിഷാദാത്മകതയും വേറൊരു ഭാഗത്തു. ഇങ്ങനെ വ്യക്തമായി പരിച്ഛേദിക്കാൻ വയ്യാത്ത വിധം സങ്കീർണ്ണ പ്രകൃതിയാണ ഒന്നാം മഹായുദ്ധത്തിന്റെ അവസാനം വരേയുള്ള ഇംഗ്ലീഷ് കാവ്യധാര. 1922—ൽ പുറത്തുവന്ന എലിയട്ടിന്റെ Wasteland—ൽ ഇതിന്റെ പല രൂപവും കാണാം. ജപ്പാനീസ്, ചൈനീസ് തുടങ്ങിയ പൗരസ്ത്യഭാഷകളിലേയ്ക്കും മാതൃകയ്ക്കുവേണ്ടി കവികൾ തിരിയുന്നുണ്ട്. ജപ്പാനീസിലെ മുപ്പത്തൊന്നക്ഷരത്തിലുള്ള 'തങ്ക' പതിനേഴക്ഷരത്തിലുള്ള 'ഹൊക്കു' തുടങ്ങിയ വൃത്തങ്ങളുടെ അനുകരണത്തിനുകൂടി കവികൾ തയ്യാറാവുന്നു. 19—ാം ശതകത്തിന്റെ റൊമാൻറിക് ചിന്താഗതി ജനതയ്ക്ക് മടുത്തുകഴിഞ്ഞു. പാശ്ചാത്യസംസ്കാരത്തിന്റെ ഇരുണ്ട വശങ്ങളിലേയ്ക്ക് അശ്രദ്ധമായ ഒരു കൂഷ്മ്ക പരിഹാസത്തോടുകൂടി പാശ്ചാത്യനാട്ടിലെ കലാകാരന്മാരും ബുദ്ധിജീവികളും തിരിഞ്ഞുനോക്കാൻ തുടങ്ങിയതാണ് മേല്പറഞ്ഞ പല കുഴപ്പങ്ങളുടെ അടിയിൽ കാണുക. ലക്ഷ്യരാഹിത്യത്തിനേറയും വിഷാദത്തിനേറയും പരാജയബോധത്തിനേറയും മുദ്രയുംകൊണ്ട ഈ സാഹിത്യപദ്ധതി ഇന്ത്യൻ ഭാഷകളിൽ വേരുന്നാൻ ഇടവന്നില്ല. ഇതിനു കാരണം നമ്മുടെ നാട്ടിൽ കൊളോണിയൽ ഭരണത്തിനെതിരായി ദേശീയത്വം ഉണരാനും, ഉയരാനും തുടങ്ങിയതു 20—ാം ശതകത്തിന്റെ ആരംഭത്തിലാണെന്നതാണ്. ഇന്ത്യൻ എഴുത്തുകാർക്ക് ആശിക്കാനും പ്രയത്നിക്കാനും ധാരാ

ളം രംഗങ്ങളുണ്ടായിരുന്നു. ലക്ഷ്യരാഹിത്യവും നിരാശതയും കുറെകഴിഞ്ഞാണു് നമ്മുടെ യുവകവികളിൽ സ്ഥലം പിടിക്കുന്നതു്. മലയാളത്തിൽ ചങ്ങമ്പുഴയുടെ കാലംവരേയും പരാജയബോധം സാഹിത്യ വിഷയമാകുന്നില്ല. മഹാകവി വള്ളത്തോളിന്റെ ഉണരുന്ന ദേശീയ ബോധവും വികസിച്ചുവരുന്ന ഭാവനയും ആശയും പ്രസാദവും നിറഞ്ഞ ലോകത്തെയാണു് വിഭാവനം ചെയ്യുന്നതു്. അവസാനംവരേയും പ്രപഞ്ചത്തിന്റെ സുന്ദരഭാഗങ്ങളം ചിത്രീകരിക്കുന്നതിൽ വ്യാപൃതനായിരുന്ന മഹാകവി. ലോകത്തിലെ തിന്മയുടേയും വൈരൂപ്യത്തിന്റേയും നേർക്കു് കണ്ണടയ്ക്കുകയല്ല അദ്ദേഹം ചെയ്തതു്. എന്നാൽ, അവയെ ജയിപ്പാനുള്ള ആഹ്വാനം നൽകുന്നതിൽ കൂടുതൽ ശ്രദ്ധിച്ചുവന്നു. ക്ലാസിക് യുഗത്തിൽനിന്നു് മഹാകവി റൊമാന്റിക് യുഗത്തിലേയ്ക്കു് കടന്നതു് ഉയർന്ന ആദർശങ്ങളും ഉൽകൃഷ്ടമായ ഭാവിയും സ്വപ്നം കണ്ടുകൊണ്ടാണു്.

കവികളെ കാലത്തിൽനിന്നും പരിസരങ്ങളിൽനിന്നും വിടുർത്തി പഠിച്ചുകൂടെന്നതു് സാഹിത്യ നിരൂപണത്തിൽ അംഗീകരിക്കപ്പെട്ട ഒരു തത്വമാണു്. എന്നാൽ, അവയുടെ സമ്മർദ്ദത്തിൽ കവിഭാവനയുടെ പ്രതികരണം എല്ലാരിലും ഒരുപോലെയല്ല. ചില എഴുത്തുകാർ സമരമനഃസ്ഥിതിയോടുകൂടി മുന്നോട്ടുപോകുന്നു; മറ്റു ചിലർ ലോകത്തിന്റെ ചൂടിൽനിന്നു് രക്ഷപ്പെടാൻ ആത്മാവിന്റെ അടിത്തട്ടിലുള്ള മുറികളിലേയ്ക്കു് പിൻവാങ്ങുന്നു. ചില കവികളുടെ കാവ്യങ്ങളിൽനിന്നു് അവർ ജീവിച്ചിരുന്ന കാലത്തിന്റെ വളരെ ചെറിയ ചിത്രം മാത്രമേ നമുക്കു് ലഭിക്കുകയുള്ള. ആധുനിക കലാകാരന്മാരെ സംബന്ധിച്ചേടത്തോളം ഈ വിട്ടുനിൽക്കൽ അത്ര സാധാരണമല്ല. എങ്കിലും ബഹിർമ്മുഖവും, അന്തർമ്മുഖവും ആയ പ്രവണതകളും സാധാരണക്കാരിലെന്ന പോലെ കവികളിലും ധാരാളമാണു്. മഹാകവി വള്ളത്തോളാകട്ടെ ബഹിർമ്മുഖമായ പ്രവണതയാണു് കൂടുതൽ പ്രത്യക്ഷപ്പെടുത്തുന്നതു്. ബാഹ്യലോകത്തിൽ നടന്ന എല്ലാ മാറ്റവും അദ്ദേഹത്തിന്റെ മൃദുവും ലഘുസംവേദനമായ ഹൃദയത്തിൽ അലയുണ്ടാക്കിയിട്ടുണ്ടു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ കവിതകളെ കാലത്തിൽനിന്നു് വേർപ്പിടുത്തി പഠിച്ചാൽ അതൊരിക്കലും ശരിയാവില്ല. കാലവും പരിസരവും ഊട്ടം പാവുമായി കിടക്കുന്ന കവിതകളാണു് പലതും. ഇരുപതാം ശതകത്തിന്റെ ആരംഭം ഇന്ത്യയെ സംബന്ധിച്ചേടത്തോളം സംസ്കാരപുനരുത്ഥാന കാലമാണു്. വിവേകാനന്ദൻ, അരവിന്ദഘോഷ്, ടാഗോർ തുടങ്ങിയ മഹാന്മാർ ആർഷ സംസ്കാരത്തിന്റെ സന്ദേശവും വഹിച്ചുകൊണ്ടാണു് ലോകത്തിലിറങ്ങിയതു്. ഇതിന്റെ ഒടുവിലത്തെ കണ്ണിയായി ഗാന്ധിജി ഇന്ത്യൻ രംഗത്തിൽ പ്രത്യക്ഷപ്പെട്ടു. ഈ ആത്മീയസംസ്കാരത്തിന്റെ ആഹ്വാനം സംസ്കൃത സാഹിത്യവും, ആര്യൻ ചിന്താഗതിയുമായി ഏറ്റവുമധികം പരിചയപ്പെട്ട വള്ളത്തോളിനെ അങ്ങേയറ്റംവരെ ആകർഷിച്ചതിൽ അത്ഭുതമില്ല. ബംഗാൾ വിഭജനം ഖിലാഫത്തു് പ്രസ്ഥാനം തുടങ്ങിയ രാഷ്ട്രീയസംഭവങ്ങളം ഇന്ത്യയെ ഒന്നായി പിടിച്ചു കുലുക്കി; സ്വാതന്ത്ര്യദാഹം ഓരോ ഹൃദയത്തിലും കൊടുമ്പിരിക്കൊള്ളാൻ തുടങ്ങി. ബാഹ്യലോകത്തു നടന്ന ഈ ചലനം വള്ളത്തോളിനെ പുളകം കൊള്ളിച്ചു.

അത്യത്ഭുതമായ ഒരു ചൈതന്യവിശേഷം ഇതു മുതൽ അദ്ദേഹത്തിന്റെ കവിതയിൽ പ്രത്യക്ഷപ്പെട്ട തുടങ്ങുന്നു. തന്റെ വ്യക്തിത്വം മുഴുവനും സാമൂഹ്യവും രാഷ്ട്രീയവുമായ ചിന്തകളിൽ അദ്ദേഹം നിക്ഷേപിച്ചതു് കേരളത്തിന്നു് അപ്രതിഷേധ്യനായ ഒരു ദേശീയ മഹാകവിയെ നൽകി. നൂതനചിന്താഗതികളം ആവിഷ്ക്കരിപ്പാൻ പറ്റിയ ഭാഷയും വൃത്തവും വള്ളത്തോളം അനുവേത്തിൽനിന്നു് കണ്ടുപിടിച്ചു. വൃഥാസ്ഥൂലതയില്ലാതെ, വികാരവിചാരങ്ങളെ തികച്ചും പ്രതിഫലിപ്പിക്കുന്ന ഒരു മധുരശൈലി അദ്ദേഹം സമ്പാദിച്ചു. ലാഘവവും സാരള്യം നിറഞ്ഞതും എന്നാൽ, അതേസമയത്തുതന്നെ വിചിത്രവും സുശക്തവുമായിരുന്ന അതു്. ഭാവാവിഷ്ക്കരണത്തിനു പറ്റിയതെളികടഞ്ഞ ഈ കാവ്യശൈലി കവിയുടെ പരിനിഷ്ഠിതമായ പാണ്ഡിത്യത്തിൽനിന്നും പ്രാക്തന ഗ്രന്ഥങ്ങളുടെ പാരായണത്തിൽനിന്നും ഉടലെടുത്തതാണു്. സംസ്കൃതത്തിന്റേയും മലയാളത്തിന്റേയും ഇത്ര മനോഹരമായ സമ്മേളനം മറ്റൊരു മലയാളകവിയുടേയും കവിതയിൽ കാൺമാൻ സാധ്യമല്ല. പദം, അർത്ഥം, അലങ്കാരം, ധ്വനി തുടങ്ങിയവയുടെ മേൽ കവിയ്ക്കു് ചെറുപ്പത്തിൽത്തന്നെ നേടാൻ കഴിഞ്ഞിരുന്നസ്വാധീനശക്തി പുതിയ വിഷയങ്ങളുടെ പ്രതിപാദനത്തിൽ പതിന്മടങ്ങ് ഭംഗിയിൽ പ്രകാശിക്കാൻ തുടങ്ങി. ഈ ശൈലി ദ്രാവിഡ വൃത്തങ്ങളുടെ സ്വീകരണത്തോടുകൂടി അതിന്റെ രാമണീയകം മുഴുവൻ പ്രത്യക്ഷപ്പെടുത്തി. മഹാകവിയുടെ ഒന്നാംകിട കവിതകളം ഭാഷാവൃത്തങ്ങളിലെഴുതപ്പെട്ടവയാണെന്നു് പറയേണ്ടതില്ല. നാടു്, ഭാഷ, ദേശീയ സംസ്കാരം എന്നിവ സാധാരണക്കാരനെക്കൂടി അഭിമാനം കൊള്ളിക്കുന്നവയാണു്. മഹാകവിയുടെ ഹൃദയം ഇവിടെയെല്ലാംഅലിഞ്ഞുചേർന്നു. അങ്ങനെ മനം മറന്നു പാടിയവയാണു അദ്ദേഹത്തിന്റെ ഒന്നാംകിട കവിതകളം. അവയിൽ അവിടവിടെ ചില പ്രതീകങ്ങളം കണ്ടേയ്ക്കാം. പ്രപഞ്ചത്തിന്റെ നിയാമകശക്തിയെപ്പറ്റിപ്പാടുമ്പോളം ചില മിസ്റ്റിക് ആശയങ്ങളും അദ്ദേഹത്തിന്റെ കവിതയിൽ പ്രതിഫലിയ്ക്കുന്നുണ്ടാകാം. എന്നാൽ, വള്ളത്തോളം പൊന്തി നിൽക്കുന്നതു് മിസ്റ്റിസത്തിലോ സിംബോളിസത്തിലോ അല്ല. സുഖദുഃഖാത്മകമായ ഈ ലോകത്തിന്റെ മണ്ണിൽ, പക്ഷികളം പാടുകയും, പൂ വിടരുകയും ചെയ്യുന്ന ഈ ഭൂമിയുടെ വിരിമാറിൽ, അദ്ദേഹം വിഹരിയ്ക്കുന്നു. മനുഷ്യജീവിതത്തിന്റെ വിഭിന്ന ഭാവങ്ങളം അദ്ദേഹം ദർശിക്കുന്നു. അടിമത്തത്തിലും അവശതയിലും ആണ്ട സ്വന്തം രാജ്യത്തിനു് ഒരു സൌവർണ്ണഭാവിയെ സ്വപ്നം കാണുന്നു.

അവസാന കാലത്ത് വള്ളത്തോളിന്റെ രാജ്യസീമയ്ക്ക് വലിപ്പം വന്നിട്ടുണ്ടെങ്കിൽ അതു് സ്വന്തം രാജ്യത്തെ മറന്നുകൊണ്ടല്ല. എല്ലാ 'ഇസ'ങ്ങൾക്കും കാലമനുസരിച്ച് അല്പാല്പം വഴങ്ങിക്കൊടുത്തിരുന്നുവെങ്കിലും ശരിയായ വള്ളത്തോൾ അവയിലൊന്നുമല്ല ജീവിച്ചതു്. എത്ര തേച്ചു മിനുക്കിയാലും ഭംഗി പോരെന്നു് താൻ കരുതിയിരുന്ന ആ സുന്ദരകലാശില്പങ്ങളിലാണു് മഹാകവി ഇന്നും ജീവിക്കുന്നതു്. വിഷയം എന്തുമാവട്ടെ; വള്ളത്തോൾ തൊട്ടാൽ അതു് സ്വർണ്ണവും രത്നവുമാകുന്നു. ആ കൈമിടുക്കു് ചിരകാലത്തെ അഭ്യാസംകൊണ്ടാണു് അദ്ദേഹം നേടിയതു്.

ക്ലാസിസത്തിന്റെ അചേതനവും വസ്തുനിഷ്ഠവുമായ ശൈലിയിൽനിന്നു് പുതിയ കാലത്തിന്റെ സ്പർശമേറ്റതോടുകൂടി വള്ളത്തോൾ എങ്ങനെ മാറിത്തീർന്നുവെന്നറിയാൻ,

ധാരതലത്തിൽദ്ധനപുഷ്പിയൊത്തു—
ണ്ടൊരാര്യദേശം നിഷധാഭിധാനം
ചിരാൽ വിളങ്ങുന്ന കുബേരഭിക്കാം
വരാംഗിയാം തൊട്ടൊരു പൊട്ടപോലെ.
(ചിത്രം—1)

എന്ന പദ്യത്തെ,

ആഴിവീചികളനുവേലം വെൺനുരകളാൽ
തോഴികംപോലെ തവ ചാരുത്തുപ്പങ്ങളിൽ
ചൂവെള്ളിച്ചിലമ്പുകളണിയിയ്ക്കുന്നു, തൃപ്പി
കൈവരാഞ്ഞഴിയ്ക്കുന്നു, പിന്നെയും തുടരുന്നു.

(മാതൃവന്ദനം)

എന്ന വരികളുമായി തട്ടിച്ചുനോക്കിയാൽ മതി. ഭക്തി, അഭിമാനം തുടങ്ങിയവ തിരയടിക്കുന്ന ഈ ഭാഗങ്ങൾ എഴുതിയ കവി ഭാവനാശക്തിയിൽ മാത്രമല്ല ശില്പ സംവിധാനത്തിലും വളരെ വളർന്നിരിക്കുന്നു. 1918 ആകുമ്പോഴേയ്ക്കു് തന്നെ കലാവിഷയകമായ പുതിയ പുതിയ മാർഗ്ഗങ്ങൾ അദ്ദേഹം കണ്ടെത്തിക്കഴിഞ്ഞിരുന്നുവെന്നതിനു് 'പുരാണങ്ങൾ'തന്നെ തെളിവാണു്. ഈ കവിതയ്ക്കും തുഞ്ചത്തെഴുത്തച്ഛൻ, എന്റെ ഗുരുനാഥൻ തുടങ്ങിയ കവിതകൾക്കും ഉള്ള കുടുംബബന്ധം സ്പഷ്ടമാണല്ലോ.

ഹൃദ്യമായ ഒരു ഇതിവൃത്തമെടുത്തു് അതിൽ ഇണങ്ങിച്ചേരത്തക്കവിധം സാമൂഹ്യവും രാഷ്ട്രീയവുമായ ചിന്തകളെ ഘടിപ്പിക്കുന്നതിൽ വള്ളത്തോൾ വളരെയധികം ശ്രദ്ധിച്ചിരുന്നു. കവിതയുടെ ആസ്വാദ്യതയ്ക്കു് ഇതു വളരെ ഉപകരിച്ചതായി കാണാം. തോണിയാത്രയിലെ,

ബ്രഹ്മർഷിമാർ മുഖ്യനെ മുക്കുവത്തി
പെറോരൊരു പുണ്യക്ഷിതിമണ്ഡലത്തിൽ,
അഹോ മനുഷ്യന്ന മനുഷ്യനോടു
സാമീപ്യസമ്പ്രമെധമ്മമായി!

ഇത്യാദിഭാഗങ്ങൾ നോക്കുക. 'വല്ലായ്മ ദേവകൾ പെടുത്തുവതും സഹിപ്പൊന്നല്ലായിരുന്നു ഹഹ, ഭാരതപൂർവ്വരക്തം' (ശിഷ്യനും മകനും) എന്ന വരികൾ പരശുരാമനെ ഒരു പുതിയ കാഴ്ചപ്പാടിൽ പ്രത്യക്ഷപ്പെടുത്തുന്നു. മഹാകവിയുടെ ദേശാഭിമാനസംവർദ്ധകമായ കവിതകളുടെ ഒരു നിരുപണം ഇവിടെ നടത്തേണ്ടതില്ല; അത്രമാത്രം പ്രഖ്യാതമാണവയുടെ ഗുണങ്ങൾ. കാട്ടെലിയുടെ കത്തും മറ്റും പുളകം കൊള്ളിക്കാത്ത സഹൃദയന്മാർ എവിടെയുണ്ടു്? 'എന്റെ ഭാഷ' 'പണ്ടത്തെ പാട്ടുകൾ' തുടങ്ങിയവ കേരളീയന്റെ ഭാഷാഭിമാനത്തെ അങ്ങേയറ്റംവരെ തട്ടിയുണർത്തുന്നു. മലയാളത്തിന്റെ തല, ഇന്ദ്രനും മാബലിയും, നരേന്ദ്രന്റെ പ്രാർത്ഥന തുടങ്ങിയ കവിതകളേക്കാളും കവിഞ്ഞനിലയിൽ ഇന്ത്യൻ സംസ്കാരത്തിന്റെ ചിത്രം മറ്റൊരു കവിക്കും വരച്ചു കാണിക്കാൻ കഴിഞ്ഞിട്ടില്ല. ഒറ്റപ്പദം പോലും മാറ്റിവയ്ക്കാൻ കഴിയാത്ത മട്ടിൽ, ധ്വനിഗംഭീരവും അതേ അവസരത്തിൽ പ്രസന്നമധുരവുമായി സംവിധാനംചെയ്ത ആ കലാശില്പങ്ങൾക്കു് ഏതു കാലത്തും മാറ്റു കുറയുകയില്ലെന്നു് തീർച്ചയാണു്.

വള്ളത്തോൾ കൃതികളുടെ മൂല്യം ഏറിയകൂറും അവയുടെ കലാപരമായ മൂല്യത്തെ ആശ്രയിച്ചാണു്, അല്ലാതെ, ഇതരഘടകങ്ങളെ ആശ്രയിച്ചല്ല ഇരിക്കുന്നതെന്നു് മുമ്പു പറഞ്ഞുവല്ലോ. തന്റെ നീണ്ട സാഹിത്യസപര്യയിൽ അനവധി വിഷയങ്ങളെ എടുത്തു് കൈകാര്യം ചെയ്തിട്ടുള്ള കവിയാണു് വള്ളത്തോൾ. വൈവിധ്യവും, വൈചിത്ര്യവും വേണ്ടുവോളമുള്ളതിനു പുറമേ, കലയുടെ സൂക്ഷ്മസൂക്ഷ്മമായ രഹസ്യങ്ങളുമായുള്ള പരിചയം ഇടക്കാലത്തു് അദ്ദേഹത്തിന്റെ കൃതികൾക്കു് വാചാമഗോചരമായ സൗഭാഗ്യമുണ്ടാക്കിയിട്ടുണ്ടു്. കഥകൾ അവതരിപ്പിക്കുന്നതിലുള്ള പുതുമയും, അവയെ നാടകീയമാക്കുന്ന പതിവും കവിതയ്ക്കു് പലേടത്തും മാറ്റുകൂട്ടിക്കാണാം. പണ്ടേയുള്ള ശബ്ദസൗന്ദര്യവും ശയ്യാഗ്രഹണവും വള്ളത്തോൾ കവിതയിൽ പ്രതിദിനം വളരുന്നതായി നാം കാണുന്നു; ശബ്ദങ്ങളിൽക്കൂടി വരയ്ക്കുന്ന ചിത്രങ്ങൾക്കു് തെളിവും മിഴിവും വർദ്ധിച്ചുവരികയാണു്.

പൂന്തിങ്കൾപ്പൊളി നെറ്റി ചെറുമറയും
മാറായി നീലാഞ്ജന—
ച്ചാന്തിൻ ചേലണി വേണിതൻ
തലയിലിട്ടിട്ടുള്ള ശുഭ്രാംബരം
കാന്തിപ്പെട്ട നിതംബമണ്ഡലമണൽ—
ത്തിട്ടിങ്കലൂടെ മനഃ—
ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴുകി—
ച്ചുംബിപ്പു കാൽപ്പൂവിനെ.

(ഒരു സന്ധ്യാപ്രണാമം 5)

ഇത്യാദി പദ്യങ്ങളുടെ ഒഴുക്കും സൗന്ദര്യവും നോക്കുക. 'മലയാളത്തിന്റെ തല'യിലെ കാപാലികനും മറ്റും മറക്കാൻ വയ്യാത്ത ചിത്രങ്ങ

ളാണ്. 'മാപ്പി'ലെ മരിക്കാൻ കിടക്കുന്ന പാവത്തിന്റെ രൂപവും അതു് കാണികളിൽ ഉണ്ടാക്കുന്ന പ്രതികരണത്തിന്റെ വൈവിധ്യവും, ആ സംഭവം ഒരു ഹൃദയാലുവിലുണ്ടാക്കുന്ന വികാരവ്യഗ്രതയും ഇതിലും കവിഞ്ഞ കലാഭംഗിയോടുകൂടി ഏതു് കലാകാരനാണു് ആവിഷ്ക്കരിക്കാൻ കഴിയുക? 'ആയിരം സുസംസ്കൃത ശ്ലോകപുഷ്പത്താൽ ഗുരു—വായുമന്ദിരേശന പൂജിച്ചവഴിപോലെ' എന്നു തുടങ്ങുന്ന വരികളുടെ (ഭക്തിയും വിഭക്തിയും) മധുരോദാത്തമായ ശില്പസൗന്ദര്യം മറാരുടെ കവിതയിൽ നമുക്കു കാൺമാൻ കഴിയും? വണ്ണനാപരമായ ദീർഘ കൃതികളും എഴുതുന്ന പതിവു് മഹാകവി ലഘുകൃതികളും എഴുതുന്ന കാലത്തും തുടർന്നിരുന്നതായിക്കാണുന്നുണ്ടു്. കാളിദാസീയശൈലിയെ അനുസ്മരിപ്പിക്കുന്ന ഉപജാതിയിൽ എഴുതിയ കവിതകളും കൂടുതൽ ഹൃദ്യങ്ങളായിരിക്കുന്നു. എങ്ങോട്ടു തിരിഞ്ഞാലും കവിതകളും കാണുന്ന വള്ളത്തോളിന്റെ ദൃഷ്ടിയിൽ പ്രപഞ്ചമുഴുവൻ കലയുടെ കൂടാരമായിത്തീരുന്നതാണു് നാം താഴെ ചേർത്ത വരികളിൽ കാണുന്നതു്.

> കാലദേവന്റെ ഗൂഢാന്തഃപുരത്തിൽനി—
> ന്നീലോകത്തൊട്ടനാളം സഞ്ചരിപ്പാൻ
> കാലേ പുറപ്പെട്ട ശാരദലക്ഷ്മിതൻ
> പീലിക്കുടാരമാം ശൈലാരണ്യം,
> പോകുവെയിലിനാൽ പൊൻകസവിട്ടതു
> നേക്കുതാ, കാൺമു കിഴക്കുകലേ;
> ഹന്ത, പടിഞ്ഞാറുഭാഗത്തു, സായമാം,
> സന്ധ്യതൻ ചെംപനീനീർപ്പൂന്തോട്ടം

.....

> സർവ്വതഃസുന്ദരം സന്ദർശനീയമീ
> നിർവ്വാണമണ്ഡലം നിസ്സുപതം!
>
> (നിർവ്വാണമണ്ഡലം)

മഹാകവി ദുർലഭം ചില അവസരങ്ങളിൽ ആധ്യാത്മിക ചിന്തയിലേയ്ക്കു് എത്തിനോക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ശക്തികേന്ദ്രം അതല്ല.

> എങ്ങുനിന്നിവിടത്തിൽ വന്ന ഞാനിരുളിൽനി-
> ന്നെ,ങ്ങനെയുള്ളൊന്നാണ,താരുമില്ലറിഞ്ഞവൻ
> എങ്ങോട്ടനടകൊണ്ടീടുന്ന ഞാ,നിരുളിലെ—
> യ്യെന്തിനാണിടയിൽ വെച്ചിതുയും വെളിച്ചമേ?
>
> (ഇരുളിൽനിന്നു്)

എന്നീ വരികളെ,

> വൃദ്ധന്റെ ചുക്കിച്ചുളിഞ്ഞുകഴഞ്ഞുള്ള
> ഹസ്തത്തിൽനിന്നു കിടാവിനുടെ
> പൂവൽക്കരത്തിൽ പകർന്നതോടൊപ്പമ—
> പ്പൂവുകളായീ പേർത്തും
> പൂവോ നീ ബാല്യമേ? ബാല്യമോ പൂവേ നീ?
>
> കേവലമൊന്നിൻ പേരാകാം രണ്ടും!
>
> (പനിനീർപ്പൂവും പൈതലും)

എന്ന വരികളുമായി താരതമ്യപ്പെടുത്തുക. വള്ളത്തോളിനു് നാലപ്പാടനാവാൻ വയ്യ; മറിച്ചും.

മഹാകവി വള്ളത്തോളിന്റെ കലാപരമായ വളർച്ചയെ ബന്ധനസ്ഥനായ അനിരുദ്ധൻ, അച്ഛനും മകളും എന്നീ രണ്ടു് കാവ്യങ്ങളെ താരതമ്യപ്പെടുത്തിയാൽ വ്യക്തമാകുമെന്നു് ഈ ലേഖനത്തിന്റെ ആദ്യം പറഞ്ഞിട്ടുണ്ടല്ലോ. കവിയുടെ സാഹിത്യ ജീവിതത്തിന്റെ രണ്ടറ്റത്തുമായി നിൽക്കുന്ന ഖണ്ഡകാവ്യങ്ങളാണിവ. രണ്ടിലും പൗരാണികമായ ഇതിവൃത്തത്തിന്റെ തുമ്പിൽ കല്പനാശക്തിയുടെ സഹായത്തോടുകൂടി കവി തൂക്കി നിർത്തിയ ലഘുശില്പങ്ങളാണു് നാം കാണുന്നതു്. എന്നാൽ, രണ്ടിനും തമ്മിൽ ആകൃതിയിലും പ്രകൃതിയിലും വലിയ അന്തരമുണ്ടു്. അനിരുദ്ധനിൽ യൗവനോന്മത്തയായ ഒരു പ്രൗഢകുമാരി കാമുകനെ സ്വന്തം ഗൃഹത്തിൽ കൊണ്ടുവന്നു് താമസിപ്പിക്കുകയും ആ ധൃഷ്ടതയ്ക്കു് അനുരാഗത്തിന്റെ പേരിൽ സാധൂകരണം നൽകുകയുമാണു് ചെയ്യുന്നതു്. ജീവിതത്തിന്റെ തളിരും താരും നിറഞ്ഞ വസന്തോഷസ്സാണു് ഉഷ. അവൾ സ്വാഭാവികമായി കാമന്റെ പുത്രനായ— അനിരുദ്ധ പ്രകൃതിയായ — അനിരുദ്ധനെ തന്നിലേയ്ക്കാകർഷിക്കുന്നു. കേവലം ഇന്ദ്രിയസുഖത്തിന്റെ ചൂണ്ടയിട്ടു് പ്രകൃതി കാമുകീകാമുകന്മാരെ പിടിക്കുന്ന കാഴ്ചയേ അതിലുള്ളൂ. അനിരുദ്ധനിലെ കല കേവലം ഭൗതികസൗന്ദര്യത്തെ ചിത്രീകരിക്കുന്നതാണു്. അതിലെ ഉഷാനിരുദ്ധന്മാരുടെ രൂപവും പ്രവൃത്തിയും കവി ചിത്രീകരിച്ചിട്ടുള്ളതിൽ അസാധാരണമായൊന്നുമില്ല. യൌവനം പ്രേമസാഫല്യങ്ങളും കാണുന്നു; അതിന്റെ സാക്ഷാല്ക്കാരത്തിനു എന്തു സാഹസവും പ്രവർത്തിക്കുന്നു; അനുരാഗത്തിന്റെ ശാസ്ത്രത്തിൽനിന്നു് പ്രമാണങ്ങളും ഉദ്ധരിക്കുന്നു; അത്രമാത്രം. അനിരുദ്ധൻ എഴുതിയ വള്ളത്തോളും യൗവനത്തിന്റെയും, ഭൗതികാനുരാഗത്തിന്റേയും വൈതാളികനാണു്. അച്ഛനും മകളും എഴുതുമ്പോഴേയ്ക്കു് ശില്പവിധാനത്തിലും ആശയത്തിലും കവി പരിപക്വദശയെ പ്രാപിച്ചിരിക്കുന്നു. പുഷ്പഭാസുരമായ ജീവിതവസന്തമാണു് അനിരുദ്ധനെങ്കിൽ ഫലസുന്ദരമായ ശരൽക്കാലമാണു് അച്ഛനും മകളും. ഭോഗചരിത്രത്തെ ത്യാഗചരിത്രം പൂർണ്ണമാക്കുന്നു. ഉച്ഛൃംഖലമായ കാമവികാരം വരുത്തിയ വിനകളും ജീവിതത്തിൽ അനുഭവിച്ച കഴിഞ്ഞവളാണു് അന്ത്യകൃതിയിലെ നായിക. ഉഷ കാണാത്തതും, അനുഭവിക്കാത്തതുമായ ജീവിതഭാഗങ്ങളും ശകുന്തള കണ്ടിരിക്കുന്നു. ജീവിതം ഒരു സുഖസുപർണമാണു് ഉഷയ്ക്കുകിൽ അതൊരു സാധനയും കഠിനയാഥാർത്ഥ്യവുമാണു് ശകുന്തളയ്ക്കു്. ഉഷ അച്ഛന്റെ കുറത്തിനു് കുംഭാണ്ഡനോടു് തട്ടിക്കയറുമ്പോഴും ശകുന്തള വിനീതയായി ഭർത്താവിന്റെ കുറത്തിനു് മാപ്പു ചോദിക്കുന്നു. ഉഷ അഭിമാനത്തിന്റെ ഉച്ചശൃംഗത്തിൽ കയറിയിരിക്കുമ്പോഴും ശകുന്തള പശ്ചാത്താപത്തിന്റേയും സഹിഷ്ണുതയുടേയും നെല്ലിപ്പടിയിലിരിക്കുകയാണു്. വള്ള

ത്തോടെ അനിരുദ്ധനിൽ ജീവിതത്തിന്റെ ബാഹ്യവശത്തെയാണു് ചിത്രീകരിച്ചിട്ടുള്ളതു്. പാകമെത്താത്ത കവിഭാവനയുടെ സൃഷ്ടിയാണെന്നു് വ്യക്തം. അച്ഛനും മകളും എഴുതുന്ന കവി വളരെയേറെ ജീവിതാനുഭവങ്ങളും കണ്ടുകഴിഞ്ഞിരിക്കുന്നു. ജീവിതലക്ഷ്യംതന്നെ മാറിപ്പോയിരിക്കുന്ന അക്കാലത്തേയ്ക്കു്. ഉഷ പ്രതീക്ഷയുടെ പ്രതീകമായിരിക്കുമ്പോൾ ശകുന്തള അനുഭൂതിയുടെ ചിത്രമായി മാറിയിരിക്കുന്നു. കവിഭാവന അനിരുദ്ധനിൽ പുറത്തോട്ടും ഒടുവിലത്തെ കൃതിയിൽ ഉള്ളിലോട്ടും തിരിയുന്നു. വിവാഹത്തിൽ അവസാനിക്കുന്ന ഒരു ജീവിതമാണു് അനിരുദ്ധനെങ്കിൽ അതിനുശേഷമുള്ള തിക്തയാഥാർത്ഥ്യങ്ങളുടെ ചിത്രമാണു് അച്ഛനും മകളും.

ശില്പവിഷയത്തിലും കവിയുടെ ഈ വളർച്ച വ്യക്തമായിക്കാണാം. അനിരുദ്ധനിലെ നായികാനായകന്മാരുടെ അംഗവർണ്ണനയ്ക്കുതിരെ ശകുന്തളയുടെ ചിത്രം വച്ചുനോക്കുക.

മുഷിഞ്ഞ വസ്ത്രങ്ങളുംമെഞ്ഞവാർകുന്തലും
മെലിഞ്ഞലാവണ്യൈകഭ്രഷ്ടമാമുടലുമായു്
അത്തലിൻ സ്വരൂപംപോലാ വന്ന യുവതിയെ
സ്നിഗ്ധമാം നയനത്താൽ ദർശിച്ച നിമിഷത്തിൽ
'മേനകേ! നിനയ്ക്കുന്തീമാറു' മെന്നേവം ചോദി—
പ്പാനാവാം മുതിർന്നതു മുനിതൻ തിരുമുഖം!

ശകുന്തളയ്ക്കു് അമ്മയോടുള്ള രൂപസാദൃശ്യം ഇവിടെ ഭംഗ്യന്തരേണ ദ്യോതിപ്പിച്ചിരിക്കുന്നതു നോക്കുക. കേവലം ചില വരികൾകൊണ്ടു് കാര്യം നടത്തുന്ന കൃതഹസ്തനായ കലാകാരനെയാണു് നാമിവിടെ കാണുന്നതു്. അനിരുദ്ധനിൽ ഈ മിതഭാഷിതത്വവും കാവ്യമർമ്മജ്ഞതയും നിങ്ങൾ കാണുകയില്ല. ആ കൃതിയിലെ,

ഹാ, ജന്യസീമ്നി പലയോധഗണത്തെയൊറ്റ—
യ്ക്കോജസ്സുകൊണ്ടു വിമഥിച്ച യുവാവുതന്നെ

എന്നു തുടങ്ങുന്ന കൃത്രിമമായ നീണ്ട സംബോധനപദ്യത്തെ ശക്തിനിറഞ്ഞ താഴെ ചേർത്ത വരികളുമായി താരതമ്യപ്പെടുത്തുക.

ബ്രഹ്മാവെത്തപശ്ശക്ത്യാ വരുത്തിച്ചാരേനിഷ്ഠി
ബ്രഹ്മർഷിപദം ബലാൽ വാങ്ങിയതേതൊന്നാലോ
ആ വലംകരം, ക്രോധാൽ ചുരുട്ടി നെഞ്ചിൽ ചേർത്താ—

ണീവചസ്സാരംഭിച്ച, തുജ്ജസ്വി വിശ്വാമിത്രൻ

ഷേക്സ്പിയറിന്റെ അന്ത്യകൃതികളിലെന്നപോലെ ജീവിത സായാഹ്നത്തിലേയ്ക്കിറങ്ങുന്ന വള്ളത്തോളിന്റെ കൃതികളിൽ ശാന്തിയുടേയും മൈത്രിയുടേയും മഞ്ഞവെയിൽ പരക്കുന്ന കാഴ്ചയാണു് അച്ഛനും മകളും പ്രത്യക്ഷപ്പെടുത്തുന്നതു്. വണ്ണാച്ചാത്തുരിയിലെന്നപോലെ നാടകീയചിത്രണത്തിലും രംഗസംവിധാനത്തിലും പൂർണ്ണവിജയം കവി അപ്പോഴേയ്ക്കും നേടിക്കഴിഞ്ഞിരിക്കുന്നു.

പകർന്ന ഭാവം പെട്ടന്നക്കാലരുദ്രാകാര—
ന്ന, തിർന്ന മിഴിയിൽനിന്നെരിതീ—
പ്പൊരിമേന്മേൽ
വളഞ്ഞൂ പുരികങ്ങളും, ചുളിഞ്ഞൂ വാർനെറി—
ത്ത, ട്ടിളകീലിലയുമ, ങ്ങടങ്ങീ കാറൊമ്പാട്ടം!

എന്നീ വരികളുടെ ഗൗരവമോ,

അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേവേണ്ട!

എന്ന വരികളുടെ ശക്തിയോ അനിരുദ്ധനിൽ കാണാത്തതു് ഇതിവൃത്തത്തിന്റെ വ്യത്യാസംകൊണ്ടുമാത്രമല്ല. മഹാകവി വള്ളത്തോളിന്റെ കവനകല നാനാമുഖമായി വളർന്നു് പരിപക്വദശയിൽ എത്തിക്കഴിഞ്ഞ ചിത്രമാണു് അച്ഛനും മകളും നൽകുന്നതു്. പദങ്ങളെ ആശയങ്ങളും, ആശയങ്ങളെ ആദർശങ്ങളും കീഴടക്കുന്ന ഒരു മഹാകവിയുടെ സായാഹ്നജീവിതത്തിന്റെ പ്രതീകമാണതു്.

ചങ്ങമ്പുഴയ്ക്കുശേഷം വരുന്ന ചില കവികളുടെ കൃതികളെപ്പോലെ വള്ളത്തോൾകവിത പറന്നുനടക്കുന്ന സ്വപ്നങ്ങളല്ല. പടിഞ്ഞാറൻനാട്ടിൽനിന്നു് അടുത്ത കാലത്തു് വന്നെത്തിയിട്ടുള്ളസംഗീതമാണു് കവിത എന്ന അഭിപ്രായവും വള്ളത്തോൾ കവിതയിൽ പ്രവർത്തിച്ചിട്ടില്ല. ക്ലാസിസത്തിന്റെ മണ്ണിൽ അഗാധമായ വേരുറപ്പോടുകൂടി മുളച്ചുയർന്നതും, ശാഖോപശാഖകളായി കിട്ടുന്ന ദിക്കിൽനിന്നെല്ലാം പോഷകാംശം വലിച്ചെടുത്തു് ഉയർന്നു് ആകാശം മുട്ടുംവിധം വളർന്നതുമായ ഒരു കലയാണു് വള്ളത്തോളിന്റേതു്. അതിന്റെ വേരും, തടിയും, പൂവും, കായുമെല്ലാം വെവ്വേറെ എടുത്തു് പരിശോധിക്കാനും പഠിക്കാനും സാധിക്കും. എന്നാൽ, അതിനു് ദീർഘകാലത്തെ പ്രയത്നം ആവശ്യമാണു്. ഇതര സാഹിത്യങ്ങളിൽ അതാതു് മഹാകവികളുടെ കൃതികളെ വെവ്വേറെയും, ഒന്നായും എടുത്തുകൊണ്ടുള്ള വിസ്തൃത പഠനങ്ങളും ഉണ്ടാകുന്നുണ്ടു്. അത്തരം ആഴവും പരപ്പുമുള്ള പഠനങ്ങളും വള്ളത്തോൾ കൃതികളെ സംബന്ധിച്ചും നടത്തുവാൻ ഇളംതലമുറക്കാരിൽ വല്ലവരും ശ്രമിക്കുകയാണെങ്കിൽ അതു് മലയാളത്തിന്റെ വലിയ ഭാഗ്യങ്ങളിൽ ഒന്നാകുമെന്നതിനു് സംശയമില്ല.

TO KNOW MORE ABOUT SOVIET UNION
THE LAND OF ETERNAL YOUTH AND THE GROWING
SOVIET - INDIAN FRIENDSHIP

PLEASE READ THESE INTERESTING BOOKLETS

		Available in Languages	Price of the Booklet
1.	1965 STATE PLAN FOR ECONOMIC DEVELOPMENT OF USSR	Telugu, Tamil, Malayalam and Kannada	0 10
2.	CO-OPERATION IN THE FIELD OF AGRICULTURE	Telugu, Tamil, Malayalam, Kannada and English	0 10
3.	LENIN	—do—	1 00
4.	ENVOYS OF GOODWILL AND FRIENDSHIP	Telugu, Tamil, Malayalam and English	0 20
5.	NATIONALISATION OF ECONOMY IN THE USSR	Tamil, Malayalam and English	0 15
6.	ROAD OF VALOUR AND GLORY	Tamil and English	0 75
.7.	TRADE UNION OF SOVIET MINERS	Telugu and English	0 20
8.	THIS IS SOVIET DEMOCRACY	English	0 20
9.	SOVIET-INDIAN ECONOMIC CO-OPERATION	—do—	1 00
10.	BHILAI SYMBOL AND PORTENT	—do—	0 50
11.	SOVIET INDIAN ECONOMIC COLLABORATION	—do—	1 00
12.	JOINT ACTION IS IMPERATIVE DEMAND OF ANTI-IMPERIALIST MOVEMENT	Telugu, Tamil, Malayalam	0 10

Please send in your orders immediately:

INFORMATION BRANCH OF
THE USSR CONSULATE GENERAL IN MADRAS,
22, VIJAYARAGHAVACHARI ROAD
TYAGARAYANAGAR, MADRAS - 17.

NAMASTHAE

GURUVAYUR – WOOD LANDS

For all your Construction & Body Building & Work shop tools Requirements.

HARDWARE DEPARTMENT: Iron materials – Paints – High Speed Steel & Tool Bits – Files – Bolts – Nuts – Wires – Measuring Instruments – Asbestos Ropes – Tempering Powder – Bearings – Bus body fittings – Aluminium Sheets, Foils – Oil Papers – Brass & Copper sheets, rods, tubes – Drill bits, wire ropes – Thimbles & Shackles etc. etc.,

GLASS DEPARTMENT: Plain, Design, Triplex and Coloured Glasses – Plywood – Hard Boards – Photoframes – Mirrors – Card Boards – "sunmica" decorative laminates etc. etc.

PUMP DEPARTMENT: Pumps with Motors or Engines for domestic & Agricultural Purposes. Dealers for Myers, and Premier Pumpsets and Motors and "Sova" Engines.

ALFA GLASSES AND HARDWARES,

Phone: 2403
Near City Bus Stand, Oyitty Road, CALICUT-1.

UNITED INDIA

transacts

FIRE — MARINE — MOTOR
and other class of Miscellaneous Accident
INSURANCE BUSINESS.

United India Fire & General Insurance Company Limited.

Registered Office:
151, Mount Road, MADRAS-2.
TELE: { Phone: 81379 / Grams: UNIGEN

Regional Office:
No: 9, Broadway, MADRAS-1
TELE: { Phone: 21378/9 / Grams: UNIGEN

Branches:
Bombay, Calcutta, Madras, New Delhi and other Important Cities.

Overseas Branches:
Hongkong, Kuala Lnmpur, Penang, Singapore, Kampala (E.A.)

London Representatives:
Messrs. MUIR BEDDALL & COMPANY LIMITED.
37, Gracechurch St., LONDON E. C. 3

M. Ct. MUTHIAH, *Chairman.*
T. S. MUTHUSWAMI, *General Manager.*

Aspinwall's Floor Coverings

Un-paralleled in Quality and Design

Coir Door Mats — **Woollen Druggets**
Coir Mattings — **Jute Carpets**
Coir Rugs — **Jute Rugs**
Sisal Matting and Rugs

We also supply:

Palmyra Fibre & Stalks for Brush Industry

ASPINWALL & Co (TRAVANCORE) LTD.
P. O. Box No. 5
Alleppey - Kerala State
Telephone No. **2318**
Branch:
Colachel, Kanyakumari District
Madras State - *Telephone:* No. 28

Telephone: 24700 *Telegram:* PAPER

Ismail & Devassy

Merchants & Agents

P. B. 95, Cochin-2

Sole Distributors for

THE TITAGHUR PAPER MILLS CO. LTD.
THE GANGES PRINTING INK FACTORY LTD.
OLDHAM BATTERIES and SIECO ELECTRIC WATER HEATERS

In Travancore - Cochin

വൈദ്യരത്നം പി. എസ്സ് വാരിയരുടെ

ആര്യവൈദ്യശാല, കോട്ടയ്ക്കൽ

(കേരളാ സ്റ്റേറ്റ്)　　സ്ഥാപിതം: 1902

ഹെഡ്ഡ് ആഫീസ്: **കോട്ടയ്ക്കൽ**
ഫോൺ നമ്പർ 44 (തിരൂർ എക്സ്ചേയിഞ്ച്)

ബ്രാഞ്ചുകൾ:

1.	കോഴിക്കോട്	(ഫോൺ: 2155)	കല്പായി റോഡ്
2.	തിരൂർ	(ഫോൺ: 31)	സ്റ്റേഷൻ റോഡ്
3.	പാലക്കാട്	(ഫോൺ: 104)	വടക്കന്തറ
4.	പാലക്കാട്	സെയിൽസ് ഡിപ്പോ	ജി. ബി. റോഡ്
5.	എറണാകുളം	(ഫോൺ: 3026)	മഹാത്മാ ഗാന്ധി റോഡ്
		വൈദ്യന്റെ താമസസ്ഥലം ഫോൺ: 674	
6.	തിരുവനന്തപുരം	(ഫോൺ: 3924)	സ്റ്റാച്യു റോഡ്
7.	ഈറോഡ്	(ഫോൺ: 172)	45 കാവേരി റോഡ്
8.	ആലുവാ	സെയിൽസ് ഡിപ്പോ	ബാങ്ക് റോഡ്

ശാസ്ത്രീയമായി നിർമ്മിച്ച ആയുർവ്വേദ ഔഷധങ്ങളും വിദഗ്ധമായ വൈദ്യസഹായവും ഹെഡ്ഡാപ്പീസിൽനിന്നും ബ്രാഞ്ചുകളിൽനിന്നും ലഭിക്കുന്നതാണ്. പിഴിച്ചിൽ, നവരക്കിഴി മുതലായ കേരളീയ ചികിത്സകളും കോട്ടയ്ക്കലുള്ള **ഗോൾഡൻ ജൂബിലി നർസിങ്ങ് ഹോമിൽ** വെച്ച് പ്രധാന വൈദ്യന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു.

വിദൂരസ്ഥരായ രോഗികൾക്ക് എഴുത്തുകുത്തുകളും വഴി പ്രധാന വൈദ്യൻതന്നെ ചികിത്സ നിശ്ചയിച്ചറിയിക്കുന്നതാണ്.

മാനേജിങ്ങ് ട്രസ്റ്റി

ആയുർവ്വേദ മരുന്നുകളും ചികിത്സകളും ഒരു മാതൃകാസ്ഥാപനം

അച്ഛനും മകളും

ഉള്ളാട്ടിൽ
ഗോവിന്ദൻകുട്ടിനായർ

പുരോഗമന സാഹിത്യകോലാഹലം മലയാള സാഹിത്യാന്തരീക്ഷത്തെ മുഖരിതമാക്കിക്കൊണ്ടിരിക്കുന്ന കാലം. ജീവിതമൂല്യങ്ങളും കലാമൂല്യങ്ങളും ഒരു പൊളിച്ചെഴുത്തിനു് വിധേയമായിക്കഴിഞ്ഞു. അതുവരെ അതുലപ്രഭാവന്മാരെന്നു കരുതിപ്പോന്ന തുഞ്ചൻപ്രഭൃതികളും പ്രതിക്കൂട്ടിൽ കയറേണ്ടിവന്നു. സാമ്പത്തികവും സാമൂഹ്യവുമായ വിഷയങ്ങളെക്കുറിച്ചു് പറയുന്നതേ കവിതയാവൂ എന്നടേത്തോളം കാര്യങ്ങൾ വഷളായി. പഞ്ചത്തേയും പട്ടിണിയേയും തൊഴിലാളി മർദ്ദനത്തേയും പററിയുള്ള പാട്ടുകളായി സർവ്വോൽകൃഷ്ടമായ കവിത അല്ലെങ്കിൽ സാഹിത്യം. സാഹിത്യത്തിലേയ്ക്കു് 'രാഷ്ട്രീയക്കാർ' നഴഞ്ഞുകയറിയതിന്റെ ഫലമായിരുന്ന ഈ കോലാഹലങ്ങളെല്ലാം. കരളുറപ്പുള്ളവരെല്ലാം കാതും പൊത്തിയിരുന്നു. അതില്ലാത്തവർ ഈ കോലാഹലം കേട്ടു് അമ്പരന്നുനില്പായി.

ഈ കാലഘട്ടത്തിലാണു് മഹാകവി വള്ളത്തോളിന്റെ 'അച്ഛനും മകളും,' എന്ന ഖണ്ഡകാവ്യത്തിന്റെ രംഗപ്രവേശം. അതിൽ സാമൂഹ്യമോ സാമ്പത്തികമോ ആയ പ്രശ്നങ്ങളൊന്നും കൈകാര്യം ചെയ്തിട്ടില്ല, മുതലാളിയുടെ ചൂഷണമോ മർദ്ദനമോ ചിന്താവിഷയമാക്കിയില്ല. ഹിന്ദു ബൂർഷ്വാസിയുടെ ആരാധനാപാത്രമായ ഒരു പഴഞ്ചൻ പുരാണകഥയാണു് അതിന്റെ ചട്ടക്കൂടു്. പക്ഷേ ആ ചട്ടക്കൂടിൽ അദ്ദേഹം സന്നിവേശിപ്പിച്ചുകൊണ്ടു് കാലാതിശയിയായ കലാലാവണ്യം പകർന്നു, ഭാവോജ്ജ്വലവും നിതാന്തസുന്ദരവും മനുഷ്യന്റെ മൗലികബന്ധങ്ങളെ സുസ്പഷ്ടം ചിത്രീകരിക്കുന്നതുമായ ഒരു ഖണ്ഡകാവ്യം മിനഞ്ഞെടുത്തു. വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങളിൽ ഒന്നാമത്തെതല്ലെങ്കിൽ ഒന്നാം പന്തിയിലുള്ള ഒന്നാണു് അച്ഛനും മകളും. ആദികവിയും അദ്ദേഹത്തിന്റെ അനുജനും എന്തൊരു സംസ്കാരംകെട്ടിപ്പടുക്കാനാണോ ശ്രമിച്ചതു്, ആ സംസ്കാരത്തിന്മേൽ തന്നെയാണു് നമ്മുടെ കവിവൃദ്ധനും കൈവെച്ചതു്. അതായതു് ഗാർഹിക ജീവിതത്തിലെ മൗലിക ഭാവങ്ങളുടെ ചിത്രണവും സ്ത്രീത്വത്തിന്റെ പരിശുദ്ധിയും.

വേറേവിളഞ്ഞീലെവംക്കൊത്തരത്നമീ
ഭാരതഭൂവിൻവിശിഷ്യഗർഭത്തിലും?

എന്നു് വള്ളത്തോളും ഒരവസരത്തിൽ ചോദിക്കുകയുണ്ടായി. പുരാണത്തിൽ നിന്നു് പുടപാകംചെയ്തു പ്രദർശിപ്പിച്ച ഈ കാവ്യത്തിലെ ശകുന്തള ആ ചോദ്യത്തിന്റെ മുമ്പിൽ വിനയാനതയായി നിൽക്കുന്നതുപോലെ തോന്നുന്നു. അല്ലെങ്കിൽ,

'ധ്യാനത്തിലും‌ംച്ചേരുന്നസച്ചിദാനന്ദം'

നുകരുന്ന ആ 'കാലരുദ്രാകാര'നായ വിശ്വമിത്രൻ, മകളായ ശകുന്തളയോടു,

'ഭദ്രംതേ പിടിച്ചെന്നെക്കരേറ്റി
നിൻസൗശീല്യം'

എന്നു് കുററസമ്മതം ചെയ്യുന്നതിനു് എന്താണർത്ഥം?

'ഹരങ്കലാര്യേ,ഭൂഭൃസൂന ശിഷ്യനാ—
യൊരന്നതൊട്ടുണ്ണികൾംമൂവരായ്ത്തവ'

എന്നും

നിനക്കു ഗർഭപ്രസവാദിപീഡയാൽ
മനംകലങ്ങാതെ ലഭിച്ചുകുഞ്ഞിവൻ'

എന്നും പാർവ്വതിയോടു് പറയുന്ന രാധികയേയും (ശിഷ്യനും മകനും) ഭാമയേയും രാധയേയും പോലുള്ള (സാഹിത്യമഞ്ജരി)നായികമാരേയും സൃഷ്ടിച്ച വള്ളത്തോളിനു് 'ഭാരതസ്ത്രീകളുടെ ഭാവശുദ്ധി' ഒട്ടും അപരിചിതമല്ലതന്നെ.

അച്ഛനും മകളും എന്ന കാവ്യത്തിലെ പ്രമേയം വളരെ ലഘുവാണു്. കാശ്യപനെ കണ്ടു് വന്ദിപ്പാൻ ആശ്രമസമീപത്തിലെത്തിയ വിശ്വാമിത്രൻ അവിടെ കണ്ട ഒരു കുട്ടിയുമായി സംസാരിക്കുന്നു. ആയിടെ കുട്ടിയുടെ അമ്മ അവിടെ എത്തുകയും അവൾ തന്റെ മകളാണെന്നു് മഹർഷി മനസ്സിലാക്കുകയും ചെയ്യുന്നു. ഗാന്ധർവ്വവിവാഹം ചെയ്ത അവളെ, ഭർത്താവായ ദുഷ്യന്തൻ ഗർഭിണിയായ അവസരത്തിൽ കാരണം കൂടാതെ പരിത്യജിച്ചുവെന്നറിഞ്ഞപ്പോഴും വിശ്വാമിത്രന്റെ ഉറങ്ങിക്കിടന്നിരുന്ന അപത്യവാത്സല്യം ഫണമുയർത്തി എഴുന്നേൽക്കുകയും തന്റെ തപശ്ശക്തികൊണ്ടു് ദുഷ്യന്തനെ ദഹിപ്പിക്കുവാനൊരുങ്ങുകയും ചെയ്യുന്നു. ശകുന്തള ആ സാഹസകൃത്യത്തിൽ നിന്നു് പിതാവിനെ മോചിപ്പിച്ചു.

രണ്ടു് ഭാഗങ്ങളിലായി വെറും അറുപതു് ഈരടികളിലാണു് മഹാകവി ഈ ലഘുകാവ്യം മിനഞ്ഞെടുത്തിരിക്കുന്നതു്. പരിമിതമായ കഥാപാത്രങ്ങളെക്കൊണ്ടു്—ശ്രുനശ്രേഷ്ഠൻ, വിശ്വാമിത്രൻ, സർവ്വദമനൻ, ശകുന്തള—തികച്ചും നാടകീയമായ

വിധത്തിൽ കാവ്യം ആവിഷ്ക്കരിപ്പാൻ കവിക്കു് കഴിഞ്ഞിരിക്കുന്നു. ഭാരതീയ സംസ്കാരത്തിന്റെ ആണിക്കല്ലായ ഗുരുശിഷ്യബന്ധത്തെ പുരസ്കരിച്ചാണു് കഥയാരംഭിക്കുന്നതു്. തപഃപ്രതാപനായ വിശ്വാമിത്രൻ കാശ്യപാശ്രമത്തിന്റെ സമീപത്തുചെന്നു് ഗുരുവിനെ കണ്ടു് വന്ദിപ്പാൻ അവസരം അന്വേഷിക്കുന്നതിനു് സ്വശിഷ്യനായ ശുനശ്ശേഫനെ പറഞ്ഞയയ്ക്കുന്നു. ശിവശിഷ്യനായ പരശുരാമനേയും വിശ്വാമിത്രനേയും തമ്മിൽ ഈ അവസരത്തിൽ ഒന്നു് തുലനം ചെയ്യുന്നതു് രസാവഹമായിരിക്കും.

'എല്ലായ്പ്പൊഴുംപ്രണതശിഷ്യനുദേശികങ്കൽ
ചെല്ലുംസ്ഥലംസമയമെന്നിവനോക്കിടേണ്ട'

എന്നാണു് പരശുരാമന്റെ സിദ്ധാന്തം. വിശ്വാമിത്രന്റെതാകട്ടെ, അതിനു് തീരെ വിപരീതവും. ഈ വൈരുദ്ധ്യത്തിനു് എന്താണു് കാരണം? പരശുരാമൻ ജന്മനാ ബ്രാഹ്മക്ഷാത്രസംസ്കാരങ്ങളുടെ സങ്കരമാണു്. വിശ്വാമിത്രനോ, ക്ഷത്രിയനായി ജനിച്ചു് ബ്രഹ്മർഷിയായി മാറിയ ആളാണു്. കവി ഒരിടത്തു് സൂചിപ്പിച്ചതുപോലെ അദ്ദേഹം ബ്രഹ്മതേജസ്സിന്റെ കാമ്പും ഐഹികവിമുക്തനമായിത്തീർന്നിരിക്കുന്നു. വിശ്വാമിത്രന്റെ 'ആനകമദ്രസ്സിദ്ധമായസ്വരം' തീവ്രവൈരാഗ്യത്തേയും അതേ അവസരത്തിൽ ശിഷ്യവാത്സല്യത്തേയും—ശുനശ്ശേഫനോടുള്ള ആജ്ഞയാണല്ലൊ അതു്—ആണു് വ്യഞ്ജിപ്പിക്കുന്നതു്. സാംസ്കാരികമായി ആ മഹർഷിക്കു് സിദ്ധിച്ച അത്യുന്നതപദവി

ഗുരുപാദരെക്കണ്ടു
വന്ദിപ്പാനവസര—
മറിഞ്ഞുവരികപോയ്
വത്സ! നീ ശുനശ്ശേഫ.

എന്ന ഈരടി വെളിപ്പെടുത്തുന്നു. ഇത്തരം പരിശുദ്ധവും സുദൃഢവുമായ ഗുരുശിഷ്യബന്ധത്തിന്റെ എത്രയോ ചിത്രങ്ങൾ ഇന്ത്യയുടെ ഇതിഹാസങ്ങളിലും ചരിത്രത്തിൽതന്നേയും കാണാം.

ഇനിയാണു് 'സ്ഥൂലസൂക്ഷ്മചിഹ്ന'നായസ്വമേനന്റെ രംഗപ്രവേശം. ശുഷ്കമാകുമായിരുന്ന ആ രംഗത്തെ സജീവമാക്കാൻ സർവ്വദമനന്റെ പ്രവേശത്തിനു് കഴിഞ്ഞിട്ടുണ്ടു്. മാത്രമല്ല, അടുത്ത രംഗത്തെ —ശകുന്തളയുടെ ആഗമനത്തെ —ഭാവശബളമാക്കാൻ പറ്റിയ പശ്ചാത്തലം സൃഷ്ടിപ്പാനും അതിനു് കഴിഞ്ഞിരിക്കുന്നു.

വാസ്തവത്തിൽ ശുനശ്ശേഫനും സർവ്വദമനനും വെറും നിഴൽച്ചിത്രങ്ങളാണു്. കഥാഗാത്രത്തിൽ അവർക്കു് വളരെ അപ്രധാനമായ സ്ഥാനമേയുള്ള. പ്രധാന പാത്രങ്ങൾ വിശ്വാമിത്രനും ശകുന്തളയും—അച്ഛനും മകളും—തന്നെയാണു്. കവിക്കു് അവരിലൂടെ ഉദ്ബോധിപ്പിക്കുവാനുള്ള നിതാന്തസത്യം

'അപത്യവാത്സല്യമേ,
വശിയുംവശഗൻ തേ'

എന്നാണു്. വിശ്വാമിത്രൻ 'ബ്രഹ്മതേജസ്സിന്റെ കാമ്പാ'ണെന്നു് കവി ആദ്യമേ പറഞ്ഞുവെച്ചു. പാരത്രിക ചിന്തകളിൽ വിഹരിച്ചിരുന്ന അദ്ദേഹത്തെ സർവ്വദമനൻ ഐഹികത്തിലേക്കു് പിടിച്ചുവലിച്ചിടുകയാണുണ്ടായതെന്നും പറയാതിരുന്നില്ല. ഐഹികബന്ധങ്ങളിൽ അതിപ്രധാനമായ ഒന്നാണു് പിതൃപുത്രബന്ധം. ആ ബന്ധം അടിക്കടി വികസിച്ചു് അതിന്റെ ഉച്ചകോടിയിലെത്തിക്കുകയാണു് ശകുന്തളാദർശനംകൊണ്ടുണ്ടായതു്.

'ഞാനനുഗ്രഹീതയായ്
താതദർശനത്താൽ'

എന്നു് പറഞ്ഞു ആനന്ദാകുലയായി കാൽക്കൽ വീണ മകളെ ആ മഹർഷിവര്യൻ,

'സത്വരംപിടിച്ചെഴു—
ന്നേൽപ്പിച്ചുനെറുകയിൽ
പത്തുനൂറുശാഖം പുണർന്നു'

അവളുടെ കണ്ണുനീർ കേവലം കൈയ്യുകൊണ്ടു് തുടക്കുകയും മറ്റൊരുകൈകൊണ്ടു് പുറത്തു മന്ദം തടവുകയും ചെയ്യുന്നു. ഇങ്ങനെ അപത്യവാത്സല്യത്തിന്റെ സമ്മോഹനചിത്രം വാക്കുകളെക്കൊണ്ടു വരച്ചശേഷം കവി, വശിയും അതിനു് വശഗനാണെന്നു് പറയുന്നു.

മകളോടും ദൗഹിത്രനോടും വിശ്വാമിത്രൻ പ്രദർശിപ്പിച്ച ഭാവതീക്ഷ്ണത അദ്ദേഹത്തെപ്പോലുള്ള ഒരു ഋഷിശ്രേഷ്ഠനു് അത്ര യോജിച്ചതല്ലെന്നു് പരാതിപ്പെടുന്നവരുണ്ടാകാം. ആധുനിക മനോവിജ്ഞാനീയവുമായി പരിചയമുള്ളവർക്കു് വിശ്വാമിത്രന്റെ ഭാവപ്രകടനത്തിൽ യാതൊരു പന്തികേടും ദർശിപ്പാൻ കഴിയില്ല. ഒരു കാലത്തു് അദ്ദേഹം ഐഹികബന്ധങ്ങളെ മാനിച്ചുപോന്ന ഒരു ക്ഷത്രിയനായിരുന്നവല്ലൊ. മനസ്സിന്റെ ഉപബോധതലത്തിൽ ആ സംസ്കാരമത്രയും ഊറിക്കിടക്കാതിരിപ്പാൻ നിവൃത്തിയില്ല. സർവ്വദമനൻ മുനിയെ കണ്ട മാത്രയിൽതന്നെ 'അറിയപ്പെടാത്തേതോ ചാർച്ചയാൽ പോലെ' അദ്ദേഹത്തിനു് വഴങ്ങിക്കൊടുക്കുന്നു! 'അത്തലിൻ സ്വരൂപംപോലെ' വന്ന ശകുന്തളയെ കണ്ടമാത്രയിൽതന്നെ 'മേനകേ, നിനക്കെന്തീമാറ്റം' എന്നു് ചോദിപ്പാൻ അദ്ദേഹം മുതിരുന്നതായി കവി സംശയിക്കുന്നുണ്ടു്. അബോധമണ്ഡലത്തിൽ നിന്നു് ബോധമണ്ഡലത്തിലേയ്ക്കു് നഴഞ്ഞുകയറുന്ന പ്രാക്തനസംസ്കാരത്തിന്റെ പ്രസ്സരണങ്ങളാണു് ഇവ.

'ഹാ! ശരിയോമ്മിച്ചേൻ
നിന്നമ്മ മേനക...!

എന്നു് ക്ഷമാപണം ചെയ്യത്തക്കവിധം കഴിഞ്ഞതൊന്നും അദ്ദേഹത്തിന്റെ സ്മൃതിപഥത്തിലെത്തുന്നുണ്ടു്. ഉപബോധമനസ്സിന്റെ വളരെ അടിത്തട്ടിലുള്ളതല്ല ആ സ്മരണകളും. അദ്ദേഹം താപസവൃത്തിയിലേയ്ക്കു് പ്രവേശിച്ചതിനുശേഷമാണല്ലോ മേനകാസമ്പർക്കവും മറ്റുമുണ്ടായതു്. അതായതു് വെറും ഇരുപതോ മുപ്പതോ കൊല്ലങ്ങളും കടുമ്പു്.

രാഗത്തിന്റെ മറുപുറമാണു് ദ്വേഷം—രാഗത്തിനു് എത്ര ശക്തിയുണ്ടോ, ആ ശക്തി ദ്വേഷപ്രകടനത്തിലും പ്രത്യക്ഷപ്പെടുന്നു. ശകുന്തളയുടെ പേരിൽ വിശ്വാമിത്രനുള്ള സ്നേഹം എത്രത്തോളമുണ്ടെന്നു് നാം കണ്ടുകഴിഞ്ഞു. അന്തർവ്വത്നിയായ ശകുന്തളയെ ദുഷ്യന്തൻ പരിത്യജിച്ച എന്നു് കേട്ടപ്പോൾ വിശ്വാമിത്രന്റെ ഭാവമാകെ മാറുന്നു. അതുവരെ കണ്ട രാഗം ദുഷ്യന്തന്റെ നേർക്കു് പതിന്മടങ്ങു് ശക്തിയുള്ള ദ്വേഷമായി മാറാൻ പിന്നെ താമസമേതുമുണ്ടായില്ല. നാം അതുവരെ കണ്ടുപരിചയിച്ച വിശ്വാമിത്രനല്ല ഇപ്പോൾ നമ്മുടെ മുന്നിൽ നിൽക്കുന്നതു്. കവി വാക്കുകളിലൂടെതന്നെ അദ്ദേഹത്തെ ചിത്രീകരിക്കട്ടെ!

പകർന്നു ഭാവംപെട്ടെ—
ന്നക്കാലരുദ്രാകാര—
ന്നു,തിർന്നു മിഴിയിൽനി—
ന്നെരീതീപ്പൊരിമേന്മേൽ
വളഞ്ഞൂപൂരികങ്ങളും
ചുളിഞ്ഞൂ വാർനെറിത്ത—
ട്ടി,ലുകീലിലയുമ—
ങ്ങടങ്ങീ കാറെമ്പാട്ടം!

പ്രകൃതിയെപ്പോലും സ്തബ്ധമാക്കിയ അദ്ദേഹത്തിന്റെ ഭാവപ്പകർച്ചയ്ക്കു

ദുഷ്യന്തനവനാരെ—
ന്നാരോമൽക്കുമാരിയെ
ദുസ്സഹാവമാനത്തിൽ
തള്ളിയിട്ടയിർക്കൊംവാൻ?

....
.....

എന്നു് തുടങ്ങിയ വാക്കുകളും തികച്ചും അനുഗുണമായിരിക്കുന്നു. അപത്യപ്രേമത്തിൽ ഏറ്റവും ആഘാതത്തെ—ഭർത്തൃപരിത്യാഗത്തെ—അദ്ദേഹമെങ്ങനെ പൊറുക്കും? അദ്ദേഹത്തിന്റെ ഹൃദയാന്തരാളത്തിൽ സൂക്ഷ്മമായിക്കിടന്നിരുന്ന ധാർമ്മികരോഷമതുടനെ ജാഗരിതമായി. ആ പ്രകൃതം കവിവാക്യത്തിലൂടെത്തന്നെ വിശദമാക്കട്ടെ:

ബ്രഹ്മാവെത്തപശ്ശക്ത്യാ
വരുത്തിച്ചാരേ നിർത്തി
ബ്രഹ്മർഷിപദംബലാൽ
വാങ്ങിയതേതൊന്നാലോ
ആവലംകരം ക്രോധാൽ
ചുരുട്ടിനെഞ്ചിൽച്ചേർത്താ—
ണീവചസ്സാരംഭിച്ച—
തൂർജ്ജസ്വി വിശ്വാമിത്രൻ.

മഹർഷിയുടെ പൗരുഷവും വാശിയും ഊർജ്ജസ്വലതയുംവിശദമാക്കാൻ തികച്ചും സമർത്ഥങ്ങളാണു് ഈ വരികളും. ഇവയിലൂടെ നാം വിശ്വാമിത്രനെ അദ്ദേഹത്തിന്റെ ശരിയായ രൂപത്തിലും ഭാവത്തിലും നോക്കിക്കാണുന്നു.

സ്ത്രീത്വത്തിന്റെ മാതൃകാപരമായ ഒരു പാത്രമായിട്ടുണ്ടു് ശകുന്തള. വ്യാസന്റെ ദൃഷ്ടിയിൽ അവളും അല്പം വാചാലയും തനിക്കുതാൻ പോന്നവളമാണു്. കാളിദാസൻ അവളെ കുറെക്കൂടി മിതഭാഷിണിയും ആശ്രമസംസ്കാരസമ്പന്നയുമായി പ്രദർശിപ്പിച്ചിരിക്കുന്നു. വള്ളത്തോളാകട്ടെ തികച്ചും വാചാലയുമായും മഹർഷിശിഷ്യയ്ക്കു് അനുയോജ്യമായ വിധത്തിലാണു് ചിത്രണം ചെയ്തിരിക്കുന്നതു്. ആ സദ്വൃത്ത താൻ ആരാണെന്നു് ചോദിച്ചപ്പോൾ വിശ്വാമിത്രനോടു് പറയുകയാണു്:

മുക്താത്മൻ, പിറന്നന്നേ
വനത്തിൽ മാതാപിതൃ—
ത്യക്ത ഞാൻ കണ്വർഷിയാ—
ലെടുത്തുപോററപ്പെട്ടോളം
മന്നനാംദുഷ്യന്തനാൽ
ഗാന്ധർവ്വപരിണീത,—
യെന്നുടെ ജനകനോ
വിശ്രുതൻ വിശ്വാമിത്രൻ.

ഒരു അപരിചിതനെ അറിയിക്കേണ്ട വിവരങ്ങളും എത്ര മിതമായും സാരമാത്രമായും ഈ വരികളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു!—ശകുന്തള തന്റെ മകളാണെന്നു് മനസ്സിലായപ്പോൾ അവളെപ്പറ്റി കൂടുതൽ അറിവാൻ അച്ഛൻ ഉൽക്കണ്ഠാകുലനാകുന്നു. ഉണ്ണിയുടേയും അവളുടേയും പേരും കാട്ടിൽവരുവാനുള്ള കാരണവും ചോദിച്ചപ്പോൾ ശകുന്തള പറയുകയാണു്:

പേരിട്ടാൻ ശകുന്തള—
യെന്നെനിയ്യച്ഛൻകണ്വൻ.
ധാരിതസർവ്വദമ—
നാഭിധൻദൗഹിത്രൻ തേ.
അമ്മതന്നനുഗ്രഹാ—
ലിദ്ദിവ്യാശ്രമമല്ലോ
വന്മാലിലാഴ്ഗമെനി—
യ്യീററില്ലമായിത്തീർന്നു—

ആശ്രമാൽ പ്രീത്യാ താത—
കണ്വനാലയക്കപ്പെ—
ട്ടാശയാ കൊട്ടാരത്തിൽ
ചെന്നഗർഭിണിയാം ഞാൻ
സംത്യക്തയായേനല്ലോ
സൗമ്യനാംകണ്വനാൽ.

വിശ്വാമിത്രനോട്ട് ശകുന്തളയ്ക്ക് ഭക്ത്യാദരങ്ങളുണ്ട്. എങ്കിലും അച്ഛനായി കാണുന്നതു് കണ്വനെയാണ്. അല്ലെങ്കിൽ പേരിട്ടക എന്ന പ്രധാനകർമ്മം നിർവ്വഹിച്ച കണ്വൻതന്നെയാണല്ലൊ ആ സ്ഥാനത്തിനു് സർവ്വഥാ അർഹൻ. പ്രസവിച്ച ഉടനെത്തന്നെ പരിത്യജിച്ചുവെങ്കിലും മാതാവു് അവളെ വേണ്ട നേരത്തു് അനുഗ്രഹിക്കാതിരുന്നില്ല. ഭർത്താവു് തന്നോട് അനീതി പ്രവർത്തിച്ചു എന്നതു് ശരിയാണു്. എങ്കിലും ആ കുലസ്ത്രീ അപ്പോഴും അദ്ദേഹത്തിന്റെ സൗമ്യതയെ മാത്രമേ കാണുന്നുള്ള. മഹർഷി ശിക്ഷിതയും സംസ്കാരോജ്വലയുമായ ശകുന്തള ഒരു ദേവാംഗനയുടെ പരിവേഷത്തോടുകൂടി ഇവിടെ പരിലസിക്കുന്നു. അവരും ഭർത്താവു് കാണിച്ച അഴിമതിയിൽ ഒട്ടും വ്യാകുലപ്പെടുന്നില്ല. കട്ടിക്കാലത്തു് മാതാപിതാക്കളപേക്ഷിച്ചു; യൗവനത്തിൽ ഭർത്താവും ഉപേക്ഷിച്ചു. ഇങ്ങനെ സുബഹിഷ്കൃതമായ ഒരു ജീവിതമാണ് അവളുടേതു്. ഇതിലെന്തുണ്ട് ആവലാതിപ്പെടുവാൻ? പിതാവിന്റെ ശാപംകൊണ്ടു് ആ വംശം (പൗരവംശം) മുഴവൻ നശിച്ചേയ്ക്കുമെന്നു് ശകുന്തള ഭയപ്പെടുന്നു. മാത്രമല്ല, തന്റെ സുതനും അതുകാരണം പുറത്തായിപ്പോകുമോ എന്നാണു് സംശയം. അതുകൊണ്ടു് താൻ സുബഹിഷ്കൃതയായിക്കൊള്ളട്ടെ എന്നു് സ്വയം സമാശ്വസിക്കുകയും പിതാവിനെ ശാപഹേതുകമായ ഉഗ്രകോപത്തിൽ നിന്നു് വിരമിപ്പിക്കുകയും ചെയ്യുന്നു. അവളുടെ സൗശീല്യം വിശ്വാമിത്രനെ ശാപമാകുന്ന അധഃപതനത്തിൽനിന്നു് രക്ഷിച്ചു.

കൂട്ടത്തിൽ പറയട്ടെ, കവി ഇവിടെ പ്രദർശിപ്പിച്ച ശില്പപരമായ ഒരു സവിശേഷതകൂടി ചിന്താർഹമാണു്. കാവ്യത്തിലെ ഏറ്റവും പ്രക്ഷുബ്ധമായ രംഗമാണല്ലോ ഇതു്. ഈ രംഗത്തിൽ നിന്നു് ശ്രുനശ്ശേഫനേയും സർവ്വദമനനേയും അകറ്റിനിർത്തിയതു് ഏറ്റവും സമുചിതമായിരിക്കുന്നു. 'അയ്യയ്യ! ചായംതേച്ച മൺമയിലതാമാക്കാണ്ഡേയങ്കൾ' എന്നു് പറഞ്ഞുകൊണ്ടാണു് സർവ്വദമനൻ ആ രംഗത്തിൽ നിന്നു് പാഞ്ഞുപോകുന്നതു്. ശ്രുനശ്ശേഫനോ, ആദ്യം പറഞ്ഞതുപോലെ ഗുരുപാദസന്ദർശനത്തിനു് സമയമായാനും. വിശ്വാമിത്രൻ കാലരുദ്രാകാരനായി, ശാപോദ്യുക്തനായി, മാറുന്ന ആ കാഴ്ച സർവ്വദമനനും ശ്രുനശ്ശേഫനും കാണാതിരിക്കുകതന്നെയാണു് ഭേദം. മാത്രമല്ല, പ്രകൃതത്തിലെ രൗദ്രത്തെ അമ്ലാനപ്രഭമാക്കുന്നതിനും അവരുടെ തിരോധാനം പ്രയോജനപ്പെടുന്നു.

കഞ്ഞിക്കുട്ടൻ തമ്പുരാനെപ്പറ്റി ഒരിക്കൽ വള്ളത്തോൾ, പദങ്ങളം അദ്ദേഹത്തെ ദാസന്മാരെപ്പോലെ സേവിക്കുന്നുവെന്നു് പറയുകയുണ്ടായി. ഈ പരാമർശം മഹാകവി വള്ളത്തോളിനും നൂറു ശതമാനം ബാധകമാണു്. വള്ളത്തോളം ലളിതപദങ്ങളം പ്രയോഗിക്കുന്നതിൽ കൂടുതൽ ശ്രദ്ധാലുവാണെന്നു് സാധാരണ പറയാറുണ്ടു്. വാസ്തവം അതല്ല. അതതു് ഭാവങ്ങൾക്കു് യോജിച്ച പദങ്ങളും വാക്യബന്ധങ്ങളും കൈക്കൊള്ളുന്നു എന്നതാണു് പരമാർത്ഥം. ഇതു് കവിയുടെ ഔചിത്യ ബോധത്തിന്റെ മറ്റൊരു നിദർശനമാണു്. മലയാളത്തിൽ ഭാവത്തിനിണങ്ങിയ പദങ്ങളം പ്രയോഗിക്കുന്നതിൽ സർവ്വഥാ അഗ്രിമൻ തുഞ്ചത്താചാര്യരാകുന്നു. അദ്ദേഹത്തിന്റെ അവരജസ്ഥാനത്തിനു് അർഹൻ വള്ളത്തോളല്ലാതെ മറ്റാരുമല്ല. ഇതിനു് ഈ കാവ്യം ഒന്നാംതരം ഉദാഹരണമാണു്. സർവ്വദമനനുമായുള്ള സംഭാഷണത്തിൽ വിശ്വാമിത്രനെക്കൊണ്ടു് എത്ര മധുരകോമളമായാണു് സംസാരിപ്പിക്കുന്നതു്! അദ്ദേഹത്തിന്റെ ഹൃദയം ദുഷ്യന്തന്റെ അധാർമ്മികപ്രവൃത്തിയിലേയ്ക്കു തിരിഞ്ഞപ്പോഴം ഭാഷയുടെ മട്ടം മാതിരിയും ആകെ മാറുന്നു. ആ ധാർമ്മികരോഷത്തെ ഇതിലധികം വ്യക്തമാക്കാൻ മലയാളഭാഷയ്ക്കു കെല്പില്ലെന്നതന്നെ പറയണം. ഇപ്പോഴംതന്നെ വേണ്ടതിലധികം വരികയും ഉദ്ധരിച്ചുകഴിഞ്ഞ സ്ഥിതിക്കു് ഇനിയും ഉദാഹരണത്തിനു് ഈരടികയും ഇവിടെ പകർത്തുന്നതു് അനുചിതമായിരിക്കുമെന്നു് കരുതുന്നു.

വള്ളത്തോൾകവിതയിലെ മുസ്ലിം ഇതിവൃത്തങ്ങൾ

—ടി. ഉബൈദ്

പ്രാചീനകാലം മുതൽക്കുതന്നെ നാനാവിധ സംസ്കാരങ്ങളുടെ കേളീരംഗമാണ് നമ്മുടെ ഭാരതം—'എവിടെനിന്നെല്ലാം എത്രയെത്ര സരിത്തുകളാണ് അനർഗ്ഗളം പ്രവഹിച്ച് ഭാരതസമുദ്രത്തിൽ വിലയം പ്രാപിച്ചിട്ടുള്ളതു!' പുഷ്പങ്ങളുടെ വർണ്ണവൈവിധ്യവും രൂപവൈചിത്ര്യവും ഉദ്യാനത്തിനു സൗന്ദര്യം വർദ്ധിപ്പിക്കുന്നതുപോലെ ഭാരതത്തിലെ വിവിധ സംസ്കാരങ്ങളും സമുദായങ്ങളും അതിന്റെ മഹിമയ്ക്ക് മാറ്റ് കൂട്ടിയിരിക്കുന്നു. ആ നാനാത്വത്തിലൂടെയുള്ള ഏകത്വമാണ് ഭാരതത്തിന്റെ ലോകോത്തരമായ നേട്ടം. നൂറ്റാണ്ടുകളായി ഇവിടെ സൗഹാർദ്ദത്തോടെ അധിവസിച്ചുപോരുന്ന വിവിധജാതി മതസ്ഥർ ഈ രാജ്യത്തിന്റെ വൈജ്ഞാനികവും, ആദ്ധ്യാത്മികവും, സാമൂഹ്യവും സാംസ്കാരികവുമായ സമ്പന്നതയെ തളർത്തുകയല്ല, വളർത്തുകയാണ് ചെയ്തിട്ടുള്ളതു്. അവരുടെയിടയിലുള്ള സാമുദായികരഞ്ജിപ്പ് ഭഞ്ജിക്കപ്പെട്ട ഒരൊറ്റ സംഭവവും ബ്രിട്ടീഷ് വാഴ്ചയുടെ ഹരിശ്രീ കുറിക്കുന്നതുവരേയ്ക്കും ഇവിടെയുണ്ടായിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥമാത്രമാണ്. ബ്രിട്ടീഷ് ഭരണം സ്ഥാപിതമാകുന്നതിനുമുമ്പ് നാട്ടിൽ യുദ്ധങ്ങളോ, കലഹങ്ങളോ നടന്നിട്ടില്ലെന്നല്ല ഇവിടെ വിവക്ഷ. രാഷ്ട്രീയമായ ഉദ്ദേശത്തോടെ ഹിന്ദുമുസ്ലിം രാജാക്കന്മാർ തമ്മിൽ സമരം നടന്നിട്ടുണ്ടെങ്കിൽ അതേ ഉദ്ദേശത്തോടെ മുസ്ലിം രാജാക്കന്മാർ തമ്മിലും പോരാടീട്ടുണ്ട്. ഇബ്രാഹീം ലോഡിയെ പരാജയപ്പെടുത്തീട്ടാണ് ബാബർ മുഗൾ സാമ്രാജ്യത്തിനു് തറക്കല്ലിട്ടതു്. ഘസനീ മുഹമ്മദ് സോമനാഥക്ഷേത്രം കൊള്ളയടിച്ചിട്ടുണ്ടെങ്കിൽ (ഈ സംഭവത്തെതന്നേയും ചില ചരിത്രകാരന്മാർ നിഷേധിച്ചിട്ടുണ്ട്) ഷാജഹാന്റെ മയൂരസിംഹാസനം നാദിർഷാ അപഹരിച്ച് പേർഷ്യയിലേക്ക് കടത്തിവിട്ടിട്ടുണ്ട്. ഹിന്ദുരാജാക്കന്മാരോട് യുദ്ധം ചെയ്ത അറംഗസീബ് മുസ്ലിം രാജ്യങ്ങളായ ബിജാപ്പൂരിനേയും ഗോൾക്കൊണ്ടയേയും ആക്രമിക്കാതിരുന്നിട്ടില്ല. മേൽ പറഞ്ഞ പോരാട്ടങ്ങളൊന്നും സാമുദായികമോ മതപരമോ ആയിരുന്നില്ലെന്ന് തീർച്ചയാണ്. അത്തരം സമരങ്ങൾ സാമാന്യജനങ്ങളെ ബാധിക്കയോ, അവമൂലം സാമുദായികമൈത്രിക്ക് ഉലച്ചിൽ തട്ടുകയോ ചെയ്തിരുന്നില്ല. അങ്ങനെ ശാശ്വതമായി നിലനിന്നുപോരുന്ന സാമുദായികൈക്യത്തിന്റെ പ്രശാന്തമായ അന്തരീക്ഷത്തെ താറുമാറാക്കിത്തീർത്താൽ മാത്രമേ തങ്ങളുടെ ആധിപത്യത്തിന്റെ വിജയവൈജയന്തി പറത്തുക സാദ്ധ്യമാകൂ എന്നു് മനസ്സിലാക്കിയ ആംഗല തന്ത്രജ്ഞന്മാർ ഇവിടെ വിഭിന്നതയുടെ വിത്തുവിതയ്ക്കുവാൻ ഒട്ടും താമസിച്ചില്ല. അതു് അചിരേണ തഴച്ചുവളർന്നതിന്റെ ഫലമായി നാട്ടിൽ കൂടെക്കൂടെ വമ്പിച്ച തോതിൽ സാമുദായിക കലാപങ്ങൾ നടക്കുകയുണ്ടായി. സ്വാതന്ത്ര്യലബ്ധിക്കു് വിലങ്ങുതടിയായി നിന്ന ഈ അനൈക്യത്തിന്റെ മൂലകാരണം ഗ്രഹിച്ച ദേശീയനേതാക്കൾ സാമുദായികൈക്യത്തിനായി ഭാരതീയരെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അതിനുവേണ്ടി സാഹിത്യത്തിലൂടെ കാഹളം മുഴക്കുവാൻ ആദ്യമായി മുമ്പോട്ടുവന്നതു് മഹാകവികളായ ടാഗൂറും ഇഖ്ബാലുമാണ്. കേരളത്തെ സംബന്ധിച്ചേടത്തോളം ആ ദേശീയബോധം മഹാകവി വള്ളത്തോളിനു് മാത്രമേ ഉണ്ടായിട്ടുള്ളൂ. മഹാകവി കുമാരനാശാന്റെ വീക്ഷണം ഈ വിഷയത്തിൽ അത്രതന്നെ ഉദാരമോ വിശാലമോ ആയിരുന്നില്ലെന്നു തോന്നുന്നു. § 'ദുരവസ്ഥ'യിലെ ചില വരികൾ നോക്കുക.

ക്രൂരമഹമ്മദർ ചിന്തുന്ന ഹൈന്ദവ—
ച്ചോരയാൽ ചോന്നെഴും 'ഏറനാട്ടിൽ'

* * * *

ഭള്ളാർന്നദ്ദുഷ്ടമഹമ്മദന്മാർ കേറി—
ക്കൊള്ളയിട്ടാർത്തഹോ, തീകൊളുത്തി.

* * * *

കൊള്ളക്കാരൊട്ടാളെ വെട്ടിക്കൊലചെയ്യും
അള്ളാമതത്തിൽ പിടിച്ചുചേർത്തും

* * * *

ദുഷ്ടമഹമ്മദരാക്ഷസന്മാർ

* * * *

---

§ 1921—ലെ മലബാർ ലഹള ഒരു സാമുദായിക കലാപമായിരുന്നില്ല. വൈദേശികാധിപത്യത്തിന്റെ കിരാതമർദ്ദനം മൂർദ്ധന്യത്തിലെത്തിയപ്പോൾ പൊറുതിമുട്ടിയ കർഷക ലക്ഷങ്ങൾ ഗത്യന്തരമില്ലാതെ നടത്തിയ സ്വാതന്ത്ര്യ സമരമായിരുന്നു അതു്. പ്രസ്തുത കലാപം ഹേതുവായി മുസ്ലിംകളെ പ്പോലെ ഹിന്ദുക്കളും ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. സമരം നാനാഭാഗത്തും ആളിപ്പടർന്നപ്പോൾ ബ്രിട്ടീഷ് ഗവമെണ്ടിന്റെ ഒറ്റുകാരെന്നു സംശയിക്കപ്പെട്ട ഹിന്ദുക്കളെ മാത്രമല്ല മുസ്ലിംകളേയും ലഹളക്കാർ കൊന്നൊടുക്കിയിട്ടുണ്ട്. ഹിന്ദുക്കൾക്കു് മുസ്ലിംകളും മുസ്ലിംകൾക്കു് ഹിന്ദുക്കളും അഭയം നൽകിയ സംഭവങ്ങളും അനേകമുണ്ട്. അത്തരം വസ്തുതകൾ അമുസ്ലിം ഗ്രന്ഥകർത്താക്കൾതന്നെ രേഖപ്പെടുത്തിയിട്ടുള്ളതു് ഇവിടെ പ്രസ്താവയോഗ്യമാണ്.

ആശാൻകവിയുടെ വിമതവിദ്വേഷത്തിന്റെ ഉഗ്രത ഗ്രഹിക്കാൻ ഇത്രയും വരികയും ധാരാളം മതി. ഇത്തരം കൃതികളും മൂലം നാട്ടിൽ കലാപങ്ങളും പുതുതായി ഉൽഘോഷിച്ചില്ലെങ്കിലേ അത്ഭുതമുള്ള. പരമതവിദ്വേഷത്തിന്റെ ചെന്തീയിൽ ഒരന്യസമുദായത്തെയിട്ട് ദഹിപ്പിച്ച് അതിന്റെ ചാരംകൊണ്ട് സ്വസമുദായവൃക്ഷത്തിനു് വളം ചേർക്കുവാനൊരുമ്പെടുന്ന 'ദുരവസ്ഥ'യിലേയ്ക്ക് ആശാനെപ്പോലുള്ള ഒരു മഹാകവിതാണിറങ്ങുക ശോചനീയംതന്നെ. ഈ ചിത്രം അരികിൽവച്ചുകൊണ്ട് മഹാകവി വള്ളത്തോളിന്റെ കൃതികളും പരിശോധിക്കുമ്പോഴാണു് അദ്ദേഹത്തിന്റെ വിശാലമനസ്കതയും മതസഹിഷ്ണുതയും ഇതര മതാചാര്യന്മാരോടുള്ള സമാദരവും സർവ്വസമുദായമൈത്രിക്കായുള്ള അടങ്ങാത്ത അഭിവാഞ്ഛയും സുതരാം വ്യക്തമാവുക.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകുന്നതിനു് പ്രതിബന്ധമായി ഹിന്ദുമുസ്ലിം പോരാട്ടങ്ങളെ പൊക്കിക്കാണിക്കുന്നവർക്ക് വള്ളത്തോളം നൽകുന്ന മറുപടി എത്ര സമുചിതമായിരിക്കുന്നു!

> ജാതിമതാദിവഴക്കൊരുനാടിനെ
> സ്വാതന്ത്ര്യലബ്ധിയ്ക്കനർഹമാക്കീടുമോ?
> സോദരർ തമ്മിലെപ്പോരൊരു പോരല്ല,
> സൗഹൃദത്തിന്റെ കലങ്ങി മറിയലാം.

മാതൃമോ? മാതൃഭൂമിയുടെ ഈ വലമിടംകൈകളും പരസ്പരം പൊരുതി ചിന്തുന്ന ചെഞ്ചോരയിൽപ്പോലും മഹാകവി, ആസന്നമായ സ്വാതന്ത്ര്യോദയത്തിന്റെ തുടിപ്പുകാണുന്നു. ഇത്രയുംകൊണ്ട് വള്ളത്തോളുടെ തൃപ്തിയടയുന്നില്ല. ആംഗ്ലേയ ചരിത്രകാരന്മാർ ഇസ്ലാംമത പ്രവാചകനായ മുഹമ്മദു് നബിയെയും മുസ്ലിംരാജാക്കന്മാരേയും നീചന്മാരും ദുഷ്ടന്മാരുമായി ചിത്രീകരിച്ചെഴുതിയ കല്പിതകഥകളുംവഴി അമുസ്ലിംകളുംവെച്ചു പുലർത്തുന്ന തെറ്റിദ്ധാരണകളും അകറ്റുന്നതിനു് മുസ്ലിം ഇതിവൃത്തങ്ങളും സ്വീകരിച്ചുകൊണ്ട് വിരചിച്ച കവിതകളിൽ, നബിയുടെ മഹത്വം, സ്വഭാവവൈശിഷ്ട്യം, ധീരത, ക്ഷമ, മുസ്ലിം ചക്രവർത്തിമാരുടെ നീതിനിഷ്ഠ, ദീനാനുകമ്പ തുടങ്ങിയ സദ്ഗുണങ്ങളെ അദ്ദേഹം വർണ്ണിക്കുകൂടി ചെയ്യുന്നു.

ഒരുയാത്രയിൽ നിന്നും മദീനയിലേക്ക് തിരിച്ചുപോരുന്ന മുഹമ്മദു് നബി ഉഷ്ണാധിക്യംകൊണ്ട് ക്ഷീണിച്ച് ഒരു മരത്തണലിൽ വിശ്രമിക്കുമ്പോൾ അവിടത്തെ വധിക്കാൻ ഒരു ശത്രു ചെയ്യുന്ന വൃഥാശ്രമത്തെ വർണ്ണിക്കുന്നതാണു് 'അല്ലാഹ്' എന്ന കവിത. അവിടെ ലോകത്തിന്റെ ഇരുട്ടകറ്റുവാൻ ഭൂമിയിലുദിച്ച സൂര്യനായിട്ടാണു് നബിയെ കവി കാണുന്നതു്.

> ചിരപ്രവൃദ്ധമാം തമസ്സകറ്റുവാൻ
> ധരയിലേയ്ക്കുദിച്ച സൂര്യൻ
> ദിവി നിർത്തപ്പെട്ട പുരാണസൂര്യനാൽ
> വിവിക്തമാംപഥി തപിപ്പിയ്ക്കപ്പെട്ട.

വൃക്ഷത്തണലിൽ വിശ്രമിക്കുന്ന നബിയെ സംസാരോഗ്രജ്വരത്തെ പിന്നിട്ട ചിദേകാനന്ദത്തിൽ ലീനനായ മുനിയായി സങ്കല്പിക്കുന്നതിനു് തന്റെ മതവിശ്വാസം വള്ളത്തോളിനു് പ്രതിബന്ധമാകുന്നില്ല. നബിയുടെ സമീപത്തേയ്ക്കടുക്കുന്ന ആ ദുഷ്ടന്റെ മുന്നിൽ കവിതന്നെ നാടകീയമായി പ്രത്യക്ഷപ്പെട്ടുകൊണ്ട് തടയുകയാണു്.

> അരുത,ടുത്തിടായ്കെ,ദേ ദുഷ്ടാ; നീയേ—
> തിരുമെയ്ക്കുഴിയിൽനിന്നെഴുനേറ്റുവന്നൂ?
> നരകാർഹൻ നീ,യിഹ്ലോകസന്നിധിയോ,
> മരുഭൂവായാലും മഹനീയസ്വർഗ്ഗം!
>
> അകന്നൊഴിഞ്ഞുപോ;—കഴുകുനീർനീ,യി—
> ബ്ഭഗവന്മൂർത്തിയോ പരിശുദ്ധതീർത്ഥം;
> ദുരഹങ്കാരംനീ,യിതോ,ശാന്തിഗ്രഹം;
> അറുകപടം നീ,യിതോ, സാക്ഷാൽസ്സത്യം!

മതപ്രബോധനത്തിന്റെ ആരംഭദശയിൽ നബിയുടെ ശിരസ്സടിക്കുവാൻ, ഊരിയ വാളോടെ പുറപ്പെട്ട ഖുറൈഷീവീരനായ ഉമർ, ഒടുവിൽ അവിടത്തെ വിനീതശിഷ്യനായി പരിണമിച്ച സംഭവമാണു് 'ജാതകംതിരുത്തി' എന്ന കവിതയിൽ ചിത്രീകരിച്ചിട്ടുള്ളതു്. കോപാവിഷ്ടനായ ഉമറിന്റെ മുമ്പിൽ കവി പാഞ്ഞെത്തി അദ്ദേഹത്തെ സമാധാനിപ്പിക്കുവാൻ ശ്രമിക്കുന്നു.

> സ്തുതിച്ചുകൊണ്ടേതൊരുകണുസീമ്നിതേ—
> നതിർന്നനീലോല്പലമാലചാർത്തണം,
> അതിങ്കലിപ്പാമ്പെതിർവായ്മയക്കുവാൻ
> മതിർന്നുവല്ലോ മുഴുപാപിപോലെ നീ!
>
> അഹർമ്മുഖപ്പൊൻകതിർപോലെപോന്നവൻ
> മുഹമ്മദ;—പ്പേരിനിതാ,നമശ്ശതം
> സഹസ്രവാളായതമിസ്രരേഖ,യാ—
> മഹസ്സിനെത്രുണ്ട?തുമോർപ്പതില്ലനീ!

തുടർന്നു് കവി ചോദിക്കുന്നു—:

> അതല്ല; തൈന്തു നബിക്കു ജീവനാ—
> മുതം മുതക്കായിഹ കൊണ്ടുവന്നതോ?
> മതസ്ഥിതൻ നിന്നൊട്ട സത്യമൂർത്തിതൻ
> സ്വതന്ത്രസന്ദേശമുരച്ചിടുന്നതോ?
>
> ഫലം പെറും പാരിതെവന്റെ തോട്ടമു—
> ജ്ജ്വലർക്ഷമാം വാനമെവന്റെ പൂവനം
> അലംഘ്യഭ്രമാവവനേ, ദുഗ്ധം തവാ—
> വലംബമെന്നൊന്നരചെയ്തുപോയതോ?

* * * * *

> 'ഒഴുക്കിടെല്ലാ സമസ്തഷ്ടുരക്തമെ'—
> ന്നഴുക്കറുംമാറരുൾ ചെയ്തവന്റെതാൻ
> കഴുത്തിൽനിന്നാകണമോ, സുവിഭ്രമം
> മുഴുത്തനിൻവാളിനു് കുങ്കുമാർപ്പണം?

ഈ മഹത്തായ ഉപദേശങ്ങളം ചെവിക്കൊള്ളാതെ ഉമർ ഉഴറിഗ്രമിച്ചപ്പോഴം കവി പറയുകയാണ്:

പെരുത്തുനൂറാണ്ടിനിടയ്ക്കോരിയ്ക്കലീ
മരുപ്പറമ്പാമുലകത്തിലീശ്വരൻ
ഒരുറവുക്ഷത്തെ നട്ടന്നു, പാന്ഥരായ്
വരുന്നവർക്കുത്തമവിശ്രമത്തിനായ്;
ഭൂശാഭിമാനാലവരോ, കൃതഘ്നരാ—
സ്സശാഖിതൻനേർക്കു കോരിവെയ്ക്കുയായ്:
നിശാതമയ്യോ, തവ തൃഷ്ണ, ക്രിസ്തുവിൻ
പ്രശാന്തരക്തത്തെ നകർന്നലോകമേ!

ഒരവസരത്തിൽ ശത്രുക്കളം നബിതിരുമേനിയുടെ ശിരസ്സിൽ മണ്ണുവാരിയിട്ട സംഭവത്തെ വർണ്ണിക്കുന്ന ''പാംസുസ്നാന''മെന്ന കൃതിയിൽ നബിയുടെ മതപ്രബോധനവേളയിൽ അറബികളിലുണ്ടായിരുന്ന അന്ധവിശ്വാസം, ദുരാചാരം, ദുരഭിമാനം, ദുഷ്കൃത്യം തുടങ്ങിയവയേയും അവിടത്തെ ആത്മസ്ഥൈര്യത്തേയും കുറഞ്ഞ വരികളിൽ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്.

പെട്ടെന്നു പാർശ്വങ്ങളിൽ നിന്നു—ഹാ, ഹാ,—
മൺകോരിയിട്ടാർ ചില മൂഷ്കരന്മാർ
കൃതജ്ഞരെങ്കിൽക്കനകാഭിഷേകം
ചെയ്യേണ്ടതാമിഗ്ഗുരുവിൻ ശിരസ്സിൽ!
രജസ്സമോദോഷമകറ്റി നാട്ടിൽ
സത്വം പരത്തുന്നൊരു സത്യവാനെ
രജസ്സുവർഷിച്ചു നിറം കെടുത്താ—
നൊരുങ്ങിപോൽ മർത്ത്യകുലേ പിറന്നോർ!
മറെറന്തു മന്നിൻ നിഴൽപൂകി ചന്ദ്രൻ;
പാഴ്മഞ്ഞിനാൽ പ്രാവൃതമായ് പ്രഭാതം;
മിഥ്യാപവാദത്തിൽ മറഞ്ഞു സത്യ—
മവിദ്യതൻ മൂടലിലായ് വിബോധം!

ആമൂർദ്ധപാദം പൊടിപുരണ്ട പിതാവിനെ കളിപ്പിക്കുമ്പോഴം ദുഃഖംകൊണ്ട് കേണുതുടങ്ങിയ പുത്രിയെ നബി ആശ്വസിപ്പിക്കുന്നു.

നിന്നച്ഛനെക്കാത്തരുളാതിരിയ്ക്കി—
ല്ലുള്ളാവു, പാഴിൽക്കരയായ്ക കുഞ്ഞേ!

ഇസ്ലാംമതപ്രവാചകന്റെ ഗുണഗണങ്ങളെ ഇങ്ങിനെ മതിതോന്നാതെ പ്രകീർത്തിച്ച മറെറാരു അമുസ്ലീംകവി ഭാരതത്തിലുണ്ടോ എന്നു സംശയമാണ്.

പാശ്ചാത്യ ചരിത്രകാരന്മാർ ഇന്ത്യയിലെ മുസ്ലിം രാജാക്കന്മാരെ പരമതവിദ്വേഷികളും, വിഷയലമ്പടന്മാരും നീചരുമായിട്ടാണല്ലൊ ചിത്രീകരിച്ചിരിക്കുന്നത്. അവരുടെ കല്പിത കഥകളുടെ പൊള്ളത്തരം തുറന്നു കാട്ടുവാൻ പ്രജാവത്സലനും ദീനബന്ധുവുമായ ഒരു മുഗം ചക്രവർത്തിയെ അവതരിപ്പിക്കയാണ് 'ഭാരതസ്ത്രീകം തൻ ഭാവശുദ്ധി' എന്ന കവിതയിലൂടെ വള്ളത്തോം ചെയ്യുന്നത്. തന്റെ ഉന്നതിപ്രാപ്തിക്കുവേണ്ടി എന്തു ചെയ്യുവാനും മടിക്കാത്ത ഉസ്മാൻഖാൻ എന്ന സേനാനി, ഒരു ഹിന്ദുതരുണിയെ പറഞ്ഞു പാട്ടിലാക്കി ഹുമയൂൺ ചക്രവർത്തിയുടെ മുമ്പിൽ കാണിക്കവെക്കുന്നു. പ്രഥമദർശനത്തിൽ അവളുടെ സൗന്ദര്യാതിരേകത്തിൽ ചക്രവർത്തി ആകൃഷ്ടനായിത്തീർന്നുവെങ്കിലും നീതിനിഷ്ഠനായ അദ്ദേഹം ശാന്തഭാവത്തോടെ,

ഭദ്രേ, ഭവതിയ്ക്കു സമ്മതം താനല്പീ
ഭർത്തനാമെന്നുടെ ദേവീപദം?

എന്നു അവളോട് ചോദിക്കുന്നു. താൻ കന്യകയല്ല; കാന്തൻ തന്റെ പ്രാണനാണു, അപ്രീതി തോന്നരുതു എന്നു തൊഴുകൈയുമായി സങ്കോചത്തോടെ സഗദ്ഗദം അവം ഉണർത്തിയപ്പോഴേയ്ക്കും ചക്രവർത്തിയുടെ ഭാവം പെട്ടെന്നു മാറുകയാണു.

ആരങ്ങി; വനെ—യീമൽപ്രജാദ്രോഹിയെ—
ക്കാരാഗൃഹത്തിലടച്ചിടട്ടേ!

എന്നു ഗർജ്ജിച്ചുകൊണ്ടു

മങ്കേ, കരയായ്ക മാലോകർകണ്ണീ,രെൻ
ചെങ്കോലിതാഴിയിലേയ്ക്കൊഴുക്കും!
മാപ്പിളമാർ ചെയ്ത തെറ്റുമറന്നു നീ
മാപ്പീ ഹുമയൂണിന്നേകിയാലും!
ഇപ്പോഴേ നമ്മുടെ പല്ലക്കുകാർനിന്നെ—
ത്തൽഭർത്തൃമന്ദിരം പ്രാപിപ്പിക്കും.
എന്നനുജത്തി

നീ സൗഖ്യമായ്വാണാലും— എന്നു ആ സാധ്വിയെ ആശ്വസിപ്പിച്ചു അമൂല്യമായ ഒരു രത്നഹാരം ഊരിയെടുത്തു ഒരു പിതാവു പുത്രിയുടെ കഴുത്തിലെന്നവണ്ണം അവളുടെ കണ്ഠത്തിൽ അദ്ദേഹം ചാർത്തുകയുണ്ടായി. ഹുമയൂണിന്റെ പല വിശിഷ്ടഗുണങ്ങളും ഇവിടെ കവി സൂചിപ്പിക്കുന്നു. പ്രജകളുടെ കണ്ണുനീർ തന്റെ ചെങ്കോലിനെ കടലിലേയ്ക്കൊഴുക്കുമെന്നു വിശ്വസിക്കുന്ന അദ്ദേഹം സ്വന്തം ഭടന്മാർ ചെയ്ത കുറ്റത്തിനു ഒരു സ്ത്രീയോട് മാപ്പപേക്ഷിക്കുകയാണു. എന്തൊരു നീതിനിഷ്ഠ—എന്തൊരുവിനയം. ദേവാലയത്തിൽ നിന്നും ഭർത്തൃഗൃഹത്തിലേക്കു തിരിച്ചുചെല്ലുന്ന തന്നെ, വഞ്ചനയിലൂടെ രാജധാനിയിലെത്തിച്ചു ചക്രവർത്തിക്കു കാഴ്ചവച്ച നീചനായ ഉസ്മാൻഖാന്റെ കുറ്റം പൊറുക്കുവാൻ ചക്രവത്തിയോടഭ്യർത്ഥിക്കുന്ന ആ സുന്ദരിയുടെ ഭാവശുദ്ധി ശ്ലാഘനീയംതന്നെ. എങ്കിലും ഈ കഥയിൽ നമ്മുടെ ഹൃദയത്തെ കൂടുതൽ ആകർഷിക്കുന്നതു ഹുമയൂണിന്റെ ഉൽകൃഷ്ടസ്വഭാവമാണു. സ്ത്രീജനങ്ങളെ എന്നും എവിടേയും ആദരിക്കുക പതിവുള്ള വള്ളത്തോം, ഹുയൂമണിന്റെ ഹൃദയത്തിൽ ഭാരതസ്ത്രീകളെക്കുറിച്ചു തോന്നിയിരിക്കാവുന്ന മതിപ്പിനെതന്നെ പ്രസ്തുത

കവിതയുടെ ശീർഷകമായി സ്വീകരിച്ചുവെന്നേയുള്ളൂ. അതിലും ഹൃദയംഗമമായ സ്ഥിതി സ്ഥിരീകരിക്കുന്നുണ്ടെന്നു് പറഞ്ഞാൽ തെറ്റില്ല.

മുസ്ലിം സമുദായത്തിലെ രണ്ടു് ഉത്തമസ്ത്രീകളുടെ ചിത്രങ്ങൾ കൂടി വള്ളത്തോൾ വരച്ചു് കാട്ടീട്ടുണ്ടു്. മുൻപു് പ്രസ്താവിച്ച 'ജാതകം തിരുത്തി' എന്ന കവിതയിലെ ഒരു കഥാപാത്രമായ ഫാത്തിമയാണു് ഒന്നു്.

മുഹമ്മദു് നബിയെ വധിക്കാൻ വെമ്പി നടക്കുന്ന ഉമറിന്റെ കാതിൽ യാദൃച്ഛികമായി ഖുർആൻ പാരായണത്തിന്റെ മധുരധ്വനി വന്നലയ്ക്കുകയാണു്—തന്നിമിത്തം.

തുടർന്നുപോയ്തന്നളിയന്റെ വീട്ടിലും
സ്ഫുടംഖുറാൻവായനയെന്നുകണ്ടുടൻ
വിടർന്നകണ്ണാൽച്ചുടുതിയ്യതിർത്തു—

കൊണ്ടു കരാളസ്വരൂപനായി അദ്ദേഹം അങ്ങോട്ടുകടന്നപ്പോൾ അളിയൻ ഭയപ്പെട്ടു് മിഴിച്ചുനിന്നുപോയെങ്കിലും,

പുരസ്ത്രിയാം ഫാത്തിമ, പുണ്യശീലയാം
ഒരൻപെഴും പുഞ്ചിരിയായ പൂവിനാൽ
പുരസ്ഥനാം മൃത്യുവിനർച്ചനൽകിനാൾ—

ആ തരുണീമണിയുടെ അപ്പോഴത്തെസ്ഥിതിയോ,

വളം മനോജ്ഞനരുളുന്ന യൗവന—
പ്പുളപ്പിലും ശാന്തതപൂണ്ടതെന്മുഖം
മിളൽസ്മരോമാഞ്ചകപോലപാളിയായ്
വിളങ്ങി, വേദശ്രവണോത്ഥഭക്തിയാൽ.

ഒട്ടും താമസിയാതെ അളിയന്റെ നേർക്കു് ഉമർ ഖഡ്ഗം പ്രയോഗിച്ചപ്പോൾ അതിൽ നിന്നും ഭർത്താവിനെ രക്ഷിപ്പാൻ ധീരയായ ഫാത്തിമ ഇടയ്ക്കു് ചാടിത്തടുത്തതിൽ അവളുടെ പൊൻപൂമെയ്യിനു് മുറിയേറ്റു് രക്തം പ്രവഹിച്ചു. എന്നാലോ,

ക്ഷീണം മെയ്യുംമനസ്സുംഘ്നണയുണരുമമാ—
ക്സ്രുപാതക്ഷണത്തിൽ,
കാണപ്പെട്ടീല സാധ്വിയ്ക്കുഴകുയമുഖ—
ത്തല്പവും ഭാവഭേദം ;
പ്രാണൻപോയാലുമിസ്ലാംമതമിതുവെടിയാ
ഞങ്ങളെന്നാത്മമണിപ്പൊൻ
വീണയ്ക്കൊരു സ്വരത്തോടവം, സഹജനതാ
മറൈാരാളായ്ച്ചമഞ്ഞൂ!

മുറിപറ്റിയതു ഫാത്തിമയുടെ മുഖത്താണെങ്കിലും, ക്ഷീണം ബാധിച്ചതു് ഉമറിന്റെ ഉടലിനും മനസ്സിനുമാണു്. മറിച്ചു് ഫാത്തിമയ്ക്കു യാതൊരു ഭാവഭേദവും ഉണ്ടായില്ല. മാത്രമല്ല, ''പ്രാണൻ പോയാലും ഞങ്ങൾ ഇസ്ലാംമതം വെടിയുകയില്ലെ''ന്നു ഉഗ്രമൂർത്തിയായ സ്വന്തം സഹോദരന്റെ മുഖത്തുനോക്കി ദൃഢസ്വരത്തിൽ അവൾ പ്രഖ്യാപിക്കുകൂടി ചെയ്യുന്നു. ആ ധീരവചനം ഉമറിന്റെ കണ്ണു തുറപ്പിച്ചു. അദ്ദേഹം ഉടനെ ക്ഷമാപണം ചെയ്തു് സഹോദരിയുടെ പക്കൽ നിന്നു ഖുർആൻ വാങ്ങി വായിക്കയും അതിൽ ആകൃഷ്ടനായി ഇസ്ലാംമതം സ്വീകരിക്കയും നബിയുടെ സന്നിധിയിൽ ചെന്നു് അവിടുത്തെ ഭക്തനായിത്തീരുകയും ചെയ്യുന്നു. ഉമറിന്റെ ജാതകം തിരുത്തിയ ഫാത്തിമയെ ഒരു ധീരവനിതയായി ഈ കവിതയിൽ ചിത്രീകരിച്ച വള്ളത്തോൾ 'സന്ധ്യാപ്രണാമ'ത്തിൽ ദൈവഭക്തയായ ഒരു മാപ്പിളസ്ത്രീയെ അവതരിപ്പിക്കയാണു്.

കോരിക്കുട്ടിയ പാഴ്കരിയ്ക്കിടയിലെ—
ത്തീക്കട്ടയോ, പായലാൽ—
പൂരിച്ചുള്ള ചളിക്കുളത്തിലുളവാം
പൊന്താമരപ്പുഷ്പമോ,
മാരിക്കാറണി ചൂഴമിന്ദുകലയോ
പോലേ, മനോജ്ഞാംഗിയാ—
ളാരിക്കാഞ്ഞൊരിരുണ്ട കൊച്ചുപുരതൻ
കോലായിൽ നിൽക്കുന്നവം?

എങ്ങോജസ്സുതെളിഞ്ഞവിഗ്രഹമതി?—
പ്പാവപ്പെട്ടം മാടമൊ—
ന്നെങ്ങോ? ഹാ, വിധിവല്ല ചേക്കഴിയിലും
പൂഴ്ത്തുന്നു രത്നങ്ങളെ;

ഇങ്ങോട്ടാസ്ഥയൊടെത്തിനോക്കിടവതു—
ണ്ടന്തിസ്സമീരസ്സുരൽ—
ത്തെങ്ങോലപ്പഴുതിങ്കലൂടെ, മറയാൻ
പോകുന്ന മാർത്താണ്ഡനും!

ആ മാപ്പിളത്തരുണിയുടെ വിവിധ ഗുണങ്ങളെ പ്രഥമ പദ്യത്തിൽ മാലോപമമൂലം വ്യഞ്ജിപ്പിച്ച തുകൂടാതെ, മറയാൻ പോകുന്ന മാർത്താണ്ഡൻ കൂടി അവളെ എത്തിനോക്കുന്നതായി പ്രസ്താവിച്ചുകൊണ്ടു് ആസന്നമരണനായ ഒരു വൃദ്ധൻപോലും അവളെയൊന്നു് നോക്കിക്കളയാൻ പ്രേരിതനായിത്തീരത്തക്ക സൗന്ദര്യാതിശയമാണു് അവൾക്കുള്ളതെന്നു് സൂചിപ്പിക്കുന്നു. ഒരു യുവതിയുടെ ലാവണ്യത്തെ ഇതിലും ഭംഗിയായി വർണ്ണിക്കുക സാദ്ധ്യമാണോ? തുടർന്നുള്ള പദ്യങ്ങളിൽ അവളുടെ 'നിസ്സാര'ത്തിലെ നിറുത്തം, കുനിച്ചിൽ, ഇരുത്തം, മന്ത്രോച്ചാരണം, പ്രാർത്ഥന എന്നിവയെ അനുക്രമമായി ചിത്രീകരിച്ചിട്ടുണ്ടു്.

മുസ്ലീംസ്ത്രീകൾ 'നിസ്സാര'ത്തിൽ മുഖമക്കനയും നീളക്കുപ്പായവുമാണു് ധരിക്കുക. കവി ദൂരേനിന്നു് കണ്ടപ്പോൾ അവൾ തലയിലിട്ട തട്ടം തന്നെ കാലോളം നീണ്ടുകിടക്കുന്നതായി തോന്നിയിരിക്കണം. ആ ധാരണയോടെ അവളുടെ ശുഭ്രവേഷത്തെ ഇങ്ങനെ വർണ്ണിക്കുന്നു:—

പൂന്തിങ്കൾപ്പൊളിനെറിചെറുമറയും—
മാറായി നീലാഞ്ജന—
ച്ചാന്തിൻചേലണിവേണിതൻതലയിലി—
ട്ടിട്ടുള്ള ശുഭ്രാംബരം

കാന്തിപ്പെട്ട നിതംബമണ്ഡലമണൽ—
ത്തിട്ടിങ്കലൂടേ മന—
ശ്ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴുകി—
ച്ചുംബിപ്പു കാൽപ്പൂവിനെ.

ആ വെള്ളവസ്ത്രം മനശ്ശാന്തിയുടെ പാൽപ്പുഴയെന്നവണ്ണം മന്ദമായി ഒഴുകി അവളുടെ പദാബ്ജത്തെ ചുംബിക്കുന്നു.

നഗരങ്ങളിലെ പരിഷ്കൃത സ്ത്രീകളും അണിപ്പൂമച്ചിൽ പുതുമോടി ചേർക്കുവാൻ ശ്രമം ചെയ്യുന്ന സന്ധ്യാസമയത്തു് ദൈവധ്യാനത്തിൽ നിമഗ്നയായ ഈ ഗ്രാമീണസ്ത്രീയെ ഒരു തപസ്വിനിയായും അവളുടെ പാഴ്ക്കുടിലിനെ താപസാവസഥമായും കാണുന്ന വള്ളത്തോളിന്റെ വിശാല മനസ്കത ശ്ലാഘ്യാൽ ശ്ലാഘ്യംതന്നെ.

സൗന്ദര്യത്തിനുപോലും അസ്പൃശ്യത കല്പിക്കുന്ന ഇതര കവികളും ഇസ്ലാമിക ചരിത്രങ്ങളുടെ നേക്കു് കണ്ണടച്ചപ്പോഴും അത്തരം അന്ധത തീരേ ബാധിച്ചിട്ടില്ലാത്ത സൗന്ദര്യാരാധകനും സത്യാന്വേഷിയുമായ വള്ളത്തോളും, ഇതരമതങ്ങളിലുള്ള സത്യസൗന്ദര്യങ്ങളെ നുകരുകയും അതു് ഇതരർക്കു് കൂടി പകർന്നു കൊടുക്കയും ചെയ്യുന്നതിൽ ഉൽസുകനായി. അങ്ങനെ 'മശ്ദലനമറിയം' കാവ്യനിർമ്മിതിമൂലം ക്രൈസ്തവ സമുദായത്തിന്റെ എന്നപോലെ മേൽ പ്രസ്താവിച്ച ഇസ്ലാമിക കവിതകളുംവഴി മുസ്ലിം സമുദായത്തിന്റേയും വിശേഷാൽ സ്നേഹാദരങ്ങളും അദ്ദേഹം സമാർജ്ജിച്ചു. പലവഴിക്കും തെറ്റിദ്ധരിക്കപ്പെട്ട ഇസ്ലാമിക ചരിത്രത്തിന്റെ മനോഹാരിതയെ വെളിപ്പെടുത്തിയ മഹാകവി വള്ളത്തോളിനോടു് മുസൽമാന്മാർ എന്നും കൃതജ്ഞരായിരിക്കും.



ഉന്മത്തർപോലീ വലമിടംകയ്യുകൾ
തമ്മിൽപ്പൊരുതിയൊഴുക്കും നിണത്തിലും
മൽപ്രിയരാജ്യത്തിനാസന്നമാകിയ
സുപ്രഭാതത്തിൻ തുടപ്പു കാണുന്നു ഞാൻ!

''നമ്മുടെ മറുപടി''



.. lonely in the corner, unfondled and uncared for. The baby is away at the hospital. Crowding around her bed anxiously are her parents and dear ones. But they are not worried. Because you are there too, doctor! They have full confidence in you, your skill and your judgement.

Doctor, whenever you prescribe medicines you choose only those in which you have full confidence — the very best and the safest that science offers.

We at Pfizer, are proud to have been enjoying your confidence for over a century. The pulsebeat at Pfizer is ever racing towards intenser research, higher quality standards—towards the ultimate in medicine—keeping a tradition that has made Pfizer an internationally trusted name.

Pfizer *Science for the world's well-being*

P1.6J4

With best compliments

of

Pilnar United Corporation

Dealers, Stockists and Order Suppliers

OF

Chemicals, Electricals & Engineering Goods

3-B, Gangadhar Babu Lane,

CALCUTTA-12

★

Telephone:
Office: 34-7982

Telephone:
Residence: 34- 6357

ഏറ്റവും പുതിയ

പി. കെ. ബ്രി. പ്രസിദ്ധീകരണങ്ങൾ

നോവൽ

ആ നിർഭാഗ്യവതി	—	കെ. കേശവമേനോൻ	1—25
ചായക്കോപ്പയിലെ കൊടുങ്കാറ്റ്	—	വി. കെ. അമ്മുണ്ണി	4—50
ജഹാന്നാറാ	—	എം. എൻ. സത്യാർത്ഥി	3—00
നീറുന്ന സ്മരണകൾ	—	എം. എൻ. സത്യാർത്ഥി	3—00
അച്ഛന്റെ ജയം	—	വി. ആർ.	3—00
ആനമറുതി	—	പി. വി. തങ്കപ്പൻപിള്ള	3—00
ഭ്രാന്താസ്പത്രി	—	വി. ടി. നന്ദകുമാർ	2—00

കഥ


ആശ എന്ന തേരോട്ടം	—	വി. ടി. നന്ദകുമാർ	2—00

നിരൂപണം, ഉപന്യാസം.

ഘണ്ടാപഥം	—	ഉള്ളാട്ടിൽഗോവിന്ദൻകുട്ടിനായർ	1—75
പുരോഗതിയും ദാരിദ്ര്യവും	—	ആർ. വിശ്വനാഥൻ	1—25
പൈങ്കിളി	—	കരിമ്പുഴ രാമകൃഷ്ണൻ	1—50
മനഷ്യവംശത്തിന്റെ പുനർനിർമ്മാണം	—	സൊറോക്കിൻ	5—00

പി. കെ. ബ്രദേഴ്സ്

ഫോൺ: 2803 കോഴിക്കോട്.



Famous for fifty seven years

LODHRA is the ideal tonic for Ladies of all ages. For health & happiness, there is no better tonic than Lodhra. Available at all Chemists.





KESARI KUTEERAM PRIVATE LTD.
ROYAPETTAH - MADRAS - 14.

സ്മരണമണ്ഡലം

ആറ്റൂർ

മഹാകവി വള്ളത്തോളും ഞാനുമായിട്ടുള്ള മൈത്രീബന്ധത്തിന് അര നൂറ്റാണ്ടിലധികം കാലത്തെ പഴക്കമുണ്ട്. കൊല്ലവർഷം 1079–80 കാലത്ത് മഹാകവി തൃശ്ശിവപേരൂർ കേരളകല്പദ്രുമം അച്ചുക്കൂടത്തിന്റെ മാനേജരായിരുന്നു. അക്കാലത്താണ് അദ്ദേഹവുമായി ആദ്യം മുഖപരിചയം സിദ്ധിപ്പാൻ എനിയ്ക്കു ഭാഗ്യമുണ്ടായത്. അതിനും അഞ്ചാറു കൊല്ലം മുമ്പുതന്നെ ഞാൻ കൊടുങ്ങല്ലൂരിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് 'സരസദ്രുതകവികിരീടമണി' ശ്രീ കുഞ്ഞുകുട്ടൻതമ്പുരാൻ വഴിയ്ക്ക് അന്നത്തെ ചെറുപ്പക്കാരായ കവികളിൽ തികഞ്ഞ വാസനക്കാരനെന്ന നിലയിൽ വള്ളത്തോളും നാരായണമേനവന്റെ പേർ കേൾക്കുവാൻ എനിയ്ക്കിടയായിട്ടുണ്ട്.

ഒരു കവിതാപരീക്ഷ

ഒരു സംഭവം ഇപ്പോഴും എന്റെ ഉള്ളിൽ മായാതെ കിടക്കുന്നു. അല്പം ആത്മശ്ലാഘാച്ഛായ കലരുമെങ്കിലും അതിവിടെ വിവരിക്കുന്നത് ഉചിതമാണെന്നു തോന്നുന്നു. അക്കാലത്തു് കോഴിക്കോട്ടും കോട്ടയ്ക്കലും തൃശ്ശൂരും കൊടുങ്ങല്ലൂരും മറ്റുമായി ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞുകുട്ടൻതമ്പുരാൻ മുതലായവരുടെ മേൽനോട്ടത്തിൽ പലതരം കവിതാപരീക്ഷകളും നടത്തിവന്നിരുന്നു. ഓരോ വിഷയങ്ങളും കൊടുത്ത് പദ്യസംഖ്യയും നിർണ്ണയിച്ച് കവിതയുണ്ടാക്കിയ്ക്കുക, സമസ്യകൊടുത്ത് പൂരിപ്പിയ്ക്കുക, ഖണ്ഡസമസ്യാപൂരണം എന്നിങ്ങനെയായിരുന്നു ആ പരീക്ഷകളുടെ സമ്പ്രദായം. വിഷയം നിർദ്ദേശിക്കുന്നതുതന്നെ,

''മാറാമ്പല വല കെട്ടിട്ട–
മൂറാമ്പലിയെക്കുറിച്ചു വർണ്ണിപ്പിൻ''

എന്നിങ്ങനെ പദ്യരൂപത്തിലായിരിയ്ക്കും. ഒരു ദിവസം കൊടുങ്ങല്ലൂർ ഭഗവതിയെ തൊഴുത് കുഞ്ഞുകുട്ടൻതമ്പുരാനോടുകൂടി ഞാൻ കോവിലകത്തേയ്ക്കു മടങ്ങുകയായിരുന്നു. അതിനടുത്ത അവസരത്തിൽ കോഴിക്കോട്ടുവച്ചു നടന്ന ഒരു ഖണ്ഡസമസ്യാപൂരണത്തെപ്പറ്റി, നടക്കുന്നതിനിടയിൽ തമ്പുരാൻ പ്രസ്താവിച്ചു. ആ ഖണ്ഡസമസ്യ എന്താണെന്നു്, അറിവാനുള്ള കൗതുകം കൊണ്ട് ഞാൻ ചോദിച്ചു: ''പറയാം'' എന്നു പറഞ്ഞിട്ട്,

''പ്രാസംകൊണ്ടിട്ടുകേഴുന്നിതു....
.....തോറ്റപോ.....പോലെ''

എന്നാണ് എന്നു് അവിടുന്നു ചൊല്ലി. ഞാൻ ഒരു നിമിഷം മനോരാജ്യം വിചാരിച്ചതിനുശേഷം അതിന്റെ പൂരണം എന്താണെന്നു ചോദിച്ചു. ഗുരുനാഥന്മാരായ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർക്കു് ശിഷ്യന്മാരെ ഉപദേശിപ്പാനും പ്രോത്സാഹിപ്പിയ്ക്കാനും സ്വതസ്സിദ്ധമായുള്ള സമ്പ്രദായമനുസരിച്ച് അവിടുന്നിങ്ങനെയാണ് മറുപടി പറഞ്ഞത്: ''താനൊന്നു പൂരിപ്പിയ്ക്കു. അതു കഴിഞ്ഞിട്ടു പറഞ്ഞുതരാം.'' നടക്കുന്നതിനിടയിൽ തന്നെ നാലഞ്ചു മിനിട്ടു കഴിഞ്ഞതിനുശേഷം

''പ്രാസംകൊണ്ടിട്ടു കേഴുന്നിതു കവി,
പടയിൽതോറ്റ പോരാളി പോലെ''

എന്നു ഞാൻ ചൊല്ലി. ''മുഴുവൻ ശരിയായി'' എന്നു പറഞ്ഞിട്ട് തമ്പുരാൻ പലരെക്കൊണ്ടും ഇതു ശരിയാക്കാൻ സാധിച്ചില്ല; വള്ളത്തോൾ നാരായണമേനവൻ മാത്രമാണ് ശരിയായി പൂരിപ്പിച്ചതു്. 'പടയിൽ' എന്നതിനു പകരം 'അടരിൽ' എന്നാണെന്നു മാത്രമേ നാരായണമേനവന്റെ പൂരണത്തിൽ വ്യത്യാസമുള്ളൂ.'' എന്നും പറഞ്ഞു. ആത്മാഭിമാനം കൊണ്ടായിരിക്കാം ഞാനതിനും മറന്നിട്ടില്ല.

തൃശ്ശിവപേരൂർ വച്ചു മുഖപരിചയം സിദ്ധിച്ചതിനു ശേഷം, രണ്ടാളും സാഹിത്യശ്രാന്തന്മാരായതു കൊണ്ടായിരിയ്ക്കും, ഞങ്ങടെ തമ്മിലുള്ള മൈത്രീബന്ധം വളരെ വേഗത്തിൽ മുറുകി. അക്കാലത്ത് വി. സി. ബാലകൃഷ്ണപ്പണിക്കർ, സ്ക്കാർ ഹൈസ്കൂൾ മലയാള പണ്ഡിതർ ഗോവിന്ദനച്ചൻ, വെള്ളാശ്ശേരി നാരായണമേനവൻ, കൃഷ്ണമേനവൻ മുതലായി പല സഹൃദയന്മാരും വൈകുന്നേര സമയത്തു് കേരളകല്പദ്രുമത്തിൽ ഒന്നിച്ചു കൂടി പലതരം സാഹിത്യ ചർച്ചകളും നടത്തിവന്നിരുന്നു. കുഞ്ഞുകുട്ടൻ തമ്പുരാൻ തൃശ്ശിവപേരൂർ ഉണ്ടാകുന്ന അവസരങ്ങളിൽ അവിടന്നും ആ സഹൃദയസമിതിയിൽ സന്നിഹിതനാകാറുണ്ട്. ആയിടയിൽ ഭാരത വിലാസം അച്ചുക്കൂടത്തിൽ ഒരു പരിശോധകന്റെ നിലയിൽ ആ അച്ചുക്കൂടത്തിന്റെ ഉടമസ്ഥനും മാനേജരുമായ ശ്രീ മാളിയമ്മാവു് കുഞ്ഞുവറിയതവർകളും എന്നെയും അവരോധിച്ചുവെച്ചു. അതിനാൽ ഇതിനിടയ്ക്ക് എനിയ്ക്കും ആ സഹൃദയസമിതിയിൽ പങ്കുകൊള്ളുവാൻ ഭാഗ്യം ലഭിച്ചു.

രാമായണതർജ്ജിമ

അങ്ങിനെയിരിയ്ക്കെ വള്ളത്തോളും ഞാനുമായുള്ള ഐക്യത്തിനു കാരണമായ ഒരു സംഭവവും കൂടി ഉണ്ടായി. കുഞ്ഞുകുട്ടൻ തമ്പുരാന്റെ മഹാഭാ

രത തർജ്ജിമ കഴിഞ്ഞ കാലമായിരുന്നു അത്. ഞാൻ തൃശ്ശൂർ താമസത്തിനു വരുന്നതിനു മുമ്പ് ഒന്നൊന്നര മാസത്തോളം സ്വഗൃഹത്തിൽവച്ച് ചികിത്സയിൽ കിടപ്പായിരുന്നു. സമയം പോക്കുന്നതിനു വേണ്ടി ഭാരത തർജ്ജിമ പോലെ വാല്മീകി രാമായണം ഒന്നു തർജ്ജിമ ചെയ്താലെന്താണ് എന്നു് ആലോചിച്ചു. ചികിത്സ കഴിയുന്നതുവരെ ആ തർജ്ജിമ തുടരുകയും ചെയ്തു. തൃശ്ശൂർ താമസം തുടങ്ങിയതിനു ശേഷം ഭാരതവിലാസത്തിൽ വച്ച് ഒരു ദിവസം രാമായണം തർജ്ജിമചെയ്തു വരുന്ന വിവരം യാദൃച്ഛികമായി വെള്ളാശ്ശേൽ നാരായണമേനവനോടു ഞാൻ പറഞ്ഞു. അപ്പോഴും-- ''ഏ, രാമായണം വള്ളത്തോൾ തർജ്ജിമ ചെയ്യുന്നുണ്ടല്ലോ'' എന്നു് വെള്ളാശ്ശേൽ നാരായണമേനവൻ പറയുകയും ആരെങ്കിലും ഒരാൾ തർജ്ജിമ ചെയ്താൽ മതി എന്നു ഞങ്ങൾ നിശ്ചയിക്കുകയും ചെയ്തു. പിന്നെ നാലു ദിവസത്തിനുള്ളിൽ രണ്ടാളുടെ തർജ്ജമയും ചില സഹൃദയന്മാരുടെ സാന്നിദ്ധ്യത്തിൽ വച്ച് കുറെ വായിച്ചു. ഏതായാലും ഒരു തർജ്ജിമ മതി എന്നു് എല്ലാവരും കൂടി തീർച്ചപ്പെടുത്തി. ഞങ്ങൾക്കും അതു പൂർണ്ണസമ്മതമായിരുന്നു. എന്റെ തർജ്ജിമ ബാലകാണ്ഡവും അയോദ്ധ്യാ കാണ്ഡത്തിൽ ആറു സർഗ്ഗവും ആണ് കഴിഞ്ഞിരുന്നതു്. വള്ളത്തോളിന്റെ തർജ്ജിമ അയോദ്ധ്യാകാണ്ഡത്തിൽ എട്ടു സർഗ്ഗംവരെ കഴിഞ്ഞിരുന്നു. ഒടുവിൽ ഞങ്ങൾ രണ്ടാളും കൂടി തന്നെ, വള്ളത്തോളും തർജ്ജിമ ചെയ്താൽ മതിയെന്നു നിശ്ചയിക്കുകയും ചെയ്തു. പിന്നെ പലപ്പോഴും അദ്ദേഹം തന്റെ തർജ്ജിമ എന്നെ ചൊല്ലിക്കേൾപ്പിക്കാറുണ്ടായിരുന്നു.

1081—ഓടക്കുടി കല്പദ്രുമത്തിലെ ഉദ്യോഗം വേണ്ടെന്നുവച്ച് വള്ളത്തോൾ തൃശ്ശിവപേരൂർ നിന്നു് സ്ഥിരതാമസം മാറ്റി. എങ്കിലും ഞാൻ തിരുവനന്തപുരത്തേയ്ക്കു പോകുന്നതുവരെ ഞങ്ങൾ തമ്മിൽ ഇടയ്ക്കിടയ്ക്ക് കാണാനും പല വിഷയങ്ങളെപ്പറ്റിയും സംഭാഷണം ചെയ്യുവാനും ഇടയായിട്ടുണ്ട്.

കലാമണ്ഡലം

പിന്നെ ഇരുപത്തിനാലു സംവത്സരത്തോളം എന്റെ സ്ഥിരതാമസം തിരുവനന്തപുരത്തായതുകൊണ്ട് ഞങ്ങൾ തമ്മിൽ കാണുന്നതു് ദുർല്ലഭമായിത്തീർന്നു. ഉദ്യോഗം അവസാനിപ്പിച്ച് എന്റെ താമസം വീണ്ടും തൃശ്ശിവപേരൂരായതിനു ശേഷമാണ് ഞങ്ങൾ തമ്മിൽ കാണാനിടയായതു്. കേരളത്തിന്റെ യശ്ശസ്സ് ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലെന്നു മാത്രമല്ല ലോകം മുഴുവൻ തന്നെയും വ്യാപിപ്പിക്കുന്നതിനു നിമിത്തമായിതീർത്തക്കവിധം മഹാകവി കലാമണ്ഡലം സ്ഥാപിച്ചതും പലതരത്തിലും അതിനെ പുഷ്ടിപ്പെടുത്തി വന്നതും അക്കാലത്തിനിടയിലായിരുന്നു. അന്നത്തെ കലാമണ്ഡലത്തിന്റെ സ്ഥാപനം മുളകുന്നത്തുകാവിന്നടുത്തുള്ള അമ്പലപുരത്തായിരുന്നതിനാൽ ഞങ്ങൾക്കു തമ്മിൽ കാണുവാൻ അവസരം സിദ്ധിച്ചു.

അതിന്നിടയിലാണ് ശാകുന്തളം തർജ്ജിമകളുടെ പുറപ്പാട്. ശാകുന്തളത്തിലെ പദ്യങ്ങളെല്ലാം തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സിനെ ആ നാടകം പഠിപ്പിക്കുന്നതിനു മുമ്പ തന്നെ ഞാൻ തർജ്ജിമ ചെയ്തുവെച്ചിരുന്നു. ചൂണ്ടികാഭാഗങ്ങൾ തർജ്ജിമ ചെയ്തതും തീപ്പണി കഴിച്ചുവച്ചിരുന്ന പദ്യങ്ങളുടെ രാകുപണിയും കഴിച്ച അച്ചടിപ്പിച്ചതും തൃശ്ശിവപേരൂർ വന്നതിനു ശേഷമാണ്. രാമായണം തർജ്ജമ പോലെ ശാകുന്തളം തർജ്ജിമകളും പരസ്പരം അറിയാതെയാണ് ചെയ്തിട്ടുള്ളതു്. എന്തൊരു തലയിലെഴുത്താണിതെന്നു് ഇപ്പോഴും മനസ്സിലായിട്ടില്ല.

ഏതായാലും ആ തർജ്ജിമകളെപ്പറ്റി രണ്ടു കക്ഷികളായി പലരും വിവാദങ്ങളും മുഴക്കിയെങ്കിലും ഞങ്ങൾ തമ്മിൽ ആത്മാർത്ഥമായുള്ള മൈത്രി അതുകൊണ്ടും വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളതു്. പിന്നെ സാഹിത്യപരിഷത്തിന്റെ പലയോഗങ്ങളിലും ഞങ്ങൾക്കു് ഒരുമിച്ച് പങ്കെടുക്കാനും സ്നേഹബന്ധം ശിഥിലമാകാതെ പുലർത്തിപ്പോരാനും ഈശ്വരൻ സംഗതി വരുത്തീട്ടുണ്ട്. കേരളത്തിൽ പിറന്നിട്ടുള്ള പുണ്യാത്മാക്കളിൽ ഏറ്റവും പ്രധാനമായ ഒരു സ്ഥാനം വഹിച്ച യശശ്ശരീരനായിത്തീർന്നിട്ടുള്ള ആ അഭിവന്ദ്യ സുഹൃത്തിനു് ഈ വിനീതമിത്രത്തിന്റെ സാഷ്ടാംഗനമസ്കാരം.

വള്ളത്തോൾ—ഒരനുസ്മരണം —കെ വി എം.

കേരളത്തിലെ സാഹിത്യനഭോമണ്ഡലത്തിൽ ഉജ്വലകാന്തിയോടുകൂടി പ്രകാശിച്ചിരുന്ന വെള്ളിനക്ഷത്രമായ വള്ളത്തോൾ ഇങ്ങിനി വരാതവണ്ണം അന്തർദ്ധാനം ചെയ്തതിൽ ശോകാവേശത്തോടൊപ്പം പല പല സ്മരണകളും എന്റെ ഹൃദയത്തിൽ പൊങ്ങിവരുന്നുണ്ട്. ഞാൻ മഹാകവിയുമായി പരിചയപ്പെട്ടിട്ട് അര നൂറ്റാണ്ടിലധികം കാലമായി. കൊല്ലം ആയിരത്തി എഴുപത്തി ഒൻപതിലാണെന്നു തോന്നുന്നു, വള്ളത്തോളിന്റെ മൂലസ്ഥാനമായ മംഗലത്തു കോഴിപ്പറമ്പിൽ തറവാട്ടിൽ വച്ചു, വള്ളത്തോൾ കുടുംബക്കാർ ഉത്സാഹപൂർവ്വം സ്ഥാപിച്ചു നടത്തിവന്ന 'പരിഷ്ക്കാരാഭിവർദ്ധിനി' എന്ന സഭയുടെ വാർഷികയോഗത്തിനു് എന്റെ ഗുരുനാഥൻ ശ്രീ പുനശ്ശേരി നമ്പി നീലകണ്ഠശർമ്മാവർകളും പോയപ്പോൾ എന്നെയും ഒരുമിച്ചു കൊണ്ടുപോകയുണ്ടായി. വള്ളത്തോളിനെ അതിവാത്സല്യത്തോടുകൂടി വളർത്തി വിദ്യാഭ്യാസം ചെയ്യിച്ച ദേഹവും ഗുരുനാഥന്റെ സഹപാഠിയും വിദ്വാനും വൈദ്യശിരോമണിയുമായ വള്ളത്തോൾ രാവുണ്ണിമേനോൻ ആ സഭയിൽ അത്യന്തം ആഭിമുഖ്യം കാണിച്ചിരുന്നു. വള്ളത്തോളിന്റെ ശിഷ്യന്മാരായ കുറിപ്പുറത്തു കേശവൻനായർ മുതലായവരും ''പരിഷ്ക്കാരാഭിവർദ്ധിനി''യിൽ യഥാർഹം പങ്കുകൊണ്ടിരുന്നു. ഉപന്യാസരചന, കവിതാപാരായണം, നാടകാഭിനയം മുതലായി സാഹിത്യത്തേയും കലകളേയും പോഷിപ്പിക്കുന്ന അനേകം വിഷയങ്ങളും അവിടെവച്ചു നടക്കുകയുണ്ടായി. ആർക്കും ആകർഷണം തോന്നിക്കുന്ന ആകൃതി, പ്രകൃതിക്കനുരൂപമായ പ്രവർത്തനം എന്നിവയാൽ വള്ളത്തോൾ അന്നെന്റെ ഹൃദയത്തിൽ അഗാധമായി പതിഞ്ഞു. പിന്നീടൊരിക്കലും അദ്ദേഹത്തിന്റെ ഛായ എന്റെ ഹൃദയത്തിൽ നിന്നു മാഞ്ഞു പോയിട്ടില്ല.

കവിതയുടെ ആരംഭം

അക്കാലത്തു് വള്ളത്തോൾ കവിതാരചനയിൽ ഉള്ളുഴിഞ്ഞു പരിശ്രമിച്ചിരുന്നു. വ്യാസോല്പത്തി, ത്രിയാമ മുതലായ കവിതകൾ അന്നാണു് പുറത്തിറങ്ങിയതു്. കവിതാ രചനയിൽ വള്ളത്തോളിനെ പ്രോത്സാഹിപ്പിച്ചിരുന്നതു് ശ്രീ വെള്ളാനശ്ശേരി വാസുദേവൻ മൂസ്സതു (വാസുണ്ണി മൂസ്സതു) ആയിരുന്നു. അദ്ദേഹം പലപ്പോഴും വള്ളത്തോളിന്റെ വീട്ടിലും വള്ളത്തോൾ അപ്രകാരം തന്നെ അദ്ദേഹത്തിന്റെ വസതിയിലും ഒത്തു കൂടുകയും പ്രത്യേകം ചില വിഷയങ്ങളെക്കുറിച്ചു് കവിതയുണ്ടാക്കുകയും പതിവായിരുന്നു. അതു പ്രകാരം ഒരിയ്ക്കൽ വള്ളത്തോൾ വാസുണ്ണി മൂസ്സതിന്റെ വസതിയിൽ ചെന്ന സമയത്തു് അദ്ദേഹം ചെയ്ത കുശലപ്രശ്നം,

''വരവിതു പരിതോഷം
പാരമേകുന്ന ചിത്തേ,
വരവിനൊടു ഭവാനെ—
ന്നന്തികേ വന്നിരിക്ക.
വരബഹു ഗുണരാശേ,
നാട്ടിൽ നിന്നോ, നറുന്തേൻ
വരമൊഴികളർകൊങ്ക—
ത്തട്ടിൽ നിന്നോ വരുന്നു?''

എന്നൊരു ശ്ലോകമായിരുന്നു.

പ്രഥമദർശനത്തിനുശേഷം വാസുണ്ണിമൂസ്സതിന്റെ വക കുറൂർ പൂരോത്സവത്തിൽ വച്ചാണു് ഞാൻ വള്ളത്തോളിനെ കണ്ടതു്. അന്നദ്ദേഹം 'ചിത്രയോഗം' മഹാകാവ്യം നിർമ്മിയ്ക്കുന്ന കാലമായിരുന്നു. മഹാകവി ഉള്ളൂർ 'ഉമാകേരള'വും അതേ കാലത്തു തന്നെയാണു് രചിച്ചിരുന്നതു്. ഈ രണ്ടു മഹാകവികളും അവരവരുടെ മഹാകാവ്യങ്ങളിൽ ഓരോ സർഗ്ഗം എഴുതി കഴിഞ്ഞാൽ അങ്ങോട്ടുമിങ്ങോട്ടും അയച്ചു കൊടുക്കുകയും പരസ്പരം ആശയവിനിമയം ചെയ്കയും പതിവായിരുന്നു. പൂരോത്സവത്തിൽ വച്ചു കണ്ടപ്പോൾ ഉമാകേരളത്തിലെ 'കളിപ്പാൻകുളം' എന്ന ഭാഗം വള്ളത്തോളിന്റെ കയ്യിലുണ്ടായിരുന്നു. അതദ്ദേഹം ഗുരുനാഥനെ വായിച്ചു കേൾപ്പിയ്ക്കുകയും ഗുരുനാഥൻ ഹൃദയമലിഞ്ഞു കരഞ്ഞു പോകയും ചെയ്തു. ചിത്രയോഗത്തിന്റെ സമാപ്തിയോടുകൂടി വള്ളത്തോളിന്റെ കവിത ആദിമദശയെ അതിക്രമിച്ചു് മദ്ധ്യദശയിലേയ്ക്കു നീങ്ങുവാൻ തുടങ്ങി.

ഏറെത്താമസിയാതെ വള്ളത്തോൾ തൃശ്ശിവപേരൂർ 'കേരളകല്പദ്രുമം' അച്ചുക്കൂടത്തിന്റെ മാനേജരായി നിയമിക്കപ്പെട്ടു. അതോടുകൂടി അദ്ദേഹം വാല്മീകി രാമായണം മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്വാൻ ആരംഭിച്ചു. മഹത്തായ ആ ഗ്രന്ഥരത്നം മാസികാ രൂപേണയാണു് പുറത്തിറങ്ങിയതു്. വാല്മീകി രാമായണത്തിനു പുറമേ രാമാനുജൻ എന്നൊരു മാസികയും വള്ളത്തോളിന്റെ ആഭിമുഖ്യത്തിൽ കുറച്ചു കാലം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. തൃശ്ശിവപേരൂർ താമസക്കാലത്തു് കുണ്ടൂർ നാരായണമേനോൻ, ഒടുവിൽ കൃഞ്ഞിക്കൃഷ്ണമേനോൻ, കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, നടുവത്തു

നമ്പൂതിരി തുടങ്ങിയ പ്രമുഖ കവികളുമായി അടുത്തു പെരുമാറുവാനും അവരൊടൊപ്പം കവിതാരചനയിൽ പങ്കു കൊള്ളുവാനും വള്ളത്തോളിനു സൗകര്യം സിദ്ധിച്ചു.

പത്രാധിപത്യം

വള്ളത്തോൾ ഒരു കവിയുടെ നിലയിൽ മാത്രമല്ല, വിവേകിയായ ഒരു പത്രാധിപരുടെ നിലയിലും പേരെടുത്തദേഹമാണു്. തൃശ്ശിവപേരൂരിൽ നിന്നു് പ്രസിദ്ധപ്പെടുത്തിയിരുന്ന 'കേരളോദയം' എന്ന വാരികയുടെയും കുന്നംകുളത്തുനിന്നു് പുറപ്പെട്ടിരുന്ന 'ആത്മപോഷിണി' എന്ന മാസികയുടെയും ആധിപത്യം വഹിച്ചു് പ്രഗല്ഭങ്ങളായ പല ലേഖനങ്ങളും ഗ്രന്ഥനിരൂപണങ്ങളും വള്ളത്തോൾ എഴുതുകയുണ്ടായിട്ടുണ്ടു്. സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ളയുടെ അഭിപ്രായങ്ങളെ ഖണ്ഡിച്ചു് 'ചെറുശ്ശേരി' എന്നതു് ഒരു കവിയുടെ പേരല്ല കവിതാരീതിയുടെ പേരാണു് എന്നു സ്ഥാപിച്ചുകൊണ്ടു് കുണ്ടൂർ നാരായണമേനോൻ എഴുതിയ പ്രൌഢഗംഭീരമായ ലേഖനം അക്കാലത്താണു് ആത്മപോഷിണിയിൽ അവതരിച്ചതു്. 'ബന്ധനസ്ഥനായ അനിരുദ്ധൻ' എന്ന മധുരോദാരമായ ഖണ്ഡകാവ്യവും ആത്മപോഷിണിയിലാണു് ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു്.

കൈരളിയുടെ ശുക്രദശ

ബന്ധനസ്ഥനായ അനിരുദ്ധന്റെ പുറപ്പാടോടുകൂടി കൈരളിക്കു ശുക്രദശ ആരംഭിച്ചു. അനിരുദ്ധനെ തുടർന്നു സംസ്കൃതവൃത്തത്തിലും ദ്രാവിഡ വൃത്തത്തിലുമായി പുതിയ രീതിയിലുള്ള പല ഖണ്ഡകൃതികളും വള്ളത്തോളിന്റെ തൂലികയിൽ നിന്നു കൈരളിയ്ക്കു സിദ്ധിച്ചു. ആ വക കൃതികളുടെ സമാഹാരമാണു് 'സാഹിത്യമഞ്ജരി'യുടെ ഭാഗങ്ങളും. സാമുദായികമായും സാമ്പത്തികമായും താഴ്ന്ന സ്ഥിതിയിൽ കിടക്കുന്നവരുടെ പേരിൽ അനുകമ്പയും കേരളീയരുടെ പ്രാചീന സംസ്കാരത്തെ പുലർത്തിവന്ന പൂർവ്വ പുരുഷന്മാരെക്കുറിച്ചു് അഭിമാനവും ഭാരതത്തിന്റെ പാരതന്ത്ര്യത്തിൽ അഗാധമായ ഖേദവും പ്രകാശിപ്പിയ്ക്കുന്ന പല ഉൽകൃഷ്ട കൃതികളും സാഹിത്യമഞ്ജരിയിൽ അടങ്ങിയിട്ടുണ്ടു്. മഞ്ജരിയ്ക്കു പുറമേ 'ശിഷ്യനും മകനും', 'ബധിരവിലാപം', 'ഒരു കത്തു്' തുടങ്ങിയ പല ഖണ്ഡകവിതകളും അക്കാലത്തു് വള്ളത്തോൾ നിർമ്മിയ്ക്കുകയുണ്ടായിട്ടുണ്ടു്. സാഹിത്യമഞ്ജരിയുടെ ഭാഗങ്ങൾ പുറത്തുവന്നതോടുകൂടി ഭാഷയുടെ വേഷം ആകപ്പാടെ ഒന്നു മാറി. ആശയത്തിലും പ്രതിപാദനത്തിലും അപൂർവ്വമായ ഒരു സമ്പ്രദായം ഉൾക്കൊണ്ടുകൊണ്ടാണു് പിന്നീടു കവിതകൾ പുറത്തു വന്നതു്. അനന്തരകവികളിൽ അധികം പേരും വള്ളത്തോളിനെ അനുകരിയ്ക്കുവാൻ നോക്കിയവരാണു്, പക്ഷേ അവരിൽ അധികമാർക്കും അദ്ദേഹത്തെ അനുകരിച്ചു ഫലിപ്പിയ്ക്കുവാൻ സാധിച്ചിട്ടില്ല.

കവിതയിൽനിന്നു കലയിലേയ്ക്കു്

കേരളത്തിലെ അതുല്യനായ മഹാകവിയെന്നു പേർ നേടിയതിനുശേഷം വള്ളത്തോളിന്റെ ശ്രദ്ധ കേരളീയകലകളുടെ ഉദ്ധാരണത്തിലേക്കാണു് പതിഞ്ഞതു്. കഥകളി മുതലായ കേരളീയ കലകളെ പോഷിപ്പിയ്ക്കുവാൻ വേണ്ടി അദ്ദേഹം മുളകുന്നത്തുകാവിൽ ഒരു ചെറിയ സ്ഥാപനം ആരംഭിച്ചു. അതാണു പിന്നീടു 'കേരള കലാമണ്ഡലം' എന്ന പേരിൽ ഉയർന്ന ചെറുതുരുത്തിയിൽ സ്ഥാനമുറപ്പിച്ചതു്. മഹാകവി തന്റെ ആയുസ്സിന്റെ അവശിഷ്ടഭാഗം മുഴുവനും കലാമണ്ഡലത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയാണു വിനിയോഗിച്ചതു്. ഏതു കലയുടെയും അധീതി ബോധാചരണ പ്രചാരണങ്ങളിൽ വച്ചു് ഒടുവിലത്തേതായ പ്രചാരണം എന്ന അംശത്തിലത്രേ വള്ളത്തോളിന്റെ ശ്രദ്ധ കൂടുതലായി പതിഞ്ഞതു്. കഥകളിയുടെ പ്രചാരണത്തിനുവേണ്ടി അദ്ദേഹം ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ മാത്രമല്ല സോവിയറ്റു് റഷ്യ, ചൈന മുതലായ വിദേശങ്ങളിൽ കൂടിയും പര്യടനം ചെയ്തു. അതിന്റെ ഫലമായി ഭാരതീയർക്കു പരക്കെയും വിദേശികൾക്കു മുഴുക്കെയും കഥകളിയിൽ അഭിമാനവും ആവേശവും ഉളവായി. ഇതുനിമിത്തം കഥകളിയിലെ നൃത്തഗീതവാദ്യത്രയങ്ങളിൽ പരിശീലനവും പഴക്കവും കൈവന്ന കലാകാരന്മാർക്കു് അവർ സ്വപ്നത്തിൽപോലും നിനച്ചിരിക്കാത്ത വലിയ സമ്പാദ്യങ്ങൾക്കു ഇടയായി. ''പെട്ടിവരുന്നതു കണ്ടാൽ ചിലജനം കൊട്ടിക്കതകുകൾ അടച്ചുവെന്നുവരും'' എന്നു നമ്പ്യാർ പറഞ്ഞതുപോലെ മുൻപു് അത്ര അപ്രശസ്തമായിട്ടാണു് കഥകളി നിലനിന്നിരുന്നതു്. കാവുങ്കൽ കുഞ്ഞുകൃഷ്ണപ്പണിയ്ക്കരെപ്പോലെയുള്ള ഒന്നാംകിട വേഷക്കാർക്കു (പാലും തുച്ഛമായ സംഖ്യ മാത്രമേ മുൻപു പ്രതിഫലം കിട്ടിയിരുന്നുള്ളൂ. ഇന്നത്തെ നടന്മാരുടെ സ്ഥിതി തുലോം വ്യത്യസ്തമാണു്. ഈ ഏകകാരണംകൊണ്ടുതന്നെ കഥകളിലോകം മഹാകവി വള്ളത്തോളിന്റെ കാല്പാടുകളിൽ കടപ്പെട്ടിരിയ്ക്കുന്നു.

മലയാളത്തിലല്ല, സംസ്കൃതത്തിലും

വള്ളത്തോളിനെ ഒരു മലയാള കവിയായിട്ടാണു് ലോകം അറിയുന്നതെങ്കിലും അദ്ദേഹത്തിന്റെ കവിത മലയാളത്തിൽ മാത്രമല്ല സംസ്കൃതത്തിലും വിഹരിച്ചിരുന്നു. കോഴിക്കോടു് വിദ്വാൻ മാനവിക്രമ എട്ടൻതമ്പുരാൻ നടത്തിയിരുന്ന 'സഹൃദയസമാഗമ'ത്തിൽ വള്ളത്തോളും അഭ്യർഹിതനായ ഒരു കവിയായിരുന്നു. 'വിജ്ഞാനചിന്താമണി' സംസ്കൃത പത്രത്തിൽ പല ഖണ്ഡകവിതകളും അദ്ദേഹം എഴുതിയിട്ടുണ്ടു്.

ഒറ്റപ്പാലം സാഹിത്യ പരിഷത്തിൽ ഡോക്ടർ രാധാകൃഷ്ണന സമർപ്പിച്ച ആ സ്വാഗതപത്രം ഒന്നു മതി വള്ളത്തോളിന്റെ സംസ്കൃതഭാഷാ പാണ്ഡിത്യത്തെ വിശദമാക്കുവാൻ. വള്ളത്തോൾ ഒരു വൈയാകരണനോ താക്കികനോ ആലംകാരികനോ ആയിരുന്നില്ല. എന്നാൽ സംസ്കൃത ഭാഷയിൽ അദ്ദേഹത്തിനുള്ള പാണ്ഡിത്യം വൈയാകരണന്മാർ മുതലായവരെപ്പോലും അതിശയിപ്പിക്കത്തക്കതായിരുന്നു. പുതുതായ ഒരു ശ്ലോകം കണ്ടാൽ അതിലെ ആശയം ശരിപ്പടി ഗ്രഹിക്കുവാൻ കഴിയുന്നവർ തന്നെ പണ്ഡിതന്മാരിൽ ചുരുക്കമായിരിക്കും. വള്ളത്തോളാകട്ടെ ഒറ്റനോട്ടത്തിൽ തന്നെ അതിലെ അറകറാങ്ങൾ കാണിപ്പുവാൻ കൂടിയും കഴിവുള്ളവനായിരുന്നു.

കവി മാത്രമല്ല, ഗദ്യകാരൻകൂടിയും

കവികളെയും ഗദ്യകാരന്മാരെയും വേർതിരിച്ചാണല്ലോ പറയാറുള്ളതു്. മഹാകവി വള്ളത്തോൾ പദ്യത്തിലെന്ന പോലെ ഗദ്യത്തിലും നിപുണനായിരുന്നു. 'മാർക്കണ്ഡേയപുരാണം' 'വാമനപുരാണം' തുടങ്ങിയ പല പുരാണങ്ങളും അദ്ദേഹം പ്രസന്നകോമളമായ ഗദ്യത്തിൽ മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തിട്ടുണ്ടു്. മധുരമനോഹരമായ ഒരു ഗാനക്കൊഴപ്പു് വള്ളത്തോടെ ഗദ്യത്തിൽ സർവ്വത്ര വിളങ്ങുന്നതായി കാണാം. സ്വന്തമായിട്ടൊരു ശൈലി ആവിഷ്കരിച്ചുരുക്കം ചില ഭാഷാ ഗദ്യകാരന്മാരിൽ ഒരുവനാണു് അദ്ദേഹം.

വള്ളത്തോളിന്റെ ചരമത്തോടുകൂടി ആരെല്ലാമാണു് കൈവിട്ടുപോയതു്? സാഹിത്യത്തിൽ ഒരു സുവർണ്ണദശയെ ആവിഷ്കരിച്ച മഹാകവി നാമാവശേഷമായി കിടന്നിരുന്ന കേരളീയ കലകളെ ഏകത്ര സമാഹരിച്ചു് അവയ്ക്കൊരു നവചൈതന്യം നൽകിയ കലാചാര്യൻ, കലയിലും, കവിതയിലും നിരവധി ശിഷ്യന്മാരെ സമ്പാദിച്ച ഒരു കലപതി, സ്വാഭിപ്രായത്തിൽ സ്ഥിരതയോടുകൂടി ഭ്രഗ്രോദത്തിൽപ്പോലും കൈവെപ്പാൻ ധൈര്യപ്പെട്ട ഒരു ധർമ്മധീരൻ, താഴ്ന്നവരുടെ ബന്ധു, ഉയർന്നവരുടെ സുഹൃത്തു്— ഇത്രയും പേർ ഈ മാർച്ചു് പതിമൂന്നാം തിയതി രാത്രി പത്തു മണിക്കു് കേരളത്തിനു് നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ജഡശരീരം കലാമണ്ഡലത്തിലെ കലാദ്ധ്യക്ഷ മണ്ഡപത്തിൽ സംസ്കരിക്കപ്പെട്ടു. ആ സ്ഥലം ഭാവിയിൽ കവികൾക്കും കലാരാധകന്മാർക്കും ഒരു പുണ്യക്ഷേത്രമായി എന്നെന്നും നില നിൽക്കും.

ധ്വസ്തഭ്രവനമാം ദൈഷ്യമേ, നിൻതല—
യെത്രപരത്തിയയത്തിയാലും
ഇക്കർമ്മഭ്രമിതൻ പിഞ്ചുകാൽ പോരുമേ
ചിക്കെന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ,

''കർമ്മഭ്രമിയുടെ പിഞ്ചുകാൽ''

മഹത്വത്തിലേയ്ക്കുള്ള ഒരു തീർത്ഥയാത്ര

മഹാകവി വള്ളത്തോളും മറ്റു പല മഹാമതികളുടേയും കാര്യത്തിലെന്നപോലെ മലയാളികളുടെ മധുരസ്മരണയായി മാറിക്കഴിഞ്ഞിരിക്കുന്നു. തന്റെ ജീവതകാലത്തു് കേരള ഹൃദയത്തിൽ ആശ്ചര്യപാരവശ്യവും ആനന്ദാതിശയവും അടിയ്ക്കടി വർദ്ധിപ്പിച്ചുകൊണ്ടു് കവിതയുടെ പ്രദീപ്തമായ ഒരു കനക ചക്രവാളം സൃഷ്ടിക്കുവാൻ ആ പ്രതിഭാകുബേരനു് കഴിഞ്ഞു. ചന്ദ്രകാന്തിയെ ചകോരങ്ങളെന്നപോലെ ആ അനുപമമായ കാവ്യപ്രകാശം ആസ്വദിക്കുവാൻ ഹൃദയാലുക്കളെല്ലാം അക്ഷമരായി കാത്തിരിക്കുകയായിരുന്നു അന്നൊക്കെ. ഒരു ഐന്ദ്രജാലികന്റെ പ്രയോഗചാതുര്യത്തോടുകൂടി സചേതസ്സുകളെ തന്നിലേയ്ക്കാകർഷിക്കുവാനുള്ള സകല കലാകൗശലങ്ങളും വള്ളത്തോൾക്കവിതയിൽ ഒത്തു ചേർന്നിരുന്നു. പുതുമണം പേറുന്ന ആശയങ്ങളുടെ ആലിംഗനമേറ്റു് ഉലാത്തുവാനും ഉല്ലസിക്കുവാനും ആത്മാവിനെ ചൈതന്യത്തിന്റെ ഒരു മധുകോശമാക്കുവാനും ഉതകുന്ന പുളകത്തിന്റെ പൂന്തോപ്പാണു് വള്ളത്തോൾക്കവിതയെന്നു് സാമാന്യമായി പറയാം.

പരമ്പരാഗതമായ സംസ്കൃത വിദ്യാഭ്യാസത്തിന്റെ മണിത്തൊട്ടിലിലാണു് വള്ളത്തോളിന്റെ ജ്ഞാനതൃഷ്ണ വളർന്നതു്. കാവ്യശാസ്ത്ര നാടകാദികളുടെ പഠനവും, അതിനുശേഷമുണ്ടായ വിപുലമായ ഗ്രന്ഥപരിചയവും പണ്ഡിതമദ്ധ്യത്തിൽ സമുന്നതമായ ഒരു പദവി അദ്ദേഹത്തിനു് നേടിക്കൊടുത്തു. ഇവിടെ എടുത്തു പറയേണ്ട ഒരു വസ്തുതയുണ്ടു്. തത്താദ്ദശരായ പണ്ഡിതന്മാരിൽ കാണാതിരുന്ന വിശാലവീക്ഷണവും പരിവർത്തനോന്മുഖമായ ഒരു ചിന്താഗതിയും (വേണമെങ്കിൽ അതിനെ വിപ്ലവാഭിമുഖ്യമെന്നു് നിങ്ങൾക്കു് വിളിക്കാം) അദ്ദേഹത്തിന്റെ ഉള്ളിൽ തിങ്ങിനിന്നിരുന്നു. ഈ സവിശേഷത പ്രത്യക്ഷപ്പെട്ടിരുന്നില്ലെങ്കിൽ, അക്കാലത്തു് ജീവിച്ചിരുന്ന പല പണ്ഡിത കവികളിൽ ഒരാൾ എന്ന സ്ഥാനം മാത്രമേ അദ്ദേഹത്തിനു് സിദ്ധിക്കുമായിരുന്നുള്ളൂ. മറ്റു് പക്ഷികളുടെ ശബ്ദത്തിൽ നിന്നു് കോകിലനാദം വേർതിരിഞ്ഞു് വ്യക്തമായി ഉയർന്നു കേൾക്കുന്നതുപോലെ വള്ളത്തോളിന്റെ മധുരശബ്ദം കേരളാന്തരീക്ഷത്തിൽ മുഴങ്ങി. കാലത്തിന്റെ ആവേശജനകമായ ആഹ്വാനത്തെ സമാദരിക്കാനുള്ള സന്നദ്ധത അദ്ദേഹത്തിനു് എപ്പോഴുമുണ്ടായിരുന്നു.

പൂർവ്വസൂരികളിൽ വാല്മീകിയും കാളിദാസനുമായിരുന്നു അദ്ദേഹത്തിന്റെ ആചാര്യസത്തമന്മാർ.

വെണ്മണിക്കളം

മലയാണ്മയുടെ കുലപതികളായ മഹാകവികളും അദ്ദേഹത്തിനു് മാർഗ്ഗദർശനം ചെയ്തിരുന്നു എന്നുള്ളതിൽ സംശയമില്ല. എങ്കിലും കഴിഞ്ഞ തലമുറയിൽപ്പെട്ട വെണ്മണി നമ്പൂതിരിമാരോടും പ്രത്യേകിച്ചു് മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാനോടും അദ്ദേഹത്തിനു് അധികം കടപ്പാടുണ്ടെന്നു് ഞാൻ വിചാരിക്കുന്നു. വെണ്മണി ബ്രാഹ്മണരുടെ പ്രസാദസുഭഗമായ കാവ്യശൈലിയും രചനാ സൗകുമാര്യവും വള്ളത്തോളിന്റെ പ്രശംസയ്ക്കു് വിഷയീഭവിച്ചിട്ടുണ്ടു്. അതിലധികമായി പലതും കുഞ്ഞിക്കുട്ടൻ നമ്പൂരാന്റെ കാവ്യസാമ്രാജ്യത്തിൽ അദ്ദേഹം ദർശിച്ചു. കവിതയ്ക്കുവേണ്ടി ഉഴിഞ്ഞുവെച്ചതായിരുന്ന തമ്പുരാന്റെ ജീവിതമെന്നും ഇതുമാത്രം ഭാഷയെ സ്നേഹിച്ച മറ്റൊരു കവി മലയാളത്തിലുണ്ടായിട്ടില്ലെന്നുമാണു് അദ്ദേഹത്തിന്റെ അഭിപ്രായം. തമ്പുരാന്റെ സിദ്ധികളിൽ മുഖ്യമായി വള്ളത്തോൾ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ളതു് ഭാഷാകവിതയിൽ കഴിയുന്നത്ര മലയാളപദങ്ങൾ പ്രയോഗിക്കുന്ന വിഷയത്തിൽ അദ്ദേഹം കാട്ടിയ മാതൃകയാണു്. ആദ്യമാദ്യം കാവ്യവിഷയകമായ പല പാഠങ്ങളും തമ്പുരാനിൽ നിന്നാണു് വള്ളത്തോൾ പഠിച്ചതെന്നു് പറയാം. സൂക്ഷ്മേക്ഷികരമായ മഹാഭാരത തർജ്ജമ കണ്ടിട്ടാണു്, വാല്മീകിരാമായണവും പുരാണങ്ങളും ഒടുവിൽ ഋഗ്വേദവും പരിഭാഷപ്പെടുത്തുവാൻ മഹാകവി വള്ളത്തോൾ സന്നദ്ധനായതു്. ദ്രാവിഡവൃത്തങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വള്ളത്തോളിനു് പരോക്ഷമായ പ്രേരണ നൽകിയതും തമ്പുരാനാണു്. ഭാരതവിവർത്തനം അതർഹിക്കുന്ന ഗൗരവത്തോടുകൂടി ആരുടേയും ശ്രദ്ധയിൽ പെടാതിരുന്ന കാലം വള്ളത്തോളിന്റെ നിപുണദൃഷ്ടികൾ ആ സാഹിത്യപ്രപഞ്ചത്തിന്റെ അന്തസ്സുത്തയിൽ അടിമുടി വിഹരിച്ചിരുന്നു. വാസ്തവത്തിൽ വള്ളത്തോളിന്റെ മഹാകവിത്വത്തിലേയ്ക്കുള്ള തീർത്ഥാടനത്തിന്റെ പ്രഥമഘട്ടമായിട്ടുവേണം അതിനെ പരിഗണിക്കുവാൻ. അനന്തരഘട്ടങ്ങളിൽ വള്ളത്തോളിനുണ്ടായ ഉത്തരോത്തരമായ വിജയത്തിന്റെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ മറ്റു് പലതും പറയുവാനുണ്ടാകും.

മലയാളം തമിഴിന്റെ മേൽക്കോയ്മയിൽ വർത്തിച്ചിരുന്ന കാലത്തു് തമിഴ് രീതിയനുസ

രിച്ച് രാമചരിതാദിഗ്രന്ഥങ്ങളും ചിലനാടൻ പാട്ടുകളും മറ്റും ആവിർഭവിച്ചിട്ടുണ്ടെങ്കിലും പിന്നെപ്പിന്നെ ചില സംസ്കൃത കൃതികളുടെ തർജ്ജമകളും അനുകരണങ്ങളുമാണ് പ്രത്യക്ഷപ്പെട്ടതു്. ഗതാനുഗതികത്വത്തിനേറയും ഏകരീതിത്വത്തിനേറയും കാലം എന്നു് അതിനെ വിശേഷിപ്പിക്കാം. പുരാണകഥകളുടെ ചർവിതചർവണങ്ങളായ ചമ്പുക്കളും മഹാകാവ്യങ്ങളും ആട്ടക്കഥകളും അന്നത്തെ സംഭാവനകളായിരുന്നു. തമിഴിൽ നിന്നു് സംക്രമിച്ചതെന്നു് കരുതേണ്ട ദ്വിതീയാക്ഷരപ്രാസം കവിതയുടെ ഒഴിച്ചുകൂടാത്ത ഒരു ഉപാധിയായി തീർന്നു. ആകെക്കൂടി ഒരു വൈചിത്ര്യമില്ലായ്മ കവിതയിൽ പരക്കെ അനുഭവപ്പെട്ടു. ഹൃദയത്തിലേയ്ക്കു് ഇറങ്ങിച്ചെല്ലുന്ന ശ്രുതിയമായ ഒരു സ്വരവും അന്നു് മുഴങ്ങിക്കേട്ടിരുന്നില്ല. കൂട്ടത്തിൽ പാട്ടുകാരായിരുന്ന അധികം പേരും. അന്നു് കവിതകൾ——പദ്യകൃതികൾ എന്നു പറയുന്നതാവും ശരി——ഒരു ക്ഷാമവുമില്ലായിരുന്ന എന്നു പഴയ 'കവനകൗമുദി'യുടെ ഏടുകൾക്കവും വിളിച്ചുപറയും. ഈ കാലഘട്ടത്തിലാണു് വള്ളത്തോൾ രംഗപ്രവേശം ചെയ്തതു്. അദ്ദേഹത്തോടൊപ്പം ആശാനും ഉള്ളൂരും കാവ്യജീവിതവൃത്തി ആരംഭിച്ചു. ത്രിമൂർത്തികൾ എന്നറിയപ്പെടുന്ന ഈ കവിപുംഗവന്മാരാണു് മലയാളകവിതയുടെ നവോത്ഥാനത്തിനു ഹേതുഭൂതന്മാർ. അവരിൽ മഹാകവി വള്ളത്തോളിന്റെ സുവിശാലമായ കാവ്യപ്രപഞ്ചത്തിലേയ്ക്കു് ഒന്നു കണ്ണോടിക്കുവാനാണു് ഇവിടെ ഞാനൊരുങ്ങുന്നതു്.

നിറഞ്ഞ യൗവനത്തിൽത്തന്നെ അദ്ദേഹം വാല്മീകിരാമായണം തർജ്ജമ ചെയ്തു. ഏകാഗ്രമായ ആ സാധന അമൂല്യമായിരുന്നെങ്കിലും അതിനെത്തുടർന്നു് അദ്ദേഹത്തെ ബാധിര്യം ബാധിക്കുകയുണ്ടായി. ഒരു തരത്തിൽ ശാപരൂപത്തിലുള്ള ഒരനുഗ്രഹമായിരുന്നു അതെന്നു് കാണാം. സ്വാനുഭവപ്രധാനമായ ഒന്നാന്തരമൊരു വിലാപകാവ്യത്തിന്റെ ഉദയത്തിനു് അതു് കാരണമായിത്തീർന്നു. അത്ര മാത്രമല്ല,

> ''ഭൂംഭൂംരവത്തെമുഴക്കട്ടെപായുന്ന
> വൻപുകക്കപ്പലിൻയന്ത്രസാമഗ്രികം;
> അംഭോധിവീചികളട്ടഹസിക്കട്ടെ;
> മുൻപടി നിശ്ശബ്ദമെൻജഗത്തിപ്പൊഴം''

എന്നു് കവിതന്നെ പാടിയിട്ടുള്ളതുപോലെ നീരവമായ ഒരു ലോകത്തിലിരുന്നുകൊണ്ടു് ജീവിതം മുഴുവനും സരസ്വതിയുമായി സല്ലപിക്കുവാൻ ഇടയാക്കിയതും മറ്റൊന്നല്ല. ആദികാവ്യം മലയാളത്തിൽ അവതരിപ്പിച്ചതുകൊണ്ടു് കേരളവാല്മീകി എന്ന ബിരുദത്തിനു് വള്ളത്തോൾ അവകാശിയായിത്തീർന്നെങ്കിലും അദ്ദേഹത്തിനു് ജനഹൃദയങ്ങളിൽ ശാശ്വതമായ പ്രതിഷ്ഠ നേടിക്കൊടുക്കുവാൻ അതിനു് കഴിഞ്ഞിട്ടുണ്ടെന്നു് തോന്നുന്നില്ല. കാരണം, തർജ്ജമകളുടെ ഒരു യുഗമായിരുന്ന അതു്. ഈ വാസ്തവം മറ്റാരെക്കാളും അദ്ദേഹം മനസ്സിലാക്കിയിരുന്നതാണും. അതിനാൽ ഒരു പുതിയ സരണി വെട്ടിത്തുറന്നേ പുരോഗതി സുകരമാവുകയുള്ള എന്നു് ആ പ്രതിഭാശാലി നിശ്ചയിച്ചു. പ്രതിപാദ്യം പുരാവൃത്തമായാലും വേണ്ടില്ല നാടകീയമായ അവതരണംകൊണ്ടും ആധുനികരുചിയ്ക്കനുസരിച്ചുള്ള വർണ്ണനംകൊണ്ടും പുതുമ വരുത്താനുള്ള ഒരു പരീക്ഷണമാണു് പിന്നെയുണ്ടായതു്. അതിൽ നിന്നു് വിരിഞ്ഞ വിശിഷ്ടസുമങ്ങളാണു് ബന്ധനസ്ഥനായ അനിരുദ്ധൻ, ഗണപതി, രുഗ്മിയുടെ കത്തു്., ശിഷ്യനും മകനും മുതലായ കൃതികളും. ദേവന്മാരോ, ദേവാംഗസംഭൂതന്മാരോ ആയ പുരാണ കഥാപാത്രങ്ങളിൽ മനുഷ്യധർമ്മം ആരോപിച്ചു് അവരെ താഴത്തേയ്ക്കു്—— നമ്മുടെ മുമ്പിലേയ്ക്കു്——ഇറക്കിക്കൊണ്ടുവരുന്ന കലാകൗശലമാണു് ഇത്തരം കാവ്യങ്ങളിൽ കാണുന്നതു്.

> 'തൻപ്രജ്ഞതൻസ്ഥിരതയാലൊരുഭാവഭേദം
>
> സംപ്രസ്ഫുരദ്വദനതാരിലിയന്നിടാതെ
> സംപ്രത്യഷാപതിതുരുകിൽവെറുംനിലത്തു
> ചമ്രംപടിഞ്ഞുജുവപുസ്സൊടിരുന്നിടുന്ന'
>
> ——(ബ—അനിരുദ്ധൻ)

എന്നു് അനിരുദ്ധനേയും,

> ''വെണ്ണതോല്പുമുടലിൽസുഗന്ധിയാ——
> മെണ്ണതേച്ചുരയിലൊററമുണ്ടുമായ്
> തിണ്ണമേലരുളമാനതാംഗിമു—
> ക്കണ്ണനേകിമിഴികൊണ്ടൊരുത്സവം''
>
> (ഗണപതി)

എന്നു് ശ്രീപാർവ്വതിയേയും വർണ്ണിക്കുന്ന രണ്ടു് പദ്യങ്ങൾമാത്രം ഇവിടെ ഉദ്ധരിക്കട്ടെ.

വള്ളത്തോൾക്കവിതയുടെ ഈ നവീനത്വം നാട്ടുകാരെ മുഴുവൻ ആകർഷിച്ചു. ശ്രദ്ധിക്കപ്പെടേണ്ട ഒരു ശബ്ദമാണിതെന്നു് അന്നത്തെ കവികേസരികളായ കേരള കാളിദാസാദികൾപോലും പ്രശംസിക്കുകയുണ്ടായി. നിറനിലാവുപോലെ പ്രസന്നമായ കാവ്യശൈലിയും കറകളഞ്ഞ രചനാലാവണ്യവും അക്ലിഷ്ടമായ ആശയാവിഷ്കരണ രീതിയും വള്ളത്തോളിന്റെ പ്രത്യേക മുദ്രകളായി വിളങ്ങി.

> ''വെള്ളിത്താലമെടുത്തുവാസവ ഹരി;
> ത്താകീണ്ണമായ്രാത്രിതൻ
> പള്ളിത്തങ്കവിളക്കിനാൽസുരപഥം
> വാസന്തി വീശീമണം''

എന്നിങ്ങനെ സർവ്വാംഗസുന്ദരമായിരുന്ന വിവാഹമംഗളപദ്യങ്ങൾപോലും.

സാമൂഹികസ്പന്ദനം അനുസരിച്ചു് ചലിക്കുന്ന ഒരു ഹൃദയമാണു് മഹാകവിക്കുണ്ടായിരുന്നതു്. ഞാൻ മുമ്പൊരവസരത്തിൽ പ്രസ്താവിച്ചതുപോ

ലെ ജനതയുടെ നാഡിത്തുടിപ്പുകളും മറ്റാരേക്കാളും വ്യക്തമായി സൂക്ഷ്മസൂക്ഷ്മമായി ഈ ബധിരകവി കേൾക്കുകയുണ്ടായി. അതിന്റെ നിരവധി രേഖകളും 'സാഹിത്യമഞ്ജരി'കളിൽ നിരനിരയായി കാണാൻ കഴിയും. അവയിൽ അടുക്കിയിട്ടുള്ള ഭാവഗീതങ്ങളാണു് വള്ളത്തോളെ മഹാകവിയെ പ്രശസ്തിയുടെ പരമകോടിയിലെത്തിച്ചതും ആരാധ്യപുരുഷനാക്കി മാറ്റിയതും.

മലയാള കവിതക്കു് അധികം ഇണങ്ങുന്നതു ദ്രാവിഡവൃത്തങ്ങളാണെന്നു് വള്ളത്തോൾ വിശ്വസിച്ചു. സാഹിത്യം സാധാരണ ജനങ്ങളുടെ നാവിൽ തത്തിക്കളിക്കുന്നതിനും അതാണു് മാർഗ്ഗമെന്നു് അദ്ദേഹത്തിനു് അഭിപ്രായമുണ്ടായി. ആകയാൽ നാനാവിഷയങ്ങളെ അധികരിച്ചു് എഴുതപ്പെട്ടിട്ടുള്ള സാഹിത്യമഞ്ജരികളിൽ ദ്രാവിഡവൃത്തങ്ങൾക്കാണു് പ്രാധാന്യം നൽകിക്കാണുന്നതു്. ഇതു് നമ്മുടെ ഭാഷാഭിമാനത്തെ ഉദ്ദീപിപ്പിക്കുകയും കാലക്രമത്തിൽ കവികൾ ആ രീതിയെ അനുകരിക്കുകയും ചെയ്തു. ഭാരതം സ്വതന്ത്രമാകാൻ വെമ്പൽകൊണ്ടതോടുകൂടി കവിയുടെ ദേശഭക്തി വിജൃംഭിച്ചു. ആദ്യകാല കവിതകളിൽ,

''വല്ലായ്മദേവകൾപെടുത്തുകിലുംക്ഷമിപ്പൊ—
ന്നല്ലായിരുന്നു ഹഹ! ഭാരതപൂർവ്വരക്ഷം''

എന്നും മറ്റും അങ്കുര രൂപത്തിൽ കണ്ടിരുന്ന രാജ്യാഭിമാനം ഒരു മഹാവൃക്ഷംപോലെ അന്തരീക്ഷാലങ്കാരമായി വളർന്നു. അന്നുതൊട്ടാണു് വള്ളത്തോൾ കേരളത്തിന്റെ ദേശീയ കവിയായി മാറിയതു്. നമ്മുടെ മഹാരാജ്യത്തിന്റെ ബന്ധമോചനത്തിനു് ഋഷിതുല്യനായ രവീന്ദ്രനാഥ ടാഗൂർ കഴിഞ്ഞാൽ വള്ളത്തോളിനെപ്പോലെ വിലപ്പെട്ട സംഭാവനകൾ നൽകിയ മറ്റൊരു ഭാരതീയ കവിയില്ല. കറുത്തവാവിൽ കോളുകൊണ്ട കടലിൽ ഒന്നിനു് പുറകെ ഒന്നായി പാഞ്ഞുവരുന്ന തിരമാലകൾപോലെ മഹാകവിയുടെ ദേശാഭിമാന ഗാനങ്ങൾ ജനഹൃദയങ്ങളിലേക്കു് ആഞ്ഞടിച്ചു. 'ഐക്യമേ സേവ്യാൽ സേവ്യം'' 'പാപമോചനം' 'എന്റെ ഗുരുനാഥൻ' 'വൈശസം പോരും പോരും' തുടങ്ങിയ നിരവധികൃതികളും ഇതിന്റെ അനശ്വരരേഖകളായി പരിശോഭിക്കുന്നു.

''പോരാ പോരാ നാളിൽ നാളിൽ
ദൂരദൂരമുയരട്ടെ
ഭാരതക്ഷ്മാദേവിയുടെ
തൃപ്പതാകകളും''

ഇതായിരുന്ന അദ്ദേഹത്തിന്റെ മുദ്രാവാക്യം മഹാകവിയുടെ മനുഷ്യസ്നേഹവും പതിതോദ്ധാരണത്തിലുള്ള നിഷ്ഠയും പ്രസിദ്ധമാണു്. വളരെക്കാലത്തിനുമുമ്പുതന്നെ,

''ബ്രഹ്മർഷിമാർമുഖ്യനെമുക്കുവത്തി
പെറ്റോരുപുണ്യക്ഷിതിമണ്ഡലത്തിൽ
അഹോ—മനുഷ്യന്നമനുഷ്യനോട്ട
സാമീപ്യസമ്പർക്കമധർമ്മമായി''

എന്നു് യാഥാസ്ഥിതികത്വത്തെ വെല്ലുവിളിക്കുന്ന വിപ്ലവത്തിന്റെ വിളംബരം അദ്ദേഹത്തിൽ നിന്നു് മുഴങ്ങി. പിന്നൊരിക്കൽ കൈതക്കെട്ടും ചുമന്നുകൊണ്ടു് എതിരേവന്ന ഒരു ചെറുമിപ്പെണ്ണു് അയിത്തത്തിന്റെ പേരിൽവഴി മാറിക്കൊടുക്കാൻ വെമ്പിപ്പായുന്നതു കണ്ട കവി,

''സ്വാതന്ത്ര്യത്തിനുചുറ്റുമിതുയകല—
ത്തോളംപടർന്നാളുവാ—
നേതത്യുഗ്രസമീരനോ തുണ നിര—
ത്സ്ഫാചാരവഹ്നിസ്സഹോ!

എന്നു് ധർമ്മരോഷംകൊള്ളുന്നു.

തീവണ്ടിസ്റ്റേഷനിൽ ആസന്നമരണനായിക്കിടക്കുന്ന ഒരു കൂലിപ്പണിക്കാരനെ കവി കാണുകയാണു്,

''കൈച്ചീട്ടുവാങ്ങാനുഴറാതെ നേരം
നോക്കാതനങ്ങാതെകിടന്നിതായാം
തീവണ്ടിചെല്ലാത്തൊരിടത്തിലേയ്ക്കാ—
യിരുന്ന സായാസമവന്റെ യാനം.''

ഒടുവിൽ മർദ്ദകരായ മേലാളരുടെ നേർക്കു്,

''പാവങ്ങളംചത്തിടുകിലെന്തു
പിറക്കിലെന്തെൻ
പാഴ്വാക്കിതിന്നുമുംക മാപ്പു
മനീഷിമാരേ—''

എന്നൊരു പരിഹാസം വലിച്ചെറിയുകയും ചെയ്യുന്നു.

അനാചാരത്തിന്റെ അസ്ഥിശൂന്യത വെളിപ്പെടുത്തുന്നവയാണു് 'പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി' 'ശ്രുഭ്രരിൽ ശ്രുഭ്രൻ' മുതലായ കവിതകളും.

പ്രേമത്തിന്റെ വിവിധ ഭാവങ്ങളെ അതിസമർത്ഥമായി ആവിഷ്കരിക്കുവാൻ മഹാകവിയുടെ പ്രതിഭയ്ക്കു കഴിഞ്ഞിട്ടുണ്ടു്. വൈചിത്ര്യം കൊണ്ടുണ്ടാകുന്ന രാമണീയകം ആ കൃതികളെ അനുഗ്രഹിച്ചിട്ടുമുണ്ടു്.

''താദൃശസൗഭാഗ്യയാംഭാര്യയായ്—
ച്ചേർന്ന ഭവാ—
നേതൊരു ഭുവനത്തെശ്ശോഭനമാക്കീടുന്നു,
ആ ലോകത്തൊരുകോണിൽജ്ജീവിച്ചാൽ
കൃതാർത്ഥ ഞാൻ
ലാലസിക്കുന്നേ ശാന്ത്യാ നിങ്ങളുതൻ
ഗൃഹാശ്രമം''

എന്നു് സ്വയം ചരിതാർത്ഥയാവുകയും മംഗളം ആശംസിക്കുകയും ചെയ്യുന്ന രാധയും,

''ജ്യേഷ്ഠത്തിയുടെ ഗതിവന്നപ്പോലെയ്യോ ഗുണ
ശ്രേഷ്ഠയാംനിനക്കെന്നുനേരുന്നേൻ
വരാകി ഞാൻ.''

എന്നിങ്ങനെ സപത്നിയെ അറിയിക്കുന്ന ഭർത്തൃവഞ്ചിതയായ ഭാമയും,

''മൽപ്രാണാനിലനിന്നുനിൻകാറ്റി—
ലുഷ്ണംചേർന്നല്ലോ
ക്ഷിപ്രമെൻജ്ഞാനംതവ നീരിലും
ലയിക്കട്ടെ.''

എന്നു് സമുദ്രത്തോടു നിവേദനം ചെയ്യുന്ന പതിപ്രാണയായ മുക്കുവത്തിയും,

''കന്യകയല്ല ഞാൻ, കാന്തനെൻപ്രാണനാ—
ണന്യനെ—അപ്രീതിതോന്നരുതേ.''

എന്നു് ദില്ലീപാദഷാവിനോടു് അപേക്ഷിക്കുന്ന 'ഹിന്ദുസ്ത്രീ'യും നമ്മുടെ സ്മരണയിൽ എന്നും നിലനിൽക്കുന്ന കഥാപാത്രങ്ങളാണു്.

മഹത്തരമായ വള്ളത്തോൾക്കാവ്യമേഖലയിൽ അത്ഥാഭിരാമങ്ങളായ അനവധി ഭാവനകൾ പുഷ്പിച്ചുനിൽക്കുന്ന കാഴ്ച ആരേയും രസിപ്പിക്കും. പ്രകൃതിയെ അമ്മയായി സങ്കല്പിച്ചുകൊണ്ടു് രചിച്ചിട്ടുള്ള ഒരു മനോഹര കവിതയിൽ നിന്നു് ചില വരികൾ ഉദ്ധരിക്കാം.

''കുഞ്ഞിനെച്ചിരിപ്പിപ്പാൻ
ചിലപ്പോൾജനയിത്രി
മഞ്ജുപുഞ്ചിരിയുകം
മുല്ലപ്പൂക്കളിലൂടേ
നീലനീരദോത്തുംഗ—
മൂദംഗധ്വനിയൊത്തു
പീലികൾപരത്തിയ
മൈലിനെക്കൂത്താടിക്കും;
നിർമ്മലാംബരയായ
രാത്രിതൻകരംകൊണ്ടു
വെണ്മയേറിയവെള്ളി—
പ്പമ്പരംപൊക്കിക്കാട്ടും''

ഈ വിധത്തിലുള്ള ഭാവനകൾ മഹാകവി ടാഗൂറിന്റെ വിശ്വോത്തര പ്രതിഭയെ അനുസ്മരിപ്പിക്കുന്നവയാണു്. എന്നാൽ ഒരുവിധത്തിലും വള്ളത്തോളിനു് ടാഗൂറിനോടു് കടപ്പാടില്ലതാനും.

''മല്ലികാജ്ജുനക്ഷേത്രം
കൊണ്ടൊരുകിരീടംവെ—
ച്ചുല്ലസിച്ചമരുമ—
പ്പർവ്വതത്തിനുതാഴെ.''

(മലയാളത്തിന്റെ തല).

''കൊണ്ടൽത്തലപ്പാവും
വൃക്ഷലതാദികൾ
കൊണ്ടുള്ളടുപ്പമായു്
പർവ്വതങ്ങൾ

നിന്നരുളപ്പാട്ട
കേൾപ്പതിന്നായിതാ
നിന്നനിലയ്ക്കുള—
കാതെനിൽപ്പൂ.''

(സത്യഗാഥ)

''ഇമ്മഹാസതിചെയ്യും
ജീവിതാഹുതിമൂലം
ബ്രഹ്മാണ്ഡമുരുണ്ടുവീ—
ണേയ്ക്കുമെന്നാശങ്കിച്ചോ
പിൽപ്പാടച്ചിതാനലൻ
സാന്ദ്രധൂമോദ്ഗാരത്താൽ
കെല്പെഴുമിരിമ്പിന്റെ
തൂണൊന്നുനാട്ടിക്കൊണ്ടാൻ.

(ഹരേ കൃഷ്ണ!)

''കാളിന്ദികൊണ്ടൊരു
നീലക്കരയിട്ട
ചേലിൽ വിളങ്ങും
വൃന്ദാരണ്യമേ!''

(അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ)

എന്നിങ്ങനെ ചിതറിക്കിടക്കുന്ന ആ ഭാവനാരത്നങ്ങളെല്ലാം ഉപചയിക്കുവാൻ ഇവിടെ ഒരുങ്ങുന്നില്ല.

നാടകീയമായി അവതരിപ്പിക്കപ്പെടുമ്പോഴാണു് ഭാവഗീതങ്ങൾ സഹൃദയ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കുന്നതു്. 'നാഗിള'യിലും 'കിളിക്കൊഞ്ചലിലും' 'തുക്കുമരത്തിലും', 'മുറ്റത്തെ തുളസിയിലും' 'വെടികൊണ്ട പക്ഷി'യിലും മറ്റും പ്രകടമായിക്കാണുന്ന ഈ നാടകീയത വള്ളത്തോളിന്റെ ഒരു വിജയരഹസ്യമാണു്.

രചനാസൗന്ദര്യത്തിലും രസനീയ മാധുര്യത്തിലും മുന്നിട്ട നിൽക്കുന്ന രമണീയാർത്ഥ പ്രതിപാദക ശബ്ദസമാഹാരമാണു് കൊച്ചുസീത, മശല മറിയം, വിലാസ ലതിക തുടങ്ങിയ ഉത്തമ ഖണ്ഡകാവ്യങ്ങൾ. എത്രതവണ വായിച്ചാലും മതിവരാത്ത ഒരു ചമൽക്കാര വിശേഷം അവയിൽ അലിഞ്ഞുചേർന്നിരിക്കുന്നു.

സംസ്കൃതത്തിൽനിന്നു് മഹാകവി തർജ്ജിമ ചെയ്തിട്ടുള്ള നാടകങ്ങളും ബൗദ്ധാപദാനകല്പലത, ഗ്രാമസൗഭാഗ്യം മുതലായ കാവ്യങ്ങളും കൈരളിയുടെ രക്തപേടകങ്ങളായി വിരാജിക്കുന്നു. ജീവിത സായാഹ്നത്തിൽ, വിശുദ്ധമായ ഭഗവദ്വേഷവും ആ കവിസാർവഭൗമൻ മലയാളത്തിനു് പകർത്തിത്തന്നു.

വള്ളത്തോളിന്റെ കാവ്യ ദർശനം എന്തായിരുന്നുവെന്നുകൂടി ചുരുക്കിപ്പറയേണ്ടതുണ്ടു്. കവിത നമ്മെ രസിപ്പിക്കുകയും പഠിപ്പിക്കുകയും നമ്മിൽ ഉറങ്ങിക്കിടക്കുന്ന അജയ്യമായ ശക്തിവിശേഷങ്ങളെ തട്ടിയുണർത്തുകയും എപ്പോഴും മനുഷ്യത്വത്തെ ഉയർത്തുകയും ശുഭപ്രതീക്ഷാ

ശീലം അവലംബിക്കുന്നതിനു് നമ്മെ സഹായിക്കുകയും മഹത്വത്തോടു് അടുപ്പിക്കുകയും സമത്വത്തിന്റെ സന്ദേശം പരത്തുകയും സർവ്വജന മൈത്രിക്കു് കളമൊരുക്കുകയും ചെയ്യുന്ന ഒരു അനുഗ്രഹദാത്രിയാണെന്നുള്ള ഉറച്ച വിശ്വാസമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. ലോക മാലിന്യങ്ങളെ തുടച്ചു നീക്കുന്നതിനുള്ള ശക്തിയേറിയ ഒരു ഉപകരണമായിരുന്ന അദ്ദേഹത്തിനു് കവിത. ആരുടെ മുമ്പിലും തലതാഴ്ത്താത്ത തന്റേടമായിരുന്ന മഹാകവിയുടെ വിജയദ്ധ്വജം.

വള്ളത്തോളിന്റെ ഓരോ പദത്തിലും സംസ്കാരമാധുരിയും കാവ്യ സൌരഭ്യവും കലർന്നിട്ടുണ്ടു്. അദ്ദേഹം തന്റെ പരിചിതരുടെ നേരെ നോക്കുന്ന ഓരോ നോട്ടത്തിലും കവിതയുടെ കടാക്ഷം കളിയാടിയിരുന്നു. കവിയുടെ കൃപായം അദ്ദേഹത്തിനെന്നപോലെ മറ്റാർക്കും ഇണങ്ങിയിരുന്നില്ല.

മഹത്തായ ഒരു വൈദ്യുത കേന്ദ്രം പരസ്സഹസ്രം ഗോള ദീപങ്ങളിൽ പ്രകാശം പകരുന്നതു പോലെ ഈ മഹാ പ്രതിഭാശാലി കേരളീയ ഹൃദയങ്ങളിലെല്ലാം കാവ്യ ചൈതന്യം പകർന്നു. നമ്മുടെ കവിതയും നമ്മുടെ കഥകളിയും നിലനിൽക്കുന്നിടത്തോളം കാലം ആ ധന്യാത്മാവിന്റെ കീർത്തി അക്ഷയമായി പ്രകാശിക്കും.

സൌഭാഗ്യം വേണമോ, സന്തുഷ്ടിവേണമോ,
സ്വാതന്ത്ര്യം വേണമോ — വേണമെങ്കിൽ
കർഷകജീവിതം പ്രത്യുദ്ധരിയ്ക്കുന്നു നാം
കാലാനുകൂലസംസ്കാരപൂർവ്വം.

''കർഷകജീവിതം''

എന്റെ ഓർമ്മ

ജി. പി. എസ്സ്. നായർ
സ്റ്റേഷൻ ഡയറക്ടർ: ആം ഇൻഡ്യാ റേഡിയോ.

നമ്മുടെ മുൻപിൽക്കൂടി കടന്നുപോകുന്ന ഘോഷയാത്രയിലെ അനേകായിരം ആളുകളിൽ പലപ്പോഴും ഒന്നോ രണ്ടോ മുഖങ്ങൾ മാത്രമേ ഓർമ്മയിൽ തങ്ങിനിൽക്കാറുള്ളൂ. ഒരു വസന്തത്തിൽ വിടരുന്ന അനേകായിരം പൂക്കളിൽ ഒന്നോ രണ്ടോ പൂക്കളുടെ പരിമളം മാത്രമേ ഉള്ളിൽ തളംകെട്ടിനിൽക്കാറുള്ളൂ. കേരളത്തിനകത്തും പുറത്തുമുള്ള അനേകായിരം കവികളുടേയും കലാകാരന്മാരുടേയും പ്രഭാഷണങ്ങൾ റെക്കാർഡ് ചെയ്യാൻ എനിക്കവസരമുണ്ടായിട്ടുണ്ട്. രണ്ടോ മൂന്നോ വട്ടമേ മഹാകവി വള്ളത്തോളിനെ മൈക്കിന്റെ മുൻപിൽ കൊണ്ടുവരാൻ എനിക്കവസരം കിട്ടിയിട്ടുള്ളുവെങ്കിലും ഓർമ്മയിലെ നാഴികക്കല്ലുകളായി അവ നിലനിൽക്കുന്നു. ആ മുഖം മറക്കാൻ കഴിയുന്നില്ല. ആ പരിമളം മായുന്നില്ല. ആ ആത്മപ്രഭാവത്തിനു് അങ്ങിനെ ഒരു സവിശേഷതയുണ്ടായിരുന്നു.

1942ലോ 43 ലോ ആണു്—മദ്രാസു് എ. ഐ. ആർ. സംഘടിപ്പിച്ച ഒരു കവി സമ്മേളനത്തിൽ സംബന്ധിക്കുന്നതിനു് ഞാനദ്ദേഹത്തിനു് ഒരു ക്ഷണക്കത്തയച്ചു. അതിൽ സംബന്ധിക്കാൻ വരുമ്പോൾ മഹാകവി ഒരു കവിത പാരായണം ചെയ്യുന്നതു് റെക്കാർഡു ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കിത്തരണമെന്നു് പ്രത്യേകം ഊന്നിപ്പറഞ്ഞിരുന്നു. ഏതാനും ദിവസം മറുപടി കണ്ടില്ല. എല്ലാവർക്കും നിരാശയായി. അദ്ദേഹം ആ ദിവസങ്ങളിൽ പുറമെയെവിടെയോ സഞ്ചരിക്കുകയായിരുന്നു. ആശ അസ്തമിച്ചപ്പോഴാണു് അദ്ദേഹത്തിന്റെ അനുകൂലമായ മറുപടി കിട്ടിയതു്. 'ഞാൻ വരുന്നുണ്ടു്. കൂടെ കവിതയും ഉണ്ടായിരിക്കും' കൂടപ്പിറവിയായ കവിതയ്ക്കു് അദ്ദേഹത്തെ വേർപിരിഞ്ഞു് നിൽക്കാൻ സാദ്ധ്യമല്ലെന്നു് ഞങ്ങൾക്കറിയാമായിരുന്നു.

ഏറ്റിരുന്ന സമയത്തുതന്നെ അദ്ദേഹം റേഡിയോ നിലയത്തിലെത്തി. എന്റെ അടുത്ത ബന്ധുവായ കേണൽ പണ്ടാല അദ്ദേഹത്തിന്റെ ഉത്തമസുഹൃത്തായിരുന്നു. അതുകൊണ്ടുകൂടി ആവാം എന്നോടു് ഒരനന്തിരവനോടുള്ള വാത്സല്യം അദ്ദേഹത്തിനുണ്ടായിരുന്നു. 'ഞാൻ വന്നതു് രണ്ടു കാര്യത്തിനാണു്. കവിത റെക്കാർഡു് ചെയ്യാൻ. പിന്നെ കലാമണ്ഡലത്തിനു് കുറേ കാശുണ്ടാക്കാനും.'

'രണ്ടും ശരിയാക്കാം'—ഞാൻ പറഞ്ഞു. കഥകളിയുടെ സമുദ്ധാരണത്തിനു് അദ്ദേഹം ചെയ്ത നിസ്തുലമായ സേവനങ്ങളെ ഏതു് കേരളീയനും കൃതജ്ഞതയോടെ ഓർമ്മിക്കേണ്ടതാണു്. ''എന്റെ കഷണ്ടിത്തലയിൽ ഭാരിച്ച കഥകളിപ്പെട്ടിയും പേറി ഞാൻ തെണ്ടുകയാണു്''—അദ്ദേഹം ഒരവസരത്തിൽ പറഞ്ഞു. ഇന്നു് കഥകളിവിളക്കിന്റെ പ്രകാശം ഭാരതം മുഴുവനും പ്രസരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന ഉത്തരവാദി മഹാകവിതന്നെയാണു്. ഭാരതത്തിൽ മാത്രമല്ല—കടലുകടന്നപ്പുറവും.

മദ്രാസു് നിലയം ആദ്യമായി റെക്കാർഡു ചെയ്ത കവിത 'എന്റെ ഗുരുനാഥ'നാണു്. അനുസരണയുള്ള ഒരു സ്കൂൾ കുട്ടിയെപ്പോലെ അദ്ദേഹം ഞങ്ങളുടെ നിർദ്ദേശങ്ങൾ അനുസരിക്കുകയുണ്ടായി. ബാധിര്യം ബാധിച്ചിരുന്ന ഒരാൾ ശബ്ദവിനിമയത്തിൽ ഇത്രമാത്രം നിയന്ത്രണം പാലിച്ചതിൽ ഞങ്ങൾക്കു് വിസ്മയം തോന്നി. സംഗീതത്തിന്റെ സുഖമല്ല, അനുഭവത്തിന്റെ ഓജസ്സാണു് ആ പാരായണത്തെ അവിസ്മരണീയമാക്കിയതു്.

പലഭാഷകളിലേയും പുകൾപെറ്റ കവികൾ പങ്കെടുത്ത ഒരു കവി സമ്മേളനമാണു് അന്നു നടന്നതു്. മലയാളത്തിന്റെ പ്രതിനിധിയായിരുന്നതു് മഹാകവിയാണു്. ഞാനിപ്പോഴും ഓർമ്മിക്കുന്നു—കഹാകവി കവിത അവതരിപ്പിക്കാൻ സ്റ്റുഡിയോയിലെ മൈക്കിന്റെ മുൻപിൽ തല ഉയർത്തിപ്പിടിച്ചുനിന്നപ്പോൾ മറുകവികൾഒന്നടങ്കം എഴുന്നേറ്റുനിന്നു് ആ അഭിവന്ദ്യദേഹത്തെ ബഹുമാനിച്ചതു്. അന്നവതരിപ്പിക്കപ്പെട്ട കവിതകളിൽ ഏറ്റവും സമ്മതി നേടിയതു് മലയാളത്തിനായിരുന്നുവെന്നതു് സാഭിമാനം പറഞ്ഞുകൊള്ളട്ടെ.

പിന്നെ ഞാൻ മഹാകവിയെ കാണുന്നതു് ഏതാനും കൊല്ലം കഴിഞ്ഞു് ചെറുതുരുത്തിയിൽ ചെന്നാണു്. അദ്ദേഹത്തിന്റെ വിശിഷ്ടമായ കവിതകൾ ആകാശവാണിയിലൂടെ അവതരിപ്പിക്കുന്നതിനുള്ള അനുമതി തേടാനാണു് ഞാൻ ചെന്നിരുന്നതു്. അതിഥികളുടെ സുഖസൗകര്യങ്ങൾ ശ്രദ്ധിക്കുന്നതിലുള്ള ആ തറവാട്ടുകാരണവരുടെ ശ്രേഷ്ഠക്കാന്തി എന്നെ അമ്പരപ്പിക്കുകതന്നെ ചെയ്തു. ദ്വാരകയിൽ ചെന്ന കുചേലനെപോലെ ഞാൻ നിന്നുപോയി. 'ആകാശവാണിയിലൂടെ കവിത പ്രക്ഷേപണം ചെയ്യുന്നതിനു് എനിക്കു് പണം ഒന്നും തരേണ്ടതില്ല'—എന്നദ്ദേഹം പറഞ്ഞപ്പോൾ അദ്ദേഹത്തെപ്പറ്റി എന്റെ ഉള്ളിലുണ്ടായിരുന്ന ചില സങ്കല്പങ്ങൾതന്നെ പൊളിച്ചെഴുതേണ്ടിവന്നു.

ഞങ്ങടെ പണം നൽകി ആ അവകാശം വാങ്ങുക തന്നെ ചെയ്തു. എങ്കിലും അദ്ദേഹത്തിന്റെ ആ മഹാമനസ്കതയും ആകാശവാണിയോടുള്ള കൂറും മറക്കുക സാദ്ധ്യമല്ല.

ഞാൻ അവസാനമായി അദ്ദേഹത്തെ കണ്ടതു് കോഴിക്കോടു് റേഡിയോ നിലയം ഉൽഘാടനം ചെയ്ത അവസരത്തിലാണു്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യമാണു് ആ സംരംഭത്തിനു് മംഗളം ചേർത്തതെന്നു് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ആ നിലയത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിനു് അങ്ങേയറ്റം താല്പര്യം ഉണ്ടായിരുന്നു. അന്നദ്ദേഹം എന്നെ വിളിച്ചു് പ്രത്യേകമായി പറഞ്ഞ ചില ഉപദേശങ്ങൾ ഇന്നും എന്റെ കാതിൽ മുഴങ്ങുന്നുണ്ടു്. കേരളത്തിന്റെ ഊട്ടംപാവും അദ്ദേഹത്തിനു് അസ്സലായി അറിയാമായിരുന്നു.

ഈ തലമുറയിലെ ഏറ്റവും മഹാനായ മഹാകവിയെ കൂടുതൽ അടുത്തു് പരിചയപ്പെടാൻ അവസരമുണ്ടാക്കാത്തതിൽ ഇന്നു് ഞാൻ വിഷാദിക്കുന്നുണ്ടു്. ഉദ്യോഗം കേരളത്തിനു് പുറമെ ആയതിനാലാണു് ആ സൗഭാഗ്യം എനിക്കു് നഷ്ടപ്പെട്ടതു്. ഞങ്ങളുടെ പരിചയത്തിന്റെ ദൈർഘ്യം പരിമിതമാണെങ്കിലും ഞാനതിന്റെ സ്മരണ ഒരനർഘനിധിയായി സൂക്ഷിക്കുന്നു. അതിനു് മഞ്ഞുതുള്ളിയുടെ ഭംഗിയും കൂമ്പിന്റെ ശുദ്ധിയുമുണ്ടു്.

മാനംചേർന്ന ഭടന്റെ മിന്നൽ ചിതറും
കൈവാളിളക്കത്തിലും,
മാനഞ്ചും മിഴിതൻ മനോരമണനിൽ—
ച്ചായുന്ന കൺകോണിലും,
സാനന്ദം കളിയാടിടുന്ന ശിശുവിൻ
തുവേർപ്പുണിപ്പൂകവിം—
സ്ഥാനത്തും നിഴലിച്ചു കാൺമു കവിതേ,
നിൻമഞ്ജുരൂപത്തെ ഞാൻ!

''കവിത''

പൂർവരംഗം

പി. കെ.
പരമേശ്വരൻ നായർ

> അഭിനവ സാഹിത്യപ്രസ്ഥാനങ്ങളും ആകസ്മികമായി ആവിർഭവിക്കുന്നവയല്ല. അവയ്ക്ക് ഒരുപൂർവ്വരംഗം ഉണ്ടായിരിയ്ക്കും. വള്ളത്തോളും കവിതയ്ക്കും അതില്ലാതിരുന്നില്ല. ക്ലാസിസിത്തിന്റെ അന്തരീക്ഷത്തിൽ ജനിച്ച് അതിന്റെ പ്രവണതകളും ഉൾക്കൊണ്ട വളർന്ന വള്ളത്തോളിനെ ഒരു റൊമാന്റിക് കവിയായി പരിവർത്തനം ചെയ്യിച്ച സാഹചര്യങ്ങളും കേരളസാഹിത്യത്തിൽ കാലേക്കൂട്ടിത്തന്നെ പ്രത്യക്ഷപ്പെട്ടിരുന്നു. അവയെ കണ്ടറിഞ്ഞ് സ്വാംശീകരിക്കാൻ കഴിഞ്ഞതായിരുന്നു വള്ളത്തോളിന്റെ വിജയം.

നൂതന സാഹിത്യ പ്രസ്ഥാനങ്ങളൊന്നും പൊട്ടന്നവെ പൊട്ടിമുളയ്ക്കുന്നവയല്ല. അവ മിക്കപ്പോഴും സാഹിത്യത്തിലെ മുൻ പ്രവണതകളുടെ പരിണാമഫലങ്ങളാണ്. കവിത ക്ലാസിസ്സത്തിൽ നിന്ന് റൊമാൻറിസിസ്സത്തിലേയ്ക്ക് പരിവർത്തനം ചെയ്തപ്പോഴും, റൊമാൻറിസിസ്സത്തിൽ നിന്ന് റിയലിസത്തിലേയ്ക്ക് ഗതി മാറിയപ്പോഴും ഒക്കെ മേല്പറഞ്ഞ നിയമത്തിനു വിധേയമായിട്ട തന്നെയാണ് അതു് ആ പ്രക്രിയയ്ക്ക വിധേയമായതു്. അങ്ങിനെ നോക്കുമ്പോൾ, വള്ളത്തോളും മലയാളകവിതയിൽ അവതരിപ്പിച്ച അഭിനവ പ്രസ്ഥാനത്തിലേയ്ക്ക് അദ്ദേഹത്തെ നയിച്ച ഒരു പൂർവ്വരംഗം കാലേക്കൂട്ടി പ്രത്യക്ഷപ്പെട്ടിരുന്നുവെന്നതു് തീർച്ചയാണ്.

വള്ളത്തോളും കവിതാരംഗത്തു് കാൽവച്ചതിനു മുമ്പു തന്നെ മലയാളകവിത ഒരു പരിവർത്തനത്തിന്റെ വക്കിൽ എത്തിയിരുന്നു. വെണ്മണി മാരുടെ കാലത്തോടുകൂടി ആരംഭിച്ചുവെന്നു സാമാന്യമായി പറയാവുന്ന ആ പരിവർത്തനം സൂക്ഷ്മപരിശോധനയിൽ കുറേക്കൂടി മുമ്പേ വേരോടിക്കഴിഞ്ഞിരുന്നതാണ്. വെണ്മണിമാരുടെയും പൂവ്വഗാമികളായിരുന്ന ചില കവികളും, ക്ലാസിസം കൊടികുത്തിവാണിരുന്നകാലത്തും റൊമാൻറിസസത്തിന്റെ ലക്ഷണങ്ങളും പ്രദർശിപ്പിച്ചതായി കാണാനുണ്ട്. കൊല്ലം പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ച ചേലപ്പറമ്പ നമ്പൂതിരി അത്തരം ഒരു കവിയായിരുന്നു. പ്രൗഢമണിപ്രവാള ശൈലിയിൽ ദേവലോക വർണ്ണനകളും, രാജകഥാ പ്രതിപാദനങ്ങളും മറ്റും തകർത്തുവന്ന കവികളുടെ ഇടയ്ക്ക്,

''പാടത്തുംകര നീളെ നീലനിറമായ്
വേലിക്കൊരാഘോഷമാ—
യാടിത്തുങ്ങിയലഞ്ഞുലഞ്ഞു സുകൃതം
കൈക്കൊണ്ടിരിക്കും വിധൌ
പാരാതേ വരികെന്റെ കയ്യിലധുനാ
പീയൂഷഡംഭത്തെയും
ഭേദിച്ചൻപൊട്ട കയ്പവല്ലി തരസാ
പൊറ്റുള്ള പൈതങ്ങളേ!''

എന്നിങ്ങനെ കണ്ണുന്ന പാവങ്ങളെയെ വാത്സല്യമസൃണമായി സംബോധനചെയ്യുംകൊണ്ട് കവിതയുടെ ശ്രീകോവിലിൽ പ്രതിഷ്ഠിച്ച കവി കേവലം അംഗീകൃത മാർഗ്ഗങ്ങളിൽ മാത്രം സഞ്ചരിക്കുന്ന പ്രകൃതക്കാരനായിരിക്കാൻ ഇടയില്ല. പക്ഷെ, ചേലപ്പറമ്പന്റെ കവിതയ്ക്ക് ഒരു പ്രസ്ഥാനത്തെ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. പതിനൊന്നാം ശതകത്തിന്റെ പൂർവ്വാർദ്ധം കഴിഞ്ഞപ്പോഴെക്കും ചേലപ്പറമ്പനെപ്പോലെ സ്വന്തം വൈകാരികാനുഭൂതികളെ സാമാന്യക്കാരനു് മനസ്സിലാകത്തക്ക ശൈലിയിൽ അവതരിപ്പിക്കുന്നതിനുള്ള ഒരു പ്രവണത കൊട്ടങ്ങല്ലൂർ കോവിലകത്തു് വിദ്വാൻ ഇളയതമ്പുരാന്റെ ശിഷ്യഗണങ്ങളിൽപ്പെട്ട ചില കവികളിൽ ദൃശ്യമാകുന്നുണ്ടായിരുന്നു. അത്തരം കവികളിൽ ഒരാൾ പൂന്തോട്ടത്തു നമ്പൂതിരിയും, മറ്റെ ആൾ വെണ്മണി അച്ചൻ നമ്പൂതിരിയും ആയിരുന്നു. പൂന്തോട്ടവും, ചേലപ്പറമ്പനെപ്പോലെ പ്രൌഢകാര്യങ്ങളെക്കാളും സാമാന്യാനുഭൂതികളിൽ നിഷ്പ്രയാസം ഒതുങ്ങി നിൽക്കുന്നതും, എന്നാൽ അഗാധമായ മാനുഷികഭാവങ്ങളും ഉൾക്കൊള്ളുന്നതുമായ വിഷയങ്ങളെ ചിത്രീകരിക്കുന്നതിൽ നിപുണനായിരുന്നു. അദ്ദേഹത്തിന്റെ ''പൂമെത്തേലെഴുനേറ്റിരുന്നു'' എന്നാരംഭിക്കുന്ന പദ്യം പ്രസിദ്ധമാണല്ലോ. അതിനേക്കാളും കുറെക്കൂടി മാനുഷിക മൂല്യമുള്ളതാണ് കൊയ്ത്തുകഴിഞ്ഞ് നെൽക്കറ്റയുമായി വരുന്ന ഹരിജന ബാലികയെ കണ്ട കൊണ്ടെഴുതിയ,

''മൂടില്ലാത്തൊരു മുണ്ടുകൊണ്ടു—
മുടിയും മുടീട്ട വൻകറ്റയും
ചൂടിക്കൊണ്ടരിവാളും പുറത്തു തിരുകി—
പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻകച്ചയുടുത്ത മേനിമുഴുവൻ—
ചേറും പുരണ്ടിപ്പൊഴി—
പ്പാടത്തുന്നു വരുന്നനിൻ വരവുക—
ണ്ടേറെക്കൊതിക്കുന്നു ഞാൻ.''

എന്ന പദ്യം.

പൂർവഗാമികൾ

ഇത്തരം പദ്യങ്ങൾ അന്നെഴുതിയ കവി സമകാലികാഭിരുചിയേക്കാൾ നൂതനമായ ഏതോ പ്രവണതയെ അല്പേ പ്രതിനിധാനം ചെയ്യുന്നതെന്നാർക്കാണു് തോന്നാത്തതു്? സ്നേഹവും ലോകാനുകമ്പയുമുള്ള കവികളുടെ കൈയ്യിൽ കൊട്ടാരക്കെട്ടും രമ്മ്യഹർമ്മ്യങ്ങളും പോലെ തന്നെ, കുടിലിന്റെ പരിസരങ്ങളിൽ, ചേറു പുരണ്ട സാധുക്കളും തുല്യ വിജയത്തോടെ കവിതയിൽ ശോഭതേടുമെന്നുള്ളതിനെയല്ലെ ഈ പദ്യം വെളിപ്പെടുത്തുന്നതു്? ചേലപ്പറമ്പനെപ്പോലെ പൂന്തോട്ടവും ഏതോ ഒരു നവീന ഘട്ടത്തിന്റെ സൂചനയാണു് നമ്മിലുണ്ടാക്കുന്നതു്. പക്ഷെ അവ്യക്തമായ രേഖകളും മാത്രമേ അവർ ഇരുപേരും അവശേഷിപ്പിച്ചുള്ള. ക്ലാസിക് പ്രവണതകൾക്കിടയിലൂടെ മെല്ലെ തല കാണിച്ച ചഞ്ചലമായ റൊമാൻറിസം മാത്രമേ അവരിൽ ഉണ്ടായിരുന്നുള്ള.

പൂന്തോട്ടത്തിനെക്കുറിച്ചു പറയുമ്പോൾ അദ്ദേഹത്തിന്റെ സമകാലികനും സുഹൃത്തുമായിരുന്ന വെണ്മണി അച്ചൻ നമ്പൂതിരിയെ സ്മരിക്കാതിരിക്കാൻ നിവൃത്തിയില്ല. പൂന്തോട്ടത്തിന്റെ അതു സൂക്ഷ്മഭാവങ്ങളിൽ പ്രവണനായിരുന്നില്ല വെണ്മണി അച്ചൻ നമ്പൂതിരിയെങ്കിലും, സ്വകവിതയിൽ ചിലപ്പോഴെങ്കിലും അതിലേയ്ക്കു് ഒരു ചായ്വു പ്രദർശിപ്പിക്കാതിരുന്നിട്ടില്ല. ഉദാഹരണത്തിനു്

''കോടക്കാർ വർണ്ണനോടക്കുഴലൊടുകളിവി—
ട്ടോടിവന്നമ്മതന്റെ
മാടൊക്കും പോർമുലപ്പാലമിതരുചിട്ടുജി—
ച്ചാശ്വസിക്കും ദശായാം
ഓടി ക്രീഡിച്ചുവാണീടിന വദനകലാ—
നാഥഘമ്മാമൃതത്തെ—
ക്കുടുക്കുടുത്തുടയ്ക്കും സുകൃതനിധിയശോ—
ദാകരം കുമ്പിടുന്നേൻ.''

എന്ന ശ്ലോകത്തിൽ ശൈശവ ലാളിത്യവും മാതൃവാത്സല്യവും തന്മയത്വത്തോടെ ചിത്രീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുള്ളതു കാണാവുന്നതാണു്. പക്ഷെ അദ്ദേഹവും ആ സരണിയിൽ പറയത്തക്കവണ്ണം മുന്നോട്ടു പോയില്ല.

വെണ്മണി മകൻ നമ്പൂതിരി കുറെക്കൂടി തെളിവുറ ഒരു കവിയായിരുന്നു. അദ്ദേഹം മേല്പറഞ്ഞ പൂർവഗാമികളെപ്പോലെ തന്നെ പ്രഹതമാർഗ്ഗങ്ങളിൽ നിന്നു് വ്യതിരിക്തമായ സരണികളും അവലംബിക്കുന്നതിൽ താല്പര്യം പ്രദർശിപ്പിച്ചു. പുതിയ വിഷയങ്ങളും, വിശേഷിച്ചും സ്വാനുഭവങ്ങളിൽ നിന്നുരുത്തിരിഞ്ഞ കാര്യങ്ങളും, കവിതയിൽ സ്വീകരിക്കുന്ന കാര്യത്തിൽ അദ്ദേഹം മറ്റാരെക്കാളും പാടവം പ്രദർശിപ്പിച്ചു. അതിനു നല്ല ഉദാഹരണമാണു് അദ്ദേഹത്തിന്റെ 'പൂരപ്രബന്ധം'. പക്ഷെ, നിരങ്കുശമായ ശൃംഗാരപ്രയോഗംമൂലം അദ്ദേഹം എഴുതിയതിൽ ഒരു നല്ല പങ്കു് സഭ്യേതരമായിപ്പൊയെന്നൊരു ദൂഷ്യം കടന്നു കൂടി. എങ്കിലും 'ആത്മകഥാ ഖണ്ഡങ്ങൾ' പോലെ അനുവേരസികതസ്പുരിക്കുന്ന ജീവിതസംഭവങ്ങൾ കവിതയിൽ അടർത്തിവച്ചു്, അനുവാചക ഹൃദയത്തിൽ ചമൽക്കാരം ജനിപ്പിക്കുന്ന കലയിൽ ആധുനിക കവികൾക്കു് ഒരു നല്ല മാർഗ്ഗദർശിയായിരുന്ന വെണ്മണി മകൻ എന്നു് സമ്മതിക്കേണ്ടതായിട്ടുണ്ടു്. സംഭവങ്ങളുടെയും വ്യക്തിമാതൃകകളുടെയും ശൂലികാചിത്രങ്ങൾപോലെയുള്ള മുക്തകങ്ങൾ രചിക്കുന്നതിലും അദ്ദേഹം വിദഗ്ധനായിരുന്നു.

വെണ്മണി വന്നിരുന്നില്ലെങ്കിൽ

അത്രമാത്രമല്ല വെണ്മണിയുടെ ആധുനിക ലക്ഷണം. ശൈലിയുടെ കാര്യത്തിലും പിന്നീടു വന്ന കവികൾക്കു് അദ്ദേഹം ഒരു നല്ല മാർഗ്ഗദർശിയായിരുന്നു. വെണ്മണി ശൈലി നേരത്തെ വന്നില്ലായിരുന്നെങ്കിൽ വള്ളത്തോളിന്റെ ശൈലിയുടെ സ്വഭാവം ഇതായിരിക്കുമായിരുന്നോ എന്നുകൂടി സംശയിക്കത്തക്കവിധം വള്ളത്തോളും വെണ്മണിയുടെ സ്വാധീനശക്തിക്കു വശഗനാണു്. സൗകുമാര്യ സാരള്യങ്ങളുടെ ലക്ഷണസമാനതയാണു് അവരുടെ ശൈലികളിൽ ഉഭയസാധാരണമായി കാണുന്നതു്. അതുപോലെ തന്നെ പ്രസന്നതയും. ചന്ദ്രികാർച്ചിതമായ ഒരു രാത്രിയുടെ ആവിർഭാവം വർണ്ണിക്കുന്ന വെണ്മണിയുടെ,

''താരാഹാരമലങ്കരിച്ചു തിമിര—
പ്പുഞ്ചായൽ പിന്നോക്കമി—
ട്ടാരാകേന്ദുമുഖത്തിൽ നിന്നു കിരണ
സ്മേരം പൊഴിച്ചുങ്ങനെ
ആരോമൽ കനകാബ്ജ കോരകകുചം
തുള്ളിച്ചൊരാമോദമോ—
ടാരാലംഗനയെന്ന പോലെ നിശയും
വന്നാളിതന്നാളഹോ''

എന്ന പദ്യം വായിക്കുമ്പോൾ, ഒരു പക്ഷെ മൂന്നാമത്തെ വരിയിൽ ചെല്ലുന്നവരെയെങ്കിലും അതു് ഒരു വള്ളത്തോൾ മുക്തകമാണെന്നു് ആരെങ്കിലും സംശയിച്ചു പോയാൽ അവരെ കുറ്റപ്പെടുത്താൻ സാദ്ധ്യമല്ല.

വള്ളത്തോളിന്റെ ശൃംഗാരത്തെ വെണ്മണി ശൃംഗാരവുമായി താരതമ്യപ്പെടുത്തുന്നതു് സാഹസമായിരിക്കുമെങ്കിലും, സഭ്യതയുടെ അഗാധ ബോധവും, സൗന്ദര്യത്തിന്റെ സൂക്ഷ്മാനുഭൂതിയും കൊണ്ടു് ഏതു സന്ദർഭത്തിലും മധുരമായി തോന്നുന്ന വള്ളത്തോളിന്റെ ശൃംഗാരത്തിൽ വെണ്മണി ശൃംഗാരത്തിന്റെ സംസ്കാര വിനീതമായ ഒരു

നിഴലാട്ടമില്ലെന്നു് ആർക്കും പറയാൻ കഴിയുമെന്നു തോന്നുന്നില്ല. ഇതുകൊണ്ടു് വെണ്മണിക്കവിതയും വള്ളത്തോൾക്കവിതയുമായി അഗാധഭാവങ്ങളിലോ, രൂപത്തിലോ സാമ്യമുണ്ടെന്നു വരുന്നില്ല. ചില പ്രധാനാംശങ്ങളിൽ വെണ്മണിക്കവിത വള്ളത്തോൾക്കവിതയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു മാത്രമേ ഇവിടെ ധരിക്കേണ്ടതുള്ളൂ.

കൊട്ടങ്ങല്ലൂർ കോവിലകവും കേരള കാളിദാസനും

വെണ്മണിമാരുടെയും അവരുടെ സമകാലികരായിരുന്ന ശീവൊള്ളി, നട്ടവം, ഒറവങ്കര മുതലായവരുടേയും അനന്തരഗാമികളായി കൊട്ടങ്ങല്ലൂർ കോവിലകത്തോടു ബന്ധപ്പെട്ട ഒരു നല്ല കവിസംഘം അക്കാലത്തുണ്ടായിരുന്നു. അവരുടെ പ്രവർത്തനങ്ങൾ സാഹിത്യത്തിൽ ചരിത്രം സൃഷ്ടിച്ചു എന്നു തന്നെ പറയാം. കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാത്തുള്ളിൽ അച്ചുതമേനോൻ, ചാത്തുക്കുട്ടി മന്നാടിയാർ കൂനേഴത്തു പരമേശ്വരമേനോൻ, കുണ്ടൂർ നാരായണമേനോൻ എന്നിങ്ങനെ പലരും ആ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ആ സംഘത്തിന്റെ പ്രത്യേകമെന്നു തന്നെ പറയാവുന്നതും, വെണ്മണിശൈലിയുടെ മുഗ്ധവഹിക്കുന്നതുമായ ഒരു നല്ല മലയാള ശൈലിയും അവർക്കു വശമായിരുന്നു. വള്ളത്തോളിന്റെ കാവ്യശൈലിയുടെ സൃഷ്ടിയിൽ ആ 'കൊട്ടങ്ങല്ലൂർ ശൈലി' വഹിച്ച സ്വാധീനശക്തി കുറച്ചൊന്നുമല്ല.

ആ കാലം മലയാള സാഹിത്യത്തിൽ ഏറ്റവും ഉത്സാഹവിജൃംഭിതമായ ഒന്നായിരുന്നുവെന്നു തന്നെ പറയണം. അതിന്റെ പ്രധാന പ്രചോദകൻ കേരള കാളിദാസൻ എന്ന അപരാഭിധാനത്താൽ അറിയപ്പെട്ടിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാനായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യ സാർവ്വഭൌമത്വം അന്നു കേരളമാകെ അംഗീകൃതമായിരുന്നു. ഭാവ ഗംഭീരമായ ഒരു മണിപ്രവാള ശൈലിയിൽ പക്ഷപാതിയായിരുന്ന അദ്ദേഹം അന്നത്തെ ശുദ്ധ മലയാള കവനശൈലിയോടു് ആദ്യം വിയോജിച്ചാണു് നിലകൊണ്ടതെങ്കിലും, സാഹിത്യത്തിലെ സകല വിഭാഗക്കാരും അദ്ദേഹത്തിന്റെ പ്രാമാണികതയെ അംഗീകരിച്ചുവന്നു. അദ്ദേഹത്തിന്റെ അധികാര സീമയിൽ ഒരു വലിയ സംഘം കവികളും ഗദ്യകാരന്മാരും വിഹരിച്ചിരുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണി, കെ. സി. കേശവപിള്ള, മാവേലിക്കര ഉദയവർമ്മരാജാ മുതലായവരും, മുമ്പു പേരു പറയപ്പെട്ട കൊട്ടങ്ങല്ലൂർ കവി സംഘവും അതിൽ ഉൾപ്പെട്ടു. അവരെ സംഘടിപ്പിച്ചു നിറുത്തുന്നതിനും മുന്നിട്ടു നിന്നതു് കണ്ടത്തിൽ വർഗ്ഗീസു് മാപ്പിളയായിരുന്നു. വറുഗീസു് മാപ്പിളയുടെ ഉത്സാഹത്തിൽ 1890–ൽ (1065) ആരംഭിച്ച മലയാള മനോരമയും, 1892–ൽ (1067) സ്ഥാപിക്കപ്പെട്ട ഭാഷാപോഷിണിസഭയും സാഹിത്യകാരന്മാരുടെ ഉത്സാഹത്തേയും ആശയവിനിമയപ്രവണതയേയും വർദ്ധിപ്പിച്ചു. ഭാഷാപോഷിണി സഭയുടെ ആഭിമുഖ്യത്തിലും, കേരള വർമ്മ വലിയ കോയിത്തമ്പുരാന്റെ നേതൃത്വത്തിലും വറുഗീസു് മാപ്പിളയുടെ സൂത്രധാരത്വത്തിലും കോട്ടയം, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോടു്, തലശ്ശേരി മുതലായ സ്ഥലങ്ങളിൽ സാഹിത്യസമ്മേളനങ്ങൾ നടക്കുകയും, സർവ്വകയായി പ്രസിദ്ധീകരിച്ചുവന്ന ഭാഷാപോഷിണി മാസികയുടെ പ്രചാരം വർദ്ധിയ്ക്കുകയും ചെയ്തതോടുകൂടി സാഹിത്യരംഗം തികച്ചും സജീവമായി. കവിതാ മത്സരങ്ങൾ, സമസ്യാപൂരണങ്ങൾ, കവിതാവേഗ പരീക്ഷകൾ അക്ഷരശ്ലോക മത്സരങ്ങൾ എന്നിങ്ങനെ പലതിലും കവികൾ പങ്കെടുത്തു. നൂതന സരണികളിൽ കവിതാരചന നടത്തുന്നതിനുള്ള ഉദ്യമങ്ങളും ഇല്ലാതിരുന്നില്ല. അതിനടുത്ത കാലങ്ങളിൽ തന്നെയാണു് മലബാറിൽ കടത്തനാട്ടു് ഉദയവർമ്മ ഇളയതമ്പുരാന്റെ രക്ഷാധികാരത്തിൽ 'കവനോദയ'വും, തൃശ്ശൂരിൽ സി. അച്ചുതമേനോന്റെ പത്രാധിപത്യത്തിൽ 'വിദ്യാവിനോദിനി'യും ആരംഭിച്ചതു്. അവരുടെയൊക്കെ പിന്നിൽ ധാരാളം യുവകവികളും പണ്ഡിതന്മാരും അണിനിരന്നിരുന്നു. കോഴിക്കോട്ടാണെങ്കിൽ വിദ്വാൻ മാനവിക്രമൻ ഏട്ടൻതമ്പുരാന്റെ രക്ഷാധികാരത്തിൽ ഒരു നല്ല പണ്ഡിതസദസ്സും കവിസംഘവും പ്രവർത്തിച്ചുവന്നു. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, വെള്ളാനശ്ശേരി വാസുണ്ണി മൂസ്സു്, കുറുത്തപാറ വാസുദേവൻ നമ്പൂതിരി തുടങ്ങിയ എത്രയോ പ്രശസ്ത വ്യക്തികളും ആ സംഘത്തിലും ഉണ്ടായിരുന്നു.

സാക്ഷാൽ വള്ളത്തോൾ

ഇങ്ങിനെ കേരളസാഹിത്യത്തിലെ ഏറ്റവും സ്മരണീയമായ ഒരു കാലഘട്ടത്തിലെ സജീവ രംഗങ്ങളും ഉത്സാഹപ്രകർഷത്തോടെ കണ്ടുകൊണ്ടാണു് വള്ളത്തോൾ തന്റെ യൌവനകാലം കഴിച്ചതു്. ആ കാലത്തിന്റെ പല പ്രവണതകളും വള്ളത്തോളിനെ സ്വാധീനം ചെയ്തിട്ടുണ്ടെന്നതിനു് തർക്കമില്ല. അദ്ദേഹത്തിന്റെ ആദ്യകാല കവനങ്ങളും ആ സ്വാധീനശക്തിക്കു് വളരെയൊക്കെ വശഗമായിട്ടുണ്ടെന്നു കാണാവുന്നതുമാണു്. പക്ഷെ വള്ളത്തോൾ അവിടെയെങ്ങും നിന്നില്ല. പോയി മറയുന്ന കാലത്തിന്റെ സ്വഭാവങ്ങൾ കുറേയൊക്കെ സ്വീകരിക്കാനുള്ളതിനോടൊപ്പം നൂതനമായ ചൈതന്യം സ്വീകരിക്കുന്നതിനുള്ള കഴിവു് അദ്ദേഹത്തിനു് അപരിമിതമായിട്ടുണ്ടായിരുന്നു. അതാണു് പിന്നീടു് വള്ളത്തോളിനെ സാക്ഷാൽ വള്ളത്തോളാക്കിയതു്. പൂത്തോട്ടം, വെ

ണ്മണി, കുണ്ടൂർ മുതലായവരിൽ ദൃശ്യമായിരുന്ന റൊമാൻറിസിസം, സൈകതജലംപോലെ അവരിൽതന്നെ ലയിച്ചുപോയപ്പോഴും, വള്ളത്തോളിൽ അതു് ഒരു അരുവിപോലെ ശക്തിയാർജ്ജിച്ചൊഴുകിയതു് ഈ ഒരു കഴിവുകൊണ്ടായിരുന്നു. അന്നു് റൊമാൻറിക് കവികൾക്കു് പ്രായേണ വശമായിരിക്കേണ്ടിയിരുന്ന ഇംഗ്ലീഷ് സാഹിത്യപരിചയം വള്ളത്തോളിനുണ്ടായിരുന്നില്ലെങ്കിലും, മലയാളത്തിൽ അന്നു തെളിഞ്ഞുവന്ന ആംഗലകവിതാ പ്രവണതകളെ സസൂക്ഷ്മം പഠിക്കാൻ അദ്ദേഹത്തിനു് കഴിഞ്ഞു. പ്രസിദ്ധമായ ദ്വിതീയാക്ഷരപ്രാസവാദത്തിൽ ഏ.ആർ. രാജരാജവർമ്മ, അതു വ്യക്തമായിട്ടല്ലെങ്കിലും, അവതരിപ്പിച്ച ഭാവാത്മകകവിതാ വാദം വള്ളത്തോളിനെ അഗാധമായി സ്പർശിച്ചു. കവിതയുടെ ബാഹ്യ മോടികളേക്കാൾ ഭാവാംശത്തിനു് പ്രാധാന്യം കല്പിക്കണമെന്ന അഭിപ്രായം അദ്ദേഹത്തിൽ രൂഢമൂലമായി. ദ്വിതീയാക്ഷര പ്രാസം വേണമോ വേണ്ടയോ എന്നതിലായിരുന്നില്ല അദ്ദേഹം പ്രധാനമായി ശ്രദ്ധിച്ചിരുന്നതു്. സൌന്ദര്യാവിഷ്ക്കരണത്തിലൂടേയും, ഭാവ സൂക്ഷ്മതയിലൂടേയും അനുവാചക ഹൃദയം സ്വാധീനം ചെയ്യുകയാണു് ശബ്ദാഡംബരത്തിലൂടെ കണ്ണങ്ങൾക്കു് സുഖം നൽകുന്നതിനേക്കാൾ കവിതകൊണ്ടു സാധിക്കേണ്ടതെന്ന നിലപാടാണു് അദ്ദേഹം കൈക്കൊണ്ടതു്.

നൂതനപ്രവണതകൾ

ഇംഗ്ലീഷ് റൊമാൻറിക് കാവ്യങ്ങളുടെ പല അനുകരണങ്ങളും പരിഭാഷകളും അക്കാലത്തു് മലയാളത്തിൽ പലതും എഴുതിവന്നു. ഭാഷാപോഷിണി, വിദ്യാവിനോദിനി മുതലായ അന്നത്തെ മാസികകളിൽ അവ പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോഴും അഭിനവ പ്രവണതകളിൽ നിഷ്ണാതരായ കവികൾക്കു് അവ മാർഗ്ഗദർശകങ്ങളായി. ടെനിസൻറെ ഇൻമെമ്മോറിയം തുടങ്ങിയുള്ള വിലാപ കാവ്യങ്ങളുടെ സരണിയിലും, അവയുടെ പരിഭാഷകളോ അനുകരണങ്ങളോ ആയിട്ടും പല കൃതികളും ഇംഗ്ലീഷ് സാഹിത്യവിദ്യാർത്ഥികളായ യുവകവികളിൽനിന്നു് മലയാളത്തിനു് ലഭിച്ചു. ഏ. ആർ. രാജരാജവർമ്മ അത്തരം പുതിയ കൃതികളെ അഭിനന്ദിക്കുകയും അതുപോലെയുള്ള കൃതികൾ സ്വന്തമായി എഴുതാൻ യുവ കവികളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. 'മലയവിലാസം'പോലെ റൊമാൻറിക് സരണിയിലുള്ള കൃതികൾ അദ്ദേഹംതന്നെ എഴുതി മാതൃക കാണിച്ചുകൊടുക്കുകയും ഇരുന്നില്ല. കാളിദാസൻറെ മേഘസന്ദേശംപോലെ ഭാവാത്മകമായ ഒരു കവിത മലയാളത്തിലാക്കിയതും, കുമാര സംഭവത്തിലെ ഏറ്റവും വൈകാരിക മൂല്യവും റൊമാൻറിക് സ്വഭാവവുമുള്ള സർഗ്ഗങ്ങൾ അതി സരളമായ രീതിയിൽ പരിഭാഷപ്പെടുത്തിയതും അത്തരം കാവ്യ മൂല്യങ്ങളുടെ മഹിമാതിശയത്തെ പ്രഖ്യാപനം ചെയ്ത സാഹിത്യസപര്യകളായിരുന്നു. വള്ളത്തോളിനേയും അദ്ദേഹത്തിൻറെ സമകാലികരായിരുന്ന വി.സി. ബാലകൃഷ്ണപ്പണിക്കർ, കുമാരനാശാൻ, ഉള്ളൂർ മുതലായവരേയും രാജരാജവർമ്മയുടെ നേതൃത്വം കുറച്ചൊന്നുമല്ല പ്രചോദിപ്പിച്ചിട്ടുള്ളതു്.

ഇംഗ്ലീഷ് ബിരുദധാരികളായിരുന്ന കുണ്ടൂർ നാരായണമേനോൻ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ മുതലായവരുടെ കവിതകളും ചില നൂതന പ്രവണതകളും ആവിഷ്ക്കരിക്കാതിരുന്നില്ല— അവ മലയാളത്തിലെ അനന്തര കവിതയെ അതു മാത്രം സ്വാധീനം ചെയ്തില്ലെങ്കിലും വിശേഷിച്ചും കുണ്ടൂരിൻറെ 'കോമപ്പൻ' മുതലായ വീര രസ പ്രധാനമായ കൃതികളും തികച്ചും കേരളീയമാണെങ്കിലും ഇംഗ്ലീഷിലെ 'ബാലഡ്' (Ballad) എന്ന കാവ്യ രീതിയെ ഒട്ടൊക്കെ അനുകരിച്ചുള്ളവയാണെന്നു കാണാം. വള്ളത്തോളിൻറെ 'ബന്ധനസ്ഥനായ 'അനിരുദ്ധ'നും കോമപ്പനും തമ്മിൽ ഒട്ടുംതന്നെ സാമ്യം കല്പിക്കാനാവില്ലെങ്കിലും കുണ്ടൂരിൻറെ കൃതിയിലെ ധീരോദാത്തനായ നായകൻറെ സ്വരം ഒട്ടൊക്കെയെങ്കിലും ബന്ധനസ്ഥനായ അനിരുദ്ധനിൽ പ്രതിദ്ധ്വനിക്കുന്നില്ലെന്നു പറയാൻ പ്രയാസമാണു്.

പൂർവരംഗം

വള്ളത്തോൾ ഒരു റൊമാൻറിക് കവിയായി രൂപാന്തരപ്പെടുന്നതിനു മുമ്പു് മലയാള കവിതയെ സ്പർശിച്ചുതുടങ്ങിയിരുന്ന കാല്പനിക പ്രവണതകൾ വള്ളത്തോളിൽ എത്രമാത്രം സ്വാധീനം ചെലുത്തിയെന്നുള്ളതിൻറെ ഒരു ക്ഷണ ദർശനം മാത്രമാണു് മുകളിൽ നൽകപ്പെട്ടതു്. മേൽപേരു പറയപ്പെട്ട കവികളിൽ ആരുടേയെങ്കിലും കവിതയുമായി വള്ളത്തോൾ കവിതയ്ക്കു വ്യാപകമായതോതിൽ എന്തെങ്കിലും സാധർമ്മ്യമുള്ളതായി ഇതുകൊണ്ടർത്ഥമാക്കേണ്ടതില്ല. വള്ളത്തോളിൻറെ അതു യുഗപ്രഭാവത്വം അവരിൽ ആർക്കും ഉണ്ടായിരുന്നുമില്ല. എങ്കിലും അവരുടെ കാവ്യവികാരങ്ങൾ ചില സൂക്ഷ്മാംശങ്ങളിൽ വള്ളത്തോളിൻറെ പ്രതിഭയെ സ്വാധീനം ചെയ്തിട്ടുണ്ടെന്നു് സമ്മതിക്കുകതന്നെ വേണം. ആ കാലങ്ങളേയും അവയിലൂടെ രൂപം പ്രാപിച്ചുവന്ന പുതിയ കവന സരണികളേയുംസാകല്യേന വീക്ഷിക്കുമ്പോൾ ദൃശ്യമാകുന്ന സാഹിത്യ രംഗമായിരിക്കും വള്ളത്തോൾ കവിതയുടെ പൂർവ്വരംഗം.

With best Compliments of

Indian Telephone Industries Limited

Bangalore-16

Manufacture of
Telecommunication Equipment.

With best Compliments
from

TRADE REPRESENTATION OF THE

GERMAN DEMOCRATIC REPUBLIC

1/1, Kodambakkam High Road,

Nungambakkam,

MADRAS-34.

AAB

The United Commercial Bank Ltd.

Head Office:

10, Brabourne Road, CALCUTTA-1.

I. P. GOENKA

CHAIRMAN

AUTHORISED CAPITAL	.. **Rs.**	**8,00,00,000**
SUBSCRIBED CAPITAL	.. **Rs.**	**5,60,00,000**
PAID-UP CAPITAL	.. **Rs.**	**2,80,00,000**
RESERVE FUND & OTHER RESERVES	.. **Rs.**	**3,37,00,000**

BRANCHES:

In all important Cities & Towns of India, Foreign Branches in Pakistan, Malaysia, Singapore, Hong Kong and United Kingdom. Agents throughout the world.

BUSINESS & SERVICE:

Current Accounts—Fixed Deposits—Savings Accounts—Cash Certificates — Recurring Deposits — Drafts and Telegraphic Transfers — Rupee Traveller's Cheques and Other types of Domestic and Foreign Banking Business.

R. B. SHAH
General Manager.

For Wirenails . Panel Pin . Rivets

and

Engineering goods



Contact Manufacturers:-

KEROBEN INDUSTRIES

Office:

3-B, GANGADHAR BABU LANE

CALCUTTA-12

Factory:

5/2, CANAL EAST ROAD

CALCUTTA-4

Telephone—Office: **34 - 7982**

Residence: **34 - 6357**

MOHIND

Office & Hospital Steel

Furniture Suppliers

to

Govt. of Kerala

on

Rate Contract

G. O. No. Ms. 24/65/SPD Dt. 12-8-'65

സമ്പാദ്യം നമ്മുടെ

ഭാവിയെ

സുരക്ഷിതവും ശോഭനവും

ആക്കുന്നു

The

Dhanalakshmi Bank Ltd.,

Estd. 1927.

Reg. Office: TRICHUR-1.

N. S. Mahadevan, B. com., *Secretary.*

N. R. Sreenivasa Iyer, B.A;B.L. *Managing Director.*

Phone No. 25225.

COCHIN BOOK CENTRE

New Road, COCHIN - 2.

Stockists of Books and Magazines

and

Sole Distributors for

MATHRUBHUMI - Daily & Weekly.
MALABAR MAIL - Daily.
KERALA DIGEST - Monthly.
CHILAMPOLI - Children's Monthly.
NARMADA - Cartoon Monthly.
JAWAHAR - Political Monthly.
HIMMAT WEEKLY.

ദശമൂലാരിഷ്ടം

കസ്തൂരി, അഷ്ടവർഗ്ഗം, മുതലായ മേൽ മരുന്നുകളും മറ്റനേകം ദിവ്യമൂലികകളും ചേർത്ത് വളരെ സൂക്ഷ്മതയോടുകൂടി തയ്യാർ ചെയ്യുന്ന ഞങ്ങളുടെ

ദശമൂലാരിഷ്ടം

ധാതുക്ഷയം, ഓജക്ഷയം ഇവകളെ നശിപ്പിച്ച് ശരീരത്തിന്നു ബലത്തേയും കാന്തിയേയും വർദ്ധിപ്പിച്ച് യൗവനത്തെ നിലനിർത്തുന്നതിന്നു വളരെ വിശേഷമാകുന്നു.

N. B. ഹെഡ്ഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക.

ധന്വന്തരി വൈദ്യശാല,

H. O. തൊടുപുഴ - കേരളാ സ്റ്റേറ്റ്.

പ്രണാമം

കെ. കെ. രാജാ

I

ഞാനിംഗ്ലീഷു പഠിക്കുവാൻ ശിവപുരം
ഹൈസ്കൂളിൽ വിദ്യാർത്ഥിയായ്

വാണോരപ്പഴതായ കാലമിതുനാ—
ളുൾക്കാമ്പിലോക്കുന്നിതാ:

ശൌനാസീരപുരം ശിവാലയമെനി—
യ്ക്കുന്നാ;ളിടയ്ക്കൊക്കെയും

കാണാമന്നിവനാതിഥേയനവിടെ
ശ്രീകേരളവ്യാസനെ.

II

മുൻനാം കേരള കല്പകദ്രുമപരി—
ത്രാണത്തിൽ മേലാളനായ്

നിന്നോരാത്മസുഹൃത്തൊടൊത്തു ചതുരം—
ഗംവയ്ക്കുവാൻ തമ്പുരാൻ

ചെന്നാനസ്സുഹൃദാലയത്തിലൊരു രാ;—
ളൊന്നിച്ചുണ്ണാൻ ശിഷ്യനു—

ണ്ടു;—ന്നാദ്യം തരമായി ഭാർഗവധരാ—
വാല്മീകിയെക്കാണുവാൻ.

III

കാണിച്ചിട്ടുണ്ടു ഞാനെൻകവിത കവികുലോ—
ത്തംസമാമാ മഹാനെ

പ്രീണിച്ചദ്ദേഹമേകീടിന മധുരവചോ—
മാധവിതൻമത്തിനാലേ

ക്ഷോണിത്തട്ടിൽക്കളിച്ചേനൊരുകവിയുടെ വേ—
ഷത്തിലിന്നോളു;മിന്നും

ക്ഷീണിച്ചിട്ടില്ല; നാരായണനുടെ കരുണ—
യ്ക്കെന്നുമുണ്ടെൻപ്രണാമം.

വള്ളത്തോളും പറഞ്ഞുതന്നതും പറഞ്ഞുകേട്ടതും

സി. പി. കൃഷ്ണനെളയത്

എളേതിന്റെ മകൻ

ശ്രീ കെ. വി. എം. അവർകളും ഞങ്ങളോടു പറഞ്ഞു, അപ്പമേനവനോടും എന്നോടും—''നിങ്ങളും പോകും വഴി, കുന്നംകുളത്തു വള്ളത്തോളിനെ ചെന്നൊന്നു കാണണം, എന്റെ ഒരെഴുത്തു അവിടെ കൊടുക്കണം.''

ഞങ്ങളും അങ്ങിനെ അന്നു വള്ളത്തോളിനെ ആദ്യമായി കണ്ടു. തൊള്ളായിരത്തിപ്പതിനാറിലാണിതുണ്ടായതു്.

ഞങ്ങളുടെ പഠിപ്പിനെപ്പറ്റി വള്ളത്തോളും പ്രത്യേകമായും അന്വേഷിച്ചു, സംസ്കൃതമാണു പഠിക്കുന്നതു്, പുന്നശ്ശേരി നമ്പിയുടെ കോളേജിലാണു്, കേവിയമ്മിന്റെ ശിഷ്യരാണു് എന്നിതോരെന്നും വള്ളത്തോളിനെ ഏറെക്കുറെ ആഹ്ലാദം കൊള്ളിക്കുകയുണ്ടായി, ആയവസരത്തിൽ. പോരുമ്പോളും എന്നോടു പ്രത്യേകം എടുത്തു പറയുകയും ചെയ്തു:—''എളേതു് നല്ലോണം പഠിയ്ക്കണം! ഞാനൊരെളേതിന്റെ മകനാ; അതോണ്ടു പറയാ!''

ഈ ഉപദേശത്തെ ഞാൻ, സ്വയമായും വള്ളത്തോളിനെത്തന്നെ ആശ്രയിച്ചും എത്രമാത്രം സഫലമാക്കിയിട്ടുണ്ടു് എന്നനുസ്മരിയ്ക്കുവേ, അഭിമാനത്തിന്നു തന്നെയേ വകയുള്ളു.

* * * * *

രാമൻ നമ്പ്യാർ

പരേതനായ ശ്രീ കുത്താമ്പിള്ളി രാമൻനമ്പ്യാരെപ്പറ്റിയാണു് പറയുന്നതു്: അദ്ദേഹം പെരുമുടിയൂരിൽ ഉണ്ടായിരിക്കുന്ന ഘട്ടങ്ങളിൽ മിക്കപ്പോഴും, ഞങ്ങളും, സംസ്കൃതപാഠശാലാവിദ്യാർത്ഥികളും അദ്ദേഹവുമായി സംഭാഷണം ചെയ്വാൻ കൗതുകം കൊള്ളുക പതിവായിരുന്നു; നമ്പ്യാരുടെ ഭാഷണം അത്രയുമാത്രം ഹൃദ്യമായിരുന്നു: വാക്യങ്ങളെന്നല്ല പദങ്ങളും പോലുംഅളന്നുമുറിച്ചു തൂക്കമൊപ്പിച്ചുവയായിരിക്കും. സ്ഫോടം പുറപ്പെടുവിക്കുക എന്നതു നമ്പ്യാരുടെ പ്രകൃതിയുമത്രേ.

ഒരു ദിവസം ചിത്രയോഗത്തെപ്പറ്റിയാണു പറഞ്ഞുകൊണ്ടിരുന്നതു്; ചിത്രയോഗത്തിന്റെ പേരിൽ നമ്പ്യാർക്കുണ്ടായിരുന്ന മതിപ്പു് ഇതാകുന്നു—''കുണ്ടും കുഴിയും ഞാനും രണ്ടാളും മാത്രമാണു്, ചിത്രയോഗം ശരിയ്ക്കും ആസ്വദിച്ചിട്ടുള്ളവർ എന്നു വള്ളത്തോളും പറയാറുണ്ടു്'' എന്നിട്ടു രണ്ടു ശ്ലോകം ചൊല്ലി.

ഒന്നു്: തടാഗമം കരുതി രസിച്ചവണ്ണമാ
മദാലസഭ്രമരനിനാദിയാം വനം,
സദാഗതി പ്രചലിതവൃക്ഷശാഖയാ—
ലുദാരനാമവനിലുതിർത്തു പൂക്കളെ.

രണ്ടു്: മുമ്പേമുദ്ധാംഗിയാളെപ്പെരിയതരണിയിൽ
ക്കേറ്റി രാജാത്മഭൂവും
പിൻപേ തന്മന്ത്രിതാനുംഹരിഹരി! കയറാ-
നായ്ത്തുടങ്ങുമ്പോഴെയ്യും,

എൻപേനയ്ക്കില്ല,ശേഷം വിവരമെഴുതുവാൻ
ശേഷി! മേൻമേൽ സുരൻത—
ന്നമ്പേല്പുന്നാവണിക്കിൻ വഹനമുദധിയിൽ
ദൂരമെത്തിക്കഴിഞ്ഞു!

സവിശേഷമായ ഒരഭിനയം, അർത്ഥഗ്രഹണത്തിന്നു ലഘുസാദ്ധ്യത വരുത്തിക്കൊണ്ടുള്ള സ്ഫോടപ്രകടനം, ചൊല്ലലിന്റെ രീതിയിലുള്ള ആ ഒരു കർണസുഖം—ഇതൊക്കെ നമ്പ്യാർക്കുള്ള പ്രത്യേകതകളായിരുന്നു. ആകയാലാകാം, ആ ഒരേ ഒരു ചൊല്ലലിൽ ആ ശ്ലോകം രണ്ടും എന്റെ ഹൃദയത്തിൽ പതിഞ്ഞു. മിക്കവാറും നമ്പ്യാർ ചൊല്ലും പോലെ ചൊല്ലാനും ഞാൻ പഠിച്ചു. ഇന്നും ഈ വിദ്യ എനിയ്ക്കറിയാം എന്നു് സാഭിമാനം പ്രസ്താവിച്ചു കൊള്ളട്ടെ.

* * * * *

''ആത്മനേപദോം പരസ്മൈപദോം
അറിയോ?''

കുന്നംകുളം ഹൈസ്കൂളിൽ നിന്നു് പെൻഷൻ പറ്റിപ്പിരിഞ്ഞ ബ്രഹ്മശ്രീ സി. വി. സുബ്രഹ്മണ്യ

യ്യരുടെ കൂടേ, അമ്പാഴത്തേൽ (തുരുത്തിപ്പിള്ളി) വീട്ടിലെ കുട്ടികളെ പഠിപ്പിയ്ക്കുവാനായി, സുബ്രഹ്മണ്യയ്യർക്കുവേണ്ടി വള്ളത്തോൾ ആവശ്യപ്പെട്ടിട്ടു ഗുരുനാഥൻ പറഞ്ഞയച്ച പ്രകാരം ഞാൻ പാർത്തുകൊണ്ടിന്ന കാലത്തു് (1922–ൽ) ഒരുദിവസം എളയ തമ്പുരാനെ(ശ്രീ മുകുന്ദരാജാവവർകളെ) കാണ്മാനായി തുരുത്തിപ്പുറമ്പിലേയ്ക്കു പോകുന്ന നാലപ്പാടനുമൊരുമിച്ചു ഞാനും മച്ചാട്ടെയ്ക്കായിപ്പുറപ്പെട്ടു. അന്നു രാത്രി ഞങ്ങളുടെ താവളം കുന്നംകുളത്തുള്ള വള്ളത്തോളിന്റെ വസതിയായിരുന്നു. രാത്രി ഊണു് എനിക്കു് കുന്നംകുളത്തു് മറപ്പാട്ടിലാണ ശട്ടം കെട്ടിയിരുന്നതു്.

ഊണു കഴിഞ്ഞുപോരുമ്പോഴും, വലിയ തമ്പുരാൻ (അതായതു് മണക്കുളത്തു വലിയ തമ്പുരാൻ, അന്നു് അവിടന്നു് കക്കാട്ട കാർന്നോപ്പാടാണു) എന്നെ വിളിച്ചു. എന്റെ പഠിപ്പിനെപ്പറ്റിയും മറ്റും കാര്യമായന്വേഷിച്ചു. ഇടയ്ക്കു ചോദിച്ചു– ''അപ്പോ, കൗമുദി ഉത്തരാർദ്ധം നല്ലോണംപഠിച്ചിട്ടുണ്ടു് ല്യേ?'' ഞാൻ പറഞ്ഞു. ''ഒരു വിധമൊക്കെ, പരീക്ഷയ്ക്കുള്ള പഠിപ്പല്ലേ?'' തമ്പുരാൻ. ''ആത്മനേപദോം പരസ്മൈപദോം അറിയേ്വാ?'' ഈ ചോദ്യത്തിന്റെ ആശയം അല്പവും എനിക്കു മനസ്സിലായില്ല; എന്നാലും, ഒട്ടും വിട്ടുകൊടുക്കാതെ പറയാൻ തോന്നി. ''ഏതു ധാതുവിന്റെയാണെന്നറിഞ്ഞാൽ, നിശ്ചയമുണ്ടെങ്കിൽ പറയാം'' ''സാരംല്യ; ചോദിച്ചൂന്നേള്ളൂ.'' എന്നും പറഞ്ഞു് തമ്പുരാൻ എന്നെ പൊയ്ക്കൊള്ളാനനുവദിയ്ക്കുയാണപ്പോഴും ചെയ്തതു്.

മറപ്പാട്ടിൽ നിന്നു് മടങ്ങിച്ചെന്ന എന്നോടു വള്ളത്തോൾ ചൂടന്നനേ ചോദിച്ചു,''കാർന്നോപ്പാട്ടിലെക്കണ്ടോ?'' ഇതു ചോദിക്കാൻ കാത്തിരിയ്ക്കുയായിരുന്ന എന്നു തോന്നും, ചോദ്യത്തിലടങ്ങിയ ജിജ്ഞാസ കണ്ടാൽ! നടന്ന സംഭവമെല്ലാം ഞാൻ വിവരിച്ചു; തുടങ്ങീ, രണ്ടു പേരും കൂടി(നാലപ്പാടനും വള്ളത്തോളും കൂടി) കലശലായിച്ചിരിയ്ക്കാൻ! അന്നതന്നെ പിന്നെയും ഒന്നു രണ്ടു പ്രാവശ്യം, എന്നോടു തമ്പുരാൻ ചോദിച്ച ചോദ്യം എടുത്തു പറഞ്ഞു് അവർ നന്നെ ചിരിച്ചു; എനിയ്ക്കാകട്ടെ, ആ ചിരിയുടെ ഊടു് ഒട്ടുംതന്നെ അന്നു കിട്ടിയതുമില്ല.

പിന്നെ 1958 ഏപ്രിൽ മാസത്തിലേ ആ ചിരിയുടെ സാരം എനിക്കു തെളിഞ്ഞുകിട്ടിയുള്ളൂ. 24–4–58 ലേ ആഴ്ചപ്പതിപ്പിൽ ശ്രീ മുകുന്ദരാജാവവർകളും വള്ളത്തോളിനെപ്പറ്റി എഴുതിയിട്ടുള്ള അനുസ്മരണത്തിൽ അതിനു പറ്റുന്ന വിവരണം വന്നിട്ടുണ്ടു്. അതായതു്, കാർണോപ്പാടിലേ ഒരു സംസ്കൃതകൃതിയിൽ ഒരു ക്രിയാപദത്തിന്റെ 'പദ'കാര്യത്തിൽ വള്ളത്തോളിനുണ്ടായ വിസംവാദം തമ്പുരാൻ വകവെച്ചുകൊടുപ്പാൻ ഭാവമില്ല; കാരണം, ആധികാരികമായി വ്യാകരണം പഠിച്ച ആളല്ല, വള്ളത്തോൾ!.....!!

കണ്ണിൽ വെണ്ണയെഴുതുക

ആയിടയ്ക്കുതന്നെ വള്ളത്തോൾ തന്റെ സ്ഥിരതാമസം കുന്നംകുളത്തു നിന്നു മാറ്റി 'ചിറ്റഴി'യിലാക്കിയിരുന്നു. ഞാൻ പുന്നയൂർക്കുളത്തായിരുന്ന അക്കാലത്തു് (1923–24) മിക്ക ദിവസവും വള്ളത്തോളിനെ കാണ്മാനായി ചിറ്റഴിയിൽ പോവുകയും പതിവായിരുന്നു.

ഒരു ദിവസം വള്ളത്തോൾ, സന്ദർഭവശാൽ, തന്റെ കുട്ടിക്കാലത്തെ നാടകാഭിനയത്തെ അനുസ്മരിച്ചു. അഭിനയത്തിന്റെ മർമഭാഗങ്ങൾ ഓരോന്നങ്ങിനെ സ്പർശിച്ചുകൊണ്ടുപോകവേ, കണ്ണുകളെപ്പറ്റി അനേകം സംഗതികൾ എടുത്തു പറഞ്ഞു; കൂട്ടത്തിലിതും. ''ഞാനക്കാലത്തു് ഇമ്മരോമങ്ങൾ കൊഴിഞ്ഞുപോകാതെ ഇടതൂർന്നു നിൽക്കുന്നായി, ദിവസേന രാവിലേ പശുവിൻ വെണ്ണ ഇത്തിരിശ്ശെ കണ്ണിലെഴുതാറുണ്ടു്; കണ്ണിന്റെ ആരോഗ്യത്തിനും അതസ്സലാ!''

ഈ പ്രയോഗം ഇന്നും ഞാൻ മിക്കവാറും ചെയ്യുപോരുന്നുണ്ടു്, ഫലമോ എന്നെസ്സംബന്ധിച്ചേടത്തോളം, അസന്ദിഗ്ധമത്രെ.

* * * * *

സ്തോഭം പുറപ്പെടീയ്ക്കൽ

''പദങ്ങൾ സന്ദർഭത്തിനു യോജിച്ചവയായിരിക്കണം; സമസ്തമെവിടെ വ്യസ്തമെവിടെ എന്നറിഞ്ഞിരിക്കണം; പോരാ—വാക്യത്തിൽ ഓരോ പദത്തിനേറെയും ഉചിതമായ സ്ഥാനം ഇന്നതു് എന്ന നിശ്ചയവും വേണം, പദ്യത്തിലായാലും ഗദ്യത്തിലായാലും: എന്നാലേ സ്തോഭം പുറപ്പെട്ടൂ. സ്തോഭം പുറപ്പെടീയ്ക്കാനാവാത്ത ഭാഷ വെറും ഉമിയാണു്, ഉമി!''

ഒരു മിനിഷം എന്റെ നേരെ സൂക്ഷിച്ചുനോക്കിയിട്ടു പിന്നെപ്പറഞ്ഞു ''ഞാനൊരാളെയേ കണ്ടിട്ടുള്ളൂ, സ്തോഭം ശരിക്കും പുറപ്പെടുവിയ്ക്കുവാൻ വശമുണ്ടായിട്ടു്—തമ്പുരാൻ,'' എന്നിട്ടു കൂട്ടിച്ചേർത്തു ''കുഞ്ഞിക്കുട്ടൻതമ്പുരാൻ!''

പിന്നെ, 'തോന്നേ്വാ?' എന്നും ചോദിച്ചു ഈ ശ്ലോകം അസ്സലായി ഉറക്കേ നീട്ടിച്ചൊല്ലി.

ഇപ്പച്ചപ്പേച്ചുരയ്ക്കുന്നതു ശാഹൃദയേ,
നല്ല തൻറോടമുള്ളീ—
ത്തുപ്പൻ നമ്പൂരിയോടോ, മതി മതി!—യറിയും
നിന്നെ ഞാൻ മുൻപുതന്നെ.

ഇപ്പോഴം കാട്ടിത്തരാ!—മെന്നവളുടെ തലയിൽ
തത്ക്ഷണം ചെയ്ത വിപ്രൻ,
തുപ്പൽക്കോളാമ്പികൊണ്ടിട്ടരിയൊരു
കലടാരാജ്യ പട്ടാഭിഷേകം..

''എന്തു് സ്നേഹം!! തമ്പ്രാനതു പുല്ലാണു്!''

ഈ ശ്ലോകവും അന്നെനിയ്ക്കു തത്ക്ഷണം ഹൃദിസ്ഥമായി. ഏറെക്കുറെ വള്ളത്തോൾ ചൊല്ലും പോലെ ചൊല്ലാനും പഠിച്ചിട്ടുണ്ടു്. അനുകരണം ഭക്ത്യാദരങ്ങളുടെ രൂപാന്തരമല്ലേ?

അല്പ സമയം കഴിഞ്ഞിട്ടു് പിന്നെയും പറഞ്ഞു, ''സാമിയ്ക്കും ചിലപ്പോഴെങ്കിലും സ്നേഹം പുറപ്പെടീക്കാൻ കഴിയും.'' ഉള്ളുരിനെപ്പറ്റിയാണു് ഇപ്പറഞ്ഞതു് എന്നു എനിക്കു മനസ്സിലായി 'സാമി'യുടെ ഒരു അർധശ്ലോകം ഉദാഹരണമായി വള്ളത്തോൾ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തു.

ചുണയോടു കൃഷ്യുപണിവോനെറ മുന്നിൽ വ—
ന്നണയുന്ന ദൂരെയൊഴുകും സ്രവന്തിയും,

''നല്ല സ്നേഹം, ലേഖ്യ? അസ്സലായിട്ടുണ്ടു്!''

വള്ളത്തോളിന്റെ 'ഡയരി' (കവിതകളുടെ കൈയെഴുത്തു പുസ്തകം) ഞാൻ നിഷ്ക്കർഷിച്ചു വായിച്ചു നോക്കുന്ന കാലമായിരുന്നു അതു്. ആ ഡയരിയിൽ അവിടവിടെ ചില തിരുത്തലുകളും കാണാം; അവയിൽ മിക്കവയുടേയും പ്രധാന പ്രയോജനം ഈ 'സ്നേഹം പുറപ്പെടീയ്ക്കൽ'ലാണു്. എന്നു് എനിക്കെന്നപോലെ മറ്റു പലർക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടാകും. ഇതുപോലെ രാമായണത്തിന്റെ രണ്ടാം പതിപ്പും(കൊ. വ. 1114) ആദ്യത്തേതുമായി തട്ടിച്ചു നോക്കിയാൽ, മിക്ക മാറ്റങ്ങളും സ്നേഹപ്രകടന പ്രയോജനങ്ങളായിക്കാണാം എന്നത്രേ എന്റെ വിശ്വാസം.

* * * * *

ഭാരത സമ്രാജ്ഞി

സാഹിത്യമഞ്ജരിയുടെ മൂന്നു ഭാഗങ്ങളും മാത്രമേ പുറത്തു വന്നിരുന്നുള്ളു; നാലാം ഭാഗത്തിന്നു രൂപം തന്നെ കൊടുത്തു കഴിഞ്ഞിരുന്നില്ല: ആ അവസരത്തിലാണു്, നാലാം ഭാഗത്തിന്റെ പ്രസാധനം തനിയ്ക്കു കിട്ടിയാൽ കൊള്ളാമെന്ന കൗതുകത്തോടേ മാരാർ ഒരു ദിവസം എന്നെക്കാണാൻ അമ്പാഴത്തേലെയ്ക്കു വന്നതു്. വള്ളത്തോളുമായുള്ള പരിചയം അന്നു് മാരാക്കു് അല്പവും കൈവന്നിട്ടില്ല, എന്റെ നിലപാടു് മാരാർക്കറികയും ചെയ്യാം. അതാണു് മാരാർ എന്നെ 'പുരോഹിത'നാക്കാനുദ്ദേശിച്ചതു്.

ഞങ്ങൾ വൈകുന്നേരം ചിറ്റഴിയ്ക്കു പോയി; മാരാരെപ്പരിചയപ്പെടുത്തിയിട്ടു്, അദ്ദേഹം വന്നിട്ടുള്ളതു് ഇന്ന കാര്യത്തിനാണു് എന്നു ധരിപ്പിച്ചപ്പോൾ, ഒട്ടും താമസമുണ്ടായില്ല—എന്നോടു പറഞ്ഞു ''എളേതു് എന്റെ ഡയരി വായിയ്ക്കുണ ആളല്ലേ? ഏതാ വേണ്ടതു്..ച്ചാൽ തെരഞ്ഞെടുക്കു.''

തെരഞ്ഞെടുപ്പിനു് എനിക്കും താമസം വേണ്ടിവന്നില്ല, ഡയരിയിലെ എല്ലാ കവിതകളുമായി ഞാൻ അന്നെയ്ക്കു തികച്ചും പരിചയപ്പെട്ട കഴിഞ്ഞിരുന്നു. അങ്ങിനെ തയ്യാറാക്കിയ ലിസ്റ്റു് ഞാൻ വള്ളത്തോളിനെ കാണിച്ചു, ഒന്നുരണ്ടു പരിവൃത്തി മേലോട്ടും കീഴോട്ടും കവി കണ്ണോടിച്ചു. എന്നിട്ടു് എന്റെ മുഖത്തേയ്ക്കു കണ്ണു രണ്ടും നന്നാവിടർത്തി ഒരു നോട്ടം നോക്കി, പിന്നെപ്പറഞ്ഞു. ''ഇതു പറ്റില്ല, അങ്ങിനെ പ്രത്യേകം തെരഞ്ഞെടുക്കാൻ പാടില്ല: ചെലതൊക്കെ മാറ്റണം''

ഞാൻ മാരാരുടെ മുഖത്തേയ്ക്കൊന്നു നോക്കി, ആ മാറ്റത്തിനു് മാരാർക്കും ഇഷ്ടം കണ്ടില്ല. അപ്പോൾ ഞാൻ പറഞ്ഞു ''ഇതൊക്കെത്തന്നെ വേണം, ഞങ്ങൾക്കു്,''

''അതു പറ്റോ? കൃഷ്ണൻകുട്ടിയ്ക്കു് ശാഠ്യം പിടിച്ചാലോ?!'' എന്നു പറഞ്ഞുവെന്നേയുള്ളു. അനന്തരമായി ഞങ്ങളുടെ 'ശാഠ്യ'ത്തിനു് വാത്സല്യത്തോടെ അനുമതി നൽകയാണു വള്ളത്തോൾ ചെയ്തതു്.

സാഹിത്യമഞ്ജരി നാലാം ഭാഗത്തിനു് അതിന്റെ ജ്യേഷ്ഠാനുജസഹോദരവർഗ്ഗത്തെ അപേക്ഷിച്ചു് വല്ല മേന്മയും സഹൃദയസമുദായം കാണുന്നുണ്ടു് എങ്കിൽ അതു് അന്നു ഞങ്ങൾ, ''പിടിച്ച ശാഠ്യ'ത്തിന്റെ സന്താനമാണു് എന്നു സാഭിമാനം പ്രസ്താവിച്ചുകൊള്ളുന്നു.

''മാരാരേ,ഇതിൽ അപകടം പിടിച്ച ഒരു പദമുണ്ടു്, സമ്രാജ്ഞി!'' എന്നു പറഞ്ഞു് ഞാൻ പിന്നെ മാരാർക്കു്, ഭാരതസ്ത്രീകുലതിലകൻ ഭാവശുദ്ധി'യിലേ ഈ ഈരടി കാട്ടിക്കൊടുത്തു.

നാളെയ്ക്കിവിടന്നു ഭാരതസമ്രാജ്ഞി;
നാളെയ്ക്കീയുസ്സാനോ, മുഖ്യമന്ത്രി!

മാരാർ—ശരിയാണു്, എന്താ ചെയ്യാ?

ഞാൻ—ടിപ്പണത്തിൽ താങ്കൾ എന്താഎഴുതുക?

മാരാർ—പ്രയാസം ണ്ടു്!

ഞാൻ—എന്നാൽ വള്ളത്തോളിനോടു പറയൂ.

മാരാർ—അയ്യോ, എനിക്കു വയ്യ!

അപ്പോൾ ഞാൻ തന്നെ വള്ളത്തോളിനെ സംഗതി ധരിപ്പിച്ചു. വള്ളത്തോൾ: ''സമ്രാജ്ഞി വരില്ലേ?''

''ഇല്ല:—രാജൻ ശബ്ദത്തിൽ നിന്നു് രാജ്ഞീശബ്ദമുണ്ടാകും; എന്നാൽ, സമ്രാട്ടിൽ നിന്നു സമ്രാജ്ഞിയുണ്ടാവില്ല.'' എന്ന വ്യാകരണതത്ത്വം

ഞാൻ വിവരിച്ചുകൊടുത്തു. വള്ളത്തോൾ മാരാരുടെ മുഖത്തേയ്ക്കും ഒന്നു സൂക്ഷിച്ചു നോക്കി. ഉടനെ, അച്ചുവിനെ വിളിച്ചു് ഒരു കാർഡു് എടുത്തുകൊണ്ടുവരുവിച്ചു്, ഞങ്ങളുടെ ഗുരുനാഥനു് എഴുതി—''അങ്ങയുടെ ശിഷ്യർ, സമ്രാജ്ഞീശബ്ദം സാധുവല്ലെന്നു് പറയുന്നു; എന്തു വേണം?'' എന്നു്.

പിന്നെ നാലഞ്ചുനാൾ കഴിഞ്ഞു് ഒരു ദിവസം പതിവുപോലെ ഞാൻ ചിറ്റഴിയിൽ ചെന്നപ്പോൾ, ''നമ്പീടെ മറുപടി വന്നു്ട്ടുണ്ടു്'' എന്നു പറഞ്ഞു് ഒരു കാർഡു് എനിക്കു് കാണിച്ചുതന്നു. ഇതായിരുന്നു, ഗുരുനാഥന്റെ മറുപടിയുടെ സാരം—കവിത അച്ചടിച്ചുകഴിഞ്ഞെങ്കിൽ ഒന്നും ചെയ്യേണ്ട; ഇല്ലെങ്കിലോ, മാറ്റുന്നതുചിതം.

മാറ്റംവരുത്തിയ ഇന്നത്തെ ഈരടി ഇതാ—

നാളെസ്സിവിടന്ന ഭാരതാധീശ്വരി;
നാളെസ്സീയുസ്സാനോ, മുഖ്യമന്ത്രി!

കുറേ കൊല്ലങ്ങൾ തന്നെ കഴിഞ്ഞതിൽ പിന്നെ ഒരിക്കൽ വള്ളത്തോളിനെക്കണ്ടപ്പോൾ ഞാൻ പറഞ്ഞു ''വിവാഹമന്ത്രങ്ങളിലൊന്നിൽ സമ്രാജ്ഞീശബ്ദം ഒന്നിലധികം പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ടു്, ഇതാ—'സമ്രാജ്ഞീ ശ്വശ്രുരേ ഭവ, സമ്രാജ്ഞീ ശ്വശ്രുവാം ഭവ, നനാന്ദരി സമ്രാജ്ഞീ ഭവ,.....''

അപ്പോൾ വള്ളത്തോൾ: ''അതു വേദമല്ലേ? അതൊക്കെ നമുക്കെടുക്കാൻ പാടുണ്ടോ?''

* * * * *

രണ്ടുപ്രാവശ്യം വായിയ്ക്കണം!

''അന്ത്യകാലംവരെയും സംസ്കൃതകൃതികളെ തേടിപ്പിടിച്ചു വായിക്കുക തന്റെ ഒരു വ്രതമായിരുന്നു'' (ആ.പ. 13—4—1958) എന്നു്, വള്ളത്തോളിനെപ്പറ്റി മാരാർ പറഞ്ഞതു് എത്രയും ശരിയാണു്; വള്ളത്തോളിന്റെ സംസ്കൃത—സാഹിത്യ—സംശീലന—വൈഭവം അത്രയ്ക്കു മാത്രം ഉത്കടമായിരുന്നു.

'ബുദ്ധചരിത'വും 'ഹരവിജയ'വും ഒന്നു കിട്ടുവാനായി അദ്ദേഹം വല്ലാതെ വെമ്പൽ പൂണ്ടിരുന്ന രണ്ടു് കാലഘട്ടങ്ങൾ ഞാൻ നന്നായനുസ്മരിക്കുന്നു; ഏറെക്കുറേ സുദുർലഭമായ ആ രണ്ടു് പുസ്തകവും പട്ടാമ്പിയിൽ നിന്നു് എന്റെ ഒരു സ്നേഹിതൻ തന്നയച്ചതു് വള്ളത്തോളിനു് കൊണ്ടുപോയിക്കൊടുത്തതും വായന കഴിഞ്ഞു് മടക്കിത്തന്നപ്പോൾ തിരിയേ ഉടമസ്ഥനു് എത്തിച്ചുകൊടുത്തതും ഞാൻ തന്നെയാണു് എന്നതിൽ ഒരു സാധാരണകൃതാർത്ഥത ലയിച്ചുകിടക്കുന്നുമുണ്ടു്.

ഹരവിജയം വായിച്ചുകഴിഞ്ഞു് മടക്കിത്തരുമ്പോൾ ഇങ്ങിനെ പറഞ്ഞു, വള്ളത്തോൾ: ''കാവ്യം അതിഗംഭീരം! ചില ശ്ലോകങ്ങൾ രണ്ടു് പ്രാവശ്യം വായിക്കണം!''

ഈ റിമാർക്കിന്റെ മറുപുറവും ഒന്നു കാണേണ്ടതാണു്: ഹരവിജയം മുഴുവനും വായിച്ച മാരാർ പിന്നെ ഒരവസരത്തിൽ എന്നോടു് പറഞ്ഞ റിമാർക്കാണു്, ആ മറുപുറം. അതിതാ:

''ഒരു വായനകൊണ്ടു് ഒരൊറ്റ ശ്ലോകത്തിന്റേയും സാരം സമഗ്രമായി ഗ്രഹിക്കാൻ സാധിക്കയില്ല—''

എങ്ങിനെ?

* * * * *

എന്റെ നോവൽ

അങ്ങിനെ ഒരു കമ്പം തോന്നി, ഒരിക്കൽ—ഒരു നോവലെഴുതാൻ— അതു് വള്ളത്തോളിനെക്കൊണ്ടു് പരിശോധിപ്പിച്ചു് അദ്ദേഹത്തിന്റെ ഒരവതാരികയും എഴുതി വാങ്ങിയിട്ടു വേണം പ്രസിദ്ധീകരിക്കാൻ എന്നും അന്നു് കലശലായി തോന്നി.

ആ നോവലും കൊണ്ടു് ഞാൻ ചിറ്റഴിയ്ക്കു ചെന്നു, 1926—ലേ ഓണക്കാലത്തു്. അസൗകര്യമോ അനാഭിമുഖ്യമോ അല്പമെങ്കിലും ഭാവിയ്ക്കുപോലും ചെയ്യാതേ മഹാകവി എന്റെ അപേക്ഷയെ സസന്തോഷം സ്വീകരിച്ചു.

ആയവസരത്തിൽ രണ്ടു് ദിവസം മാത്രമേ പരിശോധനയ്ക്കിടകിട്ടിയുള്ള; അപ്പോഴേയ്ക്കും, അതിപ്രധാനമായ മറ്റെന്തോ കാര്യത്തിനായി വള്ളത്തോളിനു് എങ്ങോട്ടോ പോകേണ്ടതായിവന്നു. ആ രണ്ടു ദിവസം കൊണ്ടു് മൂന്നധ്യായമേ പരിശോധിച്ചുള്ളു—കാരണം പരിശോധനയിൽ കൈക്കൊണ്ട നിഷ്കർഷയും പല ഭാഷാതത്ത്വങ്ങളും എനിക്കു് പറഞ്ഞുതരേണമെന്നു് അദ്ദേഹത്തിലുദിച്ച അനുഗ്രഹബുദ്ധിയും തന്നെ!

പിന്നെ 1927—ലേ മകരമാസം കാലത്തേ ആ പരിശോധന തുടർന്നു് മുഴുവനാക്കുവാൻ തരപ്പെട്ടുള്ളൂ. രാവിലെ പ്രാതൽ കഴിഞ്ഞു് പരിശോധനയ്ക്കിരുന്നാൽ ഉച്ചയ്ക്കു് ഉണ്ണാറാകുന്നതുവരെ ഏതാണ്ടു് നാലഞ്ചുമണിക്കൂർ നേരം, ആ ഒരേ ഒരിരിപ്പിൽ ഇരിക്കാൻ അന്നു് അദ്ദേഹത്തിനു് അല്പവും ക്ലേശം തോന്നിയിരുന്നില്ലാ എന്നാണു് എന്റെ അനുഭവം.

ആ നോവൽപ്പരിശോധനയിൽ നിന്നു് എനിക്കു് കിട്ടിയ ഭാഷാപരിചയം, എന്റെ വാ

ക്യരചനാകർമത്തെ എന്നതിലുമെത്രയോ അധികമായി, എന്റെ ഭാഷാപരിശോധനാകർമത്തെ കണക്കിലധികം വിദഗ്ധമാക്കിത്തീർത്തിട്ടുണ്ട് എന്നു്, പിന്നെ ഒരു പന്തീരാണ്ടു കാലം ഞാൻ ഹൈസ്കൂൾ മലയാളം പണ്ഡിതരായി ജീവിതം നയിച്ചിരുന്നപ്പോഴും അതിനുശേഷവും അഭിമാനത്തോടെ അനുസ്മരിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്; കഴിയുന്നുമുണ്ടു്.

സന്ദർഭോചിതമായ സ്തോഭം പുറപ്പെടുവിക്കുവാൻ വാക്യങ്ങൾക്കു് കഴിവുണ്ടായിരിക്കുക എന്നുവെച്ചാൽ വാക്യങ്ങൾക്കു് ജീവനുണ്ടായിരിക്കുക—എന്ന സംഗതിയിൽ വള്ളത്തോൾ അനന്യസാമാന്യമായ നിഷ്കർഷ വെച്ചിരുന്നു എന്നു് ഇത്തിരി മുൻപേ പ്രസ്താവിച്ചുകഴിഞ്ഞു. ആ ഒരു കാര്യത്തിൽ, ഈയൊരു നോവൽപ്പരിശോധനയുടെ അവസരത്തിലും, അത്രമേൽ മമത കാട്ടുകയുണ്ടായി എന്നും, മിക്ക സാഹിത്യകാരന്മാരും ഇന്നും കൈക്കൊണ്ടുകാണാത്ത അനേകം ഭാഷാവിശേഷങ്ങൾ—അവയിലോരോന്നും ഭാഷാശുദ്ധിക്കു് അത്യന്താപേക്ഷിതമാണു് എന്നത്രേ ഈയുള്ളവന്റെ വിശ്വാസം;—എനിക്കു് പഠിപ്പിച്ചുതരികയുണ്ടായീ എന്നും ഈ ഘട്ടത്തിൽ പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ടു്. പ്രസ്തുത വിശേഷങ്ങളിൽ ഏതാനും ചിലതുമാത്രം ഇവിടെ വിവരിച്ചു കാണിക്കാം.

1) പ്രസിദ്ധിപ്പെടുത്തുക—പ്രസിദ്ധപ്പെടുത്തുക എന്നേ ഏറെപ്പേരും പ്രയോഗിച്ചുകാണുന്നുള്ളു; എന്നാൽ, അതു് അത്രത്തോളം ശുദ്ധമല്ലാ എന്നും തികച്ചും ശുദ്ധമായ രൂപം 'പ്രസിദ്ധിപ്പെടുത്തുക' എന്നുള്ളതാണെന്നും വള്ളത്തോൾ പഠിപ്പിച്ചുതന്നു. പെടുക എന്ന ധാതുവിന്റെ മുന്നിൽ നിൽക്കുന്ന പദം നാമമേ ആകാവൂ, നാമവിശേഷണമായിക്കൂടാ എന്നാകുന്നു ഇതിനുള്ള യുക്തി. (''ഭാഷയിൽ കർമണിപ്രയോഗം കൃത്രിമമാകുന്നു'' എന്ന കേരളപാണിനീയ സിദ്ധാന്തം ഉൾക്കൊള്ളുന്ന പ്രകരണം ഇവിടെ അനുസ്മരിക്കുന്നതു് ആവശ്യകമത്രേ.)

ഈ വിഷയം ഞാൻ 1958—ൽ (ഏപ്രിൽ—മേയ്കാലത്തു്), തൃശ്ശൂരിൽ നിന്നു് പുറപ്പെടുന്ന എക്സ്പ്രസ്സ് ദിനപത്രത്തിൽ, വള്ളത്തോളിനെപ്പറ്റി ഏതാനും ഉപന്യാസങ്ങൾ എഴുതിയിട്ടുള്ളതിൽ പ്രസ്താവിച്ചിട്ടുണ്ടു്; ഇന്നും ചിലപ്പോൾ ആ പത്രം (ആ ഒരു പത്രം മാത്രം!) 'പ്രസിദ്ധിപ്പെടുത്തുക' എന്നിങ്ങിനെ തന്നെ പ്രയോഗിച്ചുകാണാറുമുണ്ടു്. ഇതു് എന്നെ അത്യന്തം കൃതാർത്ഥനും സന്തുഷ്ടനുമാക്കിത്തീർക്കുന്നു.

2) എ—ഏ: ഹ്രസ്വമായും ദീർഘമായും ഇങ്ങിനെ രണ്ടു് പ്രത്യയമുണ്ടല്ലോ, മലയാള ഭാഷയിൽ. ഹ്രസ്വമായ പ്രത്യയം പ്രതിഗ്രാഹികയുടേതാണു്. എന്നാൽ, പറയുന്നതിൽ ഒരു ഊന്നൽ വേണമെന്നു് തോന്നിയാൽ ഈ പ്രതിഗ്രാഹികാ പ്രത്യയത്തെ നീട്ടുന്നതു് അനുചിതമല്ല. ഉദാഹരണം—''രാമനേയും കാണാം, കൃഷ്ണനേയും കാണാം'' ഇത്യാദി. അങ്ങിനെ ഒരു ഊന്നൽ ആവശ്യമില്ലെങ്കിലോ, നീട്ടാതെ പ്രയോഗിക്കുന്നതുതന്നെ ശരി.

ദീർഘമായ പ്രത്യയമാകട്ടെ, സംബോധികസ്സും ആധാരികാഭാസത്തിനും ഉള്ളതാണു്. ''കവിതകളെഴുതിക്കൂട്ടുവിൻ കൂട്ടുകാരേ!'' എന്നും 'മുറത്തേത്തുളസി' എന്നും മുറ്റുദാഹരണങ്ങൾ. ഈ ഏകാരത്തിന്റെ കാര്യത്തിൽ അല്പവും ആദരം കാണിക്കാത്ത പ്രയോഗങ്ങൾ ഇന്നു് വളരെയധികം കാണാം. ഇങ്ങിനെ വരുന്നതു് അറിവില്ലായ്മയാലും അശ്രദ്ധയാലുംതന്നെ. ആദ്യത്തേതു് ക്ഷമിയ്ക്കും, മറ്റതു് വയ്യ!

പദ്യങ്ങളിൽ, ഈ ആധാരികാഭാസം പലപ്പോഴും ഹ്രസ്വമായിപ്പരിണമിക്കുന്നുണ്ടു്. അതിനൊരു കാരണവുമുണ്ടു്: അപ്പുറത്തു് കൂട്ടക്ഷരം വന്നാൽ ഈ ആധാരികാഭാസം ഹ്രസ്വമായി നിന്നാലും ഗുരുവാകുമല്ലോ. ആകയാലവിടെ പദ്യനിർമ്മാതാക്കളും പ്രസാധകന്മാരും—രണ്ടു് കൂട്ടരും, ഉദാസീനരത്രേ.

3) അപ്പോഴവിടെ, അപ്പോളവിടെ—ഇതിൽ ആദ്യത്തേതു് ശരി, മറ്റതു് തീരേ തെറ്റും:

ം—എന്ന ചില്ലു്, ളകാരത്തിനും ഴ കാരത്തിനും കൂടിയുള്ളതാണല്ലോ: ർ എന്ന ചില്ലു് രേഫത്തിനും റ കാരത്തിനും കൂടി എപ്രകാരമോ അപ്രകാരം. ഏതു് ചില്ലും, സ്വരം ചേർത്തു കൂട്ടിയുച്ചരിക്കുമ്പോഴും അതതിന്റെ തനതു പ്രകൃതിയിൽത്തന്നെ നിൽക്കേണ്ടതല്ലേ? ഉദാഹരണം—മോർ, മോരിനു്, ചോർ, ചോറിനു് എന്നും മറ്റും. ഇതേ മാർഗമനുസരിച്ചു്, ള കാരത്തിന്റെ ചില്ല ഴ കാരമായും തന്നെ ധ്വനിക്കാഞ്ഞാൽ ശരിയാകയില്ലല്ലോ. അതാണു്, ആദ്യം കാണിച്ച ശരിയുടേയും തെറ്റിന്റേയും അടിസ്ഥാനം.

അപ്പോഴം, ഇപ്പോഴം, എപ്പോഴം എന്നീ മൂന്നു് പദവും പിന്നെ 'പോരം' എന്നവസാനിക്കുന്ന മറ്റു് അനേകം ക്രിയാവിശേഷണ പദങ്ങളും (വരുമ്പോഴം, വന്നപ്പോഴം, കാണുമ്പോഴം, കണ്ടപ്പോഴം എന്നു് തുടങ്ങി നിരവധി!), ഴ കാര ചില്ലു കൊണ്ടവസാനിക്കുന്നവയാണു്, ളകാര ചില്ലു കൊണ്ടല്ല. കാരണം, സമയം എന്ന അർത്ഥത്തെക്കുറിക്കുന്ന 'പൊഴുതു്' എന്ന പദം തേമാനപ്പെട്ട പ്രത്യയമായി പരിണമിച്ചതു് ചേർത്തിട്ടാണു്, മേൽക്കാണിച്ച പദങ്ങളുടെ നിഷ്പാദന പ്രക്രിയ.

ഈയൊരു ഭാഷാതത്ത്വം 'ഘുണാക്ഷരന്യായേന' മാത്രമേ ഇന്നു് ഭാഷയിൽ അനുവർത്തിക്കപ്പെട്ടതായിക്കാണുന്നുള്ളു; ബോധപൂർവ്വം ശരിക്കു് പ്രയോഗിക്കുന്നതായി കാണുന്നേയില്ലാ എന്നു്

പറയാം! ബോധം (ജ്ഞാനം) ഇല്ലാതേ ബോധപൂർവ്വമാകാനിടയില്ലല്ലോ.

4) കരിക്കു്, കരിസ്സു്—ഇരട്ടിച്ച ശകാരത്തിനു് രണ്ടുതരം ഉച്ചാരണം ഉള്ളതിനെ വിവേചിസ്സുവാനായി ഇങ്ങിനെ യകാരം ചേർത്തും ചേർക്കാതേയും എഴുതുക എന്ന ഒരു മാർഗം വ്യാകരണസമ്മതമായിട്ടു് ഉണ്ടല്ലോ. ഇതിനുള്ള വ്യാകരണനിയമം ഇതാണു്:

''പ്രത്യയാദിക്കകാരത്തിൻ മുൻപും
താലവ്യയാഗമം'' (സന്ധിപ്രകരണം, 12–ാം സൂത്രം)

ഈ കാരികസ്സു് കേരളപാണിനി തന്നെ തന്റെ 'നിശ്ശേഷം പരിഷ്കരിച്ച രണ്ടാംപതിപ്പിൽ'' താഴേകാണും പ്രകാരമുള്ള ഒരു അടിക്കുറിപ്പു് എഴുതിയിട്ടുണ്ടല്ലോ. ''പൂർവ്വസ്വരം ഓഷ്ഠ്യമോ താലവ്യമോ എന്ന സന്ദേഹം വരുന്നിടത്തു മാത്രമേ യകാരം എഴുതിക്കാണിക്കേണ്ടതുള്ളൂ. അതിനാൽ അകാരത്തിനു് പിൻ മാത്രം എഴുതിയാൽ മതിയാകും. മറക്കുന്നു, മറസ്സുന്നു.''

ഈ രണ്ടാം പതിപ്പിന്റെ നിരൂപണം ആത്മപോഷിണിയിൽ വന്നു; കേരളപാണിനീയത്തിന്റെ ഈ പുതിയ പതിപ്പിനു് അതിന്നർഹമായ വിധത്തിൽ വിലയിരുത്തുകയും ചെയ്തിട്ടുണ്ടു്, 'ഗ്രന്ഥവിഹാര'ത്തിൽ വള്ളത്തോൾ. അതിൽ വള്ളത്തോളിന്റെ സൂക്ഷ്മദൃഷ്ടി മേൽക്കാണിച്ച അടിക്കുറിപ്പിൽ ശരിക്കും ചെന്നു് പതിയുകയും ആ അടിക്കുറിപ്പു് ആവശ്യമില്ലായിരുന്നു എന്നു് യുക്തിയുക്തമായി സമർത്ഥിക്കുകയും അദ്ദേഹം ചെയ്തു. ആ അടിക്കുറിപ്പിന്റെ സാന്നിദ്ധ്യത്തിൽ ആചാര്യന്റെ സൂത്രം തന്നെ ''പ്രത്യയാദിസ്സകാരത്തിൽ'' എന്നിങ്ങിനെ അബദ്ധമായി വായിപ്പാനിടയാകും എന്നാണു്, സമർത്ഥനത്തിന്റെ കാതൽ.

അപ്പോഴും, ''കരിസ്സു്—കരിക്കു്'' മുതലായ വിശേഷങ്ങൾ കാട്ടുവാൻ ലിപിവിന്യാസത്തിൽ യകാരത്തിന്റെ സാന്നിദ്ധ്യവും അസാന്നിദ്ധ്യവും അത്യന്താപേക്ഷിതം തന്നെ എന്നു് വന്നുകൂടുന്നു. ഇക്കാര്യത്തിലും എനിക്കു് വള്ളത്തോൾ ഉറപ്പു് വരുത്തിത്തരികയുണ്ടായി. അദ്ദേഹത്തിന്റെ കൈയെഴുത്തിൽ ഈ വിവേകം നീക്കുപോക്കില്ലാതേ ഞാൻ കണ്ടിട്ടുമുണ്ടു്.

എന്നാൽ, വള്ളത്തോളിന്റെ കൃതികൾതന്നെ പ്രസാധനം ചെയ്യുമ്പോൾ അവയിൽ ഈ വിവേകം വിട്ടുവീഴ്ച കൂടാതെ പരിരക്ഷിസ്സുപ്പെട്ടുപോരുന്നുണ്ടോ?

(പൊയ്ക്കൊള്ളുക, നായ്ക്കൾ—എന്നീ മട്ടിൽ, യകാരദ്വനി പ്രകടമാകേണ്ടുന്നിടത്തെല്ലാം പിരിച്ചെഴുതുന്നതത്രേ കാമ്യം.)

5) ചിഹ്നത്തിന്റെ കാര്യത്തിലും വള്ളത്തോളിനു് അസാമാന്യമായ നിഷ്കർഷയുണ്ടായിരുന്നു. എന്റെ നോവൽ പരിശോധിക്കുമ്പോൾ, ഒരിടത്തുപോലും ചിഹ്നമേതെങ്കിലും വിടുകയോ മാറുകയോ അസ്ഥാനത്താകയോ ചെയ്യുന്നതു് വള്ളത്തോൾ സഹിച്ചിരുന്നില്ല, ഉടനേ അതു്, തന്റെ വയലറ്റു മഷിയിൽ താൻതന്നെ തിരുത്തിയെഴുതും!

ഒരിക്കൽ, പകൃതി കാര്യമായും പകൃതി കളിയായും ഒരു രസികൻ ഇങ്ങനെ പറകയുണ്ടായി എന്നു് കേട്ടിട്ടുണ്ടു്. ''അച്ഛന്റെ കവിതയ്ക്കുള്ള ഒരു വിശേഷം, ചിഹ്നനങ്ങളുടെ ആധിക്യവും തദ്വിഷയകമായ നിഷ്കർഷവുമാണു്!'' 'അനിയൻ' (മാധവൻകുട്ടി) ആയിരിക്കണം ഇതു പറഞ്ഞ രസികൻ!

പറഞ്ഞുതന്നതും പറഞ്ഞുകേട്ടതുമല്ലാത്ത രണ്ടു് സംഗതികൾകൂടി എടുത്തു പറഞ്ഞു് ഈ അനുസ്മരണം ഉപസംഹരിക്കാം.

* * * * *

പരിശിഷ്ടം

1. രാമൻ നമ്പ്യാരുടെ കുട്ടികൃഷ്ണവേണ്ടി അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചും സാക്ഷാൽ രവിവർമ്മയുടെ ഒരു ചിത്രത്തെ അധികരിച്ചും രചിച്ചിട്ടുള്ള 'ഒരു ചിത്രം' (സാ. മ. I) എന്ന മനോഹര ഖണ്ഡകൃതി പാടി രസിക്കുന്നതു് പ്രസ്തുത രവിവർമ്മചിത്രം നോക്കി രസിക്കുന്നതിനേക്കാൾ അഭികാമ്യമാണു് എന്നു് പറഞ്ഞാൽ അബദ്ധമാവുമോ, ആവോ? അഥവാ, ''കവികൃത്യം വാക്കുകൃത്യംകൊണ്ടു് ചിത്രമെഴുതുന്നു, ചിത്രകാരന്മാർ ചായങ്ങൃത്യംകൊണ്ടു് കവിതയുണ്ടാക്കുന്നു!''

കുട്ടികൃഷ്ണവേണ്ടി രചിച്ച ആ കാവ്യതല്ലജം, ''അന്തിസ്സു് നാമം ജപിസ്സുമ്പോൾ'' ചൊല്ലാൻ പ്രത്യേകിച്ചും ഉദ്ദേശിക്കപ്പെട്ടതാണു് എന്ന മാത്രമല്ല, അതു് കുട്ടികൃത്യം തന്നെ—വിശേഷിച്ചും പെൺകുട്ടികൃത്യം—ചൊല്ലുകയും വേണം! എന്നാലുണ്ടല്ലോ, അപ്പോഴാണു് ആ കവിതയുടെ അന്തഃസത്ത അനന്യസാമാന്യമായ ഒരാസ്വാദനദശയെ അധിരോഹണം ചെയ്യുക.

ശരിതന്നെ, എന്നാൽ 'ഭക്തിയും വിഭക്തിയും' 'ആ മോതിരവും' ഈ ചരിത്രത്തെ അതിശയിച്ചു നിൽക്കുന്നു എന്നും പറവാൻ തോന്നുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ, അത്യന്തം രസകരമായ ഓരോ കഥയുണ്ടു് രണ്ടിലും, രണ്ടു് കഥയും സന്ധ്യസ്സു് നടന്നതു്, രണ്ടും രണ്ടു് ഭക്തശിരോമണികളെ ഉദ്ദേശിച്ചുള്ളതു്, ശ്രീഗുരുവായൂരപ്പന്റെ അസാധാരണമായ ഭക്തവാത്സല്യം രണ്ടിലും അലതല്ലുകയും ചെയ്യുന്നു.

1922–ൽ, ഞാൻ സുബ്രഹ്മണ്യയ്യരുടെ കൂടേയായിരുന്ന കാലത്തു്, എന്റെ ശിഷ്യകളായ

'അമ്പാഴത്തേ'ലേ കുട്ടികളെ 'ഒരു ചിത്രം' സാന്ധ്യപ്രാർത്ഥനയ്ക്കായി പഠിപ്പിച്ചിരുന്നു. ആ കുട്ടികൾ അതു് കർണമധുരമായും ഭക്തിനിർഭരമായും ചൊല്ലിയിരുന്നതു് (അഥവാ പാടിയിരുന്നതു്) ഇന്നും സ്മരണമണ്ഡലത്തിൽ പ്രതിദ്ധ്വനിച്ചു് എന്നെ കോരിത്തരിപ്പിക്കുന്നുണ്ടു്. കാലാന്തരത്തിൽ മുൻ സൂചിപ്പിച്ച പ്രകാരം, ആ 'ഭക്തിയും വിഭക്തിയും' പിന്നെ 'ആ മോതിര'വും കൂടി 'ചിത്ര'ത്തിന്റെ പിന്നാലേ ചേർത്തു് പല കുട്ടികളേയും ഞാൻ പഠിപ്പിക്കുകയും, അങ്ങിനെ ആ മൂന്നു് വിശിഷ്ടകൃതികളും പല ഗൃഹങ്ങളിലും സാന്ധ്യപ്രാർത്ഥനയ്ക്കു് ചൊല്ലിക്കേൾക്കാനുള്ള സുവർണ്ണാവസരം സംസിദ്ധമാകയും ചെയ്തിട്ടുണ്ടു്. ഇന്നും ഈ പാരമ്പര്യം അങ്ങുമിങ്ങുമായി തങ്ങിനിൽക്കുന്നുണ്ടു് എന്നത്രേ എന്റെ വിശ്വാസം.


II 'അനിരുദ്ധൻ' ആത്മപോഷിണിയിൽ വന്ന ആയിടയ്ക്കുതന്നെ അതു മുഴുവനും ഞാൻ കാണാപ്പാഠം പഠിച്ചു; അതിന്റെ നേരെ അതുക്കു മാത്രം ഒരഭിനിവേശവും ആദരവും എനിയ്ക്കുന്നതോന്നി. ഇന്നും ആ മനോഭാവങ്ങൾക്കു് കുറവില്ല, പക്ഷേ മറ്റു് പല ഖണ്ഡകൃതികളുടെ നേരേയും താദൃശമനോഭാവങ്ങളുണ്ടു് എന്നു മാത്രം.

1923–ൽ ആണെന്നു് തോന്നുന്നു, ഞാൻ പുന്നയൂർക്കുളത്തു് ആയിരുന്ന കാലത്തു്, അനിരുദ്ധനു് ഒരു ടിപ്പണമെഴുതാൻ വള്ളത്തോളും എന്നോടാജ്ഞാപിച്ചു. വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങളിൽ അനിരുദ്ധൻ തന്നെയായിരിക്കണം; ഒരുപക്ഷേ, ടിപ്പണത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയ ആദ്യത്തെ പുസ്തകം.

പിന്നെ 1956–ൽ, 'ഗോമതി'യുടെ ഉടമസ്ഥനായിരുന്ന ബ്രഹ്മശ്രീ ടി. വി. സുബ്രഹ്മണ്യയ്യരവർകളും, 'ശിഷ്യനും മകനും' സവിസ്തരമായ ടിപ്പണത്തോടേയും ഉചിതമായ ഒരവതാരികയോടേയും പ്രസിദ്ധപ്പെടുത്താനുദ്ദേശിച്ചു്, ആയതു തയ്യാറാക്കുവാൻ, എന്നോടാവശ്യപ്പെട്ടു. ഞാനതു് യഥാശക്തി നിർവ്വഹിക്കുകയും ചെയ്തു. എന്നാൽ, പ്രസിദ്ധീകരണം നടക്കുകയുണ്ടായില്ല.

വള്ളത്തോളിന്റെ കവികർമത്തെ ഞാൻ ഏതു് വിധത്തിൽ മനസ്സിലാക്കിയിരിക്കുന്നു എന്നു് കാണിപ്പാനായി, അന്നു് എഴുതിത്തയ്യാറാക്കിവച്ചിട്ടുള്ള ആ അവതാരികയിൽ നിന്നു് ഏതാനും വരികളും ഇവിടെ ഉദ്ധരിച്ചു് കൊള്ളട്ടെ.

> സ്തോഭം പുറപ്പെടുവിയ്ക്കുക എന്നതാണു്, വള്ളത്തോളിന്റെ വ്യക്തിമുദ്ര. ഇതിന്റെ ഉപാധികളാകട്ടേ, (1) ഉചിതങ്ങളായ പദങ്ങളും തെരഞ്ഞെടുത്തു് പ്രയോഗിയ്ക്കുക, (2) വാക്യങ്ങളിൽ തക്കതക്കസ്ഥാനങ്ങളിൽത്തന്നെ പദങ്ങളും വിന്യസിയ്ക്കുക, (3) അനാവശ്യപദപ്രയോഗത്തെ പാടേ പരിഹരിയ്ക്കുക, (4) ശബ്ദാർത്ഥാലങ്കാരങ്ങളും വേണ്ടിടത്തോളവും വേണ്ടതിൽ കവിയാതേയും പ്രയോഗിയ്ക്കുക, (5) രസാനുഗ്രഹണമായി (അഥവാ ഭാവാവിഷ്കരണസഹായകമായി) അതതു വൃത്തങ്ങളും കൈക്കൊള്ളുക, (6) ഏതു് വൃത്തമായാലും അതതിന്റെ മട്ടിൽത്തന്നെ ചൊല്ലുവാനുള്ള സൗകര്യത്തെ സന്ധിസമാസാദികളാൽ നിഹനിയ്ക്കാതിരിക്കുക, (7) വർണനകളും അന്യൂനാനതിരിക്തങ്ങളും തന്നെയായിരിയ്ക്കുക, സമുചിതമായ ആശയ ചിത്രങ്ങളെ സമർത്ഥമായി നിബന്ധിയ്ക്കുക എന്നിവയുമാകുന്നു.



In memory of

VALLATHOL NARAYANA MENON

the scholar-poet who has enriched our cultural heritage beyond measure.

IOC-115

Issued by **INDIAN OXYGEN LIMITED** IOL

With the compliments
of

DEBENDRA NATH PAUL & CO.,

32/2 Nirmal Chunder Street,
CALCUTTA—12

Phone: 24—1709
24—5293

PIONEER STOCKIST OF "EVEREST"
AC. SHEETS, BUILDING BOARDS, PIPES, & FITTINGS.

Gram:
ANULATUKUS


Phone: 23—4555
23—7675

With compliments
from


Robsan & Co., (Pvt.) Ltd.,

P—14, Mission Row Extn,
CALCUTTA-1.


Stockists for EVEREST Asbestos Cement Roofing Sheets, Plain Sheets, Rain Waterpipes & Gutters.




മുത്തച്ഛൻ




മകനും വാസന്തിയോടൊപ്പം



ഭേദപരിഭാഷ—എന്തോ സന്ദേഹം തീർക്കുകയാണ്




എന്തായോ ആലോചന,



ഒരു കൊച്ചുകലാകാരിയെ ജവാഹർലാൽ നെഹ്റുവിന്നു പരിചയപ്പെടുത്തുന്നു



തോട്ടത്തിൽവെച്ച്



ഒരു സിഗറാറ് വലിച്ചോട്ടെ.

വള്ളത്തോളിന്റെ മനസ്സ്

എസ്. ഗുപ്തൻനായർ

വള്ളത്തോളിന്റെ തത്ത്വചിന്തയെന്നോ, ജീവിതവീക്ഷണമെന്നോ ഈ പ്രബന്ധത്തിനു് പേരിടാത്തതു് മനഃപൂർവ്വമാണു്. മറെന്തിലുമധികം കവിയായിതന്നെ വർത്തിച്ച വള്ളത്തോളിനെപ്പറ്റി പറയുമ്പോഴും, ഗുണത്തിനായാലും, ദോഷത്തിനായാലും തത്ത്വചിന്ത എന്ന വാക്കു് വലിച്ചിടാത്തതാണു് നല്ലതെന്നു് തോന്നുന്നു.. ''തത്ത്വചിന്തയുടെ തണുത്ത സ്പർശത്തിൽ സകല മാധുര്യങ്ങളും പറന്നുപോകുന്നില്ലേ'' എന്ന കീറ്റ്സിന്റെ നിഷ്ക്കളങ്കമായ ചോദ്യവും ഓമ്മവരുന്നു! അതുകൊണ്ടാണു് വള്ളത്തോളിന്റെ മനസ്സിന്റെ മാതിരി ഒന്നന്വേഷിക്കാമെന്നു വച്ചതു്. മറെറാരു കാരണവും ഉണ്ടു്. അതു് ഒരു പാശ്ചാത്യ നിരൂപകന്റെ വാക്കിൽ പകർത്താം. ''കവിതയ്ക്കു് സാന്മാർഗ്ഗികമായ ഒരു ഫലോദയമുണ്ടാകണമെന്ന കാര്യത്തിൽ ഇപ്പോഴും മിക്കവരും യോജിക്കുന്നു. പക്ഷേ കവിത അതിനു് സഹജമായ പരോക്ഷ സമ്പ്രദായത്തിൽ, നമ്മുടെ സ്വഭാവത്തേയും മനോവൃത്തികളേയും രൂപപ്പെടുത്തുമ്പോഴും, കുറഞ്ഞപക്ഷം, അതു കവിതയായിരിക്കണമെന്നെങ്കിലും തീർച്ച. എന്നാൽ തുറന്ന രശ്മിയായി ഉപദേശം തുടങ്ങുമ്പോഴും, കവിത മറെറന്തോ ആയിത്തീരുകയാണു് പതിവു്. ഇവിടെയാണു് ഒട്ടേറെ സാഹിത്യ നിരൂപണങ്ങളും—വിശേഷിച്ചു് ഗവേഷണ പ്രബന്ധങ്ങളും പാടേ പാളിപ്പോകുന്നതു്. അവ വായിച്ചാൽ തോന്നുക, കവിയുടെ ചിന്തയെന്ന പറയുന്നതു്, കവിതയിൽനിന്നു് അടർത്തിയെടുത്തും ദർശനവിദ്യയുടെയോ ധർമ്മശാസ്ത്രത്തിന്റേയോ ഒരദ്ധ്യായമെന്ന നിലയ്ക്കു് ചർച്ച ചെയ്യാവുന്ന എന്തോ ഒരു സാധനമാണെന്നത്രേ. അമ്മാതിരി ഗവേഷകന്മാർക്കും വിമർശകന്മാർക്കും കവിത വെറുമൊരു ശല്യം മാത്രമാണു്. ഉള്ളിലിരിക്കുന്ന ഗദ്യാത്മകമായ അർത്ഥത്തിന്റെ പരിപ്പു കണ്ടെത്താൻ വേണ്ടി പൊട്ടിച്ചു നോക്കേണ്ട വെറും ചിരട്ട! ഈ പരിപ്പു മാത്രമാണു് സാരമായതെങ്കിൽ, കവിയ്ക്കു് ആണുങ്ങളെപ്പോലെ—തനി തത്ത്വജ്ഞാനിയെപ്പോലെ, ഉള്ളതു നേരേയങ്ങു് ഗദ്യത്തിൽ പറഞ്ഞാൽ എന്തു സുഖമുണ്ടു്! വെറുതെ നിഗൂഢതയിൽ പൊതിഞ്ഞ അലങ്കാര രൂപങ്ങളൊക്കെ കെട്ടിവച്ചു് അതിനെ പൊള്ളപ്പിക്കുന്ന ക്ലേശം ഒഴിവാക്കാമല്ലോ.''

ഈ വിധത്തിലാണു്, 'ആശാന്റെ തത്ത്വചിന്ത', 'നാലപ്പാടന്റെ തത്ത്വചിന്ത' എന്നൊക്കെ ഇവിടേയും ചില നിരൂപണങ്ങളുണ്ടായിട്ടുള്ളതു്. എന്നാൽ എന്തുകൊണ്ടോ, 'വള്ളത്തോളിന്റെ തത്ത്വചിന്ത' എന്നൊരു വിഷയത്തെപ്പറ്റി വളരെയൊന്നും എഴുതിക്കണ്ടില്ല. ഇതിന്റെ അർത്ഥം, ഒന്നുകിൽ, വള്ളത്തോൾക്കവിതയിൽ വലിയ തത്ത്വചിന്തയൊന്നുമില്ലെന്നാവാം. അല്ലെങ്കിൽ ആസ്വാദകരുടെ ബുദ്ധിക്കു്, ആ തത്ത്വചിന്ത സാമാന്യേന അവഗമ്യമായിട്ടില്ലെന്നാവാം. രണ്ടാമത്തേതാണെങ്കിൽ അതിന്റെ കാരണം വീണ്ടും അന്വേഷിക്കേണ്ടതാണു്. താഴേ പറയുന്നതാവാമെന്നു് എനിക്കു തോന്നുന്നു:—

ഒന്നു്:— കവിതയിൽനിന്നു് അടർത്തിയെടുക്കാവുന്ന തത്ത്വചിന്തയുടെ കനത്ത തുണ്ടങ്ങളും വള്ളത്തോൾക്കവിതയിൽ വളരെ കുറവാണു്. കവിധർമ്മം മറന്നു് ഒന്നിൻറേയും വക്കാലത്തു പിടിച്ചു് അദ്ദേഹം പ്രസംഗിക്കാറില്ല.

രണ്ടു്:— ആത്മപ്രകാശനങ്ങളായ കവിതകളിൽപ്പോലും അദ്ദേഹത്തെ, സ്വന്തം വ്യാകുലതകളിൽ മുങ്ങിയവനായി കാണാറില്ല. (ബധിരവിലാപം ഒരു വ്യത്യസ്തതയാണു്. അതിനെപ്പറ്റി പിന്നീടു് വിശദീകരിക്കാം)

മൂന്നു്:— കഥാമയങ്ങളായ കവിതകളിൽ, തന്റെ പ്രതികൃതികളെന്നു് തോന്നിക്കുന്ന കഥാപാത്രങ്ങളെ അദ്ദേഹം സൃഷ്ടിച്ചിട്ടില്ല. മറെറാരു പ്രകാരത്തിൽ പറഞ്ഞാൽ തന്റെ കഥാപാത്രങ്ങളെ, മാറിനിന്നുകൊണ്ടാണു് വള്ളത്തോളും വീക്ഷിക്കുന്നതു്. അല്ലാതെ, താൻ ആ പാത്രങ്ങളായി തീരുകയല്ല. (കുമാരനാശാന്റെ കാര്യത്തിൽ നേരേമറിച്ചാണു്, മിക്കപ്പോഴും കാണുക. ദിവാകരനിലും സീതയിലും ബുദ്ധദേവനിലും ഉപഗുപ്തനിലും ഒക്കെ ആശാൻ തന്റെ സത്വത്തെ അധ്യാരോപിക്കുന്നു. വള്ളത്തോളാകട്ടെ, അനിരുദ്ധനിലോ, ക്രിസ്തുവിലോ, പരശുരാമനിലോ തന്റെ വ്യക്തിത്വം ആരോപിക്കുന്നില്ല. അവർ, സ്വന്തം വ്യക്തിത്വത്തോടെതന്നെ നിൽക്കുന്നു.

നാലു്:— സാമാന്യേന പറഞ്ഞാൽ വള്ളത്തോളും ദുരന്തകഥകളുടെ ഉദ്ഗാതാവല്ല. (രാധ

യും ഭാമയും മറ്റും ചെറിയ വ്യത്യാസങ്ങൾ മാത്രം) ഉരന്ത കാവ്യങ്ങൾക്കു്, കോമളഭാവ നിർഭരങ്ങളായ 'കോമഡി'കളെക്കാൾ ജീവിതത്തിന്റെ സങ്കീർണ്ണ സ്വഭാവത്തെ പുറത്തുകൊണ്ടുവരാൻ കെൽപുണ്ടു്. സങ്കീർണ്ണതയിലേയ്ക്കുള്ള ആ ചുഴിഞ്ഞിറങ്ങലിൽ, ജീവിതത്തിന്റെ അടികാണാക്കയങ്ങൾ പലതും കണ്ടെത്തിയെന്നും വരും. കരുണത്തിന്റെ ആഴം ശൃംഗാരവീരാദ്ഭുതങ്ങൾക്കുണ്ടാവുക പ്രയാസം.

ഈ സവിശേഷതകളോട് കൂടിയതാണു് വള്ളത്തോൾക്കവിത എന്നു് അംഗീകരിക്കുന്ന പക്ഷം അതിന്റെ പുറകിൽ വർത്തിക്കുന്ന മനസ്സു് എങ്ങിനെയുള്ളതാണെന്നു് അന്വേഷിക്കേണ്ടതല്ലേ? ചിലർ ഈ മനസ്സിനെതന്നെയാണെന്നു തോന്നുന്നു, ജീവിത വീക്ഷണമെന്നു വിളിക്കുന്നതു്. എല്ലാ മനുഷ്യരേയും പ്രായേണ അഭിമുഖീകരിക്കുന്ന ജീവിത പ്രശ്നങ്ങളുടെ നേർക്കുള്ള മനോഭാവമെന്നർത്ഥം. പുണ്യപാപങ്ങൾ, രാഗവൈരാഗ്യങ്ങൾ, ഭക്തിജ്ഞാനങ്ങൾ, സ്വരാജ്യം, പാരമ്പര്യം, സംസ്കാരം, സ്ത്രീപുരുഷ ബന്ധങ്ങൾ ഇങ്ങിനെ പലതും ചേർന്ന ജീവിതത്തെപ്പറ്റിയുള്ള സങ്കല്പങ്ങളും നിഗമനങ്ങളും അടങ്ങിയ ഒന്നാണതു്. പക്ഷേ ഇവയെല്ലാം കവിതയിൽനിന്നു് തികച്ചും അന്യമേയമായിക്കൊള്ളണമെന്നില്ല. ജീവിതത്തിലെ മുഖ്യങ്ങളും അമുഖ്യങ്ങളുമായ സംഭവങ്ങൾ, സംഭാഷണ ശകലങ്ങൾ, കണ്ണുകൾ ഇവയെല്ലാം കവിതയോടു് ചേർത്തുവച്ചു് അന്വയിച്ചാൽ ഒട്ടൊക്കെ ഗ്രഹിക്കാൻ സാധിച്ചേയ്ക്കാം. എന്നാലുമുണ്ടു് ഒരു വൈഷമ്യം. കവിതയിൽ അഭിവ്യക്തങ്ങളായ അഭിപ്രായങ്ങൾ കവിയുടെ ചില പ്രവൃത്തികളുമായി പൊരുത്തപ്പെടുന്നില്ലെന്നുവരാം. ജീവകാരുണ്യത്തിന്റെ തങ്കമുദ്രകൾ പതിച്ച കവിതകളെഴുതിയ ഒരാൾ, മാംസാഹാരം കഴിക്കുന്നതു് വൈരുദ്ധ്യമല്ലേ, എന്നു ചോദിച്ചു കേട്ടിട്ടുണ്ടു്. അതു വൈരുദ്ധ്യമാണെങ്കിൽ എല്ലാ സസ്യാഹാരക്കാരും കാരുണ്യമൂർത്തികളാണെന്നും എല്ലാ മാംസാഹാരക്കാരും (നെഹ്റുവും ഷൈയ്റുസും ഉൾപ്പെടെ) പരമ നിർഘൃണന്മാരാണെന്നും പറയേണ്ടിവരും. അതാണോ സത്യം? അഥവാ ഇത്തരം വൈരുദ്ധ്യങ്ങളില്ലാത്ത മനുഷ്യ ജീവിതം എവിടേയെങ്കിലുമുണ്ടോ? ഇതൊക്കെ കിടക്കട്ടെ, വള്ളത്തോൾ എന്നു കേൾക്കുമ്പോൾ, നമ്മുടെ മനസ്സിൽ പൊന്തിവരുന്ന ബിംബം എന്താണു്? സൗന്ദര്യാരാധകൻ, പ്രസന്നൻ, പ്രസാദാത്മകൻ, ദേശാഭിമാനി, കാല്പനികകവി ഇങ്ങിനെ പലതും കൂടിച്ചേർന്ന ഒന്നു്. ഇവയിൽ ചിലതിന്റെ അടിസ്ഥാനം നമുക്കൊന്നു പരിശോധിച്ചു നോക്കാം.

കലാകാരന്മാരെല്ലാം സൗന്ദര്യാരാധകന്മാരല്ലേ? പിന്നെ വള്ളത്തോളിനു് മാത്രമെന്താണു്, ആ നിലയ്ക്കൊരു പ്രത്യേകത? ''സൗന്ദര്യത്തിനു വേണ്ടിയുള്ള എന്റെ ഉൽക്കണ്ഠ—സൗന്ദര്യ പ്രേമം—അതിനെ മാത്രം മുൻനിർത്തി എഴുതണമെന്നു് എനിക്കു് നിശ്ചയം വന്നിരിക്കുന്നു'' എന്നു് കീറ്റ്സ് ഒരു സ്നേഹിതനു് എഴുതി. ഈ ഉൽക്കണ്ഠതന്നെയാണു് വള്ളത്തോളിലും കാണുന്നതു്. അതു് ഉപരിപ്ലവമായ ഒരു തോന്നലോ, പ്രദർശനൈകമാത്രമായ ഒരു വാസനയോ അല്ല; ഒരു സ്വീകൃതമതം (കൺവെൻഷൻ) ആണു്. ശ്രദ്ധാഭക്തിവിലസിതമായ ഒരു സാധന.

''സൗന്ദര്യം സത്യമാണു്, സത്യം സൗന്ദര്യവും.
അത്രമാത്രമേ നിങ്ങൾക്കറിവുള്ളൂ
അത്രമാത്രമേ അറിയേണ്ടതാനും''

എന്നു്, കീറ്റ്സിനെപ്പോലെ വള്ളത്തോളും വിശ്വസിച്ചിട്ടില്ലേ? (ഇതിന്റെ വ്യാഖ്യാനം പലരേയും അപകടത്തിൽ ചാടിച്ചിട്ടുണ്ടു്. വളരെ വിശ്വാസയോഗ്യമായ ഒരു വ്യാഖ്യാനം ഇതാണു്:— നശ്വരതയും അനശ്വരതയുമാണു് ഇവിടത്തെ രണ്ടു കോടികൾ. സൌന്ദര്യം നശ്വരതയ്ക്കും സത്യം അനശ്വരതയ്ക്കും പ്രതിനിധീഭവിക്കുന്നു. സ്നേഹം, സുഖം തുടങ്ങിയവയെ അപേക്ഷിച്ചു് യഥാർത്ഥതരമാണു് സൗന്ദര്യം. സ്നേഹാദി വികാരങ്ങളൊക്കെ മങ്ങി മറയുമ്പോൾ, സൗന്ദര്യം കലാസൃഷ്ടിയിലൂടെ, കവി അതിനു നൽകുന്ന പ്രാണപ്രതിഷ്ഠയിലൂടെ, ആപേക്ഷികമായ ഒരു ശാശ്വതഭാവം നേടുന്നു. ആ ശാശ്വതികത്വത്തിന്റെ സാക്ഷാൽക്കാരംതന്നെയാണു് കവിയെ സംബന്ധിച്ചുള്ള സത്യം. 'നിങ്ങൾ' എന്നു് ഇവിടെ കീറ്റ്സ് പറയുന്നതു് തന്നോടുതന്നെയാണു്; അല്ലെങ്കിൽ കവിസമുദായത്തോടു് ഒട്ടാകെയാണു്) 3.

വള്ളത്തോൾ, തന്റെ സൗന്ദര്യസങ്കല്പത്തെപ്പറ്റി ഇതുപോലെ തെളിച്ചു പറഞ്ഞിട്ടില്ലെങ്കിലും സത്യദേവതയെ സൗന്ദര്യത്തിന്റെ വിശ്വരൂപമായി വർണ്ണിച്ചിട്ടുണ്ടു്.

മിന്നൽ നിൻ പള്ളിവാൾ; മേഘം
നിൻ പള്ളിത്തേർ
ഉന്നതമാമിടി നിൻ പടഹം
ശാശ്വതമാകുമകൃത്രിമശബ്ദങ്ങൾ—
ളീശ്വരി, നിൻ ജയകാഹളങ്ങൾ!
സത്യഗാഥ: സാ. മഞ്ജരി 2.

സുന്ദര്യ സങ്കല്പത്തിലടങ്ങാത്ത സത്യമൊന്നുമദ്ദേഹത്തിന്റെ വിഭാവനയിലുണ്ടായിരുന്നില്ലെന്നുള്ളതിനു് ഒരു തെളിവു കൂടിയുണ്ടു്. ഒരിക്കൽ മഹാകവി പറഞ്ഞു, ''കലയും സന്മാർഗ്ഗവും രണ്ടു കയ്യിൽ നീട്ടിക്കൊണ്ടു്, 'ഏതെങ്കിലും ഒന്നെടുക്കാം,—ഒന്നു മാത്രം' എന്നു ബ്രഹ്മാവു പറഞ്ഞാൽ ആദ്യത്തേതായിരിക്കും ഞാൻ സ്വീകരിക്കുക'' എന്നു്. ഈ പ്രസ്താവന അന്നു് പലരിലും വലിയ അന്ധാളിപ്പുണ്ടാക്കി. മഹാകവിയ്ക്കു് സന്മാർഗ്ഗത്തെപ്പറ്റി വലിയ മതിപ്പില്ല, എന്നാണു് പലർക്കും തോന്നിയതു്. വാസ്തവമെന്തു്? കൊച്ചു സീതയും, നാഗിലയും ഒരു യുവ്യ

വിന്റെ ആത്മസംയമവും എഴുതിയ കവി ഉൽകൃഷ്ടമായ സന്മാർഗ്ഗ ബോധത്താൽ പ്രഭാവിതനല്ലെന്നു് എങ്ങിനെ പറയാം. അപ്പോഴും അതല്ല സത്യം. കലയില്ലാത്ത ജീവിതത്തിൽ, (അഥവാ സൗന്ദര്യത്തെ വിലമതിക്കാത്ത ഒരു സമുദായഘടനയിൽ) സന്മാർഗ്ഗമെന്നല്ല, ജീവിതത്തെ അർത്ഥവത്താക്കുന്ന ഒന്നുംതന്നെ ശേഷിക്കുകയില്ലെന്നു് മഹാകവിയ്ക്കറിയാം. അതുകൊണ്ടാണു് അദ്ദേഹം കലയുടെ പക്ഷം പിടിച്ചതു്. ഇവിടെ കലയും സൌന്ദര്യവും രണ്ടല്ല. സൌന്ദര്യമാകട്ടെ, ജീവിത സൌന്ദര്യം തന്നെയാണു്—മനുഷ്യമനസ്സിനെ വിമലീകരിക്കുന്നതും മധുരീകരിക്കുന്നതുമായ എല്ലാം അതിലടങ്ങും. ഗാന്ധിജി പറഞ്ഞു ''ഏറ്റവും മനോഹരമായ ജീവിതംതന്നെയാണു് എനിക്കു് ഏറ്റവും നല്ല കല'' എന്നു്. ഗാന്ധിജിയുടെ 'മനോഹരമായ' ജീവിതത്തിൽ ഇന്ദ്രിയാനുഭൂതികൾക്കു യാതൊരു സ്ഥാനവുമുണ്ടാകുകയില്ല. വള്ളത്തോൾ, അവിടെ തന്റെ 'ഗുരുനാഥ'നോടു വിടവാങ്ങിക്കൊണ്ടു, ഗുരുദേവന്റെ (ടാഗൂർ) അടുത്തേക്കു് നീങ്ങുമെന്നു ഞാൻ വിചാരിക്കുന്നു. മറ്റെല്ലാ അംശങ്ങളിലും ഗാന്ധിജിയോടു യോജിക്കുമെന്നും.

വള്ളത്തോളിനെപ്പോലെ പൂർണ്ണവളർച്ചയെത്തിയ ഒരു കവിയുടെ സൌന്ദര്യ ബോധം, പ്രകൃതിയുടെ പച്ചപ്പിലും പെൺമണികളുടെ കൺകോണിലും ശിശുക്കളുടെ പൂങ്കവിളിലും മാത്രം തത്തിക്കളിക്കുന്ന ഒന്നാണെന്നു കരുതുക സാഹസമാകും. ''മാനം ചേർന്ന ഭടൻ'' എന്ന പ്രസിദ്ധ പദ്യം മാത്രം വച്ചുകൊണ്ടു് വള്ളത്തോളിനെ വിലയിരുത്തുന്നവർ അങ്ങിനെ ചെയ്യാറുണ്ടു്. അപ്പുറത്തുള്ള ഉദാത്തങ്ങളായ പദ്യങ്ങളിലേക്കു് ആളുകളുടെ ദൃഷ്ടി വേണ്ടത്ര ചെല്ലാതായതു് കഷ്ടമായി. മനസ്സിനെ രജസ്തമസ്സുകളിൽനിന്നു മോചിപ്പിച്ചു് സത്വഗുണ സമ്പൂർണ്ണമാക്കുന്നതാണു് കവിതയെന്നു് അദ്ദേഹം ആ ശ്ലോകങ്ങളിൽ വീണ്ടും വീണ്ടും പറയുന്നു. ഒടുവിൽ ഇങ്ങിനെയും കാണാം.

''അല്പാകും മറനീങ്ങി വെണ്മ വിലസീ;
പൊൻകാൽച്ചിലമ്പൊച്ചയോ
തെല്ലാരാൽ നിശമിപ്പതു,റൊരനഘ—
ജ്യോതിസ്സിതാ മുന്നിൽ മേ
എല്ലാം സാധിതമിന്നെനിയ്ക്കുനുപമാ—
നന്ദൈകസാന്ദ്രം ജഗ—
ത്തല്ലാ, വീണ്ടുമിരുട്ടു് നിന്നുടൽ മറ—
യ്ക്കായ്ക്കൊൻ മനോനായികേ!

(കവിത—സാ. മഞ്ജരി 6—ാം ഭാഗം)

പ്രപഞ്ചത്തെ മുഴുവൻ അനുപമാനന്ദൈകസാന്ദ്രമാക്കി നിലനിർത്തുന്ന ചിച്ഛക്തിയായിട്ടാണു്, കവിതയെ വള്ളത്തോൾ കാണുന്നതു്. ചുരുക്കത്തിൽ ആ സൌന്ദര്യ സങ്കല്പം, സത്യമായ—ശിവമായ—ഒരു ലോകത്തെ ഭാവന ചെയ്തതിന്റെ ഫലമാണു്.

ഇതുയും ഉയർന്നപടിയിൽ വള്ളത്തോളിന്റെ സൌന്ദര്യ സങ്കല്പത്തെ പ്രതിഷ്ഠിക്കുമ്പോൾ, അതിന്റെ താഴത്തെ പടികളോടു് ചെറിയൊരു അനീതിയാണു് പ്രവർത്തിക്കുന്നതെന്നു ഞാൻ സമ്മതിക്കുന്നു. ഇന്ദ്രിയലാലസയുടെ താഴ്ന്ന സപ്തകങ്ങളിലും അതു് സഞ്ചരിക്കുന്നുണ്ടു്. ''അദ്ദേഹത്തിന്റെ ബോധാവസ്ഥയുടെ സർവ്വ കൊടി വള്ളികളും ചുറ്റിപ്പിടിക്കുന്നതു് ജീവിതത്തെയാണു്. സുഖവാഞ്ഛയാണു്, അതിന്റെ ബീജം, ആനന്ദമാണു് അതിന്റെ ഉന്നം..... (ചുരുക്കത്തിൽ) ജീവിതത്തെ അദ്ദേഹം മോന്തിക്കുടിക്കുന്നു''4 എന്നിങ്ങിനെ വള്ളത്തോൾ സപ്തതിയിൽ ഒരു ലേഖകൻ എഴുതിയിരുന്നതിൽ വളരെ പരമാർത്ഥമുണ്ടു്. വള്ളത്തോൾതന്നെ ഒരവസരത്തിൽ ഇങ്ങിനെ പറഞ്ഞതായി ജി. ശങ്കരക്കുറുപ്പു് രേഖപ്പെടുത്തുന്നു: ''എന്റെ കവിത വൈഷയിക കൌതുകം വളർത്തുന്നതാണത്രെ. ഞാനതിലഭിമാനിക്കുന്നു. പ്രപഞ്ചത്തെ വെറുക്കുവാൻ ഒരു കാരണവും ഞാൻ കാണുന്നില്ല.'' (സപ്തതി പുറം 187)

പ്രപഞ്ചമേ നീ പല ദുഃഖജാലം
നിറഞ്ഞതാണെങ്കിലുമിത്രമാത്രം
ചേതോഹരക്കാഴ്ചകളം നിങ്കലുള്ള
കാലത്തു നിൻ പേരിലെവൻ വെറുക്കും?

എന്നും (സാ. മഞ്ജരി 1—ാം ഭാഗം)

പോകട്ടെയെൻ തടിമിടുക്കുമുത്സാ—
ഹാകിലാകട്ടെ, പാർപ്പിടമെനിയ്ക്കിതുത—
ന്നെ വേണം;
ആകമ്രശോഭനപദാർത്ഥസമൃദ്ധമാമീ—
ലോകത്തിൽനിന്നു നരർ പോകുവതെന്തു
പോക്കാം!

(നര കണ്ടിട്ടു—സാ. മഞ്ജരി 3.)

എന്നും മറ്റും കവിതയായിത്തന്നെ അദ്ദേഹം പറഞ്ഞിട്ടുണ്ടു്.

സാധാരണഗതിയിൽ ഒരു മനുഷ്യനെ നൈരാശ്യംകൊണ്ടു് തളർത്തിക്കളയാൻ പോരുന്ന ഒരു സംഭവമാണല്ലോ, തുടത്ത യൌവനത്തിൽത്തന്നെ അദ്ദേഹത്തെ പിടികൂടിയ ബാധിര്യം. എന്നാൽ അദ്ദേഹം ആ ബാധിര്യത്തെ കീഴമർത്തിക്കൊണ്ടു് ജീവിതത്തെ പൂർവ്വാധികം ആസ്വദിക്കാൻ തന്നെയാണു് തീർച്ചയാക്കിയതു്. എന്നല്ല, ഒരിന്ദ്രിയം നഷ്ടപ്പെട്ടതിന്റെ പരിഹാരമെന്നവണ്ണം, മറ്റു് ഇന്ദ്രിയങ്ങളെ കൂടുതൽ നിശിത

വും സംവേദനക്ഷമവുമാക്കുകയാണു് ചെയ്തതെന്നും തോന്നുന്നു. ഇത്ര തീക്ഷ്ണമായി രൂപരസഗന്ധാദികളെ അനുഭവിക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്ത കവികൾ നമുക്കധികമില്ല. ''കാണലിന്റെ കാല്പനിക ഭാഷ''x എന്നു് കീറ്റ്സിനെപ്പറ്റി പറഞ്ഞതു വള്ളത്തോളിനെപ്പറ്റിയും പറയാം. ഒരു പിഞ്ചു പൈതലിന്റെ പുഞ്ചിരിയിൽ പാരിലെ പനിനീർപ്പൂക്കളെല്ലാം വിരിയുന്ന വിരിയലും സൗന്ദര്യലക്ഷ്മീവിലാസത്തിന്റെ ദളങ്ങൾ നിവരുന്ന നിവരലും മാണിക്യക്കുഞ്ഞിയെക്കൊണ്ടു മന്ദം തുറക്കുന്ന തുറക്കലും തേൻതുള്ളി താവിത്തുളുമ്പുന്ന തുളുമ്പലും എല്ലാം കൂടി അനുഭൂതമാകുന്ന കവിയുടെ ഇന്ദ്രിയ സംവേദന ശക്തി അസാമാന്യമാം വണ്ണം മൂർച്ചകൂടിയതാണു് (സാഹിത്യ മഞ്ജരി 7—ാം ഭാഗം).

ഈ നിലയിൽ ജീവിതത്തെ കണ്ടും തൊട്ടും മണത്തും രുചിച്ചും ആസ്വദിക്കുന്ന കവി, എങ്ങനെ വിരക്തിയുടെ പാട്ടു പാടും? ബാധിര്യത്തിന്റെ തിരപ്പുറപ്പാടുകൊണ്ടു് കവി, ആദ്യം പരിഭ്രമിക്കുകയും തന്റേടം വിടുകയും ചെയ്ത എന്നതു സത്യമാണു്.

പ്രണയികളൊട്ടുകൂടി നമ്മ്സംഭാ—
ഷണപരമോത്സവവും സമാപ്തമായ് മേ
പ്രണവമയി, ജഗൽബഹിഷ്കൃതൻ ദുർ—
ഗ്രണനിധി ഞാനിനിയെന്തിനിങ്ങിരിപ്പൂ?

എന്നിങ്ങനെ അദ്ദേഹം വേദനകൊണ്ടു പിടഞ്ഞു് ഒടുവിൽ തന്റെ ദുഃഖങ്ങളെല്ലാം ജഗജ്ജനനിയുടെ കാൽക്കൽ സമർപ്പിച്ചു്, ഭക്തിയുടെ മടിത്തട്ടിൽ വിശ്രമം കൊള്ളുകയാണു്—ഉദ്ബുദ്ധമായ ആസ്തികൃത്തിന്റെ ഉറച്ച വഴിയാണതു്. ഇവിടെ ആദ്യേയ കാല്പനിക കവികളും വള്ളത്തോളും തമ്മിൽ പ്രകടമായ ഒരു വ്യത്യാസം കാണാം.

''സുന്ദര ലോകമേ വിട*

എന്നോ

വരു കദനമേ!
മധുരതമമായ കദനമേ!
സ്വകീയ ശിശുവിനെപ്പോലെ
ഞാൻ നിന്നെ നെഞ്ചിലോറ്റി ലാളിക്കുന്ന
നിന്നെ വിട്ടകലഞ്ഞെങ്കിലോ
നിന്നെ വഞ്ചിച്ചെങ്കിലോ
എന്നു ഞാൻ ശങ്കിച്ചു.

എന്നാൽ ഇപ്പോഴോ നിന്നെയാണു്,

എല്ലാറ്റിലും ഉപരിയായി
ഞാൻ സ്നേഹിക്കുന്നതു്†

എന്നോ, വള്ളത്തോളോ വിലപിച്ചു് കേട്ടിട്ടില്ല. കീറ്റ്സിന്റെ കവിത മുഴുവൻതന്നെ, ലോകത്തിന്റെ കോമളിമയും നശ്വരതയും തമ്മിൽ എങ്ങിനെ രഞ്ജിപ്പിക്കേണ്ടു എന്നതിനെപ്പറ്റിയുള്ള ഒരമ്പരപ്പാണു്. 5 വള്ളത്തോളിന്റെ കവിതയിലാകട്ടെ നശ്വരതയെപ്പറ്റിയുള്ള ഈ അമ്പരപ്പൊട്ടുമില്ല. ''ഈ ജന്മത്തല്ലെങ്കിൽ അടുത്ത ജന്മത്താവാം'' എന്ന വിശ്വാസത്തിന്റെ പാരമ്പര്യത്തിൽ വളർന്ന ഒരു കവിയ്ക്കു് അങ്ങനെ അമ്പരക്കേണ്ട ആവശ്യമില്ലതാനും.

ജീവിതത്തിന്റെ നേർക്കു് തീവ്രമായ രാഗത്തോടും അഭിലാഷത്തോടും അണയുന്ന കവി ജഡികമായ ആനന്ദവാദത്തിന്റെ (മറീരിയലിസ്റ്റിക് ഹെഡനിസം) ഉദ്ഗാതാവാണോ എന്നു് ഈ ഘട്ടത്തിൽ ഒരു ചോദ്യം വരാം. ചിലർ അങ്ങനെ സംശയിച്ചിട്ടുമുണ്ടു്. പക്ഷേ അതിനെ നിഷേധിക്കുന്ന പലതും വള്ളത്തോൾ കവിതയിലുണ്ടു്. ഒന്നാമതായി അദ്ദേഹം ആസ്തികനാണു്. ബധിര വിലാപവും മംഗലനയും ഗണപതിയും എല്ലാം ആസ്തികൃത്തിന്റെ സൃഷ്ടികളാണു്.

രണ്ടാമതു്:— ഭോഗത്തിന്റെ കഥ പറഞ്ഞു് രസംപിടിപ്പിക്കാൻ തുനിഞ്ഞിറങ്ങിയ ഒരാളിനു് ഒരിക്കലും പ്രാപ്യമല്ലാത്ത ഒട്ടേറെ കവിതകളും വള്ളത്തോളിന്റെ തൂലികയിൽനിന്നു് പുറപ്പെട്ടിട്ടുണ്ടു്. രാധയുടെ കൃതാർത്ഥത, ഒടുക്കത്തെ ക്കുറിപ്പു്, നാഗില, ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി, കൊച്ചുസീത തുടങ്ങിയ കവിതകളേയാണു് ഞാൻ ഉദ്ദേശിക്കുന്നതു്. സുപ്രസിദ്ധങ്ങളായ ആ കവിതകളെടുത്തു് ഇവിടെ വിവരിക്കേണ്ട ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. ഒരു വശത്തു് ഇന്ദ്രിയസന്തർപ്പണത്തെ അംഗീകരിക്കുകയും, മറുവശത്തു് ത്യാഗം, ഭ്രതദയ, ആസ്തിക്യം, ദേശാഭിമാനം മുതലായ ശ്രേഷ്ഠ ഗുണങ്ങളെ നമ്മുടെ രക്തപരിവാഹത്തിൽ കടക്കുമാറു് വാഴ്ത്തുകയും ചെയ്ത കവിയുടെ മനസ്സു്, വിരുദ്ധങ്ങളായ വാസനകളെയാണോ താലോലിച്ചതു്? ആണെന്നു് തോന്നുന്നില്ല. കവിയുടെ ചേതന, ഒരർത്ഥത്തിൽ ഇന്ദ്രിയങ്ങളിലാണു് കുടികൊള്ളുന്നതു്. ഇന്ദ്രിയങ്ങളിൽക്കൂടി അനുഭൂതികൾ നേടുമ്പോൾ മാത്രമാണു്, അതു് വികാരംകൊണ്ടു്

---

x The romantic language of seeing


* Fair World, adien

† Come then Sorrow
Sweetest Sorrow!
Like an own babe I nurse thee on my breast
കീറ്റ്സ്

തുടിക്കുന്നതു്. അടുത്ത ഘട്ടത്തിൽ അതു്, ഭാവനയുടെ അദൃശ്യപക്ഷങ്ങളും വിരിച്ചു് പറന്നുയരുകയായി. ബുദ്ധിയും സംസ്ക്കാരവും പാരമ്പര്യവുമെല്ലാം അന്തര്യാമിയായി വർത്തിക്കുന്നുണ്ടാകും. എങ്കിലും ഇന്ദ്രിയങ്ങളുണരാതെ ബുദ്ധിക്കും സംസ്ക്കാരത്തിനും വിശ്വാസത്തിനും ഒന്നും. സ്ഥാനമില്ല. വള്ളത്തോളും മറെറല്ലാ കവികളേയും പോലെ ഇന്ദ്രിയാനുഭൂതികളെ അംഗീകരിച്ചു. പക്ഷേ അവ മാത്രമാണു് ജീവിതമെന്നു് അദ്ദേഹവും തെറിദ്ധരിച്ചിട്ടില്ല. അവയിലൂടേയും ഉപേയമായ സത്യത്തിൻെറ സമീപത്തേക്കു് നീങ്ങാൻ കഴിയുമെന്നു് അദ്ദേഹത്തിനു് തോന്നിയിട്ടുണ്ടാവണം. ദുഃഖത്തേയും ജാഡ്യത്തേയും നൈഷ്ഠുർമ്മ്യത്തേയും ഉഴിഞ്ഞെറിഞ്ഞു് ഉള്ളുണർവേകിയ ഒരു കവിയെ ആ അനുഭൂതികളുടെ പേരിൽ ഇടിച്ചു താഴ്ത്തുന്നതു് അനീതിയായിരിക്കുമെന്നു എനിക്കു് തോന്നുന്നു.

സൂചിക:

1. Do not all charms fly
   At the cold touch of Philosophy
2. ബേസിൽ വില്ലി 1950—ലെ ലിസെനർ വാരികയിലെഴുതിയതു്. സാൻസമിൻെറ World of Poetryയിൽ ഉദ്ധരിച്ചതു്.
3. Graham Hough—The Romantic Poets
4. സി. എ. ജോസഫ്—വള്ളത്തോൾസപ്തതി
5. Hough the Romantic Poets



'ഉയർന്ന വിദ്യാഭ്യാസം'—
ഉടുപ്പിൽ തുന്നിച്ചേക്കു—
മുയർന്ന വിദ്യാഭ്യാസം—
ഏതു താഴ്ത്തീലാ നമ്മെ?

''ഐക്യമേ സേവ്യാൽസേവ്യം''

വള്ളത്തോളിന്റെ കാവ്യരചന

സി. എ. കുഞ്ഞുണ്ണിരാജാ,
ബി. എ. ബി. എൽ.

സസംസ്കൃതചിത്തനായ മനുഷ്യന്റെ സൗന്ദര്യാത്മകവും ഭാവനാ സമ്പന്നവും സൂക്ഷ്മഗ്രഹവുമായ ബുദ്ധി ആത്മാവിഷ്ക്കാരത്തിനു് കൈക്കൊള്ളുന്ന ഉപാധികളും പലതാണു്. ഭാഷ, സ്വരങ്ങളും, വർണ്ണങ്ങളും, ചലനങ്ങളും മുതലായവ. ഇവയിലേതെങ്കിലും ഒരുപാധിയോടു് ഒരാൾക്കു് കൂടുതൽ രഞ്ജിപ്പു തോന്നുമ്പോൾ അതിനെ അയാളുടെ 'ജന്മവാസന'യെന്നു പറയുന്നു. അതനുസരിച്ചാവും ഒരാൾ കവിയോ ഗായകനോ ചിത്രകാരനോ നടനോ നർത്തകനോ ആയിത്തീരുന്നതു്. എന്നാൽ വെറും വാസനകൊണ്ടുമാത്രം ആരും ഒരു കലാകാരനായിത്തീരുന്നില്ല. അഭ്യാസവും വേണം. രണ്ടും സമ്മേളിക്കുമ്പോൾ മാത്രമേ ഒരു മികച്ച കലാകാരൻ ഉയിക്കൊള്ളുന്നുള്ളു; വളരുന്നുള്ളു. ഈ നിയമത്തിനു് അപവാദങ്ങളില്ല. മഹാകവി വള്ളത്തോൾ പലപ്പോഴും പറയുന്നതു് കേട്ടിട്ടുണ്ടു്: ''കവിതയുള്ള ആശയങ്ങൾ പലർക്കും തോന്നാം. എന്നാൽ അവയെ സഹൃദയാഹ്ലാദികളായ ഉത്തമകാവ്യങ്ങളാക്കി രൂപാന്തരപ്പെടുത്തുവാനുള്ള കഴിവു് അപൂർവ്വം ചിലർക്കു് മാത്രമേ കൈവരുന്നുള്ളൂ''എന്നു്. തീർച്ചയായും സ്വാനുഭവത്തിൽ വാർന്നുണ്ടായതാവണം ഈ അഭിപ്രായം. വള്ളത്തോൾക്കവിത ശിലീന്ധ്രപ്രരോഹംപോലേയുള്ള ഒരാകസ്മികസംഭവമായിരുന്നില്ല. കുട്ടിക്കാലം മുതൽക്കു തുടങ്ങി ഒരര ശതാബ്ദത്തിലധികം കാലത്തെ നിരന്തരമായ കഠോപാസനയുടെ ഫലങ്ങളത്രെ, കുറവും കുറയുമറ്റ കാവ്യരചനാശില്പത്തിനു് അന്യാദൃശ നിദർശനങ്ങളായി വർത്തിക്കുന്ന വള്ളത്തോൾക്കവിതകളും.

എന്താണീ രചനാശില്പം? ഈ പ്രകരണത്തിൽ അതിനു് ഞാനർത്ഥമാക്കുന്നതു് 'ലളിതകോമളകാന്തപദ'ങ്ങളും അടിമുടി കനത്തു തുങ്ങുന്ന 'അലങ്കാരങ്ങ'ളും മറ്റും മറ്റുമായി കേവലം 'ശയ്യാ'വലംബിയായ ഒരു വിലോലകാവ്യസൗന്ദര്യമെന്നല്ല; പ്രത്യുത, പ്രതിപാദ്യത്തിന്റെ അവതരണം തൊട്ടു തുടങ്ങി, അംഗാംഗീഭാവങ്ങളെ അനുക്രമം പോഷിപ്പിച്ചു് സമഗ്രമായ ഭാവസംപുഷ്ടിവരുത്തി, വേണ്ട ദിക്കിൽ വേണ്ട സമയത്തവസാനിപ്പിച്ചു്, കാവ്യത്തെ തികച്ചും കെട്ടുറപ്പും കൂടക്കവുമുള്ള ഒരുത്തമ കലാസൃഷ്ടിയാക്കി വാർത്തെടുക്കുവാനുള്ള കവിയുടെ കൈവിരുതെന്നത്രെ. അതിനു വള്ളത്തോൾക്കവിതകളേക്കാൾ മികച്ച ഉദാഹരണങ്ങൾ മലയാളത്തിലുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നില്ല.

ഇതു പറയുമ്പോൾ മലയാളത്തിൽ എങ്ങിനെയോ പ്രചരിച്ചു കഴിഞ്ഞിട്ടുള്ള ആരുടേയോ ഒരു ശ്ലോകാർദ്ധം ഞാനറിയാതെ ഓർത്തുപോകയാണു്.

''ആശാനാശയഗംഭീരൻ;
വള്ളത്തോൾ ശബ്ദസുന്ദരൻ.....''

ഇതിലെ ആദ്യപാദത്തിനോടു് യോജിച്ചാലും ഇല്ലെങ്കിലും രണ്ടാമത്തെ വരി കേവലം ഉപരിപ്ലവവും ആ മഹാകവിയുടെ നേർക്കു് തൊട്ടത്ത അവഹേളനത്തിന്റെ ഒരൊളിയമ്പും കൂടിയാണെന്നു ഞാൻ പറയും. 'ശബ്ദസുന്ദരൻ'പോലും! വള്ളത്തോൾക്കവിതകൾ കാതിനിമ്പമണയ്ക്കുന്ന കുറെ 'ഒച്ചകൾ' മാത്രമാണെന്നാണിതിലെ ധ്വനിയെങ്കിൽ വള്ളത്തോൾക്കവിത പഠിച്ചാസ്വദിച്ചവർക്കു് അതന്തഃസാരശൂന്യമായിട്ടേ തോന്നുകള്ളൂ. വെറും പദ്യ രചനയുടെ മാത്രം (കാവ്യത്തിന്റെയല്ല) കലാപരമായ സാങ്കേതികവശത്തെ അതായതു്, പദങ്ങളുടെ ഭംഗി, അവയുടെ സമുചിതമായ സന്നിവേശം, അവയ്ക്കുള്ള ശ്രവണസുഖം, സംഗീതാത്മകത്വം മുതലായ കാര്യങ്ങളെ ഒരുകാലത്തും വള്ളത്തോൾ അവഗണിച്ചിട്ടില്ല. അതുകൊണ്ടു്, അതുമാത്രമാണു് വള്ളത്തോളിന്റെ കാവ്യരചനാ ശില്പമെന്നുൽഘോഷിക്കുന്ന നിരൂപകൻ ആ മഹാകവിയുടെ കവിതയെ അപ്പടി തെറ്റിദ്ധരിക്കുകയോ തെറ്റിദ്ധരിപ്പിക്കുകയോ ആണു് ചെയ്യുന്നതു്.

ഭംഗിയുള്ള കുറെ ശബ്ദങ്ങളുടെ ഒരു മാലമാത്രമല്ല വള്ളത്തോൾക്കവിത. ശബ്ദഭംഗിയും വള്ളത്തോൾ കവിതയുടെ ഒരു ഗുണമാണെന്നേ പറയാവൂ. എന്തെങ്കിലും ഒരർത്ഥം വരത്തക്കവിധത്തിൽ കുറെ വാക്കുകൾ കൊരുത്തുണ്ടാക്കുന്നതാണു് കവിതയെഴുത്തെന്നു് വള്ളത്തോൾ ഒരിക്കലും വ്യാമോഹിച്ചിട്ടില്ല. എന്നാൽ അങ്ങിനെ ഒരു കാലവും മലയാളത്തിലുണ്ടായി. അത്തരം 'സരളഗള'ക്കവിതകൾ കേരളത്തിൽ ഒരു ഭയങ്കര ജൈത്രയാത്രതന്നെ നടത്തിയ ആ കാലഘട്ടത്തിൽ മഹാകവി അക്കൂട്ടക്കെല്ലാംകൂടി ഇങ്ങനെ

ഒരു സന്ദേശമാണു് നൽകിയതു്, ഗത്യന്തര മില്ലാതെ:

''അർത്ഥചിന്ത നില്ലട്ടെ നിൻഗീതത്തിൻ
ശബ്ദ ഭംഗിയാൽത്തന്നെയാകൃഷ്ടയായ്
പാർശ്വസംസ്ഥയാം വംശലതയിതാ
ചായ്ച്ചുകൊള്ളുന്ന തൻതല നിന്മാറിൽ...''

എന്നാലും,

''വൈണിക, സഖേ നിന്നുള്ളപൊള്ളയെ—
ന്നാണ കേംവി.....''

അങ്ങനെതന്നെയാണോ? ആവണമെന്നില്ല. കാരണം,

''എങ്ങൊരൊച്ച തേ ദൃശ്യനല്ലാത്തൊരു
സംഗഹീനനിവണ്ണമുംപ്പൂകായ്കിൽ?''

അതുകൊണ്ടു്,

''പാട്ടപാട്ടക പാട്ടക കീചക—
ശ്രേഷ്ഠ, നിർവൃതിക്കൊള്ളട്ടെയിജ്ജനം''

എന്നു്. അതേ, ഇക്കാര്യത്തിൽ അതങ്ങനെയാണ വന്നുപെട്ടതു്. ആ കവിതകൾക്കും കവികൾക്കും കിട്ടിയ പ്രചാരത്തിന്റെ ഊക്കിൽ തനിക്കു് തോന്നിയതങ്ങു വെട്ടിത്തുറന്നു പറയാനുള്ള ഒരു സങ്കോചം കാരണം അദ്ദേഹം തിരിച്ചും മറിച്ചും ഒളിഞ്ഞും തെളിഞ്ഞും സ്വാഭിപ്രായം അത്രയധികം നിയന്ത്രിച്ചു മാത്രമേ വെളിപ്പെടുത്തുന്നുള്ളു. എന്നാൽ വരികൾക്കിടയിൽക്കൂടെ വായിക്കുവാൻ കഴിവുള്ളവർക്കു് ആശയം സുഗമമാണുതാനും. ഇന്നും ആ 'സരളഗള'ക്കവിതകളെ മുക്തകണ്ഠം വാഴ്ത്തുന്നവരിലും കാണാം, വള്ളത്തോളിന്റെ 'ശബ്ദസുന്ദരത'ത്തിൽ മാത്രം മുറുക്കിപ്പിടിച്ചധിക്ഷേപങ്ങൾ ചൊരിയുന്നവരെ, എന്തൊരു വൈപരീത്യം!

ഇനി ആദ്യമായി വള്ളത്തോൾക്കവിതയിലെ, ഒരാക്ഷേപമാകത്തക്കവിധത്തിൽത്തന്നെ പ്രകീർത്തിതമായിക്കണ്ട ആ ശബ്ദസൌന്ദര്യത്തെക്കുറിച്ചു നമുക്കു് പരിഗണിക്കാം. അക്ലിഷ്ടമായ അർത്ഥസ്മരണത്തിലും ഉദാത്തമായ സ്ഫോടവ്യഞ്ജകതയിലുമാണല്ലോ പദവാക്യഘടനയുടെ വിജയം. സമുചിതങ്ങളായ പദങ്ങൾ തിരഞ്ഞെടുത്തു സമുചിതങ്ങളായ സ്ഥാനങ്ങളിൽ സന്നിവേശിക്കുന്നതിലാണു് അതിന്റെ കല. ശബ്ദങ്ങളുടെ ശ്രവണസുഖം അതിനു ശേഷം മാത്രമേ ഉദിക്കുന്നുള്ളു. വാക്യങ്ങൾക്കു അർത്ഥം പോലെതന്നെ പ്രധാനമാണു് സ്ഫോടവും. അർത്ഥം ശരിയായാലും സ്ഫോടം കളഞ്ഞുകുളിച്ച വാക്യങ്ങൾ ധാരാളം കാണുവാൻ സാധിക്കും. അധികവും തർജ്ജമകളിലാണതു കാണാറു്. സ്ഫോടാർത്ഥസമന്വയത്തിന്റെ പ്രാധാന്യവും അനിവാര്യതയും ''പങ്കേശയിക്കുന്ന പോത്തിപ്രവര'നെ 'ചേററിൽക്കിടക്കുന്ന പന്നിത്തടി'യനായിക്കണ്ടപ്പോൾ തലകുലുക്കി കൂട്ടത്തലഭിനന്ദിച്ച മലയാളിയെ പ്രത്യേകം പഠിപ്പിക്കേണ്ടതില്ല. അർത്ഥം വരുത്തുക മാത്രമല്ല, സ്ഫോടവും വളർത്തുന്ന പദങ്ങൾ വേണം ഉപയോഗിക്കുവാൻ എന്നു് വള്ളത്തോളിനു് നിർബന്ധമായിരുന്നു. അതാണു്, ഏതോ ഒരു കവിയുടെ ''പാർക്കുന്ന വീടും പരനുള്ളതായി'' എന്ന പ്രയോഗം വള്ളത്തോളിന്റെ കയ്യിൽ കിട്ടിയപ്പോൾ ''പാർക്കുന്ന വീടും പണയത്തി''ലായതു്.

വാസ്തവത്തിൽ ശബ്ദഭംഗിയെന്നു പറയുന്നതു് സ്ഫോടവ്യഞ്ജകങ്ങളായി കുറിക്കു കൊള്ളുന്ന പദങ്ങൾ യഥാസ്ഥാനം അണിനിരന്നു നിൽക്കുന്നതിലാണു്. അല്ലാതെ 'ഖരാക്ഷരങ്ങളെയെല്ലാം ഒഴിവാക്കുക തുടങ്ങിയ കൃത്രിമങ്ങളും അസാദ്ധ്യങ്ങളുമായ നിർബന്ധങ്ങളിലല്ല. സന്ദർഭമനുസരിച്ചു് വള്ളത്തോളിന്റെ പദപ്രയോഗങ്ങൾ ലളിതമധുരങ്ങളും സ്നിഗ്ധഗംഭീരങ്ങളും, കൂടിയേ കഴിയൂ എങ്കിൽ ഖരകർക്കശങ്ങളുമായിത്തന്നെ മാറുന്നതു് നമുക്കു് കാണാം. രാവണന്റെ അന്തഃപുരത്തിലെ തരുണീമണികൾക്കു് മാല കോർക്കുവാൻ കിട്ടിയ മുത്തുകളുടെ കഥ,

''കീലാലപ്രളഃ, കാഴ്ചവെച്ച വിപുല—
ത്തുമുത്തമസ്ഥൽഭ്രജാ—
ലീലാഘാതവിദീർണ്ണദിഗ്വിരദകും—
ഭോന്മുക്തമുക്തൌഘവും'' എന്ന

പ്രൌഢഗംഭീര ശൈലിയിലല്ലാതെ പറഞ്ഞാൽ ആ മുത്തുകൾക്കുണ്ടോ വല്ല വിലയും? അതു സമ്പാദിച്ചുകൊണ്ടു വന്ന രാവണന്റെ കൈക്കരുത്തിനെക്കുറിച്ചുണ്ടോ നമുക്കു വല്ല ബഹുമാനവും തോന്നുന്നു? അതുപോലെത്തന്നെയാണു് 'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യത്തിലെ ഹേരംബ ഭാർഗ്ഗവന്മാരുടെ യുദ്ധവും, പരമേശ്വരന്റെ നേർക്കുള്ള പാർവ്വതിയുടെ കോപശകാരങ്ങളും കലുഷമാക്കിയ അതേരംഗംതന്നെ ഏതാനും നിമിഷങ്ങൾക്കുള്ളിൽ സമാധാനപാലനത്തിനെത്തിയ ഗോകുലത്തിലെ രാധാകൃഷ്ണന്മാരുടെ വരവോടുകൂടി സംഗീതമരന്ദസാന്ദ്രമായിത്തീരുന്ന പ്രതീതിയുളവാക്കുവാൻ വള്ളത്തോൾക്കവിത സ്വീകരിക്കുന്ന ശൈലീവ്യതിയാനം. അവിടെ ആ ശ്ലോകങ്ങളുടെ രചനാമാധുരിയിൽ മുരളീഗാനശ്രവണത്താൽ 'സ്വതവ്യഥാവിമോഹ'മറ്റു് 'പ്രമോദരോമാഞ്ചിത'യായിപ്പോയ അംബികയോടൊപ്പം നമ്മളും കോരിത്തരിച്ചുനിന്നു പോകും. മഹാകവിയോടൊപ്പം നമ്മളും വാഴ്ത്തിപ്പോകും:

''നമോ നമസ്തേ ശ്രുതിമാത്രവേദ്യമാ—
മമോഘസംഗീതകലാനുഭാവമേ!''

എന്നു്. അധികം വിസ്തരിക്കുന്നില്ല. പദവാക്യഘടനയുടെ കാര്യത്തിൽ വള്ളത്തോൾ അത്രയധികം നിഷ്ക്കർഷിച്ചിരുന്നു എന്നുള്ളതു് ഒരു

പരമാർത്ഥം മാത്രമാണ്. പക്ഷേ അതു നടേപ്പറഞ്ഞ 'സരളഗള' ശൈലിയിലല്ല. ആ വിഷയത്തിൽ ഏതാണ്ടിതാണ് അദ്ദേഹത്തിന്റെ അഭിപ്രായം. എന്തെല്ലാം വിശിഷ്ടാശയങ്ങളും ഉൾക്കൊള്ളുന്നതായാലും അസ്ഥാനസ്ഥങ്ങളും അനുചിതങ്ങളും അസമർത്ഥങ്ങളുമായ പദങ്ങളുടെ വൃത്തികെട്ട ഒരു കൂമ്പാരം ചിക്കിച്ചിനക്കിയിട്ടുവേണം ഒരു പണത്തൂക്കം അർത്ഥത്തിനെങ്കിൽ അതൊരു വലിയ കാവ്യദോഷം തന്നെയാണ്. തന്നോട് സമശീർഷരായ കവികളുടെ കാര്യത്തിൽപ്പോലും ഈ നിലപാടിൽനിന്നൊരു വിട്ടുവീഴ്ചയ്ക്ക് അദ്ദേഹം തെയ്യാറായിരുന്നില്ല. വള്ളത്തോൾ ചോദിക്കും: ''നല്ല പഞ്ചസാരപ്പായസംതന്നെയാവട്ടെ; അതൊരു വൃത്തികെട്ട പാത്രത്തിൽ വിളമ്പിത്തന്നാൽ നിങ്ങൾക്കു രുചിക്കുമോ? രസിക്കുമോ?''

അതുപോലെത്തന്നെ ''നിരങ്കുശാ: കവയഃ'' എന്ന പഴംപ്രമാണത്തിന്റെ മറയിൽ, അശ്രദ്ധങ്ങളായ പദങ്ങളും, തെറ്റായ വ്യാകരണവും, അന്വയിക്കാത്ത വാക്യങ്ങളും കവിതയിൽ കടന്നുകൂടുന്നതു് ഇന്നു പലരും നടിക്കുന്നതുപോലെ കവിത്വത്തിന്റെ ഉൽക്കടതയായോ, ഒരുതരം 'മേനി'യായോ കണക്കാക്കുന്ന ദുർവ്വാസനയെയും അദ്ദേഹം പൊറുത്തിരുന്നില്ല.

കവിതയെഴുത്തു് ഒരു കലാവിദ്യയാണ്. കവിത ആപാദചൂഡം, അകത്തും പുറത്തും ഒരുപോലെ ആവുന്നത്ര മനോഹരവും മധുരവുമായിരിക്കണം. ആ മാനദണ്ഡം വച്ചതന്നെ അദ്ദേഹം അന്യാദൃശമായ ഒരു കാവ്യശൈലി വളർത്തിയെടുത്തു; അസൂയാവഹമായ വിജയം വരിക്കുകയും ചെയ്തു. അതിന്റെ മറ്റു സവിശേഷതകളിലേയ്ക്കു് ഇനി നമുക്കു് പ്രവേശിക്കാം.

മഹാകവി വള്ളത്തോൾ നാമിന്നു് മനസ്സിലാക്കുന്ന തരത്തിലുള്ള ഒരു ഭാവഗായകനാണെന്നു ഞാൻ കരുതുന്നില്ല. എന്നു പറഞ്ഞാൽ അമൂർത്തങ്ങളായ കേവല ഭാവങ്ങൾക്കും ആശയങ്ങൾക്കും സങ്കല്പങ്ങൾക്കും ഓരോ രൂപവും പേരും ആസ്ഥാനവും നൽകി ആവിഷ്ക്കരിക്കുകയെന്ന പ്രക്രിയയല്ല സാമാന്യമായി വള്ളത്തോൾക്കവിതയിൽ നാം കാണുന്നതെന്നു് താല്പര്യം. അദ്ദേഹം ഭാവഗാനങ്ങളെഴുതിയിട്ടില്ലെന്നല്ല ഇവിടെ വിവക്ഷ. അത്തരത്തിൽപ്പെട്ടവയല്ല അദ്ദേഹത്തിന്റെ ഏറ്റവും മികച്ച കവിതകളായി പരിഗണിക്കപ്പെട്ടുവരുന്നതെന്നു് തീർച്ച. വള്ളത്തോൾ സരസ്വതി തനിക്കേറ്റവും സമുചിതമായി തിരഞ്ഞുകണ്ടുപിടിച്ചിട്ടുള്ള വിഹാരരംഗം ശ്വാസം മുട്ടിക്കുന്ന അത്യുന്നതമായ മേഘമാർഗ്ഗമല്ല; നേരെമറിച്ചു് താരും തളിരുമണിഞ്ഞു് പച്ചപിടിച്ചു് നിൽക്കുന്ന ഈ മനോഹരമായ ഭൂമണ്ഡലവും, അതിലെ ചോരയും മാംസവും ചേർന്ന എല്ലുറപ്പുള്ള മനുഷ്യരും, അവരുടെ ചിരിയും കണ്ണീരുംകലർന്ന ഒട്ടുങ്ങാത്ത ജീവിതവും, അതിനനുസരിച്ചുള്ള വിചിത്രങ്ങളായ കമ്മപ്രകാരങ്ങളുമത്രെ. അതേ—നമ്മുടെ നിത്യ ജീവിതത്തിലെ ഒരു നിറപ്പെട്ട സംഭവം, അല്ലെങ്കിൽ ചരിത്രത്തിലെ ആവേശം കൊള്ളിക്കുന്ന ഒരു സന്ദർഭം; അഥവാ ഒരു മനോഹര സങ്കല്പ രംഗം; അതുമല്ലെങ്കിൽ ഏതെങ്കിലും ഒരു പുരാണത്തിലെ ഭാവദീപ്തമായ ഒരു പ്രകരണം; മിക്കവാറും ഇത്തരത്തിലുള്ള കഥാശകലങ്ങളിലാണ് വള്ളത്തോൾ തന്റെ കലാപ്രകടനത്തിനുള്ള അസംസ്കൃത വസ്തുക്കൾ അധികവും കണ്ടെടുത്തിരുന്നതു്. അവയിലാണ് വള്ളത്തോൾക്കവിതയെ അതിന്റെ എല്ലാ മനോഹാരിതകളോടുംകൂടി നാം ദർശിക്കുന്നതും. ചുരുക്കിപ്പറഞ്ഞാൽ വള്ളത്തോളിന്റെ ഒന്നാംതരം കവിതകളെല്ലാം ഒരു തരത്തിൽ ഏതെങ്കിലും ഇതിവൃത്തത്തോടു് ബന്ധപ്പെട്ട ആഖ്യാനങ്ങളാണ്. ഉദാഹരണങ്ങൾ തേടിപ്പിടിക്കേണ്ട ആവശ്യമില്ല. വള്ളത്തോൾ കവിതകളിലെ ഏറ്റവും മികച്ചവയായി മറേറതു കവിതകളാണ് ഒരു സഹൃദയൻ നിരത്തിവയ്ക്കുക, 'അനിരുദ്ധനും,' 'ശിഷ്യനും മകനും' 'മഗ്ദലനമറിയവും' 'അച്ഛനും മകളും' മറ്റുമല്ലാതെ? സാഹിത്യമഞ്ജരികളിലേയ്ക്കു് കടന്നാലും ആ ഇനത്തിൽപ്പെട്ട കൊച്ചുകവിതകൾതന്നെ — നാഗില, ഭക്തിയും വിഭക്തിയും, ആ മോതിരം മുതലായവ. അങ്ങനെ നോക്കുമ്പോൾ വള്ളത്തോളിനെ ഒരു ഗായക കഥാകനെന്നോ, കഥാഗായകനെന്നോ വിശേഷിപ്പിച്ചു പറയുന്നതിലാണ് മറെറന്തിലുമധികം സാമഞ്ജസ്യം എന്നെനിക്കു് തോന്നുന്നു. വാസ്തവം പറഞ്ഞാൽ, മഹാകവി മലയാളത്തിലെ ഏതൊരു കഥാകാരനേക്കാളും നല്ല കഥാകാരനും, ഏതൊരു നാടകകാരനേക്കാളും നല്ല നാടകകാരനുമായി പ്രശോഭിക്കുന്നു. എഴുതുന്നതെല്ലാം പദ്യത്തിലാണെന്നൊരു വ്യത്യാസം മാത്രം.

സാമാന്യമായി അത്തരം കവിതകളിൽ അദ്ദേഹം കൈക്കൊള്ളുന്ന രീതി ഋജുവും ചലനാത്മകവുമാണെന്നു പറയാം. വർണ്ണനയ്ക്കു വേണ്ടിയുള്ള വർണ്ണനകളോ, തത്വചിന്തയ്ക്കു വേണ്ടിയുള്ള തത്വചിന്തകളോ അവയിൽ കാണുകയില്ല. പ്രതിപാദ്യത്തിനു് അതിനേറെതായുള്ള പ്രസക്തമണ്ഡലത്തിനപ്പുറത്തേയ്ക്കു് ഒരിക്കലും അദ്ദേഹത്തിന്റെ ഭാവന വഴിതെറ്റി പോവുകയില്ല. 'പ്രകരണശുദ്ധി' എന്നു വിളിക്കാവുന്ന ഒരുതരം ആത്മസംയമനം വള്ളത്തോൾ കവിതകളിലെ ശ്രേയമായ ഒരു സവിശേഷതയത്രെ. അക്കാര്യത്തിൽ എത്രയും തീക്ഷ്ണമായ വ്രതം കാളിദാസനിലേ ഞാൻ കണ്ടിട്ടുള്ള. അല്ലെങ്കിൽ പ്രതിപാദന രീതിയെ സംബന്ധിച്ചിടത്തോളം കാളിദാസന്റെ കാലടിപ്പാടുകളെയല്ലേ അദ്ദേഹം പിന്തുടർന്നിരുന്നതു്? കൂടുതൽ ചിന്തിക്കുന്തോറും ഈ രണ്ടു മഹാകവികൾക്കും തമ്മിൽ അനന്യദൃശ്യമായ ഒരു സാദൃശ്യം രചനാധർമ്മങ്ങളിൽ കാണാവുന്നതായി എനിക്കു തോന്നുന്നു. പഠനാർഹമായ ഒരു സംഗതിയാണതു്. അതു മറെറാരു ലേഖനത്തിനു വിഷയമാക്കാനേ പറ്റൂ.

ഈ പ്രകരണം, കൂടുതൽ സുഗ്രാഹ്യമാവുന്ന തരത്തിൽ ഒരുദാഹരണത്തോടുകൂടി ഞാൻ തുടരട്ടെ. അത്രയും ആകർഷകമായി ചുരുക്കം നിവരുന്ന ഒരു വള്ളത്തോൾക്കവിതയിലെ സംഭവഗതി വീക്ഷിക്കുമ്പോഴും, പലപ്പോഴും, 'ശിഷ്യനും മകനു'മെന്ന കവിതയിൽ ഗുരുനാഥനെ ദർശിക്കുവാൻ കൈലാസത്തിലേയ്ക്ക് 'വെമ്പിഗ്ഗമിക്കുന്ന' ഭാർഗ്ഗവരാമനെയാണ് ഞാനോർത്തുപോകുന്നതു്. തന്റെ ലക്ഷ്യത്തിനു നേർക്കല്ലാതെ മാറിവയ്ക്കുന്ന ഒരൊറ്റ കാൽച്ചുവടില്ല. കുബേരപത്തനത്തിലൂടെയാണു് യാത്ര. എന്തെല്ലാം മനോഹരങ്ങളായ കാഴ്ചകളായിരിക്കും മുന്നിൽ? അവയിലൊന്നിലും ശ്രദ്ധയില്ല. ഒരൊറ്റപ്പോക്കു്. അതുപോലെ ഒരു വിഷയം കൈകാര്യം ചെയ്യുന്ന കവിയെ എന്തെല്ലാം ആകർഷക വസ്തുക്കളുണ്ടാവും മാടിവിളിച്ചു പ്രലോഭിപ്പിക്കുന്നവയായിട്ടു്. എത്രയെത്ര നല്ല ആശയങ്ങൾ? പദങ്ങൾ? അവയിൽ പലതും സന്ദർഭത്തിനു യോജിക്കാത്തവയോ അപ്രസക്തങ്ങളോ ആവും. അവയിൽ വേണ്ടാത്തവയെ തള്ളി വേണ്ടവയെ മാത്രം സ്വീകരിക്കുവാനുള്ള വിവേചനാബുദ്ധിയും ഔചിത്യബോധവും കവിക്കില്ലെങ്കിൽ എന്താവും ആ കാവ്യസ്വരൂപം? തന്നിൽ 'കമലദള വിശാലമാല ചാർത്തി' 'സമനസി തദധിപുത്രലബ്ധിനേർന്ന' യക്ഷികളുടെ കടാക്ഷ ജാലത്തിൽ ഭാർഗ്ഗവൻ കുടുങ്ങിപ്പോയാലോ? ഇല്ല, പരശുരാമനെപ്പോലെ തന്നെ വള്ളത്തോൾക്കവിതയും അങ്ങനെ പ്രലോഭിപ്പിക്കപ്പെടുകയില്ല. ഒരൊറ്റപ്പോക്കു്. പരശുരാമൻ കൈലാസത്തിലെന്നപോലെ കവിത അതിന്റെ Climax ലും എത്തിയിട്ടേ നിൽക്കൂ! പ്രതിപാദ്യത്തിന്റെ ഈ ഏകാഗ്രതയിലാണു് വള്ളത്തോൾക്കവിതയിലെ കൂടക്കവും കെട്ടറപ്പും കിടക്കുന്നതു്. അതുതന്നെയാണു് അതിന്റെ ആകർഷകതയുടെ പ്രധാനമായതും കലാപരമായിട്ടു്.

ഒന്നാലോചിച്ചുനോക്കൂ: പരശുരാമന്റെ അളകാപുരിയിൽക്കൂടെയുള്ള ഈ യാത്ര, അത്രയൊന്നും വകതിരിവില്ലാത്ത ഒരു വാചാലന്റെ കയ്യിലാണു് കിട്ടിയിരുന്നതെങ്കിലോ? പരശുരാമൻ എത്ര ധൃതിപിടിച്ചു് എന്തു കാര്യത്തിനുവേണ്ടി പായുകയാണെങ്കിലും ശരി, അവിടെ പിടിച്ചു നിർത്തില്ലേ അയാൾ? ഒപ്പം വായനക്കാരെയും? ഒരു നെടുങ്കൻ അളകാവർണ്ണനം കഴിക്കാതെ പിന്നെ വിട്ടയയ്ക്കുമോ? എല്ലാം കഴിഞ്ഞു മഹർഷിയും നമ്മളും കൂടി കൈലാസത്തിലെയ്ക്കുത്തുമ്പോഴെയ്ക്കും പാർവ്വതീപരമേശ്വരന്മാർ ലീലാരസമെല്ലാം കഴിഞ്ഞു പുറത്തെഴുന്നള്ളിയിരിക്കുന്നുണ്ടാവും. സുബ്രഹ്മണ്യനും ഗണപതിയും അവരുടെ പാട്ടിനുപോയി എവിടെയെങ്കിലും കളി തുടങ്ങിയിരിയ്ക്കും. ഒരു തടസ്സമുണ്ടാവില്ല മഹർഷിയ്ക്കു പിന്നെ പരമേശ്വരനെ ദർശിക്കുവാൻ. അങ്ങനെയായാൽ എന്തെല്ലാം അനിഷ്ടസംഭവങ്ങൾ കൂടാതെ കഴിയുമായിരുന്നു? ശിഷ്യനും മകനും എന്ന കാവ്യം തന്നെ എഴുതാതെ കഴിഞ്ഞേനേ! പക്ഷേ വള്ളത്തോൾ അത്തരക്കാരനല്ല. ആ സന്ദർഭത്തിൽ ഒരു നീണ്ട അളകാവർണ്ണനത്തിനു് ഒരിക്കലും അദ്ദേഹം മുതിരുകയില്ല. കാരണം, 'ശിഷ്യനും മകനു'മെന്ന കാവ്യം രചിക്കുകയാണദ്ദേഹം. അതിൽ ഹേരംബഭാർഗ്ഗവസംഘട്ടനമാണു് വിഷയം. അതിനിടയ്ക്കു് പരശുരാമനെ അതിനുമിനുമായി വഴിക്കു താമസിപ്പിക്കാതെ കൈലാസത്തിലെത്തിക്കുക തന്നെ വേണം അദ്ദേഹത്തിനു്. കവിയും വേണം ഒപ്പം. അദ്ദേഹവും പരശുരാമനോടൊപ്പം കുതിക്കുകയാണു്. വഴിക്കു കാണേണ്ടതു മാത്രം കാണും. പറയേണ്ടതുമാത്രം പറയും. സുദീർഘമായ ഒരളകാവർണ്ണനത്തിനുള്ള സമയമില്ല അവിടെ. വള്ളത്തോൾ അതിനു മുതിരുകയില്ല.

വെറും പന്ത്രണ്ടു ശ്ലോകംകൊണ്ടാണു് കഥാനായകനായ പരശുരാമനെ ആ കവിതയിൽ അദ്ദേഹം അവതരിപ്പിക്കുന്നതു് ഒന്നാം ഖണ്ഡത്തിൽ. ആദ്യത്തെ ഒരൊന്നര ശ്ലോകത്തിൽ വർണ്ണ്യശോഭയായ കുബേരപത്തനം; പിന്നെ ഒരു മൂന്നു ശ്ലോകത്തിൽ ഭാർഗ്ഗവന്റെ ആകൃതി പ്രകൃതികൾ; പിന്നത്തെ ഒരഞ്ചു ശ്ലോകത്തിൽ ഭാർഗ്ഗവന്റെ വ്യക്തിപ്രഭാവം വ്യഞ്ജിപ്പിക്കുന്ന തരത്തിൽ അളകാനിവാസികളിൽ പകർന്നു കാണുന്ന ഭാവഭേദങ്ങൾ — അതും എന്തെല്ലാം തരത്തിൽ? ചിലർ ഇരുന്നിടത്തു നിന്നെഴുന്നേൽക്കുന്നു, മറ്റു ചിലർ സവിനയം ''വായ്മറച്ചു കയ്യാൽ സവിധഗരോടരിയാടൽ മെല്ലെ''യെന്നാംഗ്യം കാണിക്കുന്നു; വിലാസലോലകളായ യക്ഷപ്രമദകളുടെ 'സസ്പൃഹ വീക്ഷണങ്ങളും' സമനസി തദധിപുത്രലബ്ധി നേരലും—എത്ര സ്ഫുടവും ചടുലവുമായ ചിത്രണരീതി! മറ്റു വല്ലവരുമാണെങ്കിൽ പന്ത്രണ്ടിന്റെ സ്ഥാനത്തു ഒരു നൂറിരുപതു ശ്ലോകങ്ങളിലായാൽ തന്നെ ഇവയെല്ലാം ഒതുങ്ങുമെന്നും ഒതുക്കുമെന്നും തോന്നുന്നില്ല. എന്നാൽത്തന്നെ അതിത്രത്തോളം ഉള്ളിൽ പതിയുമെന്നു പറയുവാനും ധൈര്യംപോരാ.

രണ്ടാം ഖണ്ഡത്തിൽ ഹേരംബഭാർഗ്ഗവന്മാരുടെ സംഘട്ടനമാണു്. പതിനഞ്ചുശ്ലോകം മാത്രം. ശ്ലോകത്തിനു് ശ്ലോകത്തിനു് അടിക്കടി വിഷം കയറുന്നതുപോലെയാണു് അതു Climax ലേയ്ക്കു കുതിക്കുന്നതു്. അതിന്റെ നാടകീയമായ വേഗമോ? ചെന്ന ഉടനെ പരശുരാമനെ ഗണപതി തടയുന്നു. പരസ്പരം ഒന്നുരണ്ടു വാചകങ്ങൾ മാത്രം, അപ്പോഴെയ്ക്കും അവരങ്ങോട്ടും ഇങ്ങോട്ടും കൈവച്ചു കഴിഞ്ഞു. ദേവനായ ഗണപതിക്കു് ആദ്യം അല്പമൊരു വിജയം. പക്ഷെ ജയിച്ചുവോ? ഇല്ല. കാരണം? ''വല്ലായ്മ ദേവകൾപെടുത്തുവതും ക്ഷമിപ്പൊന്നല്ലായിരുന്ന ഹഹ, ഭാരതപൂർവ്വരക്തം!'' അതു തന്നെ. ഈ സന്ദർഭം വായിച്ചനുഭവിച്ചുരസിച്ചു പുളകം കൊള്ളാമെന്നല്ലാതെ എന്തു പറയാനാണു്.?

അവസാനം ഉള്ളിൽ തിളച്ചു മറിഞ്ഞ ആ ഭാരത പൂർവ്വരക്തം പരശുരാമനെക്കൊണ്ടു് അതുത

ന്നെ ചെയ്തിച്ചു. ''അച്ഛൻ കൊടുത്തോരു കൊടും കാരം മകന്റെ നേർക്കു'' — ഉടനെ

''രാമായുധം ഭീമസുതന്റെ വാമ—
ഗണ്ഡസ്ഥലത്തിൽ സ്സഹസാ പതിച്ചു;
അക്കും ഭിവക്ത്രന്റെയിടത്തു കൊമ്പോ
നിഷ്പാതഘോരാരവമായ് നിലത്തും.''

എത്രവേഗം കഴിഞ്ഞു? ബ്രഹ്മാണ്ഡം ആകെ ഞെട്ടിപ്പോയി! ആ സമയത്തു ശിവഗണങ്ങൾക്കിടയിലുണ്ടായ കോലാഹലം, പരശുരാമന്റെ പരിഭ്രമം എല്ലാം എത്ര ഭംഗിയായിട്ടാണ് ഒതുക്കിവച്ചിരിക്കുന്നതു്. അവയ്ക്കെല്ലാം മകുടം ചാർത്തുന്നതാണ് ''മുത്തച്ഛനായ ഹിമവാൻ'' ''പാടേനരച്ചുള്ള ശിരസ്സുപൊക്കി ദൈഹിത്രനേൽക്കും ദുരവസ്ഥയിങ്കൽ'' പകച്ചു നിൽക്കുന്ന ചിത്രം. ഇതിലധികം നിറവും മിഴിവും ആ രംഗത്തിനുണ്ടാവാൻ വയ്യ, മറ്റാരു വർണ്ണിച്ചാലും, എന്നു തോന്നിപ്പോകുന്നു.

''ക്ഷണാൽ ഗണങ്ങൾക്കിടയിൽപ്പടർന്ന
ഹാഹാപ്രണാദം ദിവിചെന്നലയ്ക്കെ
അങ്ങോട്ടെഴുന്നള്ളി വിനായകന്റെ
പിതാക്കൾ, നിശ്ശ്രേഷ്ജഗൽപിതാക്കൾ.''

അതേ അവർ ഗണപതിയുടെയും സുബ്രഹ്മണ്യന്റെയും മാത്രം പിതാക്കളല്ല, പരശുരാമന്റെയും കൂടി പിതാക്കളാണ്. അപ്പോഴല്ലേ ഈ വഴക്കു ''പരസ്പരം കുട്ടികൾ കാട്ട കാട്ടിയതും'' അമ്മയ്ക്കു രിശപ്പെടുവാൻ വകയില്ലാത്തതുമാവുള്ളൂ? പക്ഷെ ആ ബോധം ശ്രീ പാർവ്വതിക്കുണ്ടാവാൻ അല്പം വിഷമിക്കേണ്ടിവരുന്നു. കൊമ്പുപോയ ഗണപതിയുടെ ചോരയൊലിച്ചുകൊണ്ടുള്ള നില്പ് ആ ജഗദംബികയെപ്പോലും എടുത്തു മറിച്ചു കളയുന്നു. ആ സന്ദർഭം ഇതിലധികം സ്ഫോടത്തോടുകൂടി ചിത്രീകരിക്കുവാൻ മറ്റാർക്കു കഴിയും? അതിലെ

''ഉടൻ മഹാദേവിയിടത്തു കയ്യാ—
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി

എന്ന സ്വഭാവോക്തിയുടെയും, പറയാനുള്ള തെല്ലാം പറഞ്ഞു കഴിഞ്ഞിട്ടും ''എന്തൊക്കെയോ ഹന്ത കഥിച്ച''തിന്റെയും ചമൽക്കാരശക്തി വാക്കുകളിൽ വിവരിക്കുവാൻ സാദ്ധ്യമല്ല. ഇനി പാർവ്വതിയുടെ ഈ തട്ടിക്കയറലിൽ

''ശിഷ്യൻ പ്രവർത്തിച്ചതു വീരധർമ്മം
സുതാംഗവൈകല്യമൊരുഗ്രശല്യം''

എന്നു രണ്ടും പറയുവാൻ നിവൃത്തിയില്ലാതെ ചിന്താവശനായിരിക്കുന്ന ആ ശിവന്റെ ചിത്രമോ?

അതാ ഉടനെ രംഗം മാറുന്നു. കലുഷമായിരുന്ന ആ രംഗമതാ, സംഗീതമരന്ദസാന്ദ്രമാവുന്നു. അർത്ഥാനുസാരിയായ ശബ്ദവും സന്ദർഭത്തിനനുസരിച്ച് രൂപപ്പെടുത്തുന്നതിന്റെ ഒരുത്തമ നിദർശനമാണ് ആ ഖണ്ഡത്തിലെ രചനാശില്പം. ഇതിനെക്കുറിച്ച് ആദ്യമേ സൂചിപ്പിച്ചതാണ്. വെറും നട്ടെല്ലില്ലാത്ത 'സലബള' ശ്ലോകങ്ങളാണോ നാമവിടെ വായിക്കുന്നതു്? മൃദുശബ്ദങ്ങളുടെ സംഗീതാലാപം മാത്രമല്ല അവയോടിടകലർന്ന ഖരഘോഷാക്ഷരങ്ങളുടെ മൃദംഗധ്വനിയും കൂടിച്ചേർന്നുളവാകുന്ന ''ഒരയത്നസിദ്ധോത്തമമാധുരിത്തഴപ്പാണ്'' ആ ശ്ലോകങ്ങളിൽ നിന്നു നാമനുഭവിക്കുന്നതു്. കഴിഞ്ഞ ദുഃസ്വപ്നങ്ങളെയെല്ലാം മറക്കുകയും മറപ്പിക്കുകയും ചെയ്യുന്ന ഒരലോകശാന്തിരംഗമായി ഇടനെ മാറുന്നു കൈലാസം.

അവിടെവച്ച് എല്ലാ ഗ്രഹപ്പിഴകളും നീങ്ങി പാർവ്വതീപ്രഭൃതികളുടെ അനുരഞ്ജനത്തോടുകൂടി ശുഭമായി പര്യവസാനിക്കുന്ന ആ കൊച്ചുകാവ്യം എല്ലാംകൊണ്ടും വള്ളത്തോളിന്റെ കാവ്യരചനാശില്പത്തിന്റെ മകുടോദാഹരണമായി തന്നെ വർത്തിക്കുന്നു എന്നു ഞാൻ പറയും. അതുകൊണ്ടു മറ്റു കവിതകളൊന്നും ഇതിനോടൊപ്പമല്ലെന്നോ, ഇതിലും മീതെ ഒരു കവിതയും വള്ളത്തോളെഴുതിയിട്ടില്ലെന്നോ വിവക്ഷിക്കുന്നതായി സഹൃദയന്മാർ തെറ്റിദ്ധരിക്കരുതു്. വള്ളത്തോടുംക്കവിതയുടെ രചനാശില്പത്തിൽ ഏറ്റവും ശ്രദ്ധേയമായി എനിക്കു തോന്നിയിട്ടുള്ള കഥാപ്രതിപാദന രീതിയുടെ എല്ലാ ഗുണവിശേഷങ്ങളും എടുത്തു കാണിക്കാവുന്ന ഒരു നല്ല കാവ്യശില്പമാണ് ഈ കൃതിയെന്നേ ഞാൻ പറയുന്നുള്ളൂ. സ്ഥാലീപുലാകന്യായേന, ഖണ്ഡകാവ്യത്തിന്റെ രചനാശില്പം ഇത്രയും നിഷ്കർഷിച്ചു കരുപ്പിടിക്കുകയോ വളർത്തിയെടുക്കുകയോ പ്രായോഗികമാക്കുകയോ ചെയ്തിട്ടുള്ള മറ്റൊരു കവിയും മലയാളത്തിലുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

വള്ളത്തോളിന്റെ കാവ്യരചനയുടെ എല്ലാ വശങ്ങളും ഈ ലേഖനത്തിൽ സ്പർശിച്ചു കഴിഞ്ഞു എന്നു ഞാനഭിമാനിക്കുന്നില്ല. ആനയെ തൊട്ടു കണ്ട ആ പഴയ കുരുടന്മാരിൽ ഒരാളുടെ കേവലം ഭാഗികവും അപൂർണ്ണവുമായ ആനച്ചിത്രംപോലെ മാത്രമേ ഈ ലേഖനത്തെ പരിഗണിച്ചുകൂടൂ. കണ്ണുള്ളവർക്കു തെളിഞ്ഞു സമഗ്രമായി കാണാവുന്ന ആനയുടെ തുംഗഗംഭീരവും ഭീമസുന്ദരവുമായ ആ സമ്പൂർണ്ണ സ്വരൂപം എപ്പോഴും ഒന്നു വേറെത്തന്നെ.

വള്ളത്തോൾകൃതികളും ദേശീയപ്രസ്ഥാനവും

ഈ.എം.എസ്സ്.
നമ്പൂതിരിപ്പാട്

ഓത്തുചൊല്ലൽ

ഏഴും എട്ടും വയസ്സിനിടയിൽ ''ഉപനയിക്കുക''; അതു കഴിഞ്ഞാൽ ''ഓത്തുതുടങ്ങുക''; ഏതാണ്ടു് നാലു കൊല്ലത്തെ ശ്രമത്തിന്റെ ഫലമായി ''ചങ്ങത'' (ഋഗ്വേദ സംഹിത) കാണാപ്പാഠം പഠിക്കുക, അതു കഴിഞ്ഞാൽ ''പദം ചൊല്ലൽ'' (സംഹിതയെ പദംപദമായി മുറിച്ചു ചൊല്ലൽ), ''ജട'', ''രഥ'' പദക്രമത്തിൽ മേല്പോട്ടും കീഴ്പോട്ടും ചൊല്ലൽ എന്നിവയിൽ വൈദഗ്ധ്യം നേടുക—ഇതിനുവേണ്ടിയാണു് ഈ ലേഖകന്റെ ജീവിതത്തിലെ 6 കൊല്ലക്കാലം വിനിയോഗിക്കപ്പെട്ടതു് (9 വയസ്സു മുതൽ 15 വയസ്സുവരെ)

ആ പഠിപ്പിന്റെ അവശിഷ്ടമായി ഇന്നെന്തെങ്കിലും ബാക്കി നിൽക്കുന്നുണ്ടോ? സന്ധിയെ സംബന്ധിച്ചും മറ്റുമുള്ള ചില നിയമങ്ങൾ, നിരന്തരമായ പ്രയോഗം നിമിത്തം ഇഴകിപ്പിടിച്ചതുപോലെയായിട്ടുണ്ടാവാമെന്നതിൽ കൂട്ടത്തലായിയാതൊന്നുമില്ല. എന്തുകൊണ്ടെന്നാൽ, ഋഗ്വേദം മുഴുവൻ പഠിച്ചുവെങ്കിലും അതിന്റെ അക്ഷരങ്ങളല്ലാതെ അർത്ഥം പഠിച്ചില്ല; അദ്ധ്യേതാവിനെന്നപോലെ അദ്ധ്യാപകനും അതറിഞ്ഞുകൂടാ; അറിയേണ്ട ആവശ്യവുമില്ല! അതാണു് നിയമം, പതിവു്!!

ഇരുപതിരുപത്തഞ്ചു കൊല്ലം മുമ്പുപോലും നമ്പൂതിരിമാരുടെയിടയിൽ സർവ്വസാധാരണമായിരുന്ന ഇത്തരം വേദാദ്ധ്യയനരീതി ഇന്നൊരുമാതിരി ഇല്ലാതായിരിക്കുന്നു; ഞങ്ങളെപ്പോലുള്ളവർക്കുണ്ടാവിക്കേണ്ടിവരുന്ന ഈ യാതന (യാതനയെന്ന പദം കരുതിക്കൂട്ടിത്തന്നെയാണു് ഞാനുപയോഗിക്കുന്നതു്. രാവിലെ 5½ അല്ലെങ്കിൽ 6 മണി മുതൽ രാത്രി 8—9 മണിവരെയാതൊരു വിശ്രമവിനോദങ്ങളുമില്ലാതെ ''ചങ്ങതയും പദവും ജടയും രഥയു''മായി കഴിയാനാണീ ബാലന്മാർ നിർബന്ധിക്കപ്പെട്ടിരുന്നതു്) ഇന്നത്തെ ബാലന്മാരെക്കൊണ്ടനുഭവിപ്പിക്കുവാൻ എത്രയോ ചുരുക്കം കുടുംബങ്ങൾക്കേ ധൈര്യമുള്ളുവെന്നു വന്നിരിക്കുന്നു.

ഇങ്ങനെ ചെറുബാലന്മാരെ അനാവശ്യവും ഉപദ്രവകരവുമായ രീതിയിൽ വേദാദ്ധ്യയനം ചെയ്യിച്ചിരുന്ന ആ പഴയ ''ആർഷസംസ്കാര''ത്തിനുതന്നെ മറ്റൊരു വശവുമുണ്ടായിരുന്നു. നമ്പൂതിരിമാർക്കു മാത്രമേ വേദാദ്ധ്യയനം ചെയ്യുകൂടൂ; അവരിൽത്തന്നെ ''ഓത്തുള്ളവർ,'' ''ഓത്തില്ലാത്തവരെ''ന്ന രണ്ടു വിഭാഗങ്ങളുള്ളതിൽ ഒന്നാം വിഭാഗക്കാക്കേ പാടുള്ളൂ. ഒന്നാം വിഭാഗക്കാരിൽത്തന്നെ ഋഗ്വേദികർക്കു യജുർവ്വേദമോ സാമവേദമോ പഠിച്ചുകൂടാ; മറിച്ചു്, ഈ നിയമങ്ങൾ തെറ്റിക്കുന്നവർ ശിക്ഷാർഹരാണു്. വേദപാരായണം കേൾക്കുന്നതുപോലും ഒരു അബ്രാഹ്മണനെ സംബന്ധിച്ചേടത്തോളം നിഷിദ്ധമാണു്.

നിയമം കാലഹരണപ്പെടുന്നു

ഈ നിയമവും ഭാഗ്യവശാൽ, കാലഹരണപ്പെട്ടിരിക്കുന്നു. വിശ്വസാഹിത്യത്തിലെ മറ്റേതു വിശിഷ്ടകൃതിയുംപോലെ ഇന്ത്യൻ സാഹിത്യത്തിലെ നാലു വേദങ്ങളും ബ്രാഹ്മണാബ്രാഹ്മണ—ഹിന്ദു—മുസ്ലിം—ക്രിസ്ത്യാദിവ്യത്യാസമില്ലാതെ ആർക്കും പഠിക്കാമെന്നു വന്നിരിക്കുന്നു. ഒരു ജാതിയുടേയും മതത്തിന്റേയും ജനവിഭാഗത്തിന്റേയും സ്വകാര്യസ്വത്തല്ല, വേദങ്ങൾ; അവ മനുഷ്യസമുദായത്തിന്റെ പൊതുസ്വത്താണു്, എന്നു വന്നിരിക്കുന്നു.

ഈ സംഭവവികാസങ്ങളിൽ സന്തോഷിക്കുന്ന മലയാളികളെ കുറേക്കൂടി സന്തോഷിപ്പിക്കുന്ന ഒരു സംഭവമാണു് മഹാകവി വള്ളത്തോളിന്റെ ഋഗ്വേദതർജ്ജമ. മറ്റു ഭാഷകളൊന്നുമറിയാത്തൊരു മലയാളിക്കു് ഇന്നു വിഷമം കൂടാതെ ഋഗ്വേദം പഠിക്കാം; അതുതന്നെ, ഞങ്ങളെപ്പോലുള്ളവർ ബാല്യത്തിൽ ചെയ്തുപോലെ ശബ്ദംമാത്രം കാണാപ്പാഠം പഠിക്കുകയല്ല, പദവും അർത്ഥവുമെല്ലാം പഠിക്കുകയാണു്. ഈ സൗകര്യമുണ്ടാക്കിത്തന്നതാകട്ടെ, വേദപാരായണാവകാശംപോലും നിഷേധിക്കപ്പെട്ട ജാതികളിലൊന്നിൽ ജനിച്ച ഒരു മഹാകവിയാണെന്നതാനും.

മഹാകവിയിൽനിന്നു് മലയാളികൾക്കു് കിട്ടിയ ഈ ഏറ്റവും പുതിയ സംഭാവന നമ്മെ അദ്ദേഹത്തിന്റെ പഴയ സംഭാവനകളെക്കുറിച്ചോർമ്മിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു. ഇന്ത്യയുടെ മാതൃമ

ല്ല, ലോകത്തിന്റെ മുഴുവൻ സാഹിത്യഭണ്ഡാരത്തിൽനിന്നു് മറ്റൊരനർഘപദാർത്ഥം—വാല്മീകിരാമായണം— അദ്ദേഹത്തിൽനിന്നു നമുക്കു് കിട്ടിയിട്ടുണ്ടു്. അതുപോലെ തന്നെ സംസ്കൃത നാടകങ്ങളിൽ ചിലവയുടെ തർജ്ജമ, ''ചിത്രയോഗ''മെന്ന മഹാകാവ്യം, ''അനിരുദ്ധ''നെയും ''കൊച്ചുസീതയേയും''പോലുള്ള ലഘു കാവ്യങ്ങളും; ''സാഹിത്യ മഞ്ജരി'' മുതലായവ മുഖേനയും മഹാകവി വള്ളത്തോളും മലയാള സാഹിത്യത്തിനു് വമ്പിച്ച മുതൽക്കൂട്ടുണ്ടാക്കിയിട്ടുണ്ടു്.

വിവിധ ഇനങ്ങളിൽപ്പെട്ട ഈ വള്ളത്തോൾകൃതികളിലേതാണു് ''വള്ളത്തോൾ നാരായണമേനോനെ'' ''മഹാകവി വള്ളത്തോളാ''ക്കിയതു്? വാല്മീകി രാമായണത്തിനേറെയും ഭ്രൗഢത്തിനേറെയും തർജ്ജമയാണോ? 'ചിത്രയോഗ' മഹാകാവ്യമാണോ? ആണെങ്കിൽ, മഹാഭാരതത്തിന്റെ പരിഭാഷകനായ കുഞ്ചുകുട്ടൻ തമ്പുരാൻ, മഹാകാവ്യങ്ങളുടെ കർത്താക്കളായ മറ്റേറെ കവികൾ മുതലായവർ കേരളത്തിലുണ്ടായിട്ടുണ്ടല്ലോ. അവരിൽനിന്നും വ്യത്യാസപ്പെട്ട ഒരു സ്ഥാനം മഹാകവി വള്ളത്തോളിനുണ്ടാവാൻ വയ്യല്ലോ.

എന്നാൽ വാസ്തവമതല്ല. പരിഭാഷകനെന്ന നിലക്കു് കുഞ്ചിക്കുട്ടൻ തമ്പുരാനോടും മഹാകാവ്യകാരനെന്ന നിലയ്ക്കു മറ്റു പല പണ്ഡിത കവികളോടും താരതമ്യപ്പെടുത്താവുന്ന വള്ളത്തോളിന്നു് അവക്കാർക്കുമില്ലാത്ത—വള്ളത്തോളിനേറെ തുമാത്രമായ—ഒരു വ്യക്തിത്വമുണ്ടു്. ആ വ്യക്തിത്വമാകട്ടെ, അദ്ദേഹത്തിന്റെ ലഘുകാവ്യങ്ങളിലും സാഹിത്യമഞ്ജരിയിലുമാണു് നമുക്കു കാണാൻ കഴിയുക.

വാല്മീകി രാമായണവും ഭ്രൗഢവും മറ്റു തർജ്ജമകളും, ചിത്രയോഗവും മലയാള സാഹിത്യത്തിനുള്ള മുതൽക്കൂട്ടുകൾ തന്നെ. പണ്ഡിതന്മാരും, വിദ്യാർത്ഥികളും പലപല ആവശ്യങ്ങൾക്കായി അവയെ പഠിക്കുകയും, ഉപയോഗിക്കുകയും ചെയ്യും; പക്ഷേ, അവയല്ല, ലഘുകാവ്യങ്ങളും സാഹിത്യ മഞ്ജരിയുമാണു് ബഹുഭൂരിപക്ഷം മലയാളികളെ (അവർക്കു് സാഹിത്യാസ്വാദനത്തിനവേണ്ട വിദ്യാഭ്യാസവും, വിശ്രമവും സൗകര്യവുംമറ്റുമുണ്ടാവുന്ന ഭാവി കേരളത്തിൽ) മഹാകവി വള്ളത്തോളിനോടടുപ്പിക്കുക.

എന്താണിതിനു കാരണം?

വാല്മീകി രാമായണത്തിലൂടെയും, ഭ്രൗഢത്തിലൂടെയും മഹാകവി ചെയ്യുന്നതു് സംസ്കൃത സാഹിത്യത്തിലെ രണ്ടു് ഗ്രന്ഥങ്ങൾ മലയാളികൾക്കു് കൊടുക്കുകയാണു്; അതിന്റെ ഉള്ളടക്കം അദ്ദേഹത്തിന്റേതല്ല. മൂലഗ്രന്ഥകാരന്റെ അല്ലെങ്കിൽ, ഗ്രന്ഥകാരന്മാരുടേതാണു്. ആ ഉള്ളടക്കം സ്വയമുൾക്കൊള്ളാൻ വേണ്ട പാണ്ഡിത്യം, അതു് ശുദ്ധവും ലളിതവും സുന്ദരവുമായ മലയാളത്തിലേയ്ക്കു് പകർത്താൻ വേണ്ട കവിത്വം — ഇതു രണ്ടുമേ, ഒരു പരിഭാഷകനെന്ന നിലയ്ക്കു്, ആവശ്യമുള്ളൂ.

ഖണ്ഡകാവ്യങ്ങളിലും സാഹിത്യമഞ്ജരിയിലുമാകട്ടെ, രൂപമെന്നപോലെതന്നെ ഉള്ളടക്കവും മഹാകവിയുടെ സ്വന്തമാണു്. രാമായണത്തിൽ വാല്മീകിയുടേയും, ഭ്രൗഢത്തിൽ അതിന്റെ കർത്താക്കളുടേയും വ്യക്തിമുദ്ര പതിഞ്ഞിട്ടുള്ളതുപോലെതന്നെ, ''വള്ളത്തോൾകൃതിക''കളെന്ന നിലയ്ക്കു് നാം ഇഷ്ടപ്പെടുന്ന ലഘുകാവ്യങ്ങളിലും സാഹിത്യ മഞ്ജരിയിലും വള്ളത്തോളിന്റെ വ്യക്തിത്വം മായാതെ കിടക്കുന്നുണ്ടു്.

''ചിത്രയോഗ''ത്തെപ്പോലുള്ള മറ്റു കൃതികളിലും വള്ളത്തോളിന്റെ വ്യക്തിത്വം നാം കാണുന്നില്ലെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. അതെഴുതാൻ മഹാകവി വളരെ കഷ്ടപ്പെട്ടിട്ടുണ്ടെന്നതു് നേരുതന്നെ; അതിലെ കഥാഘടനയിലും കവിതാരചനയിലും അർത്ഥാലങ്കാരങ്ങളിലുമെല്ലാം അദ്ദേഹത്തിന്റെ വ്യക്തിമുദ്ര കാണുകയും ചെയ്യാം. പക്ഷേ, ഇതൊക്കെയായാലും വള്ളത്തോളിന്റെ 'ജീവൻ' അതിലില്ല; അതു ലഘുകാവ്യങ്ങളിലും മഞ്ജരിയിലുമേ നമുക്കു് കാണാൻ കഴിയൂ.

ഇതിനുള്ള കാരണം ആരായുമ്പോഴാണു് മഹാകവി കുമാരനാശാന്റെ 'വീണപൂവ്'' മുതൽക്കു വളർന്നുവന്നതും ഇന്നു് സർവ്വസാധാരണമായിത്തീർന്നതുമായ ഒരു സവിശേഷ സാഹിത്യശാഖയ്ക്കു് കേരളത്തിന്റെ സാമൂഹ്യ ചരിത്രത്തിലും മലയാളസാഹിത്യത്തിന്റെ ചരിത്രത്തിലുമുള്ള സ്ഥാനം നമുക്കു് വിലയിരുത്തേണ്ടിവരിക. എന്തുകൊണ്ടെന്നാൽ ലഘുകാവ്യങ്ങളും ഖണ്ഡകവിതകളും മുഖേന സാഹിത്യലോകത്തിനകത്തു സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞ മറ്റനവധി കവികളും വള്ളത്തോളിനെക്കൂടാതെ കേരളത്തിലുണ്ടായിട്ടുണ്ടു്. കുമാരനാശാൻ, ജി, ചങ്ങമ്പുഴ, ഇന്നത്തെ ഒട്ടേറെ യുവകവികളും. ഇവരുടെ വളർച്ചയാകട്ടെ, കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ, കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തു വന്നതും ഇന്നും വന്നുകൊണ്ടിരിക്കുന്നതുമായ ഗംഭീര പരിവർത്തനങ്ങളുടെ പ്രതിഫലനമാണതാനും.

ആ പരിവർത്തനങ്ങളിലൊന്നു് ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്; സമുദായത്തിലെ ബഹുഭൂരിപക്ഷത്തെ സമുദായത്തിന്റെ പൊതുസ്വത്തായ സംസ്കാരത്തിൽനിന്നൊഴിച്ചു നിർത്തിയും ഒരു ചെറു ന്യൂനപക്ഷത്തെ സാംസ്കാരിക വിദ്യാഭ്യാസത്തിന്റെ പേരിൽ നിരർത്ഥകമായ ചില മാമൂലുകൾക്കിരയാക്കിയും കൊണ്ടുള്ള പഴഞ്ചൻ വിദ്യാഭ്യാസ

രീതിക്കു് ഊക്കേറിയ ഒരടി കിട്ടിയിരിക്കുന്നു. ഇതുപോലുള്ള മറ്റു പല പരിവർത്തനങ്ങളും മലയാളി സമുദായത്തിൽ—അതിന്റെ ജീവിത ത്തിന്റെ നാനാതുറകളിൽ—കഴിഞ്ഞ അര നൂ റ്റാണ്ടുകാലത്തു വന്നിട്ടുണ്ടു്. ഈ പരിവർത്ത നങ്ങളുടെ പശ്ചാത്തലത്തിലാണു്—അവയെ പ്രതിഫലിപ്പിക്കുകയും സഹായിക്കുകയും ചെയ്യു ന്ന കൃതികളെന്ന നിലയ്ക്കാണു്—ആശാൻ മുതൽ ഇന്നത്തെ യുവകവികൾ വരെയുള്ളവരുടെ ലഘു കാവ്യങ്ങളും ഖണ്ഡകവിതകളും വളർന്നതു്.

ഈ പരിവർത്തനങ്ങളിലേതാണ്ടെല്ലാറ്റിനേയും സ്പർശിക്കുകയും, പരിവർത്തനങ്ങൾ മുന്നോട്ട നീങ്ങുന്നതിനോടൊപ്പം ഒരതിർത്തിവരെ സ്വയം നീങ്ങുകയും ചെയ്യുക; എന്നുവച്ചാൽ തന്റെ സാഹിത്യ പരിശ്രമചരിത്രത്തിലൂടെ കേരളത്തി ന്റെ സർവ്വതോമുഖമായ പരിവർത്തന ചരിത്ര ത്തെ, അല്ലെങ്കിൽ തന്റെ ജീവിത കാലത്തെ കേരളത്തിന്റെ സാമൂഹ്യാത്മാവിനെ, അപൂർണ്ണ മായെങ്കിലും പ്രതിഫലിപ്പിക്കുക—ഇതാണു് മ ഹാകവി വള്ളത്തോൾ തന്റെ ലഘുകാവ്യങ്ങളി ലും സാഹിത്യമഞ്ജരിയിലുംകൂടി ചെയ്തിട്ടുള്ളതു്. ഇരുപതാം നൂറ്റാണ്ടിന്റെ പ്രഥമാർദ്ധത്തിൽ—ഒന്നാം ലോകമഹായുദ്ധകാലം മുതൽ ഐക്യ കേരളം രൂപപ്പെടുന്നതുവരെയുള്ള കാലഘട്ടത്തിൽ വിശേഷിച്ചും—ജനിച്ചു വളർന്ന മലയാളിയുടെ ആത്മാവു് വള്ളത്തോൾക്കവിതകളിൽ വ്യക്ത മായി കാണാമെന്നതാണു് അദ്ദേഹത്തിന്റെ സ വിശേഷത.

കേരളത്തിന്റെ കവി

ഈ പരിവർത്തനങ്ങളിൽച്ചിലവയെ പ്രതി ഫലിപ്പിക്കുന്നതിൽ വള്ളത്തോളിനേക്കാൾ വി ജയിച്ച കവികളുണ്ടു്. ഉദാഹരണത്തിനു് ജാതി വ്യവസ്ഥയും മറ്റു പഴഞ്ചൻ സാമൂഹ്യ നടപടി ക്രമങ്ങളെമെതിരായ വിപ്ലവം വള്ളത്തോളിനേക്കാ ളെത്രയോ കൂടുതൽ നന്നായും ഫലപ്രദമായും പ്ര തിഫലിപ്പിക്കാൻ കുമാരനാശാനു് കഴിഞ്ഞിട്ടു ണ്ടു്. അതുപോലെതന്നെ കഴിഞ്ഞ ഇരുപതിര പത്തഞ്ചു കൊല്ലക്കാലമായി കേരളത്തിലെ ബു ദ്ധിജീവികളിലും ഇടത്തരക്കാരിലും വന്നുകൊ ണ്ടിരിക്കുന്ന അഭ്രതപൂർവ്വമായ മാറ്റങ്ങൾ വള്ള ത്തോളിനേക്കാൾ ഫലപ്രദമായി പ്രതിഫലിപ്പി ക്കാൻ ഇന്നത്തെ പല യുവകവികൾക്കും കഴി യുന്നുണ്ടു്. പക്ഷേ, ഈ പരിവർത്തനങ്ങളെ മു ഴുവൻ ഭാഗികമായെങ്കിലും പ്രതിഫലിപ്പിക്കാൻ—അവയെല്ലാം കൂട്ടിയിണക്കി ഒരൊറ്റ സാ മൂഹ്യ യാഥാർത്ഥ്യമെന്ന നിലയ്ക്കു് മുമ്പോട്ടു കൊ ണ്ടുവരാൻ—വള്ളത്തോളിനെപ്പോലെ മറ്റാർക്കും കഴിഞ്ഞിട്ടില്ല. ഇതാണു് വള്ളത്തോൾക്കൃതി കളുടെ പ്രത്യേക മേന്മ. ഇതാണദ്ദേഹത്തെ ''കേ രളത്തിന്റെ ദേശീയ കവി''യെന്ന പേരിന്നർഹ നാക്കുന്നതു്.

ഇന്ത്യയിലാകെ പൊതുവിലും വിശേഷിച്ചു് കേരളത്തിലും സാമ്രാജ്യത്വവിരോധപ്രസ്ഥാ നം അതിവേഗത്തിലും അതിവിപുലമായും വ ളർന്നുവന്ന കാലത്താണു് ''വള്ളത്തോൾക്കൃതി കൾ'' എഴുതപ്പെട്ടിട്ടുള്ളതു്. ഇതിന്റെ അലയ ടിച്ചു് ആയിരക്കണക്കിന്നാളുകളുടെ ജീവിതവും വികാര വിചാരങ്ങളും ആകെ മാറിമറിഞ്ഞു. ഉയർന്ന ഉദ്യോഗസ്ഥന്മാരായിത്തീരട്ടെ എന്ന ഉ ദ്ദേശത്തോടെ മാതാപിതാക്കന്മാർ വിദ്യാലയങ്ങ ളിലേക്കയച്ച വിദ്യാർത്ഥികൾ വിദ്യാലയം വിട്ട പുറത്തുവന്നു; ആയിരക്കണക്കിനു് പണം സമ്പാ ദിക്കാനും പിന്നീടു് ഉയർന്ന ഉദ്യോഗങ്ങൾ കര സ്ഥമാക്കാനും വേണ്ട സാഹചര്യങ്ങളുള്ള അഭിഭാ ഷക പ്രമാണികൾ, ആ നിലയിലേയ്ക്കുയരാമെ ന്ന ആശയോടെ ഡിഗ്രിയെടുത്ത യുവ വക്കീല ന്മാർ, ഡോക്ടർമാർ, മറ്റു ബിരുദധാരികൾ—ഇവരെല്ലാം ജോലി വിട്ടു് ദേശീയ പ്രവർത്തക ന്മാരായി മാറി. ഇതു് സ്വാഭാവികമായി വള്ള ത്തോളിനേയും ബാധിച്ചു. വാല്മീകി രാമായണ ത്തിന്റെ പരിഭാഷകനും ചിത്രയോഗത്തിന്റെ കർത്താവും ''ആത്മപോഷിണി'' മാസികയുടെ പത്രാധിപരുമായ ''വള്ളത്തോൾ നാരായണമേ നോൻ'' 'സാഹിത്യമഞ്ജരി'യുടെ കർത്താവായ ''മഹാകവി വള്ളത്തോളായി''മാറി.

''മഞ്ജരി''യുടെ 8 വാല്യങ്ങളിൽ ചേർത്തി ട്ടുള്ള കവിതകളിൽപ്പലതും സാമ്രാജ്യവിരോധ പ്രസ്ഥാനത്തെ നേരിട്ടു സഹായിക്കുന്നവയാണു്. അവയിലൊന്നു്—''പോരാ, പോരാ''—നിയ മലംഘനക്കാലത്തു വളണ്ടിയർമാരുപയോഗിച്ച ദേശീയഗാനമായിത്തീർന്നിട്ടുണ്ടു്. എന്നാൽ വ ള്ളത്തോൾക്കൃതികൾക്കു ദേശീയ പ്രസ്ഥാനവുമാ യി നേരിട്ടുള്ള ഈ ബന്ധം അവയുടെ ദേശീയ സ്വഭാവത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമേ ആകുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ, പ്രസ്ഥാന ത്തെ നേരിട്ടു സഹായിക്കുക എന്ന ഈ കടമ ചെയ്യുന്ന വള്ളത്തോൾക്കവിത അതുതന്നേയോ അതിലധികമോ പ്രധാനമായ മറ്റൊരു കാര്യം ചെയ്യുന്നുണ്ടു്. ഇതേവരെ കേരളത്തിലെ കവി കളും സഹൃദയന്മാരും പണ്ഡിതന്മാരുമെല്ലാം അം ഗീകരിച്ചിരിക്കുന്നതായ ഭാരതീയ സംസ്കാരത്തി നും അതിന്റെ ഭാഗമായ കേരളീയസംസ്കാര ത്തിനും പുതിയ ജനാധിപത്യപരമായ, ഒരു ള്ളടക്കം അതു കൊടുക്കുന്നു. താൻ പഠിച്ചതും ബ ഹുമാനിക്കുന്നതുമായ ഹൈന്ദവസംസ്കാരത്തി നു്, അതിന്റെ ഭാഗമായ വേദശാസ്ത്രേതിഹാസാ ദികൾക്കു, പുതിയൊരർത്ഥം കാണാൻ—ആ സം സ്കാരത്തിന്റെ വിളനിലമായ മാതൃഭൂമിയെക്കുറി ച്ചു് അഭിമാനം ഉദിപ്പിക്കാൻ—വള്ളത്തോൾക്ക വിതകൾക്കു കഴിയുന്നുവെന്നതാണിതിന്റെ മേന്മ.

ഉദാഹരണത്തിനു് മഞ്ജരി ഒന്നാം ഭാഗത്തിൽ ഒന്നാമതായി പ്രസിദ്ധീകരിച്ചിട്ടുള്ള ''മാതൃ വന്ദനം'' നോക്കുക. ''പശ്ചിമ രത്നാകരം പ്രീ

തിയാൽട്ടാനം ചെയ്ത വിശ്വൈകമഹാരത്ന''മായ ''നമ്മുടെ രാജ്യത്തെ'' വന്ദിക്കാനാണ് കവി നമ്മോട് പറയുന്നത്. ഈ ''വന്ദിക്കലാ'' കട്ടെ, പഴയ രീതിയിലുള്ള ഒരു ദേവീവന്ദനമല്ല. പിന്നെയോ? കേരള ഭൂമിയുടെ അനന്യസാധ്യമായ സൌന്ദര്യത്തെക്കുറിച്ചുള്ള ഓമ്മയാണ്. (''ഭാർഗ്ഗവക്ഷേത്രത്തിൽപ്പോലെങ്ങാനുമുണ്ടോ വേറെ?''); ''പാഴ് മണ്ണ് പിടിച്ചൊരു മൂലയിൽക്കിടന്നതാണെങ്കിലും ''സ്വാമിനിയുടെ പള്ളിവാൾ'' ''വീണ്ടും നന്മെഴക്കിട്ട് നിമ്മലാഭ''മാക്കാനുള്ളൊരാഹ്വാനമാണ്; ''മാതാവിന്റെ മഹാഗൃഹം തുണ്ടുതുണ്ടാക്കിത്തീർത്ത വേർതിരി''ക്കുന്ന തടസ്ഥങ്ങൾ തട്ടിനീക്കാൻ ''നമ്മൾ മൂരിനിവർന്ന് നേരെ വിട്ടം നെടുവീർപ്പൊന്നേപോരു''—മെന്ന ശുഭപ്രതീക്ഷാപ്രകടനമാണ്; അവസാനം, ''മാതൃവാക്കൊന്നാകണം നമുക്ക് സാക്ഷാൽ വേദം; മാതൃശുശ്രൂഷായത്നമാകണം മഹായജ്ഞ''മെന്ന തരത്തിൽ പഴയ സംസ്കാരത്തിനു പുതിയൊരർത്ഥം കണ്ടുപിടിക്കുന്ന കവി മാതൃഭൂമിയൊഴിച്ചു പാരിൽ ''ദൈവമേതുള്ള വേറെ?'' എന്ന ചോദ്യത്തിലെത്തുന്നു.

പഴയ സംസ്കാരവും പുതിയ സംസ്കാരവുംതമ്മിലുള്ള ഐക്യം

പഴയ ഹൈന്ദവ സംസ്കാരവും പുതിയ ദേശീയ പ്രസ്ഥാനവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന കവിയുടെ ആശയം പ്രകടിപ്പിക്കുന്ന മറെറാരു കൃതിയാണ് ''പുരാണങ്ങൾ''. ''പാരിനുള്ളടിത്തട്ട പാർത്തുകണ്ടറിഞ്ഞ'' ''ഭാരതവർഷത്തിലെ പൂർവ്വരാമുഷീന്ദ്രന്മാ''രെയാണ് ബഹുമാനത്തോടും കൃതജ്ഞതയോടും കൂടി കവി ഇവിടെ സ്മരിക്കുന്നത്. അവരുടെ വിശ്രമവേളകളിൽ കവിതാദേവിയുമായി ചെയ്ത നമ്മസല്ലാപങ്ങളാണ് പുരാണങ്ങളെന്നും അവയാണ് ''ഭാസകാളിദാസാദ്യന്മാരെയും പുലർത്തിയ ഭാസുരഭണ്ഡാരപ്പുര''കളായിത്തീർന്നതെന്നും കവി നമ്മെ ഓർമ്മിപ്പിക്കുന്നു. പുരാണ കർത്താക്കളായ ആ ഋഷീന്ദ്രന്മാർ ''ചെങ്കോലു ദൂരത്തിട്ട യോഗദണ്ഡെടുത്ത''തും, ''പൊൻകിരീടത്തെ ജടാജൂടമായ് മാറിയ''തും, ''സ്വർഗ്ഗത്തെപ്പോലും തൃണപ്രായ''മായിക്കണ്ടതുമൊക്കെ ഒരൊറെറക്കാരണത്താലാണെന്നു കവി നമ്മോട് പറയുന്നു.

''.... .... ജഗത്തിങ്കൽ
മുഖ്യമായൊന്നേയുള്ള: സ്വാതന്ത്ര്യം—
സാക്ഷാൽ മോക്ഷം''.

എന്നവസാനം അദ്ദേഹം നമ്മോടാഹ്വാനം ചെയ്യുന്നു.

''പൂതമോംകാരംപോലെത്ര്യക്ഷരാത്മകമാമീ
സ്വാതന്ത്ര്യംലഭിപ്പാനായ് കരണത്രിതയത്താൽ
സാദരം പ്രയത്നിപ്പിൻ; സാഫല്യപ്പെട്ടുവിൻ
സോദരന്മാരേ, നിങ്ങൾ സാരമാം നരജന്മം''

എന്റെ ഗുരുനാഥൻ

ഇനി മൂന്നാമതായൊരുദാഹരണമെടുക്കാം: ''എന്റെ ഗുരുനാഥൻ, ഗാന്ധിജിയെക്കുറിച്ചുള്ള ഈ കവിതയും ''പുരാണങ്ങളും'' തമ്മിൽ താരതമ്യപ്പെടുത്തുന്നതു രസകരമായിരിക്കും.

''പുരാണങ്ങളുടെ'' തുടക്കം പഴയ ഹൈന്ദവ സംസ്കാരത്തെക്കുറിച്ചു കവിക്കുള്ള ബഹുമാനമാണെങ്കിൽ, ''ഗുരുനാഥ''ന്റെ തുടക്കം ഇന്നത്തെ ദേശീയ പ്രസ്ഥാനത്തേയും അതിന്റെ നേതാവിനേയും കുറിച്ചുള്ള ബഹുമാനമാണ്. പുരാണകർത്താക്കളായ ഋഷീന്ദ്രന്മാരുടെ ത്യാഗപൂർണ്ണമായ ജീവിതത്തിനും അവരുടെ ലക്ഷ്യമായ ''സാക്ഷാൽ മോക്ഷ''ത്തിനും പുതിയൊരർത്ഥം—സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗപൂർവ്വമായ പ്രവർത്തനം നടത്താനുള്ള ആഹ്വാനം—കണ്ടുപിടിക്കുന്ന കവി തന്റെ ഗുരുനാഥനായ ഗാന്ധിജിയിൽഅതേ ഋഷീന്ദ്രന്മാരുടെ ഒരു നൂതന പ്രതിനിധിയെയാണ് നമുക്ക് കാട്ടിത്തരുന്നതു. പുരാണകർത്താക്കളെ സ്തുതിച്ച കവി ചെന്നവസാനിക്കുന്നതു സ്വാതന്ത്ര്യത്തിനുവേണ്ടി ''സാദരം പ്രയത്നി''ക്കാൻ ഉള്ള ആഹ്വാനത്തിലാണെങ്കിൽ ഗാന്ധിജിയെ പുകഴ്ത്തുന്ന അദ്ദേഹം അവസാനിപ്പിക്കുന്നതു ഇങ്ങിനെയാണ്:—

''ഗീതസ്സു മാതാവായ ഭൂമിയേ ദുഗ്ധമിതു
മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്ക,
ഹിമവദ്വിന്ധ്യാചല മദ്ധ്യദേശത്തെ കാണു
ശമമേ ശീലിച്ചെഴുമിത്തരം സിംഹത്തിനേ
ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിസ്സിതു
മംഗളം കാസ്സും കല്പപാദപമുണ്ടായ്വരൂ!''

ഉദാഹരണങ്ങൾ വർദ്ധിപ്പിക്കുന്നില്ല. സ്വന്തം നാടിനേയും അതിന്റെ ഭൂതകാലപാരമ്പര്യങ്ങളേയുംകുറിച്ച് അഭിമാനം; ആ ഭൂതകാലപാരമ്പര്യങ്ങളുടെ പശ്ചാത്തലത്തിൽ ഇന്നത്തെ സ്ഥിതിഗതികളെ കാണാനുള്ള പരിശ്രമവും അതിൽനിന്നുണ്ടാകുന്ന സ്വാതന്ത്ര്യകാംക്ഷയും, ഈ സ്വാതന്ത്ര്യകാംക്ഷയ്ക്ക് രൂപം കൊടുക്കുന്ന ഇന്നത്തെ ദേശീയ പ്രസ്ഥാനത്തേയും അതിന്റെ നേതാക്കളേയുംകുറിച്ച് സ്നേഹബഹുമാനങ്ങൾ — ഇവയാണ്, നേരിട്ടോ അല്ലാതേയോ കവി പ്രകടിപ്പിക്കുന്നതു. ഇതാണ് വള്ളത്തോളിന്റെ മറ്റു കവികളിൽനിന്ന് വേർതിരിക്കുന്നതു എന്ന് ചുരുക്കിപ്പറയുക മാത്രം ചെയ്യാം.

സാമൂഹ്യപരിഷ്കർത്താവ്

പുരാതനമായ ഭാരതീയ (ഹൈന്ദവ) സംസ്കാരത്തോടുള്ള മമതയും ആധുനികമായ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറും ഇന്നത്തെ ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥയിലുള്ള പോരായ്മകളുടേ

യും, തകരാറുകളുടേയും നേരെ കണ്ണടയ്ക്കാൻ മഹാകവിയെ അനുവദിക്കുന്നില്ല. നേരേമറിച്ച് നമ്മുടെ (ഇന്ത്യയിലാകേയും വിശേഷിച്ച് കേരളത്തിലുമുള്ള) സാമൂഹ്യ ജീവിതത്തിലും സംസ്കാരത്തിലുമുള്ള ദുഷിച്ചവശങ്ങളെ തുറന്നു കാട്ടാനും അവയ്ക്കെതിരായി സമരം നടത്തുന്നതിനു് ജനങ്ങളെ പ്രേരിപ്പിക്കാനുമാണു് തന്റെ വിശിഷ്ടകൃതികളധികവും അദ്ദേഹം ഉപയോഗിച്ചിട്ടുള്ളതു്. ഇത്തരത്തിൽ സാമൂഹ്യ വ്യവസ്ഥയുടെ ദുഷിച്ച വശങ്ങൾക്കെതിരായ സമരത്തിന്നാഹ്വാനം നൽകുന്നതിനു് മഹാകവിയെ സഹായിച്ച മുഖ്യ പ്രേരകശക്തിയാകട്ടെ, പുരാതനമായ ഭാരതീയ (ഹൈന്ദവ) സംസ്കാരത്തോടു് അദ്ദേഹത്തിനുള്ള മമതയാണതാനും.

ഉദാഹരണത്തിനു്, ''തോണിയാത്ര'' എടുക്കുക. സർവ്വസാധാരണമായൊരു സംഭവമാണു് ഇവിടെ കവി വിവരിക്കുന്നതു്. ഉറക്കമിളയ്ക്കാതെതന്നെ പ്രഭാതമാകുമ്പോഴേയ്ക്കു് ഉദ്ദിഷ്ടസ്ഥലത്തെത്താൻവേണ്ടി സന്ധ്യയ്ക്കു് ''വഴിക്കിടയ്ക്കുവിരിച്ച്'' തോണി കയറുക. ഇത്തരമൊരു തോണിയാത്രയ്ക്കിടയ്ക്കു് തോണിക്കാരിലൊരാളും രാമായണംകിളിപ്പാട്ടു് വായിക്കുകയെന്നതും അസാധാരണമായ ഒരു സംഭവമല്ല. ഇത്ര സർവ്വസാധാരണമായ സംഭവങ്ങളെ ആസ്പദമാക്കി എന്തെല്ലാം ഉൽകൃഷ്ടവികാരങ്ങളും വിചാരങ്ങളുമാണു് കവി പുറത്തുകൊണ്ടുവരുന്നതു്?

* * * *

ഞാൻ രാമായണമൊന്നു വായിക്കട്ടെ? എന്ന ചോദ്യം ചോദിക്കാൻ തോണിക്കാരനെ പ്രേരിപ്പിച്ചതെന്താണെന്നു് കവി ഊഹിച്ചു നോക്കുകയാണു്.

> ''ഇവനു രാമായണവായനയ്ക്കു—
> ന്നനുജ്ഞകിട്ടായ്കിലബദ്ധമെന്തോ?
> സൽഗ്രന്ഥപാഠത്തെ മുടക്കിയെയ്ക്കാം
> ഞാനെന്നിവനെങ്ങിനെ ശങ്കതോന്നി?
> എഴുത്തുശീലിച്ചതു തന്റെ ഗർവ്വാ—
> യെണ്ണാല്ലയെന്നാമിതിനാന്തരാർത്ഥം!''

ക്രമേണ കവി തന്റെ വിചാരഗതിക്കു് രൂപം കൊടുക്കുന്നു.

> ഹാ, നന്നു,യർന്നുള്ളവർ താഴ്ന്ന ജാതി—
> ക്കാരിൽക്കടത്തും കരുണാകടാക്ഷം
> അനർത്ഥഗർത്തങ്ങളിലാണ്ടതന്നേ
> കിടക്കണം പോലിവർ കീടതുല്യം
> വേദേതിഹാസാദി വിദ്യുതിയെല്ലാം
> മേൽജ്ജാതിതൻ പൈതൃകമാണുപോലും!
> സൗഭ്രാത്രസസ്യത്തിനു് ജന്മഭൂവി—
> സ്സൽക്ഷേത്രു,മേതോ കെടു നീരൊഴുക്കാൽ
> പലേടവും പാഴ്മണൽ വന്നടിഞ്ഞി—
> ട്ടിതുള്ള നിമ്നോന്നതമായിയല്ലോ!

> ബ്രഹ്മർഷിമാർ മുഖ്യനെ മുക്കുവത്തി
> പെറോരാ പുണ്യക്ഷിതിമണ്ഡലത്തിൽ
> അഹോ മനുഷ്യന്നു മനുഷ്യനോട്ട
> സാമീപ്യസമ്പ്രക്മെധമ്മമായി!

കവിയുടെ അനുവാദത്തോടെ രാമായണം വായിക്കാൻ തുടങ്ങിയ തോണിക്കാരന്റെ ഓരോ ചലനവും കവിയിൽ പലപല വികാരങ്ങളും ഉളവാക്കുന്നു. ശ്രുതിയോ രാഗമോ, അക്ഷരവ്യക്തതയോ ഇല്ലാത്തതാണെങ്കിലും ''ഭക്തിസംഭരമാധുരിപൂണ്ട'' തോണിക്കാരന്റെ ''കണുസ്വരം'' അദ്ദേഹത്തിന്റെ ''കണ്ണുത്തിനാഹ്ലാദമനല്പമേകി'' ; ഈ ആഹ്ലാദത്തിന്റെ ഫലമായി ചുറ്റുമുള്ള പ്രകൃതിയിൽത്തന്നെ ആഹ്ലാദകരമായ പല മാറ്റങ്ങളും വരുന്നതായദ്ദേഹത്തിന്നുതോന്നി. വായനയ്ക്കിടയിൽ ചിലതിന്റെ അർത്ഥം ചോദിച്ചുകൊണ്ടിരുന്ന തോണിക്കാരനെക്കണ്ടു് അവസാനം കവി പറയുകയാണു്:—

> ഹാ കഷ്ടം, മുൽകൃഷ്ടവിചാരനാമി—
> ജ്ജിജ്ഞാസു വിജ്ഞനേവിദൂരസംസ്ഥൻ!
> ഈ മട്ടെത്ര വിലപ്പെട്ടം മണികളുണ്ടിങ്ങാകെ
> രംതോറുമാ—
> ശ്രീമദ്വസ്തുചയത്തെ—യെത്രപറയാംവ്യാമോ—
> ഹദൂർവൈഭവം!—
> പാഴ്മണ്ണിൻ പൊടി പറ്റുമെന്നകരുതി
> സ്പർശിക്കയേ ചെയ്വതി—
> ല്ലോമൽസ്സോദരമർദ്ദനക്കറപെറും മേലാളിമാർ
> തൻകരം!

നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും സാമൂഹ്യമായും സാംസ്കാരികമായും അടിച്ചമർത്തപ്പെടുകയാണെന്ന പരമാർത്ഥം ''തോണിയാത്ര'' യിലൂടെ പുറത്തുകൊണ്ടുവരുന്ന കവി ഈ സാമൂഹ്യയാഥാർത്ഥ്യത്തിന്റെ കാരണം സാമ്പത്തികമായ അസമത്വങ്ങളാണെന്ന വാസ്തവം കൂടി പല കൃതികളിലുമായി വ്യക്തമാക്കുന്നുണ്ടു്.

> ഈവണ്ണമായ് പ്രകൃതിദേവി പെരുത്ത തങ്ക—
> നാന്യം പരത്തിയ നഭസ്ഥലിതൻ ചുവട്ടിൽ
> ഹാ കഷ്ടം,മെത്രജനമുണ്ടൊരു ചെമ്പുതുട്ടും
> കാണാതെ, പട്ടിണി കിടന്നു പുലർന്നിടുന്നു!
> (കാറുകണ്ട കർഷകൻ)

> കാലേ പഴംകഞ്ഞി കുറേക്കുടിച്ചു,
> കയ്യിൽപ്പണിക്കോപ്പുകളോടുകൂടി,
> ദരിദ്രവർഗ്ഗം ചകരിപ്പണിയ്ക്കും
> മറ്റും തുനിഞ്ഞെത്തുമിതിൻ തടത്തിൽ—
> സാധുക്കളിക്കൂട്ടർ വിശപ്പടക്കാൻ
> നട്ടെല്ലുപൊട്ടംപടി വേല ചെയ്വൂ;
> അതിൻമഹത്താം ഫലമോ, പണക്കാ—
> ക്ക—ഹോ, നരൻതൻ സമസൃഷ്ടമൈത്രി!
> ധനാഢ്യരേ, ധർമ്മവഴിയ്ക്കു നിങ്ങൾ
> കാണിയ്ക്കുവെയ്ക്കും തനിമുത്തിനേക്കാൾ
> കൂലിപ്പണിക്കാരിവർതൻ വിയർപ്പു
> നീർത്തുള്ളിയാണീശ്വരനേറെയിഷ്ടം!
> (തിരുർ— പൊന്നാനിപ്പുഴ)

അൻപെഴുമച്ഛൻമക്കൾക്കെല്ലാർക്കും കൂടിത്തന്ന
സമ്പത്തുകരുത്തരാം ചിലർതൻവകയായിപ്പോയ്
ചെന്നതുയാചിപ്പാനുംവഴിയില്ലീബ്ധാതാക്കൾ—
ക്കുന്നുജാതിക്കോട്ടയുണ്ടവരുടെ ചുറ്റും!
ജാതിതൻവിളംബരമെത്ര ധർമ്മാനുസൃതം:
ഭ്രാതൃവിദ്വേഷികളാം മേലാളർവിശ്രുതർപോൽ;
അവർക്കു, തനതോജസ്സുരുക്കിപ്പൊൻ നാണ്യങ്ങ—
ളടിച്ചുകൊടുക്കുമിസ്സാധുക്കളശ്രുതരും!

(ഐക്യമേ സേവ്യാൽ സേവ്യം)

പൈശാചതൃഷ്ണയ്ക്കടിപെട്ടൊടുങ്ങാ—
പ്പണിയ്ക്കുനിർത്തും മുതലാളിവർഗ്ഗം,
ചെഞ്ചോരതീർന്നപ്പൊഴതിട്ടെറിഞ്ഞ
മനുഷ്യദേഹങ്ങളിലൊന്നിതത്രേ,
സുഖമുതം സൈരമശിച്ച ദിവ്യ—
സൌധേ രമിപ്പൂ മുതലാളിവീരൻ
അയാംക്കവിൺതീർത്തവരോ, വിശപ്പാൽ
വല്ലേടവും വീണ മരിച്ചിടുന്നു!
മേലാംക്ക പൂംപട്ട കീടക്ക തുന്നി—
ക്കൂട്ടുന്നതിന്നാരുടെ കൈകഴച്ചൂ
ഏതോ മരത്തിൻ പൊളിയാണവന്നു
കിടച്ചതാഹന്ത, കിടന്ന ചാകാൻ!

* * ' *

അശക്തമാമത്തല താങ്ങുവാനോ
തണുത്തമെയ്യൊന്നു തലോടുവാനോ
അന്നാരുടേയും കൃപ കയ്യയച്ചീ—
ലെ;ന്തിന്നവൻ ദീനദരിദ്രനായി;
എന്തിന്നവൻ പേർ പുകഴാത്തൊരാളാ—
യെ, ന്തിന്നവൻ ഹീനകുലേ ജനിച്ചു?

' * ' *

ചിലർക്കുദിച്ചീല വികാരമൊന്നും
'മരിയ്ക്കുസാധാരണമല്ലി മണ്ണിൽ?''
മരിയ്ക്കു സാധാരണ; മീവശപ്പിൽ—
ട്ടഹിയ്ക്കുലോ നമ്മുടെ നാട്ടിൽ മാത്രം.
ഐക്യക്ഷയത്താലടിമശ്ശവങ്ങ—
ളടിഞ്ഞുകൂട്ടം ചുടുകാട്ടിൽ മാത്രം,

(മാപ്പ്)

ആരുടെ നെറിവിയർപ്പാ നറുംപനി—
നീരത്രവാറ്റുന്ന പള്ളിമേടകളിൽ,
എത്രമേൽസന്തപ്പ, മെത്രമേൽ ശ്രുഷ്ക, മാ—
ക്കൂത്തൈകതാനനാം സാധുവിൻ ജീവിതം!
കഷ്ടമിതിൽപ്പരം വൈരുദ്ധ്യമെത്തുള്ള?
നിഷ്ഠുരം, നിൻമറിമായം നൃലോകമേ.

(മറിമായം)

സ്ത്രീകളുടെ അസ്വാതന്ത്ര്യത്തിനു നേരെ

ഇന്നത്തെ സാമൂഹ്യവ്യവസ്ഥകളിലെ തകരാറുകളിൽവെച്ചേറ്റവും കൂടുതൽകവിയെ ഇളക്കുന്നതു് സ്ത്രീസമുദായമനുഭവിക്കുന്ന അസ്വാതന്ത്ര്യവും മറ്റു വശതകളുമാണു്. ഇക്കാര്യത്തിൽ അദ്ദേഹം നൽകുന്ന സംഭാവനയെന്തെന്നു് അധികം വിവരിക്കാൻ ഞാൻ ഇവിടെ മുതിരുന്നില്ല. ''സ്ത്രീ''എന്ന പേരിൽ പ്രസിദ്ധീകൃതമായ കവിതാസമാഹാരത്തിനു് ഞാനെഴുതിയ ''അവതാരിക''യിൽ അതു ചെയ്തിട്ടുണ്ടു്. പക്ഷേ, ഈ സാമൂഹ്യപ്രശ്നത്തിന്റെ നേരെ വെളിച്ചം വീശുന്ന മറ്റൊരു കൃതി — കൊച്ചുസീത—യെപ്പറ്റി ഏതാനും സംഗതികൾ പറയാതിരിക്കാൻ വയ്യ.

മതപരമായ ചടങ്ങുകളുടെ ഭാഗമായി നടക്കുന്ന ഒരനാചാര — ദേവദാസി — സമ്പ്രദായത്തിനെതിരായാണു് കവി ഇവിടെ സമരകാഹളം മുഴക്കുന്നതു്. അതിനുംകൂടെ (മറ്റു പല വള്ളത്തോൾകൃതികളിലുമെന്നപോലെ) മഹാകവിയ്ക്കു് (അഥവാ അദ്ദേഹം സൃഷ്ടിച്ച നായികയ്ക്കു്) ആവേശം നൽകുന്നതു രാമായണകഥയാണുതാനും.

ആ മൈഥിലിയായ്ച്ചമഞ്ഞവൾ ചേതസാ
ശ്രീമൽഗൃഹത്തിലും കാട്ടിലുമൊപ്പമേ,
രാമഭദ്രനു സമാനനായൊരഭി—
രാമപുരുഷന്റെ പത്നിയായ് മേവി''
യ ചമ്പകക്കുട്ടി
സീതയെപ്പോലെ പതിപ്രേമചാരിത്ര—
പൂതമക്കാവു ഞാനെന്നുടെ ജീവിതം''

എന്നു പറഞ്ഞതുമുതൽക്കാണു് അവളും മുത്തശ്ശിയും തമ്മിലുള്ള ഏറ്റുമുട്ടൽ തുടങ്ങുന്നതു്.

പഴയ തലമുറയും പുതിയ തലമുറയും തമ്മിൽ നടക്കുന്ന ഈ ഏറ്റുമുട്ടലിൽ കവി തീർച്ചയായും പുതിയ തലമുറയുടെ ഭാഗത്താണു്. ഒരു ദേവദാസി കുടുംബത്തിന്റെ ചുറ്റുപാടുകളിൽ വളർന്നുവന്ന ചമ്പകക്കുട്ടിയുടെ ആദർശമാഹാത്മ്യത്തെക്കുറിച്ചു് കവി പറയുകയാണു്:

അമ്പോ, മഹിമാവിതാർഷഭ്രുവേ, തവ
വൻപോക്കളെത്തിലും നിഷ്കാമകാഹളം,
വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തി;
വേശത്തെരുവിലും ചാരിത്രസൌരഭം!

അവസാനം മുത്തശ്ശിയുടേയും അവർ മുഖേന വന്ന വൃദ്ധവിടന്റേയും കയ്യിൽനിന്നു് രക്ഷപ്പെടാൻവേണ്ടി ചമ്പകവല്ലി ''മാതൃഭൂവിൻ പിളർന്ന ഹൃദയത്തിൽ മറഞ്ഞുപോയ''തിനെ ചൂണ്ടിക്കാണിച്ചു് കവി പറയുകയാണു്.

ക്ഷുദ്രധീത്വമേ, സ്വാർത്ഥപരത്വമേ,
നിർദ്ദയത്വമേ, നിന്നെരിതീയിനാൽ
എത്ര ചമ്പകവല്ലിയുണ്ടിങ്ങനെ
ദഗ്ധയാകുന്ന ഭാരതപ്പൂങ്കാവിൽ!

എന്നാൽ ദേവദാസിസമ്പ്രദായത്തിനെതിരായി പടവെട്ടി ആത്മാഹുതി ചെയ്യുന്ന ചമ്പകവല്ലിയു

ടെ പേരിലെന്നപോലെതന്നെ ആ സമ്പ്രദായത്തെ താലോലിച്ചുപോരുന്ന മുത്തശ്ശിയുടെ പേരിലും തനിസ്ഥനഭാവമുണ്ടെന്നു് കവി വ്യക്തമാക്കുന്നു.

ഇല്ലായ്കയില്ല, മനസ്സാക്ഷിയെന്നതി—
ത്തള്ളക്കുടലസ്ഥമുള്ളിൽ

പക്ഷേ, ആ മനസ്സാക്ഷിയെ ''തെല്ലൊന്നനങ്ങുവാൻപോലുമാളല്ലാ'' താകത്തക്കവണ്ണം കഠിനമാണു് ''കല്ലൊത്ത മാമൂലിന്റെ ഞെക്കൽ''.

എന്താണീ ''കല്ലൊത്ത മാമൂൽ?''

കള്ള നിറച്ച, പുറത്തുഗംഗാബുവെ,—
ന്നുള്ള പേരൊട്ടിച്ച പാനികളാൽ
പാവങ്ങളം വഞ്ചിയ്ക്കപ്പെട്ടപോയ്
കാൺകെത്ര
പവനമാംപദം—'ദേവദാസി'!
ഇദ്ദേവദാസിവകുപ്പിനെ സൃഷ്ടിച്ച
പുത്തൻവിരിഞ്ചനെന്റെയിച്ഛയല്ലോ
സ്ത്രീകളാംവീചികൾക്കായ് നീക്കിവച്ചതീ
ലോകസമുദ്രത്തിൽട്ടാസ്യനുത്തം!

ഈ മാമൂലിനെ നേരിട്ടെതിർക്കുകയാണു് ചമ്പകവല്ലി ചെയ്യുന്നതെങ്കിൽ, അതിനെ നിലനിറുത്തി ആരാധിക്കുകയും, അതേസമയത്തു് പാതിവ്രത്യം പ്രസംഗിക്കുകയും ചെയ്യുന്ന പുരുഷന്റെ കള്ളത്തരത്തെ എതിർക്കുകയാണു് മുത്തശ്ശി ചെയ്യുന്നതു്.

നിച്ചിലും സ്വാർത്ഥമേ നോക്കും ചില നര—
രിച്ചുപോലെ കൂട്ടുക്കിട്ട നല്പാർകളെ
മൊച്ച കളിപ്പിക്കുവാനായ് വിരചിച്ച
തുച്ഛങ്ങലസ്ഥാം സതീധർമ്മമെന്നപേർ.

പുരുഷന്മാർ സ്ത്രീകളുടെ നേരെ പെരുമാറുന്നതെങ്ങിനെയെന്നു കാണിക്കാൻ ചമ്പകവല്ലിയുടെ ആദർശമായ സീതയെത്തന്നെ ഒരുദാഹരണമായി മുത്തശ്ശിയെടുക്കുന്നു.

അദ്ദശകണ്ഠൻ കിഴിഞ്ഞപേക്ഷിക്കിലു—
മത്ര പതിഭക്തി കാണിച്ച സീതയെ
പത്തും തികഞ്ഞ നാളക്ഷതരക്ഷക്കം
തത്തിനകാട്ടിൽക്കളഞ്ഞീലയോ പ്രിയൻ!

അതായതു് പുരുഷസമത്വത്തിനുവേണ്ടി വാദിക്കുന്ന പുരോഗമനവാദികൾക്കു ദേവദാസീസമ്പ്രദായത്തിന്റെ നേരെയുള്ള എതിർപ്പിന്റെ രണ്ടു വശങ്ങളാണു് ചമ്പകവല്ലിയും മുത്തശ്ശിയും. ഈ രണ്ടുതരം എതിർപ്പുകളിൽ മേന്മയേറിയതു ചമ്പകവല്ലിയുടേതോ അതോ മുത്തശ്ശിയുടേതോ?

മുത്തശ്ശിയെപ്പോലെ ദേവദാസീസമ്പ്രദായത്തിനു് വഴങ്ങിക്കൊടുക്കുകയല്ല ചമ്പകവല്ലി ചെയ്യുന്നതു്. അതിനെതിരായ സമരപതാക അവളുയർത്തുന്നു. മുത്തശ്ശി അതുയേറെ പ്രസംഗിക്കുന്ന ''പുരുഷന്റെ സ്വാർത്ഥ''ത്തിൽനിന്നും സ്വയം രക്ഷപ്പെടാൻ അവളം ആത്മാഹുതി ചെയ്യുന്നു. ഈ നിലയ്ക്കവളുടെ എതിർപ്പാണു് മേന്മയേറിയതെന്നു പറയാം.

പക്ഷേ, മുത്തശ്ശിയുടേതും നമുക്കു നിസ്സാരമെന്നു പറഞ്ഞുതള്ളിക്കളയാൻ വയ്യ. എന്തുകൊണ്ടെന്നാൽ ദേവദാസീസമ്പ്രദായത്തെ ന്യായീകരിക്കാൻ വേണ്ടിയാണെങ്കിലും, പുരുഷന്റെ സ്വാർത്ഥത്തെ തുറന്നു കാണിക്കുകയാണവർ ചെയ്യുന്നതു്. ഇതിനെതിരായി വിജയകരമായ സമരം നടത്താതെ — ബഹുഭാര്യാത്വം, ഘോഷാസമ്പ്രദായം, സ്ത്രീകൾക്കു് സ്വത്തവകാശമില്ലായ്മ, ഭാര്യ മരിച്ച പുരുഷനു് വീണ്ടും വിവാഹം ചെയ്യാമെങ്കിലും ഭർത്താവു മരിച്ച സ്ത്രീക്കു് അതുപാടില്ലെന്ന നിയമം—മുതലായ പല രൂപത്തിലും പ്രത്യക്ഷപ്പെടുന്ന പുരുഷാധിപത്യത്തിന്റെ ഒരു രൂപം മാത്രമാണു് ദേവദാസീസമ്പ്രദായമെന്ന മനസ്സിലാക്കി, പരിപൂർണ്ണമായ സ്ത്രീപുരുഷസമത്വം സ്ഥാപിയ്ക്കാൻവേണ്ട വിജയകരമായ സമരം നടത്താതെ — ദേവദാസീസമ്പ്രദായം അവസാനിപ്പിക്കാൻ കഴിയില്ലെന്നു പുരോഗമനവാദികളായ സാമൂഹ്യനിരീക്ഷകന്മാക്കറിയാം. ഈ പശ്ചാത്തലത്തിലാണു് ആ സമ്പ്രദായത്തിനു് വഴങ്ങിക്കൊടുക്കുവാൻ മുത്തശ്ശി ചമ്പകവല്ലിക്കു് നൽകുന്ന ഉപദേശം നാം പരിശോധിക്കേണ്ടതു്.

മുത്തശ്ശിയെപ്പോലെ പുരുഷന്റെ സ്വാർത്ഥത്തെക്കുറിച്ചു് വൻ പ്രസംഗങ്ങം നടത്തുകയും അതേസമയത്തു് ആ സ്വാർത്ഥത്തിന്റെ ഒരു പ്രത്യക്ഷരൂപമായ ദേവദാസീസമ്പ്രദായത്തിനു് കീഴ്വഴങ്ങുകയും ചെയ്യുക; ചമ്പകവല്ലിയെപ്പോലെ, ദേവദാസീസമ്പ്രദായത്തിനു് കീഴ്വഴങ്ങാതെ കഴിക്കാൻ ആത്മാഹുതി ചെയ്യുക — ഇതു രണ്ടിലൊന്നേ ഇന്നു് ചെയ്യാവുന്നതായിട്ടുള്ള. പക്ഷേ, ഇതുരണ്ടുമല്ലാത്ത മറെറാരു മാർഗ്ഗവി— ''സുദിതപാരതന്ത്ര്യമാരാക്കിയ സോദരിമാരെ നീളവേ കാണാവു''ന്ന ഒരു കാലം — ''സീതതൻ ജന്മഭൂവി''ന്നു വരാൻ പോകുന്നുണ്ടു്. ഈ ശുഭപ്രതീക്ഷയോടെയാണു് ചമ്പകവല്ലി ''ഭാതൃഭൂവിൻപിളർന്ന ഹൃദയത്തിൽ മറഞ്ഞു'' പോകുന്നതു്. ഇതുതന്നെയാണു് കവി സമുദായത്തിനു് നൽകുന്ന സന്ദേശവും.

ചുരുക്കിപ്പറയുകയാണെങ്കിൽ, സാമൂഹ്യ പരിഷ്കരത്തിനേറെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനേറെയും, സാമ്പത്തികസമത്വത്തിനേറെയുമെല്ലാം സന്ദേശമുൾക്കൊണ്ടുകൊണ്ടുള്ള ഒരു പുതിയ വീക്ഷണം, ഈ പുതിയ വീക്ഷണത്തിന്നാവേശം നൽകത്തക്കവിധത്തിൽ പുരാതന ഭാരതീയ (ഹൈന്ദവ) സംസ്കാരത്തിന്റെ ഉപയോഗം — ഇതാണു് വള്ളത്തോൾക്കവിതകൾക്കു് (സാഹിത്യമഞ്ജരി

ക്കും, മറ്റു ലഘുകാവ്യങ്ങൾക്കും) അവയുടേതായ വ്യക്തിത്വം നൽകുന്നതു്. ഇങ്ങനെ പുരാതന ഭാരതീയ (ഹൈന്ദവ) സംസ്കാരത്തേയും, ആധുനിക ലോകവീക്ഷണത്തേയും രണ്ടിനേയും കൂട്ടിയിണക്കുന്നതിൽ മഹാകവിയെ സഹായിച്ച മുഖ്യ സംഗതി ദേശീയ പ്രസ്ഥാനത്തിന്റെ വളച്ചയാണതാനും.

രണ്ടു മഹാകവികളുടെ വളർച്ച

മഹാകവി കുമാരനാശാന്റേയും, മഹാകവി വള്ളത്തോളിന്റേയും സാഹിത്യപരമായ വളർച്ചയെ താരതമ്യപ്പെടുത്താൻ സഹായിക്കുന്ന ചില പരമാർത്ഥങ്ങളിലേയ്ക്കു് വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതു് ഈ സന്ദർഭത്തിൽ പ്രയോജനകരമായേക്കും:

—ആശാൻ തന്റെ പ്രശസ്ത കൃതികളെല്ലാം (നളിനി, ലീല, വീണപൂവ്) മുതലായവ എഴുതുകയായിരുന്ന കാലത്തു് വള്ളത്തോൾ 'രാമായണ'തർജ്ജമയും അത്തരത്തിലുള്ള കൃതികളുമെഴുതിക്കൊണ്ടിരിക്കുകയായിരുന്നു. എന്നുവച്ചാൽ, ഒരു സാഹിത്യകാരനെന്ന നിലയ്ക്കു് തന്റെ വ്യക്തിത്വം പ്രകാശിപ്പിക്കാൻ ആശാനു് കഴിഞ്ഞിരുന്നപ്പോൾ വള്ളത്തോളിനു് തന്റെ വ്യക്തിത്വം പ്രകാശിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല.

—ഇങ്ങിനെ ആശാൻ തന്റെ പ്രശസ്ത കൃതികളെല്ലാം എഴുതുകയും, വള്ളത്തോൾ ''രാമായണ'' തർജ്ജിമാദിപ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തിരുന്നതാകട്ടെ, ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള നിസ്സഹകരണപ്രസ്ഥാനം തുടങ്ങുന്നതിനുമുമ്പുള്ള കാലത്തായിരുന്നു.

— നിസ്സഹകരണപ്രസ്ഥാനവും അതിന്റെ അലയടിച്ചു് കേരളത്തിലൊരു വൻ ബഹുജനപ്രസ്ഥാനവും വളർന്നുവന്നതു് ആശാനിൽ പറയത്തക്ക യാതൊരു മാറ്റവും വരുത്തിയില്ല. സാമ്രാജ്യാധിപത്യത്തിനും ജന്മി—നാടുവാഴി മേധാവിത്വത്തിനും ജാതി മുതലായ സാമൂഹ്യാവശതയ്ക്കും എതിരായി വളർന്നുവന്ന ആ പുതു പ്രസ്ഥാനത്തിന്റെ സ്വാധീനശക്തിയിൽപ്പെട്ടു് ജന്മമെടുത്ത ഒരേ ഒരു ആശാൻകവിത ''ദുരവസ്ഥ''യാണു്. അതിലാകട്ടെ, ജാതിസമ്പ്രദായത്തിനെതിരായ സമരമെന്ന (ആശാനതിനുമുമ്പു് കൈകാര്യം ചെയ്ത) ഒരു വിഷയമേ ഉള്ളതാനും.

—നേരെമറിച്ചു്, വള്ളത്തോൾക്കവിതകളിൽ വെച്ചേറ്റവും പ്രശസ്തമായവ നിസ്സഹകരണപ്രസ്ഥാനത്തിന്റെ തണലിലാണു് വളർന്നുവന്നതു്. ഉദാഹരണത്തിനു് ഏറ്റവും ഉൽകൃഷ്ടമായ വള്ളത്തോൾക്കൃതികളുടെ സമാഹാരമായ നാലാം ഭാഗം ''സാഹിത്യമഞ്ജരി'' എടുക്കുക. ഇതിൽ ഒന്നൊഴിച്ചു് മറേറതെല്ലാം 1921—'23 കാലത്താണെഴുതിയതും; അവയിലേതാണ്ടു് എല്ലാറ്റിലും നിസ്സഹകരണപ്രസ്ഥാനത്തിന്റെ സ്വാധീനശക്തി പ്രത്യക്ഷമായോ പരോക്ഷമായോ വ്യാപിച്ചു കിടക്കുന്നുമുണ്ടു്.

— അതായതു്, കേരളത്തിലെ ജാതിമർദ്ദനത്തിനും, സാമൂഹ്യമായ അടിമത്തത്തിന്റെ മറ്റു രൂപഭേദങ്ങൾക്കുമെതിരായ സമരമാണു് ആശാൻ കൃതികൾക്കു് പിന്നിലുള്ള മുഖ്യ പ്രേരകശക്തി. ഈ സമരത്തെത്തുടർന്നു് കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലാകെ വളർന്നുവന്നതും, മനുഷ്യജീവിതത്തിന്റെ എല്ലാ തുറകളേയും ബാധിക്കുന്നതുമായ ദേശീയ സമരം ആശാനെ ഇളക്കിയില്ല. നേരെമറിച്ചാണു് വള്ളത്തോളിന്റെ സ്ഥിതി. സാമൂഹ്യ പരിഷ്കാരത്തിനുവേണ്ടിയുള്ള സമരത്തെത്തന്നെ ദേശീയസമരത്തിന്റെ ഭാഗമായേ വള്ളത്തോളിനു് കാണാൻ കഴിയുന്നുള്ള.

ഈ വിധത്തിൽ, രണ്ടു് മഹാകവികളുടേയും സാഹിത്യപരമായ വളർച്ചയ്ക്കടിസ്ഥാനമായി നിൽക്കുന്ന സാമൂഹ്യ പരിവർത്തനങ്ങളുടെ പശ്ചാത്തലത്തിലല്ലാതെ അവരുടെ കൃതികളെ പരിശോധിക്കാൻ ശ്രമിക്കുന്ന വിമർശകന്മാരാണു് ഇവരിലൊരാളെ മറെറയാളെക്കാൾ മേന്മയേറിയ കവിയെന്ന നിലയ്ക്കു് പൊക്കിപ്പിടിക്കാൻ ശ്രമിക്കുന്നതു്.

സാമൂഹ്യ മർദ്ദനങ്ങൾക്കെതിരായി വിപ്ലവകാഹളം മുഴക്കിയ കവിയാണു് ആശാനെന്നുള്ള പരമാർത്ഥം ചൂണ്ടിക്കാണിച്ചുകൊണ്ടു് വള്ളത്തോളിനേക്കാൾ മേന്മയേറും ആശാനെന്നു വാദിക്കുന്നവരും അതല്ല ദേശീയ സമരത്തിന്റെ സന്ദേശവാഹകനായ വള്ളത്തോളാണു് മേന്മയേറിയ കവിയെന്നു് വാദിക്കുന്നവരും ഒരുപോലെ പറയാത്ത ഒരു പരമാർത്ഥമുണ്ടു്. ആശാനും വള്ളത്തോളും രണ്ടുപേരും ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനത്തിന്റെ സന്ദേശവാഹകന്മാരാണു്. അതിലൊരാൾ (ആശാൻ) സാമൂഹ്യ രംഗത്തിലുള്ള ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനത്തെയാണു് പ്രതിനിധീകരിക്കുന്നതെങ്കിൽ, മറെറയാൾ മുഖ്യമായും രാഷ്ട്രീയ രംഗത്തിലുള്ള ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനത്തിന്റെ പ്രതിനിധിയാണു്.

ഈ വർഗ്ഗ സ്വഭാവമാണു് രണ്ടുപേരുടേയും കൃതികൾക്കുള്ള മേന്മയ്ക്കുന്നപോലെതന്നെ കുറവുകൾക്കും അടിസ്ഥാനമായി നിൽക്കുന്നതു്. തങ്ങൾ പ്രാതിനിധ്യം വഹിക്കുന്ന ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ചരിത്രപ്രാധാന്യം കിടക്കുന്നതു് അധ്വാനിക്കുന്ന ബഹുജനങ്ങളെ സമരരംഗത്തിലിറക്കുന്നുവെന്നതാണെന്ന പരമാർത്ഥം കാണാൻ രണ്ടുപേർക്കും കഴിയുന്നില്ല. അതുകൊണ്ടു് ആ പ്രസ്ഥാനത്തിന്റെ വളച്ചയുടെ ഒരു ദശാഘട്ടത്തെ പ്രതിഫലിപ്പിക്കാൻ കഴിയുന്നുണ്ടെങ്കിലും പ്രസ്ഥാനം വളരുന്നതോടൊപ്പം സ്വയം

വളരാനവർക്കു് കഴിയുന്നില്ല. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു് മുമ്പത്തെ ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന ആശാൻ പിന്നീടുള്ള ഘട്ടത്തിൽ പിന്നണിയിൽപ്പെട്ടു; വള്ളത്തോളാകട്ടെ, നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഉയർച്ചയോടൊപ്പമുയർന്നു. പക്ഷേ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയുടെ അടുത്ത ഘട്ടത്തെ ശരിയായി പ്രതിനിധീകരിക്കുവാൻ കഴിയാതെ പിന്നണിയിൽപ്പെട്ടു.

''തോണിയാത്ര''യും ''കമ്മ്യൂണിസ്റ്റുകാലും'' ''കിളിക്കൊഞ്ചലും'' ''എന്റെ ഗുരുനാഥനും'' മറ്റുമെഴുതിയ വള്ളത്തോൾ പിന്നീടേതുവഴിക്കാണു് വളരേണ്ടതെന്നതിന്റെ സൂചനയെന്നവണ്ണം ''എന്റെ പ്രയാഗസ്നാന''മെന്ന ഒരു കവിതയെഴുതിയതിൽപ്പിന്നെ ആ തൂലിക പിന്നീടാവഴിക്കു നീങ്ങിയില്ല. 1920–'21ലും, തുടന്നേതാനും കൊല്ലങ്ങളിലും നമ്മുടെ നാട്ടിലാകമാനം അലച്ച സാമ്രാജ്യ വിരോധ പ്രസ്ഥാനത്തിൽ നിന്നാവേശമുൾക്കൊണ്ട മഹാകവിക്കു് 1930 32–മുതല്ലിന്നേവരെ വളർന്നുവന്ന ബഹുജനപ്രസ്ഥാനത്തിന്റെ ജീവനും ചൈതന്യവുമുൾക്കൊള്ളാൻ കഴിഞ്ഞില്ല.

30–32–നുശേഷവും മഹാകവിവള്ളത്തോൾ ധാരാളം കവിതകളെഴുതിയിട്ടുണ്ടു്. അതിൽ ചിലതിൽ — വിശേഷിച്ചും അടുത്തുകഴിഞ്ഞ ചില കൊല്ലങ്ങളിൽ എഴുതിയ ചിലതിൽ — ദേശീയ പ്രസ്ഥാനത്തിന്റെ വളച്ചയുടെ ഏറ്റവും അടുത്ത ഘട്ടത്തിന്റെ ചില സവിശേഷതകളും (ലോകസമാധാനത്തിനുവേണ്ടി ഇന്ത്യ നടത്തുന്ന സമരം, ഇന്ത്യാ–സോവിയറ്റു് സൗഹൃദം മുതലായവ) പ്രതിഫലിച്ചു കാണുന്നുമുണ്ടു്. പക്ഷേ, 1919–29കാലത്തെ ദേശീയ പ്രസ്ഥാനത്തിന്റെ ആത്മാവു് — ആ സമരത്തിലൂടെ രൂപം കൊള്ളുന്ന പുതിയ കേരളമുൾക്കൊള്ളുന്ന ഇന്ത്യ — സാഹിത്യമഞ്ജരിയിലൂടെ പുറത്തുവന്നു; 1930–'32–നുശേഷമുള്ള പ്രസ്ഥാനത്തിന്റെ ആത്മാവാകട്ടെ വള്ളത്തോൾക്കൃതികളിലില്ല.

മാത്രമല്ല. 1919–29 കാലത്തെ പ്രസ്ഥാനത്തെ സമഗ്രമായി പ്രതിഫലിപ്പിക്കാൻ മഹാകവി വള്ളത്തോളിനു് കഴിഞ്ഞതുപോലെ 1930–32–നുശേഷമുള്ളതിനെ സമഗ്രമായി പ്രതിഫലിപ്പിക്കാനൊരൊറ്റ കവിക്കും കഴിഞ്ഞിട്ടില്ല; ഇടപ്പിള്ളി, ചങ്ങമ്പുഴ, ജി. മുതലായവർ തൊട്ടു് ഇന്നത്തെ എണ്ണമറ്റ യുവകവികൾവരെയുള്ളവരിൽ പലർക്കും ഈ പ്രസ്ഥാനത്തിന്റെ ഓരോ വശം പ്രതിഫലിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നല്ലാതെ ഒരാൾക്കും അതിനെയാകെ ഉൾക്കൊണ്ടു് കലാരൂപത്തിലവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. എന്നുവെച്ചാൽ 1920–21–ൽ ദേശീയകവിയായുയർന്ന മഹാകവി വള്ളത്തോളിനും, 1930–'32നുശേഷം ആ നിലയ്ക്കു് തുടരാനോ, അല്ലെങ്കിൽ മറ്റൊരുകവിക്കു് അദ്ദേഹത്തിൽനിന്നു് ആ സ്ഥാനമേറ്റെടുക്കാനോ കഴിഞ്ഞിട്ടില്ല.

ഇതിനുള്ള കാരണത്തെക്കുറിച്ചൊരന്വേഷണം നടത്തുന്നതു് രസകരമായിരിക്കുമെങ്കിലും അതീ ലേഖനത്തിന്റെ പരിധിയിൽപ്പെട്ടതല്ല. ഇടപ്പിള്ളിക്കവികളും, ജി. മുതല്ലിന്നേവരേയുണ്ടായ ഒന്നാംകിട കവികളുടെ കൃതികളും മുഴുവൻ പരിശോധിച്ചാൽ മാത്രമേ അവയെ വള്ളത്തോൾക്കൃതികളുമായി താരതമ്യപ്പെടുത്തിയാൽ മാത്രമേ — അതു് സാധിക്കുകയുള്ളൂ. പക്ഷേ, മുഖ്യപ്രധാനമായ ഒരു സംഗതി പറഞ്ഞുവയ്ക്കാതെ ഈ ലേഖനമവസാനിപ്പിക്കാൻ വയ്യ. 1930–32–ഓടുകൂടി ദേശീയ പ്രസ്ഥാനം മുമ്പത്തെക്കാളും കൂടുതൽ സങ്കീർണ്ണമായിത്തീർന്നു. മുമ്പത്തെപ്പോലെ ബ്രിട്ടീഷുഭരണത്തിനെതിരായ ഐക്യമെന്ന ഒരൊറ്റ കേന്ദ്രബിന്ദുമാത്രമല്ല ദേശീയപ്രസ്ഥാനത്തിനുള്ളതെന്നു്വന്നു; ഈ ഐക്യത്തിനൊത്തുതന്നെ—ഐക്യവുമായി ഒരതിർത്തിവരെ ഇടയുകയും, ഒരതിർത്തിവരെ പൊരുത്തപ്പെടുകയും ചെയ്യുകൊണ്ടു് — വളരെ പ്രധാനമായ ചില സംഘട്ടനങ്ങളും മുന്നോട്ടുവന്നു. ഓരോ മനുഷ്യഹൃദയത്തേയും അലട്ടുന്ന ഒട്ടേറെ വിഷമപ്രശ്നങ്ങൾക്കു് ജന്മംകൊടുക്കുന്ന സങ്കീർണ്ണമായ ഈ പരിതഃസ്ഥിതിയിൽ മുമ്പത്തെ കാലഘട്ടത്തിലെന്നപോലെ, ദേശീയ പ്രസ്ഥാനത്തിന്റെ ആത്മാവിനെ പ്രതിഫലിപ്പിക്കുകയെന്നതു് വളരെയേറെ വിഷമമായൊരു ജോലിയാണു്.

പ്രതിരോധം

രോഗമാണ് നമ്മുടെ ഏറ്റവും വലിയ ശത്രു. അതിനെതിരായ പോരാട്ടത്തിൽ ആരോഗ്യവിജ്ഞാനം അനപേക്ഷണീയമാണ്.

രോഗങ്ങളേയും പ്രതിവിധിയേയും സംബന്ധിച്ചുള്ള വിദഗ്ധലേഖനങ്ങൾ. പുറമേ വായനക്കാരുടെ ചോദ്യങ്ങൾക്കുള്ള മറുപടിയും വായിക്കുക.

ആരോഗ്യബന്ധു

പത്രാധിപർ:

ഡാ: എം. വി. മുഹമ്മദ്

ആവശ്യപ്പെടുക:—

മാനേജർ, ആരോഗ്യബന്ധു
തലശ്ശേരി

ഒറ്റപ്രതി:	0 20
വാർഷിക വരിസംഖ്യ:	2 40
സാമ്പിൾ കോപ്പിയ്ക്ക്:	0 30

HANIF BROTHERS

1/14, Godown Street,

MADRAS-1.


Phone: 37482

Stockists of:-

D. C. M. 'Matador' 'Terylene' Suitings and 67% Terylene / 33% Viscose Suitings

Distributors:

'BINTEX' Fabrics for Madras City and many other attractive items for Gents.



'ENGLISH ELECTRIC'

- **Fusegear**
- **Relays**
- **Control Panels**

the standard of quality and performance the world over

THE ENGLISH ELECTRIC COMPANY OF INDIA LTD MADRAS-27

EECM-4

തിരിച്ചുവരൂ

പി
കുഞ്ഞിരാമൻ
നായർ

പട്ടിണിച്ചൂടാൽ വാടി—
പ്പാട്ടിൻറെപൂന്തേനറാ—
വൊട്ടൊട്ടവറ്റും കയിൽ—
ക്കുഞ്ഞുങ്ങൾ വിളിക്കുന്നു!

''തിരിച്ചുവരൂ സ്വർഗ്ഗ—
ചാരിയാംവസന്തമേ,
തിരിച്ചുവരൂ നിത്യ—
സൗന്ദര്യപ്രഭാതമേ!

സഞ്ചിതസുധാരസം
മധുരം—സത്സാഹിത്യ
മഞ്ജരി, അനിരുദ്ധൻ
കൊച്ചുസീതയുമെല്ലാം,

ഉച്ചത്തിലുൽഘോഷിയ്ക്ക—
യാണിപ്പോഴും—എല്ലാറ്റിലു—
മുൽക്കൃഷ്ടമല്ലോ 'വള്ള—
ത്തോൾ' എന്ന മഹാകാവ്യം!

പ്രേമത്തിൻഹൃദയാശ്രുവു—
മുത്സവലാസ്യങ്ങളും
ഭൂമിയുമാകാശവു—
മുൾക്കൊള്ളുംമഹാകാവ്യം—

ഗോചരമല്ലാത്തതോ
വൈഖരീപ്രപഞ്ചത്തിൻ
ഗോപുരംതുറന്നിട്ടോ—
രുദയാദിത്യൻ ഭവാൻ.

കണ്ണുപോയ്പ്പോയ മുഖം—
പെണ്ണു വേർപെട്ട ഗൃഹം—
കവിയെക്കൊല്ലുംരാഷ്ട്ര—
മീമൂന്നും നരകങ്ങൾ!

അനഘമെന്തോ നഷ്ട—
പ്പെട്ടതിന്നഴൽതീരാ—
തറബിക്കടലുമീ—
സ്സഹ്യനുംവിളിക്കുന്നു:—

തിരിച്ചുവരൂ സ്വർഗ്ഗ—
സമ്രാട്ടാംവസന്തമേ
തിരിച്ചുവരൂ നിത്യ—
സൗന്ദര്യപ്രഭാതമേ!—

ദേവകൾ കൈകളുപ്പന്ന
സത്യഗോളമായ്പ്പൊക്കീ—
ജീവിതം സരസ്വതീ—
പൂജയാക്കിയ പുണ്യം.

കാലമേറെയായ്, അന്നു
പട്ടാമ്പിവെച്ചാ, സ്സമ—
ഭാവിനീപത്രത്തിൻറെ
യാപ്പീസ്സിൻവാതിൽപ്പടി,

പിടിച്ചു, പൂർവ്വാർദ്രിതൻ
ശിരസ്സിൽസ്സലീലമായ്—
ത്തടവും ഉദയാർക്ക—
മാണിക്യമണിപോലെ,

ആളുകൾവട്ടമിട്ട
നിൽക്കെയാപ്രഭാതത്തി—
ലാദ്യമായ്ക്കണ്ട തേജോ—
രൂപമിന്നോർമ്മിക്കുന്നു.

താർമകൾവിളയാട്ടം
മുഖത്തെച്ചുണ്ടിൽക്കൂടി
ത്തേന്മഴപെയ്ത കാളി—
ദാസനുംവാല്മീകിയും.

മാങ്കനിമണംപൊങ്ങും
മീനമാസത്തിൽമുല്ല—
പ്പൂക്കൊടി കവിതകൾ
കുറിയ്ക്കുംമുവന്തിയിൽ,

തെങ്ങിനംപന്തലിട്ട
വന്നേരിനാട്ടിൽ, വാനിൽ
മങ്ങിയനിലാവൊളി
വിരിയുംപ്രശാന്തിയിൽ,

ചിറ്റഴിവീടിൻ മണൽ—
മുറ്റത്തിലുലാത്തുന്ന
തോർത്തുടുത്തൊരാ
ദിവ്യരൂപമിന്നോമ്മിക്കുന്നു!

അലിവിൻനനവോലും
ദീപ്തതാരകനേത്രം
കലതൻകളിവീടാം
വിസ്തൃതലലാടവും

നീണ്ടരുണതോംബാഹു—
ദണ്ഡങ്ങൾ, കവിളുകൾ
നരകേറിയരോമം
പറ്റിയ വിരിമാറും,

പല്ലവാധരങ്ങളും,
കുളിച്ചുഭസ്മംതൊട്ട
പട്ടത്തൊരാരാമ്യ
വിഗ്രഹമിന്നോർക്കുന്നു!

പൊന്നോണപ്പുലരിയും
മീനസംക്രമസന്ധ്യാ—
സിന്ദൂരപ്രകാശവും
മാതിരരജനിയും,

പച്ചില, വിഷുമുല്ല,
നൈതലാമ്പലുകളും
പനിനീരൊഴുകുമി—
പ്പേരാറിൻമണൽത്തിട്ടും

ശാരദനീലാകാശ
നക്ഷത്രസമിതിതൻ
ശാഖയും, പൈതങ്ങളും
മട്ടളദ്ധ്വനികളും

ഇക്കഥകളിക്കോപ്പിൻ
മൗനമുദ്രയും, തള്ള—
മുൽക്കടസ്മൃതിധ്യാനം
നിഷ്പന്ദദ്രുമങ്ങളും,

പാവനസ്മരണതൻ
കൈത്തിരിവെയ്ക്കും നിത്യം,—
സ്മാരകക്ഷേത്രമായ
കൈരളീഹൃദയവും,

ഈമലനാടിൽപ്പൊട്ടി
വിരിഞ്ഞുമണ്ണിൽച്ചേരു—
മോമനമലർകളും
കൂട്ടായി വിളിക്കുന്നു:—

പച്ചിലപ്പൂങ്കാവനം
മരുഭൂമികണക്കോറും
പിച്ചതെണ്ടുമീമുക—
ഭീകരരജനിയിൽ

തിരിച്ചുവരൂ സ്വർഗ്ഗ—
സമ്പ്രാട്ടാംവസന്തമേ,
തിരിച്ചുവരൂ നിത്യ—
സൗന്ദര്യപ്രഭാതമേ!

ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനംതന്നെ പാരിൽ!

''കിളിക്കൊഞ്ചൽ''

വ്യംഗ്യാർത്ഥത്തിന്റെ സദ്ഭാവം

ഡോ: പി. കെ. നാരായണപിള്ള

മഹാകവികളുടെ കൃതികളിൽ പ്രസിദ്ധങ്ങളായ അർത്ഥങ്ങളിൽ നിന്നും തികച്ചും വ്യതിരിക്തമായി പ്രതീയമാനമായ മറെറാരർത്ഥം കളിയാടുന്നു. ആ അർത്ഥം പ്രകടങ്ങളായ അംഗങ്ങളിൽ നിന്നും വിഭിന്നമായി അംഗനമാരിൽ ലാവണ്യം എന്നപോലെ പരിലസിക്കുന്നു.

പ്രതീയമാനം പുനരന്യദേവ
വസ്ത്വസ്തിവാണീഷു മഹാകവീനാം
യത്തത് പ്രസിദ്ധാവയവാതിരിക്തം
വിഭാതി ലാവണ്യമിവാംഗനാസു.

(ധ്വന്യാലോകം I—4)

പ്രതീയമാനമായ അഥവാ വ്യംഗ്യമായ അർത്ഥം ഉണ്ടെന്നുള്ളതിനു് മഹാകവികളുടെ കൃതികളും തന്നെയാണു് പ്രമാണം. അവയിൽ സഹൃദയസംവേദ്യമായി ആ അർത്ഥം വിലസുന്നു. വ്യംഗ്യവൈഭവത്തോടുകൂടിയ കൃതികളും നിമ്മിച്ചവർക്കേ മഹാകവിസ്ഥാനത്തിന്നർഹതയുള്ളൂ എന്നും ഇതുകൊണ്ടു് സിദ്ധം. ഈ അർത്ഥം കാവ്യത്തിലെ പ്രസിദ്ധമായ അർത്ഥത്തിൽ നിന്നു് തികച്ചും വ്യത്യസ്തമാണു്. എന്നാൽ അതിനെ ആധാരമാക്കിയാണു് അതു് ശോഭിക്കുന്നതു്. സ്ത്രീ സൌന്ദര്യത്തെ ഉപമാനമായി സ്വീകരിക്കുവാൻ ഇതാണു് കാരണം. അവയവങ്ങളുടെ സമീചീന സന്നിവേശത്തിൽനിന്നും അഭിവ്യക്തമാകുന്ന ഹൃദയഹാരിയായ ഒരു പ്രത്യേക ധർമ്മമാണല്ലോ സൌന്ദര്യം. അതു് ഓരോ അവയവത്തിൽനിന്നും ഓരോ അവയവസൂക്ഷ്മത്തിൽനിന്നും വ്യതിരിക്തമാണു്. അതേസമയത്തു് സൌന്ദര്യം ഓരോ അവയവത്തേയും ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു. 1 ഇങ്ങനെ വ്യംഗ്യാർത്ഥം സഹൃദയലോചനാമൃതമായ ലലനാലാവണ്യത്തോടു് സദൃശമായി പ്രശോഭിക്കുന്നു. 2

വാച്യാർത്ഥത്തിൽ അധിഷ്ഠിതമാണെങ്കിലും, അതിൽനിന്നും വ്യംഗ്യം വ്യത്യസ്തമാണെന്നു പ്രസ്താവിച്ചുവല്ലോ. ഈ വ്യത്യാസം ചിലപ്പോൾ അത്യന്തം പ്രകടമായിരിക്കും. വാച്യാർത്ഥം വിധായകം (Positive) ആകുമ്പോൾ വ്യംഗ്യാർത്ഥം ചിലപ്പോൾ നിഷേധ (Negative) രൂപം വരെ കൈക്കൊള്ളുന്നതായിക്കാണാം. അന്യാസക്തനായ സ്വകാമുകനോടു് മാനവതിയായ കാമിനി ഇങ്ങനെ പറയുന്നു:

മീനാങ്കോപമ, കൺകലക്കമിവിടെ—
യ്ക്കൊട്ടല്ലുറങ്ങായ്കയാൽ;
ക്ഷീണാപാണ്ഡുരമായ്ച്ചമഞ്ഞിതു, മണം
വീശുന്ന പൂമേനിയും;
ഞാനായിന്നലെരാത്രിമാത്രമയി, ഹാ,
വേർപെട്ടതിൻമൂലമീ—
ദൃനാവസ്ഥയിലായ് ബ്രഹ്മൻ, മയിതവ
സ്നേഹം മഹത്തെത്രയും! 3

വാച്യാർത്ഥത്തിനു് കടകവിരുദ്ധമായ അർത്ഥം ഇവിടെ അഭിവ്യഞ്ജിക്കുന്നു. 'ദൃനാവസ്ഥയിലായ്' എന്ന ഭാഗം 'ആനന്ദഭരിതനായി' എന്ന വ്യംഗ്യാർത്ഥത്തേയും 'മയി തവസ്നേഹം മഹത്തെത്രയും' എന്ന ഭാഗം 'എന്നോടു് അങ്ങേയ്ക്കു അല്പവും സ്നേഹമില്ല' എന്ന വ്യംഗ്യാർത്ഥത്തേയും പ്രകാശിപ്പിക്കുന്നു.

ഇതുപോലെ നിഷേധാത്മകമായ വാച്യാർത്ഥത്തിൽ നിന്നും വിധായകമായ വ്യംഗ്യാർത്ഥം അഭിവ്യക്തമാകും. ഇതും വാച്യവ്യംഗ്യങ്ങളുടെ വൈജാത്യത്തെ പ്രകടമാക്കുന്നു.

ഭാമ അനുരക്തയായിരുന്നു. അവൾ ഗർഭിണിയുമായി. അപ്പോൾ അവളുടെ കാമുകൻ മറെറാരു മഹിളയെ പ്രേമഭാജനമാക്കി. ശോകഭാരം സഹിക്കാനാവാതെ ഭാമ ആത്മഹത്യചെയ്തു. അതിനു് മുൻപു് അവൾ എഴുതിയ 'ഒട്ടക്കത്തെക്കുറിപ്പിൽ' തന്റെ കാമുകന്റെ പുതിയ കാമിനിയോടു് ഇങ്ങനെ പറയുന്നു:

എൻപ്രിയാവരജ നീ സുഭഗേ! തവകാന്ത—
നെന്റെറയീ വയററിലെപ്പൈതലിൻപിതാവത്രേ
എന്തതിൽ തെററുദീരണംഗനമരെസൈരം
ഹന്ത, കൈക്കൊള്ളാം തള്ളാം; സ്വതന്ത്രനല്ലോ
പുമാൻ! 4

---

1 ലാവണ്യംഹിനാമാവയവസംസ്ഥാനാദിവ്യംഗ്യമവയവ വ്യതിരിക്തം ധർമ്മാന്തരമേവ—ലോചനം പുറം 50
ലാവണ്യത്തിനു് ഭട്ടപാലകൃതമായ മറെറാരു നിർവചനം നോക്കുക:— മുക്താഫലേഷു ഛായായാസ്തരലത്വമിവാന്തരാ പ്രതിഭാതിയദംഗേഷുതല്ലാവണ്യമിഹോച്യതേ.

(2) മഹാന്മാരുടെ വ്യക്തിവൈഭവത്തോടു് വ്യംഗ്യാർത്ഥത്തെ ഉപമിക്കാം. ഗാന്ധിജിയെ ദർശിക്കുമ്പോൾ തനിക്കുണ്ടാകാറുള്ള അനുഭവം ജവഹർലാൽ നെഹ്രു വിവരിച്ചിട്ടുള്ളതു് ഇവിടെ സ്മരണീയമാണു്. ഗാന്ധിജിയുടെ വ്യക്തിപ്രഭാവത്തെപ്പററിയല്ലാതെ ബാഹ്യശരീരത്തെപ്പററി അദ്ദേഹം ബോധവാനായിരുന്നില്ല എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

3 വിലാസലതിക

4 ഒട്ടക്കത്തെക്കുറിപ്പു്

വഞ്ചകനായ കാമുകൻ തെറ്റുകാരനല്ലെന്ന വാച്യമായ പ്രസ്താവന അയാൾ തെറ്റിന്റെ ഉച്ചകോടിയിലിരിക്കുന്നു എന്ന വ്യംഗ്യാർത്ഥത്തെ പതിന്മടങ്ങു ശക്തിയോടെ പ്രകാശിപ്പിക്കുന്നു.

വിധായകമായ വാക്യത്തിൽ ചിലപ്പോൾ വിധിരൂപമായ വാച്യാർത്ഥം വിവക്ഷിതമായിരിക്കയില്ല. എന്നുമാത്രമല്ല 'മീനാങ്കോപമ' ഇത്യാദി പദ്യത്തിലെപ്പോലെ നിഷേധാത്മകമായ അർത്ഥം വ്യഞ്ജിക്കുകയുമില്ല. എന്നാൽ അവിടെ ഈ രണ്ടുമല്ലാത്ത മറ്റൊരർത്ഥം—അനുഭയരൂപമായ അർത്ഥാന്തരം—വ്യഞ്ജിക്കുന്നതായി അനുഭവപ്പെടാം.

പരശുരാമൻ പരമേശ്വരന്റെ ശിഷ്യാഗ്രണി ആയിരുന്നു. പലതരത്തിലുള്ള ആയുധോപദേശം ചെയ്തു് ശിഷ്യനെ ഗുരുവനുഗ്രഹിച്ചു. മാത്രമല്ല, പാർവ്വതീപരമേശ്വരന്മാർക്കു് പരശുരാമനോടു് പുത്രനിർവ്വിശേഷമായ വാത്സല്യവും ഉണ്ടായിരുന്നു. ഗുരുകുലവാസം കഴിഞ്ഞിട്ടും കൈലാസത്തിൽ യഥേഷ്ടം വരുന്നതിനും സ്വച്ഛന്ദം പെരുമാറുന്നതിനും അദ്ദേഹത്തിനു് സ്വാതന്ത്ര്യം നൽകപ്പെട്ടിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം പരശുരാമൻ ഗുരുദർശനാർത്ഥം കൈലാസത്തിൽ വന്നുചേർന്നു. പരമേശ്വരനും പാർവ്വതിയും അന്തഃപുരത്തിലായിരുന്നു. ആരും അന്തഃപുരത്തിലേയ്ക്കു് കടന്നുവരാതെ സൂക്ഷിക്കുവാൻ നിയുക്തനായിരുന്ന ഗണപതിയുമായി പരശുരാമനു് ഏറ്റുമുട്ടേണ്ടിവന്നു. തുടർന്നുണ്ടായ ദ്വന്ദ്വയുദ്ധത്തിൽ ഗജാനനായ ഗണപതിയുടെ ഒരു കൊമ്പു് നഷ്ടപ്പെട്ടു. ബഹളംകേട്ടു് പാർവ്വതിയും പരമേശ്വരനും പുറത്തെത്തി. കൊമ്പൊടിഞ്ഞു് നിണമണിഞ്ഞുനിൽക്കുന്ന ഗണപതിയെക്കണ്ടു് ശോകാർദ്രയായ മാതാവു് സ്വപുത്രനെ മടിയിലിരുത്തി സാന്ത്വനപ്പെടുത്തി. പെട്ടെന്നാ മാതൃഹൃദയം ക്ഷോഭക്ഷുഭിതമായി. ജ്വലിക്കുന്ന കണ്ണുകൊണ്ടു് പാർശ്വസ്ഥനായ പരമേശ്വരനെ നോക്കി ദേവി തന്റെ നീറുന്ന ഹൃദയം ഇങ്ങനെ ആവിഷ്കരിച്ചു.

കിട്ടീലയോ ദക്ഷിണ വേണ്ടുവോളം,
വിശിഷ്യനാം ശിഷ്യനിൽ നിന്നിദാനീം
ദിവ്യായുധം വല്ലതുമുണ്ട ബാക്കി—
യെന്നാലതും നൽകിയനുഗ്രഹിക്കാം. 5

ഈ ചുട്ടവാക്കുകളും പറഞ്ഞപ്പോൾ വീണ്ടും ദിവ്യായുധങ്ങളും നൽകി പരശുരാമനെ അനുഗ്രഹിക്കണമെന്നു് പാർവ്വതിക്കു് വിവക്ഷയില്ലായിരുന്നു എന്നു സ്പഷ്ടം. ഇനിയും ആയുധം ഒന്നും നൽകരുതെന്നു് വിവക്ഷയുള്ളതായി പ്രഥമശ്രവണത്തിൽ ചിലർക്കുതോന്നാം. എന്നാൽ അതും ഇല്ല. എന്തെന്നാൽ ഇങ്ങനെയൊരു നിർദ്ദേശം ആ സന്ദർഭത്തിൽ നൽകുന്നതു് തികച്ചും അസ്ഥാനോചിതവും അനുചിതവുമായിരിക്കും. പിന്നെയെന്താണു് ഈ വാക്കുകളുടെ ലക്ഷ്യം? വാത്സല്യതരംഗിതമായ മാതൃഹൃദയത്തിലുണ്ടായ ശോകസങ്കുലമായ കോപാവേശത്തിന്റെ പ്രകാശനമല്ലാതെ മറ്റൊന്നുമല്ല. ഇതു് വിധിയുമല്ല നിഷേധവുമല്ല.

വാച്യം നിഷേധാത്മകമായിരിക്കുമ്പോഴും വ്യംഗ്യം അനുഭയരൂപമായിരിക്കുവാൻ സാദ്ധ്യതയുണ്ടു്.

രാധയൊരു ഗ്രാമീണകന്യകയായിരുന്നു. അവളുടെ ഗ്രാമത്തിൽ ചിലനാളു താമസിച്ച ഒരു നാഗരികയുവാവുമായി അവൾ പ്രേമത്തിലായി. പക്ഷേ അയാൾ അവളെ വഞ്ചിച്ചു് മറ്റൊരു നാഗരികവനിതയെ വിവാഹംചെയ്തു. അപ്പോൾ രാധ അയാൾക്കെഴുതിയ കത്തിൽ പ്രേമചാപലങ്ങളുടെ കൂട്ടത്തിൽ അവൾ കാമുകനെ ഇലഞ്ഞിപ്പൂമാലയണിയിച്ച കാര്യം സ്മരിച്ചുകൊണ്ടു് ഇങ്ങനെ പറയുന്നു.

പ്രേമചാപലമതു മാമക,മതിങ്കൽത്താൻ
കോമളഭുജാമാല്യം ചാർത്തിന സുഭഗയെ
നമ്മുടെ സുകൃതകർക്കിടയ്ക്കെങ്ങാനുമറിയിച്ച—
സ്സുമ്മാന്യസഹോദരിയ്ക്കുസ്വാസ്ഥ്യം
വരുത്തൊല്ലേ! 6

സ്വകാമുകനെ പൂർണ്ണമായിവിശ്വസിച്ച രാധ വിശ്രംഭവേളയിൽ മാലയിട്ടു അയാളെ മനസാ ഭർത്താവായി വരിച്ചു. ആ വരണത്തിനു് രാധയുടെ പ്രേരണ നൽകിയതു് അയാൾ തന്നെയായിരുന്നതാനും. എന്നിട്ടും തന്നെ ചതിച്ച ആ പ്രേമഘാതകനെ ആ വസ്തുത ഒന്നനുസ്മരിപ്പിച്ചു് തന്റെ തീവ്രമായ ദുഃഖവും രോഷവും ഒന്നുപ്രകടമാക്കുവാനേ രാധയുടെ ആഗ്രഹമുണ്ടായിരുന്നുള്ളൂ. മാലയിട്ട കാര്യം നാഗരികവധുവിനോടു് പറഞ്ഞാലെന്താണു്, പറഞ്ഞില്ലെങ്കിലെന്താണു് രാധയുടെ?

വാച്യാർത്ഥവും വ്യംഗ്യാർത്ഥവുമുള്ള ഒരു കാവ്യത്തിൽ വാച്യാർത്ഥം ഒരാളെ ഉദ്ദേശിച്ചും വ്യംഗ്യാർത്ഥം മറ്റൊരാളെ ഉദ്ദേശിച്ചും ഉള്ളതാണെന്നു വരാം. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ വാച്യവ്യംഗ്യങ്ങൾ ഭിന്നവിഷയങ്ങളായി ചിലേടത്തു കാണുവാൻ കഴിയും. ഇതും വാച്യത്തിൽ നിന്നും ഭിന്നമായി വ്യംഗ്യമായ ഒരർത്ഥമുണ്ടെന്നുള്ളതിനു് സാധകമായിത്തീരുന്നു.

ഒരു കാമുകൻ തന്റെ സുഹൃത്തിനേയുംകൂട്ടിക്കൊണ്ടു കാമിനീസന്ദർശനത്തിനായി സങ്കേതസ്ഥലത്തുപോയി. എന്നാൽ സഖിമാരുണ്ടായിരുന്നതിനാൽ കാമുകനെ നേരിട്ടു കാണുന്നതിനും സംഭാഷണം ചെയ്യുന്നതിനും അവൾ മടികാണിച്ചു. പക്ഷേ അവൾ തന്റെ അചഞ്ചലമായ പ്രണയത്തെ

5 ശിഷ്യനും മകനും iii–14

6 രാധയുടെ കൃതാർത്ഥത

വ്യംഗ്യഭംഗിയിൽ കാമുകനെ ധരിപ്പിച്ചു. ഒരു പൂവെടുത്തു 'ഒരിതളും പോകാത്തതാണീയിളം ചെന്താരു' എന്നു് അവൾ സഖികളോടു് പറഞ്ഞു. പ്രേമത്തിന്റെ പ്രതീകമായി പുഷ്പത്തെ കല്പിച്ചു് അതിനു് യാതൊരു കുറവും സംഭവിച്ചില്ലെന്നു് മറവിൽ നിൽക്കുന്ന കാമുകനേയും അവൾ ഇതോടുകൂടി ധരിപ്പിച്ചു. ഈ വസ്തുത കാമുകൻ തന്റെ സുഹൃത്തിനോടു് ഇങ്ങനെ വർണ്ണിക്കുന്നു:

എൻതാപത്തിനു ശാന്തിയിന്നു വരുമെ—
ന്നോത്താ മലർത്തോപ്പില—
ത്യന്താവേഗമണഞ്ഞ നമ്മെയൊളിവിൽ—
ക്കണ്ടിട്ട കണ്ണാക്ഷിയാം
ഹന്താവിഷ്കൃതലീലയായൊ'രിതളും
പോകാത്തതാണീയിളം
ചെന്താരെ'ന്നൊരു പൂവറുത്തു സഖിമാ—
ക്കൊട്ടുക്കു കാട്ടീടിനാൾ. 7

ഇവിടെ വാച്യാർത്ഥം സഖിമാർക്കും വ്യംഗ്യാർത്ഥം കാമുകനും ഉദ്ദേശിച്ചിരിക്കുന്നു എന്നു സ്പഷ്ടം. വാച്യാർത്ഥത്തിൽ നിന്നും തികച്ചും വിഭിന്നമാണു് വ്യംഗ്യാർത്ഥം എന്നു സ്ഥാപിക്കുവാൻ ഇതുപോലെ പലപ്രകാരത്തിലുള്ള ഉദാഹരണങ്ങളും കാണിക്കാവുന്നതാണു്. എന്നാൽ ദിങ്മാത്രനിർദ്ദേശത്തിനു് ഇവിടെ നൽകിയ പ്രകാരഭേദങ്ങളും അവയുടെ മാതൃകകളും പര്യാപ്തമാകുമല്ലോ.

7 വിലാസലതിക

DHARMARAM COLLEGE LIBRARY, 24052 BANGALORE.

വാണീലാ വരവർണ്ണിനീ മണികിലാതൻ
വാർകുന്തളത്തിൽസ്സുഖം;
വീണീലാ വിധിപോലെ ചെന്ന ഭഗവൽ-
പാദാരവിന്ദങ്ങളിൽ;
ക്ഷോണീധുസരധൂളി പറ്റിയൊളിയും
മങ്ങിക്കിടക്കുന്നതി-
ന്നാണീ രമ്യകുലേ പിറന്നതു ഭവാ-
നെന്നോ നറും പുഷ്പമേ!

"വിലാസലതിക"

യുഗപ്രഭാവനായ വള്ളത്തോൾ

രസികരഞ്ജിനിയാണു് വള്ളത്തോൾക്കവിത യെന്നു് എല്ലാവർക്കും ഇന്നറിയാം. ശബ്ദഭംഗി, അർത്ഥപുഷ്ടി, ലളിതസുന്ദരവും സുഖനിഷ്യന്ദിയുമായ പദ്യശൈലി, ആദ്യന്തം അന്യൂനമായ ശില്പസൗഷ്ഠവം, ജീവിതത്തിന്റെ ഏതു് ഭാവവും രംഗവും തെറ്റുപറ്റാത്ത താളക്രമത്തിൽ യുക്തംപോലെ ഏതു് ഛന്ദസ്സിലും പ്രൗഢമായി ആവിഷ്ക്കരിക്കാനുള്ള പാടവം, ചമൽക്കാരപൂർണ്ണമായ നാടകീയ പ്രതിപാദനം, സർവ്വോപരി എല്ലാറ്റിലും ഔചിത്യദീക്ഷ—ഇങ്ങിനെ വള്ളത്തോളിന്റെ കവിതക്കുള്ള അന്യാദൃശസിദ്ധികളുടെ ഒരു ലിസ്റ്റ് തൽക്കാലമിവിടെ അവതരിപ്പിക്കേണ്ട ആവശ്യമില്ല. സഹൃദയലോകം അദ്ദേഹത്തിന്റെ കൃതികളും വായിക്കുമ്പോഴും ഈ ഗുണഗണങ്ങളെ ഏറെക്കുറെ സ്വയം കണ്ടറിഞ്ഞ് ആസ്വദിച്ചുവരുന്നുണ്ട്. പണ്ഡിത നിരൂപകന്മാർ ഇനിയും അവയെപ്പറ്റി പഠനങ്ങളും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യും.

എന്നാൽ, പ്രത്യേക കൃതികളുടെ ഭാവരൂപശില്പങ്ങളെപ്പറ്റിയുള്ള പഠനങ്ങളും യഥാർത്ഥ കാവ്യാസ്വാദനത്തിനു് എത്രതന്നെ ആവശ്യവും സഹായകരവുമാണെങ്കിലും, അത്തരം കൊച്ചുവാരക്കോലുകൾകൊണ്ടുമാത്രം അളക്കാവുന്നതാണോ ഹിമാലയതുല്യനായ ഒരിന്ത്യൻ മഹാകവിയുടെ പരന്നകിടക്കുന്ന ഔന്നത്യം? വള്ളത്തോളിന്റെയെന്നല്ല, ടാഗോർ, ഇഖ്ബാൽ, സുബ്രഹ്മണ്യഭാരതി, കുമാരനാശാൻ, ഉള്ളൂർ, ശങ്കരക്കുറുപ്പ് തുടങ്ങിയ മറ്റു് കവിശ്രേഷ്ഠന്മാരുടെ ഓരോരുത്തരുടേയും ശരിയായ പൊക്കവും വലുപ്പവും അളന്നുനോക്കാൻ നമുക്കു് കഴിയണമെങ്കിൽ, അവരിലോരോരുത്തരേയും നാം അവർ ജീവിച്ച യുഗത്തിന്റെ പശ്ചാത്തലത്തിൽ പിടിച്ചുനിർത്തുകകൂടി വേണം. തങ്ങളുടെ സ്വന്തം യുഗത്തിന്റെ ചലനങ്ങളെ — ഹൃദയത്തുടിപ്പുകളെ — അഗാധമായ വികാരവായ്പിനെ — പ്രതിജനഭിന്നമായ ജീവിതചിത്രങ്ങളെ—എത്രത്തോളമിവർക്കു് അനശ്വരകലാശില്പങ്ങളാക്കി രൂപാന്തരപ്പെടുത്താൻ സാധിച്ചിട്ടുണ്ടു്? അതാണു് നോക്കേണ്ടതു്. അങ്ങിനെ നോക്കുമ്പോഴാണാം വള്ളത്തോളിനു് ഇക്കാര്യത്തിലുള്ള അദ്വിതീയമായ ഔന്നത്യം. സമുദ്രവസനയും പർവ്വതസ്തനമണ്ഡിതയുമായ ഭാരതാംബയുടെ ഓമനപ്പുത്രനായ ഈ കേരളീയ മഹാകവി വിശേഷിച്ചും താൻ ജീവിച്ച യുഗത്തിന്റെ ഗാനഗന്ധർവ്വനായിരുന്നു; അതിന്റെ ഏറ്റവും അനുഗൃഹീതനായ ഒരു ചിത്രകാരനായിരുന്നു. മഹത്തായ ആ യുഗത്തിന്റെ ബഹുമുഖ ചൈതന്യത്തെയാകെ വള്ളത്തോളിനെപ്പോലെ അത്ര ആദർശോജ്ജ്വലമായി, അവിസ്മരണീയമായി, ആർക്കും മനസ്സിലാവുന്ന ജീവിതത്തിന്റെ ഭാഷയിൽ, വേറെയൊരു കവിയും തന്റെ കൃതികളിൽ ഉടനീളം പകർത്തിയിട്ടില്ലെന്നു് പറയാം.

പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഭരണമേൽക്കോയ്മ ഇന്ത്യയിൽ മുഴുവൻ അതിന്റെ വെന്നിക്കൊടി നാട്ടിക്കഴിഞ്ഞപ്പോഴും, അതോടൊപ്പം—അക്കാലം മുതൽ—അതിനെതിരായി ആ സേതുഹിമാചലം ഒരു ദേശീയ നവോത്ഥാനവും വ്യാപകമായി വളർന്നുവല്ലോ. ഇതിന്റെ കവിയാണു് വള്ളത്തോൾ. കേരളത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മാത്രമേ—ഈ നവോത്ഥാനത്തിന്റെ ആശയങ്ങളും മൊട്ടിട്ട പുഷ്പിക്കാൻ തുടങ്ങിയുള്ളൂ; പക്ഷേ അതോടുകൂടി വള്ളത്തോൾ അതിന്റെ ഗായകനായി ഉയർന്നു് സംസ്കൃതവൃത്തങ്ങളിലും, കേകയിലും, കാകളിയിലുമെല്ലാം മന്ദ്രമധുരമായി ഗാനങ്ങളും മുതിർത്തു. അങ്ങിനെയാണദ്ദേഹം ഇന്ത്യയിലാകെത്തന്നെ ഒരു പുത്തൻയുഗത്തിന്റെ വിപ്ലവഗായകനും

എം എസ്. ദേവദാസ്

ഇന്ത്യൻ ദേശീയസ്വാതന്ത്ര്യത്തിന്റെ മഹാകവിയുമായത്. അതിന്റെ ചരിത്രപശ്ചാത്തലമാണിതു്.

പക്ഷേ, ''വിപ്ലവ''മെന്നു് നാം പറയുമ്പോഴും ഇന്ത്യയുടെ സ്വാതന്ത്ര്യവിപ്ലവം കേവലം ബ്രിട്ടീഷ്ഭരണവിരുദ്ധമായ കുറെ രാഷ്ട്രീയ സമരങ്ങളോ, 1947 ആഗസ്റ്റ് 15—ാംനു-ത്തെ സുപ്രധാനമായ ഭരണപരിവർത്തനമോ, പിന്നീടുണ്ടായ ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണമോ ഇനിയും ഈ രാജ്യത്തുണ്ടാകേണ്ട സോഷ്യലിസ്റ്റ് സാമ്പത്തിക വിപ്ലവമോ മാത്രമല്ലെന്നു് നാം ധരിക്കണം. ഭാരതം അതിപുരാതനമായ ഒരു രാജ്യമാണു്. അതു് അതിവിസ്തൃതമായ ഒരു രാജ്യവുമാണു്; അനേകം കോടി ജനങ്ങളും ഈ ഉപഭ്രഖണ്ഡത്തിൽ അധിവസിക്കുന്നു; അവക്കാകട്ടെ, ആയിരമായിരം വർഷങ്ങളായി വേരുന്നിനിൽക്കുന്നതും, നന്മതിന്മകളും നിറഞ്ഞതും, എങ്കിലും വളരെ സുന്ദരവും, ഉദാരവും, നാനാമുഖവും സങ്കീർണ്ണവുമായ ഒരു സാംസ്കാരിക പൈതൃകമുണ്ടു്. ഈ അമൂല്യസമ്പത്തിനെ പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുഗുണമായി പരി

ഷ്ക്കരിച്ച് പുനഃസംവിധാനംചെയ്യുകയെന്ന ജോലികൂടി ഇന്ത്യൻ വിപ്ലവത്തിന്റെ ഒരതിപ്രധാന ഘടകമല്ലേ? ഭാരതീയ ജനതയുടെ ചിന്താമണ്ഡലത്തിൽ തിലകനും, വിവേകാനന്ദനും, ഗാന്ധിജിയും, ടാഗോറും, ഇഖ്ബാലും, നെഹ്റുവുമൊക്കെ അവരവരുടെ രീതിയിൽ നിർവ്വഹിച്ചിട്ടുള്ള ഈ യുഗപരിവർത്തനമാണ് കേരളത്തിൽ തന്റെ കാവ്യതല്പജങ്ങളിലൂടെ വള്ളത്തോളും നിർവ്വഹിച്ചിട്ടുള്ളതു്. സൂക്ഷിച്ചുനോക്കിയാൽ നമ്മുടെ ദേശീയ നവോത്ഥാനത്തിനു് വള്ളത്തോളും ഇങ്ങിനെ നൽകിയ സംഭാവനകളും വളരെ വലുതാണെന്നു് കാണാം.

മഹാകവിയുടെ കാവ്യജീവിതത്തിന്റെ സുവർണ്ണകാലം തുടങ്ങുന്നതു് കൃസ്താബ്ദം 1912–13 (കൊല്ലവർഷം 1088) മുതൽക്കാണു്. ഒന്നാം ലോകമഹായുദ്ധത്തിന്റെ തൊട്ടുമുമ്പുള്ള കാലം ഇന്ത്യൻ ദേശീയപ്രസ്ഥാനം നമ്മുടെ പുരാതന മഹത്വത്തിൽ അഭിമാനം കൊള്ളുകയും ബ്രിട്ടന്റെ ശ്ലേഷ്മമായ ആധിപത്യത്തിൽ നിന്നു് മുക്തിനേടാൻ വെമ്പിത്തുടങ്ങുകയും ചെയ്യുന്ന കാലം. ''സ്വരാജ്യം എന്റെ ജന്മാവകാശമാണു്'' എന്നു് വിളിച്ചുപറഞ്ഞ ലോകമാന്യ തിലകനായിരുന്നു അന്നു് മുൻപന്തിയിലെ നേതാവു്. ഗാന്ധിജിയുടെ സ്വാധീനം വളർന്നു് കഴിഞ്ഞിട്ടില്ല. ഇക്കാലം മുതൽക്കാണു് നമ്മുടെ പുരാണേതിഹാസങ്ങളുടെ അമൂല്യഭണ്ഡാഗാരത്തിൽ നിന്നു് അപ്രസിദ്ധമായ ചില ഇതിവൃത്തങ്ങളും സ്വീകരിച്ചു്, ''ഗണപതി'', ''ബന്ധനസ്ഥനായ അനിരുദ്ധൻ'', ''ഒരു കത്തു്'', ''ശിഷ്യനും മകനും'' മുതലായ നൂതന ഖണ്ഡകാവ്യങ്ങളും വള്ളത്തോളും രചിച്ചുതുടങ്ങിയതും, അതുവഴി കേരളത്തിൽ പരക്കെ അദ്ദേഹം പ്രസിദ്ധനായതും. ഇവയോരോന്നും വീരരസപ്രധാനമാണു്, ജീവിതത്തിന്റെ എല്ലാ തുറകളിലും നമ്മുടെ സ്വാതന്ത്ര്യബോധത്തെ തട്ടിയുണർത്താൻ പര്യാപ്തമാണു്. ''ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യത്തിലെ:—

''വല്ലായ്മദേവകൾപെടുത്തുവതുംക്ഷമിപ്പൊ—
ന്നല്ലായിരുന്ന ഹഹ, ഭാരതപൂർവ്വരക്തം!''

എന്ന രണ്ടു് വരികളിലെ ആശയം ഈ ഖണ്ഡകൃതികളിലെല്ലാംതന്നെ പൊതുവേ ചലിക്കുന്ന ചൈതന്യത്തെ സുന്ദരമായി സാക്ഷാൽക്കരിക്കുന്നു. ഇതിനുപുറമെ സുമാർ 1916 മുതൽക്കു്'' ''സാഹിത്യമഞ്ജരി''യും ഓരോ ഭാഗങ്ങളായി പുറത്തുവരാനാരംഭിച്ചുവെന്നു് പറഞ്ഞാൽ, വള്ളത്തോളിന്റെ വളർച്ചയിൽ ഈ കാലഘട്ടത്തിനുള്ള പ്രാധാന്യം വ്യക്തമാവുമല്ലോ.

ഇന്ത്യയുടെ പുരാതന സംസ്കാരത്തിൽ തന്റെ ആയുഷ്ക്കാലം മുഴുവൻ അദ്ദേഹം വീണ്ടും വീണ്ടും മുങ്ങിക്കുളിച്ചിട്ടുണ്ടു്. സംസ്കൃതത്തിൽ നിന്നു് വാല്മീകിരാമായണം, ഋഗ്വേദം, നാലഞ്ചു് പുരാണങ്ങളും, ഭാസന്റെ ചില നാടകങ്ങളും, കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം—ഇങ്ങിനെ പലതുമദ്ദേഹം തർജ്ജമചെയ്തുവെച്ചിട്ടുണ്ടു്. കൂടാതെ മൺമറഞ്ഞ കാലങ്ങളുടെ, മായാത്ത ഒരുതരം പരിമളമെന്നു് പറയട്ടെ, കൂടെക്കൂടെ അദ്ദേഹത്തിന്റെ കൃതികളിൽ അങ്ങുമിങ്ങും നമുക്കാസ്വദിക്കാനും കഴിയും. എന്നാൽ, ഇത്രമാത്രം കണ്ടു്, ബാക്കിയെല്ലാം മനഃപൂർവ്വം വിസ്മരിച്ചു്, വള്ളത്തോളെ കേവലം ''ആർഷഭാരത''ത്തിന്റെ കവിയാണെന്നും, അദ്ദേഹത്തിന്റെ ജീവിതവീക്ഷണം ''പൗരാണിക''മാണെന്നും ആരെങ്കിലും ധരിച്ചാൽ, അതു് ശരിയാവുകയില്ല. വള്ളത്തോളെ പ്രാചീനനല്ല, നവീനൻ തന്നെ. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലെ ഇന്ത്യൻ നവോത്ഥാനത്തിന്റെ ശബ്ദമാണു് അദ്ദേഹത്തിന്റെ ശബ്ദം. അദ്ദേഹത്തിന്റെതന്നെ ഭാഷയിൽ,

''ഭൂതകാലത്തിൻപ്രഭാവതന്ത്രക്കളാൽ
ഭൂതിമത്താമൊരു ഭാവിയെനെയ്യു നാം:
വാസരാന്തത്തിൻ കതിർകളിൽനിന്നല്ലീ
ഭാസുരമാകുമുഷസ്സിന്റെയുത്ഭവം?''

എന്നവരികളിലടങ്ങിയിട്ടുണ്ടു് ആ കാലത്തിന്റെ സന്ദേശം.

വള്ളത്തോളിന്റെ ''പുരാണങ്ങളും'' എന്ന കവിതതന്നെ നോക്കുക. അതിലദ്ദേഹം നമ്മുടെ ''മറ്റെങ്ങുമലഭ്യങ്ങളാ''യ പുരാണേതിഹാസങ്ങളിൽ നിന്നു് അടിമഭാരതത്തിന്റെ വിമോചന സമരത്തിനാവശ്യമായ അഭിനവകർമ്മവീര്യവും നാനാമുഖമായ ജീവിതാസക്തിയും, ധർമ്മാധർമ്മബോധവും മറ്റു് ലൗകികഗുണങ്ങളുമാണു് ഉൽഖനനം ചെയ്തെടുത്തു് പ്രദർശിപ്പിക്കുന്നത്. ഒരിക്കലും ജീവിതപരാങ്മുഖതമല്ല; ഇന്ത്യൻ പ്രാചീനസംസ്കാരത്തിന്റെ ഏറ്റവും വലിയ ദൗർബല്യമായ നിർഗ്ഗുണപരബ്രഹ്മപ്രതിപത്തിയല്ല. ഋഷിമാർതന്നെ ''ബ്രഹ്മനിശ്ചലധ്യാനം'' നിർത്തിവച്ചിട്ടായിരുന്നു പുരാണങ്ങളും നിർമ്മിച്ചതെന്നാണു് വള്ളത്തോളിന്റെ വ്യാഖ്യാനം.

ദണ്ഡനാധികാരത്താൽക്കണ്ണുരുട്ടിയോ സ്നേഹാ—
ഖണ്ഡശക്തിയാൽകൈക്കുപിടിച്ചുനിറുത്തിയോ
ഭംഗിയിലനുരാഗാലാപനചതുരകിയോ
നിങ്ങളംപിന്തിരിപ്പിപ്പൂദുഷ്കൃതത്തിൽനിന്നെന്നെ''

എന്നദ്ദേഹം ആദരപൂർവ്വം സ്മരിക്കുന്നു. എന്നിട്ടൊടുവിൽ ആ കൃതി അവസാനിക്കുന്നിതിങ്ങിനെയാണു്:—

''നീതിയുമനീതിയുംധർമ്മവുമധർമ്മവും
വേർതിരിച്ചിഹ നിങ്ങളം ഭരണംനടത്തുന്നു;
പൈതലാംലോകത്തിനു് വിശ്രമാന—
ന്ദം നൽകാൻ
പ്രീതിയിൽത്താലോലിച്ചു താരാട്ടുംപാടീടുന്നു;

ചെങ്കോലുദ്ധരത്തിട്ട യോഗദണ്ഡെടുക്കുന്ന,
പൊൻകിരീടത്തെജ്ജടാജൂടമായ് മാറ്റിടുന്ന;
സ്വർഗ്ഗവും തൃണപ്രായംനിങ്ങൾക്കു; ജഗത്തിങ്കൽ
മൂഢ്യമായൊന്നേയുള്ള—സ്വാതന്ത്ര്യം—
സാക്ഷാൽമോക്ഷം.
പൂതമോങ്കാരംപോലെ തൃക്ഷരാത്മകമാമീ
സ്വാതന്ത്ര്യംലഭിപ്പാനായ്ക്കരണത്രിതയ—
ത്താൽ
സാദരം പ്രയത്നിപ്പിൻ, സാഫല്യപ്പെടുത്തു
വിൻ,
സോദരന്മാരേ, നിങ്ങൾ, സാരമാം നരജ
ന്മം!''

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഗാന്ധിജി നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്കു് ഉയരുകയും അതോടുകൂടി അതൊരു ബഹുജനപ്രസ്ഥാനമായി മാറുകയും ചെയ്തു. അപ്പോഴാണു് വള്ളത്തോൾ ആ പ്രസ്ഥാനത്തെ നേരിട്ടു് സഹായിക്കാൻ വേണ്ടിത്തന്നെയുള്ള രാഷ്ട്രീയകവിതകൾ എഴുതിത്തുടങ്ങിയതു്. അയിത്തോച്ചാടനം, സർവ്വസമുദായൈക്യം, വിദേശവസ്ത്രബഹിഷ്കരണം, ചർക്ക, ഖദർ, മദ്യവർജ്ജനം മുതലായ ഗാന്ധിയൻ പരിപാടികൾ അക്കാലത്തെ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ അവിഭാജ്യഘടകങ്ങളായിരുന്നു. വള്ളത്തോളല്ലാതെ മറ്റാരാണു് ഇതിനെക്കുറിച്ചെല്ലാം അനേകം കൃതികൾ രചിച്ചിട്ടുള്ളതു്? സത്യത്തേയും അഹിംസയേയും മുറുകെപ്പിടിച്ചുകൊണ്ടുള്ള ഗാന്ധിജിയുടെ ധർമ്മയുദ്ധത്തെ പ്രത്യക്ഷമായും പരോക്ഷമായും അദ്ദേഹം തന്റെ തൂലികകൊണ്ടു് പലവുരു സഹായിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ കല കേവലം കലയ്ക്കുവേണ്ടി മാത്രമല്ലായിരുന്നു, അതു് ജനങ്ങളുടെ ജീവിതപ്പോരാട്ടത്തിനുള്ള കനത്ത മൂർച്ചയുള്ള ഒരായുധമായിരുന്നു.

വള്ളത്തോൾ ഈ ഘട്ടത്തിൽ മഹാത്മാഗാന്ധിയെ തന്റെ രാഷ്ട്രീയ ഗുരുവായി അംഗീകരിച്ചു. 1922 ഡിസംബറിലോ മറ്റോ എഴുതപ്പെട്ട ''എന്റെ ഗുരുനാഥൻ'' എന്ന ഊർജ്ജസ്വലഭാവഗീതം ഒരിക്കൽ വായിച്ചവരാരും പിന്നെ മറക്കുകയില്ല തന്നെ.

''ദുർജ്ജന്തുവിഹീനമാംദുർല്ലഭതീർത്ഥഹൃദം,
കുജ്ജലോൽഗമമില്ലാത്തൊരു മംഗളദീപം,
പാമ്പുകൾ തീണ്ടീടാത്ത മാണിക്യമഹാനിധി,
പാഴ്നിഴലുണ്ടാക്കാത്ത പൂനിലാവെന്നാ—
ചാര്യൻ.
ശസ്ത്രമെന്നിയേ ധർമ്മസംഗരംനടത്തുന്നോൻ,
പുസ്തകമെന്യേ പുണ്യാധ്യാപനംപുലർത്തു
ന്നോൻ,
ഔഷധമെന്യേ രോഗംശമിപ്പിപ്പവൻ,
ഹിംസാ—
ദോഷമെന്നിയേ യജ്ഞംചെയ്വവനെ—
ന്നാചാര്യൻ''—

എന്നിങ്ങിനേയും,

''കൃഷ്ണദേവന്റെ പരിത്യാഗശീലവും,
സാക്ഷാൽ—
ക്രൂഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവന്റെദയാവായ്പും,
ശ്രീഹരിശ്ചന്ദ്രനുള്ളസത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാ—
ണണമെങ്കിൽ,
ചെല്ലുവിൻഭവാന്മാരെൻഗുരുവിൻനികടത്തി;—

ലല്ലായ്കിലവിടത്തെച്ചരിത്രം വായിച്ചു
വിൻ''

എന്നുതുടങ്ങിയുമുള്ള ആ കവിതയിലെ ഒട്ടനേകം ഈരടികളുടെ വാഗർത്ഥസുന്ദരമായ ഗംഭീരസംഗീതം, സമുദ്രത്തിരമാലകളുടെ ഇരമ്പംപോലെ ഈ പത്തുനാല്പതു് വർഷങ്ങൾക്കുശേഷവും നമുക്കു് ഇമ്പം തരുന്നില്ലേ? എങ്കിലും, ഗാന്ധിജിയെ വള്ളത്തോളിനു് നേരിൽക്കാണാൻ സാധിച്ചതു് വൈക്കം സത്യാഗ്രഹത്തിന്റെ അവസരത്തിൽ മാത്രമാണു്. ആ സന്ദർശനം തന്നിലുളവാക്കിയ ഭക്തിപാരവശ്യത്തെ ''പാപമോചനം'' (1925 മാർച്ചു്) എന്ന മനോഹരകൃതിയിൽ അദ്ദേഹം ശാശ്വതീകരിച്ചിട്ടുണ്ടു്.

നിയമസഭകളിൽച്ചേർന്നു് പ്രവർത്തിക്കണമെന്നു് വാദിച്ചുകൊണ്ടു് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനകത്തു് ''സ്വരാജ്യകക്ഷി'' യെന്ന പേരിൽ ഒരു മിതവാദി വിഭാഗം പണ്ഡിറ്റു് മോത്തിലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഉയരുകയും, മറ്റൊരു വിഭാഗം ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷു് ഗവൺമെണ്ടിന്റെ എല്ലാ ഔദ്യോഗിക സ്ഥാപനങ്ങളുമായി നിസ്സഹകരണം തുടരുകയും ചെയ്തപ്പോൾ, വള്ളത്തോൾ ഗാന്ധിയൻ വിഭാഗത്തെയാണു് പിൻതാങ്ങിയതു്. ഇതു് ''നിങ്ങൾതൻപോക്കു വിപരീതമാകൊലാ'', ''വൈശസംപോരും, പോരും'' എന്നീ കൃതികളിൽ നിന്നു് കാണാം. പാശ്ചാത്യഭരണകർത്താക്കളുടെ നിയമസഭാസ്ഥാപനങ്ങൾ ഒരുതരം കൺകെട്ടു് വിദ്യയാണെന്നും, അതിൽ നാം പെട്ടുപോകരുതെന്നും അദ്ദേഹം ''നിങ്ങൾതൻപോക്കു വിപരീതമാകൊലാ'' എന്ന കവിതയിൽ സ്വരാജ്യകക്ഷിക്കാരെ താക്കീതു ചെയ്തിട്ടുള്ളതു് ശ്രദ്ധേയമായിരിക്കുന്നു.—

''പശ്ചിമദിക്കിലെപ്പൊൻപൂച്ച നിങ്ങളെ—
പ്പിച്ചുപിടിപ്പിച്ചുവെന്നോ, വിദ്വരേ?
അസ്സോന്മുഖമാംമഹസ്സിൻപടുതിരി
കത്തലാണാക്കണ്ട കാന്തിപ്പകിട്ടകം!
നിത്യമുദയമെങ്ങോട്ടുപോക നാം;
അസ്തമയാഭിമുഖത്വം തമോഗുണം!''

ഇന്ത്യൻ ദേശീയ ജീവിതത്തിലെ സുപ്രധാന രാഷ്ട്രീയസംഭവങ്ങളിൽ കവി അന്നും എത്ര ബദ്ധശ്രദ്ധനായിരുന്നുവെന്നാണിതു് കാണിക്കുന്ന

തു്. പിന്നീടു് 1928—ൽ കൽക്കത്തയിൽവെച്ചു് കോൺഗ്രസ്സു് സമ്മേളിച്ചപ്പോഴും വള്ളോത്തോൾ അതിലൊരു കേരളീയ പ്രതിനിധിയായി സംബന്ധിക്കുകപോലും ചെയ്തിരുന്നു. ഇതിന്റെ ഫലമാണു് ''എന്റെ പ്രയാഗസ്നാനം''. കൽക്കത്താ കോൺഗ്രസ്സു് സമ്മേളനത്തിലേക്കു് സാധാരണക്കാരായ പത്തുപന്ത്രീരായിരം തൊഴിലാളികളും കൃഷിക്കാരും ഇടംപ്രഥമമായി കടന്നുചെന്നവരത്രേ. ഇതു് അവിടത്തെ അഭിജാതരായ മാന്യന്മാരെ വല്ലാതെ സംഭ്രമിപ്പിച്ചു. ഉടനെ കുറെ വളണ്ടിയർമാർ ആ ''ബഹുജനാക്രമണ''ത്തെ തടയാൻ ശ്രമിക്കുകയും ചെയ്തു. ശ്രമം ഫലിച്ചില്ലെന്നുമാത്രം. വള്ളത്തോൾ തന്റെ കവിതയിൽ ആ ''കരിമെയ്യരാ''യ ബഹുജനങ്ങളുടെ അധ്യക്ഷമായ മുന്നേറ്റത്തിനു് ഇന്ത്യയുടെ സമഗ്രമായ മോചനത്തിന്റെ പേരിൽ സംശയലേശമില്ലാതെ സ്വാഗതം ഓതിയിട്ടുണ്ടു്. സ്വാതന്ത്ര്യസമരത്തിൽ അവർക്കും പങ്കുണ്ടായാലേ വിജയമുള്ളുവെന്നു് അദ്ദേഹം തികച്ചും കാണുന്നു.—

''പാരതന്ത്ര്യാരണ്യത്തെ വെട്ടിനീക്കാനും,
പതിർ
ചേരാതെ സൗഭ്രാതൃത്തിൻ വിത്തിനെവിത
പ്പാനും
സാരമാംവിഭവത്തെ വിളയിപ്പാനും, ചുട്ട—
ചോരയുംപ്പാഞ്ഞീടുമീക്കൈകൊ—
താനിളകേണം.
പാരിങ്കലെങ്ങോ പൂഴ്ന്നുകിടക്കുംകൃഷിവേല—
ക്കാരിവരല്ലോ സർവ്വമേന്മയ്ക്കുമുരട്ടകം.
പരമാന്നത്തെക്കൊട്ടാരങ്ങളിൽ നിരത്തുവോർ,
പശിദാഹത്തെ സ്വന്തം കുടിലിൽ നിറു
ത്തുവോർ,
പരരെവെളപ്പിപ്പാൻ തങ്ങളെക്കുറപ്പിപ്പോർ,
പഴയനിസ്സാരർത്ഥരാം കർമ്മയോഗികളിവർ.''

ഇങ്ങിനെ വളരെയേറെ രാഷ്ട്രീയകവിതകളും അദ്ദേഹം അപ്പപ്പോഴും രചിച്ചിട്ടുണ്ടു്. ''പോരാ, പോരാ'' എന്ന പതാകാഗാനം 1930—ലേയും 1932—ലേയും സിവിൽ നിയമലംഘനപ്രസ്ഥാനങ്ങളുടെ കാലത്തു് ഉറക്കെച്ചൊല്ലിക്കൊണ്ടു് എത്രയെത്ര ദേശാഭിമാനികളാണു് സമരങ്ങളിൽ പങ്കുകൊണ്ടിട്ടുള്ളതു്! പോലീസിന്റെ ലാത്തിപ്രഹരമേൽക്കാനും തടവറകളിലേക്കു് നിർഭയം നടകൊള്ളാനും, മരണത്തെപ്പോലും പുല്ലാക്കാനും അതു് എത്രയോ പേർക്കു് അജയ്യമായ പ്രചോദനം നൽകി. അതുപോലെ ഇന്ത്യൻ ഫ്യൂഡൽ സംസ്കാരത്തിന്റെ ഏറ്റവും ദുഷിച്ച വശങ്ങളായ ജാതിവ്യവസ്ഥയും സവർണ്ണാധിപത്യത്തിനുമെതിരായി ''ഒരു തോണിയാത്ര'', ''മഴയത്തൊരു നടത്തം'', ''പാപമോചനം'', ''ജാതിപ്രാഭവം'' ''ശ്രദ്ധരിൽശ്രദ്ധൻ'' തുടങ്ങിയ അനേകം കൃതികളിൽ അദ്ദേഹം ഉച്ചത്തിൽ കാഹളമൂതിയിട്ടുണ്ടു്. നമ്മുടെ പഴഞ്ചൻ സാമൂഹ്യവ്യവസ്ഥിതിയുടെ മറ്റൊരു ദുർഭഗപാരമ്പര്യമാണു് സ്ത്രീകൾ എല്ലാ നിലവാരത്തിലും അനുഭവിക്കേണ്ടിവന്നിട്ടുള്ള അടിമത്തവും, അപമാനവും, ദുഃഖവും. ഇതിനെ എത്ര അനേകം കൃതികളിലാണു് ഈ കവി തുറന്നു കാട്ടിയിരിക്കുന്നതെന്നതിനു് കയ്യും കണക്കുമില്ല. മറിച്ചു് അദ്ദേഹത്തിന്റെ ഉഷ, പാർവ്വതി, നാഗിള, ശകുന്തള, കൊച്ചുസീത, രാധ, ഭാമ, ഗൗരി തുടങ്ങിയ മനസ്വിനിമാർ ഉത്തമഭാരതീയ സ്ത്രീത്വത്തിന്റെ അനർഘസൗഭാഗ്യങ്ങളായി വിലസുന്നു.

വള്ളത്തോൾ മതേതരനായിരുന്നുവോ? നെഹ്റുവിന്റെ ശാസ്ത്രീയ മതേതരത്വം തീർച്ചയായും അദ്ദേഹത്തിനില്ലായിരുന്നു. എന്നാൽ, ഗാന്ധിജി ആവിഷ്ക്കരിച്ച സർവ്വമതമൈത്രിയുടെ ആദർശങ്ങളിൽ ഇളവില്ലാതെ അദ്ദേഹം തന്റെ കവിതയിലൂടെ പ്രചരിപ്പിച്ചിട്ടുണ്ടു്. അന്യമതദ്വേഷമോ ഇതരവിശ്വാസങ്ങളോടു പുച്ഛമോ തീരെ അദ്ദേഹത്തിനില്ലായിരുന്നു. പ്രത്യുത, എല്ലാ മതങ്ങളുടേയും ചരിത്രത്തിലും, ഐതിഹ്യങ്ങളിലും, നിത്യജീവിതത്തിലുമുള്ള ഉൽകൃഷ്ടവശങ്ങളെ അദ്ദേഹം വർണ്ണിച്ചു; വാഴ്ത്തിപ്പാടി. ''ജാതകം തിരുത്തി'', ''പാംസുസ്നാനം'', ''അല്ലാഹ്'', ''ഒരു സന്ധ്യാപ്രണാമം'', ''ഭാരതസ്ത്രീകർത്തൻ ഭാവശുദ്ധി'', ''മംഗലനമറിയം'' മുതലായ പല കൃതികളും ഇതിനു് സാക്ഷ്യം വഹിക്കുന്നുണ്ടു്. ഇന്ത്യയുടെ ദേശീയൈക്യത്തിനും രാജ്യത്തിന്റെ അഭിവൃദ്ധിക്കും വേണ്ടി മതപരമായ എല്ലാ സ്പർദ്ധകളും നാമവശാനിപ്പിക്കണമെന്നും, എല്ലാ മതങ്ങളും പറയുന്ന സത്യം ഒന്നുതന്നെയാണെന്നുമാണു് വള്ളത്തോളിന്റെ മതം. ''പാരവശ്യ''മെന്ന ഭാവഗീതത്തിൽ,

''മതങ്ങളൊക്കെയുംസദൈക്യദർശികം;
മതക്കേർ നാമോ വിഭേദശീലികം:
ഇരുളുണ്ടാക്കുന്നു വെളിച്ചത്താൽ നമ്മം,
മുറുക്കുന്നു ബന്ധം മുമുക്ഷയാൽ നമ്മം''

എന്നു് ഒരു വശത്തു് അദ്ദേഹം വിഷണ്ണനായി വിലപിക്കുന്നു. എങ്കിലും, അതോടൊപ്പം,

''ജാതിമതാദിവഴക്കൊരു നാടിനെ
സ്വാതന്ത്ര്യസിദ്ധിയ്ക്കുനർഹമാക്കീടുമോ?
സോദരർതമ്മിലെപ്പോരൊരു പോരല്ല,
സൗഹൃദത്തിന്റെ കലങ്ങിമറിയലാം''

എന്നു് അദ്ദേഹം ''നമ്മുടെ മുറുപടി''യിൽ ആവിലാപത്തിനുതന്നെ മുറുപടിയും നൽകുന്നുണ്ടു്.

വള്ളത്തോൾ സോഷ്യലിസത്തിന്റെ കവിയാണോ? അല്ല, പക്ഷേ, അദ്ദേഹത്തെ നമ്മുടെ നാടൻ ഫ്യൂഡലിസത്തിന്റെയോമുതലാളിത്തത്തിന്റേയോ കവിയായി കണക്കാക്കുന്നതും പരമാബദ്ധമായിരിക്കും. പുരാണേതിഹാസങ്ങളിൽനിന്നോ ചരിത്രേതിഹാസങ്ങളിൽ നിന്നോ അദ്ദേഹമവതരിപ്പിച്ചിട്ടുള്ള ചില കഥാപാത്രങ്ങൾ രാജാക്കന്മാരോ രാജ്ഞിമാരോ ആവാം; എങ്കിലും

നവീനഭാരതത്തിൽ നിന്നു് ബ്രിട്ടീഷ് വാഴ്ച കെട്ടുകെട്ടുന്നതിനു് തൊട്ടുമുമ്പു് (1947 ജൂൺ–ജൂലായി) നാടാകെ നാട്ടുരാജ്യപ്രജകളുടെ വിമോചന പ്രസ്ഥാനം ആളിക്കത്തിയപ്പോഴും, അതിനെതിരായി ''സ്വതന്ത്ര തിരുവിതാംകൂർ'' എന്നൊക്കെ പ്രഖ്യാപിച്ചുകൊണ്ടിരുന്ന സാമ്രാജ്യത്വപാദസേവകരായ ഇന്ത്യൻ ഫ്യൂഡൽ രാജാക്കന്മാരെ ''ഇന്നത്തെ നിഘണ്ടുവിൽ'' എന്ന കൃതിയിലദ്ദേഹം കളിയാക്കിയിരിക്കുന്നതു് തീക്ഷ്ണമായ ഭാഷയിലാണു്.–

> ''ഇമ്മഹാഭോഗർതൻദിവ്യരത്നോജ്ജ്വല–
> പ്രൊന്മേഷാതിരമിട്ട കൈകഴുക്കനാരതം
> അമ്മറുകോയ്മതൻകാൽതലോടാം,
> തൊഴാ;–
> മമ്മയെപ്പൂജിക്ക പോരായ്മയാണപോൽ!
> ക്ഷോണിയെത്താങ്ങുംഫണീന്ദ്രനെറവംഗജ–
> രാണപോൽപുല്ലിൽപ്പതിഞ്ഞഞാഞ്ഞൂകയും
> താരങ്ങൾതൻതറവാട്ടുകാരാണപോൽ,–
> പാറിപ്പറക്കുന്ന മിന്നാമിനുങ്ങുകളും!''

എന്നിട്ടു് ഒടുവിലദ്ദേഹം കൂടുതൽ പരിഹാസദ്യോതകമായി അവരെ ഉപദേശിക്കുന്നു.–

> ''ശാസ്ത്രജ്ഞർപുറ്റുംപ്രതിഷ്ഠിച്ചഭ്രപർതൻ–
> ഗോത്രജരെങ്കി,ലിസ്സിംഹാസനങ്ങളിൽ
> പേത്തുമനങ്ങാതിരുന്നുകൊൾവിൻസുഖം,
> ക്ഷേത്രപീഠങ്ങളിലീശ്വരർപോലഹോ.
> ''പ്രത്യക്ഷദൈവതം''രാജേതിഭാഷിതം
> പ്രത്യക്ഷരംശരിയായിരിക്കാം പുരാ;
> അദ്യശനേർമറിച്ചായ്പ്പോയ്–മനുഷ്യത്വ–
> മർദ്ദകൻ മന്നനിന്നത്തെനിഘണ്ടുവിൽ.''

വള്ളത്തോൾ ആദ്യം മുതൽക്കേ ഇന്നാട്ടിലെ ഗ്രാമീണരായ സാധാരണ ജനങ്ങളുടെ കവിയാണു്; ജന്മി–മുതലാളി വർഗ്ഗങ്ങളുടെയല്ല. ''ഉണ്ണാനില്ല, ഉടുപ്പാനില്ല'', ''കാറുകണ്ട കർഷകൻ'', ''തിരുർ–പൊന്നാനിപ്പുഴ'', ''മാപ്പു്'' ''അദ്വൈതംശിവംശാന്തം'', ''നിത്യകന്യക'', ''മറിമായം'', ''ഇന്ത്യയുടെ കരച്ചിൽ''–ഇങ്ങിനെ അദ്ദേഹം എഴുതിയിട്ടുള്ള അസംഖ്യം കവിതകളും ഇതു് വിളിച്ചോതുന്നു. അവയിലോരോന്നിലും ഈ സൃഷ്ടിഭൂമിയിലെ ഭൂരിപക്ഷം മനുഷ്യരുമനുഭവിക്കുന്ന നിത്യദാരിദ്ര്യത്തിന്റെയും ഒടുങ്ങാത്ത ദൈന്യത്തിന്റേയും കരളലിയിക്കുന്ന ചിത്രങ്ങളും ധാരാളമുണ്ടു്. ആ ചിത്രങ്ങളും പ്രതിനിധാനം ചെയ്യുന്ന വേദനയെ വിസ്മരിച്ചുകൊണ്ടു് വള്ളത്തോളിനെ ഓർക്കാൻ വയ്യ. ഷൊർണ്ണൂരിലെ തീവണ്ടിയാപ്പീസിൽ, ആരും നോക്കാനില്ലാതെ ദേവകല്പന്മാരാൽ പരിഹസിക്കപ്പെട്ടു്, യമാഗമം പാർത്തുകൊണ്ടു് ശ്വാസം വലിച്ചു് കിടക്കുന്ന ആ കൂലിപ്പണിക്കാരന്റെ പട്ടിണിക്കോലം ഹൃദയാലുവായ കവിയിലുണർത്തുന്ന വികാരം കേവലം ദീനാനുകമ്പമാത്രമല്ല, മുതലാളിത്തവ്യവസ്ഥയോടുതന്നെയുള്ള ഉഗ്രമായ പ്രതിഷേധമാണു്''–

> ''പൈശാചതൃഷ്ണയ്ക്കടിപെട്ടൊടുങ്ങാ–
> പ്പണിയ്ക്കനിർത്തും മുതലാളിവർഗ്ഗം
> ചെഞ്ചോരതീർന്നപ്പൊഴതിട്ടെറിഞ്ഞ
> മനുഷ്യദേഹങ്ങളിലൊന്നിതത്രേ!
> സുഖാത്മതം സൈരമശിച്ച ദിവ്യ–
> സൗധേ രമിപ്പൂ മുതലാളിവീരൻ;
> അയാംശുക വീൺതീർത്തവരോ, വിശന്ന
> വല്ലേടവും വീണുമരിച്ചിടുന്നു!''

ഈ വരികളദ്ദേഹം എഴുതിയതു് കേരളത്തിൽ മാർക്സിസ്റ്റാശയങ്ങൾ പ്രചരിച്ചുതുടങ്ങുന്നതിനു് എത്രയോ മുമ്പായിരുന്നുവെന്നുകൂടി ഓർക്കണം. പിന്നീടു് ഇന്ത്യയുടെസ്വാതന്ത്ര്യലബ്ധിക്കുശേഷം അദ്ദേഹം റഷ്യ സന്ദർശിച്ചപ്പോൾ, ജന്മിത്വവും മുതലാളിത്തവുമൊന്നുമില്ലാത്ത ഒരു നൂതന സമ്പദ്വ്യവസ്ഥ–സോഷ്യലിസം–അവിടെ ഉയർന്നിരിക്കുന്നതദ്ദേഹം കണ്ടു. ആ പുതിയ സാമൂഹ്യക്രമത്തിന്റെ കാഴ്ച അദ്ദേഹത്തിലുണർത്തിയ ആശ്ചര്യവും ആഹ്ലാദവും ''ലെനിന്റെ ശവകുടീരത്തിൽ'', ''സ്റ്റാലിൻ–ഹാ!'', ''നവംബർ ഏഴു്'', മുതലായ കൃതികളിൽ സുന്ദരമായി പ്രതിഫലിച്ചിട്ടുമുണ്ടു്. പക്ഷേ, റഷ്യൻ വിപ്ലവത്തിനും ചൈനീസു് വിപ്ലവത്തിനും ഒക്കെ അഭിവാദ്യങ്ങളർപ്പിക്കുമ്പോഴും താനൊരിന്ത്യക്കാരനാണെന്ന ബോധം ഒരിക്കലുമദ്ദേഹം ഉപേക്ഷിക്കുന്നില്ല, ആ അഭിമാനത്തിൽ നിന്നു് എള്ളിടവ്യതിചലിക്കുന്നില്ല.

വള്ളത്തോൾ, അപ്പോൾ, മൊത്തത്തിൽപ്പറഞ്ഞാൽ, ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലെ ഭാരതീയനവോത്ഥാനത്തിന്റെ പുംസ്കോകിലമാണു്. ആദ്യവും അവസാനവുമദ്ദേഹം ഇന്ത്യൻ ദേശീയ വിപ്ലവത്തിന്റെ കവിയാണു്. ഇന്ത്യാചരിത്രത്തിന്റെ ഏറ്റവും പഴയ ഏടുകളിൽപ്പോലും ഒരു പുതിയ പ്രഭാതത്തിന്റെ പൊന്നൊളി ചിതറിയ ആ ഉജ്ജ്വല കാലഘട്ടത്തിന്റെ ബഹുമുഖസംസ്കാരത്തെ–അതിന്റെ ആത്മീയവും ഭൗതികവും, പൗരാണികവും, നവീനവും, ധാർമ്മികവും, സാമൂഹ്യവും, രാഷ്ട്രീയവുമായ വിവിധ ചലനങ്ങളെ–അഗാധമായും സമഗ്രമായും സ്വായത്തമാക്കിക്കൊണ്ടു്, ആ അനുഭൂതിയിൽ നിന്നു് വീണ്ടും വീണ്ടും മനോഹര കാവ്യശില്പങ്ങൾ വാർത്തെടുക്കാൻ വള്ളത്തോളിനു് തന്റെ ജീവിതാന്ത്യംവരെ കഴിഞ്ഞുവെന്നതാണു് അദ്ദേഹത്തിന്റെ അനശ്വരത്വത്തിനു് നിദാനം. അദ്ദേഹം യുഗപ്രഭാവനായിരുന്നു. അദ്ദേഹത്തിന്റെ പാരമ്പര്യം ഇനിയും മലയാളകവിതയുടെ വികാസത്തിനു് മാർഗ്ഗദർശനം നൽകട്ടെ.

മശലനമറിയവും കൊച്ചുസീതയും

വള്ളത്തോൾകവിതയിലെ ഇമേജുകളെക്കുറിച്ചൊരു പഠനം

വിഷ്ണുനാരായണൻ നമ്പൂതിരി

സാഹിത്യലോകത്തു് അശ്ലീലമെന്നുവച്ചിട്ടുള്ള ഒരു വിഷയത്തെ കൈകാര്യം ചെയ്തുകൊണ്ടു് വള്ളത്തോൾ രചിച്ചവയാണു് ഈ രണ്ടു കൃതികളും. ഇവയെക്കുറിച്ചുള്ള നിഷ്കൃഷ്ടമായ പഠനം സ്വാഭാവികമായും നമ്മെ സദാചാരത്തെക്കുറിച്ചുള്ള മൗലികപ്രശ്നങ്ങളോളംകൊണ്ടെത്തിയ്ക്കുന്നു. സ്വതന്ത്ര ചിന്തകനെ സംബന്ധിച്ചടത്തോളം ലൈംഗിക സദാചാരവും സാമൂഹ്യമൂല്യങ്ങളുമെല്ലാം അതിർവരമ്പു മാഞ്ഞും കെട്ടുപിണഞ്ഞും കിടക്കുന്ന, ആപേക്ഷിക കാര്യങ്ങളാണല്ലോ. മഹാകവിതന്നെ ഒരിക്കൽ കലയെയും സദാചാരത്തേയും പറ്റി ഉന്നയിച്ച ആത്യന്തികമായ അഭിപ്രായേങ്ങളും കൊടിയ വിവാദങ്ങൾക്കു വഴിതെളിയിച്ചിട്ടുണ്ടു്. പില്ക്കാല നിരൂപണങ്ങളും മശലനമറിയത്തിലും കൊച്ചുസീതയിലും അന്തർഭവിച്ചിട്ടുള്ള സദാചാര പ്രശ്നങ്ങളെ ചർച്ച ചെയ്തിട്ടുമുണ്ടു്. മശലനമറിയത്തിനു് ചിത്രമെഴുത്തു കെ. എം. വഗ്ഗീസു് എഴുതിയ അവതാരിക മുതൽക്കിങ്ങോട്ടു്, മതവും കവിതയും കൂട്ടിക്കുഴച്ചു് മഹാകവിയെ ചെളിയെറിയുകയും ചന്ദനം ചാർത്തുകയും ചെയ്തിട്ടുള്ളതിനും, സാക്ഷ്യങ്ങളുണ്ടു്. നിരൂപണരംഗത്തെ പൊതുവിൽ, ശ്ലീലാശ്ലീല കാവ്യ സൗന്ദര്യചർച്ചകളെക്കാൾ കാവ്യബാഹ്യവിഷയങ്ങളെച്ചൊല്ലിയുള്ള കോലാഹലങ്ങളാണല്ലോ ഉയർന്ന കേൾക്കാറുള്ളതു്. കവിഹൃദയത്തിലേയ്ക്കിഴിയും മുമ്പുതന്നെ കവിയെക്കുറിച്ചും കവിതയെക്കുറിച്ചും മതിപ്പുകൾ അളന്നു തിട്ടപ്പെടുത്തിക്കഴിയുന്നവനാണു് ഇന്നത്തെ ശരാശരി അനുവാചകൻ. സാധാരണ കവികളുടെ കാര്യത്തിൽ ഈ സമീപനംകൊണ്ടുണ്ടാവുന്ന നഷ്ടം സാരമില്ലെന്നു വെച്ചാൽക്കൂടി; വള്ളത്തോളിനെപ്പോലുള്ള ഒരു പ്രതിഭാശാലിയുടെ കൃതികളെ ആദരവോടും അന്വേഷണ ബുദ്ധിയോടുംകൂടി പഠിക്കാഞ്ഞാലുള്ള ദോഷം ചില്ലറയല്ല—നമ്മുടെ കവികളുടെ ഇടയിൽ ''പ്രാജാപത്യം'' ഉറപ്പിച്ച കഴിഞ്ഞ വരകവിയാണല്ലോ വള്ളത്തോൾ.

പഴയ ശ്ലീലകലാവാദികൾ ചെയ്തിരുന്നപോലെ വാക്കും പൊരുളും ചികഞ്ഞു് ചികഞ്ഞു് കവിത കളഞ്ഞുകുളിച്ചു് ആസ്വാദനം കാടുകയറാണമെന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. കാവ്യ സൗന്ദര്യത്തിന്റെ അവധാനപൂർവ്വമായ വിശകലനത്തിലൂടെയും സമഗ്രദർശനത്തിലൂടെയും കവിഹൃദയത്തോളമെത്തുക ആവണം അനുവാചകന്റെ ലക്ഷ്യം. ഇതിനു് നിഷ്കൃഷ്ടമായ പഠനം അനിവാര്യമാണല്ലോ.

കവിഹൃദയത്തിലേയ്ക്കു പല മാർഗ്ഗങ്ങളുണ്ടു്. താരതമ്യേന വിവേചനങ്ങളിലൂടെ കവിതയുടെ അടിസ്ഥാന ഗുണമെന്നു താൻ കരുതുന്ന മൂല്യങ്ങളെ നിർദ്ധാരണം ചെയ്തുകൊണ്ടുള്ള മാർഗ്ഗമാണു് മുണ്ടശ്ശേരി അവലംബിച്ചിട്ടുള്ളതു്. (മാറ്റൊലി) കാവ്യ ശരീരത്തിന്റെ സാംഗോപാംഗഘടനയിലെ ആഹാര്യതകളിലൂടെ കവിതയുടെ ആത്മസൗന്ദര്യം കണ്ടെത്തുകയാണു് വ്യാഖ്യാനങ്ങളിലൂടെ മാരാർ ചെയ്തിട്ടുള്ളതു്. പാശ്ചാത്യവിമർശകർ സ്വീകരിച്ചിട്ടുള്ള മൂന്നാമതൊരു മാർഗ്ഗമാണു്, കവിഹൃദയത്തിൽ നിന്നു് നേരിട്ടു വരുന്ന സാർത്ഥകബിംബങ്ങളുടെ പഠനത്തിലൂടെ കവിയെ സമീപിക്കുക എന്നതു്.

കവി എന്തിനാണു് ഇമേജുകളെ ഉപയോഗിക്കുന്നതു്?

ശാസ്ത്രകാരന്റെ ''നേരെ ചൊവ്വേ'' ഉള്ള ഭാഷയിൽ പറഞ്ഞാൽ വെളിപ്പെടാത്ത ചില ആന്തരസത്യങ്ങളെ ആവിഷ്കരിക്കാനാണല്ലോ ഏതു കവിയും ആർക്കുമിഷ്ടമല്ലാത്ത ഈ ''കവിതക്കോട്ടു്'' എടുത്തണിയുന്നതു്; സർഗ്ഗനിരതമായ കവിമനസ്സിൽ പലപ്പോഴും പൂർവ്വാർജ്ജിതങ്ങളായ ബോധപരമ്പരകളെ സമർത്ഥ ബിംബങ്ങളായി ഉണർന്നു വരുന്നു. വാഗ്ധ്യാരുടെ ദൃഷ്ടിയിൽ വെറും ''രണ്ടു്'' മാത്രമായ ആ ''ഒന്നും ഒന്നും'' കൊച്ചു കുട്ടിയായ മജീദിന്റെ മനസ്സിൽ ''ഇമ്മിണി വലിയ ഒന്നാ''യ പുഴയുടെ ചിത്രം ഉദിപ്പിക്കുന്നതു്, കൗമാരത്തിന്റെ കവിത്വമാണു്. (ബഷീർ—ബാല്യകാലസഖി) കവിയെ സംബന്ധിച്ചേടത്തോളം ഈ ബിംബങ്ങൾക്കു് സവിശേഷമായ ഒരർത്ഥവും പ്രാധാന്യവും ഉണ്ടു്. അവ, കവിയുടെ അടിസ്ഥാന ജീവിത പ്രമാണങ്ങളോടും മൂല്യബോധങ്ങളോടും വിശ്വാസങ്ങളോടും ബന്ധപ്പെട്ടുകിടക്കുന്നു; അവയെ പ്രതിനിധാനം ചെയ്യുന്നു. ഷെല്ലിക്കു് മരിച്ച ഇലകളും, ജീർണ്ണമായ യാഥാസ്ഥിതികത്വത്തിന്റെ

മുദ്രകളാണു്, എവിടെയും എക്കാലത്തും, ഷേക് സ്പിയർക്കു് നരച്ചമഞ്ഞു് വാർദ്ധക്യവും , വേനൽ ഉല്ലാസവുമാണു്, എലിയറിനു് വരണ്ട മണ്ണും പൊടിയും, മനുഷ്യരാശിക്കു് കൈമോശം വന്ന സംസ്കൃതിയുടെ തകർച്ചയാണു്. ചങ്ങമ്പുഴയുടെ 'വെള്ളിനക്ഷത്ര'വും, ഇടപ്പള്ളിയുടെ 'മണിനാദ'വും, ഓ. എൻ. വി. യുടെ ''കൊച്ചു ദുഃഖത്തിൻ പച്ചത്തുരുത്തും'' സാർത്ഥകബിംബങ്ങളാകുന്നു. ഈ ബിംബങ്ങളെല്ലാം അവരുടെ കവിതകളിൽ ആവർത്തിച്ച കാണാവുള്ളതുതന്നെ, അവയ്ക്ക കവിമനസ്സിലുള്ള 'ശ്രുദ്ധമൂലത്വ'ത്തെ വിളിച്ച പറയുന്നു.

നമുക്കു് വള്ളത്തോളിന്റെ ഉപര്യുക്തകൃതികളിലേയ്ക്ക ഒതുങ്ങി നില്ക്കാം. പാപത്തിൽ നിന്നുള്ള മോചനമാണു് കഥാതന്തു, രണ്ടിലും. സനാതനിയായ കെ. നാരായണമേനോന്നു് ധർമ്മം,ചാരിത്രം, വിശുദ്ധി എന്നിവയെക്കുറിച്ചു് ഉറച്ച ധാരണകളാണുള്ളതു്, വള്ളത്തോൾക്കവി സദാചാരത്തെക്കുറിച്ചെന്തു പറഞ്ഞാലും. ''വ്യഭിചാരം പാപമാണു്, അതു വളരുന്നതു് ലോകത്തിൽ പ്രവൃദ്ധമായിക്കാണുന്ന അധർമ്മത്തിന്റെ സാഹചര്യത്തോടെയാണു്. പശ്ചാത്താപത്തിലൂടെയും (മറിയം) ആത്മത്യാഗത്തിലൂടെയും (കൊച്ചുസീത) കളങ്കമറ്റ് വിശുദ്ധിയാർജ്ജിക്കുന്നവരത്രെ പുണ്യാത്മാക്കൾ'' അങ്ങനെയുള്ള രണ്ടു് വനിതാരത്നങ്ങളുടെ കഥ പറയുന്ന വള്ളത്തോളിന്റെ മനസ്സിൽ നിയതാർത്ഥകങ്ങളായ ചില ഇമേജുകൾ ആവർത്തിച്ചാവർത്തിച്ച ഉണർന്ന വരുന്നുണ്ടു്. നിലാവു് വിശുദ്ധിയുടെ സിംബലം ആയിരിക്കുന്നു. ചന്ദ്രനും നക്ഷത്രങ്ങളും കളങ്കം നീക്കുന്ന ജ്യോതിർമ്മയരത്രേ. മശലനമറിയം ആകെത്തന്നെ നിലാവിന്റെ കാവ്യമാണെന്നു പറയാം. വാർതിങ്കളിന്റെ ''വെൺചാറൊന്നു പൂശി'യാണു് ആരംഭംതന്നെ. ക്രിസ്തുദേവൻ വിരുന്നേൽക്കുന്നേരം, താബോർ മലയിലെ തരുക്കളെല്ലാം ചിന്നും നിലാവിനാൽ വെള്ളിയലുക്കിട്ട, തല കുലുക്കി താളം പിടിക്കുന്ന—അടുത്തു വരുന്ന മാനസാന്തരം ഓർത്തു്. പതിതയായ മറിയത്തെക്കണ്ടു് താഴത്തേയ്ക്ക താരകം സൂക്ഷിച്ച നോക്കവേതന്നെ, വിശുദ്ധികരനായ ചന്ദ്രൻ തൂക്കുരം കൊണ്ടു് ആ കൂരിരുംചുരുൾ തൊട്ടഴിയുന്നുണ്ടു്. പശ്ചാത്താപവിവശയായ മറിയത്തിന്റെ മുന്നിൽ''രക്ഷിയ്ക്ക ചാരിത്രം'' എന്ന അരുളപ്പാടു് 'നക്ഷത്രം'പോലെ മിന്നി നിൽക്കുന്നു. ക്രിസ്തുവിന്റെ അനുഗ്രഹം അവളിൽ''വെൺ ചന്ദ്രികയ്ക്ക നിറം കൂട്ടുമാറൊന്നു പുഞ്ചിരിക്കൊണ്ടു്'' പതിയുമ്പോലെതന്നെ.

''ചന്ദ്രമസ്സുന്നിദ്രനക്ഷത്രമദ്ധ്യത്തിൽ
നിന്നുവിളങ്ങിനാനൊന്നുകൂടി.''

അതോടെ മറിയം പൂർണ്ണവിശുദ്ധിയെ പ്രാപിക്കുന്നു. അങ്ങിങ്ങാവർത്തിച്ച വരുന്ന ഈ വിശുദ്ധിയുടെ ബിംബങ്ങളും, കാവ്യത്തിന്റെ കേന്ദ്രമായ ആശയത്തിലേയ്ക്ക കാതലായൊരംശം സംഭാവന ചെയ്യുന്നുണ്ടെന്നു് ഓർക്കുമ്പോഴേ,

''ശാരദപൗർണ്ണമീചന്ദ്രബിംബത്തോട്ട
കേറിക്കയർത്ത തൻ കേളീസൗധം
ബന്ധുരഗാത്രിയ്ക്ക ഭീഷണമായ്ത്തീർന്നി—
തന്ധതാമിസ്രപ്രദേശം പോലെ''.....

''പാരാതവളുടെ സൽക്രിയാസൗരഭ്യം
താരാപഥത്തിലും വ്യാപരിച്ചു. ''

തുടങ്ങിയ മറനേകം വരികളുടെ സവിശേഷത മനസ്സിലാകയുള്ളു.

കൊച്ചുസീതയിലും താരാചന്ദ്രമസ്സുകം ശുദ്ധിയുടെ ബിംബങ്ങളാണു്, ശുദ്ധികരന്മാരുമാണു്. പുണ്യവാസനയോടേ പിറന്ന ചമ്പകവല്ലി ,കാനന ചന്ദ്രിക'യാവുന്നല്ലോ എന്നു് തള്ളയുടെ ഖേദം, അവർക്ക പകരം നീളൻതലയിണയെപ്പുണർന്നിളിഭ്യനായ ധനാഢ്യനെക്കുറിച്ചു് കവി ''ജാലരന്ധ്രാപ്തനിലാവിനെ നക്കുന്ന'' പാവം എന്നു്, ഒളിച്ച പോകുന്ന ആ കന്യകയ്ക്ക താരകങ്ങളം മാത്രം തുണ നിന്നു വഴി കാട്ടി എന്നും... എന്തിനു്, തുടക്കത്തിലുള്ള

''അച്ചാരുഗാത്രിതൻ വക്ത്രചന്ദ്രങ്കൽനി—
ന്നച്ചലിയ്ക്കുമൃഷികാവ്യഗാനാമൃതം
ഉച്ചക്കൊട്ടംവെയിൽ വെണ്ണിലാവാകുമാ—
റച്ചസൗധാങ്കണത്തിങ്കലൊഴുകിതേ''

എന്ന വരികളംതന്നെ ചന്ദ്രന്റെ ശുദ്ധീകരണക്ഷമത സൂചിപ്പിക്കുന്നു. ''ഏതിന്റെ തേജസ്സുരുന്ധതീ നക്ഷത്രം'' എന്നു തുടങ്ങുന്ന വരികളിൽ ഈ ബിംബത്തിന്റെ വാച്യമായ വ്യാഖ്യാനവും അടങ്ങുന്നു.

ഇരുട്ടിനെ പാപത്തിന്റെ സിംബലം ആയി പലരും സങ്കല്പിച്ചിട്ടുണ്ടു്. എന്നാൽ, വെയിലിനെ അധർമ്മത്തിന്റെ ബിംബമാക്കിക്കൊണ്ടുള്ള സങ്കല്പം വള്ളത്തോളിനു് പ്രത്യേകിച്ച പഥ്യമായിരുന്നെന്നു വേണം കരുതാൻ. ''ദേശീയ പതാക അന്തരീക്ഷത്തിലെ അധർമ്മാതപത്തെ വീശിക്കളയട്ടെ'' എന്ന ആശയം സാഹിത്യ മഞ്ജരികളിൽ ഒന്നിലധികം തവണ ആവർത്തിച്ചുകാണാം. വെയിൽ, ചൂടു്, തീയു് എന്നിവയെ അധർമ്മത്തോടു് സമീകരിച്ചിരിക്കയാണു് വള്ളത്തോൾ; പാപത്തെ ഇരുട്ടിനോടും. മറിയത്തിന്റെ കാർകുഴൽ കൂരിരുംചുരുളാണു്, അതിനെ ''തൂക്കരംകൊണ്ടിരുംപോക്കും ചന്ദ്രൻ'' ഉഴിയുന്നുണ്ടു്. ആ പനിനീരലർ വിടർന്നതുതന്നെ ദാരിദ്ര്യശ്രേഷ്ക്കമായ കുടിലിന്റെ പാഠപ്പുറത്താണു്. മാനസാന്തരം വന്ന അവൾ ''കൂരിരുട്ടേറിയ രാവി''നെപ്പോലെ ക്രമത്തിൽ തേജസ്സിൽ ലയിച്ച. ക്രിസ്തുദേവന്റെ അനുഗ്രഹം''ഉച്ചൈ സ്ചേരായ്വാൻതക്കവണ്ണം'' ആണു്. ആ പൊൻ

ക്കൈകളാകട്ടെ, ''തീയ്യിനെപ്പോലും തണുപ്പിയ്ക്കു'' ന്നവയത്രെ...കൊച്ചുസീത രാമായണം വായിച്ചു് സീതാദേവിയുമായി താദാത്മ്യം പ്രാപിക്കുമ്പോഴും ''ഉച്ചക്കൊട്ടംവെയിൽ'' ''വെണ്ണിലാ''വാകുന്നു. സീതയുടെ ചാരിത്ര തേജസ്സിൽ ''ഘോരമായാളിന തീയും തണുത്തുപോയ്,'' ചമ്പകവല്ലിയുടെ പ്രയാണത്തിനു് അന്ധകാരം വിഘ്നം വരുത്തിയെങ്കിലും താരകങ്ങളും വഴികാട്ടി. കാവ്യത്തിന്റെ ഉപസംഹാരം തന്നെ,

....''നിന്നെരിതീയ്യിനാൽ
എത്ര ചമ്പകവല്ലിയുണ്ടിങ്ങനെ
ദഗ്ധയാകുന്നു...''' എന്നാണു്.

ഈ ബിംബങ്ങളുടെ ആവർത്തനങ്ങളും യാദൃച്ഛികമല്ലെന്നതും, കവിതയുടെ കാതലായ അർത്ഥത്തിന്റെ അംഗങ്ങളായി അവ നിലകൊള്ളുന്നു എന്നതും ശ്രദ്ധേയമാണു്. എന്നാൽ, പഠനം അവസാനിപ്പിക്കുന്നതിനു മുമ്പു്, പാപബോധംകൊണ്ടു് ഭ്രാന്തുപിടിച്ച മറിയത്തിന്റെ മനസ്സിലെ ആ ''വെളിപാടു്'' മുഴുവൻ അങ്ങനെത്തന്നെ ഉദ്ധരിച്ചെങ്കിലേ എനിയ്ക്കു തൃപ്തിയാവൂ. ഉന്മിഷത്തായ കവിചേതനയിലേയ്ക്കു് അബോധമനസ്സിലെ ആദിബിംബങ്ങളും എരിഞ്ഞാളിപ്പടർന്നയരുന്നതു കാണുക.—

''ചൂടപരത്തുന്ന ചെന്തീപ്പിശാചുക്കൾ
ചൂഴറ്റപോലിവൾ ചൂളുകയായ്.
വന്മരുഭ്വൊന്നയർന്ന പരന്നിതു
തന്മനോരാജ്യത്തിൽ നാലു പാട്ടം,
പച്ചയായൊന്നുമില്ല,ങ്ങപ്പുറമ്പാകെ—
യുച്ചവൈലേറെരിഞ്ഞുജ്വലിച്ചു.....
.....
പോക്കണംകെട്ട ചെകുത്താനിവളെയ—
ത്തീക്കടൽ മദ്ധ്യത്തിൽക്കൊണ്ടുതള്ളി,
ആളിന തീയ്യിൽനിന്നുത്ഥിതരായ്ച്ചില
കാളായസാംഗന്മാർ കൈകളും നീട്ടി
ആഞ്ഞുപിടിച്ചുപൂൽകാനായിത്തൻനേർക്കു
പാഞ്ഞെല്പതായുമിവരുംകുതോന്നി.. ''

തപോനിരതയായ നളിനിയ്ക്കു് ''വന്ന നിൻ പ്രിയൻ'' എന്നറിയിക്കുന്ന വസിഷ്ഠഭാമിനിയെയും, പാർവ്വതിയുടെ മുമ്പിൽ വട്ടരൂപമാർന്നെത്തുന്ന ശിവനേയും സ്വപ്നം കാട്ടിക്കൊടുത്ത ആശാനിൽനിന്നല്ലാതെ മറാരിൽനിന്നു കൂടി നമുക്കു പ്രതീക്ഷിയ്ക്കാം, കുളിർകോരിയിടുന്ന ഇത്തരം ഭാവപാരമ്യം?

വീശേണമോ ക്ലമവും കുളിർകാറു കിട്ടാൻ
നാളീകശീതളദളവ്യജനങ്ങളാൽ ഞാൻ?
അങ്കത്തിൽ വെച്ചുഥ തലോടുക വേണമോ നിൻ
ചെന്താമരക്കഴൽകളെക്കരഭോരു മന്ദം?

''ശാകുന്തളം''

വന്ദനം!

—കൃഷ്ണൻ പറപ്പിള്ളി

വന്ദനം! വന്ദനം! വന്ദ്യമഹാകവേ,
വന്ദനം! സൽക്കാവ്യവാരിരാശേ,
ഭാരതാരാമമാം കേരളഭ്രമിതൻ
ഭാഗധേയാപ്തിതൻ പൊൽത്തിടമ്പേ,
നീണാൾ ജയിയ്ക്ക നീ, നീണാൾ ജയിയ്ക്ക നീ,
നീടെഴും നിർവൃതിയാർന്ന മേന്മേൽ.

നിന്മണിവീണയിൽനിന്ന പകർന്ന നീ
നന്മധുവൂറിടും ഗാനധാര.
താഴേയ്ക്ക നോക്കിയത്താരകം കൂടിയും
കോരിത്തരിപ്പു നിൻ ഗാനവായ്പിൽ.
മഞ്ജുളാരാമമായ് മാറി നീ മാൺപെഴും
'മഞ്ജരീ'രാജിയാൽ കേരളത്തെ.
നിൻകരലാളനമേൽക്കയാൽ നാടിതിൽ
നിന്ന കിളർന്ന കലകം വീണ്ടും.
നാടിതിൻ ചിന്തയ്ക്ക നാമ്പടഞ്ഞീടവേ,
കൂടും തിമിരം പരന്നിടവെ,
മുന്നേറാൻ നാട്ടാർക്ക നൽകി നിൻ ഭാവന
പൊന്നിൻ പ്രദീപങ്ങൾ നീളെനീളെ.

നിൻനവഭാവന നിമ്മിച്ച നിസ്തുല
നന്ദനോദ്യാനത്തിൻ മഞ്ജിമയിൽ,

വെള്ളപ്പളുങ്കൊളി താവിയൊഴുകിടും
വള്ളത്തോടംഗംഗയിൽ നീന്തിനീന്തി,
കോടംമയിർക്കൊണ്ടീടും കേരളമെന്നെന്നും
കേവലാനന്ദലഹരിയാലെ.

ശ്രീകാളിദാസനും വ്യാസനും ഭാസനും
മൂകനും മുഖ്യനാം വാല്മീകിയും
ഗീർവാണ വാണിയ്ക്ക നൽകിയതെന്താരു
നിർവാണസൗഖ്യമാണാ, യതിപ്പോഴം
കൈരളീകന്യയ്ക്ക കൈവന്ന കല്യനാം
കൈവല്യദായകൻ നിൻകരത്താൽ.

വെൽക നീ! വെൽക നീ! വന്ദ്യമഹാകവേ!
വെൽക നീ; സൽക്കാവ്യവാരിരാശേ;
വാരിച്ചൊരിയട്ടെ നിൻവഴിത്താരയിൽ
വാടാമലരുകൾ കാവ്യലക്ഷ്മി!

(1945—ൽ ആണെന്ന തോന്നുന്നു, മഹാകവിയെ ബോംബെയിൽ വച്ച് ആദ്യമായി കണ്ടുപരിചയപ്പെട്ടപ്പോൾ കവി സമർപ്പിച്ചതാണീ കവിത.)

ശിഷ്യനും മകനും

ഏ. പി. പി. നമ്പൂതിരി

മലയാള പദ്യസാഹിത്യത്തിന്റെ ഭാവവും രൂപവും മാറിമറിച്ച് അതിനു് പുതുചൈതന്യം പ്രദാനം ചെയ്യുന്ന കാര്യത്തിൽ അതിപ്രധാനമായ പങ്കുവഹിച്ച മുന്നു് കവികളിൽ ആരാധകരുടേയും ആസ്വാദകരുടേയും അനുകർത്താക്കളുടേയും ആധിക്യംകൊണ്ടു് പ്രധാനിയാണു് മഹാകവി വള്ളത്തോൾ. ഇംഗ്ലീഷിന്റെ പരിഭാഷ മലയാളത്തിനു് സമർപ്പിച്ചതോടുകൂടി ഒരു മനുഷ്യായുസ്സിനു് സാധിക്കാവുന്ന സംഭാവനകൾ അർപ്പിച്ച ഒരു സാഹിത്യകാരനായി തീർന്നിരിക്കുകയാണദ്ദേഹം. അദ്ദേഹമെഴുതിയ നിരവധി ഖണ്ഡകാവ്യങ്ങളിൽ കാലത്തിന്റെ സ്പന്ദങ്ങൾ കൂടി ഉൾക്കൊള്ളുന്നു എന്ന കാരണത്താൽ കൂടുതൽ പ്രസിദ്ധിയും പ്രചാരവും നേടിയ ഒരു കൃതിയാണു് 'ശിഷ്യനും മകനും'. വള്ളത്തോൾ കവിതയുടെ മറ്റു് വ്യക്തിത്വങ്ങളും പൂർണ്ണമായി പ്രതിഫലിക്കുന്നുണ്ടു് ഈ ഖണ്ഡകാവ്യത്തിൽ.

'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യം സംസ്കൃതരീതികളുടെ സ്വാധീനതയിൽ നിന്നു് പൂർണ്ണമായും മുക്തനാകാതിരിക്കുകയും ആംഗലരീതിയുടെ സ്വാധീനത ഒട്ടൊക്കെ അദ്ദേഹത്തിന്റെ കവിത്വം സ്വായത്തമാക്കുകയും ചെയ്ത അന്തരാളകാലഘട്ടത്തിന്റെ സന്തതിയാണു്. എങ്കിലും പിൽക്കാലത്തു് അദ്ദേഹത്തിന്റെ ലഘുകൃതികളെ സഹൃദയാസ്വാദ്യമാക്കാൻ സഹായിച്ച നാടകീയമായ രംഗത്തിൽനിന്നുള്ള തുടക്കം, സൂക്ഷ്മസ്വഭാവത്തോടെയുള്ള ചിത്രണം, പ്രകൃതിയെ സചേതനമായി കാണിക്കൽ, സ്വാതന്ത്ര്യബോധത്തിനേറയും ദേശാഭിമാനത്തിനേറയും പ്രകടനം—എന്നീ സവിശേഷതകളും ഈ കൃതിയേയും അനുഗ്രഹിച്ചിട്ടുണ്ടു്.

നാടകീയമായ രംഗത്തിൽ നിന്നുള്ള തുടക്കം

അനുവാചകന്റെ ശ്രദ്ധയെ ഹഠാദാകർഷിക്കത്തക്കവിധം നിറപ്പകിട്ടുള്ള രംഗം വള്ളത്തോൾ ആദ്യമേ തിരഞ്ഞുപിടിക്കുന്നു. അവിടെനിന്നുള്ള തിരിഞ്ഞുനോട്ടത്തിൽ കവിയെ പിന്തുടരാതിരിക്കാൻ നമുക്കു് സാദ്ധ്യമല്ല. കമ്പരുടെ ഭൂമിയുടെ പിഞ്ചുകാൽ, 'ഭാരതസ്ത്രീകുലതിലകന്റെ ഭാവശുദ്ധി' 'മഗ്ദലനമറിയം' എന്നീ കൃതികളെല്ലാം ഇത്തരം നാടകീയമായ ഒരു രംഗത്തിൽനിന്നുള്ള തിരിഞ്ഞുനോട്ടത്തോടുകൂടിയവയാണു്. പക്ഷെ 'അച്ഛനും മകളും' 'ശിഷ്യനും മകനും' എന്നീ കൃതികളിൽ നാടകീയമായ രംഗത്തുനിന്നു് തുടങ്ങുക മാത്രമേ ചെയ്യുന്നുള്ളു. തിരിഞ്ഞുനോക്കുന്നില്ല എന്ന ഒരു സവിശേഷതയുണ്ടു്. ഏതായാലും നാടകീയമായ രംഗത്തിൽ നിന്നുള്ള തുടക്കംകൊണ്ടു് കൈവരുന്ന മിഴിവു്, 'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യത്തിനും കിട്ടിയിട്ടുണ്ടു്. ധൂർജ്ജടിദർശനത്തിൽ ധൂതേച്ഛനായിപോകുന്ന പരശുരാമനെ നാടകീയമായിത്തന്നെ അവതരിപ്പിച്ചുകൊണ്ടാണു് ഈ കാവ്യം തുടങ്ങുന്നതു്. പകൽ പകുതി കടന്ന ഭാസ്കരന്റെ പ്രകടമരീചികളാൽ കുബേരപത്തനത്തിന്റെ സ്വർണ്ണനിർമ്മിതങ്ങളായ താഴികക്കുടങ്ങൾ തിളങ്ങി മിന്നുന്ന ഒരു പശ്ചാത്തലത്തിൽ പല മണിമേടകളും രണ്ടുപാട്ടംനിരന്നു നിൽക്കുന്ന അളകാപുരിയിലൂടെ അലർശരരിപുവിൻ മഹാദ്രിതൻനേർക്കു് നടന്നുപോവുന്ന ആ അലഘുവിഭാവനായ മഹർഷി നമ്മുടെ ശ്രദ്ധയെ തികച്ചും ആകർഷിക്കാൻ പോന്നവനായിട്ടുണ്ടു്. അദ്ദേഹത്തിന്റെ ബാഹ്യരൂപവും, ആന്തരഭാവവും വ്യക്തമാക്കിക്കൊണ്ടാണു് വള്ളത്തോൾ തന്റെ വർണ്ണന നിർവ്വഹിച്ചിട്ടുള്ളതു്. വരമായ ജട, പലതരത്തിലുള്ള അക്ഷമാലകൾ, മാന്തോലോരാപ്പു്, മരവുരി, ശരീരത്തിലാകെ ഭസ്മലേപനം—പരശുരാമന്റെ ബാഹ്യരൂപമായി. തികഞ്ഞ തന്റേടം, ഉറച്ച കാൽവെപ്പിൽ സ്ഫുരിക്കുന്ന ധീരത, കുലീനത, കൃത്യനിഷ്ഠ, മുഖത്താകെക്കളിയാടുന്ന ക്ഷാത്രതേജസ്സു്—ഇതാണദ്ദേഹത്തിന്റെ ആന്തരരൂപവും. അദ്ദേഹത്തെ കണ്ടപ്പോൾ ആളകളെഴുന്നേൽക്കുന്നു, അരികെ ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്നവരോടു് പതുക്കെ സംസാരിക്കുവാൻ പറയുന്നു. എങ്ങും നിശ്ശബ്ദത കളിയാടുന്നു. ധീരനായ, കുലീനനായ, തേജസ്വിയായ പരശുരാമൻ നടന്നു് പോകയാണു്. അളകനന്ദയിൽ കുളിച്ചു് വികസിതകല്പകപുഷ്പപരേണുപൂശി സൗഗന്ധിക മണമേന്തിവന്ന കാറ്റുപോലും അദ്ദേഹത്തിന്റെ മുമ്പിൽ വിനീതനായി, നിശ്ശബ്ദനായി ഒതുങ്ങി പെരുമാറിയപോലെ തോന്നി. പരശുരാമനങ്ങനെ നടന്നുപോകുന്ന കാഴ്ച കാട്ടി, ആ കാഴ്ചയിൽതന്നെ ദത്തശ്രദ്ധരായിരിക്കുന്ന നമ്മെ ''വരൂ എന്റെ കൂടെ, മറ്റൊരു രംഗത്തേക്കു് പോകാം എന്നു് പറഞ്ഞു് കവി കൈതന്നു് കൂട്ടിക്കൊണ്ടുപോകുകയാണു്. നാടകീയമായ രംഗത്തിൽനിന്നുള്ള തുടക്കം, കാവ്യത്തിലേക്കു് നമ്മുടെ ശ്രദ്ധയെ ഹഠാദാകർഷിക്കുന്ന ഒരു ഘടകമാണു്.

സൂക്ഷ്മസ്വഭാവത്തോടെയുള്ള ചിത്രണം

നാടകീയമായ ഒരു രംഗം ചിത്രീകരിക്കാൻ സൂക്ഷ്മസ്വഭാവങ്ങൾ ആവിഷ്കരിക്കുന്നതിനു്

കഴിവുള്ള ഒരു കവിയ്ക്കേ പറ്റൂ. നാം ഒന്നാം ഖണ്ഡത്തിൽതന്നെ വള്ളത്തോളിന്റെ കഴിവുകളുമായി ഏറെക്കുറെ പരിചയപ്പെട്ടുകഴിഞ്ഞു. പക്ഷെ ഇവിടെ പരാമർശിക്കപ്പെട്ടതു, സൂക്ഷ്മസ്വഭാവത്തോടെയുള്ള ചിത്രണം അങ്ങിങ്ങായുള്ളതാണു്. കാവ്യം വായിക്കാൻ പ്രചോദനം നൽകുമാറു് ഒരു കഥാപാത്രത്തിലാഭിമുഖ്യമുണ്ടാക്കുക എന്നതാണു് നാടകീയമായ രംഗത്തിൽ നിന്നുള്ള തുടക്കത്തിന്റെ ഉദ്ദേശം. സൂക്ഷ്മസ്വഭാവത്തോടെയുള്ള ചിത്രണത്തിന്റെ ഉദ്ദേശം അനുവാചകരിൽ ഗാഢമായ ബോധമുണ്ടാക്കലാണു്. പരശുരാമനും ഗണപതിയും തമ്മിൽ നടക്കുന്ന വഴക്കുകളുടേയും പാർവ്വതീദേവിയുടെ ക്ഷോഭത്തിന്റേയും രാധാകൃഷ്ണന്മാരുടെ എഴുന്നള്ളത്തിന്റേയും ചിത്രണം വളരെ തന്മയത്വത്തോടെ വള്ളത്തോളം നിർവ്വഹിക്കുന്നുണ്ടു് ഈ കാവ്യത്തിൽ.

''ഖഡ്ഗാംഗനായു്ദ്ധിജഭേദനപിടിവിട്ടൊഴിഞ്ഞ-
ദ്ദുർവ്വാരമാംനിജപരശ്വധമെന്നലച്ച
ശർവ്വാത്മജൻതടിതികാൽക്കുപിടിച്ചെടുത്ത—
ഗ്ഗുർവ്വാഢ്യനെദിവിചുഴറ്റിസലീലമായു്ത്താൻ
ഉണ്ണിഗ്ഗണേശ്വരനു പമ്പരമായു്ച്ചമഞ്ഞു
വിണ്ണിൽക്കിടന്നതിരിയുന്ന മുനിസ്സകാണ്ഡ
മണ്ണിൻചുവട്ടിലമരും ഭുവനങ്ങൾകൂടി
കണ്ണിൽപ്പതിഞ്ഞു പലവട്ടമിതെത്തുമായം!''

എന്നീ ശ്ലോകങ്ങളും പരശുരാമനും ഗണപതിയും തമ്മിലുള്ള സംഘട്ടനത്തെ വ്യക്തമായി അവതരിപ്പിക്കുന്നു. കൊമ്പൊന്നു് നഷ്ടപ്പെട്ടു് ചോരയിലാണ്ടനിൽക്കുന്ന ഗജാസ്യനെ കണ്ട ശ്രീപാർവ്വതീദേവി ക്ഷുബ്ധയായി ശിവനെ നോക്കി പറയുന്ന ചിത്രം എത്ര സജീവമായിട്ടുണ്ടു്.

''.....ഇടത്തുകയ്യാൽ
അഴിഞ്ഞവാർപൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ച കൺകൊണ്ടൊരുനോക്കുനോക്കി''

നിൽക്കുന്ന ആ പാർവ്വതി ഹൃദയത്തിൽ പതിയുന്ന ഒരു വ്യക്തചിത്രമാണു്. ക്ഷോഭാകുലമായ മൂന്നാംഖണ്ഡത്തിൽ ക്ഷോഭാകുലതയെ ചിത്രീകരിക്കുവാൻ കഴിവുള്ള ചടുലവൃത്തം സ്വീകരിച്ച കവി നാലാം ഖണ്ഡത്തിൽ രാധാകൃഷ്ണന്മാരുടെ എഴുന്നള്ളത്തിനെ ചിത്രീകരിക്കാൻ സംഗീതസാന്ദ്രവും മന്ദഗതിയുമായ ഒരു വൃത്തം കൈക്കൊള്ളുന്നതിൽക്കൂടി ശ്രദ്ധിച്ചിട്ടുണ്ടു്.

''വല്ലായ്മദേവകുംപെടുത്തുവതും
ക്ഷമിപ്പൊ—
ന്നല്ലായിരുന്നു ഹ ഹ! ഭാരതപൂർവ്വരക്തം

എന്നു നിർത്തി,

''നിമേഷമഞ്ചാറിനിടയ്ക്കുമംഗള—
പ്രമേയമാരംഗമതാ മറഞ്ഞുപോയു്.

ക്രമേണ സംഗീതമരന്ദസാന്ദ്രമാ
യുമേശശൈലോപരി വായുമണ്ഡലം.

എന്നു് അടുത്ത ഖണ്ഡം തുടങ്ങുമ്പോഴും മഴതോർന്നു വെയിലുണ്ടായ ഒരു പ്രതീതി വായനക്കാർക്കുണ്ടാകും. അങ്ങിനെ പെട്ടെന്നു് അന്തരീക്ഷഭേദബോധം വരുത്തി പിന്നീടു് സൂക്ഷ്മസ്വഭാവത്തോടെ രാധാകൃഷ്ണന്മാരെ അവതരിപ്പിക്കുന്നു.

''വലാഹകശ്യാമളകോമളാംഗനീ—
വിലാസിവിദ്യുത്സമധംബരാംബരൻ
സുലാള്യവേണുജ്വലപാണിപല്ലവൻ
കലാപിബർഹാങ്കിതകുന്തളൻ

എന്നിങ്ങനെശ്രീകൃഷ്ണന്റെ രൂപവും

''യുവാവിവൻകൈയ്യുപിടിച്ചതനിയോ
സുവാസിതാശാതടചമ്പകാംഗിയാം
നവാതപോദ്യന്നളിനാസ്യയാം നറും—
പ്രവാളനേർപ്പെട്ടുടയാടപൂണ്ടവം''

എന്നിങ്ങനെ രാധയുടെ ചിത്രവും ഉദ്ദീപ്തമായിരിക്കുന്നതിൽ വള്ളത്തോളം അസാധാരണമായ പാടവമാണു് പ്രകടിപ്പിച്ചിട്ടുള്ളതു്.

സ്വാതന്ത്ര്യബോധവും ദേശാഭിമാനവും

മഹാകവി വള്ളത്തോളം കേരളത്തിലെ ദേശീയ നവോത്ഥാനത്തിന്റേയും, സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റേയും ഗായകത്വം സ്വയം ഏറ്റെടുത്ത കവിയാണു്. ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യയെ കീഴടക്കിവയ്ക്കുന്നതിനെതിരെ ജനത സംഘടിതമായി സമരം ചെയ്ത കാലഘട്ടമായിരുന്നു അതു്. രാജാറാം മോഹൻ റായിയുടെ നേതൃത്വത്തിൽ ഉദയം ചെയ്ത ബ്രഹ്മസമാജത്തിന്റെ പ്രവർത്തനങ്ങളും ഇന്ത്യയുടെ പ്രാചീന സംസ്കാരത്തെക്കുറിച്ചും ആദ്ധ്യാത്മികപാരമ്പര്യത്തെക്കുറിച്ചും ഇന്ത്യക്കാരിൽ ആവേശം ചേർത്തുവന്നു. ഇതിന്റെ പശ്ചാത്തലത്തിൽ വള്ളത്തോളിന്റെ കൃതികളിൽ ഭാരതത്തിന്റെ പാരമ്പര്യത്തെക്കുറിച്ചുള്ള അഭിമാനവും ആർഷസംസ്കാരത്തെക്കുറിച്ചുള്ള ആരാധനയുമാണു് സ്വാതന്ത്ര്യത്തിന്റേയും ദേശാഭിമാനത്തിന്റേയും മുന്നോടിയായി കണ്ടതു്. ശിഷ്യനും മകനും എന്ന കാവ്യത്തിൽ ഭാരതീയ പാരമ്പര്യം സടകുടഞ്ഞെഴുന്നേറ്റു പരശുരാമനിലെന്നദ്ദേഹം പറയുന്നു. എന്തായിരുന്ന ആ ഭാരതീയ പാരമ്പര്യം!

''വല്ലായ്മ ദേവകുംപെടുത്തുവതുംക്ഷമിപ്പൊ—
ന്നല്ലായിരുന്നു ഹ! ഹ! ഭാരതപൂർവ്വരക്തം!!

അതേ ദേവന്മാർപോലും പെടുത്തുന്ന വല്ലായ്മ ഭാരതപൂർവ്വരക്തം പൊറുത്തിരുന്നില്ല. പിന്നെയാണോ മനുഷ്യർ വല്ലായ്മവരുത്തുന്നതു് നോ

ക്കിയിരിക്കുക—ബ്രിട്ടീഷ് മേധാവിത്വം ഇന്ത്യയിൽ അഴിഞ്ഞാടുന്നതിനെ ആണത്തത്തോടുകൂടി ചെറുക്കുക എന്ന ആഹ്വാനമാണ് ആ രണ്ടു വരികളിൽ അദ്ദേഹം അന്തർഭൂതമാക്കിയിരുന്നതു്.

പ്രകൃതിയെ സചേതനവും, സ്ത്രൈണവുമാക്കി കാണിക്കൽ

മലയാളത്തിലെ വേർഡ്സ്വർത്തായി ചിലർ വള്ളത്തോളിനെ കൊണ്ടാടാറുണ്ടു്. കേരളത്തിന്റെ പ്രകൃതിഭംഗിയെ മറ്റാരെക്കാളും വള്ളത്തോൾ പാടി പുകഴ്ത്തിയിട്ടുണ്ടു്. പക്ഷെ ഒറ്റക്കൊറ്റക്കുള്ള ഭാവഗാനങ്ങളിൽ അല്ലാതെ ഖണ്ഡകാവ്യങ്ങളിൽ അങ്ങനെ പ്രകൃതിയെ പാടിപ്പുകഴ്ത്തുന്ന ഒരു വേർഡ്സ്വർത്തിനെയല്ല നാം കാണുന്നതു്. പ്രകൃതിയുടെ ലോകത്തിൽ മനുഷ്യരേയും മനുഷ്യരുടെ ലോകത്തിൽ പ്രകൃതിയേയും പങ്കെടുപ്പിച്ച കാളിദാസനായിരുന്ന ഖണ്ഡകാവ്യങ്ങളിൽ അദ്ദേഹത്തിന്റെ ആചാര്യൻ. ഏതായാലും പശ്ചാത്തലമായി മാത്രം വർത്തിക്കുന്ന ഒരു ചേതനവസ്തുവായല്ല 'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യത്തിൽ വള്ളത്തോൾ പ്രകൃതിയെ ചിത്രീകരിച്ചിട്ടുള്ളതു്. കഥാപാത്രങ്ങൾക്കുള്ള സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുന്ന ദയ, സ്നേഹം, അനുകമ്പ തുടങ്ങിയ വികാരങ്ങളെ പ്രകടിപ്പിക്കുന്ന സചേതന വസ്തുക്കളായിട്ടാണു് പ്രകൃതി വസ്തുക്കളെ വള്ളത്തോൾ കവിതകളിൽ പ്രത്യക്ഷപ്പെടുന്നതു്. കഥാപാത്രങ്ങളോടു് സ്ത്രൈണമായി പ്രകൃതിയെ അവതരിപ്പിക്കുകയെന്നും ഇതിനെപ്പറ്റി പറയാം. പരശുരാമൻ അളകാപുരിയിലൂടെ മദവൃഷഗതിയായി അങ്ങിനെ നടന്നുപോകുമ്പോൾ പെരികെ നിഭൃതമായി ഒതുങ്ങി, സപര്യ ചെയ്യാൻ തയ്യാറായിവന്ന ഒരാളായിട്ടാണു് ശ്രദ്ധവായുവേ അദ്ദേഹം ചിത്രീകരിക്കുന്നതു്. കപോലഭിത്തിക്ഷതശോണിതത്താൽ കാശ്മീരകംപൂശി കുഞ്ജരാസ്യൻ നിൽക്കുന്നതുകണ്ടപ്പോൾ ഹിമവൽപർവ്വതം പാടേ നരച്ചുള്ള ശിരസ്സുപൊക്കി നോക്കി പകച്ചുനിൽക്കുന്നതായും കമ്മസാക്ഷിയായ സൂര്യഭഗവാൻ ഇതു് കാണാൻ വയ്യാ എന്ന അസഹ്യതയോടെ കാർമേഘത്തിനുള്ളിൽ പോയി ഒളിക്കുന്നതായും വള്ളത്തോൾ ചിത്രീകരിച്ചപ്പോൾ ഈ സാരൂപ്യവും സചേതനത്വവും അദ്ദേഹം പ്രകൃതിവസ്തുക്കൾക്കു് നൽകുകയാണു് ചെയ്തതു്.

കരുത്തുള്ള കഥാപാത്രങ്ങളുടെ സൃഷ്ടി

നല്ല കരുത്തുള്ള, വ്യക്തിത്വമുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കുവാനും വള്ളത്തോളിനു് അസാമാന്യമായ കഴിവുണ്ടെന്നു് അദ്ദേഹത്തിന്റെ ഖണ്ഡകാവ്യങ്ങളും വായിച്ചുനോക്കിയാൽ അറിയാം. 'ശിഷ്യനും മകനു'മെന്ന കാവ്യത്തിലെ പരശുരാമനും ഗണപതിയും ശിവനും പാർവ്വതിയും എല്ലാം ഇക്കാര്യം തെളിയിക്കുന്നു. വള്ളത്തോളും ഒരു ആദർശകഥാപാത്രമെന്ന നിലയിലാണു് പരശുരാമനെ സൃഷ്ടിച്ചിട്ടുള്ളതു്. ശ്രീ ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ പറയുന്ന ഈ അഭിപ്രായം ശ്രദ്ധേയമാണു്. ''ഇന്ത്യക്കു് ഇന്നു് ഉരുക്കുകൊണ്ടുള്ള ഞരമ്പോടുകൂടിയ മനുഷ്യരാണാവശ്യമെന്നു് വിവേകാനന്ദൻ ഒരിക്കൽ പറയുകയുണ്ടായി. അത്തരമൊരു മനുഷ്യന്റെ സജീവചിത്രമാണു് വള്ളത്തോൾ വരച്ചുകാണിച്ച പരശുരാമൻ''. വീരലക്ഷ്മി മുഖത്തുകളിയാടുന്ന ആ പരശുരാമൻ, ഓരോ അടിവെപ്പിലും സദഭിജനത, കൃത്യനിഷ്ഠ, ധൈര്യം എന്നിവ പ്രകടമാക്കുന്ന പരശുരാമൻ, ഒരിക്കലും ഒന്നിൽ നിന്നും പിൻമടങ്ങാത്ത പരശുരാമൻ, ''ഗ്രുത്തമാന്തഃപുരശാപഭീതിയോ, പ്രരൂഢസൗഭ്രാത്രവിഭംഗഖേദമോ, ഒരുർജ്ജിതാസ്വസ്ഥതചേർത്തിരിക്കയാൽ സ്വരൂപവൈവർണ്യമിയന്നു നിൽക്കുന്ന പരശുരാമൻ—മിഴിവുറ്റ ഒരു കഥാപാത്രംതന്നെ. ഉദ്ധതനല്ല അദ്ദേഹം. ഉദാത്തനും ഉൽകൃഷ്ടസംസ്കാരയുക്തനുമാണു്. ''പ്രണതശിഷ്യനു് ദേശികങ്കൽ ചെല്ലുവാൻ സ്ഥലവും സമയവും നോക്കേണ്ട എന്ന ആർഷഭാരതനീതിയെചോദ്യം ചെയ്യുകൊണ്ടു് തന്നെ തടഞ്ഞ ഗണപതിയോടു് അദ്ദേഹം പ്രതികാരം ചെയ്തു. ശിവൻതന്നെ അതിനെ വീരധർമ്മമായിട്ടാണു് കാണുന്നതു്. അങ്ങനെ വീരനും ഗുരുഭക്തനും പശ്ചാത്താപ സന്നദ്ധനുമായ ഒരു ഉദാത്തഹൃദയൻ! അദ്ദേഹത്തിന്റെ ഗുരുപദത്തിനു് സർവ്വഥാ അർഹനായ അചഞ്ചലനായ ശിവൻ, മാതൃവാത്സല്യത്തിന്റെ ആധിക്യത്താൽ അനിയന്ത്രിതമായ കോപംകൊണ്ടവളെങ്കിലും രാധികയുടെ ന്യായവാദത്തിനു് മുമ്പിൽ തലകുനിക്കുന്ന വിവേകവതിയായ പാർവ്വതി, എല്ലാത്തിന്റേയും നേർക്കു് പുഞ്ചിരി പൊഴിക്കുന്ന സ്നേഹൻ, കർത്തവ്യവ്യഗ്രനെങ്കിലും ക്ഷിപ്രകോപിയായ ഗണപതി—ഇവരൊക്കെക്കൂടെ ഈ കാവ്യത്തിനു് ഒരു സാമഗ്ര്യപ്രതീതി കൈവരുത്തുന്നു. ഇങ്ങനെ കഥാപാത്രസൃഷ്ടിയിലുള്ള വൈദഗ്ധ്യംകൂടി ശിഷ്യനും മകനുമെന്ന കാവ്യത്തെ ആസ്വാദ്യമാക്കുന്നതിൽ ഒരു പങ്കുവഹിക്കുന്നുണ്ടു്.

സർദാർ കെ. എം. പണിക്കർ 'ശിഷ്യനും മകനും' എന്ന കാവ്യത്തിന്റെ മുഖവുരയിൽ പറഞ്ഞിട്ടുണ്ടു്, ''മിസ്റ്റർ മേനോന്റെ സവിശേഷമായ കവിതാഗുണം മുഴുവനും ഒത്തിട്ടുള്ള ഒന്നാണു് പ്രസ്തുത കൃതി'' എന്നു്. രചനയിലുള്ള മിനുക്കുപണിയും ഉല്ലേഖങ്ങൾക്കുള്ള കറകളഞ്ഞ സൗകുമാര്യവും അദ്ദേഹം എടുത്തുപറഞ്ഞു് ശ്ലാഘിച്ചിട്ടുണ്ടു്. 'ശിഷ്യനും മകനും' എന്ന കാവ്യത്തിലെ ഏതു് ഭാഗമെടുത്താലും ഈ രചനാഭംഗിയും ഉല്ലേഖസൗകുമാര്യവും ബോദ്ധ്യപ്പെടും. അതാതു് സന്ദർഭങ്ങളിലായി വെളിപ്പെടുന്ന മറ്റു് സവിശേഷതകളും വിശദീകരിക്കപ്പെടുകഴിഞ്ഞുവല്ലോ. അങ്ങനെ വള്ളത്തോൾകവിതയുടെ സവിശേഷവ്യക്തിത്വങ്ങളും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള ഒരു മനോഹരകാവ്യമാണു് 'ശിഷ്യനും മകനും'.

മഹാകവി വള്ളത്തോൾ: ചില മായാത്ത സ്മരണകൾ

എൻ. ആർ. നായർ.

കവികളും മഹാകവികളും മനുഷ്യരാണു്. അവരും മൺ മറഞ്ഞുപോകുന്നു. അനിയന്ത്രിതമാണു് വിധിയുടെ നിയമം. മഹാകവി വള്ളത്തോൾ യശഃശരീരനായിട്ടു് വർഷങ്ങൾ ഏഴു കഴിഞ്ഞു. എന്നിട്ടും ചിലപ്പോൾ മഹാകവി ജീവിച്ചിരിപ്പുണ്ടെന്നു തോന്നുകയാണു്. അതിപ്രഗത്ഭനായ മഹാകവിയുടെ അസാധാരണവും അപാരവും അഭൗമവും അപ്രമേയവുമായ വ്യക്തിത്വമാകാം അതിനു കാരണം. 'വ്യക്തിത്വം' എന്ന പദത്തിനു മഹാകവിയെ സംബന്ധിച്ചിടത്തോളം ആഴമോ വ്യാപ്തിയോ പോരാ. എന്തെന്നാൽ അദ്ദേഹം ഒരു സ്ഥാപനവും ഒരു പ്രസ്ഥാനവും കൂടിയായിരുന്നു.

മഹാകവി എന്നതിനു പുറമേ, പ്രഗത്ഭനായ ഒരു ചിന്തകൻ, ഹൃദയാലുവായ മനുഷ്യസ്നേഹി, സമുന്നതനായ സാഹിത്യനിരൂപകൻ, മർമ്മജ്ഞനായ കലാനിരൂപകൻ, സമാദരണീയനായ കലാരാധകൻ, നിർഭയനായ കർമ്മയോഗി, മഹാനായ സ്വരാജ്യസ്നേഹി—ഇങ്ങിനെ പലതും ഒത്തുചേർന്ന ഒരു മഹാസ്ഥാപനമായിരുന്നു വള്ളത്തോൾ. മികച്ച പ്രതിഭാശാലിയായിരുന്നിട്ടും, ഒരിക്കലും അരസികനായിരുന്നില്ല. ഫലിതമയമായ സംഭാഷണം എത്രകേട്ടാലും മതിവരില്ല. ഏതു കൂട്ടത്തിൽ ചേരുവാനും അതിലെ ഒരംഗമെന്ന നിലയിൽ പെരുമാറുവാനും അദ്ദേഹത്തിനു സവിശേഷമായ കഴിവുണ്ടായിരുന്നു. പണ്ഡിതസദസ്സിൽ ചെന്നാൽ പണ്ഡിതസമ്രാട്ടും സാഹിത്യനായകനുമായിരുന്നു. കഥകളി രംഗത്തു ചെന്നാൽ തികഞ്ഞ ഒരു കലാസ്വാദകൻ. ഒരു സുഹൃത്തിന്റെ വസതിയിൽ കയറിച്ചെന്നാൽ അവിടത്തെ എല്ലാ അംഗങ്ങളെയും പേരു അന്വേഷിക്കും. എല്ലാവരുമായി പരിചയപ്പെടും. സംഭാഷണത്തിലേർപ്പെടും. എല്ലാവരുടെയും ഹൃദയാന്തർഭാഗത്തു സ്നേഹത്തിന്റെ വിത്തുകൾ പാകും. ഒരു സദ്യയ്ക്കുചെന്നാൽ ആവശ്യമുണ്ടെങ്കിൽ ദഹണ്ഡക്കാർക്കു നേതൃത്വം നൽകും. ഇലയിൽ വിളമ്പിയ എല്ലാ വിഭവങ്ങളെയുംപേരു വിദഗ്ധാഭിപ്രായങ്ങൾ പറയും. കറികളുടെ കൂട്ടിനെപ്പറ്റി ചർച്ച ചെയ്യും. നിസ്സാരമായ കാര്യംപോലും അദ്ദേഹത്തിന്റെ സൂക്ഷ്മമായ ശ്രദ്ധയിൽ പെടാതിരിയ്ക്കയില്ല. ചായയിൽ പഞ്ചസാര അല്പം കുറവാണെങ്കിൽ, പഞ്ചസാര ചേർത്തതിനുശേഷമേ അദ്ദേഹം അതു കുടിയ്ക്കൂ. ഒരു വില്പനശാലയിൽ കയറിച്ചെന്നാൽ അവിടെ കാണുന്ന പല സാധനങ്ങളെയും പേരു അന്വേഷിയ്ക്കുകയും അവയുടെ വില ഓമ്മവയ്ക്കുകയും ചെയ്യും. വില കൂടിയാലും കുറഞ്ഞാലും അദ്ദേഹത്തിനറിയാം. ഒരു ആശാരിയോടോ തട്ടാനോടോ സംസാരിയ്ക്കുമ്പോൾ, അവന്റെ പണിയായുധങ്ങളെയും ഓരോ ദിവസത്തെ വരവിനേയും ചെലവിനേയും മരത്തിന്റെ വിലയെയും സ്വർണ്ണത്തിന്റെ മാറിനേയും പേരു ചോദിച്ചറിയും. മറ്റു പല പ്രതിഭാശാലികളും സ്വന്തം ഭാവനകളുടെ 'ദന്തഗോപുരത്തിനകത്തു' കൂടുങ്ങിച്ചുറുപാടുകൾ കാണാതെ തപ്പിത്തടഞ്ഞു് ശ്വാസംമുട്ടി കഴിയുമ്പോൾ — തന്നിമിത്തം അരസികന്മാരായി അവരിൽ പലരും വർത്തിയ്ക്കുമ്പോൾ —മികച്ച മസ്തിഷ്കപ്രഭാവനും സമുന്നത പ്രതിഭാശാലിയുമായിരുന്ന വള്ളത്തോൾ, തന്റെഫലിതം തുളുമ്പുന്ന സംഭാഷണ ചാതുരിയാലും സൗഹൃദം നിറഞ്ഞ നർമ്മോക്തികളാലും നിഷ്കളങ്കമായ പെരുമാറ്റത്താലും വിശാലമായ വീക്ഷണഗതിയാലും മറ്റുള്ളവരെ കൂട്ടുതൽ അടുപ്പിയ്ക്കുകയും ആകർഷിയ്ക്കുകയും സ്നേഹിപ്പിയ്ക്കുകയും ചെയ്തുപോന്നു. ''ഒരിയ്ക്കലും മറക്കാൻ കഴിയാത്ത ഒരു മഹാനാണു് വള്ളത്തോളെ''ന്നു അദ്ദേഹവുമായി സ്വല്പം നിമിഷത്തെ പരിചയമുള്ള പലരും പറഞ്ഞു കേട്ടിട്ടുണ്ടു്.

ബോംബയിൽ നിന്നു പുറപ്പെടുന്ന ''വിശാലകേരള'' വുമായി കുറെ വർഷങ്ങൾ ഞാൻ ബന്ധപ്പെട്ടിരുന്നു. അക്കാലത്താണു് മഹാകവിയുമായുള്ള പരിചയം വളർന്നു വന്നതു്. ''വിശാലകേരള''ത്തിനു പല സന്ദർഭങ്ങളിലും അദ്ദേഹം നൽകിയ വിലയേറിയ നിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും ഞാനോർക്കുന്നു. ഈയവസരത്തിൽ ഒരു ചെറിയ സംഭവം എന്റെ മനസ്സിൽ പൊങ്ങിവരികയാണു്. എന്റെ പ്രത്യേകമായ അപേക്ഷയനുസരിച്ചു് മനോഹരമായ ഒരു കവിത മഹാകവി ഒരിയ്ക്കൽ അയച്ചുതന്നു. കൈയിൽ അമ്പത്തിരണ്ടു വരികളുണ്ടായിരുന്നു. പ്രതിഫലമായി അയയ്ക്കേണ്ട സംഖ്യയെപ്പറ്റിയും അദ്ദേഹം എഴുതിയിരുന്നു. സംഖ്യ കൂടുതലാണെന്നു് എനിയ്ക്കു തോന്നി. കത്തുവായിച്ച ഉടനെ ഞാനദ്ദേഹത്തിനു പരുപരുത്ത ഒരു മറുപടിയെഴുതി. ''രണ്ടാം ലോകമഹായുദ്ധത്തിനുശേഷം പല സാധനങ്ങളുടെയും വില വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. അങ്ങയുടെ കവിതയുടെ വില വരിയ്ക്കു് ഒരുറുപ്പികയായി വർദ്ധിച്ചതെന്താണെന്നു സദയം അറിയിച്ചുതരുമാറാകണം.'' എന്റെ

അവിവേകവും അപകതയും സാഹസികതയും അദ്ദേഹത്തെ തെല്ലും ക്ഷുഭിതനാക്കിയില്ല. ശാന്തമധുരമായ വിധത്തിൽ അദ്ദേഹം മറുപടി എഴുതി. ''പ്രതിഫലം കൂടുതലാണെന്നു തോന്നുന്നുണ്ടെങ്കിൽ കവിത ഇങ്ങോട്ടു തിരിച്ചയച്ചേയ്ക്കുക. സംഖ്യ അയച്ചുതരുന്നപക്ഷം കവിത പ്രസിദ്ധപ്പെടുത്തുകയും ചെയ്യാം.'' സംസ്കാരസമ്പന്നനായ മഹാകവിയുടെ ഹൃദയനൈർമ്മല്യവും അക്ഷോഭ്യതയും എന്നെ വല്ലാതെ ലജ്ജിപ്പിച്ചു.

ഇന്നു ചെയ്യു തീർക്കാൻ സാധിക്കുന്ന ഓരോ കാര്യവും — സാരമോ നിസ്സാരമോ ആയിക്കൊള്ളട്ടെ — നാളെയ്ക്കു നീട്ടിവയ്ക്കുവാൻ അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ഇന്നു ചെയ്യു തീർക്കേണ്ട കാര്യങ്ങളും ഇന്നുതന്നെ ചെയ്തു തീർത്തേ അദ്ദേഹം കൃതാർത്ഥനാവൂ. ഇക്കാര്യത്തിൽ യാതൊരു ഒഴികഴിവുകളും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. സ്വജീവിതത്തിലെ ഒരു നിമിഷംപോലും അദ്ദേഹം വ്യർത്ഥമാക്കിയില്ല. എല്ലാ കാര്യങ്ങൾക്കും അടക്കവും ചിട്ടയുമുണ്ടായിരുന്നു. സമയത്തിന്റെ കാര്യത്തിൽ ബഹുകണിശക്കാരനായിരുന്നു. അദ്ദേഹത്തിന്റെ കൃത്യതയിൽ നിന്നും സത്യസന്ധതയിൽ നിന്നും സ്വഭാവ വൈശിഷ്ട്യത്തിൽ നിന്നും കാര്യവ്യഗ്രതയിൽ നിന്നും സേവന സന്നദ്ധതയിൽ നിന്നും അശ്രാന്തപരിശ്രമശീലത്തിൽ നിന്നും വളരെ പാഠങ്ങൾ പഠിയ്ക്കുവാനുണ്ട്. കേരളത്തിനും ഭാരതത്തിനും സാഹിത്യത്തിനും കലാസംസ്കാരങ്ങൾക്കും എഴുപത്തൊമ്പതു വയസ്സിനകത്തു അദ്ദേഹത്തിൽ നിന്നും പലതും നേടുവാൻ കഴിഞ്ഞു.

ഒടുക്കത്തെ ബോംബെസന്ദർശനം

ബോംബെയിൽവച്ചു് ഇന്ത്യാഗവമ്മെണ്ടിന്റെ 'ഫിലിംസ്' ഡിവിഷൻ' നിർമ്മിച്ച കഥകളി പടത്തിനു അത്യാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനും ബോംബെ മലയാളികൾക്കിടയിൽ ശ്രീഗോദഗ്രന്ഥം പ്രചരിപ്പിക്കുവാനുംവേണ്ടി 1957 ഒക്ടോബർ 18–ാംനു- വെള്ളിയാഴ്ച മഹാകവി ബോംബെയിൽ വന്നു. ബോംബെയിലെത്തിയപ്പോൾതന്നെ അദ്ദേഹത്തിനു വേണ്ടത്ര ദേഹസുഖമുണ്ടായിരുന്നില്ല. മുഖത്തു് അതിയായ ക്ഷീണവും കാലടികളിൽ അല്പം നീരും പ്രത്യക്ഷപ്പെട്ടിരുന്നു. പക്ഷെ അതൊന്നും സാരമായി കണക്കാക്കിയില്ല. കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ അദ്ദേഹം ആരോഗ്യത്തെപ്പറ്റി വേണ്ടത്ര ശ്രദ്ധിച്ചതേയില്ല. വയറിനു നല്ല സുഖമില്ലാതിരുന്നതുകൊണ്ടു് പലപ്പോഴും രാത്രി പട്ടിണി കിടന്നു.

ബോംബെയിൽവെച്ചുണ്ടായചിലസംഭവങ്ങൾ എന്റെ ഹൃദയത്തിൽ നിറഞ്ഞുവരികയാണു്. സ്വന്തം ഗ്രന്ഥങ്ങളെപ്പറ്റി ആരെങ്കിലും വിമർശിച്ചുപോയാൽ അവരെ വെറുക്കുന്ന പല സാഹിത്യകാരന്മാരുമുണ്ടല്ലോ നമ്മുടെയിടയിൽ. മഹാകവിയുടെനിലപാടു് അതീവ വ്യത്യസ്തമായിരുന്നു. തന്റെ ഗ്രന്ഥങ്ങളെപ്പറ്റിയുള്ള അനുമോദന പൂച്ചെണ്ടുകളും ആക്ഷേപശരങ്ങളും ഒരുപോലെ പുഞ്ചിരി തൂകിയാണു് അദ്ദേഹം സ്വീകരിയ്ക്കാറുള്ളതു്. ബോംബെയിലെ ഒരു മലയാളി വ്യവസായ പ്രമുഖന്റെ പത്നിയും ധനികയുമായ ഒരു സഹോദരി മഹാകവിയുടെ 'വിലാസലതിക'യെ രൂക്ഷമായി വിമർശിച്ചു. മഹാകവിയുടെ മറ്റു കൃതികളെപ്പറ്റി അസാമാന്യമായ മതിപ്പുണ്ടെന്നു് അവർ വ്യക്തമാക്കി. യൌവനത്തിലേയ്ക്കു കാലെടുത്തു വയ്ക്കുന്ന യുവതീയുവാക്കളെ ''വിലാസലതിക'' വഴിപിഴപ്പിയ്ക്കുകയില്ലേ എന്നവർ ഭയപ്പെട്ടു. മഹാകവി ''വിലാസലതിക'' എഴുതേണ്ടായിരുന്നുവെന്നുപോലും അഭിപ്രായപ്പെട്ടു. സ്വതസ്സിദ്ധമായ പ്രസന്നതയോടും മനസ്സാന്നിധ്യത്തോടുംകൂടി മഹാകവി അവരുടെ മുഖത്തുനോക്കി ഉച്ചത്തിൽ കലുങ്ങിച്ചിരിച്ചു. മനുഷ്യജീവിതത്തിൽ പരിശുദ്ധമായ ശൃംഗാരരസത്തിനു സമുന്നതമായ സ്ഥാനമില്ലേ എന്നു മഹാകവി ശാന്തമായി ചോദിച്ചു. ആ കുടുംബിനി മറുപടി പറയുന്നതിനു മുമ്പു മഹാകവി കടന്നു ചോദിയ്ക്കുകയാണു് ''ആ ഗ്രന്ഥം വായിച്ചപ്പോഴും മനസ്സിൽ യാതൊരു വികാരവും തോന്നിയില്ലേ?'' ആ മാന്യ കലുങ്ങിച്ചിരിച്ചപ്പോഴും, വലതു കൈയിന്റെ ചൂണ്ടാണി വിരൽ അവരുടെ നേരെ നീട്ടി മഹാകവി പറയുകയാണു്. ''അതേ, അതിനു വേണ്ടിത്തന്നെയാണു് ഞാനാഗ്രന്ഥമെഴുതിയതു്.''

കേരളത്തിന്റെ അമൂല്യസമ്പത്തുകളായ കഥകളിയെയോ മോഹിനിയാട്ടത്തെയോ പറ്റി ആരെങ്കിലും അധിക്ഷേപിയ്ക്കുന്ന പക്ഷം അതു സഹിയ്ക്കുവാൻ സമുന്നതകലാമർമ്മജ്ഞനും കലാരസികനുമായ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. ആ മുഖഭാവം പെട്ടെന്നു മാറും. കഥകളിയും നൃത്തങ്ങളും ഒരിയ്ക്കലും തരം താഴ്ന്നു കൂടാ എന്ന അഭിപ്രായമായിരുന്ന അദ്ദേഹത്തിന്റേതു്. അഭിനയമില്ലാത്ത നൃത്തം നൃത്തമല്ലെന്നു് അദ്ദേഹം പലപ്പോഴും പറയാറുണ്ടു്. മോഹിനിയാട്ടത്തിന്റെ അധഃപതനത്തെപ്പറ്റി പറയുമ്പോഴും ആ കണ്ണുകളിൽ ശോകരസം നിറയും. വേഷം മോശമായിരുന്നാലും, കഥകളി പഠിയ്ക്കുന്ന വിദ്യാർത്ഥി നീവിദ്യാർത്ഥികളെ അദ്ദേഹം ഒരിയ്ക്കലും നിരാശപ്പെടുത്താറില്ല. മാത്രമല്ല, അവർ വല്ലവിധവും ഉയർന്നു വരട്ടെ എന്നു കരുതി നല്ല അഭിപ്രായങ്ങൾ നൽകുവാൻ പോലും അദ്ദേഹം മടിച്ചില്ല.

ഇന്നത്തെ ലോകത്തിനു അനുയോജ്യമായ വിധം, പുതിയ ആശയ പ്രചരണത്തിനു കഥകളി എങ്ങിനെ ഉപയോഗപ്പെടുത്താമെന്നു പ്രസിദ്ധ നർത്തകിയായ ശ്രീമതി ഹിമാ കേ സർകൊടി ബോംബെയിൽ വച്ചു് മഹാകവിയോടു ചോദിച്ചു. കഥകളിയുടെ വേഷവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി, അതേ മുദ്ര, ഭാവം, രസം, ചലനം എന്നിവ ഉപയോഗിച്ചു് ഇന്നത്തെ തലമുറയ്ക്കു് കൂടുതൽ അഭിരുചി ഉളവാ

കന്ന പുതിയ കഥകൾ അവതരിപ്പിച്ചുകൂടേ എന്നും അവർ ആരാഞ്ഞു. പുരാതന കഥകൾക്കു അവയർഹിക്കുന്ന ഓജസ്സും തേജസ്സും ജീവനും ഉണ്ടായിരിയ്ക്കുവാൻ വേണ്ടിയാണു് വണ്ണശബളിതങ്ങളും അത്യാകർഷകങ്ങളുമായ വേഷവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതെന്നും ആ വേഷവിധാനങ്ങളിൽ മാറ്റങ്ങൾ വരുത്തി, മുദ്ര, രസം, ഭാവം, ചലനം എന്നിവ മാത്രം ഉപയോഗപ്പെടുത്തി അരങ്ങത്തുകൊണ്ടുവരുന്ന കഥകളി, കഥകളിയാവില്ലെന്നും മഹാകവി അഭിപ്രായപ്പെട്ടു. പക്ഷെ ഹിമയും വാദിയ്ക്കുവാൻ തുടങ്ങി. അങ്ങിനെ സാധിയ്ക്കുമെന്നായിരുന്ന ഹിമയുടെ വാദം. അവരുടെ കാമ്പില്ലാത്ത വാദമുഖങ്ങൾ മഹാകവിയെ അസ്വസ്ഥനാക്കി. അദ്ദേഹം ക്രമേണ ക്ഷുഭിതനായി കാണപ്പെട്ടു. ഇന്നത്തെ ലോകത്തിനു രുചിയ്ക്കുവാൻ വേണ്ടിമാത്രം വിശ്വോത്തര കലയായ കഥകളിയെ അധഃപതിപ്പിയ്ക്കുവാനോ അതിന്റെ കലാസുന്ദരമായ രൂപത്തിലും ഭാവത്തിലും മാറ്റങ്ങൾ വരുത്തുവാനോ ജീവിച്ചിരിയ്ക്കുമ്പോൾ സമ്മതിയ്ക്കുകയില്ലെന്നു അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.

ബോംബെ "ഫ്രീപ്രസ്സ് ജണ്ണൽ" ആപ്പീസിൽ

1957 ഒക്ടോബർ 26—അഞ്ചര മണിയ്ക്കു് 'ഫ്രീ പ്രസ്സ് ജണ്ണൽ' ദിനപത്രമാപ്പീസു സന്ദർശിച്ചു. മാനേജിംഗ് ഡയറക്ടർ ശ്രീ ഏ. ബി. നായരും പത്രാധിപസമിതിയംഗങ്ങളും മഹാകവിയെ സമുചിതം സ്വീകരിച്ചു. മാനേജിംഗ് ഡയറക്ടരുടെ വിശാലമായ മുറിയിൽ വച്ചു് ഒരു ചെറിയ സമ്മേളനം നടന്നു. പത്രപ്രവർത്തകരുടെ ചോദ്യങ്ങൾക്കു മഹാകവി നൽകിയ മറുപടികൾ പല നിലയിലും പ്രാധാന്യമർഹിയ്ക്കുന്നു.

ചോദ്യം. ''സാഹിത്യ അക്കാഡമികൊണ്ടു് സാഹിത്യത്തിനു് അഭിവൃദ്ധി ഉണ്ടാക്കാൻ സാധിയ്ക്കുമോ?

ഉത്തരം. ''ഭാഷാ സേവനത്തിൽ നിർവ്യാജമായ ശ്രദ്ധയോടുകൂടി പരിശ്രമിയ്ക്കുവാൻ തയ്യാറുള്ള കുറെ അംഗങ്ങൾ ഉണ്ടായാൽ സാഹിത്യ അക്കാദമി ഭാരതത്തിലെ എല്ലാ ഭാഷകൾക്കും ഉണർവും ഉയർച്ചയും വരുത്തുമെന്നാണെന്റെ വിശ്വാസം.'

ചോദ്യം. ''കഴിഞ്ഞ പത്തു കൊല്ലമായി കലാസംബന്ധിയായ വളർച്ച തൃപ്തികരമായി തോന്നുന്നുണ്ടോ?''

ഉത്തരം. ''ഒരു ദാബൂത്തെപ്പിടിച്ചു പറകയാണെങ്കിൽ വലിയ തൃപ്തിയ്ക്കൊന്നും വകയില്ല. എന്നാൽ അതൃപ്തിയ്ക്കും വകയില്ല. എഴുത്തുകാർ വളരെ വർദ്ധിച്ചിട്ടുണ്ടു്. വളരെ വളരെ എല്ലാ രാജ്യങ്ങളിലും വർദ്ധിച്ചിട്ടുണ്ടു്. അവർക്കൊക്കെ നിഷ്പ്രയാസം നേടാവുന്നതല്ലല്ലോ കലാകാര പ്രസിദ്ധി. വാസന വേണം, വൈദുഷി വേണം, ചിന്തിയ്ക്കുവാൻ ത്രാണി വേണം — ഇവയെല്ലാം ഒത്തിണങ്ങിയവർ ഏറേപ്പേരുണ്ടാകയില്ലല്ലോ. അതുകൊണ്ടു് നാമിതുകൊണ്ടു് തൃപ്തിപ്പെട്ടാൽ പോരാ. മാഘമഹാകവി പറഞ്ഞപോലെ, ശ്രേയസ്സിൽ തൃപ്തനായിരുന്ന കൂടാ മനുഷ്യൻ.''

ചോദ്യം. ''കലകളെ വളർത്താൻ എന്തുനടപടികളാണെടുക്കേണ്ടതു്. ?''

ഉത്തരം. ''മൂന്നാം ചോദ്യത്തിന്റെ ഉത്തരം രണ്ടാം ചോദ്യത്തിൽ പറഞ്ഞു കഴിഞ്ഞു. നിങ്ങൾ — പത്രപ്രവർത്തകർ — നല്ല വാസനയുള്ള യുവാക്കളെ കണ്ടുപിടിച്ചു് അവരെ പ്രോത്സാഹിപ്പിയ്ക്കുകയാണു് വേണ്ടതു്. നാട്ടുകാർക്കു് സൽഗ്രന്ഥപാരായണത്തിൽ അഭിരുചി വർദ്ധിപ്പിയ്ക്കണം.''

ഖടാവുവിന്റെ സാമ്പാർ

ഒക്ടോബർ 29— ധനാഢ്യനും മികച്ചൊരു വ്യവസായ വിദഗ്ധനുമായ ശ്രീ ധരംസി എം. ഖടാവു മഹാകവിയെ ഊണിനു ക്ഷണിച്ചിരുന്നു. വൈകുന്നേരം എട്ടു മണിയ്ക്കു് ഞങ്ങൾ അദ്ദേഹത്തിന്റെ വസതിയിലെത്തി. അദ്ദേഹവും പത്നിയും മഹാകവിയെ സ്വീകരിച്ചു. പുത്രിയേയും പുത്രനേയും പരിചയപ്പെടുത്തി. വലിയൊരു കഥകളി പ്രേമിയും കൂടിയാണു് ശ്രീ ഖടാവു. മലയാളം അറിഞ്ഞുകൂടെങ്കിലും, മഹാകവി ആവേശത്തോടുകൂടി സംസാരിയ്ക്കുമ്പോൾ, ആംഗ്യസൂചനയിൽ നിന്നും മുഖഭാവത്തിൽ നിന്നും അതിന്റെ സാരം ഊഹിച്ചറിയുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

വിഭവസമൃദ്ധമായ ഒരു സദ്യയായിരുന്നു അദ്ദേഹം ഒരുക്കിയിരുന്നതു്. ഒരു പാചക വിദഗ്ധനാണു് സാമ്പാർ തയ്യാറാക്കിയതെന്നും സാമ്പാർ തയ്യാറാക്കുവാൻ വേണ്ടി ആ വിദഗ്ധനെ അന്നു് എവിടെ നിന്നോ തേടിപ്പിടിച്ചു കൊണ്ടുവന്നതാണെന്നും ഭക്ഷണവേളയിൽ ശ്രീ. ഖടാവു സൂചിപ്പിച്ചു. സാമ്പാർ നന്നായിട്ടില്ലേ എന്നു അദ്ദേഹവും പത്നിയും ചോദിച്ചു. വാസ്തവത്തിൽ സാമ്പാർ അത്ര നന്നായിരുന്നില്ല. എങ്കിലും അതു തുറന്നു പറയാമോ?

ഊണിനുശേഷം മഹാകവിയുടെ റഷ്യൻ യാത്രയെപ്പറ്റി ശ്രീ. ഖടാവു പലതും ചോദിച്ചറിഞ്ഞു. സോവിയറ്റ്നാടിന്റെ സർവതോമുഖമായ പുരോഗതിയേയും ജനതയുടെ ആത്മവിശ്വാസത്തേയും പറ്റി മതിപ്പോടുകൂടി മഹാകവി വിവരിച്ചു.

ഡോക്ടർ ജോൺമത്തായിയുടെ കൂടെ

നവമ്പർ 3— രാവിലെ ഒമ്പതു മണിയ്ക്കു മുമ്പായി ഞാൻ മഹാകവി താമസിച്ചിരുന്ന ഹോട്ടലിലെത്തി. പത്തു മണിയ്ക്കു് ഡോക്ടർ ജോൺ

മത്തായിയെ കാണുവാൻ ഞങ്ങൾ ടാജ്മഹാൻ ഹോട്ടലിലേയ്ക്കു പോയി. മുൻകൂട്ടി സമയം നിശ്ചയിച്ചിരുന്നതുകൊണ്ട്, മഹാകവിയുടെ വരവു പ്രതീക്ഷിച്ചിരിക്കയായിരുന്ന മത്തായി. കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലർ കൂടിയാണ് താനെന്നും ആ നിലയിലും സ്വന്തം നിലയിലും കേരളത്തിന്റെ മഹാകവിയുമായി പരിചയപ്പെടുവാൻ അവിചാരിതമായ ഒരവസരം ലഭിച്ചതിൽ അതിയായ ചാരിതാർത്ഥ്യമുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി. അതിനുശേഷം ഭൂഗോളവിവർത്തനത്തെപ്പറ്റി തെല്ലിടസംസാരിച്ചു. ഡോക്ടർ മത്തായി എല്ലാം ശ്രദ്ധിച്ചു കേട്ടു. പലതും ചോദിച്ചറിഞ്ഞു. ഡിസംബർ 12–ാംനു- യോടുകൂടി അദ്ദേഹം കേരളത്തിൽ തിരിച്ചെത്തുമെന്നും അതിനുശേഷം മഹാകവിയുമായി കൂടുതൽ സംസാരിയ്ക്കുവാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഒടുക്കത്തെ പത്രപ്രതിനിധി സമ്മേളനം

ബോംബെയിൽവെച്ചുതന്നെയാണ് മഹാകവിയുടെ ഏറ്റവും ഒടുക്കത്തെ പത്രപ്രതിനിധിസമ്മേളനം ചേരുവാനിടയായത് — ഒക്ടോബർ 28–ാംനു- തിങ്കളാഴ്ച. 'ഫിലിംസ് ഡിവിഷൻ' ഓഫീസു കെട്ടിടത്തിന്റെ മുമ്പിൽവെച്ചാണ് സമ്മേളനം ചേർന്നതു്. ബോംബെയിലെ പല പ്രമുഖ ദിനപത്രങ്ങളുടെയും പ്രതിനിധികളും സന്നിഹിതരായിരുന്നു. മഹാകവി പ്രസ്താവിച്ച കാര്യങ്ങളുടെ രത്നച്ചുരുക്കം ഇവിടെ ചേർക്കുന്നതു സമുചിതമായിരിയ്ക്കും.

''കേരളത്തിൽ പുതിയ ഗവമ്മെണ്ട് അധികാരമേറ്റെടുത്തതിനുശേഷം അധികം താമസിയാതെ കേരള കലാമണ്ഡലം ഗവമ്മെണ്ട് ഏറ്റെടുത്തു. പുതിയ ഒരു തിയറ്ററും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റലുകളും നിർമ്മിക്കുവാനായി ഗവമ്മെണ്ട് മുപ്പതു ഏക്കർ സ്ഥലം ഇവിടെ വിലയ്ക്കു വാങ്ങിയിട്ടുണ്ട്. ഉടൻതന്നെ കെട്ടിടങ്ങളുടെ പണി ആരംഭിയ്ക്കുന്നതായിരിയ്ക്കും. കലാമണ്ഡലം ഗവമ്മെണ്ടുവക തന്നെയാണ്. അതുകൊണ്ട് പുതിയ വിദ്യാഭ്യാസ ബിൽ കലാമണ്ഡലത്തെ ബാധിയ്ക്കുന്നില്ല. കലാമണ്ഡലത്തെ ബാധിച്ചാൽ അതുകൊണ്ടു ഗവമ്മെണ്ടിനു തന്നെയാണല്ലോ വിഷമം നേരിടുക.

കഥകളിയും ഭരതനാട്യവും മോഹിനിയാട്ടവും മറ്റും കുറെക്കാലമായി ക്ഷയിച്ചുവരികയായിരുന്നു. കഥകളിയേയും മോഹിനിയാട്ടത്തെയും മറ്റും ഉദ്ധരിയ്ക്കാനും വളർത്താനുമാണ് കലാമണ്ഡലം ഇരുപത്തേഴുകൊല്ലം മുമ്പ് സ്ഥാപിക്കപ്പെട്ടതു്. കഥകളിപരിശീലനം വളരെ ക്ലേശകരമാണ്. ഉഷസ്സു തുടങ്ങുകവിളമായി എഴുന്നേൽക്കുന്നതിനു മുമ്പു, മൂന്നുമണിക്കു് കഥകളി വിദ്യാർത്ഥികളും എഴുന്നേൽക്കണം. അഭ്യാസം വർഷക്കാലത്തായതുകൊണ്ട് പെരുമഴയത്തു മുടിപ്പുതച്ചു കിടക്കാൻ പറ്റില്ല. എഴുന്നേറ്റാൽ വ്യായാമങ്ങളെടുക്കണം. എണ്ണ പുരട്ടി ഉഴിച്ചിൽ നടത്തണം. കണ്ണുസാധകം ചെയ്യണം. ഉഴിച്ചിൽ കൈ കൊണ്ടല്ല, കാലുകൊണ്ടാണ് പതിവ്. മുകളം ഭാഗത്തു രണ്ടു മൂന്നു കെട്ടിയിരിയ്ക്കും. അതിന്മേൽ പിടിച്ചു നിന്നുകൊണ്ടാണ് ആശാന്മാർ കുട്ടികളെ ഉഴിയുക പതിവ്. ആരംഭകാലത്തു ചിലകുട്ടികൾ വേദനകൊണ്ടു കരഞ്ഞു പോകാറുണ്ട്. അങ്ങനെ വളരെ വേദനിച്ചു പഠിച്ചവരാണ് ഇന്നത്തെ പ്രശസ്തരായ കഥകളി നടന്മാരെല്ലാവരും. കീർത്തി ഇങ്ങോട്ടുവന്നു് അവരെ ആലിംഗനം ചെയ്യുകയല്ല ഉണ്ടായതു്. അവർ അത്യധികം ക്ലേശിച്ചു് കീർത്തിയെ തങ്ങളിലേയ്ക്കു് ആകർഷിയ്ക്കുകയാണ് ചെയ്തത്. ഒരു നല്ല നടനാവാൻ ചുരുങ്ങിയതു പത്തു പന്ത്രണ്ടു കൊല്ലമെങ്കിലും തുടർച്ചയായി പഠിയ്ക്കണം.

ഇന്നു പരക്കെ കാണുന്ന നൃത്തത്തിനാണെങ്കിൽ ഈ വക വിഷമതകളൊന്നുമില്ല. ആറുമാസം കൊണ്ട് ഒരാംക്ക നർത്തകനാകാം. നൃത്തത്തെ അവഹേളിയ്ക്കുകയല്ല. അഭിനയം കൂടാത്ത നൃത്തത്തിനു് ആകർഷകത്വമെവിടെ? ഇന്നു കാണുന്ന നൃത്തങ്ങളും ഒട്ടുമുക്കാലും അഭിനയമില്ലാത്തവയാണു്. അതുകൊണ്ട് കഴുത്തു വെട്ടിക്കളഞ്ഞാലും, നൃത്തം നടന്നുകൊള്ളും. പണ്ടു നൃത്തം ഇങ്ങനെയല്ലായിരുന്നു. അഭിനയത്തോടുകൂടിയ നൃത്തമേ ഉണ്ടായിരുന്നുള്ളു. കഥകളി ഏറ്റവും മികച്ച കലാവിദ്യയാണെന്നു പറക്കെ അംഗീകരിയ്പ്പെടുവാൻ കാരണം, അഭിനയവും നൃത്തവും സംഗീതവും അതിൽ സമഞ്ജസമായി സമ്മേളിച്ചിരിയ്ക്കുകൊണ്ടാണ്.

ഭരതനാട്യവും മോഹിനിയാട്ടവും അധഃപതിയ്ക്കാൻ കാരണം പഠിപ്പിയ്ക്കാൻ യോഗ്യതയുള്ള ആശാന്മാർ ഇല്ലായ്കയാണ്. രണ്ടും പഠിപ്പിയ്ക്കുന്നതു സാധാരണ പുരുഷന്മാരാണ്. ഭരതനാട്യം പഠിപ്പിയ്ക്കാൻ ഇന്നു നാലോ അഞ്ചോ മികച്ച ആശാന്മാരേ ജീവിച്ചിരുപ്പുള്ളു. മോഹിനിയാട്ടം പഠിപ്പിയ്ക്കാനാണെങ്കിൽ അതുമില്ല.

സ്ത്രീകൾ കഥകളിയിൽ വേഷം കെട്ടുന്നതിൽ എനിയ്ക്കു സന്തോഷമേയുള്ളു. മുമ്പു സ്ത്രീകൾ കഥകളിയിൽ വേഷം കെട്ടുക പതിവില്ല. അതിനു കാരണം, ദേഹത്തിനു് അയവും ആയാസവും വരുത്താൻ ഉഴിച്ചിലും മറ്റും നടത്താനുള്ള വിഷമം മാത്രമല്ല, കഥകളിയിലെ നൃത്തം കൂടുതൽ ക്ലേശകരമായതുകൂടിയാണ് എന്നു തോന്നുന്നു. സ്ത്രീകൾ സ്ത്രീ വേഷം കെട്ടുകയാണ് നല്ലതു്. പുരുഷവേഷം കെട്ടുന്നതു നന്നെന്നു തോന്നുന്നില്ല.''

ഒടുക്കത്തെ റേഡിയോ പ്രക്ഷേപണം

നവമ്പർ 6–ാംനു- രാവിലെ ഒമ്പതു മണിക്കു് അഖിലേന്ത്യാ റേഡിയോ ബോംബെനിലയ

ത്തിൽ നിന്ന മഹാകവിയുടെ ഏറ്റവും ഒടുക്കത്തെ റേഡിയോ പ്രക്ഷേപണമുണ്ടായി. കഥകളിയെ കുറിച്ചതന്നെയാണ് സംസാരിച്ചതു്. ഒടുക്കത്തെ റേഡിയോ സന്ദേശം ശ്രദ്ധാർഹമത്രെ.

''കഥകളിയുടെ ഉൽപ്പത്തി ഏതുകാലത്താണെന്ന കണ്ടുപിടിപ്പാൻ ചരിത്രാന്വേഷികളുടെ കണ്ണിന്നു കഴിവുണ്ടായിട്ടില്ല. മഹാഭാരത—രാമായണാദികളായ ഇതിഹാസങ്ങളിലും ഭാഗവതാദി പുരാണങ്ങളിലും പ്രതിപാദിയ്ക്കപ്പെട്ട കഥകളിൽ പലതിനേയും ഗാന—മേള—താളാനുസാരേണ രംഗത്ത് അവതരിപ്പിക്കുന്ന ഒരു കമനീയമായ കലാവിശേഷമാകുന്നു കഥകളി. ഇത്ര ഉന്നതവും ഗംഭീരവുമായ ഒരു കല സഹ്യപർവ്വതത്തിന്റെയും അറബിക്കടലിന്റെയും മദ്ധ്യത്തിലുള്ള പ്രദേശങ്ങളിലേ ഉണ്ടായിവരൂ എന്നുകൂടി പറയാൻ തോന്നുന്നു. കഥകളിയാകുന്ന പുണ്യനദിയുടെ ഓരോ അലയിലും മിന്നിത്തിളങ്ങുന്നുണ്ട്, പൂർവ്വകേരളീയരുടെ മനോധർമ്മരശ്മികളെന്നു ചുരുക്കിപ്പറയട്ടെ.

കഥകളിയ്ക്കൊത്ത, എല്ലാം തികഞ്ഞ, ഒരു കലാവിശേഷം ഇന്നു ലോകത്തിലെങ്ങുമില്ലെന്ന് ഭൂഗോളത്തിന്റെ എല്ലാ ഭാഗത്തുമുള്ള നൃത്തങ്ങളെ കണ്ടിട്ടുള്ളവർ കൊണ്ടാടിപ്പോരുന്നു. ഇതുനിമിത്തം പരിഷ്കൃതരാജ്യങ്ങളിലെ കലാരസികന്മാർ കഥകളിയെ ആസ്വദിപ്പാൻ കൊതിച്ചുകൊണ്ടിരിയ്ക്കയാണു്.

അവരെ തെല്ലൊന്നാശ്വസിപ്പിയ്ക്കാനായിരിയ്ക്കും ഇന്ത്യാഗവമ്മെണ്ട് കഥകളിയുടെ ഫിലിം എടുക്കുന്നതിൽ കനത്ത ധനവ്യയം ചെയ്തു തുടങ്ങിയിരിയ്ക്കുന്നത്. ഈ ഫിലിം അചിരേണ വിദേശങ്ങളിലേയ്ക്കു് അയയ്ക്കപ്പെടും. അപ്പോഴം അവിടത്തുകാർക്കു് കഥകളിയുടെ ഒരു നേരിയ രൂപം അത്ഭുതത്തോടെ കാണുമാറാകയും ചെയ്യും. അതിനാൽ ഇന്ത്യാഗവമ്മെണ്ടിന്റെ ഈ സംരംഭം അത്യന്തം ശ്ലാഘനീയവും നമ്മുടെയെല്ലാം ഉള്ളിൽക്കൊണ്ട വിജയാശംസയെ അർഹിയ്ക്കുന്നതുമാകുന്നു!''

ഭൂഗോളത്തിന്റെ മുന്നിലൊന്നും വാല്യങ്ങളുമായി 1958ൽ വീണ്ടും ബോംബെയിൽ വരുമെന്നും 105 വയസ്സുവരെ ജീവിച്ചിരിയ്ക്കുമെന്നും ഒരു ഹസ്തരേഖാശാസ്ത്രവിദഗ്ധൻ പ്രവചിച്ചിട്ടുണ്ടെന്നും നവമ്പർ 7—ാംനു——കേരളത്തിലേയ്ക്കു മടങ്ങിയ ദിവസം —— യാത്രയയയ്ക്കുവാൻ 'ബോംബെ വിക്ടോറിയ ടെർമിനസ്സ്' റെയിൽവേ സ്റ്റേഷനിൽ തടിച്ചു കൂടിയ സുഹൃത്തുക്കളോടു ഫലിതപൂർണ്ണമായ ഭാഷയിൽ അദ്ദേഹം പറഞ്ഞതു് ചെവികളിൽ മാറ്റൊലിക്കൊള്ളുന്നു. നെഞ്ചിൽ കൂപ്പുകൈയും കണ്ണുകളിൽ ഭാവിയെപ്പറ്റിയുള്ള ശുഭപ്രതീക്ഷകളും ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരിയുമായി മഹാകവി യാത്ര പറഞ്ഞു. പക്ഷേ അദ്ദേഹം 'വാക്കു' പാലിച്ചില്ല. നിയതിയുടെ നിയമം അങ്ങിനെയായിരുന്നു.



മതിയാവോളം പുണരാം
മലരമ്പച്ചൂടിയന്ന ഗാത്രത്താൽ
മാലിനിയലനീത്തുള്ളിയു-
മേടലർ മണവും കലർന്ന തെന്നലിനെ!

"ശാകുന്തളം"

വള്ളത്തോളിലെ ഞാൻ

ഒ.എം.സി.

നാരായണൻ നമ്പൂതിരിപ്പാട്

വിസ്മരിക്കുവാൻ കഴിയാത്ത ചില വ്യക്തികളും സംഭവങ്ങളുമുണ്ട്. പരിചയപ്പെടുകയും പെരുമാറുകയും ചെയ്താൽ ആ വ്യക്തികളുടെ ഒരു മായാത്ത മുദ്ര മനസ്സിൽ പതിയും; പെരുമാറ്റത്തിലെ പല അനുഭവങ്ങളും ഉള്ളിൽ വെളിച്ചം കെടാതെ നിൽക്കും. അങ്ങിനെവരുന്നതു് ആ വ്യക്തിയുടെ വൈശിഷ്ട്യംകൊണ്ടോ, മഹത്വം കൊണ്ടോ മാത്രമല്ല, അന്തഃപ്രസാരിയായ ഒരു വ്യക്തിത്വംകൊണ്ടാണു്. സുചരിതനായ മഹാകവി വള്ളത്തോൾ ആർക്കും ആവിധത്തിൽ അവിസ്മരണീയനാണു്. അദ്ദേഹമായി പെരുമാറിയ ചെറുചെറു സംഭവങ്ങൾപോലുംമനസ്സിൽ നിത്യനൂതനങ്ങളായിനിലനിൽക്കും. ആജാനുബാഹുവും സ്നേഹസ്മേരമുഖനും അനുഗ്രഹശീലനുമായ മഹാകവിയെ ഞാൻ ഈയിടെഒരു ദിവസം സ്വപ്നം കണ്ടു്,ഉണർന്നശേഷംപോലും പുളകംകൊള്ളുകയുണ്ടായി.

നന്നചെറുപ്പത്തിൽത്തന്നെ മഹാകവിയെ മനസ്സുകൊണ്ടാരാധിച്ചുപോന്നവനാണു് ഞാൻ. വാല്മീകിരാമായണം പരിഭാഷ പുറത്തുവന്ന കാലം. ഇല്ലത്തെ അപ്ഫന്മാരും സുഹൃത്തുക്കളും, മൂലവും തർജ്ജമയും കൂടി വായിച്ചു് മണ്ഡനഖണ്ഡനങ്ങൾ നടത്തുന്നതും ശ്രീ കൃഞ്ഞിക്കുട്ടൻതമ്പുരാന്റെ മഹാഭാരതം തർജ്ജമയുമായി താരതമ്യപ്പെടുത്തുന്നതും ആ കാലത്തേ കേട്ടു് ജിജ്ഞാസയോടൊപ്പം ആരാധനയും എന്റെ ഹൃദയത്തിൽ വേരുന്നിയിരുന്നു. അതുപോലെ ചിത്രയോഗവും, ഉമാകേരളവും, രുഗ്മാംഗദചരിവും കൂടി താരതമ്യപ്പെടുത്തുന്നതും കേട്ടിട്ടുണ്ടു്. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർക്കു് സംഗതിവശാൽ മൂന്നു മഹാകവികളും പ്രയോഗിച്ച

''നളിനജനഗജാനാഥനാരായണന്മാർ''
''വനനിധിവനജാവാസവാമേശ്വരന്മാർ''
''കമലജകമലാകാന്തകാമാന്തകന്മാർ''

എന്നീ വ്യത്യസ്തസംജ്ഞാവിശേഷങ്ങളിൽ ഏതധികംമനോഹരമെന്ന സമാലോചന ഇന്നും എനിയ്ക്കോമ്മതോന്നുന്നു. അതിൽ മഹാകവി വള്ളത്തോളിന്റേതായ ഒടുവിലത്തേതാണു് കൂടുതൽ മനോഹരമെന്നു് എനിക്കന്നേ തോന്നിയതും ഞാൻ മറന്നിട്ടില്ല.

ഹൃദയത്തിൽ ഒരു ഗുരുവിനെപ്പോലെ ആരാധിച്ചിരുന്ന ആ മഹാനുഭാവനെ 17–ാം വയസ്സിലാണു്, 1103 തുലാത്തിലാണു് ഞാൻ ആദ്യം കണ്ടതു്. അന്നു് വള്ളത്തോൾ എന്തോ ആവശ്യത്തിനു് ഇല്ലത്തു വന്നു. മൂത്തിരിങ്ങോട്ടു് ഭവത്രാതൻ നമ്പൂതിരിപ്പാടും അന്നവിടെ ഉണ്ടായിരുന്നു. മഹാകവിയുടെ മുമ്പിൽ തൊഴുകയ്യായി വന്നുനിന്ന എന്നെ മൂത്തിരിങ്ങോട്ട പരിചയപ്പെടുത്തി. ''കവി'' എന്നു പറഞ്ഞു് വള്ളത്തോൾ എന്നെ അനുഗ്രഹിച്ചു. തലേ കന്നിമാസത്തെ ഉണ്ണിനമ്പൂതിരി പുതുവത്സരപ്രതിയിൽ ഞാനൊരു ചെറു കവിത എഴുതിയിരുന്നതു കണ്ടതു് ഓമ്മിച്ചാണു് വള്ളത്തോൾ പറഞ്ഞതെന്നു് എനിക്കു് മനസ്സിലായി. പിന്നെ പറഞ്ഞ വാക്കിതാണു്: ''പഠിയ്ക്കണം, പഠിയ്ക്കണം, സംസ്കൃതം പഠിക്കണം.' ഗുരുഭൂതന്റെ ആ സസ്നേഹശാസനത്തെ മാനിച്ചു് ഉടനെത്തന്നെ ഞാൻ സംസ്കൃത പാഠം തുടങ്ങി. രണ്ടുമൂന്നു സർഗ്ഗം കാവ്യം മാത്രമേ പഠിപ്പാനെനിക്കു് സംഗതി വന്നിട്ടുള്ള. ആ ലഘുസംസ്കൃതത്തിനു് വള്ളത്തോളിനോടാണു് ഞാൻ കടപ്പെട്ടിട്ടുള്ളതു്. പിന്നീടു കണ്ട സന്ദർഭങ്ങളിൽ പലതിലും സംസ്കൃതം പഠിക്കുന്നതിനെപ്പറ്റി ചോദിക്കാറുണ്ടു്. പക്ഷെ സ്കൂളിൽ ചേർന്നു് പാഠ്യവിഷയങ്ങളും മാറി, പരപഥങ്ങളിൽ ഞാൻ ചരിച്ചുപോയിരുന്നു.

കോട്ടയ്ക്കൽ സാഹിത്യ പരിഷത്തിനു് (1104) ഒരു ലഘു പനൃാസം ഞാൻ വായിച്ചു. ഉപന്യാസവും കയ്യിൽപിടിച്ചു ഞാൻ ഇരിക്കുമ്പോഴും, വായിക്കുന്നതിനു മുമ്പു്, വള്ളത്തോൾ വാങ്ങിയന്നു കണ്ണോടിച്ചു മറ്റു വിരലുകളും മടക്കി മുണ്ടാണിവിരൽകൊണ്ടു് നന്നായിട്ടുണ്ടെന്നു് മുദ്രകാണിച്ചുപ്രോത്സാഹിപ്പിച്ചതും മറ്റും ഞാനോർക്കുന്നു. കോട്ടയ്ക്കൽവച്ചു സംസ്കൃതം പഠിക്കണമെന്ന ഉപദേശം വീണ്ടും ആവർത്തിച്ചു. പക്ഷെ എന്റെ കോളേജു് വിദ്യാഭ്യാസം പൂർത്തിയാക്കി ആ ഉപദേശം നിറവേറ്റാൻ എനിക്കു് സാധിച്ചില്ല. ഇന്നും എന്റെ സംസ്കൃതാനഭിജ്ഞതയെപ്പറ്റി എനിക്കു് പശ്ചാത്താപമുണ്ടു്.

രണ്ടാം ലോക യുദ്ധകാലത്തു് നാട്ടിൽ പഞ്ഞവും പട്ടിണിയും നടമാടിയ കാലത്തു്, ദാരിദ്ര്യവിഷയകമായി ചില കവിതകളെഴുതി ''വെല്ലുവിളി'' എന്ന പേരിൽ ഒരു സമാഹാരം ഞാൻ

പ്രസിദ്ധപ്പെടുത്തി. ആ പുസ്തകം വള്ളത്തോളിനു് കൊടുപ്പാൻ ഞാൻ ധൈര്യപ്പെട്ടില്ല. കാരണം, അവയത്ര മോശമായിരുന്നു. എങ്കിലും മഹാകവി അതു് വായിച്ചു. എന്നെ പിന്നെ കണ്ടപ്പോഴും, ''കവിതാപുസ്തകം കണ്ടു'' എന്നു പറഞ്ഞു. ഞാനൊന്നും മറുപടി പറഞ്ഞില്ല. കുറച്ചുകഴിഞ്ഞു് അദ്ദേഹം പറഞ്ഞു: ''കുറച്ചുകൂടി ഭാവനയോടുകൂടി എഴുതുവാൻ ശ്രമിക്കണം.'' മുഖസ്തുതി പറയാതെ സൗമ്യമായി നൽകിയ ആ വിമർശനം വാസ്തവത്തിൽ ഒരനുഗ്രഹമായിരുന്നു.

വള്ളത്തോൾ അഭിജ്ഞാനശാകുന്തളം പരിഭാഷപ്പെടുത്തിയ കാലത്തു് അതു വിൽക്കുവാൻവേണ്ടി പല ദിക്കിലും നടന്ന കൂട്ടത്തിൽ ഇല്ലത്തും വരുകയുണ്ടായി. അന്നു് ഒരു പുസ്തകമെടുത്തു് എനിക്കു തന്നു് ഇങ്ങിനെ പറഞ്ഞു. ''കേരള വർമ്മയുടേയും രാജരാജവർമ്മയുടേയും തർജ്ജമകളും ഇതും കൂടി ഒന്നു വായിക്കു. അഭിപ്രായം പറയണം.'' ഞാനെന്തഭിപ്രായം പറയാനാണു്. എങ്കിലും വിനീതനായി പുസ്തകം വാങ്ങി. അദ്ദേഹം പറഞ്ഞപോലെ മൂന്നു തർജ്ജമകളും ഞാൻ കൂട്ടിവച്ചു വായിച്ചു. സംസ്കൃത പണ്ഡിതനായ ഒരു സുഹൃത്തിന്റെ സഹായത്തോടുകൂടി മൂലവും നോക്കി. പിന്നീടു കണ്ടപ്പോഴും, എടുത്ത ചോദ്യത്തിനു ചോദിച്ചു. ''ശാകുന്തളം വായിച്ചുവോ? എന്തു തോന്നി?'' കേരള കാളിദാസന്റെ മുമ്പിൽ ഞാൻ പരുങ്ങി. ''തോന്നിയതു പറഞ്ഞോളൂ.'' എന്നായി. ഒടുവിൽ ഞാൻ ഒരു സംശയം ഉന്നയിച്ചു. ''ഒരു ദിക്കിൽ മുഷിപ്പന്മാരായ മുനികുമാരന്മാർ'' എന്നു കാണുന്നു. ആ വിശേഷണം ശരിയായോ?'' വള്ളത്തോൾ മറുപടി പറഞ്ഞു. ''അരസികന്മാർ എന്നാണു് മൂലം. അതുതന്നെ ചേർത്താൽ മതിയോ?'' ഞാൻ വീണ്ടും ചോദിച്ചു. ''എങ്കിലും മുഷിപ്പന്മാർ എന്നു പറഞ്ഞാൽ ഭംഗിയാണോ?'' ഒടുവിൽ വള്ളത്തോൾ സമ്മതിച്ചു. ''മുഷിപ്പന്മാർ എന്ന വാക്കു് മുഷിപ്പനാണു്. അടുത്ത പതിപ്പിൽ വേറെ വല്ല വാക്കും വെയ്ക്കാം.'' എന്നു പ്പോലുള്ള എത്രയോ എളിയ ഒരാളുടെ വിമർശനത്തിനു് അദ്ദേഹം സ്വാഗതം നൽകിയതു കണ്ടപ്പോഴാ എനിക്കുള്ളതാം തോന്നി. അദ്ദേഹത്തെക്കുറിച്ചു ബഹുമാനവും പതിന്മടങ്ങു വർദ്ധിച്ചു. എങ്കിലും ഞാനതു പറഞ്ഞതു് ഒരവിവേകമായിരുന്നില്ലേ എന്നിപ്പോഴും തോന്നുന്നുണ്ടു്.

കേരള കലാമണ്ഡലത്തിൽ, മാനേജിങ്ങു് കമ്മിറ്റിയിൽ, എന്നെ ഒരംഗമായി നിയമിച്ചതു് വള്ളത്തോളിന്റെ നിർദ്ദേശപ്രകാരമായിരുന്നു. എന്നോടു ചോദിച്ചിട്ടുമല്ല. നിയമനം സ്വീകരിച്ചു്, കമ്മിറ്റി യോഗത്തിനു് ചെന്നപ്പോഴാണു് താൻ നിർദ്ദേശിച്ച വിവരം പറഞ്ഞതു്. വള്ളത്തോൾ മരിക്കുന്നതുവരെയും, അതിനുശേഷം കുറച്ചുകാലവും ആ സ്ഥാനം ഞാൻ തുടർന്നു വഹിച്ചു.

കലാമണ്ഡലം കമ്മിറ്റി യോഗങ്ങളിൽ മുടക്കം കൂടാതെ വള്ളത്തോൾ സംബന്ധിച്ചിരുന്നു. അംഗങ്ങളും സന്നിഹിതരാകണമെന്നു് അദ്ദേഹത്തിനു് നിഷ്ക്കർഷയുണ്ടായിരുന്നു. യോഗത്തിൽ വച്ചു് അടുത്ത യോഗത്തിന്റെ സുമാർ തീയതി പറഞ്ഞു നിശ്ചയിക്കുകയും, അംഗങ്ങളുടെ സൌകര്യങ്ങളും പ്രത്യേകം കണക്കിലെടുക്കുകയും ചെയ്തിരുന്നു. യോഗങ്ങളിൽ ആലോചനയ്ക്കുവരുന്ന വിഷയങ്ങളിലോരോന്നിലും സൂക്ഷ്മമായി ശ്രദ്ധിക്കുകയും, വ്യക്തമായി അഭിപ്രായം പറയുകയും ചെയ്തിരുന്നു. ഗവമ്മെണ്ടിൽനിന്നു് ഇംഗ്ലീഷിൽ വരുന്ന കത്തുകളും അർത്ഥം പറഞ്ഞുകൊടുക്കുവാൻ എല്ലായ്പോഴും അദ്ദേഹം എന്നോടാണാവശ്യപ്പെട്ടിരുന്നതു്. കലാമണ്ഡലത്തിന്റെ അഭിവൃദ്ധിക്കു് മാർഗ്ഗം തെളിയിക്കുന്ന ഏതഭിപ്രായവും അദ്ദേഹം വേഗം സമ്മതിച്ചിരുന്നു, സ്വീകരിച്ചിരുന്നു.

കലാമണ്ഡലത്തിൽ ഭരതനാട്യം ശരിക്കു് പഠിപ്പിക്കുവാൻ വിദഗ്ധനായ അദ്ധ്യാപകൻ ഇല്ലാത്ത ഒരു കാലഘട്ടം ഇടയ്ക്കുണ്ടായി. അന്നു് ഒരു യോഗത്തിൽ ഞാൻ പറഞ്ഞു. ''ഇവിടെ കഥകളിയിൽനിന്നു് വളർത്തിയെടുത്ത ഒരു പ്രത്യേകതരം നൃത്യം പഠിപ്പിച്ചാൽ മതി. ഭരതനാട്യത്തിൽ ഏതായാലും നമുക്കു് തമിഴ്നാടിനോടു കിടപിടിയ്ക്കുവാനൊക്കില്ലല്ലോ.'' ഈ അഭിപ്രായം മഹാകവിക്കു് ഒട്ടും രുചിച്ചില്ല. ''ഭരതനാട്യം വേണ്ടെങ്കിൽ വേണ്ട'' എന്നു് അദ്ദേഹം വിസമ്മതമായ സമ്മതമാണു് പറഞ്ഞതു്. എന്റെ നിർദ്ദേശം ഞാൻ പിൻവലിച്ചു. പിന്നെ പല പ്പോഴും എടുത്തു ചോദിക്കും. ''നമ്പൂതിരിപ്പാടിന്റെ അഭിപ്രായം ഭരതനാട്യം വേണ്ട എന്നല്ലേ?''

ആതിഥ്യമാധുര്യം

കമ്മിറ്റി യോഗത്തിനു മെമ്പർമാർ ചെല്ലുമ്പോഴും തന്റെ വീട്ടിൽ അതിഥികളായി ചെല്ലുന്ന ഉദാരമനോഭാവമാണു് വള്ളത്തോൾക്കുള്ളതു്. ആ ആദരത്തിന്റെ മാധുരി ഒന്നു വേറെതന്നെയാണു്. ഓരോ തവണ കഴിയുമ്പോഴും ആ അനുഭവത്തിനു് പഴക്കമല്ല പുതുമയാണു് തോന്നാറുള്ളതു്. ഇനി ആ ഉദാരമധുരമായ പെരുമാറ്റം ലഭിക്കയില്ലല്ലോ എന്നോർക്കുമ്പോഴാ അടങ്ങാത്ത വ്യസനം തോന്നുന്നു.

ടാഗോറില്ലാത്തവിശ്വഭാരതി ഇന്ത്യാ ഗവമ്മെണ്ടിന്റെ ഉദാരസംഭാവനകളെക്കൊണ്ടു് എത്ര വലുതായാലും അവിടത്തെ അന്തരീക്ഷത്തിൽ ഒരു ശൂന്യത നിറഞ്ഞു കാണാമെന്നു് എന്റെ ഒരു സുഹൃത്തു് പറയുകയുണ്ടായി. കൃതജ്ഞതാഭരിതരായ കേരളീയരുടേയും കേരള ഗവമ്മെണ്ടിന്റേയും കയ്യയഞ്ഞ സംഭാവനാവർഷംകൊണ്ടു് എത്ര വലുതായാലും കലാമണ്ഡലത്തിന്റെ ചൈ

തന്യം പോയല്ലോ എന്നോർക്കുമ്പോഴും ആർക്കാണ് സമാധാനം തോന്നുക.

കലാമണ്ഡലത്തിൽ വിശിഷ്ടാതിഥികളും വരുമ്പോഴും അവർക്ക് സ്ഥാപനത്തിന്റെ ചരിത്രം, കഥകളിയുടെ വൈശിഷ്ട്യം, അഭ്യാസത്തിന്റെ സ്വഭാവം മുതലായവ പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുന്നതിലും, കുമ്മിറ്റി അംഗങ്ങളെ പരിചയപ്പെടുത്തുന്നതിലും വള്ളത്തോൾക്ക് വലിയ നിഷ്ക്കർഷയായിരുന്നു. അംഗങ്ങളെ പരിചയപ്പെടുത്തുമ്പോഴും അതാതാളുകൾക്ക് അഭിമാനകരമായ, സന്തോഷകരമായ വിശേഷണത്തോടുകൂടി പരിചയപ്പെടുത്തും. അതിലെല്ലാം എപ്പോഴും പുതുമയുമുണ്ടായിരിയ്ക്കും.

ഒരു ക്രിസ്തീയ വേദകഥ ആസ്പദിച്ച്, 'സ്നാപക ചരിതം' എന്ന പേരിൽ ഒരു ആട്ടക്കഥ ഞാനെഴുതിയിട്ടുണ്ടെന്നു പറഞ്ഞപ്പോഴും, ഉടനെ അയച്ചുതരണമെന്ന് വള്ളത്തോൾ പറഞ്ഞു. അയച്ചുകൊടുത്ത ഉടനെ അതിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ച് എനിക്ക് മറുപടി കിട്ടി. കത്തിൽ പ്രോത്സാഹന വാചകങ്ങളും ധാരാളമുണ്ടായിരുന്നു. മാത്രമല്ല, അതു് അരങ്ങേറണമെന്ന് അദ്ദേഹം മരിയ്ക്കുംവരെ പറഞ്ഞിരുന്നു. സ്വന്തമായി എറണാകുളം മെത്രാനു് ആ പുസ്തകം അയച്ചുകൊടുത്തു, അഭിപ്രായം വരുത്തി എനിക്ക് അയച്ചുതരുകയും ചെയ്തിരുന്നു. എന്റെ അമാന്തംകൊണ്ട്, ആ ആട്ടക്കഥ വള്ളത്തോളിന്റെ മഹനീയ സന്നിധാനത്തിൽ അരങ്ങേറുവാൻ കഴിഞ്ഞില്ല. ഇങ്ങിനെ ഒരു ശിഷ്യകളെന്നപോലെ എന്നിലദ്ദേഹത്തിനുണ്ടായിരുന്ന വാത്സല്യം, അദ്ദേഹത്തിനു് എത്രവളരെപ്പേരിലുണ്ടായിരുന്ന എന്നാലോചിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ മഹത്വം കാണുന്നതു്.

മഹാകവിയുടെ എഴുപതാം പിറന്നാളിനു് കലാമണ്ഡലത്തിൽ ചേർന്ന യോഗത്തിൽ അദ്ദേഹം പറഞ്ഞ ഫലിതപൂർണ്ണമായ വാക്കിനും ഞാനോർക്കുന്നു. ''ഒരു ജ്യോത്സ്യൻ പറഞ്ഞിട്ടുണ്ട്, ഞാൻ എഴുപത്തേഴാം വയസ്സിൽ മരിക്കുമെന്ന്. ഇല്ല, ഞാൻ പോവില്ല. എനിക്ക് ഈ ലോകത്തിൽ ജീവിച്ച മതിയായില്ല. വരണമെന്നു് മരണം നിർബന്ധിച്ചാൽപ്പോലും ഞാൻ ചോദിക്കും 'അവിടെ കഥകളിയുണ്ടോ?' എന്ന്. ഇല്ലെങ്കിൽ ഞാൻ പോകയില്ല. എൺപതാം വയസ്സുവരേയെങ്കിലും അദ്ദേഹം നമ്മുടെകൂടെ വർത്തിച്ചുവല്ലോ.

മദിരാശി ഗവർണ്ണർ ശ്രീ പ്രകാശ് ഒരിക്കൽ കലാമണ്ഡലത്തിൽ വന്നു. അന്നു് വള്ളത്തോൾ പൂജ്യാതിഥികൾക്ക് അംഗങ്ങളെ പരിചയപ്പെടുത്തുന്ന കൂട്ടത്തിൽ എന്നെ പേരു പറഞ്ഞശേഷം ''ഏ സാൻസ്ക്രിറ്റ് പണ്ഡിറ്റ്'' എന്നു ശ്രീപ്രകാശയ്ക്കു വിശേഷിപ്പിച്ചു കൊടുത്തു. ഞാൻ അമ്പരന്നു. സംസ്കൃത ഭാഷാപണ്ഡിതനായ ഗവർണ്ണർ സംസ്കൃതത്തിൽ വല്ലതും ചോദിച്ചിരുന്നുവെങ്കിൽ ഞാൻ പരുങ്ങലിലായേനേ. ഭാഗ്യത്തിനു് അതൊന്നുമുണ്ടായില്ല. വള്ളത്തോളിനുമറിയാം എന്റെ സംസ്കൃതപരിജ്ഞാന പരിമിതി. എങ്കിലും ആ അനുഗ്രഹശീലൻ എന്നെ സസ്നേഹം ഒന്നു തലോടിയതുമാത്രമാണു്.

ഒടുവിൽവച്ചു മഹാകവിയെ കാണാനെനിയ്ക്കു കഴിഞ്ഞില്ല. ഞാൻ ഒരു യാത്രപോയിരുന്നു. മടങ്ങിയെത്തി പിറേറ ദിവസം എറണാകുളത്തേയ്ക്കു വള്ളത്തോളിനെ കാണാൻ പോകണമെന്നായിരുന്ന വിചാരം. എന്നാൽ, മടങ്ങിവന്ന ദിവസം മരിച്ച വിവരത്തിനുള്ള കമ്പിയാണു് കിട്ടിയതു്. പിന്നെ കലാമണ്ഡലത്തിൽവച്ചു് അദ്ദേഹത്തിന്റെ ജഡം മാത്രമേ കാണാൻ കഴിഞ്ഞുള്ള. ഒടുക്കം ഒരു നോക്കു കാണാനും, ആ ഗുരുഭ്രതന്റെ അനുഗ്രഹകരങ്ങൾ തലയിൽ ചൂടാനും കഴിയാത്ത വ്യസനം ഇനി എന്നും തീരുന്നതല്ലല്ലോ.

വള്ളത്തോളും ആത്മാവിഷ്ക്കരണവും—ഒരു താരതമ്യപഠനം

പി. ദാമോദരൻപിള്ള

നീർകൊണ്ട് വിങ്ങിയ മേഘം വർഷിക്കുമെന്ന് സ്വാമി രാമതീർത്ഥൻ ഒരുദാഹരണത്തിനുവണ്ടി പറയുന്നു. ഇവിടെയും അതൊരുദാഹരണം തന്നെ. കവി ഒരു മേഘമാണ്. ഭാവസാന്ദ്രമായ അവസ്ഥയിൽ അയാൾ കവിത വർഷിക്കും. വാല്മീകിയ്ക്കു് അറിയാതെ ആ അനുഭവം ഉണ്ടായി. കവിയുടെ ആത്മാവിഷ്ക്കരണമാണ് അതു്.

എങ്കിലും, പച്ചയായ ആത്മാവിഷ്ക്കരണമല്ല കവിത അഥവാ കല. കുട്ടികൾ തല്ലുകൊള്ളുമ്പോൾ നിലവിളിക്കുന്നതു് തനി ആത്മാവിഷ്ക്കരണംതന്നെ. പക്ഷെ അതൊരിക്കലും കലയാവുകയില്ല. ആവുമെങ്കിൽ കവിതകെട്ടാത്ത കുട്ടികളില്ലെന്നു് പറയേണ്ടിവരും.

ഇനി തെളിച്ചു പറയാം. കവിതയും കലയുമൊന്നും ആത്മാവിഷ്ക്കരണമേയല്ല. ആത്മഭാവ (Personality)ത്തിൽ നിന്നുള്ള ഒരു മോചനമാണതു് എന്നു് എമേഴ്സൺ തുടങ്ങിയവർ പറയുന്നതു് അതുകൊണ്ടാണു്. തല്ലുകൊള്ളുമ്പോൾ ആത്മഭാവം, താൻ എന്നുള്ള ബോധം, വിജൃംഭിക്കുകയാണു് പതിവു്. അപ്പോൾ ആരിൽനിന്നും കവിത ഉത്ഭവിക്കുകയില്ല.

താൻ എന്ന ബോധംവിട്ടു് വിഷയവുമായി താദാത്മ്യം പ്രാപിക്കുക, തന്മയീഭവിക്കുക—അതാണയോഗം. രാമായണം എഴുതിയ വാല്മീകിയോഗത്തിൽ പ്രവേശിച്ചതു് തന്മയീഭവനത്തിനുവേണ്ടിയാണു്. അനന്യപരതന്ത്രയാണു് കവിത എന്നുള്ള കാവ്യസ്വഭാവനിർദ്ദേശം അതിനെ വിശദീകരിക്കുകയും ചെയ്യുന്നു.

കല എന്നതു് "disinterested satisfaction" (കാൻറ്), "unselfish form of human happiness" (വിവേകാനന്ദൻ), "purposeless purposiveness" (വീണ്ടും കാൻറ്), There remains only the aesthetic in talking about art" അർനോൾഡ് ഐസൻബർഗ് ("അനന്യപരതന്ത്രം") എന്നിങ്ങനെയുള്ള കലാതത്വദർശനങ്ങളും ജെസ്റ്റാൾട്ട്, എലിയട്ട് തുടങ്ങിയവർ ഡീഡറോയെപ്പോലെതന്നെ അവരവരുടെ ഭാഷയിൽ ഏറ്റുപാടിയിരിക്കുന്നതു കണ്ടപ്പോൾ എനിക്കുതോന്നി അവർ വാല്മീകിയുടെ പടിക്കൽതന്നെ നിൽക്കുകയാണെന്നു്.

ഗേറ്റെ പലപ്പോഴും സ്വയം വിസ്മരിക്കപ്പെട്ടാണു് കവിത എഴുതി വന്നതെന്നു് (യോഗത്തിൽ പ്രവേശിച്ചിട്ടാണെന്നർത്ഥം.) അദ്ദേഹം പറയുന്നു. കവി അങ്ങിനെ പെയ്യുന്നില്ലെങ്കിൽ കവിതയിൽ കാണുന്നതു് അയാളുടെ സ്വന്തം ഭാവമായിരിക്കും. തന്മയീഭാവമായിരിക്കയില്ല. ആശാൻ, ഉള്ളൂർ എന്നിവരെ അപേക്ഷിച്ചു് വള്ളത്തോളിനുള്ള മെച്ചം അദ്ദേഹത്തിനു് തന്മയീഭവനം കൂടുതൽ സുഖസാധ്യമായിരുന്നു എന്നുള്ളതാണു്.

''കിളിക്കൊഞ്ചൽ'' എന്ന കൃതിയിലെ സീതയെ നോക്കുക. രാമൻ തന്നെ വേണ്ടെന്നുവെക്കുന്നതെന്തിനെന്നാണു് ആ കുട്ടിയുടെ സംശയം. അതിനു് അതൊരു വല്ലാത്ത പുതുമപോലെ തോന്നുന്നു. ''എന്നെയെന്നമ്മതാൻ വേട്ടാൽമതി'', എന്നാണു് അതു് ബാലസഹജമായ മുഗ്ധതയുടെ നടുവിൽനിന്നുകൊണ്ടു് നെടുകേ വിളംബരം ചെയ്യുന്നതു്. ''കുട്ടിയോ കെട്ടിപ്പിടിച്ചിതു മാത്രകണ്ടും'', എന്നു് കൂടിക്കാണുമ്പോൾ നാം കവിയെ തീരെ കാണാതാകുന്നു. കുട്ടിയെ മാത്രം കാണുന്നു. ബാലികാലോകത്തെ ആകെ കാണുന്നു. ബാലന്മാരുടെ ലോകത്തെപ്പോലും വിസ്മരിക്കുകകൂടി ചെയ്യുന്നു.

ആശാൻ ചില ശിശുകവിതകളും എഴുതിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഒരു ശിശു പറയുകയാണു്. ''ഈ വല്ലിയിൽനിന്നും ചെമ്മേ—പൂക്കളം പോകുന്നിതാ പറന്നമ്മേ,'' പൂമ്പാറ്റയെ കണ്ടുകൊണ്ടു് അതൊരു പൂവാണെന്നു് പറയുവാൻ കഴിയുന്ന കുട്ടികളും എവിടെയുണ്ടു്? ആശാനെന്ന കവിക്കു് ആ മാതിരി രൂപണം സാധിക്കും. ഒരുവെറും കുട്ടിക്കു് സാധിക്കയില്ല. ഇവിടെ കുട്ടിയെ പിൻതള്ളിക്കൊണ്ടു് കവിതന്നെ മുന്നിട്ടു് നിൽക്കുന്നു. കവിക്കു് കുട്ടിയുമായി തന്മയീഭവിക്കാൻ സാധിച്ചിട്ടില്ലെന്നർത്ഥം.

ഇതേപ്പറ്റി പണ്ടൊരിക്കൽ ഞാനെഴുതിയപ്പോൾ കുട്ടിയുടെ കല്പന ഭ്രമമൂലകമാണെന്നും കുട്ടികൾക്കങ്ങിനെ ഭ്രമം പറ്റാറാമെന്നും ശ്രീ മാരാർ ചൂണ്ടിക്കാണിച്ചതായി ഓർക്കുന്നു. അതിന്നർത്ഥം, ഭ്രമം എന്നതു് കുട്ടികളുടെ സ്വഭാവമാണെന്നാണല്ലോ. മാരാർ പറയുന്നതുവരെ ഞാനങ്ങനെ ധരിച്ചിരുന്നില്ലെന്നും, ഭ്രമം ആർക്കും പറ്റാവു

ന്നതാണെന്നും ഞാൻ അങ്ങോട്ടും ചൂണ്ടിക്കാണിച്ചു. അതിനർത്ഥം ഭ്രമം എന്നതിൽ കൂടിത്തം എന്നൊന്നു് വിശേഷവിധിയായില്ലെന്നുമാണു്. അതിനാൽ, ആശാന്റെ ചിത്രീകരണത്തിൽ തന്മയീഭാവം ഇല്ലെന്നുതന്നെ വീണ്ടും പറയേണ്ടിവരുന്നു.

''കരുണ''യിലെ ഉപഗുപ്തൻ ഗംഭീരനാണു്. ദുഃഖസത്യജ്ഞനാണു്; ത്രികാലജ്ഞനാണു്; എല്ലാറ്റിനും പുറമേ ധീരനുമാണു്. പക്ഷെ, ചുട്ടകാട്ടിലെ രംഗം കണ്ടപ്പോഴേ ''ഞട്ടങ്ങിയാ രംഗം കണ്ട പകച്ചു ധന്യൻ'', എന്നാണു് ആശാൻ പറയുന്നതു്. ''ധീര'' ശബ്ദത്തിന്നർത്ഥംതന്നെ പകയ്ക്കുക എന്നതിനു് നേരെ വിപരീതമാണു്. പിന്നെ എങ്ങിനെയാണു് ഉപഗുപ്തൻ പകച്ചതു്? തന്മയീഭാവത്തിന്റെ അഭാവത്തിൽ അതൊക്കെ സംഭവിക്കാമെന്നു് സമാധാനപ്പെട്ടുകളയാം.

മതിയായ തന്മയീഭാവമുള്ള കവിയാണെങ്കിൽ പറയേണ്ടിയിരുന്നതു്, "ആ രംഗം പകയ്ക്കുത്തക്കതാണെങ്കിലും ഉപഗുപ്തൻ പകച്ചില്ല'', എന്നാണു്. ഇനി ''മലയാളത്തിന്റെ തല''യെന്ന വള്ളത്തോൾക്കവിത പരിശോധിക്കുക.

ശങ്കരാചാര്യരുടെതലകൊയ്യാൻ അദ്ദേഹംതന്നെ ഒരു കാപാലികനു് അനുവാദം നൽകിയിരിക്കുന്നു. അതൊരു ധീരതയാണെന്നു പറയാം. എന്നാൽ സാമാന്യന്മാക്കു് ആ ധീരതയുണ്ടാകയില്ല. അതിനാൽ സാധാരണ രീതിയിൽ ആചാര്യസ്വാമികളുടെ ധീരത ആരേയും കോരിത്തരിപ്പിക്കുകതന്നെചെയ്യും. പക്ഷെ കവി പറയുന്നു. ''കോരിത്തരിപ്പിക്കൊണ്ടീലല്ലീ പുഷ്പാക്ഷി സഹസ്രത്താൽ സ്വാമിയെ സന്ദർശിക്കും ശ്രീശൈലം വനനീലം'', അതു വായിച്ചാൽ ഉടൻ തോന്നുന്നതു്, ''കോരിത്തരിപ്പിക്കൊള്ളേണ്ടതായിരുന്നിട്ടും ശ്രീശൈലം കോരിത്തരിപ്പിക്കൊണ്ടില്ല, എന്നാണു്. പൂണ്ണവിഷയവുമായി തന്മയീഭവിക്കുന്നതിനു് ഒന്നാംതരം ഉദാഹരണമാണു് ഇതു് എന്നു പറഞ്ഞു കടന്നുപോകാനേ തൽക്കാലം നിവൃത്തിയുള്ള.

തോട്ടത്തിൽവച്ചു് വള്ളത്തോൾ ചില കാഴ്ചകൾ കണ്ടു. അവയിലൊന്നിതാണു്.

''വാണീലാ വരവർണ്ണിനീമണികരംതൻ—
വാർകുന്തളത്തിൽ സുഖം;
വീണീലാ വഴിപോലെ ചെന്ന ഭഗവൽ—
പാദാരവിന്ദങ്ങളിൽ;
ക്ഷോണീധൂസരധൂളിപാറിയൊളിയും മങ്ങി—
ക്കിടക്കുന്നതി
ന്നാണീശ്രേഷ്ഠകലേ, പിറന്നതു ഭവാനെന്നോ
നറും പുഷ്പമേ!''

അതൊരു അന്യാപദേശമാണെന്നുള്ള കഥ ഇരിക്കട്ടെ. മനുഷ്യചേതനയിൽ പുഷ്പത്തിന്റെ സ്ഥാനം എന്താണു്? തലയിൽ ചൂടുക, ക്ഷേത്രത്തിലോ, വീട്ടിലോ അർച്ചിക്കുക, എന്നിവയെപ്പറ്റി ഓക്കാതെ നമ്മിൽ എത്രപേക്കാണു് ഒരു പുഷ്പത്തെ സ്മരിക്കാവുന്നതു്? ഒരു വീണപൂവിനെയാണു് വള്ളത്തോൾ വർണ്ണിക്കുന്നതെന്നുള്ളതിനെപ്പറ്റി സംശയിക്കാനുമില്ല.

പക്ഷെ, ആശാന്റെ ''വീണപൂവി''ൽ കാണുന്നതു് മനുഷ്യവർഗ്ഗത്തിനു് അത്യന്തം ഹൃദയംഗമമായ പുക്കളിലൊന്നുമല്ല. മിഴിയുള്ളവർ എത്രതന്നെ നോക്കിനിന്നാലും അതിനു് അവരുമായി പറയത്തക്ക ബന്ധമൊന്നുമില്ല. എന്തായാലും അതിന്റെ നില്പു് അകലെത്തന്നെ. വള്ളത്തോളിന്റെ ഒരൊറ്റ പദ്യത്തിൽ മനുഷ്യജീവിതവുമായി പൂവിനുള്ള നിരന്തര ബന്ധവും, അതിന്റെ സർവ്വാദരണീയതയും ചില്ലറ വാക്കുകൊണ്ടു് എത്രയോ ഹൃദയസ്പൃക്കാംവണ്ണം വെളിപ്പെട്ടത്താൻ കഴിഞ്ഞിട്ടുണ്ടെന്നു പറഞ്ഞു് ഞാൻ അവിടവും വിട്ടുന്നു.

എങ്കിലും, എന്തുകൊണ്ടാണു് ആശാന്റെ വീണപൂവിനു് ഇത്ര അനഭിഗമ്യത വന്നു കൂടിയതെന്നു് പറയാതെ തരമില്ല. അദ്ദേഹത്തിനു് പൂവിനെപ്പറ്റി ചിന്തിക്കാനല്ല അവസരം കിട്ടിയതു്. തന്റെ സ്വന്തം ഭാവങ്ങളും ചിന്തകളും വെളിപ്പെടുത്താൻ വീണപൂവു് ഒരു ഉപകരണമായെന്നു മാത്രം. ഇതാണു് തന്മയീഭാവത്തിനു പകരം സ്വന്തം ഭാവങ്ങളും മാത്രമേ ആ മാതിരി കൃതികളിൽ കാണുകയുള്ളുവെന്നു് നേരത്തെ സൂചിപ്പിക്കാൻ കാരണം.

വള്ളത്തോൾ ''നാഗില''യിലൂടെ ബുദ്ധന്റെ വാഴ്ത്തി. പക്ഷെ, അതിനുവേണ്ടിയാണു് അദ്ദേഹം അതെഴുതിയതെന്നും ആരും ഒരുകാലത്തും പറയുകയില്ല. കലയിൽ അതിന്റെ വിജയത്തോളം മാത്രമാണു് പ്രചാരവേലയുടെ സ്ഥാനം എന്നു് മുണ്ടശ്ശേരി പറഞ്ഞതു് വള്ളത്തോളിന്റെ ''നാഗില''യെ സംബന്ധിച്ചേടത്തോളം എത്രയോ ശരിയാണു്.

അങ്ങിനെയല്ല ആശാന്റെ ''കരുണ.'' അതിൽ കവിക്കുവേണ്ടി കഥാപാത്രങ്ങളെത്ര ധീരന്മാരായാലും പകയ്ക്കണം. വാസവദത്ത ചത്തു കഴിഞ്ഞാൽപ്പോലും ഉപഗുപ്തന്റെ ഉപദേശം കേട്ടു് കണ്ണു മിഴിക്കണം. ഇതൊക്കെ കവിതയ്ക്കു വേണ്ടിയാണെന്നു് പറയാൻ വയ്യ. കവിക്കു് സ്വന്തം ആശയത്തെപ്പറ്റിയല്ലാതെ മറ്റൊന്നിനെപ്പറ്റിയും നോട്ടമില്ലെന്നു് ചുരുക്കം. അത്രതന്നെയാണു് തന്മയീഭാവത്തിന്റെ കുറവെന്നു പറയേണ്ടിവരുന്നതു്.

റൂസ്സോ അദ്ദേഹത്തിന്റെ എമീൽ (Emile) എന്ന കൃതിയിൽ ചോദിക്കുന്നു. "Who so ever among us is philosopher enough to become a child?" ഒരു കുട്ടിയായിത്തീരത്തക്കവിധം നമ്മിൽ ആരുണ്ടു് അത്ര തത്വജ്ഞാനിയായിട്ടു്? കിളിക്കൊഞ്ചലിലെ വള്ളത്തോൾ എത്ര നിഷ്പ്രയാസം

ഒരു കൊച്ചു കുഞ്ഞായെന്നു് നോക്കണം. ഒരു ശിശുകവിത(Child Poem)യിൽ ആശാനു് അതു് സാധിക്കാതെ പോയല്ലോ. റൂസ്സോയുടെ ദൃഷ്ടിയിൽ അദ്ദേഹം ഒരു തത്വജ്ഞനല്ലെന്നാണു് വരുക. താൻ എന്ന ബോധം വിടാത്ത കാലത്തോളം ഒരുവൻ തത്വജ്ഞനാകയില്ലെന്നാണു് റൂസ്സോ പറഞ്ഞതിന്റെ പൊരുൾ.

സ്വന്തം ഭാവങ്ങളും ആശയങ്ങളും തന്മയീഭാവവും കൂടാതെ പ്രകാശിപ്പിക്കുന്ന കവി ''ലിറിസ്റ്റ്''കളുടെ കൂട്ടത്തിൽപ്പെടുമോ? പെടുമെങ്കിൽ ആശാൻ എവിടേയും ഒരു ഭാവഗീത പ്രധാനനാണു്. വള്ളത്തോൾ ഭാവഗീതകാരനല്ലെന്നല്ല ഇതിന്നർത്ഥം. അദ്ദേഹത്തിന്നു് തന്നിൽനിന്നു് അകന്നുനിന്നു്, ഭാവനാശബളമായ രൂപത്തിൽ, കാര്യങ്ങൾ കാണാൻ കഴിയും. ഭാവഗീതത്തിൽ അതില്ലെന്നും ഇവിടെ അർത്ഥമാക്കേണ്ടതില്ല. അതു് മറ്റൊരു കാര്യം എന്ന മട്ടിൽ തൽക്കാലം വിടുകയേ നിർവ്വാഹമുള്ളൂ.

കാളിദാസന്റെ മേഘദൂതം ഒരു ഭാവഗീതമാണെന്നും അല്ലെന്നും വാദമുണ്ടു്. അതൊരു Romantic lyric ആണെന്നു പറയുന്നവരുമില്ലാതില്ല. ഇതെല്ലാം ശരിയായിരിക്കാനിടയുണ്ടു്. അങ്ങനെയാണെങ്കിൽ, ആശാനേയും വള്ളത്തോളിനേയും ഏതു ഗണത്തിലും പെടുത്താമെന്നു തോന്നുന്നു.

അതങ്ങനെയിരിക്കവേതന്നെ വള്ളത്തോളിനു് പ്രത്യക്ഷമായി കാണുന്ന ചില വിശേഷതകളും എടുത്തുപറയേണ്ടതുണ്ടു്.

വള്ളത്തോൾക്കവിതയിൽ സമനില തെറ്റുന്നതു് ചുരുക്കം. ആഖ്യാനത്തേക്കാൾ അദ്ദേഹം ഇഷ്ടപ്പെടുന്നതു് നാടകീയമായ ആവിഷ്കരണമാണു്. ഉച്ചനീചത്വങ്ങൾ, ജാതിഭേദം, എന്നിവയെപ്പറ്റി പ്രതിപാദിക്കുമ്പോഴും അദ്ദേഹം അന്തസ്സും ആഭിജാത്യവും കൈവെടിയാറില്ല. നമ്മ്ബോധം കുറയ്ക്കാറുമില്ല. കലാപരമായ സൂക്ഷ്മ അദ്ദേഹത്തിന്റെ കൃതികളിൽ പൊതുവേ കൂടിയിരിക്കുമെന്നു് തീർത്തു പറയാം.

വർണ്ണനകളിൽ അഥവാ ഭാവോദ്ദീപനത്തിൽ വള്ളത്തോളിനുള്ള കഴിവു് മറ്റു പലർക്കുമില്ല. ഉദാഹരണത്തിനു് ഇതു നോക്കണം.

> ''പിരിമുറുകി വളഞ്ഞ മീശ, ചെന്തീ—
> പ്പൊരിചിതറുംമിഴി, വട്ടമൊത്ത താടി,
> ഹരി! ഹരി! യമനും നടുങ്ങുമാറ—
> ക്കരിമലയന്റെ കരാളമായ വകുത്രം''

അതാണു് കവിയുടെ ജന്മായത്തമായ സിദ്ധി വൈഭവം എന്നുമാത്രമേ പറയേണ്ടൂ—പലതും കൂട്ടലായി പറയാനുണ്ടെങ്കിലും.

ദുഃഖസുഖങ്ങളും വിൺ നരകങ്ങളു-
മൊക്കെ മനസ്സിന്റെ സൃഷ്ടിയല്ലോ!

പാവനസ്മരണകൾ

—ടി. കെ. രാമൻമേനോൻ

നമുക്കു ഏറ്റവും പ്രിയപ്പെട്ട വള്ളത്തോളിന്റെ ദേഹവിയോഗംകൊണ്ട് യുഗപ്രഭാവനായ ഒരു മഹാകവി മാത്രമല്ല, വേദവ്യാഖ്യാതാവും, മാതൃഭ്രഷ്ടനും, കലോദ്ധാരകനും, അഖിലലോക പ്രശസ്തനുമായ ഒരു വിശിഷ്ട വ്യക്തിയും കേരളത്തിനു് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. നികത്താനാകാത്ത കനത്ത ഒരു നഷ്ടമാണു് നമ്മെ തുറിച്ചുനോക്കുന്നതു്.

മഹാകവിയെ ഞാനെന്റെ ആയുഷ്ക്കാലത്തു പലതവണയും കണ്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും കേട്ടു് നിർവൃതികൊണ്ടിട്ടുണ്ടു്. എന്നാൽ ഭാവനാസമ്പത്തും സർഗ്ഗശക്തിയും ഒത്തിണങ്ങിയ ആ മഹാപുരുഷനുമായി മുന്നോ നാലോ തവണ മാത്രമേ എനിക്കു് അഭിമുഖസംഭാഷണത്തിനു് ഭാഗ്യം സിദ്ധിക്കുകയുണ്ടായിട്ടുള്ളു. ഈ ഓരോ അവസരത്തെപ്പറ്റിയും ആലോചിക്കുമ്പോഴും എന്റെ മനസ്സു് വികാരതരളിതവും ശരീരം പുളകാവൃതവുമായിത്തീരുന്നു. എന്തൊരു അഭൗമ സന്ദർഭങ്ങളായിരുന്നു അവ. ആരേയും വശത്താക്കുന്ന ആ സ്നേഹാർദ്രമായ മുഖവും, പ്രശാന്തവും സുന്ദരവുമായ ഭാഷണവും, ഇടയ്ക്കിടയ്ക്കു് ശ്രോതാക്കളെ പൊട്ടിച്ചിരിപ്പിക്കുന്ന ഫലിതവും മഹാകവിയുടെ വ്യക്തി പ്രഭാവത്തിനു് നിദർശനങ്ങളാണു്. പുഷ്പംപോലെ മൃദുലവും വജ്രത്തേക്കാൾ കഠോരവുമായ ഒരു ഹൃദയം അദ്ദേഹത്തിനു് അവസരോചിതം വേണ്ടതു് പ്രവൃത്തിക്കാൻ പ്രേരണ നൽകി. കടിലും കൊട്ടാരവും ആ സമദർശിക്കു് രണ്ടായിരുന്നില്ല. മനുഷ്യസമുദായം മതം ചൊല്ലിയും ജാതിചൊല്ലിയും വർഗ്ഗം ചൊല്ലിയും തമ്മിൽ തച്ചുമരിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ജ്ഞാനത്തിന്റെ കുത്തക ചിലർക്കു് മാത്രമാണെന്ന നിഗമനത്തിനും അദ്ദേഹം എതിരായിരുന്നു. ജനനിയേയും, ജന്മഭൂവിനേയും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമായി അദ്ദേഹം കരുതി. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം തൂലികയെടുത്തു് സമരരംഗത്തിലിറങ്ങി, അത്യുഗ്രമായി പോരാടി. ഭാരതനേതാക്കളിൽ അദ്ദേഹം അഭിമാനം കൊണ്ടു. അപ്പോളെന്തേ പറഞ്ഞതു്, അപ്രകാരമെല്ലാമുള്ള ആ മഹാനെ എനിക്കൊരഭിമുഖസംഭാഷണത്തിനു ലഭിച്ചതു ഞാനൊരിരുപത്തഞ്ചുകാരനായ കാലത്താണു്. കേരളത്തിലെ മിക്ക മാസികകളിലും ചില പത്രങ്ങളിലും തനിപ്പേർവച്ചും അല്ലാതേയും പദ്യ—ഗദ്യ പ്രബന്ധങ്ങളെഴുതുന്നവരുടെ കൂട്ടത്തിൽ അക്കാലത്തു് ഞാനും പെട്ടിരുന്നു. നല്ലതോ ചീത്തയോ കുറെയൊക്കെ ഞാൻ എഴുതിയിട്ടുണ്ടു്. പത്രാധിപന്മാരതൊക്കെ പ്രസിദ്ധപ്പെടുത്തുകയുംചെയ്തിരുന്നു. ഭേദപ്പെട്ട ഒരു കവിയാകാൻ വല്ല ഉപദേശവും വള്ളത്തോളിൽനിന്നു് കിട്ടുമോ എന്നറിയാൻ ഞാനദ്ദേഹത്തെ സമീപിച്ചു. ആർഷസമ്പ്രദായമനുസരിച്ചു് എന്റെ പേർ പറഞ്ഞു് കൈക്കൂപ്പി. അറിയും, അറിയും. എല്ലാറ്റിലും കാണുന്നുണ്ടു്. എഴുതണം, തുടർന്നെഴുതണം, പയറ്റിത്തെളിയണം. അടി പതറരുതു്, മൂലം മറക്കരുതു്; എന്നാലൊക്കെ നേരെയാകും. ഞാൻ ലേഖനങ്ങളൊക്കെ ശ്രദ്ധിച്ചുനോക്കാറുണ്ടു്. ഒടുവിൽ പറഞ്ഞ വാക്കുകളും എന്നെ ഉടലോടെതന്നെ 'വൈകുണ്ഠ''ത്തിലെത്തിച്ച ഒരു പ്രതീതിയുണ്ടാക്കി. മഹാകവി വള്ളത്തോളാണു് പറയുന്നതു് ഈയുള്ളവന്റെ വികൃതികളും അദ്ദേഹം ശ്രദ്ധിച്ചുനോക്കുന്നുണ്ടെന്നു്. ഇതിലധികം എന്നെപ്പോലുള്ള ഒരുവനു് എന്തു സാക്ഷ്യപത്രമാണു് കിട്ടേണ്ടതു്? വെറുമൊരു കാടനായ ഗ്രഹനെ ഗാന്ധാരശ്രേഷ്ഠനാക്കിയ രാമഭദ്രന്റെ മഹത്വം ഭാഷയിൽ ഗാനം ചെയ്ത മഹാകവി വള്ളത്തോളാണു് പറയുന്നതു് എന്റെ ലേഖനങ്ങളും അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിക്കാറുണ്ടെന്നു്. അന്നു് ധന്യനായിട്ടല്ല, ധന്യധന്യനായിട്ടുതന്നെയാണു് ഞാൻ വിടവാങ്ങിയതു്. സാഹിത്യത്തിൽ എട്ടും പൊട്ടും തിരിയാത്ത എനിക്കു് അദ്ദേഹത്തിന്റെ വാക്കുകളും പ്രചോദനം നൽകിയിരുന്നില്ലെങ്കിൽ, തീർച്ചയായും ഞാനന്നു് പെട്ടിവച്ചു് കളിക്കുകതന്നെ ചെയ്യുമായിരുന്നു. ആർ ശ്രദ്ധിച്ചാലും ഇല്ലെങ്കിലും സാഹിത്യ സേവനം ചെയ്യണമെന്നു് ദൃഢനിശ്ചയം എന്നിൽ കുത്തിത്തിരുകിയതു് മഹാകവിയായിരുന്നു എന്നു് ഞാൻ തുറന്നുപറയും. എന്തൊരാശ്രിതവാത്സല്യമാണു് അദ്ദേഹത്തിനെന്നു നോക്കുക. എന്നെ ഒരു പൂന്താനമായി ആ നാരായണ ഭട്ടപാദർ കരുതാതെ 'എഴുതു എഴുതു' എന്നു കല്പിച്ചതു് അദ്ദേഹത്തിന്റെ ഹൃദയവിശാലതയെത്തന്നെയല്ലെ പ്രകടമാക്കുന്നതു്?

രണ്ടു് വസന്തങ്ങളും പിന്നേയും കഴിഞ്ഞു. ഞാൻ കുന്നംകുളം സക്കാർഹൈസ്കൂളിൽ ഭാഷാധ്യാപകനായി കഴിഞ്ഞുകൂടുകയാണു്. ശ്രീ മാരാത്തു് മാധവൻനായരുടെ വൈദ്യശാലയിൽ വച്ചാണു് ഞാനദ്ദേഹത്തെ രണ്ടാമത്തെത്തവണ കണ്ടതും അദ്ദേഹത്തിനു് ദീർഘായുരാരോഗ്യങ്ങളും ആശംസിച്ചുകൊണ്ടെഴുതിയ ഒരു കവിത സമർപ്പിച്ചതും. ആ മംഗളാശംസയിൽ മഹാകവിക്കു് കൂടുതൽ പ്രിയം തോന്നുമെന്നുദ്ദേശിച്ച ഞാനെഴുതിയ നാലുവരികവിത, എന്റെ പ്രതീക്ഷയ്ക്കുതിരായി അദ്ദേഹത്തെ ഒട്ടൊന്നു് അസ്വസ്ഥനാക്കുകയാണു് ചെയ്തതെന്നു ആ മുഖം എന്നെ ധരിപ്പിച്ചു. അദ്ദേഹ

ത്തിനു് വിഷമം ഉണ്ടാക്കിയതു് ഈ ഈരടികളാണു്:

''അങ്ങയാൽ പ്രതിഷ്ഠിതമുത്തുംഗമണിസ്തംഭം
പൊങ്ങിത്താൻപറക്കിലേ വല്ലപ്പോഴുമെങ്കിലും
മറ്റുള്ള കവി'പര'ട്ടൽ'ക്കുമാര'ർക്കു പൂകാൻ
പറ്റുകയുള്ളൂ ചിറകെ,ന്നാലും തളർന്നുപോം'

മഹാകവി അല്പം അമർഷത്തോടെ പറഞ്ഞു. 'രാമൻമേനോൻ എന്നെ പരമേശ്വരയ്യരേക്കാളും കുമാരനാശാനേക്കാളും മഹാകേമനാക്കിയാണല്ലോ വച്ചിരിക്കുന്നതു്. എന്നെ ഇതു് സന്തോഷിപ്പിക്കുകയല്ല കുറഞ്ഞൊന്നു് വേദനിപ്പിക്കുകയാണു് ചെയ്തിരിക്കുന്നതു്''. ഒന്നു രണ്ടു നിമിഷത്തെ മൗനത്തിനുംശേഷം നെടുവീർപ്പിനും ശേഷം ഇങ്ങിനെയൊരു താക്കീതും:—

''ഉള്ളൂരും ആശാനും ഞാനും ഒരേ ലക്ഷ്യംവച്ചുകൊണ്ടു് സഞ്ചരിക്കുന്ന പഥികരാണു്. മാർഗ്ഗത്തെ സംബന്ധിച്ചല്ലാതെ ലക്ഷ്യത്തെ സംബന്ധിച്ചേടത്തോളം ഞങ്ങടം വിഭിന്നരല്ല. ആകുന്നവയ്യ. അവരുടെ മാർഗ്ഗങ്ങടം ശരിയോ തെറ്റോ എന്നു പറയുവാൻ ഞാനല്ല അധികാരി. ഞാനെന്റെ വഴിക്കും അവർ അവരുടെ വഴിക്കും ചരിക്കുന്നു. ഇതിൽ ഉച്ചനീചഭാവത്തിനു പ്രസക്തിയില്ല. എല്ലാവരും വാല്മീകിമഹർഷിമാരോ വ്യാസമഹർഷിമാരോ ആകുന്നില്ല. അതുകൊണ്ടു് വാല്മീകി കേമൻ വ്യാസൻ മോശക്കാരനെന്നൊക്കെ പരിഗണിക്കാൻ തുടങ്ങിയാൽ അതെവിടെച്ചെന്നാണവസാനിക്കുക? അതുകൊണ്ടു് ഇത്തരം ഭേദഭാവനകടം്ക്കു് ചെറുപ്പക്കാർ വിധേയരാവരുതു്.''

മഹാകവിയുടെ ഹൃദയവിശാലതയ്ക്കു് ഇതിലധികം എന്തു തെളിവു വേണം? കാര്യം തുറന്നുപറഞ്ഞതിൽ എനിക്കല്പവും പരിഭവം തോന്നുകയുണ്ടായില്ലെന്നു മാത്രമല്ല മേലാൽ ഈവിധമൊരു കുറ്റം ആവർത്തിക്കപ്പെടരുതെന്നുള്ള ബോധം എന്നിൽ അങ്കുരിക്കുകയും ചെയ്തു. ഇന്നും കവികളുടെ സ്ഥാനഗണന വരുമ്പോടം മഹാകവിയുടെ ഉപദേശമാണു് ഓർമ്മയിൽ വരുക. വള്ളത്തോളുമായി അടുത്തു പരിചയിക്കുന്നവർക്കറിയാം, അദ്ദേഹം താൻ മറ്റു കവികളേക്കാടം മുമ്പനെന്നു് ഒരിക്കലും ഭാവിച്ചിട്ടില്ലെന്ന പരമാർത്ഥം.

മൂന്നാമത്തെ തവണയും എനിക്കൊരഭിമുഖസംഭാഷണഭാഗ്യം സിദ്ധിച്ചു. മഹാകവി ചെറുതുരുത്തിയിലുള്ള സ്വവസതിയിൽ വിശ്രമിക്കുന്നു. ഞാനവിടെ എത്തിയതു് കാലത്തു് 9 മണിക്കാണു്. മഹാകവി സ്ഥലത്തുണ്ടെങ്കിലും ഉമ്മറത്തു് കാണപ്പെട്ടില്ല. അവിടെനിന്നിരുന്ന കുട്ടികളിലൊരാടം പറഞ്ഞു. മഹാകവി ഉറങ്ങുകയാണെന്നു്. എനിക്കാശ്ചര്യം തോന്നി. പകൽ, അതും, പൂർവ്വാഹ്നത്തിൽ മഹാകവി ഉറങ്ങുക. എനിക്കു് വിശ്വാസം വന്നില്ല. 'അതെ, അതദ്ദേഹത്തിനു് പതിവാണു്' എന്നു് പിന്നീടെനിക്കു് മനസ്സിലായി. പത്തു മണിക്കു് ഉറക്കം കഴിഞ്ഞെഴുന്നേറ്റു് പുറത്തുവന്നു് മുഖം കഴുകി. എന്നെക്കണ്ടപ്പോടം പുഞ്ചിരിതൂകിക്കൊണ്ടു് 'എപ്പഴെവന്നെ?' എന്നു ചോദിച്ചു. 'കുറച്ചുനേരമായി' എന്നു് ഞാനും പറഞ്ഞു. ചിറ്റൂർ ഹൈസ്കൂളിൽ വാർഷികദിനത്തിൽ സഭാധ്യക്ഷനാകാൻ അപേക്ഷിക്കുന്നതിനാണു് ഞാനെത്തിയിരിക്കുന്നതെന്നറിഞ്ഞപ്പോടം 'അങ്ങിനെ ഒരു നിർബന്ധം ഉള്ളപക്ഷം ഞാൻ വരാം. എന്നാൽ, എനിക്കു് വയസ്സു് എഴുപതായി എന്ന കാര്യം മറക്കണ്ട.' വയസ്സിന്റെകാര്യം എടുത്തു പറഞ്ഞതിന്റെ ഉദ്ദേശം എന്താണെന്നു് എനിക്കപ്പോടം മനസ്സിലായില്ല. സമ്മതം വാങ്ങി. ഞാൻ ചിറ്റൂക്കു് മടങ്ങി. മഹാകവിക്കു് സ്വയംവകയായി ഒരു മംഗളപത്രവും 71കയുടെ ഒരു പണക്കിഴിയും സമർപ്പിക്കണമെന്നു വാർഷികാഘോഷക്കമ്മിറ്റി തീരുമാനിച്ചു. അതനുസരിച്ചു് അധ്യക്ഷന്റെ ഉപക്രമപ്രസംഗം കഴിഞ്ഞ ഉടൻ ഞാൻ മംഗളപത്രം വായിച്ചു് സമർപ്പിക്കുകയും 71 ഉറുപ്പിക എന്നു് പുറമേ എഴുതിയിട്ടുള്ള പണക്കിഴി ആ മഹാശയന്റെ കൈകളിൽ ആദരപൂർവ്വം നൽകുകയും ചെയ്തു. ഉപസംഹാരപ്രസംഗത്തിൽ മംഗളപത്രത്തിനു് നന്ദിപറഞ്ഞു് പണക്കിഴിയെ പരാമർശിച്ചു് മഹാകവി ഇങ്ങനെ പ്രസ്താവിച്ചു. ''എന്നെ ക്ഷണിക്കാൻവന്ന രാമൻമേനോനോടു് ഞാനെന്റെ വയസ്സുപറഞ്ഞതു് കുറച്ചധികമാക്കാമായിരുന്നു. ഒരു നൂറെറാന്നു വയസ്സെന്നു് പറഞ്ഞെങ്കിൽ പണക്കിഴിക്കു് കുറേക്കൂടി പുഷ്ടിയുണ്ടാകുമായിരുന്നു. എന്തായാലും കവിഹൃദയം മനസ്സിലാക്കാനുള്ള മേധാശക്തി വാർഷികോത്സവക്കമ്മിറ്റിക്കുണ്ടായതിൽ എനിക്കു് സന്തോഷമുണ്ടു്. ഇതിന്റെ അർത്ഥം സഭാധ്യക്ഷൻ പണം വാങ്ങുന്ന ആളാണെന്നു നിങ്ങളൊക്കെ ധരിക്കും. എനിക്കതിൽ എതിർപ്പില്ല. കാരണം, പണ്ടുകാലത്തു കവികളെ രക്ഷിക്കാനുള്ള ഭാരം രാജാക്കന്മാരിലാണു് നിക്ഷിപ്തമായിരുന്നതു്. ഇന്നു് ആ ചുമതല പൊതുജനങ്ങടം്ക്കാണു്. അവരതു നിർവ്വഹിക്കുന്നു എന്നമാത്രം. കവികടം്ക്കു് ജീവിക്കണം. അവർക്കും അവരുടേതായ ചില ഗാർഹികബാദ്ധ്യതകളുണ്ടു്. ഈ വസ്തുത, പറഞ്ഞാലേ, ചിലർക്കു് മനസ്സിലാകൂ. ഇവിടത്തെ കമ്മിറ്റിക്കാർക്കു് അതുത്തോളം ആവശ്യമുണ്ടായില്ല. വയസ്സിന്റെ സൂചനകൊണ്ടു് അവർ കർത്തവ്യത്തെപ്പറ്റി ബോധവാന്മാരായി.'' സദസ്യരിൽനിന്നു് കരഘോഷം ഉണ്ടായി.

നാലാമത്തെ തവണ ഞാനദ്ദേഹത്തെ സമീപിച്ചതു് ശ്രീ കുറ്റിപ്പുറത്തു് കേശവൻനായരും ഞാനുംകൂടി തയ്യാറാക്കിയ 'ഭാഷാകൗമുദി' പാഠാവലി: മുതൽ 8 വരെ ഭാഗങ്ങളിലേയ്ക്കു് വള്ളത്തോളിന്റെതായി ചില കവിതകടം ചേർക്കാൻ അനുമതിക്കുവേണ്ടിയായിരുന്നു. അദ്ദേഹം ചില വ്യവസ്ഥകളോടെ അനുവാദവും തന്നു. ഏറ്റവും ചുരുങ്ങിയ ഒരു പ്രതിഫലമേ അദ്ദേഹം നിർദ്ദേ

ശിക്കുകയും ചെയ്തുള്ള. പാരാവലി മദ്രാസ് പാരാ പുസ്തകക്കമ്മിറ്റി അംഗീകരിച്ച ഉടനെ, പ്രതിഫലം എത്തിച്ചുകൊടുക്കുകയും ഉണ്ടായി.

പണമിടപെട്ട കാര്യങ്ങളിലും മഹാകവി ശ്രദ്ധാലുവാണ്. ഇന്നത്തെ ലോകത്തിൽ പണത്തിനുള്ള വിലയും നിലയും അദ്ദേഹം നല്ലപോലെ ഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതവിജയത്തിനു് ഇതും ഒരു കാരണമായിരുന്നു എന്നു പറഞ്ഞാൽ അതേറെക്കുറെ പരമാർത്ഥമായിരിക്കും.

അദ്ദേഹം ധാരാളം ധനം സമാർജ്ജിച്ചു. ധാരാളം പണംചെലവുംചെയ്തു. വലിയൊരു കുടുംബത്തെ മാത്രമല്ല മാസംതോറും നൂറുകണക്കിൽവരുന്ന അതിഥികളേയും സന്ദർശകരേയും പുലർത്തേണ്ടകനത്ത ബാധ്യതകൂടി അദ്ദേഹത്തിനുണ്ടായിരുന്നു. ഭരണവിഷയത്തിലും മഹാകവി ഒരുൽകൃഷ്ടമാതൃകയാണ്. സുഖവും ശാന്തിയും കൈകോർത്തു് വിഹരിച്ചിരുന്ന മഹാകവിയുടെ പാവനവസതിയിൽ.

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും കേരളത്തിന്റെയും മാത്രമായ ദൃശ്യകലയ്ക്കും മാനവ സമുദായോന്നമനത്തിനുമായി ഉഴിഞ്ഞുവച്ചൊരുൽകൃഷ്ടജീവിതമായിരുന്നു മഹാകവിയുടേതു്. 'അധ്വാനിക്കുക, പരസ്പരം സ്നേഹിക്കുക, അമ്മയെ ശ്രുശ്രൂഷിക്കുക ഭാഷയെ ആത്മതുല്യം ഗണിക്കുക' ഇതായിരുന്നു അദ്ദേഹം കേരളത്തിനു് നൽകിയ സന്ദേശം.

ഇന്നദ്ദേഹം നമ്മുടെ മാംസദൃഷ്ടികൾക്കു് അഗോചരനാണു്. എങ്കിലും അദ്ദേഹത്തിന്റെ വാക്കുകളും വിചാരങ്ങളും ഭാവനകളും ജീവിച്ചിരുന്ന നമുക്കു് മാർഗ്ഗദർശനം ചെയ്യുന്നുണ്ടു്.

ആ പവിത്രാത്മാവിനു് ആദരാഞ്ജലിയർപ്പിക്കാൻ ഈവിധമൊരവസരം ഉണ്ടാക്കിത്തന്ന അദ്ദേഹത്തിന്റെ ഓമനപ്പുത്രനു് എന്റെ അകമഴിഞ്ഞ നന്ദിയും ഞാനിവിടെ പ്രകടമാക്കിക്കൊള്ളട്ടെ.



ചെങ്കോൽകൾ തൻ പെരുമ താന്നുതുടങ്ങി;
മേലിൽ മത്സ്യന്നു മത്സ്യനടിപെട്ടു കിടക്കുകില്ല:
ഉദ്ബുദ്ധമായ്പ്പിറുപിറുക്കുവതുണ്ടവന്റെ
യാത്മാവു: 'ലോകമിതയാൾക്കുമെനിയ്ക്കുമൊപ്പം!'

'മംഗളോദയം' പ്രസിദ്ധീകരണങ്ങൾ.

പുതിയ പുസ്തകങ്ങൾ

നോവൽ

ഗോദാനം (സംഗ്രഹപ്പതിപ്പ്) വി.വ: ദിവാകരൻ പോറ്റി 6 00
ചുവന്നകടൽ—തിക്കൊടിയൻ 6 00
ധർമ്മനീതിയോ? അല്ല; ജീവിതം — തകഴി 3 00
പുലിസ്സവാരിക്കാരൻ—വി വ: ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി 5 00
രാധിക — നടുവിൽമാം ശങ്കരനാരായണയ്യർ 3 50
പ്രേമത്തിന്റെ ഊടുവഴികൾ— എടയാളി ഗോപാലകൃഷ്ണൻ 2 50
വെള്ളം — എൻ. എൻ. പിഷാരടി 5 00

കഥകൾ

അവതാളങ്ങൾ—അക്കിത്തം 2 00
കറുപ്പുനിറങ്ങൾ — പി.ഉണ്ണിമേനോൻ 1 25
തുരുമ്പുകൾ ,, 1 00
മുകസന്ദേശം ,, 2 00
കസ്തൂരിനീരേ നിത്യം — തുളസി 1 25
42—ാം വീട്ടിൽ ചെകുത്താൻ—എൻ.പി. മുഹമ്മദ് 2 50
പവിത്രേശ്വരം — സി. എസ്. വാരിയർ 3 00
മയിൽ—എം.കെ.കെ.എം. 3 00

നാടകങ്ങൾ

ഒരേകടംബം—തിക്കൊടിയൻ 2 00
പുഷ്പവൃഷ്ടി ,, 1 50
ചട്ടീം കലോം — നാണപ്പൻ 1 25
വാടിക്കരിഞ്ഞ പൂമൊട്ട് കൾ — കെ.എം. സാവിത്രി 1 50
വിതച്ചതു കൊയ്യുന്നു — സി.എൽ. ജോസ് 1 75
മധുവിധു — സി. എൻ. ശ്രീകണ്ഠൻനായർ 2 00

മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്, തൃശ്ശൂർ.



INDUSTRIAL QUALITY

V A L V E S

Tested at Government Test House, Alipur

*DIAPHRAM VALVES . 200 lbs. P. S. I *AMMONIA VALVES: 600 lbs. P. S. I
*ANGLE VALVES : 250 lbs. P. S. I *SLUICE VALVES : 300 lbs. P. S. I
*BUTTERFLY VALVES *LUBRICATED VALVES

And other valves according to specification & drawing.

Manufactvred by:

BHUTORIA ENGINEERING WORKS LTD.,

56, Netaji Subhas Road, CALCUTTA - 1

Phone: 22-7033
Gram: Indvalve

Factory: 17, G. T. Road, Konnagar,
Dist: Hooghly.

വള്ളത്തോളിന്റെ വിവർത്തനങ്ങൾ

ഡാക്ടർ കെ. കുഞ്ഞുണ്ണിരാജാ

വിശ്വവിഖ്യാതനായ ഒരു മഹാകവി എന്ന നിലയ്ക്കു മാത്രമല്ല, പ്രസിദ്ധ സാഹിത്യ കൃതികളുടെ ഉൽകൃഷ്ട വിവർത്തകൻ എന്ന നിലക്കും വള്ളത്തോളിനു് മലയാളത്തിലുള്ള സ്ഥാനം അദ്വിതീയമാണു്. സൌന്ദര്യാനുഭൂതിയുടെ മധുരരസം ഭാഷയിൽക്കൂടി സഹൃദയർക്കു് പകർന്നു കൊടുക്കുന്നവരാണു് കവിയും കാവ്യവിവർത്തകനും; കവിയുടെ അനുഭൂതി ജീവിതത്തിൽനിന്നു നേരിട്ടു ലഭിച്ചതു്, വിവർത്തകന്റേതു് മൂലഗ്രന്ഥകാരന്റെ അനുഭൂതിയുടെ പ്രതിഫലനം—ഇതുയേ വ്യത്യാസമുള്ളു. നൈസർഗ്ഗികമായ പ്രതിഭാശക്തിയും ഭാഷാ മർമ്മജ്ഞതയും കവിയ്ക്കാവശ്യമാണെങ്കിൽ, സാഹിത്യവിവർത്തകനൊഴിച്ചുകൂടാത്ത ഗുണങ്ങളാണു് സർവ്വതോമുഖമായ സഹൃദയത്വവും രണ്ടു ഭാഷയിലും മതിയായ പാണ്ഡിത്യവും. കാവ്യവിവർത്തനം യഥാർത്ഥ കവികർമ്മം മാത്രമേ സാദ്ധ്യമാകൂ എന്നു പറയാറുള്ളതു് വെറുതേയല്ല. മലയാളസാഹിത്യത്തിൽ തുഞ്ചത്തെഴുത്തച്ഛൻ തുടങ്ങിയ പഴയ മഹാകവികളും പ്രായേണ വിവർത്തനംകൊണ്ടാണു് ഭാഷയെ പോഷിപ്പിച്ചിട്ടുള്ളതു്. മഹാകവി വള്ളത്തോളിന്റെ ശ്രുദ്ധ സാഹിത്യ വിവർത്തനത്തിലേക്കു് തിരിഞ്ഞുവെങ്കിൽ അതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല.

അഭിനവഭോജനായ സാക്ഷാൽ ഏട്ടൻ തമ്പുരാന്റെ സഹൃദയസമാജത്തിലെ ''കേളി സല്ലാപത്തിലും കാവ്യവായനയിലും പാട്ടു കച്ചേരിയിലും'' എല്ലാം ഇണങ്ങിച്ചേർന്നു് സംസ്കൃത പാണ്ഡിത്യവും സഹൃദയത്വവും കാവ്യമർമ്മജ്ഞതയും സമ്പാദിച്ചു് രചനാ സൌഷ്ഠവം തികഞ്ഞ പദ്യങ്ങളും സംസ്കൃതത്തിലും മലയാളത്തിലും അനായാസേന രചിക്കുവാൻ തുടങ്ങിയ വള്ളത്തോളും കോഴിപ്പുറമ്പിൽ നാരായണമേനോൻ മഹാകവി വള്ളത്തോളായിമാറിയതു് വാല്മീകിരാമായണം തർജ്ജമയോടുകൂടിയാണു്; പിന്നീടു് നാലഞ്ചുപുരാണങ്ങളും ഭാസനാടകങ്ങളും ശാകുന്തളവും മറ്റനേകം കൃതികളും പരിഭാഷപ്പെടുത്തി തികഞ്ഞ ആത്മവിശ്വാസം നേടിയതിനുശേഷം എഴുപത്തഞ്ചാം വയസ്സിലാണദ്ദേഹം 'ഋഗ്വേദവിവർത്തനമെന്ന അലകടലിലേയ്ക്കു്'' കുതിച്ചു ചാടിയതു്; അനന്യസഹായനായി രണ്ടരക്കൊല്ലംകൊണ്ടു് അതിന്റെ മുക്കരപിടിക്കുകയും ചെയ്തു. വിവർത്തന കലയിൽ കുഞ്ഞിക്കുട്ടൻ തമ്പുരാനോടു് സമാനസ്സംബന്ധനായൊരു സാഹിത്യകാരനായിരുന്ന വള്ളത്തോളും, സംശയമില്ല.

സാഹിത്യവിവർത്തനത്തിൽ തമ്പുരാനായിരുന്ന വള്ളത്തോളിന്റെ ആചാര്യൻ. ''എനിക്കേറ്റവും പ്രിയപ്പെട്ട കവി സാക്ഷാൽ കുഞ്ഞിക്കുട്ടൻ തമ്പുരാനാണു്'' എന്നദ്ദേഹം ഒരിക്കൽ മദ്രാസിലെ ആകാശവാണിയിലൂടെ പ്രസ്താവിക്കുകയുണ്ടായി. ''എല്ലാരിലും സൌഹൃദമൊന്നുപോലാണെൻ തമ്പുരാനില്ലൊരു പക്ഷഭേദം'' എന്നെഴുതിയതും അദ്ദേഹംതന്നെ. വാല്മീകി രാമായണം തർജ്ജമ തമ്പുരാനെക്കൊണ്ടു പരിശോധിപ്പിച്ചതിനുശേഷമാണു് വള്ളത്തോളം പ്രസിദ്ധപ്പെടുത്തിയതു്. തമ്പുരാനെ കളിയാക്കുന്ന മട്ടിലുള്ളൊരു വാക്യം മുണ്ടശ്ശേരിയുടെ ഒരു ലേഖനത്തിലുള്ളതു് പരിഷദ്ഭൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തിയതായി കണ്ടപ്പോഴേക്കു്, ''മലയാണ്മയ്ക്കു പുതുമയും പൊലിമയും വരുത്തിയ ആ മൺമറഞ്ഞ ഗുരു ജനങ്ങളെ അവഹേളിക്കുന്നതും അപഹസിക്കുന്നതും സഹിപ്പാൻപോന്ന കട്ടിത്തം എന്റെ വൃദ്ധഹൃദയത്തിന്നില്ല'' എന്നു പ്രസ്താവിച്ചുകൊണ്ടു് സാഹിത്യപരിഷത്തിന്റെ അദ്ധ്യക്ഷസ്ഥാനം വലിച്ചെറിയുവാൻപോലും വള്ളത്തോളം ഒരിക്കൽ തയ്യാറായി.

വിവർത്തനകലയെപ്പറ്റി വള്ളത്തോളിനു് സുചിന്തിതവും സുദൃഢവും ആയൊരഭിപ്രായമാണുണ്ടായിരുന്നതു്. തർജ്ജമ മൂലകൃതിയുടെ തനിപ്പകർപ്പാകണമെന്നും ഏകദേശ പരിഭാഷകൾക്കു് സാഹിത്യത്തിൽ സ്ഥാനം കൊടുക്കരുതെന്നും വള്ളത്തോളം വീണ്ടും വീണ്ടും ഊന്നിപ്പറയാറുണ്ടു്. ഈ നിലപാടുതന്നെയാണു് അദ്ദേഹത്തിന്റെ ഉള്ളറിഞ്ഞ ശിഷ്യനായ കുട്ടികൃഷ്ണമാരാരും സ്വീകരിക്കാറുള്ളതു്; മാരാർ പറയുന്നു. ''അവിടെപ്പറഞ്ഞതിൽപ്പലതും മാറ്റിയും മറിച്ചും ഇവിടെ വന്നു പറയുന്ന ഏഷണിക്കാരെപ്പോലേയുള്ളവരാണു് നമ്മുടെ സാഹിത്യ വിവർത്തകന്മാരിൽ മിക്കവരും. ഏതോ കാലവൈപരീത്യത്താൽ അക്ഷുദ്രരാണു് മലയാള സാഹിത്യത്തിലെ മഹാവിവർത്തകന്മാരായി വിളികൊണ്ടിരിക്കുന്നതും.''

സാഹിത്യപരിഷത്തിന്റെ രണ്ടാം സമ്മേളനാവസരത്തിൽ സ്വാഗതാദ്ധ്യക്ഷനെഴുതിയയച്ച കത്തിൽ വള്ളത്തോളം ഇക്കാര്യം ഒന്നുകൂടി ഊന്നിപ്പറഞ്ഞിട്ടുണ്ടു്. ''അതിലും ഇതിലും ചേരുന്ന വകയല്ലാത്ത ഏകദേശ തർജ്ജമ, അല്ലെങ്കിൽ സ്വതന്ത്ര തർജ്ജമ, വർജ്ജനീയമാണെന്നു് ഞാൻ പലപ്പോഴും പറയാറുള്ളതു് ഒന്നുകൂടി ആവർത്തിച്ചുകൊള്ളട്ടെ. ലോകത്തിലെ ഏതൊരു പരി

ഷ്കൃത ഭാഷയാലും അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത ഈ സമ്പ്രദായത്തെ മലയാളഭാഷ എന്തിനു് കൈക്കൊള്ളുന്നു? ഇത്രയും പരിമിതങ്ങളായ നീർത്തുള്ളികൊണ്ടു് ശമിപ്പിക്കപ്പെടാവുന്നതാണോ നവീന കൈരളിയുടെ ഈ ഞാനത്തൃഷ്ണ?'' ഈ ശ്രഷ്കാന്തി കാവ്യങ്ങളുടെ വിവർത്തനത്തിൽ മാത്രമല്ല, നോവൽ തുടങ്ങിയ ഗദ്യ കവിതകളുടെ വിവർത്തനത്തിലും ദീക്ഷിക്കണമെന്നായിരുന്ന വള്ളത്തോളിന്റെ ദൃഢമായ വാദം. നാലപ്പാടന്റെ 'പാവങ്ങൾ' അനുപദ തർജ്ജമയായതു് വള്ളത്തോളിന്റെ പ്രേരണകൊണ്ടുകൂടിയായിരിക്കാം. അതിലെ ശൈലീഭംഗത്തെപ്പറ്റിയുണ്ടായ ആക്ഷേപങ്ങൾക്കു് മറുപടി പറയുവാൻ മുന്നിട്ടുനിന്നതു് മഹാകവിതന്നെയായിരുന്നവല്ലോ.

തർജ്ജമ ഒരിക്കലും സ്വതന്ത്രമായിക്കൂടാ എന്ന വിശ്വാസം പലപ്പോഴും വള്ളത്തോളിനെ അനുപദതർജ്ജമയുടെആരാധകനാക്കിത്തീർത്തിട്ടുണ്ടു്. ''മൂലത്തിലെ ആശയം മുഴുക്കെ വെളിപ്പെടുത്തുന്നതിൽ ശൈലീപരിപാലനം പ്രതിബന്ധമായി വരുന്നതെവിടേയോ അവിടെ ശൈലിയെപ്പോലും ത്യജിപ്പാൻ വിർത്തകനു് അധൈര്യമുണ്ടായിക്കൂടാ'' എന്നദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായെങ്കിലും 'ചുണ്ടത്തു് വെള്ളിക്കരണ്ടിയുമായി ജനിക്കുക' (To be born with Silver Spoon in mouth) തുടങ്ങിയ പ്രയോഗങ്ങളും പാശ്ചാത്യ ജീവിതരീതിയനുസരിച്ചുള്ള അലങ്കാരങ്ങളും മാത്രമാണെന്നദ്ദേഹം വാദിക്കാതിരുന്നില്ല. വാക്യമൊന്നായെടുക്കണം, പദങ്ങൾക്കു് പ്രത്യേകം വിലയുണ്ടെന്നു് കരുതി അവയുടെ പിന്നാലെ പോകരുതു് എന്ന ഭർത്തൃഹരിയുടെ സ്ഫോടവദത്തിന്റെ പൊരുൾ വള്ളത്തോൾ അത്ര കാര്യമായി കരുതുകയുണ്ടായിട്ടില്ല. മൂല കൃതിയിലെ പദപ്രയോഗങ്ങളുടെ ഔചിത്യം ചിന്തിച്ചു മനസ്സിലാക്കിയ ആ കവിയ്ക്കു് ചിലപ്പോൾ അവ അങ്ങിനെതന്നെ തർജ്ജമയിലും ചേർക്കാൻ തോന്നാറുണ്ടു്. രാമായണത്തിലെ 'മാനിഷാദ പ്രതിഷ്ഠാം ത്വമഗമഃ ശാശ്വതീഃ സമാഃ' എന്ന ഭാഗം ആദ്യം തർജ്ജമ ചെയ്തപ്പോഴും 'മാനിഷാദ' എന്നതു് അങ്ങിനെതന്നെ വെയ്ക്കയേ ഉണ്ടായുള്ളൂ. ഒരു പദ്യം ഒന്നായെടുത്തു് അതിന്റെ പൂർണ്ണമായ അർത്ഥവും ഭാവവും മനസ്സിലാക്കി അതങ്ങിനെതന്നെ സ്വതന്ത്രമായി മലയാളത്തിലേയ്ക്കു് പകർത്തിക്കാണിക്കുന്നതിനുള്ള പാടവം കുഞ്ഞിക്കുട്ടൻ തമ്പുരാനും ചാത്തുക്കുട്ടി മന്നാടിയാർക്കുമുണ്ടായിരുന്നിടത്തോളം പൂർണ്ണമായി വള്ളത്തോളിനുണ്ടായിരുന്നുവെന്നു് പറഞ്ഞുകൂടാ; തർജ്ജമയിൽ സ്വാതന്ത്ര്യമെടുക്കുവാനുള്ള മടിയും മിനുക്കു പണികൊണ്ടു് ക്രമേണ വിവർത്തനത്തിനു മാറുകൂട്ടിക്കൊണ്ടുവരാമെന്ന വിശ്വാസവും വള്ളത്തോളിനെപ്പോലെ അവർക്കു രണ്ടുപേർക്കും ഉണ്ടായിരുന്നില്ലെന്നു് ഓർക്കേണ്ടതുണ്ടു്. എങ്കിലും മൂലത്തിലെ ആശയവും സ്ഫോടവും തീരെ കളയാതെ അക്ലിഷ്ടസുന്ദരമായ പദ്യങ്ങൾ ധാരാളമായി രചിക്കുവാൻ വള്ളത്തോളിനും കഴിഞ്ഞിട്ടുണ്ടെന്നു സംശയമില്ല. ഇതാ രണ്ടുമൂന്നു ദാഹരണങ്ങൾ:

''തിങ്ങിവിങ്ങിപ്പനത്തേങ്ങയ്ക്കുള്ളാത്തതാം
തൽകുചദ്വയം
പുൽകുന്നേരം തുളുമ്പിക്കൊണ്ടെങ്കിലെന്നൊ—
ന്നു ചേർന്നിടും?'' (രാമായണം)

''വട്ടങ്ങളേറെ വഴിപാടിനൊരുക്കിവെ—
പ്പാൻ
നട്ടംതിരിയുന്നു, മൊരുപാട്ട ധനം പിടുങ്ങും;
ആശാഖ്യമായ കയറിൻ പിരിയും മുറുക്കും;
വിശ്വംമിരട്ടികളനാരതമീശ്വരന്മാർ!''
(കർപ്പൂരചരിതഭാണം)

''പരമരസം നീരാടാൻ
പാടലസുമസുരഭി കാനനത്തെന്നൽ
പാരമുറങ്ങാം തണലിൽ—
പ്പകലുകളം പരിണാമരമ്യങ്ങളം
(ശാകുന്തളം)

''ശ്വശ്രൂ വെറുക്കുന്നു; പത്നി ചെറുക്കുന്നു
പിച്ച ചോദിച്ചാൽക്കൊടുക്കില്ലൊരുത്തനും
വിറ്റഴിയുന്നുണ്ടും കിഴവറുകതിരയുന്നു
കൊറ്റെങ്കുകിട്ടും? കിതവനുമേവമാം''.
(ഋഗ്വേദം)

മാനിഷാദ ഭവാനേല്ലു—
കേറെക്കാലം പ്രതിഷ്ഠയെ
(ആദ്യത്തെ തർജ്ജമ)

മാനിഷാദ ഭവാൻ നേടു—
കേറെനാളം നിലനില്പിനെ
(പരിഷ്കരിച്ച തർജ്ജമ)

മൂലത്തിന്റെ ശരിയായ പകർപ്പായിരിക്കണം തർജ്ജമ എന്ന ശ്രഷ്കാന്തിയുടെ ഫലമാണു് വള്ളത്തോളിനു് വൃത്താനുവൃത്തപരിഭാഷയോടടുപ്പമായിരുന്ന പക്ഷപാതം. സ്വതന്ത്ര കവിതകളിൽ സംസ്കൃതവൃത്തങ്ങളുപേക്ഷിച്ചു നല്ല ദ്രാവിഡവൃത്തങ്ങളും സ്വീകരിക്കുവാൻ മുതിർന്ന അദ്ദേഹം വിവർത്തനങ്ങളിൽ പ്രായേണ മൂല്യത്തിലെ വൃത്തങ്ങളുംതന്നെ സ്വീകരിക്കുകയാണുണ്ടായതു്. രാമായണത്തിലും മറ്റും ഓരോ അനുഷ്ടുപ്പ് ശ്ലോകത്തേയും കേകാവൃത്തത്തിലുള്ള നാലുവരികളുംകൊണ്ടു പരിഭാഷപ്പെടുത്തുന്നപക്ഷം വൃഥാസ്ഥൂലതയും നിരർത്ഥപദപ്രയോഗത്തിനും ഇടയാകുമെന്നായിരുന്ന അദ്ദേഹത്തിന്റെ അഭിപ്രായം. പുരാണങ്ങളുമായി സംബന്ധിച്ചേടത്തോളം തർജ്ജമ പദ്യത്തിലായാലും ഗദ്യത്തിലായാലും വിരോധമൊന്നുമില്ലെന്നാണു് അദ്ദേഹത്തിന്റെനില; കാരണം ''ആ ശ്ലോകത്തിന്റെ സൌന്ദര്യം അലങ്കാരജന്യമല്ല, അകൃത്രിമമാണു്. ഋഗ്വേദത്തെ സ്സംബന്ധിച്ചും ഇതുതന്നെയാണു് വള്ളത്തോ

ളിന്റെ അഭിപ്രായം. പുരാണങ്ങളും അധികവും ഗദ്യത്തിലാണല്ലോ. തർജ്ജമ ചെയ്തിട്ടുള്ളതു്; അങ്ങിങ്ങു് ചില സ്തോത്രങ്ങളും കാവ്യ ഭംഗിയുള്ള ഭാഗങ്ങളും പദ്യമായും പരിഭാഷപ്പെടുത്തിയിരിക്കുന്നു. ഋഗ്വേദതർജ്ജമയിലും ഏതാണ്ടിങ്ങിനെതന്നെ. ഇതിലെല്ലാം ദ്രാവിഡവൃത്തങ്ങളാണു് സാമാന്യമായി അദ്ദേഹം സ്വീകരിച്ചിട്ടുള്ളതു്. 'ഗ്രാമ സൌഭാഗ്യ'ത്തിൽ ഗാഥാ സപ്തശതിയിലെ പദ്യങ്ങളും വൃത്താനുവൃത്തമായിത്തന്നെയാണു് വിവർത്തനം ചെയ്തിട്ടുള്ളതു്; അതു് ഗാനാത്മകമായ ദ്രാവിഡവൃത്തങ്ങളിലായെങ്കിൽ അധികം നന്നാകുമായിരുന്നു എന്നു ചിലക്ക്ഭിപ്രായമുണ്ടു്.

ഭാഷാശുദ്ധിയുടെ കാര്യത്തിൽ വള്ളത്തോളും വളരെ ശ്രദ്ധാലുവായിരുന്നു. വായനക്കാരുടെ തല അപഭ്രംശപങ്കിലമാക്കാതെ സൂക്ഷിക്കേണ്ടുമതല സാഹിത്യകാരനുണ്ടെന്നദ്ദേഹം ദൃഢമായി വിശ്വസിച്ചു. വ്യാകരണപ്പിഴ, യതിഭംഗം, കൃസന്ധി, അസമർത്ഥ സമാസം, നിരർത്ഥപദപ്രയോഗം, ദൂരാന്വയം, ദുരർത്ഥപ്രതീതി തുടങ്ങിയ ശബ്ദത്തേയും അർത്ഥത്തേയും ബാധിക്കുന്ന രചനാ ദോഷങ്ങളും തീരെ തട്ടാത്തതായിരിക്കണം കാവ്യം; സ്വതന്ത്രകൃതികളിലും വിവർത്തനങ്ങളിലും ഒരുപോലെ ശ്രദ്ധിക്കേണ്ട കാര്യമാണിതു്.

വള്ളത്തോളിന്റെ സാഹിത്യ നിരൂപണങ്ങളും വായിച്ചുനോക്കിയാൽ ഇതു് നല്ലവണ്ണം വ്യക്തമാകും. വ്യാകരണത്തെ പഴി പറയുന്ന ഇന്നത്തെ സാഹിത്യകാരന്മാർ അദ്ദേഹത്തിന്റെ ഗ്രന്ഥവിഹാരം വായിച്ചുനോക്കേണ്ടതാണു്. വള്ളത്തോളിന്റെ വിവർത്തനങ്ങളെല്ലാംതന്നെ തീരെ നിർദ്ദുഷ്ടമാണെന്നിതിനർത്ഥമില്ല. അദ്ദേഹത്തിന്റെ ഉന്നം അതായിരുന്നുവെന്നതിനു് സംശയമില്ല. നിസർഗ്ഗസുന്ദരമായ രചനാസൌഭാഗ്യത്തോടുകൂടിയ പദ്യങ്ങളും വള്ളത്തോളിന്റെ വിവർത്തനങ്ങളിൽ സാമാന്യമായി കാണാവുന്നതാണു്.

തർജ്ജമയ്ക്കു് ദോഷം തീരെ ഇല്ലാതിരുന്നാൽ മാത്രംപോരാ; രസസ്ഫുരണവിഷയത്തിൽ വിവർത്തകൻ സർവ്വോപരി പ്രയത്നിക്കേണ്ടതുണ്ടു്. ''അതാതു് സന്ദർഭത്തിനു തികച്ചും അനുഗുണമായ പദങ്ങളും തിരഞ്ഞെടുത്തു് ദുശ്രവതാദിദോഷങ്ങളും പറ്റാതെ വേണ്ടതിക്കിൽ വേണ്ടവിധം പ്രയോഗിച്ചാൽ മാത്രമേ ഭാവസ്ഫൂർത്തി കൈവരുകയുള്ളൂ.''

''ശക്യമരവിന്ദ സുരഭിഃ
കണവാഹീ മാലിനീതരംഗാണാം
അംഗൈരനംഗതപ്തൈ—
രവിരളമാലിംഗിതും പവനഃ''

എന്ന കാളിദാസ പദ്യത്തെ

''മതിയാവോളം പുണരാം
മലരമ്പച്ചൂടിയന്ന ഗാത്രത്താൽ
മാലിനിയലനീർത്തുള്ളിയു—
മേടലർമണവും കലർന്ന തെന്നലിനെ''

എന്നിങ്ങിനെ തർജ്ജമചെയ്യുവാൻ മഹാകവിക്കു് കഴിഞ്ഞതു് രചനാവിഷയത്തിലുള്ള സനിഷ്ക്കർഷമായ ശ്രദ്ധക്കാന്തിയുടെ ഫലമാണു്.

വിവർത്തകൻ വ്യാഖ്യാതാവല്ല എന്ന കാര്യം മറക്കരുതെന്നാണു് വള്ളത്തോളിന്റെ ഉപദേശം. മൂലത്തിൽ അങ്ങിങ്ങു് വ്യഞ്ജിപ്പിച്ചിട്ടുള്ള ആശയങ്ങളും ചോർന്നുപോകാതെ വിവർത്തനം ചെയ്യുവാൻ ശ്രമിക്കയല്ലാതെ, അതെല്ലാം പരത്തിപ്പറയുവാൻ തുനിയുന്നതു് ക്ഷന്തവ്യമല്ലെന്നദ്ദേഹം പറയാറുണ്ടു്. ശാകുന്തളത്തിലെ നാന്ദിശ്ലോകം തർജ്ജമ ചെയ്തിട്ടുള്ളതു് ഇതിവൃത്ത സൂചനയ്ക്കു് ഭംഗം വരാത്ത മട്ടിലാണു്; പക്ഷെ നാലാമങ്കത്തിലെ 'സാമാന്യ പ്രതിപത്തി പൂർവ്വകം' എന്നതിലെ സാമാന്യ' ശബ്ദം സ്വീകരിച്ചുവെങ്കിലും വ്യംഗ്യാർത്ഥം സൂചിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ശാകുന്തളാദി വിശ്വസാഹിത്യ കൃതികളുടെ സർവ്വാംഗീണമായ സൌന്ദര്യം ആരേതു ഭാഷയിൽ തർജ്ജമചെയ്താലും പൂർണ്ണമായി പകരുക സാധ്യമല്ലെന്നുള്ളതു് പരമാർത്ഥം തന്നെ.

സ്വതന്ത്ര വിവർത്തനങ്ങൾക്കെതിരായി പടവെട്ടിയ വള്ളത്തോൾതന്നെ പ്രാചീന കവികളുടെ ആശയങ്ങൾ സ്വീകരിച്ചു് തുടച്ചു് മിനുക്കി ധാരാളം പ്രയോഗിച്ചിട്ടില്ലേ? ചിത്രയോഗം മഹാകാവ്യത്തിൽത്തന്നെ പത്തിരുനൂറു പദ്യങ്ങളോളം രഘുവംശം, കിരാതം, മാഘം, ശാകുന്തളം തുടങ്ങിയ സംസ്കൃത കൃതികളിലെ ആശയങ്ങളുടെ സ്വതന്ത്രമായ ആവിഷ്ക്കരണമാണു്.

ധാരതലത്തിൽ്ധനപുഷ്പിയൊത്തു—
ണ്ടൊരാര്യദേശം നിഷധാഭിധാനം
ചിരാൽ വിളങ്ങുന്ന കുബേരദിക്കാം
വരാംഗിയാം തൊട്ടൊരു പൊട്ടുപോലെ

എന്ന ആദ്യത്തെ പദ്യംതന്നെ കഥാസരിൽ സാഗരത്തിലെ മന്ദാരവതീസുന്ദരസേനകഥയുടെ തുടക്കത്തിലുള്ള

'അസ്ത്യലങ്കംകൃത കൌബേരി—
ദിങ്മുഖോ നിഷധാഭിധഃ

എന്ന വരി ഭംഗിയായി അടിച്ചു പരത്തിയതല്ലേ? സാഹിത്യമഞ്ജരി നാലാം ഭാഗത്തിലെ സുപ്രസിദ്ധമായ പ്രഭാതഗീതത്തിൽ ഉഷസ്സിനെ ആകാശമടിച്ചുവാരുവാൻ വരുന്ന വേലക്കാരിയായി വർണ്ണിച്ചിട്ടുള്ളതു് ബാണഭട്ടന്റെ കാദംബരിയിലെ ഒരു പ്രഭാതവർണ്ണന കണ്ടിട്ടായിരിക്കാം.

''ഏകദാതു...ആതപ്തലാക്ഷികതന്തു പാടലാ
ഭിരായാമിനീ ഭിരശിശിരകിരണദീധിതിഭിഃ
പത്മരാഗരത്നശലാകാ സമാർജ്ജനീഭിരിവ സ

മുത്സാര്യമാണേ ഗഗനകുട്ടിമകസുമപ്രകരേ
താരാഗണേ—''

എന്നതിൽനിന്നു് കിട്ടിയ '''അംബരശാലയിൽ.....പൂക്കളാകുന്ന താരങ്ങളടിച്ചു വാരി'' എന്ന ഭാഗം മഹാകവിയുടെ ഭാവനയിൽ വികസിച്ച ബ്രഹ്മാണ്ഡഹർമ്മ്യം ഉഷസ്സടിച്ചുവാരുന്ന രംഗമായിത്തീർന്നു. ഇതുപോലെതന്നെ,

'ശ്യാമപ്പൂമെത്ത, ചഞ്ചൽക്കുളിർവിശറി, മണീ
കീണ്ണമാം നീലമേലാ—
പ്പോമൽത്തങ്കഗ്രളോപ്പീവക വിഭവശതം
ചേർന്ന കേളീഗൃഹം മേ
പ്രേമത്താലേ സ്വയം തന്നരുളിയ പരമോ—
ദാരശീലന്റെ മുമ്പിൽ—
ക്കാമത്താൽ കൊച്ചുകൈക്കുമ്പിളിതഹഹ മല—
ത്തുന്ന ഞാനെത്ര ഭോഷൻ'

എന്ന വള്ളത്തോളിന്റെ മുക്തകവും ഒരു സംസ്കൃത മുക്തകത്തിന്റെ സ്വതന്ത്ര തർജ്ജമയാണു്.

'മഹാശയ്യാ ഭ്രമിർ മസൃണമുപധാനം ഭുജലതാ
വിതാനംചാകാശം വ്യജനമനുകൂലോf
യമനിലഃ
സ്ഫുരദ്ദീപശ്രേണ്യഃ സുരഭിവനിതാസംഗമുദിതഃ
സുഖംശാന്തഃ ശേതേ നനു ച ഭവഭീതോന്യപഇവ
(ഭവഭീതൻ)

(നിലമാണു് കിടയ്ക്ക; കോമളമായ തലയണ കൈകളത്രെ. ആകാശമാകുന്ന വിതാനവും മന്ദമാരുതനാകുന്ന വിശറിയുമുണ്ടു്. തിളങ്ങുന്ന വിളക്കാണു് ചന്ദ്രൻ. സുരഭിവനിതാസംഗവുമുണ്ടു്. സംസാരഭീതൻ ഒരു രാജാവിനെപ്പോലെ സുഖമായിത്തന്നെകിടക്കും.)

പൂർവ്വകവികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതു് സ്വതന്ത്ര കവിതയ്ക്കുപോലും കളങ്കമായിക്കരുതിയിരുന്നില്ല, നമ്മുടെ ആലങ്കാരികന്മാർ.

''ദൃഷ്ടപൂർവ്വാ അപിഹ്യർത്ഥാഃ കാവ്യേര
സപരിഗ്രഹാൽ
സർവ്വേനവാ ഇവാഭാന്തി മധുമാസ ഇവദ്രുമാഃ''

എന്നു് ധ്വന്യധികാരൻ സമ്മതിച്ചിട്ടുമുണ്ടു്. ഇത്തരം ആശയസംവാദങ്ങൾ സ്വതന്ത്ര തർജ്ജമയെന്ന നിലയ്ക്കല്ല വള്ളത്തോൾ കണക്കാക്കിയിരുന്നതു്. ചെറുശ്ശേരിയുടേയും, കുഞ്ചൻനമ്പ്യാരുടേയും മറ്റും കൃതികളിൽ എത്രയെത്ര ഉദാഹരണങ്ങളാണു് ഇത്തരം ആശയാനുവാദത്തിനു് കാണുക. വള്ളത്തോളിന്റെ ആദ്യത്തെ ഖണ്ഡകാവ്യമായ ഋതുവിലാസം കാളിദാസന്റെ ഋതുസംഹാരത്തെ അനുകരിച്ചുകൊണ്ടുള്ളതായിരുന്നു. കുഞ്ചിക്കുട്ടൻ തമ്പുരാനുമായുള്ള സമ്പർക്കമായിരിക്കാം വിവർത്തന കലയെപ്പറ്റി വള്ളത്തോളിൽ ചിലവ്യക്തമായ അഭിപ്രായങ്ങൾവളർത്തിയതു്.

വാല്മീകിരാമായണം

തമ്പുരാന്റെ ഭാരത വിവർത്തനമാണു് രാമായണ വിവർത്തനത്തിലേയ്ക്കു് വള്ളത്തോളിന്റെ ശ്രദ്ധ തിരിച്ചതു്. 1080 കുംഭം 30—ാം തീയതി തർജ്ജമ തുടങ്ങി; 1082 മകരം 29—ാംതീയതി അതു് പൂർത്തിയാവുകയും ചെയ്തു. എഴുതിക്കൊണ്ടിരുന്ന കാലത്തുതന്നെ തമ്പുരാനതു പരിശോധിച്ചു പരിഷ്ക്കരിക്കയും ചെയ്തിരുന്നു. ഒന്നാംഭാഗം പ്രസിദ്ധപ്പെടുത്തിയതു് 1082 മേടത്തിലാണു്. 1084 ഇടവത്തിൽ രാമായണ വിവർത്തനം കേരളവർമ്മയുടെ മുഖവുരയോടും അപ്പൻതമ്പുരാന്റെ അവതാരികയോടുംകൂടി പ്രസിദ്ധപ്പെടുത്തി. ''വാല്മീകിരാമായണം മൂലത്തിന്റെ അനുഭവമാത്രഗോചരമായ മാധുര്യം കഴിയുന്നേടത്തോളം കുറവുകൂടാതെ ഭാഷയിൽ പകർത്തുവാൻ എവിടേയെങ്കിലും ശ്രമം ചെയ്തിട്ടുണ്ടെങ്കിൽ അതു് ഈ നേർതർജ്ജമയിൽത്തന്നെയാണു്'' എന്നായിരുന്ന അപ്പൻതമ്പുരാന്റെ അഭിപ്രായം. വള്ളത്തോൾതന്നെ പിന്നീടു് ഈ തർജ്ജമ പരിഷ്ക്കരിക്കയും പല പാകപ്പിഴകളും തിരുത്തുകയും ചെയ്കയുണ്ടായി. ആദ്യത്തെ പതിപ്പിലെ ചില ഭാഗങ്ങളെപ്പറ്റി മഹാകവി പറഞ്ഞതിങ്ങിനെയാണു്. 'തർജ്ജമയിൽ തെറ്റൊന്നും എന്റെ ദൃഷ്ടിയിൽപ്പെട്ടില്ല; എന്നാൽ ജീവൻ തെല്ലും വന്നിട്ടില്ലായിരുന്നു.'' മിനുക്കി പരിഷ്ക്കരിച്ചു് ജീവൻകൊടുക്കുവാൻ പല വെട്ടിത്തിരുത്തലും അദ്ദേഹംതന്നെ ചെയ്തു, ഇതിന്റെ ഫലമാണു് പുതിയ പതിപ്പു്.

പുരാണങ്ങൾ

പതിനെട്ടു് പുരാണവും തർജ്ജമ ചെയ്യണമെന്നു് കുഞ്ഞിക്കുട്ടൻതമ്പുരാൻ കവികളെ ഉദ്ബോധിപ്പിച്ചിരുന്നു. വാല്മീകി രാമായണം വിജയകരമായി തർജ്ജമ ചെയ്ത വള്ളത്തോളിനെയാണു് ചില സഹൃദയന്മാർ ഇതിന്നൊഴിവു് കണ്ടതു്. ഇടപ്പിള്ളി കുറുമൂർ നാരായണൻ നമ്പൂതിരിപ്പാടിന്റെ നിർദ്ദേശമനുസരിച്ചു് വള്ളത്തോൾ മാർക്കണ്ഡേയപുരാണം ഗദ്യരൂപത്തിൽ വിവർത്തനം ചെയ്തു. പിന്നീടു് കമലാലയ പ്രസ്സടമസ്ഥൻ കൊളക്കുന്നത്തു രാമൻമേനോൻ അവർകളുടെ ആവശ്യമനുസരിച്ചു് വാമനം, മാത്സ്യം, പദ്മം ആഗ്നേയം എന്നീ പുരാണങ്ങൾ തർജ്ജമചെയ്യുവാനും അദ്ദേഹം ആരംഭിച്ചു.

''ഭാരതവർഷത്തിലെപ്പൂർവ്വരാമുഷീന്ദ്രന്മാർ,
പാരിനുള്ളടക്കല്ലു പാർത്തുകണ്ടറിഞ്ഞവർ''

കവിതാദേവിയുമായിച്ചെയ്ത നമ്മസല്ലാപങ്ങളാണു് പുരാണങ്ങൾ. ''ഒരു മനുഷ്യനു് അവന്റെ ജീവിതായോധനം വിജയത്തിൽ കലാശിപ്പിക്കാൻ എന്തെന്തു് ആവശ്യമായിരിക്കുന്നുവോ, അതൊ

ക്കെയും ആർഷസൂക്തങ്ങളിൽ അടങ്ങിയിട്ടുണ്ട്'' എന്നാണദ്ദേഹം പുരാണങ്ങളെപ്പറ്റി പ്രസ്താവിച്ചതു്.

പുരാണതർജ്ജമ ക്ഷിപ്രസാധ്യമായിരുന്നില്ല. തർജ്ജമയ്ക്കവലംബമായ പുസ്തകം അച്ചടിത്തെറ്റുകളും നിറഞ്ഞതും ടിപ്പണിയില്ലാത്തതുമായിരുന്നു. അപ്രസിദ്ധ പദങ്ങളും ചില ദിക്കിൽ, അതിജടിലങ്ങളായ ഗ്രന്ഥഗ്രന്ഥികളും വേറെ ചില ദിക്കിൽ, മറ്റു ചിലേടത്തു് വിഷയത്തിന്റെ ഗഭീരത—ഇങ്ങനെ പ്രകൃത്യാ ദുരവഗാഹമായ പുരാണങ്ങളും വിജയകരമായി വിവർത്തനം ചെയ്വാൻ വള്ളത്തോളിനെ സഹായിച്ചതു് സഹജമായ സഹൃദയത്വവും രാമായണ തർജ്ജമയിൽനിന്നു് കിട്ടിയ കൈത്തഴക്കവുമായിരുന്നു. വിഷയസ്വഭാവമനുസരിച്ചു് തർജ്ജമയുടെ സ്വഭാവത്തിനും ചൈചിത്ര്യം വരുത്തുവാൻ അദ്ദേഹം ശ്രദ്ധിക്കാറുണ്ടു്. പദ്യത്തിനെന്നപോലെ വള്ളത്തോളിന്റെ ഗദ്യത്തിനും തികഞ്ഞ മിഴിവും പ്രസാദവും അപ്പോഴേയ്ക്കും കൈവന്നു കഴിഞ്ഞിരുന്നു. ഭദ്രകാളിയുടെ അവതാര കഥയടങ്ങിയ ഒരു പുരാണ കഥയുടെ താളിയോലഗ്രന്ഥം വായിച്ചുനോക്കിയപ്പോൾ, അതു് സ്വതന്ത്രമായി തർജ്ജമ ചെയ്യണമെന്നദ്ദേഹത്തിന്നുതോന്നി; ''ഭക്തിസംഘരണത്തിനു് അധികം സഹായിക്കുന്ന പാനപ്പാട്ടിൽ ആണു് ഭദ്രാവതാരം' എഴുതിത്തീർത്തതു്.

ഭാസനാടകങ്ങൾ

കവികുലതിലകമായ കാളിദാസൻ പോലും ഗുരുനിർവ്വിശേഷം സ്മരിച്ചിട്ടുള്ള ഭാസ മഹാകവിയുടെ പേരിൽ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധപ്പെടുത്തിയ 13 നാടകങ്ങളിൽ ചിലതെല്ലാം വള്ളത്തോളും പരിഭാഷപ്പെടുത്തുകയുണ്ടായി. മറ്റു ചിലർ ചില ഭാസ നാടകങ്ങളും തർജ്ജമചെയ്തതു കണ്ടപ്പോൾ ഇത്തരം നല്ല കൃതികളും വിലക്ഷണമായി 'ഭാഷയെ കൊഞ്ഞനം കാട്ടുന്ന മട്ടിൽ' പരിഭാഷപ്പെടുത്തുന്നതു് വലിയ കഷ്ടമാണെന്നദ്ദേഹത്തിനു തോന്നി. നല്ല രീതിയിൽ വിവർത്തനം ചെയ്താൽ അതു് മലയാള ഭാഷയ്ക്കു് ഒരനശ്വരമായ സമ്പത്തായിരിക്കും എന്ന വിശ്വാസമാണു് ഭാസ നാടകങ്ങളിൽ കൈവയ്ക്കുവാൻ വള്ളത്തോളിനെ പ്രേരിപ്പിച്ചതു്. ദുഃഖപര്യവസായിയായ ഊരുഭാഗം വിവർത്തനം ചെയ്തതു് 1094 കുംഭത്തിലാണു്. 1095 മകരത്തിൽ തർജ്ജമചെയ്ത മധ്യമവ്യായോഗത്തിലെ ഇതിവൃത്തം ഭീമസേനൻ ഘടോൽക്കചന്റെ ബാധയിൽനിന്നു് ഒരു ബ്രാഹ്മണ കുടുംബത്തെ രക്ഷിക്കുന്നതാണു്. അക്കൊല്ലംതന്നെയാണു് അഭിഷേക നാടകവും തർജ്ജമചെയ്തതു്. പഞ്ചരാത്രത്തിലെ പ്രമേയം ഭാരത പ്രസിദ്ധമായ ഗോഗ്രഹണമാണെങ്കിലും സന്ദർഭം മുഴുവനും കവികല്പിതമാകയാൽ അതും ഒരു സ്വതന്ത്രനാടകം പോലെയാണു്. സ്വപ്ന വാസവദത്തമാണു് ഒടുവിൽ പരിഭാഷപ്പെടുത്തിയതു്. 1098 കന്നിമാസത്തിൽ പനിപിടിച്ചു് കിടപ്പിലായപ്പോൾ രചിച്ചതാണതു്.

ശാകുന്തളം

വള്ളത്തോളിന്റെ ശാകുന്തളം തർജ്ജമ 1112 ലാണു് പ്രസിദ്ധപ്പെടുത്തിയതു്. വിവർത്തനാസഹമായ ആ വിശ്വസാഹിത്യകൃതി തർജ്ജമചെയ്യുവാൻ കേരളത്തിൽ പത്തുപതിനഞ്ചുപേർ മുതിർന്നിട്ടുണ്ടു്; കേരളവർമ്മയുടെ പ്രസിദ്ധമായ മണിപ്രവാള തർജ്ജമയിൽ കൂടുതൽ സ്വാതന്ത്ര്യം എടുത്തിട്ടുണ്ടെന്ന പരാതി തീർക്കുവാനാണു് വള്ളത്തോളും ശ്രമിച്ചതു്. വള്ളത്തോളിന്റെ തർജ്ജമ ലളിതവും പ്രസന്നവുമാണു്; എങ്കിലും അതൊരു പരിപൂർണ്ണവിജയമായെന്നു് പറയുവാൻ പ്രയാസമുണ്ടു്. ഏതാണ്ടക്കാലത്തുതന്നെ പ്രസിദ്ധീകൃതമായ ആറൂരിന്റെ ശാകുന്തള തർജ്ജമയും സഹൃദയന്മാരെ ആകർഷിച്ച ഒന്നാണു്. ശാകുന്തള തർജ്ജമകളുടെ താരതമ്യപഠനം പല വാദകോലാഹലങ്ങൾക്കും സാഹിത്യരംഗത്തിലിടം കൊടുത്തു.

വത്സരാജകൃതികൾ

പന്ത്രണ്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ കാലഞ്ജര രാജ്യം ഭരിച്ച പരമർദ്ദിദേവൻ എന്ന രാജാവിന്റെ മന്ത്രിയായിരുന്ന വത്സരാജൻ രചിച്ച ആറു രൂപകങ്ങളിൽ നാലെണ്ണം വള്ളത്തോളും തർജ്ജമ ചെയ്തുകയുണ്ടായി. സർദാർ കെ.എം. പണിക്കരുടെ പ്രേരണയാണിതിനു് പ്രധാന കാരണം. ഹാസ്യചൂഡാമണി എന്ന പ്രഹസനത്തിന്റെ തർജ്ജമയ്ക്കു് അതിലെ പ്രധാന കഥാപാത്രമായ കപടകേളി എന്ന വൃദ്ധ വേശ്യയുടെ പേരാണു് കൊടുത്തിട്ടുള്ളതു്. കർപ്പൂരചരിതമെന്ന ഹാസ്യരസ പ്രധാനമായ ഭാഗമാണു് പിന്നീടദ്ദേഹം വിവർത്തനം ചെയ്തതു്. ഈഹാമൃഗമെന്ന രൂപക വിഭാഗത്തിൽപ്പെട്ട രുഗ്മിണീഹരണമാണു് മൂന്നാമത്തേതു്. അടുത്തതു് ത്രിപുരദഹനം എന്ന ഡിമവും. സംസ്കൃത സാഹിത്യത്തിലെ അപ്രസിദ്ധമായ ചില നല്ല രൂപകങ്ങളും മലയാളികൾക്കു് പരിചയപ്പെടുത്തുവാൻ ഇങ്ങിനെ വള്ളത്തോളിന്റെ തൂലികയ്ക്കു കഴിഞ്ഞു.

ബോധിസത്ത്വാപദാനകല്പലത

ബുദ്ധജാതകകഥകൾ വിവരിച്ചുകൊണ്ടു് ക്ഷേമേന്ദ്രകവി എഴുതിയിട്ടുള്ളൊരു വിസ്തൃത കാവ്യമാണു് കല്പലത. ഈ. വി. രാമൻനമ്പൂതിരിയുടെ പ്രേരണയാണിതു് വിവർത്തനം ചെയ്വാൻ കാരണമെന്നു് പറയപ്പെടുന്നു. ആറുമാസംകൊണ്ടു് മുഴുമിപ്പിച്ച തർജ്ജമ 1951—ൽ തിരു

വിതാംകൂർ സർവ്വകലാശാലയിൽനിന്നു പ്രസിദ്ധപ്പെടുത്തി.

ഗാഥാസപ്തശതി

ഹാലന്റെ സുപ്രസിദ്ധമായ ശൃംഗാരകാവ്യമാണു് പ്രാകൃത ഭാഷയിലെഴുതപ്പെട്ട ഗാഥാസപ്തശതി. ഗ്രാമീണ ജീവിത സൗഭാഗ്യത്തിന്റെ വിവിധവശങ്ങളും വണ്ണിക്കുന്ന മുക്തകങ്ങളുടെ ഒരു സമാഹാരമാണിതു്. വൃത്താനുവൃത്തമായിട്ടാണു് വള്ളത്തോളിന്റെ വിവർത്തനം; അതിനു് ഗ്രാമ സൗഭാഗ്യം എന്നാണു് വള്ളത്തോൾ പേരിട്ടിട്ടുള്ളതു്. 1949–ൽ പൂർത്തിയായ തർജ്ജമ പ്രസിദ്ധപ്പെടുത്തിയതു് 1952–ലാണു്.

മറ്റു പല വിശിഷ്ട കൃതികളും വിവർത്തനം ചെയ്യുവാൻ വള്ളത്തോളിനാഗ്രഹമുണ്ടായിരുന്നു. കലഹണന്റെ രാജതരംഗിണി മൂലഗ്രന്ഥം മദ്രാസിൽനിന്നു് ഞാൻ വള്ളത്തോളിന്നയച്ചുകൊടുക്കുകയുണ്ടായി. എങ്കിലും അതു് തർജ്ജമചെയ്യുവാനുള്ള ശ്രമം പിന്നീടുപേക്ഷിക്കയാണുണ്ടായതു്.

ഋഗ്വേദം

സനാതനമായ ഹിന്ദുമതത്തിന്റെ അചഞ്ചലമായ അടിസ്ഥാനമായി ഗണിക്കപ്പെട്ടുവരുന്ന ഋഗ്വേദത്തിൽ 1017 സൂക്തങ്ങളിലായി 104728 ഋക്കുകളാണുള്ളതു്. ഒരു സാഹിത്യകൃതി എന്ന നിലയ്ക്കും ഉന്നതമായൊരു സ്ഥാനമാണതിനുള്ളതു്. സായണന്റെ ഭാഷ്യമനുസരിച്ചാണു് വള്ളത്തോളിന്റെ തർജ്ജമ. ഒന്നാം വാല്യം 1955–ൽ പ്രസിദ്ധപ്പെടുത്തി. വള്ളത്തോൾ പ്രസ്താവിച്ചു.— ''മൂലഭാഷയുടെ വല്ലാത്ത വൈലക്ഷണ്യം, എന്റെ വ്യുല്പത്തിയുടെ അല്പത്വം, വാർദ്ധക്യത്താൽ വളരുന്ന വിസ്മൃതി–ഇത്യാദികളും ഈ വിവർത്തനത്തിൽ പലതരം വികലതകളും വരുത്തിയിട്ടുണ്ടാവും. അതിനാൽ ഇതു് ഋഗ്വേദ തർജ്ജമയുടെ ഒരു കരട് പകർപ്പായിക്കരുതിയാൽ മതി.'' ആര്യ സംസ്കാരത്തിന്റെ അസ്തിവാരമായ ഋഗ്വേദം നമ്മുടെ ഭാഷയിലേയ്ക്കു് പകർന്നുതന്ന മഹാകവിയോടു് നാമെന്നും കടപ്പെട്ടവരാണു്. അവതാരികയിൽ കെ.എം. പണിക്കർ പറഞ്ഞതുപോലെ ''വിവർത്തനവിഷയത്തിൽ അദ്ദേഹത്തെ പണ്ടേ ആശ്ലേഷിച്ചിരിക്കുന്ന വിജയശ്രീക്കു് ഒരു രത്നകിരീടമാണു് ഈ ഋഗ്വേദതർജ്ജമ.''

രാമായണവും പുരാണങ്ങളും മറ്റും സൂക്ഷ്മമായി വിവർത്തനം ചെയ്തതുകൊണ്ടു് വള്ളത്തോളിനു് സ്വതന്ത്ര കാവ്യങ്ങളും രചിക്കുന്ന വിഷയത്തിൽ പല മെച്ചങ്ങളും ഉണ്ടായിട്ടുണ്ടു്. അഭ്യാസജന്യമായ രചനാ പാടവവും ഭാഷാസ്വാധീനവും മാത്രമല്ല, ഭാരത സംസ്കാരത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ഗാഢവും വിപുലവുമായ അറിവും ഭാവനയുടെ സർവ്വതോമുഖമായ വികാസവും ഇതിന്റെ ഫലമായദ്ദേഹത്തിനു് വർദ്ധിച്ചു. പുരാണകഥാപാത്രങ്ങളുടെ സ്വഭാവത്തിനു് ഏറ്റവും യോജിച്ച വിധത്തിൽത്തന്നെ കഥാസന്ദർഭങ്ങളും മിനഞ്ഞെടുത്തു് നാടകീയമായ രീതിയിൽ രമണീയമായി പ്രതിപാദിക്കുവാൻ വേണ്ട കഴിവു് വള്ളത്തോളിനു് നൽകിയതു് ഇത്തരം വിവർത്തനങ്ങളാണെന്നു് പറഞ്ഞാൽ തെറ്റില്ല. 'കിളിക്കൊഞ്ചൽ'ലിന്നവലംബം പദ്മപുരാണത്തിലെ ഒരു കഥയാണു്. ''മുറ്റത്തെ തുളസി''യിലും പുരാണ പരിചയം വ്യക്തമാണു്. ഭർത്തൃപരിത്യക്തയായ ശകുന്തളയെപ്പറ്റി പലരും കവിതയെഴുതിയിട്ടുണ്ടു്; എന്നാൽ, ശാകുന്തളത്തിന്റെ പശ്ചാത്തലത്തിൽത്തന്നെ 'അച്ഛനും മകളും' രചിക്കുവാൻ വള്ളത്തോളിനു് മാത്രമേ കഴിഞ്ഞിട്ടുള്ള.

വള്ളത്തോളിന്റെ തർജ്ജമ എണ്ണത്തിലും വണ്ണത്തിലും കാവ്യഭംഗിയിലും മികച്ചുനിൽക്കുന്നു; എങ്കിലും ഒരു സ്വതന്ത്രകവി എന്ന നിലയ്ക്കുദ്ദേഹത്തിനു് സാഹിത്യത്തിലുള്ള സ്ഥാനം ഒരു വിവർത്തകൻ എന്ന നിലയ്ക്കുള്ളതിനേക്കാളും വളരെ വളരെ ഉയർന്നതാണെന്നു സമ്മതിക്കാതെ തരമില്ല.

ആ വിഷുക്കൈനീട്ടം

— കലാമണ്ഡലം കേശവൻ

സായംസന്ധ്യ കുങ്കുമപ്പൂക്കളർച്ചിയ്ക്കുന്ന ആ സ്മാരകമണ്ഡപത്തിന്റെ മുമ്പിൽ ഞാൻ മൂകനായി കൈകൂപ്പിനിന്നു. പ്രശാന്തസുന്ദരമായി മന്ദം മന്ദം നീങ്ങുന്ന നിളാനദിയിൽനിന്നും, ഉയർന്നു താഴ്ന്ന അതിന്റെ നെഞ്ചിൻകൂട്ടിലെ ചുട്ടുനെട്ടവീർപ്പുപോലെ ഒരു കുഞ്ഞിക്കാറ്റ് തെളിഞ്ഞു കത്തുന്ന ദീപനാളങ്ങളെ തഴുകിക്കൊണ്ട് കടന്നുപോയി. പുളകിതഗാത്രനായി, ഭക്തിപരവശനായി, ആ സമാധിയ്ക്ക് മുമ്പിൽ ഞാൻ സാഷ്ടാംഗം നമസ്കരിച്ചു. എന്റെ ജീവിതത്തിന്റെ വഴിത്താരയിൽ മാർഗ്ഗദർശിത്വവും ആജീവികാപാഥേയവും അരുളി, കൈച്ചൂണ്ടിയായ് നിന്ന ആ ആജാനബാഹുക്കം ഈ സമാധിയ്ക്കുള്ളിൽ എന്നെന്നേയ്ക്കും നിശ്ചലങ്ങളായി വീണ മണ്ണോട് ചേർന്നിരിയ്ക്കുന്നു. അഭിവന്ദ്യഗുരോ! അങ്ങയുടെ പാദപദ്മരേണുക്കം പതിഞ്ഞ ആ കലാമണ്ഡലവും പരിസരവും, ലോകത്തിനു് എന്തെന്തു മാറ്റങ്ങളും തന്നെ വന്നാലും ശരി, ഈ എളിയ ശിഷ്യനു് എന്നും പവിത്ര തീർത്ഥാടനകേന്ദ്രമാണു്.

രണ്ടനാലു കൊല്ലത്തെ സന്തതസഹവാസത്തിന്റെ സുമധുരസ്മരണകളും ഊളിയിട്ടുപൊങ്ങുന്ന ഈ കൊച്ചുഹൃദയത്തിനു് മറ്റുള്ളവർക്കു് നിസ്സാരങ്ങളെന്നു തോന്നാമെങ്കിലും, എനിയ്ക്കു് അനർഘങ്ങളും അമോഘങ്ങളുമായിത്തീർന്നിട്ടുള്ള അനുഭവപരമ്പരകളെ ക്രോഡീകരിക്കുക സുകരമല്ല. കേരളീയ സാഹിത്യകലാലോകത്തിന്റെ വിതതവൈഹായസവീഥിയിൽ അഖിലലോകപ്രശസ്തിയുടെ പ്രകാശപരിവേഷവും ചാർത്തിക്കൊണ്ടു് ലോകത്തിനു് വിജ്ഞാനവും വെളിച്ചവും വിശ്രാണിച്ച ആ അഹിമകിരണന്റെ പ്രവിശാലമായ മിത്രശിഷ്യപരമ്പരകളുടെ ഇടയിൽ ഈ എളിയ ശിഷ്യൻ ഒരു വെറും പുൽക്കൊടിയാണു്. പക്ഷെ സ്നേഹമസൃണങ്ങളായ ആ കരങ്ങളുടെ ഇളം തലോടലേറ്റു പുളകംകൊള്ളുവാനും പ്രോത്സാഹനത്തിനേറയും ഉപദേശങ്ങളുടേയും വിജ്ഞാനദോഹദങ്ങളും നേരിയ നിലയ്ക്കെങ്കിലും സ്വീകരിച്ചു് അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകളും നേടുവാനും കഴിഞ്ഞു എന്നുള്ളതിൽ ഈ പുൽക്കൊടിയ്ക്കും കൃതാർത്ഥതയ്ക്കു് അവകാശമുണ്ടല്ലോ.

ആദ്യസന്ദർശനം

1954—ലാണു് ആദ്യമായി ഞാൻ മഹാകവി വള്ളത്തോളിനെ കണ്ടതു്. അതിനു മുമ്പു്, സ്കൂൾ പഠിക്കുന്ന കാലങ്ങളിൽ അദ്ദേഹത്തിന്റെ കവനമാധുരി മുറ്റിയ വിശിഷ്ടകൃതികളുമായി ഇടപഴകുവാനേ കഴിഞ്ഞിരുന്നുള്ളു. എന്റെ നാടായ പെരിങ്ങോട്ടും വന്നിട്ടുണ്ടെന്നും അവിടെയുള്ള പൂമുള്ളി മനയ്ക്കലെ അമ്മതിരുവടി ക്ഷേത്രത്തിൽവെച്ചു് തൊഴുതുകൊണ്ടു് നിൽക്കുമ്പോഴത്തന്നെ സ്തുതിയായി ശ്ലോകങ്ങളും ഉണ്ടാക്കി ചൊല്ലിയിട്ടുണ്ടെന്നും മറ്റും ഞാൻ കേട്ടിരുന്നു. പക്ഷെ കാണാൻ കഴിഞ്ഞിരുന്നില്ല. കലാമണ്ഡലത്തിൽ ഒരു ചെണ്ട വിദ്യാർത്ഥിയായി ചേരാൻ ചെന്ന ദിവസംതന്നെ എന്റെ ആ അഭിലാഷം അദമ്യമാംവിധം എന്നെ അലട്ടിത്തുടങ്ങി. അദ്ദേഹത്തെ നേരിൽക്കണ്ടു് ഒരു വാക്കു് സംസാരിക്കണം. വള്ളത്തോൾ ഗൃഹത്തിന്റെ മുമ്പിലുള്ള പാതയിൽക്കൂടി രണ്ടു മൂന്നു വട്ടം ഞാനങ്ങോട്ടുമിങ്ങോട്ടും നടന്നു. കയറിച്ചെല്ലാൻ ധൈര്യം തോന്നിയില്ല. അദ്ദേഹത്തിനെന്തു തോന്നും? ആരാണെന്നു ചോദിച്ചാൽ എന്തു പറയും. ലോകത്തിന്റെ മുഴുവൻ സമാദരവും സമാശ്ലേഷിയ്ക്കുന്ന ആ മഹാകവിയെവിടെ, ഏതോ ഓണംകേറാമൂലയിൽനിന്നു് കയറിച്ചെല്ലുന്ന ഞാനെവിടെ. ഞാൻ മടങ്ങിപ്പോന്നു.

ഒരു സൌജന്യ വിദ്യാർത്ഥിയായി ഞാൻ കലാമണ്ഡലത്തിൽ ചേർന്നു. മിയ്ക്ക ദിവസവും ഒരഞ്ചരമണിയോടടുത്തു് അദ്ദേഹം കലാമണ്ഡലത്തിൽ വരും. പൊതുവേ എല്ലാവരേയുംപറ്റി അന്വേഷിക്കും. ഗ്രമസ്ഥനും (ക്ലർക്കു് എന്ന ഇംഗ്ലീഷ്പദം അദ്ദേഹം പറഞ്ഞുകേട്ടിട്ടേ ഇല്ല. ഗ്രമസ്ഥൻ എന്നേ പറയുമായിരുന്നുള്ളു) സൂപ്രഡെണ്ടിനും നിർദ്ദേശങ്ങളും വല്ലതും കൊടുക്കാനുണ്ടെങ്കിൽ കൊടുക്കും. അങ്ങിനെ അനുദിനം നടന്നിരുന്ന ആ സന്ദർശനവേളകളിലൊന്നും ആ മഹാപുരുഷനെ കണ്ണുനിറയെ കാണാനല്ലാതെ ബഹുമാനംകൊണ്ടും ഭയാശങ്കകൾകൊണ്ടും എനിയ്ക്കു സംസാരിക്കുവാൻ കഴിഞ്ഞില്ല.

അപ്പോഴേക്കും വള്ളത്തോൾ കുടുംബത്തിലെ എന്റെ സമപ്രായക്കാരായ ചിലരുമായി ഞാൻ പരിചയപ്പെട്ടുകഴിഞ്ഞിരുന്നു. ഒരു ദിവസം രണ്ടുംകല്പിച്ചു് ഞാൻ കയറിച്ചെന്നു. അച്ചേട്ടനും (അച്ചുതക്കുറുപ്പു്) ഗോപിയേട്ടനും (ഗോവിന്ദക്കുറുപ്പു്) പൂമുഖത്തിരിപ്പുണ്ടു്. കുടുംബപരിചയത്തിന്റേതായ ഒരു പുഞ്ചിരി എനിയ്ക്കുവർ സമ്മാനിച്ചു. വള്ളത്തോൾ ശ്രീകുമാർ (അദ്ദേഹം ഇന്നില്ല) കാണിച്ചുതന്ന വഴിയിലൂടെ ഞാൻ കോണികയറി മുകളിൽച്ചെന്നു. ചാരുകസേരക്കൈകളിൽ കാലുരണ്ടും നീട്ടിവെച്ചു്, താടിയ്ക്കും കീഴ് ച്ചുണ്ടിനുമിടയ്ക്കു് പേനയോടുകൂടിയ വലത്തുകൈ മടക്കിപ്പിടിച്ചു്, ജനവാതിലിലൂടെ വടക്കോട്ടു നോക്കി മലർന്നകിടക്കുകയാണദ്ദേഹം. മടിയിൽ ഋഗ്വേദമെന്ന മഹത്തും ബൃഹത്തുമായ

ഗ്രന്ഥതല്പജം. ഒരു നിമിഷം ഞാൻ സംശയിച്ചു കൊണ്ടുനിന്നു. സാഹിത്യമഞ്ജരികളും അനിരുദ്ധനും കൊച്ചുസീതയും കരുപ്പിടിസ്സുകയും സൃഷ്ടിച്ചെടുക്കുകയും ചെയ്ത ആ ശിരസ്സിൽ പുതുഭാവനകളുടെ പുത്തൻനാമ്പുകളും കിളർക്കുകയാകാം. ഞാനൊരു ശല്യമാകുമോ?

പെട്ടെന്നു് അദ്ദേഹം തിരിഞ്ഞുനോക്കി. ''എന്താ...'' സ്വതസ്സിദ്ധമായ തന്റെ ഘനഗംഭീരസ്വരത്തിൽ അദ്ദേഹം ചോദിച്ചു. ഞാനൊന്നു പരുങ്ങി. പിന്നെ മടിയിൽ സൂക്ഷിച്ചിരുന്ന എന്റെ ഒരു കവിത—അല്ല, കെ. കെ. രാജയുടെ ഭാഷയിൽ പറഞ്ഞാൽ, ഒരു വെറും ''വിത'' അദ്ദേഹത്തിന്റെ കൈകളിൽ ഭക്ത്യാദരങ്ങളോടെ സമർപ്പിച്ചു. ഹൃദയം വല്ലാതെ തുടിച്ചുകൊണ്ടിരുന്നു. അദ്ദേഹം അതു് സശ്രദ്ധം വായിച്ചുനോക്കി. എന്നിട്ടു മുഖത്തേയ്ക്കു നോക്കിയൊന്നു ചിരിച്ചു. ''ധാരാളം എഴുതി ശീലിയ്ക്കണം. പലതും പഠിക്കാനുണ്ടു്. ഇതു ഞാൻ നോക്കിത്തിരുത്തിത്തരാം'' എന്നു വളരെ വാത്സല്യപുരസ്സരം ഉപദേശിക്കുകയും ചെയ്തു. ഏതു തിരക്കുപിടിച്ച കാര്യത്തിന്നിടയിലും തന്നെ സമീപിക്കുന്നവരെ അദ്ദേഹം ഒരിയ്ക്കലും നിരാശരാക്കി അയയ്ക്കുമായിരുന്നില്ല എന്ന ധാരണയുടെ ഒരു പുനഃപ്രതിഷ്ഠാപനമായിരുന്നു ആ സംഭവം.

പകപ്പെഴുത്തുകാരൻ

ഈ ''അസംകൃത'' കറേശ്ശെ കയ്യിലുണ്ടെന്നറിഞ്ഞ മുതൽ അദ്ദേഹം എന്നെ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങിയെന്നു തോന്നുന്നു. വള്ളത്തോൾ കുടുംബത്തിലെ ഒരംഗമെന്നോണം ഞാനവിടെ നിത്യനായി. കലാമണ്ഡലത്തിൽ ഒഴിവുള്ളപ്പോഴെല്ലാം അവിടെ ചെല്ലുക എന്റെ ഒരു വ്രതമായി. പലപ്പോഴും പത്രങ്ങളിലേയ്ക്കും ആഴ്ചപ്പതിപ്പുകളിലേയ്ക്കും അയയ്ക്കുണ്ടുന്ന കവിതകൾ പകർത്തേണ്ട ജോലി എനിയ്ക്കായിരുന്നു. കുനുകുനുന്നനെ നീട്ടിയെഴുതിയിട്ടുള്ള ആ അക്ഷരങ്ങൾ ആദ്യമെല്ലാം അല്പം വിഷമിപ്പിച്ചു. പിന്നീടു് അവ പകർത്തിയെഴുതാൻ എന്നും എന്നെ വിളിയ്ക്കുണമേ എന്നായി പ്രാർത്ഥന. ക്ലാസ്സുകളുള്ളപ്പോഴും ചില അത്യാവശ്യസമയങ്ങളിൽ അദ്ദേഹം എന്നെ ആളയച്ചു വിളിപ്പിയ്ക്കാറുണ്ടായിരുന്നു. ആ സാഹിത്യസുധാസിന്ധുവിൽ മുങ്ങിപ്പൊങ്ങാൻ കിട്ടുന്ന ഒരവസരവും ഞാൻ പാഴാക്കിയിട്ടില്ല. ഹോ!..... അതെല്ലാം ഇങ്ങിനിവരാതവണ്ണം പോയല്ലോ.....

വിഷുക്കൈനീട്ടം

മഹാകവി വള്ളത്തോളുമായി വെറും നാലു കൊല്ലത്തെ പരിചയമേ എനിയ്ക്കുള്ളു. ആ അടുത്ത സമ്പർക്കം യുഗങ്ങളോടേതായ സ്നേഹവും വാത്സല്യവും എന്നിൽ വർഷിച്ചു. ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ, എന്നെസ്സംബന്ധിച്ചേടത്തോളം ഓർമ്മിക്കാനും രേഖപ്പെടുത്താനും സമർഹങ്ങളായ ദൈനന്ദിനസംഭവങ്ങൾ സുലഭമാണു്. അവ പറഞ്ഞാലും എഴുതിയാലും തീരാത്തവയുമാണു്. വികാരത്തിന്റെ വേലിയേറ്റത്തിൽ വാക്കുകൾ വിരളങ്ങളാകുന്നതുപോലെ ആ സംഭവങ്ങളോരോന്നും ചേർത്തെടുത്ത പകർത്താനുള്ളവെമ്പലിൽ ഈ എളിയശ്രമിക നിശ്ചലമാകുകയാണു്. എന്നെ ഇന്നും വേദനിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു നിസ്സാര സംഭവം സൂചിപ്പിച്ചു് ഞാനീ അനുസ്മരണം അവസാനിപ്പിക്കുകയാണു്.

ഞാൻ കലാമണ്ഡലത്തിൽ ചേർന്ന കൊല്ലം. വിഷുദിവസം യാദൃച്ഛികമായാണു് അദ്ദേഹത്തെ കാണാൻ ചെന്നതു്. പൂമുഖത്തുള്ള ചാരുകസേരയിൽ, കുളിച്ചു ശുദ്ധനായി, പേപ്പർ വായിച്ചുകൊണ്ടു കിടക്കുകയാണദ്ദേഹം. എന്നെ കണ്ടപ്പോഴും തന്നെ ''ങാ!... വാസൂ! അതുകൊണ്ടുവന്നു!'' എന്നു മഹാകവി പറയുന്നതുകേട്ടു. ഞാൻ വളരെ ഭവ്യതയോടെ തൂണുംചാരി കാൽക്കൽ ഭാഗത്തുനിന്നു. എന്തോ ഒന്നു് വാസേട്ടൻ അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു.

''കൈ കാണിയ്ക്കു''.

ഞാൻ രണ്ടു കയ്യും നീട്ടിക്കാണിച്ചു. ഒരു വെള്ളി ഉറുപ്പിക അദ്ദേഹം എന്റെ കൈക്കുടന്നയിലേയ്ക്കിട്ടുതന്നു. ഭക്തിപരവശനായി ഞാനതേറ്റുവാങ്ങി. പരിപൂതങ്ങളായ ആ പാദപല്ലവങ്ങളും തൊട്ടു തലയിൽ വയ്ക്കുേ, സന്തോഷഭക്തി ബഹുമാനസങ്കരമായ ഒരു വല്ലാത്ത വികാരം എന്നെ വികമ്പിതാംഗനാക്കി. അറിയാതെ കണ്ണിൽ വെള്ളം നിറഞ്ഞു. അതാരും കാണാതിരിയ്ക്കാൻ ഞാൻ ശ്രമപ്പെട്ടു. ഓർമ്മവെച്ച മുതൽ എനിക്കിങ്ങിനെ ഒരു വിഷുക്കൈനീട്ടം കിട്ടിയിട്ടില്ല. ഇത്തരം കാര്യങ്ങളിൽ വീട്ടിലാണെങ്കിൽ അനാസ്ഥയായിരുന്നു. അങ്ങിനെ ബുദ്ധിവെച്ചതുമുതൽ എനിയ്ക്കു കിട്ടാതിരുന്ന ആ അത്ഭുതപ്രാഭൃതം ആദ്യമായി, ഞാൻ ഏറ്റവും അധികംബഹുമാനിയ്ക്കുകയും പൂജിയ്ക്കുകയും ചെയ്യുന്ന മഹാകവിയുടെ കൈകൊണ്ടുതന്നെ കിട്ടിയല്ലോ എന്നുള്ള അത്യധികമായ ആഹ്ലാദവും അനല്പമായ അഭിമാനവും എന്നെ അനിയന്ത്രിതനാക്കി. കണ്ണീർ തടുത്താൽ നിൽക്കാത്ത മട്ടായി. ഞാൻ പെട്ടെന്നു് അദ്ദേഹത്തോടു് യാത്രപറഞ്ഞു പിരിഞ്ഞു. പിന്നീടു് മരണംവരെ എല്ലാ കൊല്ലവും എനിയ്ക്കാ വിഷുക്കൈനീട്ടം കിട്ടിക്കൊണ്ടിരുന്നു.

വീണ്ടും ഞാൻ അനാഥനായിത്തീർന്നിരിക്കുന്നു. 58—നുശേഷം വന്ന ഓരോ വിഷുവൽപ്പുലർകാലവും താങ്ങാനാവാത്ത ദുഃഖഭാരവുമേന്തിയാണു് എന്റെ മുമ്പിൽ വന്നതു്. ദുർബലങ്ങളായ ഈ കൈകളിലേയ്ക്കു് ശിഷ്യത്വത്തിനേറെയും പുത്രനിർവ്വിശേഷമായ വാത്സല്യത്തിനേറെയും പ്രതീകമായി പ്രവഹിച്ചുകൊണ്ടിരുന്ന എല്ലാ കൈനീട്ടങ്ങളും ഇന്നു് എനിയ്ക്കില്ലാതായിരിക്കുന്നു. എന്നെസ്സംബന്ധിച്ചേടത്തോളം അതു നികത്താൻ ഇനി ഈ ലോകത്തിൽ എനിക്കു് ആരുമില്ലതാനും.

മധുരസ്മരണകൾ:

വള്ളത്തോളിന്റെ കൂടെ

മധുരവനം സി. കൃഷ്ണക്കുറുപ്പ്
ബി. എ., എൽ. ടി.

I

ദൈവാനുഗ്രഹംകൊണ്ട മാത്രമേ മഹാപുരുഷ സംശ്രയത്തിന്ന അവസരം കിട്ടുകയുള്ളുവെന്നാണല്ലൊ ആപ്തവാക്യം; മഹാകവി വള്ളത്തോളുമായി സാമാന്യം അടുത്തിടപഴകുവാൻ സംഗതി വന്നതു് ദൈവാനുഗ്രഹവും മഹാഭാഗ്യവുമായിട്ടാണു് ഞാൻ കരുതുന്നതു്. 12–13 വയസ്സുള്ള കാലത്തു തന്നെ വള്ളത്തോളിന്റെ 'കിരാതശതകം മണിപ്രവാളം' വായിക്കാൻ എനിക്കു സൗകര്യം കിട്ടി. വള്ളത്തോളും കോഴിപ്പറമ്പിൽ നാരായണമേനോൻ എന്ന സംസ്കൃത വിദ്യാർത്ഥിയുടേതെന്നു വിവരിച്ചുകൊണ്ടു പ്രസിദ്ധം ചെയ്ത ആ കൊച്ചു പുസ്തകം മലയാള സാഹിത്യത്തിൽ ഒരു നവോത്ഥാനത്തിന്റെ നാന്ദിയാണെന്നു് ആരെങ്കിലും അന്നു കരുതിയിരുന്നുവെന്നു തോന്നുന്നില്ല. ഒന്നാംലോകയുദ്ധം വന്നു. 'കവനകൗമുദി'യിൽ നിന്നു 'മിതവാദി'യിൽ എടുത്തു ചേർത്തിരുന്ന ''ഒരു ചിത്രം'' (സാഹിത്യമഞ്ജരി 1) സാഹിത്യ നഭസ്സിൽ ഒരു പുതിയ താരത്തിന്റെ ഉദയം കുറിയ്ക്കുക തന്നെ ചെയ്തു; വായനക്കാരിൽ തുടർന്നു വായിക്കുവാനുള്ള ആഗ്രഹവും ആ യുവകവിയുടെ ഭാഷയെപ്പറ്റി ശോഭനപ്രതീക്ഷകളും ഉളവാക്കി. യുദ്ധം കഴിയുന്നതിനു മുമ്പാണു് കുന്നംകുളത്തെ അക്ഷരരത്ന പ്രകാശികാ (ഏ. ആർ. പി.) പ്രസ്സിൽ നിന്നു പരുക്കൻ കടലാസ്സിൽ, കേവലം അനാകർഷകമായ രീതിയിൽ 'സാഹിത്യമഞ്ജരി'യുടെ ഒന്നാം ഭാഗം പി. ഐ. ഇട്ടപ്പു് പ്രസിദ്ധം ചെയ്തതു്. അന്നു വാങ്ങിയ പ്രതി പല ദുരനുഭവങ്ങളിൽക്കൂടി കടന്നിട്ടും രണ്ടു വ്യാഴവട്ടത്തോളം എന്റെ സന്തതസഹചാരിയായിരുന്നു. പിന്നെ എങ്ങിനെയൊ നഷ്ടപ്പെട്ടു. 1949 ൽ ശിഷ്യന്മാരൊടൊപ്പം ചെറുതുരുത്തിയിൽ ചെന്നപ്പോഴും മഹാകവി എഴുതി ഒപ്പിട്ടു തന്ന പുതിയ പതിപ്പു് കൈയിലുണ്ടായിട്ടും, ആ നഷ്ടത്തിന്റെ ഖേദം തീരുന്നില്ല.

മഹാകവിയുടെ ഉണർന്ന മനസ്സു് സമകാല സംഭവങ്ങളുടെ ഒരൊന്നാന്തരം കണ്ണാടിയാണു്. 1916 ൽ ദാദാബായി നവറോജിയെപ്പറ്റിയും 1917 ൽ ആനിബസണ്ടിനെപ്പറ്റിയും 1920 ൽ ടിലാക്കിനെപ്പറ്റിയും എഴുതിയകവിതന്നെ 1921 ൽ ഗാന്ധിജിയെപ്പറ്റി മറക്കുവാൻ വയ്യാത്ത കവിതകളും എഴുതുകയുണ്ടായി. 1917 വാസ്തവത്തിൽ ഇന്ത്യാ ചരിത്രത്തിൽ ആനിബസണ്ടിന്റെ വഷ്മാണു്. ആസേതുഹിമാചലം ഭാരതവഷ്ത്തെ പിടിച്ചു കുലുക്കിയ 1916–1917ലെ ഹോംറൂം പ്രക്ഷോഭണവും നീലഗിരിയിലെ തടങ്കൽത്തടവും കൽക്കത്ത കോൺഗ്രസ്സിലെ അദ്ധ്യക്ഷപദവും രാഷ്ട്രീയമായി നോക്കിയാൽ ആ മഹതിയുടെ അത്യുച്ചനിലയെയാണു് കുറിയ്ക്കുന്നതു്. ആ ഒക്ടോബർ 1–ാംനു (ആനിബസണ്ടിന്റെ സപ്തതി) മഞ്ചേരി രാമകൃഷ്ണയ്യരുടെ ആവശ്യപ്രകാരം ''സനാതനധർമ്മം'' മാസികയ്ക്കുവേണ്ടി എഴുതിയതാണു്.

പൂതാനുഭാവരാം നാനാമുനിമാർക്കു
മാതാവേ, ഭാരതക്ഷോണിമാതേ,
അങ്ങേയ്ക്കൊരു ദത്തപുത്രിയാണെങ്കിലും
അങ്ങയെ, സ്വാത്മജർ പോലെതന്നെ—

എന്നു തുടങ്ങുന്ന കവിത. കുമാരനാശാൻ, ഉള്ളൂർ മുതലായ മഹാകവികളും മറ്റു ചിലരും ആനിബസണ്ടിനെപ്പറ്റി എഴുതിയ കവിതകളും ''വസന്താ'' എന്ന പേരിൽ മഞ്ചേരി രാമയ്യർ പിന്നീടു് പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്തുകയുണ്ടായി. ഏതെങ്കിലും ഒരു പ്രശസ്ത വ്യക്തിയെപ്പറ്റിയുണ്ടായ കവിതകളും ഇങ്ങിനെ സമാഹരിച്ചതു് മലയാള ഭാഷയിൽ അന്നാദ്യമായിട്ടാണെന്നു തോന്നുന്നു.

1920 ആഗസ്റ്റു് 1–ാംനു ബാലഗംഗാധരടിലാക്കിന്റെ നിര്യാണം ഒരു യുഗാവസാനത്തെ കുറിയ്ക്കുന്നു. ''അത്യാഹിത'' (സാഹിത്യമഞ്ജരി III) ത്തിലെ ഈ ഈരടികളും, 1964 ൽ പണ്ഡിറ്റു് നെഹ്രു നമ്മെ വിട്ടു പിരിഞ്ഞപ്പോഴും നാട്ടുകാരുടെ നിസ്സഹായതയെ കാണിക്കാനായി പല പത്രങ്ങളും എടുത്തു ചേർക്കുകയുണ്ടായി.

''കല്ലോലം കൊട്ടുകാറേറത്തിരമ്പിമറിയുന്നു;
കപ്പലോ കടലിന്റെ നേർനടുക്കുഴലുന്നു;
കണ്ണുധാരനിൽ മുഖ്യനിദ്രാന്തരത്തിൽത്താൻ
കണ്ണടയ്ക്കുണമെന്നോ കല്പിച്ചു ഹതവിധി!''

യു. (ഉള്ളാട്ടിൽ) ഗോപാലമേനോൻ മദിരാശിയിൽ നിന്നു നടത്തിക്കൊണ്ടിരുന്ന ''നവീന കേരളം'' വാരികയിലാണു് 1922 ൽ ''എന്റെ ഗുരുനാഥൻ'' (സാഹിത്യമഞ്ജരി IV) എന്ന കവിത ആദ്യം പ്രസിദ്ധം ചെയ്തതു്. അന്നു ഗാന്ധി

ജിയെ കാണാനോ അടുത്തു പരിചയിക്കുവാനോ മഹാകവിയ്ക്കു അവസരം ലഭിച്ചിരുന്നുവെന്നു തോന്നുന്നില്ല. അതിനിടവന്നതു 1924 ൽ സത്യാഗ്രഹം സംബന്ധിച്ചു് ഗാന്ധിജി വൈക്കത്തു വന്നപ്പോഴാണു്. ''പാപമോചനം'' (സാഹിത്യമഞ്ജരി VI) മഹാത്മജിയും മഹാകവിയും തമ്മിലുണ്ടായ സമാഗമത്തിന്റെ ഹൃദയസ്പൃക്കായ ഒരു ചിത്രണമാണു്.

> ''ഗാധിസുതന്റെ കടുംതപസ്ഥൈര്യവും,
> മൈഥിലേശന്റെ മഹാകർമ്മ യോഗവും
> ദേവവ്രതന്റെ ധർമ്മാവഹശൌര്യവും,
> ശ്രീ വിദുരന്റെ ഹിതോക്തിപടുത്വവും
> ഒത്തൊരുമിച്ചൊരു പൂരുഷാകാരമാം
> ഭദ്രതേജസ്സിൻ സമീപത്തിലെത്തി ഞാൻ.''

എന്നാണു് ഗ്രന്ഥകർത്തൃയുടെ പാരമ്യത്തിൽ കവി പാടുന്നതു്. തുടർന്നുള്ള ഈരടികളും ഈ മനോവൃത്തി എത്ര ഉൽക്കടമായിരുന്നുവെന്നു തെളിയിക്കുന്നു:—

> ''കിട്ടീലിടമെനിയ്ക്കാംത്തിക്കുമൂലമ—
> ശ്ശിഷ്യന്റെ മുന്നിൽ വടിപോലെ വീഴുവാൻ;
> തൊട്ട തലയിൽ വയ്ക്കാനേ കഴിഞ്ഞുള്ള
> പട്ടപോലുള്ളപ്പവിത്രപദതലം;
> കഷ്ടമെൻ പുണ്യപ്പുഴക്കുത്തു: കാശിയിൽ—
> ട്ടിഷ്യാ ഗമിയ്ക്കിലും മങ്ങീല ഗംഗയിൽ!''

ഇങ്ങനെ ഒരു പുതിയ പ്രബുദ്ധജനതയുടെ മനോഗതിയ്ക്കു ദർപ്പണമായും വികാരങ്ങളുടെ വക്താവായും സമുദായത്തിന്റെ മാർഗ്ഗദർശിയായും സഹൃദയന്മാരുടെ ആരാധനാമൂർത്തിയായും പരിലസിച്ചിരുന്ന മഹാകവിയെ ഒരു നോക്കു കാണുവാൻ വളരെക്കാലത്തേക്കു എനിക്കു ഭാഗ്യമുണ്ടായില്ല. വന്നേരി നിന്നു കോഴിക്കോട്ടേക്കു അന്നു അത്രയും ദൂരമുണ്ടായിരുന്നു! യു. ഗോപാലമേനോൻ, കെ. പി. കേശവമേനോൻ മുതലായ സുഹൃത്തുക്കളെ കാണാൻ അന്നു അപൂർവ്വമായേ മഹാകവി അക്കാലത്തു കോഴിക്കോട്ടു വന്നിരുന്നുള്ളൂ. 'ആത്മപോഷിണി' 'കൈരളി' 'മാതൃഭൂമി' എന്നിവയിൽ മുടങ്ങാതേ വരുന്ന കവിതകളും എല്ലാം എതിരറ്റ ആർത്തിയോടെ പാരായണം ചെയ്യുവന്നു.

II

1925 ൽ ബി. എ. പാസ്സായി പത്രപ്രവർത്തനവും സമുദായ സേവനവും നേരിയ 'രാഷ്ട്രീയ'വുമായി ഞാൻ നടക്കുന്ന കാലം. മഹാകവിയുമായി അടുക്കുവാൻ ഉത്തമമായ ഒരവസരം ലഭിച്ചു. 1927 ഏപ്രിൽ 24 — 26 തിയ്യതികളിൽ ഒന്നാമത്തെ സാഹിത്യ പരിഷത്തിൽ സംബന്ധിയ്ക്കാനായി ഇടപ്പള്ളിയിൽ ഞാനും എത്തിച്ചേർന്നു. പി. കെ. കരുണാകരമേനോന്റെ നിർബന്ധ പ്രകാരം ഒരുക്കങ്ങളിൽ സഹായിക്കുവാനായി കാലേക്കൂട്ടി തന്നെ ഞാൻ എത്തിയിരുന്നു. മഹാകവിയെ കൂട്ടിക്കൊണ്ടുവരുവാൻ ആരെയാണു് അയക്കേണ്ടതെന്നു് ആലോചനവന്നു. പോവാൻ ഞാൻ തയ്യാറാണെന്നു ഭാരവാഹികളെ അറിയിച്ചു. വടക്കു നിന്നുചെന്ന എനിക്കു മഹാകവിയെ നല്ല പരിചയമുണ്ടെന്നു അവർ കരുതിയിരിക്കണം; ആ തെറ്റിദ്ധാരണ തിരുത്താൻ ഞാൻ ശ്രമിച്ചതുമില്ല. അങ്ങിനെ കൃഷ്ണരാജാവിന്റെ കത്തോടുകൂടി 23—ാംനു- കാലത്തു ഞാൻ തൃശ്ശൂരെത്തി. കുറൂർ നമ്പൂതിരിപ്പാടിന്റെ ഭാരതീഭ്രഷണത്തിൽ പോയി ചിറ്റഴി (കുന്നംകുളത്തിനടുക്കെ മഹാകവിയുടെ ഭാര്യാഗൃഹം)യ്ക്കുള്ള വഴി ചോദിച്ചു മനസ്സിലാക്കി. ഏ. ആർ. പി. പ്രസ്സിൽ ചെന്നപ്പോഴും അവർ മണക്കുളം മുകുന്ദരാജാവിന്റെ സ്ഥലത്തേയ്ക്കു ഒരാളെ അയച്ചതുന്നു. ആ വഴി വന്നേരിയിലേയ്ക്കു നടന്നു. ഉച്ചയ്ക്കുണ്ണാനിടകിട്ടിയിരുന്നില്ല. അങ്ങിനെ മാപ്പിള (സാഹിത്യമഞ്ജരി V) ലെ പരലോക പാന്ഥനെപ്പോലെ കടയും ചെരിപ്പൊന്നുമില്ലാതെ മൂന്നു മണിയ്ക്കു ചിറ്റഴിയിലെത്തിച്ചേർന്നു. എങ്കിലും എന്റെ ഉത്സാഹത്തടം അമ്പാടിയിലെത്തിയ അക്രൂരനേറ്റതുപോലെ ആനന്ദപൂർണ്ണമായിരുന്നു. മഹാകവി പൂമുഖത്തു തന്നെ ഉണ്ടായിരുന്നു. സ്വയം പരിചയപ്പെടുത്തി കത്തു കൊടുത്തു. ഊണു കഴിഞ്ഞുവോ? എന്നായിരുന്നു ആദ്യത്തെ ചോദ്യം. ഇല്ലെന്നറിഞ്ഞപ്പോഴും, എല്ലാം കഴിഞ്ഞിരിക്കുന്നു; എങ്കിലും എന്തെങ്കിലും കാണും എന്നായി അദ്ദേഹം. ക്ഷീണം മാറാൻ ഒരു കുളികൂടിയേ കഴിയൂ എന്നായി ഞാൻ. സുഖമായി ഒരു തേച്ചു കുളിയും കഴിഞ്ഞു ഉണ്ണാനിരുന്നപ്പോഴും മണി 4 കഴിഞ്ഞിരിക്കണം. അസമയത്തു ധൃതിയിൽ ഒരുക്കിയിരുന്ന ഊണിന്റെ വട്ടം ഒരു വകയായിരുന്നുവെങ്കിലും ആ തളത്തിൽ എന്റെ അടുക്കേ തന്നെ മഹാകവി വന്നിരുന്നു് വാത്സല്യമസൃണമായ നിർബന്ധം ചെലുത്തിയതു കൊണ്ടു ആ ഭക്ഷണം അമൃതോപമമായി തോന്നി. സന്ധ്യയ്ക്കു മുമ്പുതന്നെ മഹാകവിയുടെ അനുചരന്മാരിൽ ഒരു പ്രധാനിയായിതീർന്ന മധുരവനം — ഉള്ളം കയ്യിൽ ചൂണ്ടുവിരലുകൊണ്ടെഴുതി കാര്യം ഗ്രഹിപ്പിക്കുന്നതിലും ഇംഗിതം മനസ്സിലാക്കി ഉടനടി നിർവ്വഹിയ്ക്കുന്നതിലും.—

സന്ധ്യയ്ക്കു ഞങ്ങളും കുന്നംകുളത്തേയ്ക്കു പുറപ്പെട്ടു — കൂടെ മകൻ ബാലകൃഷ്ണക്കുറുപ്പും ഉണ്ടായിരുന്നു. വഴിക്കു വച്ചു ഞാൻ സകാര്യമായി തയ്യാറാക്കിയിരുന്ന 'കവിത'—എന്റെ ഒരു വികൃതി അദ്ദേഹത്തിനെ ഏല്പിച്ചു; വീട്ടിൽ വച്ചു ആ സാഹസത്തിനു എനിക്കു ധൈര്യമുണ്ടായില്ല! അദ്ദേഹം ആ ഗോഷ്ടി പുരുട്ടി മുഖത്തെറിഞ്ഞില്ല എന്നതു തന്നെ ആ ഗുരുനാഥന്റെ ശിഷ്യവാത്സല്യത്തിനുള്ള ആഴം കാണിക്കുന്നു. ''ഗാഥയിൽ ദ്വിതീയാക്ഷരപ്രാസം വേണ്ടെന്നുവെക്കാൻ ആരാണു് അധികാരം തന്നതു്?'' എന്ന ഒരൊറ്റ വാ

ക്യത്തിൽ കഴിഞ്ഞു അഭിപ്രായപ്രകടനമെല്ലാം. ആദ്യത്തെ ബസ്സ് തെറ്റിയതു കൊണ്ട് അർദ്ധരാത്രി കഴിഞ്ഞാണ് ഞങ്ങൾ തൃശ്ശൂരിലെത്തിയതു്. ബസ്സിൽക്കയറിക്കിടന്ന ഉടനെ ഞാൻ ഉറങ്ങിയതു് (സ്വച്ഛന്ദ നിദ്ര അന്നേ എനിക്കു സ്വാധീനമാണ്) വള്ളത്തോളിന്നു വലിയ തമാശയ്ക്കു കാരണമായി. അന്നരാത്രി പുത്തേഴന്റെ വീട്ടിൽ കഴിച്ചുകൂട്ടി. പിറേന്നു കാലത്തു, (24–ാംനു) ഇടപ്പള്ളിയ്ക്കുള്ള തീവണ്ടിയാത്ര സുരണീയമായിരുന്നു. 'സാഹിത്യ പരിഷത്തു് സ്റ്റെഷൽ' എന്നു തന്നെ ഞങ്ങൾ അതിന്നു പേരിട്ടു. വള്ളത്തോളിനും പുത്തേഴനും പുറമേ അപ്പൻ തമ്പുരാൻ, കുട്ടമശ്ശേരി നാരായണപിഷാരടി, പി. എം. കുട്ടികൃഷ്ണമേനോൻ തുടങ്ങിയ ഒട്ടനേകം പരിഷദ് പ്രതിനിധികളും ആ വണ്ടിയിലുണ്ടായിരുന്നു. അവിടെ വച്ചു ഗാഥ അഞ്ചു വിധത്തിൽ ചൊല്ലുന്ന സമ്പ്രദായം മഹാകവി വിവരിച്ചതും വെവ്വേറെ ചൊല്ലി കേൾപ്പിച്ചതും ഇന്നു കഴിഞ്ഞതു പോലെ തോന്നുന്നു.

കൃഷ്ണരാജാവിന്റെ കോയിശ്ശേരി മഠത്തിലുള്ള രാജകീയമായ ആതിഥ്യവും മഹാകവി ഉള്ളൂർ, വള്ളത്തോൾ, അപ്പൻതമ്പുരാൻ, സാഹിത്യപഞ്ചാനൻ പി. കെ. നാരായണപിള്ള, പ്രൊഫ. പി. ശങ്കരൻനമ്പ്യാർ മുതലായ സാഹിത്യ നായകന്മാരുടെ സാന്നിദ്ധ്യവും എതൊരു സഹൃദയനേയും പുളകം കൊള്ളിക്കാൻ മതിയായിരുന്നു. രണ്ടാം ദിവസമായിരുന്ന ഏപ്രിൽ 25–ാംനു, വള്ളത്തോളിന്റെ അദ്ധ്യക്ഷതയിലുള്ള നാലാം സമ്മേളനം. ഒരു സഹപാഠിയെ കാണാനായി എനിയ്ക്കു പെട്ടെന്നു കൊച്ചിയിലേക്കു പോകേണ്ടിവന്നു. അതുകൊണ്ടു വള്ളത്തോളിന്റെ അദ്ധ്യക്ഷപ്രസംഗം കേൾക്കാൻ സാധിച്ചില്ല. എങ്കിലും പിറേറന്നു കാലത്തു ഞാൻ തിരിച്ചെത്തിയപ്പോഴെക്കു ആ പ്രസംഗത്തിലെ ഈ ഭാഗം എന്റെ സുഹൃത്തുക്കളുടെ ഇടയിൽ വലിയ ഒച്ചപ്പാടുണ്ടാക്കിയിരുന്നു. രോഗശയ്യയിൽ നിന്നു തന്നെ എഴുന്നേല്പിച്ചു പ്രസംഗവേദിയിലേക്ക് എത്തിച്ചതിനെപ്പറ്റി മഹാകവി ഇങ്ങിനെ പറഞ്ഞിരുന്നു.

''——മൂന്നാമതു് എന്നെ കൊണ്ടുപോരാനായി എന്റെ പാർപ്പിടത്തിൽ വന്നെത്തിയ മധുരവനം കൃഷ്ണക്കുറുപ്പ് അവർകളുടെ മാധുര്യം; അദ്ദേഹത്തിന്റെ മധുരസ്വഭാവത്തോടുകൂടിയുള്ള പെരുമാറ്റം എന്നെ ആത്ത ശയ്യയിൽ നിന്നു ഒരു വിദ്യുച്ഛക്തിപ്രയോഗത്താലെന്ന പോലെ എഴുന്നേല്പിച്ചു കളഞ്ഞു.'' പിന്നീടു് പരിഷത്തു് നടപടികളും .'സാഹിത്യപ്രഭവം'' എന്ന പേരിൽ പി. ശങ്കരൻനമ്പ്യാർ പ്രസിദ്ധം ചെയ്തപ്പോഴും, 1964 സപ്തംബറിൽ 'പ്രസംഗവേദിയിൽ'' എന്ന സമാഹാരത്തിൽ ചേർത്തപ്പോഴും ഈ പ്രസംഗം എനിക്കു പലവിധത്തിലും പ്രയോജനപ്പെട്ടിട്ടുണ്ടു്. പഴയ പല സുഹൃത്തുക്കളും മധുരവനത്തിന്റെ മാധുര്യം എന്ന പ്രയോഗം ഇന്നും കൗതുകത്തോടെ ഓർമ്മിക്കുന്നു. വള്ളത്തോളിന്റെ യഥാർത്ഥ അനുഗാമി എന്ന നിലയ്ക്കു പ്രസിദ്ധനായി തീർന്ന വൈലോപ്പിള്ളി ശ്രീധരമേനോനെ ഞാൻ 1943 ആദ്യമായി പരിചയപ്പെട്ടപ്പോഴും, 1927–ൽ വിദ്യാർത്ഥിയായിരുന്ന കാലത്തു ഇടപ്പള്ളി വച്ചു കേട്ട ഈ വാക്കുകളും പ്രത്യേകം അനുസ്മരിയ്ക്കുകയുണ്ടായി.

സാഹിത്യ പരിഷത്തിന്റെ ഒന്നാമത്തെ നിർവ്വാഹക സമിതിയെ തെരഞ്ഞെടുക്കുമ്പോഴും എന്റെ പേർ കൂടി അതിൽ ഉൾപ്പെടുത്തണമെന്നു മഹാകവി നിർദ്ദേശിക്കുകയും പുത്തേഴൻ ആയതു പിന്താങ്ങുകയും ചെയ്തു. അങ്ങിനെ പരിഷത്തിൽ സാഹിത്യകാരന്മാർക്കു മാത്രമല്ല സാഹിത്യ പ്രോത്സാഹകന്മാർക്കു കൂടി സ്ഥാനം അനുവദിക്കേണ്ടതാണെന്ന ആ രണ്ടു പ്രമുഖനായകന്മാർ തെളിയിച്ചു.

III

1928 ആയപ്പോഴും ആ ദശകത്തിന്റെ മധ്യത്തിൽ രാഷ്ട്രീയരംഗത്തിലുണ്ടായിരുന്ന മാന്ദ്യം അവസാനിച്ചു. സൈമൺ കമ്മീഷന്റെ വരവോടു് കൂടി നാട്ടിൽ ഉടനീളം ഉണ്ടായ ഉണർവ്വ് മൂർദ്ധന്യദശയിലെത്തിയതു് 1928 മേ 26–27 തീയ്യതികളിൽ പയ്യന്നൂരിൽ വെച്ചു കൂടിയ സംസ്ഥാനസമ്മേളനത്തോടു് കൂടിയാണു്. യുവഭാരതത്തിന്റെ ഉജ്ജ്വല പ്രതീകമായിരുന്ന പണ്ഡിത് ജവാഹർലാൽ നെഹ്റുവിന്റെ സാന്നിദ്ധ്യം ആ സമ്മേളനത്തിന്റെ മാറ്റു വർദ്ധിപ്പിച്ചു. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള, മന്നത്തു് പത്മനാഭൻ, മഞ്ചേരി രാമയ്യർ, യു. ഗോപാലമേനോൻ മുതലായ പ്രമുഖന്മാരെല്ലാം പയ്യന്നൂരിൽ സന്നിഹിതരായിരുന്നു. 22–ാംനുതന്നെ അതിന്നായി ഞാൻ കണ്ണൂരിലെത്തിച്ചേർന്നു. കേരള കലാമണ്ഡലം ഷോടതിയുടെ ടിക്കറ്റു വില്പനയ്ക്കായി സഞ്ചരിച്ചിരുന്ന വള്ളത്തോൾ, നാലപ്പാടൻ, മണക്കുളം മുകുന്ദരാജ എന്നിവരെ ഞാനവിടെവെച്ചു് കണ്ടുമുട്ടി. അവർ നേരെ പോയതു് കൂടാളി കെ.ടി. കുമാരൻ നമ്പ്യാരുടെ സ്ഥലത്തേയ്ക്കാണു്. ഭാരതസേവാസംഘത്തിലെ അംഗമെന്ന നിലയ്ക്കു് പ്രശസ്തനായിത്തീർന്ന വി. ആർ. നയനാരും ഞാനും കൂടി അവരെ അനുഗമിച്ചു. കലാമണ്ഡലം ടിക്കറ്റുകളും മുഴുവൻ സീലടിച്ചു കഴിഞ്ഞിരുന്നില്ല. ഞങ്ങളെല്ലാവരും കൂടി സോത്സാഹം അതിലേർപ്പെട്ടു. രണ്ടു കവികളോടുള്ള നമ്മസംഭാഷണം കൊണ്ടു സമയം പോയതു് തീരെ അറിഞ്ഞില്ല. നമ്പ്യാരുടെ ആതിഥ്യത്തിന്റെ മാധുര്യം അനുഭവിച്ചുകൊണ്ടു് അന്നരാത്രി കൂടാളി ബംഗ്ലാവിൽ കഴിച്ചുകൂട്ടി. പിറേറന്നുകാലത്തു് അഞ്ചരക്കണ്ടിയിലെ ബ്രൌൺസായ്പു് അയച്ച തന്ന കാറിൽ അവരുടെ പ്രസിദ്ധമായ ഏലത്തോട്ടം ചെന്നുകണ്ടു. ഇരിടിപ്പാലം കടന്നു കല്യാട്ടു് ചാത്തുക്കുട്ടി നമ്പ്യാരുടെ പടിയൂർ ബംഗ്ലാവിലെത്തി. അവിടേയും സൽക്കാരം അതിവിശേഷമായിരുന്നു. പക്ഷേ അവിടെ

വെച്ചു ഒരു സംഗതി എന്നെ അല്പം അസ്വസ്ഥനാക്കി. കവികളെല്ലാം ആദർശപുരുഷന്മാരാണെന്നും അവർ പ്രചരിപ്പിക്കുന്നതെല്ലാം സ്വജീവിതത്തിൽ ആചരിക്കുന്നവതന്നെയാണെന്നും എന്റെ ശുദ്ധഗതികൊണ്ടു് ഞാൻ വിശ്വസിച്ചിരുന്നു. സദാചാരത്തെക്കാളും മുൻ നില കലയ്ക്കാണെന്ന വാദം പിന്നീടാണല്ലോ വന്നതു്. പടിയൂർ ബെഞ്ചിൽ വെച്ചു് മാംസ ഭക്ഷണത്തിൽ മഹാകവി കാണിച്ച അതീവ താല്പര്യവും, അതിഭോഗിയായുള്ള പക്ഷികളെ ചുറ്റും കണ്ടപ്പോൾ, ''കേപ്ടൻ നമ്പ്യാർ തോക്കും കൊണ്ടു് ഇപ്പോൾ വന്നാൽ എത്ര നന്നായിരുന്നു!'' എന്നു പറഞ്ഞതും എന്റെ ഹൃദയത്തിൽ ഒരു കുത്തുപോലെ അനുഭവപ്പെട്ടു. കുറെമുമ്പു് ഹൃദിസ്ഥമാക്കിയിരുന്ന വള്ളത്തോൾ കവിതയിലെ ഈ ഭാഗങ്ങളും എന്റെ അന്തരംഗത്തിൽ അപ്പോൾ മാറ്റൊലിക്കൊണ്ടതു പ്രത്യേകം വേദനാജനകമായി തോന്നി.

ഭീമഘാതുകർ കഴുത്തറുക്കവേ,
രാമ, രാമ കരുണസ്വരത്തൊടും
കീഴ്ചലച്ച പിടയുന്ന കോഴിയേ
കാണ്മവക്കു കരം പൊട്ടകില്ലയോ?

''കോഴി'' (സാഹിത്യമഞ്ജരിII)

സിദ്ധാർത്ഥനെപ്പൊറ്റ ധരിത്രിതന്റെ—
യങ്കത്തിലേയ്ക്കിളി വന്ന വീഴ്കേ,
ശിരസ്സുചായും ചില പല്ലകംക്ക—
ങ്ങിറ്റിറ്റുവീണു തുഹിനോദബാഷ്പം.

* * *

കണ്ടീലയോ ദേവി, ജഗത്സവിത്രി,
നിൻപാരിലെട്ടൂർന്നയസന്നിപാതം?
പാവങ്കം തൻ പ്രാണമരുത്തുവേണം
പാപപ്രഭക്കംക്കിഹ പങ്ക വീശാൻ!''

''വെടികൊണ്ടപക്ഷി''(സാഹിത്യമഞ്ജരിIII)

തദവസരത്തിൽ ആതിഥേയൻആദിവാസികളുടെ കുട്ടികൾക്കു് മഹാകവിയുടെ കൈകൊണ്ടു സ്വെറ്ററും പുസ്തകവും മുണ്ടും മറ്റും കൊടുപ്പിച്ചതും പ്രസ്താവ്യമാണു്.

അന്നു വൈകുന്നേരം തന്നെ ഞങ്ങൾ പയ്യന്നൂരെത്തി. വള്ളത്തോളിനു് പ്രത്യേകം ഏർപ്പെട്ടുത്തിയിരുന്ന വസതിയിൽ താമസമുറപ്പിച്ചു. കലാമണ്ഡലം ടിക്കറ്റിന്നു സീലടിയ്ക്കലായിരുന്ന ഞങ്ങളുടെ വിശ്രമവും വിനോദവും. 25—ാംനു വള്ളത്തോളിന്റെ അദ്ധ്യക്ഷതയിൽ സമ്മേളനം കൂടി. മഹാകവിയുടെ ഉജ്ജ്വലമായ പ്രസംഗം ശ്രോതാക്കളെ ആവേശം കൊള്ളിച്ചു.

IV

പിന്നെ ഒന്നരണ്ടു കൊല്ലത്തേയ്ക്കു് മഹാകവിയുമായി ബന്ധപ്പെടാൻ എനിക്കു കഴിഞ്ഞില്ല. 1930—31 ആയപ്പോഴേയ്ക്കു് എന്റെ പ്രധാന പ്രവർത്തനരംഗം വിദ്യാലയവും ഗ്രന്ഥാലയവും ആണെന്നു നിശ്ചയിച്ചു കഴിഞ്ഞിരുന്നു. 1931 ആരംഭത്തിൽ വള്ളത്തോൾ കോഴിക്കോട്ടെത്തി തന്റെ ജാമാതാവിന്റെ കൂടെ താമസിക്കുന്നുണ്ടെന്നു എനിക്കു് അറിവുകിട്ടി; ഞാൻ ഉടനെ അവിടെയെത്തി. വാല്മീകീരാമായണം പഴയ പരിഭാഷ പുതിയ പതിപ്പിന്നായി തിരുത്തുകയായിരുന്നു അപ്പോൾ. മൂലത്തോടു് ആവുന്നതും അടുപ്പിക്കുവാനും പഴയതിലുള്ള വൈകല്യങ്ങളെ കഴിയുന്നതും കുറയ്ക്കുവാനും അദ്ദേഹം ചെയ്തിരുന്ന പ്രയത്നം, മഹാകവിയുടെ സാഹിത്യശില്പശാലയിലെ ആ കാഴ്ച അസൂയാർഹമായിരുന്നു. അപ്പോൾ മുഖത്തുനിഴലിച്ചുകണ്ട ഏകാഗ്രതയും, അന്തരംഗത്തിന്റെ തപസ്യയും സർഗ്ഗശക്തിയുടെ അത്ഭുതകരമായ ഒരു പ്രകടനമായിരുന്നു. പഴയതും പരിഷ്കരിച്ചതും തമ്മിലുള്ള സൂക്ഷ്മസൂക്ഷ്മമായ വ്യത്യാസങ്ങളും അദ്ദേഹം ഏതാനും ഉദാഹരണം കൊണ്ടു് വിശദമാക്കി. തുടർന്നു് എന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളെപ്പറ്റിയെല്ലാം ചോദിച്ച മനസ്സിലാക്കുകയും ചെയ്തു. കൂട്ടത്തിൽ പുതിയ വായനശാലയ്ക്കു ധനസഹായത്തിന്നായി ഒരു ഷോഡതി നടത്തുന്ന വിവരവും പ്രസ്താവിക്കാനിടയായി. തനിക്കു് വേണം അതിലൊരു ടിക്കറ്റെന്നായി അദ്ദേഹം. പക്ഷേ ആവശ്യമായ ചില്ലറ തത്സമയം അവിടെയെങ്ങും തിരഞ്ഞിട്ടും കിട്ടിയില്ല. ഈ നിസ്സാരകാര്യത്തിനു അനാവശ്യമായി ബുദ്ധിമുട്ടരുതു് എന്നു ഞാൻ തടുത്തപ്പോൾ വീറോടെ തന്ന മറുപടി ഇതായിരുന്നു:— ''മധുരവനം നല്ലൊരുകാര്യം ചെയ്യാനൊരുങ്ങുമ്പോൾ ഞാനതിൽ യഥാശക്തി സഹായിച്ചില്ലെന്നു വരാമോ?'' എന്തൊരു ശിഷ്യ വാത്സല്യം? ഇങ്ങനെ ഉള്ളിൽത്തട്ടിപറയുന്നവരായ ഹൃദയാലുക്കളെ കേരളത്തിൽ അധികം പേരെ ഞാൻ കാണുന്നില്ല. ഭൃത്യനെ പുറമേയ്ക്കയച്ച പത്തുറുപ്പിക നോട്ടു് മാറ്റി ചില്ലറ തന്ന ശേഷമേ എന്നെ പോരാനനുവദിച്ചുള്ളൂ. അങ്ങിനെ ഇളയ മകൾ മല്ലികയുടെ പേരിലും ഞാനൊരു ടിക്കറ്റ് വിറ്റു് അഭിമാനത്തോടെ മടങ്ങി. അടുത്തൊരു ദിവസം വന്നു് ഞങ്ങളുടെ നിശാപാഠശാലയിലെ കുട്ടികളെ അനുഗ്രഹിക്കണമെന്നുകൂടി പോരുമ്പോൾ ഞാൻ അപേക്ഷിക്കുകയും ചെയ്തു.

ഈ അപേക്ഷ അനുസരിച്ചു് 1931 ജനുവരി 31—ാംനു വൈകുന്നേരം മാധവൻനായരൊന്നിച്ചു് മഹാകവി മധുരവനത്തിലെത്തി. മികച്ച സാഹിത്യകാരന്മാർ പലരും വീട്ടിൽ വന്നിട്ടുണ്ടു്. എന്നാലും മഹാകവി വന്നതുപോലെയുള്ള ആഹ്ലാദവും അഭിമാനവും മറ്റൊരിക്കലും ഞങ്ങൾക്കുണ്ടായിട്ടില്ല. നാട്ടിൻപുറത്തെ ആ പഴയ തറവാടിന്റെ വിശാലമായ മുറ്റത്തു വിദ്യാർത്ഥികളൊന്നിച്ചു അദ്ദേഹം ഏതാനും സമയം കഴിച്ചുകൂട്ടി. സമ്മാനങ്ങളും മധുരപലഹാരങ്ങളും വിതരണം ചെയ്തു. അവരെ ധന്യരാക്കി. മഹാകവിയെ ഒന്നു നേരിട്ടു കാണുവാൻ വേണ്ടി അടുത്തു

നിന്നും അകലെ നിന്നും പലരും വന്നു ചേർന്നിരുന്നു. അദ്ദേഹം തന്നെ ''പാപമോചന''ത്തിൽ വിവരിച്ചതുപോലെ

''.....
പ്രത്യക്ഷനാവുകിലുണ്ടാമുഴറൊടേ—
മണ്ടിവരുന്നു, തൊഴുന്നു,- കിടാങ്ങളെ—
ക്കൊണ്ടതൊഴുവിച്ചിടുന്ന ജനോൽക്കരം''

എന്നു് ഏറെക്കുറെ വിവരിക്കാവുന്നതായിരുന്ന ആ മനോജ്ഞമായ രംഗം.

മുറ്റത്തിട്ടിരുന്ന ചാരുകസേരയിൽ ഇരുന്നു കുശലപ്രശ്നം ചെയ്തു. അല്പം വിശ്രമിച്ച ഉടനെ ആ മഹാൻ ചെയ്ത ഒരു പ്രവൃത്തി എനിക്കു എറ്റവും അഭിമാനകരമായി തോന്നി. അടുത്ത ചോദ്യം, ''അമ്മയില്ലേ ഇവിടെ?'' എന്നായിരുന്നു. എന്റെ കുടുംബാംഗങ്ങളെപ്പറ്റി വളരെക്കുറച്ചുമാത്രമേ അദ്ദേഹത്തിനു് അന്നു് നിശ്ചയമുണ്ടായിരുന്നുള്ളു. എന്നാൽ പഴയ രീതിയിൽ തറവാട്ടമ്മയെ മാനിക്കേണ്ടതാണെന്നും ആ കാരണവർക്കു നിഷ്ക്കർഷയുണ്ടായിരുന്നു. ഈശ്വരൻ തന്നെ പ്രത്യക്ഷനായാൽപ്പോലെ അത്ഭുതാദരങ്ങളോടെ കാത്തിരിക്കുകയായിരുന്ന അമ്മ. ഉണ്ടെന്ന എന്റെ മറുപടി കേട്ട ഉടനെ നാലുകെട്ടിനകത്തേയ്ക്കു് കടന്നുചെന്ന തെക്കിനിയിലെ തൂണും ചാരിനിന്ന അമ്മയെ അഭിവാദ്യം ചെയ്തു.

V

വിദ്യാലയങ്ങളും, സ്റ്റൌട്ടിങ്ങും ഗ്രന്ഥാലയപ്രസ്ഥാനവും മറ്റുമായി ഒരു വ്യാഴവട്ടത്തിലധികം എന്റെ ജീവിതത്തിൽ വീണ്ടുംകഴിഞ്ഞു. കൊല്ലം 1945 ആയി. കേരള ഗ്രന്ഥാലയസംഘത്തിന്റെ ക്ഷണന പ്രകാരം ഗ്രന്ഥാലയഭരണശാസ്ത്രത്തിൽ അന്തർദേശീയ പ്രസിദ്ധിനേടിയ ഡോ. എസ്. രങ്കനാഥൻ കൊച്ചിയിലെ രാജകീയാതിഥിയായി മദ്ധ്യ കേരളത്തിൽ സഞ്ചരിക്കുകയായിരുന്നു. ദേശമംഗലത്തു നിന്നു് മടങ്ങുന്നവഴി അത്താഴത്തിനു് ഞങ്ങടെ ചെറുതുരുത്തിയിൽ എത്തുമെന്നും മാന്യാതിഥിയെ യഥോചിതം സ്വീകരിക്കുവാൻ കനിവുണ്ടാകണമെന്നും ഞാൻ മഹാകവിയ്ക്കെഴുതിയയച്ചു. ആറരയ്ക്കുള്ള വണ്ടിക്കു് ഞങ്ങടെ കോഴിക്കോട്ടേക്കു പോരാൻ നിശ്ചയിച്ചിരുന്നതുകൊണ്ടു് അഞ്ചര മണിക്കുതന്നെ ഞങ്ങടെ മഹാകവിയുടെ വസതിയിലെത്തിച്ചേർന്നു. സമയം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി ഇലയും കൂടി വെച്ചു ഞങ്ങളെ സൽക്കരിക്കുവാൻ ഒരുങ്ങി നിൽക്കുകയായിരുന്ന വള്ളത്തോടു്. സംസ്കൃതത്തിലും തമിഴിലും നല്ല പാണ്ഡിത്യമുള്ള രങ്കനാഥനു് ഈ യാത്രയിൽ മലയാളത്തിലെ പല മികച്ച കവിതകളും ഞാൻ വായിച്ചുകൊടുക്കുകയുണ്ടായി.

''എന്റെ ഭാഷ'' എന്ന കവിത രങ്കനാഥനു വളരെ ഇഷ്ടപ്പെട്ടു.

അത്താഴം കഴിഞ്ഞ ശേഷം മഹാകവി ഞങ്ങളെ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിലേക്കു അനുഗമിച്ചു. പാലം കടക്കുമ്പോൾ രങ്കനാഥൻ പറഞ്ഞു: ''മൂന്നായി മുറിഞ്ഞുകിടക്കുന്ന കേരളത്തെ ഒന്നാക്കിത്തീർക്കുന്ന മഹാസേതുവാണു് അങ്ങു'' ന്നെന്നു്. മമ്മജ്ഞനായ രങ്കനാഥനെപ്പറ്റി മഹാകവിയ്ക്കു മതിപ്പുളവാകാൻ ഈ പ്രശംസ തീർച്ചയായും പ്രയോജനപ്പെട്ടിരിക്കണം.

VI

പല സദസ്സുകളിലും ഞങ്ങൾ ഒന്നിച്ചു എത്തിച്ചേർന്നിട്ടുണ്ടെങ്കിലും അക്കാലത്തു ശ്രീകൃഷ്ണപുരത്തു ഒരു വാർഷികത്തിൽ പോയതിന്റെ സ്മരണ ഇന്നും എന്റെ മനസ്സിൽ മങ്ങാതെ കിടക്കുന്നു. ആതിഥേയനും കൂട്ടുകാരും സദ്യവട്ടം ഒരുക്കുന്ന ബദ്ധപ്പാടിലായതുകൊണ്ടു അന്നു കുറെയധികം സമയം ഒന്നിച്ചു കഴിച്ചു കൂട്ടാൻ ഞങ്ങൾക്കിടകിട്ടി. ഇടക്കാലത്തു വിദ്വേഷ പ്രചരണംകൊണ്ടു വിമർശക പദവിയിലേക്കു് ഉയർന്നുവെന്നു സ്വയം അഭിമാനിക്കുന്ന ചിലരുടെ ചെയ്തികളെപ്പറ്റി അത്യന്തം അനുതാപത്തോടുകൂടി — പരിഭവത്തോടെയല്ല — അദ്ദേഹം ചില വസ്തുതകൾ വെളിപ്പെടുത്തുകയുണ്ടായി. വസ്തുനിഷ്ഠമായ മൂല്യനിർണ്ണയത്തിന്റെ സ്ഥാനത്തു ജാതിയും, മതവും, കക്ഷിയും, പ്രദേശവും നോക്കി കൊള്ളുകയും തള്ളുകയും എന്നതാണല്ലോ ഇന്നത്തെ ദുഷിച്ച സമ്പ്രദായം. ഈ അധഃപതനത്തിന്റെ ആരംഭം രണ്ടു ദശകം മുമ്പുതന്നെ മഹാകവികണ്ടിരുന്നു; സങ്കടപ്പെടുകയും ചെയ്തിരുന്നു.

VII

വിശ്വവിശാലമായ സ്നേഹം നിറഞ്ഞ ആ ഹൃദയത്തിലും സരസ്വതീ ക്ഷേത്രമായിരുന്ന ആ ഭവനത്തിലും ഒരു കോണിൽ ഈയുള്ളവനും ഒരു സ്ഥാനമുണ്ടായിരുന്നുവെന്ന ഓർക്കുമ്പോൾ അഭിമാനംകൊണ്ടു പുളകമുണ്ടാകുന്നു.

ജീവിതയാത്രയിൽ നമുക്കു് പുരോഗമിക്കാൻ വേണ്ട ഉത്തേജനം, ജീവിതത്തെ ഉള്ളതുപോലെ കാണാനും അറിയാനും വേണ്ട ജ്ഞാനത്തിന്റെ പ്രകാശം, സമ്പൂർണ്ണജീവിതത്തിലേയ്ക്കുള്ള മാർഗ്ഗത്തിലെ വിഘ്നങ്ങളെ തട്ടിമാറ്റുവാനുള്ള കരുത്തു് — ഇവ പ്രദാനം ചെയ്യുന്നവരും ചെയ്തവരുമാണു് യഥാർത്ഥത്തിൽ മഹാകവികൾ. ഈ മാനദണ്ഡം വച്ചുനോക്കുമ്പോൾ മഹാകവി പദത്തിനു വള്ളത്തോളിനെക്കാൾ കൂടുതൽ അർഹതയുള്ളവർ ആരെങ്കിലും ആധുനിക കേരളത്തിൽ ജനിച്ചിട്ടുണ്ടോ?

നിർമ്മാണം പൂർത്തിയായിവരുന്ന

ചിത്രസാഗറിന്റെ

★ "പരീക്ഷ" ★

കഥ, സംഭാഷണം:
ററി. എൻ. ഗോപിനാഥൻ നായർ

ഗാനങ്ങൾ, സംവിധാനം:
പി. ഭാസ്കരൻ

സംഗീതം: ബാബുരാജ്

★

താരങ്ങൾ

സത്യൻ, കെ. ആർ. വിജയാ, കവിയൂർ പൊന്നമ്മ,
കെ. പി. ഉമ്മർ, അടൂർ ഭാസി, നെല്ലിക്കോട്ട് ഭാസ്കരൻ
മുതലായവർ

CHITRASAGAR,
18, G. N. Chetty Road, MADRAS-17.

With the best compliments

of

Khivraj Motors Private Limited,

DEALERS IN:

MOTOR CARS, TRUCKS, SCOOTERS
AUTORIKSHAS AND SPARE PARTS

123, Mount Road,

MADRAS - 6.

★

Phone :
83650, 83656 to 83659

Grams:
KHIVMOTOR

With best Compliments
from

N. K. AHAMMED

TIMBER MERCHANTS

MADRAS - 4

Gram:
"BEST WOOD'

Phone: 73076, 73601, 87704 & 34865


കലാപരമായി

വസ്ത്രങ്ങൾ

തിരഞ്ഞെടുക്കാൻ

ഫേഷൻ ഫേബ്രിക്സ്

തൃശ്ശൂർ


ലിപ്ടൻ
ഹിമാലയൻ
ഗോൾഡൻ
ഡസ്റ്റ്
ടീ
തേയില
പ്പൊടികളിൽ
അതുല്യമായത്
HIMALAYAN
FINEST
GOLDEN DUST TEA
LIPTON'S
FINEST
GOLDEN DUST TEA
LGC 74 ML

FOR YOUR REQUIREMENT OF

Indoor and outdoor power and light wiring

USE

ALIND CABLES - including SOLIDAL

UNDERGROUND CABLES

of all Ranges and specifications, certified by ISI.

DISTRIBUTORS FOR KERALA:

ACHUTHAN PILLAI & Co.,

AGENCY DEPT.

POST BAG No. 504

Sreekandath Junction, Meenakshi Mandiram,

M. G. Road, ERNAKULAM-6.

★

SELLING AGENTS FOR THE DISTRICTS OF:—

Ernakulam, Trichur, Palghat, Calicut and Cannanore.

Alleppey, Kottayam, Quilon and Trivandrum.

M/s. Alwaye Agencies
Janaky Mandiram,
Thottumughom, **Alwaye**


M/s. Vergisons & Co.,
P. B. No. 111,
Trivandrum - 1.

ASP-KEC-13


FOR INDUSTRY
OR AGRICULTURE USE

Kirloskar


PRODUCTS




Motor Generator Welding Sets.
Range upto 600 Amps.



Alternators.
Range upto 160 kva.



Power Transformers.
Range upto 20000 kva, upto 132 kv.



A.C. Induction Motors.
Range upto 750 H.P.

KE

KIRLOSKAR ELECTRIC CO., LTD.
P.O. BOX NO. 1017 BANGALORE-3 INDIA

FOR ALL KINDS OF PAPERS & BOARDS

PLEASE CONTACT

M. C. SWAMINATHA CHETTIAR

Alumkadavu, ERNAKULAM-1

Phone: SHORANUR - 71

GUARANTEED TYPES IN MALAYALAM & ENGLISH

Approach

SANKAR TYPE FOUNDRY

KALLIPADAM :: SHORANUR-2.

With best Compliments
from

DRESS HALL


Market Road :: CHALAKUDY


With the best compliments from:


GREAVES COTTON & COMPANY LIMITED,


19, Second Line Beach,


MADRAS-1.






















വള്ളത്തോൾ—ഭാരതമുനി

വള്ളത്തോൾ സ്മാരകോപഹാരം
ശിലാസ്ഥാപനം ശ്രീ. കെ. പി. എസ്. മേനോൻ

ശ്രീമതി പാർവ്വതി മേനോൻ, ശ്രീ പി കുഞ്ഞിരാമൻ നായരുടെ പത്നി

ശ്രീമതി പാർവ്വതി മേനോൻ, ശ്രീ പി കുഞ്ഞിരാമൻ നായർ



കേരള സാഹിത്യഅക്കാദമി അംഗങ്ങൾ

WITH BEST WISHES FROM

SHRI V. P. MENON

CHAIRMAN:

LEELA SCOTTISH LACE PRIVATE LIMITED
FIBRE FOAM PRIVATE LIMITED
CASSAVA INDUSTRIAL PRODUCTS LIMITED

AND

C. P. KRISHNAN NAIR

LEELA SCOTTISH LACE PRIVATE LIMITED
FIBRE FOAM PRIVATE LIMITED

With Best Compliments From

STANDARD AUTOMOBILES

Main Road, CHALAKUDY.

DEALERS IN

MOTOR SPARE PARTS,
TYRES, BATTERIES
Etc.

With Best Compliments From

MOTOR HOUSE

MAIN ROAD

CHALAKUDY

DEALERS IN

BENZ, PERKINS, BEDFORD
AND
FARGO PARTS

With best wishes
from

A WELL WISHER

ERNAKULAM

With the compliments of

GETZ BROS. & CO. INC.

9, BRABOURNE ROAD,

CALCUTTA-1.

മഹാകവി വള്ളത്തോളിന്റെ മുക്തകങ്ങൾ

—എ. ബാലകൃഷ്ണവാരിയർ

സ്രഷ്ടാവിന്റെ ശില്പവൈദഗ്ധ്യം പ്രപഞ്ചത്തിലെ പരമാണുവിന്റെ ഘടനയിൽപ്പോലും ദൃശ്യമാണെന്നു് ആധുനികശാസ്ത്രം ഉൽഘോഷിക്കുന്നു. പ്രതിഭാശാലികളായ മഹാകവികളുടെ കൃതികളും പരിശോധിച്ചുനോക്കുമ്പോഴും ഈ വസ്തുത ഏറെക്കുറെ ശരിയാണെന്നു കാണാം. മഹാകവി വള്ളത്തോളിന്റെ ഏറ്റവും ചെറിയ കാവ്യരൂപത്തിലുള്ള മുക്തകങ്ങളും ഇതിനുത്തമ ദൃഷ്ടാന്തങ്ങളാണു്. അനിരുദ്ധൻ, ശിഷ്യനും മകനും, നാഗില മുതലായ പ്രസിദ്ധ ഖണ്ഡകാവ്യങ്ങളിലും സാഹിത്യമഞ്ജരികളിലെ വികാരോജ്വലമായ ഭാവഗാനങ്ങളിലും കാണുന്ന പഴുതടച്ച കലാസൃഷ്ടിക്കുള്ള സാമർത്ഥ്യം അദ്ദേഹത്തിന്റെ മുക്തകങ്ങൾക്കും അന്യാദൃശമായ സൌഭാഗ്യം നൽകിയിരിക്കുന്നു. മലയാളസാഹിത്യത്തിനു്, ഇത്രമാത്രം വൈവിദ്ധ്യവും വൈചിത്ര്യവും കലർന്ന ലളിതസുന്ദരങ്ങളായ മുക്തകങ്ങൾ അടുത്തകാലത്തു് മറ്റാരിൽനിന്നും സിദ്ധിച്ചിട്ടില്ല.

മഹാകവിയുടെ മുക്തകങ്ങളിലേക്കു് പ്രവേശിയ്ക്കുന്നതിനുമുമ്പു് സംസ്കൃതത്തിൽനിന്നു് നമ്മുടെ ഭാഷയിലേയ്ക്കു് സംക്രമിച്ച ആ കലാരൂപത്തിന്റെ സാമാന്യസ്വഭാവം ആരായേണ്ടതുണ്ടു്. ഒരാശയത്തേയോ, വികാരത്തേയോ പൂർണ്ണമായി പ്രകാശിപ്പിക്കുന്ന ഒറ്റ ശ്ലോകങ്ങൾക്കാണല്ലോ മുക്തകമെന്നു് പറയുന്നതു്. സ്വയംപൂർണ്ണതയാണ മുക്തകങ്ങളുടെ സാങ്കേതിക ലക്ഷണമെങ്കിലും ഇതരപദ്യങ്ങളുടെ സഹായമെന്നിയേ അന്വയപൂർത്തിവരുന്ന ഒറ്റ ശ്ലോകങ്ങളെല്ലാം മുക്തകങ്ങളാകണമെന്നില്ല. ശബ്ദംകൊണ്ടോ, അർത്ഥം കൊണ്ടോ, എന്തെങ്കിലും ചമൽക്കാരമോ രസികത്വമോ ഉളവാക്കാനുള്ള കഴിവാണു് വെറും നാൽക്കാലികളായ ഒറ്റശ്ലോകങ്ങളിൽനിന്നു് മുക്തകങ്ങളെ വേർതിരിക്കുന്ന മുഖ്യമായ കലാധർമ്മം. മഹാകാവ്യം ഖണ്ഡകാവ്യം മുതലായവയിൽ, ഇതര പദ്യങ്ങളുടെ സഹായം കൂടാതെ ആസ്വദിക്കാൻ കഴിയുന്ന സ്വയംപൂർണ്ണവും ചമൽക്കാരഭരിതവുമായ ശ്ലോകങ്ങളും മുക്തകവിഭാഗത്തിലുൾപ്പെടുമെന്നാണു് ആലങ്കാരികമതം. ഒരു കാവ്യശാഖയെന്ന നിലയ്ക്കു് രസപ്രകാശനമാണു് മുക്തകങ്ങളുടേയും പരമലക്ഷ്യം. നാലു പാദങ്ങളുടെ പരിമിതമായ പരിധിക്കുള്ളിൽ മഹത്തായ ഈ ആദർശത്തെ സമർത്ഥമായി സാധിക്കുന്ന മുക്തകം ആകാരംകൊണ്ടു് ഹ്രസ്വമെങ്കിലും ഉൽക്കർഷത്തിൽ ദീർഘപ്രബന്ധങ്ങളോടു് തുല്യമാണെന്നു് കലാമർമ്മജ്ഞന്മാർ അഭിപ്രായപ്പെട്ടുകാണുന്നു. അമരുകന്റെ ഒരു ശ്ലോകം നൂറു പ്രബന്ധങ്ങൾക്കു് സമമാണെന്നു് അർത്ഥം വരുന്ന സംസ്കൃതത്തിലെ ചൊല്ലു്, അതിശയോക്തിമയമാണെങ്കിലും ഇതേ ആശയത്തെയാണല്ലോ ഭംഗ്യന്തരേണ ധ്വനിപ്പിക്കുന്നതു്. വിഭാവാദികളുടെ സംയോഗത്തിൽ നിന്നു് നിഷ്പന്നമാകുന്ന വൈകാരികസത്തയെ നൂറൊന്നാവർത്തിച്ചു് ചെറിയ ചതുഷ്പദികളിൽ ഒതുക്കുമ്പോൾ അതിന്നതുല്യം മടങ്ങു് വീര്യവും മേന്മയും സിദ്ധിക്കുന്നതിൽ അത്ഭുതമില്ലല്ലോ.

ചെറുപ്പത്തിൽ സംസ്കൃതം പഠിച്ചു് സാഹിത്യരംഗത്തു വന്ന വള്ളത്തോൾ മുക്തകങ്ങൾ ആലപിച്ചുകൊണ്ടാണു്, തന്റെ കലാവിദ്യയുടെ വിദ്യാരംഭം കുറിച്ചതു്. അനാഗതശുശ്രൂഷായിരുന്ന അക്കാലത്തു് കാലേ ഉറച്ച ആസ്തിക്യബോധത്തോടുകൂടി ഇഷ്ടദേവതകളായ പാർവ്വതീപരമേശ്വരന്മാരെ സ്തുതിച്ചുകൊണ്ടെഴുതിയ 'ദശകങ്ങ'ളിലും 'പഞ്ചക'ങ്ങളിലും മറ്റും പ്രായത്തിൽക്കവിഞ്ഞ അഭ്യാസവും വാസനയും തുളുമ്പുന്ന നല്ല മുക്തകങ്ങൾ കാണാം. അന്നെഴുതിയ കിരാതശതകത്തിലെ വന്ദനശ്ലോകം തന്നെ ഇതിനുദാഹരണമാണു്.

> പൊട്ടാക്കിപ്ഫാലവട്ടത്തിരുമിഴി, ജടയെ—
> ക്കാറൊളിച്ചാരുകുന്തൽ—
> ക്കെട്ടാക്കി, ക്കേതകിപ്പൂ വതിനടെവടിവാ—
> ക്കിപ്പുറം ചന്ദ്രഖണ്ഡം,
> മട്ടൊക്കെത്തന്നെമാറിപ്പുഥയുടെ സുതനായ്—
> ക്കാട്ടിലുൾപ്പുക്കു വൈര—
> പ്പെട്ട ക്കാൽ ജന്യമിട്ടാ മഹിതകപടകാ—
> ട്ടാളനെക്കൈതൊഴുന്നേൻ.

സന്ദർഭത്തിന്നനുസരിച്ച സ്ഫോഭത്തോടൊപ്പം, കിരാതനും കിരീടിയും തമ്മിൽ നടന്ന സംഘട്ടനത്തിന്റെ പ്രതീതി വരുത്തുവാൻ സഹായിക്കുന്ന ശബ്ദാലങ്കാരദീക്ഷയിൽ കവി അന്നേ ശ്രദ്ധിച്ചിരുന്നുവെന്നു് ഈ പദ്യം തെളിയിക്കുന്നുണ്ടു്. മഹാകവിയ്ക്കു് പദ്യരചനയിൽ പിന്നീടു് കൈവന്ന അസൂലഭസിദ്ധികൾ ബാല്യകാലത്തെഴുതിയ ഇത്തരം മുക്തകങ്ങളിൽ കാണുന്നില്ലെങ്കിലും വള്ളത്തോൾക്കവിത, ഇന്നു് അലങ്കരിക്കുന്ന സമുന്നതപദവിയിലേക്കു് അടിവെച്ചുയർന്നതു്, ഏതേതു് പതനത്തെ പിന്നിട്ടാണെന്നു് കാണിപ്പാൻ, ആദ്യകാലത്തെ, ഈ പദവിന്യാസക്രമം നമ്മെ

സഹായിക്കുന്നു. അദമ്യമായ സൌന്ദര്യതൃഷ്ണയും ശൃംഗാരപക്ഷപാതവും അദ്ദേഹത്തിന്റെ കൂടെപ്പിറപ്പായിരുന്നുവെന്നതിനു് ആദ്യകാലത്തെ മുക്തകങ്ങളും സാക്ഷ്യംവഹിക്കുന്നുണ്ടു്. പത്തൊമ്പതു വയസ്സിൽ കവിയ്ക്കു് ഒരു താമരപ്പൊയ്കയെ ''കോകക്കളർമലയിളകിത്തത്തിയും'' 'താർമുഖത്തിൽ ദ്രുമരന്ദശ്രമജലമതൊലിച്ചും' 'മരുത്താൽ ക്കിതച്ചും' 'വണ്ടോം വാർകുന്തൽ ചിന്നിച്ചിതറിയും' അരയന്നപ്പടം തെല്ലുലഞ്ഞും സുരത പരിക്ലാന്തയാംകാന്ത''യായിട്ടേ കാണാൻ കഴിഞ്ഞിരുന്നുള്ള. യൌവനാരംഭത്തിലെ ചോരത്തിളപ്പിന്റെ വേലിയേറ്റത്തിൽ, സ്വാഭാവികമായും കൂതറിപ്പോകുന്ന ഈ ശൃംഗാരാഭിനിവേശമാണു്, കവിയോടൊപ്പം വളർന്നു്, വിലാസലതികയിൽ വികസിച്ചുനിൽക്കുന്ന സുകുമാരപദ്യങ്ങളെ സുരഭിലങ്ങളാക്കിയതു്. എന്തിലും കൂടുതൽ സൌന്ദര്യം കാണാനുള്ള തൃഷ്ണ, ആരംഭത്തിൽ കൃത്രിമമായ അലങ്കാരപ്പകിട്ടുകളിലൂടെയാണു് കാവ്യരംഗത്തു് പ്രത്യക്ഷപ്പെട്ടിരുന്നതെങ്കിലും പിന്നീടതു്, 'കാറുകണ്ട കർഷകനിലും', 'മുറ്റത്തെ തുളസിയിലും' വെറും 'കീറത്തലയണയിൽ'പ്പോലും കവിതകാണാനുള്ള കഴിവായി രൂപാന്തരം പ്രാപിച്ചുവെന്നു് അനന്തരകാലകൃതികൾ തെളിയിക്കുന്നുണ്ടല്ലോ. വള്ളത്തോളിന്റെ മുക്തകങ്ങൾ അതാതുകാലത്തു് ആ പ്രസ്ഥാനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യത്തോടൊപ്പം കവിയുടെ അനുക്രമമായ വളർച്ചയേയും കാണിയ്ക്കുന്നവയാണെന്നു് വ്യക്തമാക്കാനാണു് ഇത്രയും പ്രസ്താവിച്ചതു്.

മലയാളത്തിലെന്നപോലെ സംസ്കൃതത്തിലും അനായാസേന കവിതയെഴുതാനുള്ള കഴിവു് വള്ളത്തോൾ ചെറുപ്പത്തിൽത്തന്നെ ആർജ്ജിച്ചിരുന്നു. നിരന്തരാഭ്യാസംകൊണ്ടുമാത്രം നേടാവുന്ന ഒഴുക്കും, ഓജസ്സും ശ്രവണസുഖവും ബാല്യത്തിലെഴുതിയ സംസ്കൃതമുക്തകങ്ങളിൽ സുലഭമാണു്.

കല്യാണം കലയന്തു വഃകലിശൃങ്ഖൽ
കാന്താളകാന്തസംഘരൽ
കല്പദ്രുപ്രസവസ്രുവന്മധുധുരീ
കഞ്ജായമാനാംഹ്രിയഃ

കാളാംഭോദകചാഃകളിന്ദതനയാ
കല്ലോലലീലോല്ലുളൽ
കാരുണ്യാർദ്രകടാക്ഷവീക്ഷണകലാഃ
കാലാരിപുണ്യോൽക്കരഃ

ആദ്യകാലത്തെഴുതിയ ഈ ശ്ലോകം അതിനുദ്ദൃഷ്ടാന്തമാണു്. കാളിദാസാദികളുടെ കാവ്യശൈലി അനുകരിച്ചു് ആര്യഭാഷയിൽ ഇതുപോലെ അക്ലിഷ്ടസുന്ദരങ്ങളായ പദ്യങ്ങൾ നിർമ്മിക്കുന്നതിനു് വേണ്ട വൈഭവം മാത്രമല്ല, അന്നു് വള്ളത്തോളിനു് സ്വായത്തമായിരുന്നതു്. പണ്ഡിതന്മാരായ കവികൾക്കു് കഴിഞ്ഞിരുന്നതുപോലെ ശ്ലേഷം, വിരോധാഭാസം, യമകം മുതലായ അലങ്കാരപ്പകിട്ടുകൾ കൊണ്ടു് പലവിധത്തിലുള്ള അഭ്യാസവിക്രിയകൾ കാണിപ്പാനും അദ്ദേഹത്തിനു് വിഷമമുണ്ടായിരുന്നില്ല.

''നിസ്ത്രീഷ്ണാശാസമുദ്ഗീർണ്ണനിയമിപരിവൃഢൈ-
സ്സുസംപൂഹം മൃഗ്യമാണ-
ശ്ചക്രേകല്യാമഹല്യാമവികല മഹിമാ-
യൽപദാംഭോജരേണുഃ
തസ്മിന്നസ്മിന്നജസ്രംപരിലഗതുമതി-
മ്മാരുതിസ്വാന്തഭൃംഗാ
''രാമേ രാമേ'ഭി,രാമേ' രജനിചരവി 'രാ-
മേ! വ'രാമേ'സ'രാമേ''.

സമസ്യാപൂരണരൂപത്തിലുള്ള ഈ മുക്തകം ജന്മസിദ്ധമായ കവിതാവാസനയ്ക്കും പുറമേ, യത്നസിദ്ധമായ പാണ്ഡിത്യത്തിനും നല്ലൊരു നിദർശനമാണു്. അവസരം കിട്ടുമ്പോഴെല്ലാം പൂർവ്വകവീശ്വരന്മാരെ അനുകരിച്ചു് മുക്തകങ്ങളെഴുതാൻ വള്ളത്തോൾ ആദ്യകാലത്തു് മനസ്സിരുത്തിയതിച്ചിരുന്നുവത്രേ. ആ ഉദ്യമത്തിൽ പലപ്പോഴും അദ്ദേഹം വിജയശ്രീലാളിതനായിരുന്നുവെന്നു് അനുഭവസ്ഥന്മാർ അഭിപ്രായപ്പെടുകാണുന്നു. താളിയോലഗ്രന്ഥങ്ങളിലെ പഴയ ശ്ലോകങ്ങളെ അനുകരിച്ചു് എഴുതിയ,

''തണ്ടാർമാതിൻമുലക്കുമരസമിഴകും
ചാരുദോരന്തരാളേ
വണ്ടത്താന്മാർ മുരണ്ടെത്തിന മണമിളകും
വന്യമാലാഭിരാമം
കൊണ്ടാടിത്താപസന്മാരഹരനുതിരയും
സച്ചിദാനന്ദസ്വരൂപം
കണ്ടാവൂ ഞാൻ കളായദ്യുതിയൊടുപടത-
ല്ലുന്നകാന്തിപ്രവാഹം''.

എന്ന പദ്യം 'ഒരു പ്രാചീനകവി' എന്ന പേരിൽ 'രാമാനുജൻ' മാസികയിൽ പ്രത്യക്ഷപ്പെട്ടപ്പോഴും അതു് പലരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രീഭവിച്ചുവെന്നു് ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിക്കാണുന്നു. കവിയശഃപ്രാർത്ഥികളായ യുവകവികൾ കാവ്യജ്ഞശിക്ഷയഭ്യാസാദികളിലൂടെ കവനകലാമർമ്മം ഗ്രഹിച്ചു് നൈപുണ്യമാർജ്ജിക്കേണ്ടതെങ്ങിനെയെന്നു് തുറന്നുകാട്ടുന്ന ഒരു പണിപ്പുരയാണു് വള്ളത്തോളിന്റെ ആദ്യകാലമുക്തകങ്ങൾ.

കണ്ണ്രോഗം പിടിപെട്ടഴലുമ്പോഴാണു് ഉള്ളിൽത്തട്ടിയ വികാരോജ്ജ്വലങ്ങളായ മുക്തകങ്ങൾ വള്ളത്തോളിൽ നിന്നു് ഇടംപ്രഥമമായി പ്രവഹിക്കാൻ തുടങ്ങിയതു്. കാവ്യഗ്രഹണം നിറഞ്ഞുകവിയുന്ന ഭക്തിരസപ്രധാനമായ അസംഖ്യം സ്തോത്രങ്ങൾ ഇക്കാലത്തുണ്ടായവയാണു്. ദേവീസ്തുതികളാണു് അതിൽ മുന്നിട്ടുനിൽക്കുന്നതു്. മഹാകവി, സർവ്വോപരി ഒരു ശക്ത്യുപാസകനായിരുന്നുവെന്നു് ആ മുക്തകങ്ങളെല്ലാം വിളിച്ചുപറയുന്നുണ്ടു്. ഇഷ്ടദേവതയുടെ മുമ്പിൽ മനസ്സുരുകി പ്രാർത്ഥിക്കുമ്പോഴും പറയുന്നതു് പറയേണ്ട പ്രകാരത്തിൽത്തന്നെ ആകണമെന്ന നിർബന്ധം അദ്ദേഹം കൈവെടിയുന്നില്ല. ഭാവരൂപങ്ങളിലുള്ള തുല്യശ്രദ്ധ വള്ളത്തോൾക്കവിതയിൽ ആരംഭിക്കുന്നതു് ഇക്കാലത്താണെന്നു തോന്നുന്നു.

''ഏതെല്ലാമെണ്ണതേച്ചു ; ചെവിയിണയിൽമരു—
ന്നെത്രകുളിച്ചു നിറുത്തീ
കാതെല്ലാനാളുമേറു പുകയുമിഹ പെരു—
ച്ചാഴിയുള്ളോവുപോലെ !
നീതെല്ലുംദേവി ! മത്സകടമറിയുവതി—
ല്ലെന്തിതെന്നാധിയായി—
പ്പോതെല്ലുംതോല്പുമാകും പടി ത്തടിതിചട—
ച്ചുന്നിതെൻമേനി വീണ്ടും''

എന്നു് നിരലംകൃതമായ പരിദേവനങ്ങളും സമർപ്പിക്കുമ്പോഴും സന്ദർഭോചിതമായ ഭാവദീപ്തിക്കു് അനുഗുണമായ പദരചന പദ്യത്തിനാകെ എന്തെന്നില്ലാത്ത ആർദ്രത നൽകുന്നതുകാണാം. ശബ്ദാത്ഥചമൽക്കാരംകൊണ്ടു് മുന്നിനിൽക്കുന്ന സ്തുതികളിലും ഭാവത്തിനു് കോട്ടംതട്ടാതെ കവി തന്റെ നമ്മബോധംകൂടി പ്രകടിപ്പിക്കുന്നു:

''ശീലിച്ചിട്ടില്ല ഞാനാകടിലഗതി, ഭ്രജം—
ഗതമില്ലിങ്ങു, കൈവ—
ന്നീലിന്നോളം ദ്വിജിഹപതവുമിവന ജഗൽ—
പ്രാണനല്ലു ണിനമ്മേ !
ചേലിൽ തൽകാന്തമെയ്ക്കോപ്പുകളടെയിടയിൽ
കണ്ണിനാൽകേംക്കുവാനെ—
ന്നാലിപ്പോളാവതല്ലെൻ ചെകിടടവിതുടൻ
തീർത്തു നീ കാത്തിടേണം''.

ഇതിലെ കടിലഗതി, ഭ്രജംഗത്വം, ദ്വിജിഹത്വം, ജഗൽപ്രാണൻ മുതലായ ശബ്ദങ്ങളുടെ ശ്ലേഷാർത്ഥചമൽക്കാരം ''കണ്ണിനാൽകേംക്കുവാനെന്നാലിപ്പോളാവതല്ലെ'ന്ന, ഫലിതത്തിനു് മൂർച്ച കൂട്ടുന്നുണ്ടെങ്കിലും, അതു് പദ്യത്തിലെ ഭാവശില്പത്തിനു് പരുക്കേല്പിക്കുന്നില്ലെന്നല്ല മറിച്ചു് ഉൽക്കർഷമുളവാക്കുകയുമാണല്ലോ ചെയ്യുന്നതു്. വാല്മീകി രാമായണ തർജ്ജമയിൽ നിന്നു് സിദ്ധിച്ച രചനാവിഷയകമായ അഭ്യാസം, ശ്രുപഭാവങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്നതിനു് അത്യാവശ്യമായ തഴക്കവും നൈപുണ്യവും എത്രമാത്രമാണു് അദ്ദേഹത്തിനു് നൽകിയതെന്നു് ഇതുപോലെയുള്ള മുക്തകങ്ങളിൽ നിന്നും ഊഹിക്കാം. വള്ളത്തോളിന്റെ ഏറ്റവും വലിയ 'ദേവീസ്തവം' അനർഘങ്ങളായ മുക്തകങ്ങളെക്കൊണ്ടു് കോർത്തിണക്കിയ ഒരു രത്നഹാരമാണു്. മഹാകവിയുടെ ഏതാണ്ടെല്ലാ സിദ്ധികളും അതിൽ തെളിഞ്ഞുകാണാം.

''എൻനാവുച്ചത്തിലങ്ങുടയൊരു തിരുനാ—
മങ്ങും പാട്ടംപിഴയ്ക്കാ;—
തെൻനാനാദ:ഖജാലം സപദി പൊറുതിമു—
ട്ടാകയാൽ ,ചെണ്ടകൊട്ടും''.
എന്നാൽ, മായത്തിരശ്ശീലയിലിഹ മറയാ—
തെൻമനസ്സാമരങ്ങ—
ത്തിന്നാനന്ദത്തൊടാട്ടം തുടരുക, ചുടല—
ക്കൂത്തുകാരന്റെ ഭാര്യേ !

ഈ ആനന്ദനൃത്തപ്രാർത്ഥന, കൊട്ടം പാട്ടുമിണങ്ങിയ ഒരു കഥകളിയരങ്ങിന്റെ പ്രതീതിവരുത്തി, അതിന്റെ താളത്തിൽ, ആനന്ദലഹരിയിലേക്കുയർന്ന ഭക്തിഭാവത്തിന്റെ ചേതോഹരമായ ഒരു ലാസ്യപ്രദർശനംതന്നെയായിരിക്കുന്നു. ചുടലക്കൂത്തുകാരനെ വരിച്ച ദേവിക്കു് മലീമസമായ തന്റെ മനസ്സിലും നൃത്തമാടാൻ വിരോധമുണ്ടാവില്ലെന്ന ആശയത്തെ ധ്വനിപ്പിക്കുന്ന സാഭിപ്രായ വിശേഷണത്തോടുകൂടിയ സംബോധനയാകട്ടെ കവിയുടെ നമ്മബോധത്തെ വ്യഞ്ജിപ്പിച്ചു് ആ രംഗത്തിനാകെയൊരു രജതപ്രഭ ചാർത്തുകയും ചെയ്യുന്നു. മലയാള സാഹിത്യത്തിൽ കാവ്യഗ്രഹണംകൊണ്ടുയർന്നു് നിൽക്കുന്ന ഒട്ടനേകം സ്തോത്രാവലികളും അതാതു് കാലത്തായിട്ടാവിർഭവിച്ചിട്ടുണ്ടു്. ഈ ശാഖയിൽ ഒറവങ്കരരാജന്റെ കൃതികൾക്കാണു് ''ഒരന്യാദൃശതയും അഭൗമതയും'' ഉണ്ടെന്നു പറയാറുള്ളതു്. വള്ളത്തോളിന്റെ ദേവീസ്തവങ്ങളിൽ കാണുന്ന മുക്തകങ്ങളും അവയോടുതുനിലക്കും കിടപിടിക്കുന്നവയാണെന്നു് കാണിപ്പാനാണു് അദ്ദേഹത്തിന്റെ മറ്റുകൃതികളെ അപേക്ഷിച്ചു് വേണ്ടത്ര പ്രസിദ്ധിയോ പ്രചാരമോ സിദ്ധിക്കാത്ത സ്തോത്രങ്ങളിൽ നിന്നു് ഇത്രയധികം ഉദാഹരിച്ചതു്.

മഹാകവി അതാതവസരങ്ങളിൽ ഭക്തി ബഹുമാനാദരങ്ങളോടെ, കവിതാദേവിയുടെ തൃച്ചേവടികളിലർപ്പിച്ച മുക്താവലിയിൽ നിന്നു്, ഒന്നെങ്കിലും സ്പർശിക്കാതെ, കടന്നുപോകുന്നതു് സാഹസമാണു്. കാലേ വേത്രുന്നിയ ശക്ത്യുപാസന, പ്രപഞ്ചത്തിലെങ്ങും ദേവിയുടെ ദിവ്യചൈതന്യപ്രസരം തെളിഞ്ഞുകാണാനുള്ള കഴിവായി വികസിച്ച പതനത്തെയാണു് അവ കുറിക്കുന്നതു്. സത്യസൗന്ദര്യങ്ങളും ആ ചൈതന്യത്തിന്റെ രണ്ടു് ഭാവങ്ങളും മാത്രമാണെന്ന പുതിയ കാഴ്ചപ്പാടിലൂടെ, വള്ളത്തോൾക്കവിതയെ നൂതനമായ ഒരു ജീവിതവീക്ഷണത്തിലേക്കു് ഉയർത്തിയതു് ആ ദർശനമാണല്ലോ—'മാനം ചേർന്ന ഭടന്റെ മിന്നൽ ചിതറുന്ന കൈവാളിളക്കത്തിലും മാനഞ്ചും മിഴിതൻ മനോരമണനിൽചായുന്ന കൺകോണിലും, സാനന്ദം കളിയാടിടുന്ന ശിശുവിൻതുവേർപ്പണിപ്പൂങ്കവിൾ സ്ഥാനത്തും' മാത്രമല്ല, ''ചേറാണ്ടുള്ള കൃഷീവലന്റെ ചുമലിൽച്ചായും നകത്തണ്ടിലും താറാവിന്റെ നടപ്പിലും തടിയനാം പോർക്കിൻ കിടപ്പിങ്കലും'' എന്നു വേണ്ട, പ്രപഞ്ചത്തിലെങ്ങും നാനാവിധാകാരമായ് വിളയാടുന്ന ശക്തിസ്വരൂപിണിയായ കവിതയുടെ മഞ്ജുരൂപത്തെക്കണ്ടു് ആനന്ദപൂർണ്ണമായ കവിഹൃദയത്തിൽനിന്നു് സ്വമേധയാ വിനിർഗളിക്കുന്ന 'നൽസാരസ്വതം'തന്നെയാണു് കവിതയെക്കുറിച്ചദ്ദേഹമെഴുതിയ മുക്തകങ്ങളും.

''നീരത്തിൻപെരുമാറ പെരുമ്പറയടി—
ച്ചുന്നു,സരാഗോദയൻ
സൂരൻ കാഞ്ചനവീണമീട്ടി വിഹഗോൽ—
ഗീതം മുതിർക്കുന്നിതേ;
താരങ്ങിങ്ങളിനാദമന്ത്രപഠനം
ചെയ്വൂ ; തമസ്സുറുപോം—
നേരം തൽ ജേനൈകതാനമുലകം
ഹേ ശബ്ദചിത്രം പിണി !''

ശ്രവണമാത്രയിൽ പാവനമായ ദേവാലയ പരിസരത്തിന്റെ സ്മരണയുളവാക്കുന്ന സർവ്വാംഗസുന്ദരവും, ആപാദമധുരവും ആലോചനാമൃതവുമായ ഇതുപോലെയുള്ള സൂക്തങ്ങളും മഹാകവിയിൽ നിന്നു് ഭാഷാമുക്തകശാഖക്കു് സിദ്ധിച്ച അമൂല്യ സംഭാവനകളാണു്.

വള്ളത്തോളിന്റെ മുക്തകങ്ങളുടെ സർവ്വാംഗീണമായ ലാവണ്യവും മേന്മയും അദ്ദേഹത്തിന്റെ സ്തോത്രാവലികളിൽ ഒതുങ്ങുന്നവയല്ല. ''കടഞ്ഞെടുത്ത രത്നംപോലെ കമനീയ''മെന്നു് മഹാകവി ജി. ഒരിടത്തു വിശേഷിപ്പിക്കുന്ന വിലാസലതികയിലെ, കലാപരമായ ശില്പലാവണ്യം മുറ്റിത്തഴച്ചുനിൽക്കുന്ന മുക്തകങ്ങളാണു് അതിന്റെ ത്തമ മാതൃകകൾ. വെണ്മണിക്കൃതികളിൽ കാണുന്ന തെറ്റിത്തെറിച്ച കാമചാപല്യങ്ങൾ കൂടാതെ, സംസ്കൃതാലങ്കാരികന്മാർ പരിഗണിച്ചിട്ടുള്ള പലതരക്കാരായ നായികാനായകന്മാരെ ആശ്രയിച്ചുനിൽക്കുന്ന ശൃംഗാരഭാവത്തിന്റെ അവസ്ഥാന്തരങ്ങളെ നിപുണമായ സൂചനകൾകൊണ്ടു് നാടകീയമായി പ്രകാശിപ്പിക്കുന്നവയാണു് അതിലെ ഓരോ പദ്യവും. ശ്രീ എൻ. വി. അഭിപ്രായപ്പെട്ടതുപോലെ ''സ്ഫടോജ്ജ്വലമായും സാക്ഷാൽക്കാരതുല്യമായും നായിക, നായകൻ മുതലായ കഥാപാത്രങ്ങളേയും വികാരോദ്ബണമായ ഏതെങ്കിലുമൊരു ജീവിതസന്ദർഭത്തേയും ചുരുക്കം ചില വാക്കുകൾകൊണ്ടു് സഹൃദയ ഹൃദയത്തിൽ ഉയിർകൊള്ളിക്കുവാനുള്ള കഴിവാണു് മുക്തകത്തിന്റെ ജീവൻ''. ചതുഷ്പദികളായ ഒറ്റശ്ലോകങ്ങളുടെ ചുരുങ്ങിയ പരിധിയിൽ ഈ ദുഷ്കരമായ കൃത്യം സാധിക്കാൻ പ്രതിഭാശാലികൾക്കേ കഴിയൂ. വിലാസലതികയിലെ പദ്യങ്ങളിൽ മഹാകവിയതു് നിഷ്പ്രയാസം സാധിച്ചിരിക്കുന്നു. കണ്ണും കരളും കവരുന്ന ഇത്രയധികം ഭാവോജ്ജ്വലചിത്രങ്ങൾ മലയാളത്തിലെ മറ്റൊരു കാവ്യത്തിലുമില്ല. സംഭോഗശൃംഗാരത്തെ ഹൃദയംഗമമായി ചിത്രീകരിക്കുന്ന അതിലെ ആദ്യത്തെ വന്ദനശ്ലോകംതന്നെ ഇതിനു് തെളിവാണു്.

''കന്തളാവലി വിയത്പൂകവിളിൽ മിന്നിയും
കളിർമുലത്തടം
ചന്തമോടുനടമാടിയും പൃഥുനിതംബ—
മണ്ഡലമുലഞ്ഞുമേ
ചെന്തളിർത്തനുതളർന്നിടുംപടി സലീല—
മദ്രിജ നിജാന്തികേ
പന്തടിസ്സെ നിടിലാക്ഷനാർന്നപുളകം
നമുക്കരുൾക മംഗളം.''

കേൾക്കുന്ന ക്ഷണത്തിൽ നമ്മുടെ മനോമുകുരത്തിൽ പതിയുന്ന വിശ്വമോഹനമായ ഈ രംഗം മഹാകവിയുടെ ശില്പവൈദഗ്ധ്യത്തിനു് മകുടംചാർത്തുന്നതാണു്. അദ്രിജയുടെ ആകർഷകമായ അവയവങ്ങളുടെ താരുണ്യപ്പുളപ്പും അവയുടെ കാമോദ്ദീപകമായ സലീലവ്യാപാരങ്ങളുടെ വശ്യതയും അല്പംപോലും ചോർന്നു പോകാതെ, ഉചിതമായ ചുരുക്കം ശബ്ദങ്ങളിലൂടെ ഭാവുകചിത്തത്തിൽ പുളകമണിയിക്കുമാറു് പകർത്താൻ കവിക്കു കഴിഞ്ഞിരിക്കുന്നു. എന്നതന്നെയല്ല, ദ്രുതഗതിയിലുള്ള കുസുമമഞ്ജരിവൃത്തവും അതിനകമ്പടി സേവിക്കുന്ന ശബ്ദാലങ്കാരവും കളിയിലെ ഇമ്പത്തോടൊപ്പം താളക്രമത്തിലുള്ള പന്തടിയുടെ ശബ്ദംകൂടി ധ്വനിപ്പിക്കാൻ സമർത്ഥമായിട്ടുണ്ടു്. ആശയം, അലങ്കാരം, രചന, ശബ്ദം എന്നു തുടങ്ങിയ കാവ്യോപാധികളെല്ലാം അവ ഉപയോഗിക്കുന്ന സന്ദർഭത്തോടു് പൊരുത്തപ്പെട്ടിരിക്കണമെന്നു് വള്ളത്തോൾ സിദ്ധാന്തിക്കാറുണ്ടു്. 'പ്രകരണശുദ്ധി' എന്ന സാങ്കേതിക സംജ്ഞകൊണ്ടു് അദ്ദേഹം വിവക്ഷിക്കുന്ന ഈ തത്വം തന്റെ ചെറിയ മുക്തകങ്ങളിൽപ്പോലും അങ്ങേയറ്റം ദീക്ഷിക്കാൻ മഹാകവിക്കു് കഴിഞ്ഞിരിക്കുന്നു. വിപ്രലംഭശൃംഗാരത്തെ അതിന്റെ സഹജമായ ഹൃദയസ്പർശിതത്തോടുകൂടി ആലേഖനം ചെയ്തിട്ടുള്ള മറ്റൊരു സന്ദർഭം നോക്കുക.

''ക്ഷീണാപാണ്ഡുകപോലമാംമുഖവുമായ്—
ത്തന്വംഗിരത്താഴ്വര—
ത്തുണാലൊട്ടമറഞ്ഞുനിന്നു, നെടുതാം
വീർപ്പിട്ടുകൊണ്ടങ്ങനെ,
'കാണാം താമസിയാതെ,യെന്നൊരുവിധം
ബന്ധുക്കളോടോതിടും
പ്രാണാധീശനെയശ്രുപൂർണ്ണമിഴിയാൽ
നോക്കുന്ന മജ്ഞുണ്ണിയാം.''

പ്രപഞ്ചത്തെ പ്രതിഫലിപ്പിച്ചു കാണിക്കുന്ന ചെറിയൊരു മഞ്ഞിൻതുള്ളിപോലെ ഈ ചതുഷ്പദി, വികാരോൽക്കടമായ ഒരു ജീവിതസന്ദർഭത്തെ നാടകീയമായി നമുക്കനുഭവഗോചരമാക്കുന്നു. ആ സ്വാദനാവസരത്തിൽ, തുണാലൊട്ടമറഞ്ഞു്, നെടുവീർപ്പിട്ടുകൊണ്ടു് അശ്രുപൂർണ്ണമിഴിയാൽ പ്രാണാധീശനെ നോക്കിനിൽക്കുന്ന നവോഢയായ ആ നായികയും, ബന്ധുക്കളോടു് ''ഒരുവിധം''യാത്ര പറയുന്ന നായകനും എന്നുവേണ്ട, ആ രംഗംതന്നെ നമ്മുടെ മുമ്പിൽ ജീവചൈതന്യത്തോടെ ഉയർന്നു വരുന്നതുപോലെ തോന്നും. ചുരുങ്ങിയ പദങ്ങളിൽ, മുഗ്ധയായ നായികയുടെ, ലജ്ജാദികളാൽ മൂകമെങ്കിലും ഭാവഹാവാദികളാൽ വാചാലമായ വിരഹതാപം അതിന്റെ ഊഷ്മളതയോടെ പ്രകാശിപ്പിക്കാൻ കഴിഞ്ഞതാണു് കവിയുടെ ഏറ്റവും വലിയ നേട്ടം. സുപ്രസിദ്ധ ചിത്രകാരനായ രവിവർമ്മയെപ്പോലും അതിശയിക്കുന്ന സംഭോഷണസമർത്ഥമായ ഇത്തരം വാങ്മയ ചിത്രങ്ങളും ഉൾക്കൊള്ളുന്ന മുക്തകങ്ങളും വള്ളത്തോളിന്റെ ''ഒരു സന്ധ്യാപ്രണാമം'' രാവണന്റെ അന്തഃപുരഗമനം' മുതലായ ലഘുകാവ്യങ്ങളിലും കാണാം.

ഒരുകാലത്തു് നവചൈതന്യം തുളുമ്പുന്ന പ്രകൃതി ഗാനങ്ങളാലും സമുജ്ജ്വലങ്ങളായ സാമുദായികരാഷ്ട്രീയ കവിതകളാലും മലയാള സാഹിത്യത്തിൽ നവോത്ഥാനത്തിനു് നേതൃത്വം നൽകിയ കവിയാണു് വള്ളത്തോൾ. അക്കാലത്തെഴുതിയ ചില മുക്തകങ്ങളിലും മഹാകവിയുടെ പ്രകൃതി പ്രേമവും ദേശീയ പ്രബുദ്ധതയും പ്രതിബിംബിക്കുന്നുണ്ടു്. പ്രകൃതിയെ നേരിട്ടു് വസ്തുപ്രതിപാദനരീതിയിൽ വർണ്ണിക്കുന്നതിനേക്കാൾ മനുഷ്യരുടെ വികാരവിചാരങ്ങൾ അതിൽ ആരോപിച്ചു് ഭാവസമുദ്ഭാവനരൂപത്തിൽ ആവിഷ്കരിക്കുവാനാണദ്ദേഹം ഇഷ്ടപ്പെടുന്നതു്. ''മഴയത്തൊരു നടത്ത''ത്തിൽ, വർഷാകാലത്തു് കുന്നിൻ ചെരുവിൽ നിന്നു് ഒഴുകി വരുന്ന വരിവെള്ളം പച്ചപ്പാടത്തേയ്ക്കു് ഒഴുകിപ്പോകുന്ന കാഴ്ച, ദമ്പതീക്രീഡാഭേദമായി ഒരു മുക്തകത്തിലൂടെ കാണിച്ചുതരുന്നതു് നോക്കുക.

''ലീലാദേമിതെത്രചിത്ര:—മിളനെ—
ല്ലാകന്ന പച്ചപ്പട—
ത്താലാച്ഛാദിതഗാത്രിയായ വയലാ—
യീട്ടം വധൂ മൌലിയാം
ശൈലാഗ്ര്യച്ചമലിങ്കൽനിന്ന മുദലാ—
ലാപംവലിപ്പും വരി—
ച്ചാലാർന്നിട്ടൊഴുകുന്ന വർഷജലമാം
ശ്വേതാംശുകത്തെബ്ബലാൽ.''

ഇതിലെ ഉത്തരാർദ്ധത്തിൽ കാണുന്ന സുകുമാര വണ്ണകലിതമായ പദരചന, ജലമമ്മരത്തെയെന്നപോലെ, അതിൽ പ്രതിപാദിക്കുന്ന മുദലാലാപത്തേയും, വസ്ത്രം വലിക്കുമ്പോളുണ്ടാകുന്ന നേരിയ ശബ്ദത്തേയും അനുസ്മരിപ്പിക്കുന്നു. സ്വതവേ ശൃംഗാരപ്രിയനാണെങ്കിലും എങ്ങും നിറഞ്ഞുകാണുന്ന ഉദാരമായ പ്രകൃതിലാവണ്യത്തിന്റെ മദ്ധ്യത്തിൽ അദ്ദേഹം മറ്റെല്ലാം മറന്നു് ഭക്തിനിർഭരനാകാറുണ്ടു്. അത്തരം അനർഘനിമിഷങ്ങളിൽ പലതും കവി ഒന്നാന്തരം മുക്തകങ്ങളിൽ കൂടിട്ടുവെച്ചിട്ടുണ്ടു്.

''താരാപുഷ്പങ്ങളം ചിന്നിപ്പുലപരവകംതൻ
കൊഞ്ചലാൽ സ്തോത്രമോതി
സ്ഫാരാകാശച്ചെരാതിൽത്തരുണദിനകര—
പ്പൊൻവിളക്കം കൊളുത്തി
ആരാഗക്കാവിവസ്ത്രത്തൊട്ട നിയതമുഷ—
സ്സന്ധ്യയാരെപ്പിഴയ്ക്കുാ—
താരാധിസ്സുന്ന, നമ്മംക്കുണർവരുളണമ—
സ്സർവ്വലോകൈകനാഥൻ.''

മധുരോദാരമായ ഈ പദ്യം, തനിക്കു് മഹത്തായ പലതും കാണിച്ചുതന്ന പഠിപ്പിച്ച ആ ദിവ്യപ്രകൃതിയുടെ മുമ്പിൽ സ്നേഹാദരങ്ങളോടെ സമർപ്പിക്കപ്പെട്ട ഗുരുദക്ഷിണകളിലൊന്നാണു്. ഗാന്ധിജിയുടെ ഉൽബോധനങ്ങളിലൂടെ ദേശാഭിമാനിയും സമുദായസ്നേഹിയുമായിത്തീർന്ന കവി തന്റെ നാട്ടിലെ പാരതന്ത്ര്യത്തിനു് വളംവെച്ചിരുന്ന അന്ധവിശ്വാസവും അനാചാരങ്ങളും കണ്ടു് ഉള്ളഴിഞ്ഞു് ശോചിച്ചിട്ടുണ്ടു്. വർഷാകാലത്തു് സമീപത്തിലൂടെ, കുന്നുംകുഴിയുമെല്ലാം തകർത്തുകൊണ്ടു് ഒഴുകിയിരുന്ന ഭാരതപ്പുഴയുടെ കാഴ്ച കവിയുടെ ഉള്ളിൽ പെട്ടെന്നുണർത്തിവിട്ട ഒരു ചിന്ത, ദേശാഭിമാനോജ്ജ്വലമായ ഒരു മുക്തകമായി ബഹിർഗമിക്കുന്നതു കാൺക.

''നീരാളം മുകിലിൻനിറംതിരളുമെൻ
സഹ്യാചലാധീശ,നിൻ
പേരാർഗംഗ മികച്ചകുന്നുമുടയും—
പാടല്ലിപായുന്ന ഹാ!
പാര തീയൊരു ജാതി മൺചിറ ജവാൽ
തട്ടിത്തകക്കാൻ പുതു—
പ്പേരാറൊന്നൊഴുകട്ടെ നിന്നടിയിൽനി—
ന്ന;—ന്നാം ശിവം കേരളം''

ഭാഷാമുക്തകങ്ങളംക്കു് ഇതുപോലെ ദേശകാലാദികംക്കനുരൂപമായ, പുരോഗമനാത്മകങ്ങളും കാല്പനികഭാവനയുടെ കനകോജ്ജ്വലമായ പരിവേഷമണിഞ്ഞതുമായ നൂതനാശയങ്ങളം ഉംക്കൊള്ളാനുള്ള കഴിവു് ആദ്യമായിട്ടുണ്ടാക്കികൊടുത്തതു് മഹാകവി വള്ളത്തോളാണെന്ന വസ്തുത സാദരം സ്മരിക്കേണ്ടതുണ്ടു്.

മണിപ്രവാളകാലം മുതൽ വെണ്മണിയുടെ കാലംവരേക്കും നമ്മുടെ സാഹിത്യത്തിൽ ഒട്ടനേകം മുക്തകങ്ങളുണ്ടായിട്ടുണ്ടു്. ഈശ്വരസ്തോത്രങ്ങളും ശൃംഗാരപദ്യങ്ങളുമാണവയിലധികവും. അതിൽത്തന്നെ കാവ്യഗുണമുള്ളവ താരതമ്യേന കുറവാണെന്നു് പറയണം. പുനം, മഴമംഗലം, ചേലപ്പറമ്പു്, ഒറവങ്കര, പൂന്തോട്ടം എന്നു തുടങ്ങി വിരലുകംകൊണ്ടു് എണ്ണാവുന്ന ഏതാനും കവികളേ ഈ ശാഖയിൽ എന്നെന്നും സ്മരിക്കേണ്ടവരായുള്ളു. മറ്റധികം പേരും, ശ്ലേഷം വിരോധാഭാസം, യമകം, മുതലായ അലങ്കാരപ്പകിട്ടകംകൊണ്ടു് ആശയദാരിദ്ര്യത്തെ മറച്ചു് അവരവരുടെ ഭാഷാപാണ്ഡിത്യം പ്രകടിപ്പിക്കുന്നതിനും, ശ്രവണസുഖത്തെ മാത്രം ലാക്കാക്കി, സാധാരണ ചിന്താഗതികളെ, ചെവിക്കിമ്പം നൽകുന്ന പദങ്ങളം ചേർത്തു സമാസിച്ച ദീർഘസംബോധനകളാൽ വലിച്ചുനീട്ടി കാര്യമൊപ്പിക്കുന്നതിനുമാണു് ശ്രമിച്ചിരുന്നതു്. കാല്പനികയുഗത്തിന്റെ ആരംഭത്തെ കുറിക്കുന്ന മഹാകവിത്രയത്തിന്റെ കാലത്താണു് മലയാളത്തിലെ ഇതരകാവ്യശാഖകംക്കെന്നപോലെ, മുക്തകപ്രസ്ഥാനത്തിനും വലിയൊരു പരിവർത്തനം വന്നതു്. ഉദാത്തവും ഉജ്ജ്വലവുമായ ആശയങ്ങളെ ഉത്തുംഗമായ ഭാവനകൊണ്ടലങ്കരിച്ചു് ഉയർത്തിക്കാണിപ്പാനുള്ള പ്രാപ്തി ഭാഷാമുക്തകങ്ങംക്കു് കൈവന്നതും അന്നാണല്ലോ. ഇതിനു കാരണഭൂതരായ വ്യക്തികളിൽ എന്തുകൊണ്ടും അഗ്രപൂജയർഹിക്കുന്നതു് മഹാകവി വള്ളത്തോളാണു്. ഋതുവിലാസം മുതൽ ഋഗ്വേദപരിഭാഷവരെ നീണ്ടുനിന്ന, സംഭവബഹുലവും സുദീർഘവുമായ ആ സാഹിത്യജീവിതത്തിനിടയിൽ, മുക്തകപ്രസ്ഥാനത്തിലെ എല്ലാ ശാഖകളിലും അദ്ദേഹം കാവ്യഗുണം തികഞ്ഞ അസംഖ്യം കലാശില്പങ്ങം, വാർത്തെടുത്തു് കൈരളിക്കു് സമ്മാനിച്ചിട്ടുണ്ടു്. സംസ്കൃതത്തിലെ പ്രസിദ്ധ മുക്തകകർത്താവായ അമരുകനെക്കുറിച്ചു് മുമ്പിൽ സൂചിപ്പിച്ച ''അമരുകവേരേക:ശ്ലോക: പ്രബന്ധശ്ശതായതേ'' എന്ന പ്രശംസ മലയാളത്തിലെ ആധുനിക കവികളിൽ ആരെങ്കിലും അർഹിക്കുന്നുണ്ടെങ്കിൽ അതു് മറ്റാരുമല്ല.



With compliments from

CARBORUNDUM UNIVERSAL LIMITED

**(Manufacturers of Coated and Bonded Abrasives,
Super Refractories and Abrasive Grains)**

MADRAS—BOMBAY—CALCUTTA—NEW DELHI

With the best compliments of


ADDISON & CO., LTD.,
MADRAS-2.

Manufacturers of:-

ENGINEERS' CUTTING TOOLS
MACHINE TOOLS
GREY IRON CASTINGS


திரைப்பட ரசிகர்களை
மகிழ்விக்கும்
வெற்றிச் சின்னம்
EM.GE.E.YAR
PICTURES PVT. LTD.
எம்ஜியார் பிக்சர்ஸ்
பிரைவேட் லிமிடெட்,
சென்னை-14.
BAKTHA

With the compliments
of



COATS

the thread makers

Threads for Industry

tailors

and the housewife

J. & P. COATS (INDIA) PRIVATE LIMITED
BOMBAY • CALCUTTA • GAUHATI • DELHI • MADRAS • KORATTI (Kerala)


THE KERALA STATE HANDICRAFTS APEX CO-OPERATIVE SOCIETY LIMITED, ERNAKULAM—6.

Visit Our Emporia

1. Swaraj Round (West) Trichur. Phone: 865
2. Durbar Hall Road, Ernakulam. Phone: 3063

For

All kinds of Handicrafts goods, Such as Wood, Ivory, Horn Carvings, Kerala Kathakali Carvings, Fancy Bell Metal products, Superfine Kora grass mats and Screwpine articles, Jewellery articles, Cane, Bamboo goods, Handloom goods, Coir goods, etc., etc.




For Best Blocks

LINE, HALFTONE, COLOUR

CONTACT

Elegant PROCESS



Founder: M. Subramanian

27, Peters Road, MADRAS - 14

Phone: 87288

വള്ളത്തോളിന്റെ കൂടെ – മദിരാശിയിൽ

എ. മാധവൻ

ഞാൻ കോഴിക്കോട്ടുനിന്നു് മദിരാശിക്കു് പോയതു് 1951 ലാണു്. മദിരാശിഹൈക്കോടതിയിൽ പ്രാക്ടീസു് ചെയ്യണമെന്നായിരുന്ന മോഹം. കോഴിക്കോട്ടു് പ്രാക്ടീസു് ചെയ്തിരുന്ന കാലത്തു് മഹാകവി വള്ളത്തോളിനെ ഇടയ്ക്കിടയ്ക്കു് ചെറുതുരുത്തിയിൽ പോയി കാണാറുണ്ടു്; അതിനു് സൗകര്യവുമുണ്ടായിരുന്നു. മഹാകവിയുമായുള്ള സമ്പർക്കം മുറിയാതെ നിലനിർത്തിക്കൊണ്ടുവരണമെന്നുള്ള ആഗ്രഹംകൊണ്ടു് തരംകിട്ടുമ്പോഴെല്ലാം ഞാൻ ചെറുതുരുത്തിയിൽപോകും. അദ്ദേഹവുമായി അതിനുമുമ്പു് പത്തുപതിനാറുകൊല്ലക്കാലം അടുത്തു പരിചയിച്ചിട്ടുണ്ടെങ്കിലും, സ്വസ്ഥമായി ഇരുന്നു സംഭാഷണം ചെയ്യുകയും പല കാര്യങ്ങളെക്കുറിച്ചും അഭിപ്രായം അറിയുകയും ചെയ്തിട്ടുള്ളതു് ആ കാലത്താണു്. മദിരാശിക്കു പോകാൻ തീരുമാനിച്ചപ്പോഴും ഇങ്ങിനെയുള്ള സന്ദർശനങ്ങളും കുറയുമെന്നും അതു് സാരമായ ഒരു നഷ്ടമാണെന്നും എനിക്കറിയാമായിരുന്നു.

1951 ആഗസ്റ്റു് മുതൽ 1959 അവസാനംവരെ ഞാൻ മദിരാശിയിൽ പ്രാക്ടീസു് ചെയ്തു. ഈ കാലഘട്ടത്തിൽ മഹാകവി പലതവണ മദിരാശി സന്ദർശിക്കുകയും ഞാൻ പലതവണ നാട്ടിലേയ്ക്കു് വരുകയും ചെയ്തതുകൊണ്ടു അദ്ദേഹത്തെ, ഞാൻ നാട്ടിൽ താമസിച്ചിരുന്ന കാലത്തു് കണ്ടിരുന്നപോലെത്തന്നെ കാണുവാനും അദ്ദേഹത്തോടു് സംഭാഷണം ചെയ്തു രസിക്കുവാനും കഴിഞ്ഞു എന്നുള്ളതു ചരിതാർത്ഥതയോടെ ഇവിടെ രേഖപ്പെടുത്തുവാൻ എനിക്കു് സന്തോഷമുണ്ടു്.

മഹാകവിയെ കാണുവാൻ ഒരിയ്ക്കൽ മദിരാശിയിൽനിന്നു് ഞാനും ഒരു സുഹൃത്തുംകൂടി ചെറുതുരുത്തിയിൽ വന്നു. ഒരാവശ്യമുണ്ടായിരുന്ന ആ സുഹൃത്തിനു്. അതു് നിറവേറ്റി ഞാൻ പിറ്റന്നാൾ മദിരാശിയ്ക്കുതന്നെ മടങ്ങി. അതു് കഴിഞ്ഞു് രണ്ടാഴ്ചയ്ക്കുള്ളിൽ ഞാൻ വീണ്ടും നാട്ടിൽ വന്നു; ജോലിത്തിരക്കുണ്ടായിരുന്നതുകൊണ്ടു് ആ സന്ദർശനവേളയിൽ അദ്ദേഹത്തെ കാണുവാൻ കഴിഞ്ഞില്ല. ഞാൻ വന്നിട്ടുണ്ടെന്നുള്ള വിവരം അദ്ദേഹത്തെ ആരോ പറഞ്ഞു ധരിപ്പിക്കുകയും ചെയ്തു.

ഏറെത്താമസിയാതെ അദ്ദേഹം മദിരാശിയിൽ വരുകയുണ്ടായി. അപ്പോഴും അദ്ദേഹത്തെ സ്വീകരിക്കുവാൻ ഞാൻ സെൻട്രൽ സ്റ്റേഷനിൽ ചെന്നിരുന്നു. എന്നെ കണ്ട ഉടനെ, ''നാട്ടിൽ വന്നിരുന്നു, ഇല്യേ?'' എന്നദ്ദേഹം ചോദിച്ചു.

''ഉവ്വ്'' എന്നു് ഞാൻ കുറച്ചൊരു അപരാധബോധത്തോടെ മറുപടി പറഞ്ഞു.

''എന്തെ അങ്ങോട്ടു് വരാഞ്ഞത്?'' എന്നായി അദ്ദേഹം.

''കുറച്ചു ദിവസങ്ങൾക്കുമുമ്പല്ലേ ഞാനവിടെ വന്നു കണ്ടുപോന്നത്?'' എന്നു് ഞാൻ ഒരു യുക്തിപറഞ്ഞുനോക്കി.

''ഒരിക്കൽകൂടി വന്നാൽ അധികമാവോ?'' എന്നദ്ദേഹം കുറച്ചുരുത്തുകൊണ്ടു ചോദിച്ചപ്പോൾ അദ്ദേഹത്തിനു് എന്റെ പേരിലുള്ള വാത്സല്യം എന്റെ കാതിനെ കുളിർപ്പിച്ചതു ഞാൻ ഇപ്പോഴും ഓർക്കുന്നു.

അന്നു് ട്രഗേദം അച്ചടിപ്പിക്കുന്ന ജോലി ആരംഭിച്ചു കഴിഞ്ഞിരുന്നു. രണ്ടാംവാല്യം അച്ചടിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ നാട്ടിൽ വന്നു. വള്ളത്തോൾ ചോദിച്ചു. ''മദിരാശിയിൽ ട്രഗേദം എത്ര സെറ്റു് വിൽക്കാൻ കഴിയും?''

''മുപ്പതുമുപ്പത്തഞ്ചുസെറ്റുവിൽക്കാൻ കഴിയും'' എന്നു് ഞാൻ മറുപടിയും പറഞ്ഞു. രണ്ടാം വാല്യം അച്ചടിച്ച ബയിൻറു ചെയ്തുകഴിഞ്ഞതോടെ അദ്ദേഹം മദിരാശിയിൽ വരുകയുണ്ടായി; മുപ്പത്തഞ്ചുസെറ്റു് ട്രഗേദപുസ്തകവും കൂടെയുണ്ടു്, കൂടാതെ, അദ്ദേഹം പേരെഴുതി ഒപ്പിട്ട എനിക്കു് പാരിതോഷികമായിത്തന്ന രണ്ടു് പുസ്തകങ്ങളും. അന്നുരാവിലെ എന്നെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. ''മുപ്പത്തഞ്ചുസെറ്റു പുസ്തകങ്ങളും കൊണ്ടുവന്നിട്ടുണ്ടു്, വേഗം വിറ്റു് പണമാക്കണം.''

അന്നു വൈകുന്നേരം മുതൽ ഞാൻ അദ്ദേഹമൊന്നിച്ചു്, അദ്ദേഹത്തിന്റെ തൃതീയപുത്രൻ ഗോപിയേയും കൂട്ടി മദിരാശിയിലെ പല പ്രമാണികളേയും സന്ദർശിക്കാൻ തുടങ്ങി. അദ്ദിനങ്ങളിൽ ഞങ്ങൾക്കു് രസകരങ്ങളായ പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ടു്. പല പ്രമാണികളെക്കുറിച്ചും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കേൾക്കാൻ അന്നാണിടയായതു്. അതുപോലെതന്നെ പലരെക്കുറിച്ചും അതിനുമുമ്പുണ്ടായിരുന്ന അഭിപ്രായങ്ങൾ തിരുത്താനും. ഒരുദാഹരണം പറയാം. ഞങ്ങൾ ഒരു ഭേദപ്പെട്ട ഗവൺമെണ്ടുദ്യോഗസ്ഥനെ സന്ദർശിക്കാൻ തീർച്ചയാക്കി. അപ്പോൾ ചില സുഹൃത്തുക്കൾ പറഞ്ഞു. ''കാര്യമൊന്നുമുണ്ടാകുമെന്നതോന്നുന്നില്ല. ആൾ കുറെ പിശുക്കനാണു്, ഈ വകകാര്യങ്ങളിൽ താല്പര്യവുമില്ല.'' ഞങ്ങൾ ഈ അഭിപ്രായം വകവയ്ക്കാതെ ആ ഉദ്യോഗ

സ്ഥന്റെ വീട്ടിൽചെന്നു. ഭ്രഗ്വേദം ആദ്യത്തെ ര
ണ്ടു വാല്യത്തിനു് ഇരുപത്താറുറുപ്പികയാണു് വില.
ആ ഉദ്യോഗസ്ഥൻ ചോദിച്ചു: ''ഇനി എത്ര വാ
ല്യങ്ങളം ഉണ്ടാകും? മൊത്തം എന്തു വിലവരും?''
അമ്പത്തി നാലുറുപ്പിക വിലവരും, നാലു വാല്യ
ങ്ങളുണ്ടാകും ആകെ,'' എന്നു് മറുപടി കിട്ടിയ
ഉടനെ യാതൊരു മടിയും കൂടാതെ അദ്ദേഹം അമ്പ
ത്തിനാലുറുപ്പികക്കു് ഒരു ചെക്കെഴുതിത്തന്നു്,
''ബാക്കി വാല്യങ്ങളം തയ്യാറാകുമ്പോളം എത്തി
ച്ചു തന്നാൽ മതി'' എന്നു പറഞ്ഞു. ഇതു് തീരെ
അപ്രതീക്ഷിതമായിരുന്നു. ഞങ്ങളോടു് ആദ്യം
ഉപദേശിച്ച സുഹൃത്തുക്കളോടു് ഞങ്ങളം പറഞ്ഞു.
''ആളകളെ വിലയിരുത്തുമ്പോളം സൂക്ഷിക്കണം''
എന്നു്.

ഈ പുസ്തകവില്പനയിടയ്ക്കു് ഒരു ദിവസം ഞാ
നും എന്റെ ചില സുഹൃത്തുക്കളും കൂടി എന്റെ
വീട്ടിൽ ശീട്ടകളിച്ചുകൊണ്ടിരിക്കുകയായിരുന്നു,
അന്നുച്ചതിരിഞ്ഞു് കോടതിയുണ്ടായിരുന്നില്ല. അ
തുകൊണ്ടു്, എന്റെ ചില സുഹൃത്തുക്കളം ആപ്പീ
സിൽനിന്നു് എന്റെ ഒരുമിച്ചു് വീട്ടിൽ വരുക
യും ശീട്ടകളിയ്ക്കണമെന്നു് അഭിപ്രായപ്പെടുകയും
ചെയ്തതനുസരിച്ചാണു് അന്നു് കളിക്കാനിടയായ
തു്. വൈകുന്നേരം അഞ്ചു മണികഴിഞ്ഞു. ഞങ്ങ
ളുടെ കളി രസംപിടിച്ചവരുകയാണു്. എന്റെ
വീടിന്റെ പടിയ്ക്കലുണ്ടു് ഒരു കാറുവന്നു നിൽക്കു
ന്നു. അതു തുറന്നു് പുറത്തിറങ്ങിയതോ? മഹാക
വി വള്ളത്തോളം. അദ്ദേഹം വീട്ടിലേയ്ക്കു് കയറി
വന്നു. ''ജോലിയുള്ളപ്പോളം ശീട്ടകളിച്ചുകൊണ്ടി
രിക്കുകയാണു്, അല്ലേ? കാര്യംകഴിഞ്ഞിട്ടു കളി;
വേഗം പുറപ്പെട്ടു;'' എന്നു പറഞ്ഞു. ഞാൻ പുറ
ത്തേയ്ക്കിറങ്ങാൻ തയ്യാറാവുന്നതിനിടയിൽ എ
ന്റെ സുഹൃത്തുക്കളെ അദ്ദേഹത്തിനു് പരിചയപ്പെ
ത്തിക്കൊടുത്തു. കാറിൽ കയറി ചില സ്ഥല
ങ്ങളം സന്ദർശിച്ചു് ഭ്രഗ്വേദത്തിന്റെ കുറെ പ്ര
തികളം വിറ്റു.

മൂന്നുനാലുദിവസം വേണ്ടി വന്ന ഈ മുപ്പത്ത
ഞ്ചു സെറ്റും വിറ്റഴിയ്ക്കുവാൻ. അതിൽ ഒരുദിവ
സം അദ്ദേഹം എന്നോടു് ചോദിച്ചു: ''ഞാൻ വര
ണോ? നിങ്ങളം രണ്ടാളുംകൂടി പോയാൽപ്പോ
രേ?''

ഞാൻ പറഞ്ഞു: ''വരണ്ട. പുസ്തകം വിൽക്കു
കയുമില്ല.'' ഭ്രഗ്വേദം വാങ്ങി വായിക്കാനുള്ള
വെമ്പൽ കൊണ്ടോ, ഞങ്ങളം ചെല്ലുന്നതിലുള്ള
കൃതജ്ഞതകൊണ്ടോ അല്ല ഭ്രഗ്വേദം വിറ്റഴി
ഞ്ഞിരുന്നതു്. മഹാകവി വള്ളത്തോളം നേരിട്ട
ചെന്നാവശ്യപ്പെട്ടാൽ ഭ്രഗ്വേദം വേണ്ട എന്നു പറ
യാൻ ആളകളം അശക്തരായിരുന്നു.

അങ്ങിനെ

''അഷ്ടിനേതീർന്നു പതിന്നാലുയോജന
തീർന്നിതിരുപതു യോജന പിറന്നാളം
മൂന്നാംദിനമിരുപത്തൊന്നുയോജന
നാലാംദിനമിരുപത്തിരണ്ടായിതു
പോലെയിരുപത്തിമൂന്നുമഞ്ചാംദിനം
അഞ്ചുനാളംകൊണ്ടു ശതയോജനായത

തീർന്നോരനന്തരം ഭ്രഗ്വേദത്തിന്റെ
സെറുകളംകൂടി വാങ്ങുവാൻ ആളകളം ഉണ്ടാ
ന്നു. ചെറുതുരുത്തിയിൽനിന്നു് പത്തുസെ
ഉടനെ വരുത്തി മദിരാശിയിൽ വിറ്റുതീ

ഈ പുസ്തകവില്പനയെപ്പറ്റി എടുത്തു പ
തു് മഹാകവിയുടെ ഒരു സ്വഭാവവിശേ
വ്യക്തമാക്കാൻ മാത്രമാണു്. അദ്ദേഹം
ട്ടിൽനിന്നു് ഒരു പൈപോലും സ്വീകരിച്ചി
കുടുംബഭാഗം കഴിഞ്ഞപ്പോളം അദ്ദേഹത്തിന
ട്ടിയ സ്വത്തു് രണ്ടായി വിഭജിച്ചു് മരുമക
രണ്ടു് പെൺകുട്ടികളംക്കു് കൊടുക്കുകയാണു
തു്.

ചെറുപ്പം മുതൽക്കേ സാഹിത്യ പ്രവർ
കൊണ്ടു് തന്റെ ജീവിതസൗകര്യങ്ങളംക്കു
ക അദ്ദേഹം സമ്പാദിച്ചുപോന്നു. സാഹി
വർത്തനം ഒരു തൊഴിലാക്കി അംഗീകരിച്ച
ദ്ദേഹം തന്റെ പുസ്തകങ്ങളം വിറ്റഴിക്കുന്ന
മനസ്സുവച്ചു തുടങ്ങിയതു് കുറച്ചു വൈകിയിട്ടാ
വള്ളത്തോളം ഗ്രന്ഥാലയം ആരംഭിച്ചതു് 19
മാത്രമാണു്. അതിനുശേഷം തന്റെ പുസ്തക
വിറ്റു് ആവശ്യത്തിനുള്ള പണം സമ്പാദി
യെന്നതു് അദ്ദേഹത്തിന്റെ ലക്ഷ്യങ്ങളിൽ
യിത്തീർന്നു. വാല്മീകിരാമായണവും നാ
ടന്റെ പാവങ്ങളം ഇതിനു് മുമ്പുതന്നെ അ
വളരെ ആളകളെക്കൊണ്ടു വാങ്ങിപ്പിച്ചിട്ടും
ള്ള വസ്തുത വിസ്മരിച്ചുകൊണ്ടല്ല ഞാനിതെഴ
തു്. പുസ്തകവില്പന സംഘടിതമായ ഒരു
ത്തിൽ നടത്തുന്നതിൽ അദ്ദേഹം നിർബന്ധ
ഡിയോടുകൂടി പ്രവർത്തിച്ചു തുടങ്ങിയതു്
വൈകിയിട്ടാണെന്നുമാത്രം. പക്ഷെ, അതാരം
കഴിഞ്ഞപ്പോളം അദ്ദേഹം അതിൽ അത്രയും ശ്ര
ക്കാന്തിവെച്ചതന്നെ പ്രവർത്തിച്ചവരുകയുംചെ
എന്തെങ്കിലും ചെയ്യണമെന്നു തീർച്ചപ്പെടുത്ത
ൽ, അതു് ചെയ്യ തീക്കാൻ അക്ഷീണമായി
ശ്രമിയ്ക്കുകയെന്നതു് അദ്ദേഹത്തിന്റെ ഒരു സ
വവിശേഷമായിരുന്നു. ഭ്രഗ്വേദം തന്റെ എഴുപ
ഞ്ചാം കാലത്തു് തർജ്ജമചെയ്യാനെടുത്തപ്പോ
കിട്ടിയ ആ ദൃഢനിശ്ചയവും, സ്ഥിരോത്സാഹ
ഏറ്റവും നിസ്സാരമായ കാര്യങ്ങളിൽപോലും
ദ്ദേഹം കാണിയ്ക്കാറുണ്ടു്.

കലാമണ്ഡലത്തിലേയ്ക്കു് കുറച്ചു വിദ്യാർ
കളെ ഇന്ത്യാഗവമെണ്ടു് സ്കോളർഷിപ്പിനേ
പഠിയ്ക്കാനയയ്ക്കാൻ തീച്ചപ്പെടുത്തിയിരുന്നു. അ
രെ തെരഞ്ഞെടുക്കാൻ മഹാകവി വള്ളത്തോ
നേയും ഗുരു കുഞ്ചുക്കുറുപ്പിനേയും ഒരു കമ്മി
യായി നിശ്ചയിക്കുകയും ചെയ്തിരുന്നു. ഞ

നാട്ടിൽ വന്ന അവസരത്തിൽ വള്ളത്തോൾ ചോദിച്ചു: ''എവിടെവെച്ചാണു് തെരഞ്ഞെടുപ്പു് നടത്തേണ്ടതു്;'' എന്നു്. ''എന്റെ വീട്ടിൽവെച്ചുതന്നെയാകാം. അവിടെ ധാരാളം സ്ഥലമുണ്ടു്. ഒരു ഹാളും ഉണ്ടു്. ''എന്നു് ഞാൻ മറുപടി പറഞ്ഞു. അതനുസരിച്ചു് വിദ്യാർത്ഥികളോടു് അവിടെവരാൻ നിർദ്ദേശം കൊടുത്തു.

വിദ്യാർത്ഥികൾ ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നുമായി അവിടെ വന്നുചേർന്നു. നിർദ്ദിഷ്ടദിവസം രാവിലെ 9 മണിക്കു് കുഞ്ചുക്കുറുപ്പവന്നു; കുറച്ചു സമയത്തിനുശേഷം മഹാകവിയും. വിദ്യാർത്ഥികളെ പരീക്ഷിക്കാൻ തുടങ്ങി. ഞാൻ അപ്പോഴത്തന്നെ കോടതിയ്ക്കു് പോകാൻ പുറപ്പെട്ടു;എന്റെ ആപ്പീസു് ഹൈക്കോടതിയ്ക്കടുത്തു്, തമ്പുച്ചെട്ടി സ്ട്രീററിലായിരുന്നു. വള്ളത്തോൾ എന്നോടു് ഇപ്പോൾ ആപ്പീസിൽ പോകുന്നുവോ എന്നു് ചോദിച്ചു. ''പോകണം'' എന്നു് പറഞ്ഞു ഞാൻ ഇറങ്ങി.

അന്നു വൈകുന്നേരം ഞാൻ മടങ്ങിവന്നപ്പോൾ അവിടെ നടന്ന തെരഞ്ഞെടുപ്പിനെപ്പററി എന്റെ ഭാര്യയും അവരുടെ ജ്യേഷ്ഠഭാര്യയും മററും എന്നോടു് പറയുകയുണ്ടായി. വള്ളത്തോൾ ഓരോ വിദ്യാർത്ഥിയെക്കൊണ്ടും നൃത്തം ചെയ്യിച്ചു; കുഞ്ചുക്കുറുപ്പും വള്ളത്തോളും ഇമവെട്ടാതെ നോക്കിയിരുന്ന വിദ്യാർത്ഥികളുടെ കഴിവുകളെ തുലനം ചെയ്തു. പലരും ആ നിഷ്കൃഷ്ടമായ പരിശോധനയിൽ അനർഹരാണെന്നു കണ്ടു; നൃത്തം ചെയ്യാനുള്ള കഴിവല്ല, വാസനയാണു് ആ വിദ്യാർത്ഥികളിൽ പലരേയും സ്കോളർഷിപ്പിനു് അർഹരാക്കിയതു്. എന്റെ ഭാര്യയും മററും 'പിടിച്ച' വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെടാതെപോയി. അവർ അവിടെ നടന്ന നൃത്തങ്ങളേയാണു് മാനദണ്ഡമായി സ്വീകരിച്ചതു്. എന്നാൽ ഈ തെരഞ്ഞെടുപ്പിനെപ്പററി ഏററവും ശ്രദ്ധേയമായിരുന്ന ഒരു സംഗതി, ആ തെരഞ്ഞെടുപ്പു നടക്കുന്ന സമയത്തു് വള്ളത്തോളും കുഞ്ചുക്കുറുപ്പും പ്രദർശിപ്പിച്ച ഉത്സാഹവും ഉന്മേഷവും ശ്രദ്ധാന്തിയും പ്രസരിപ്പുമായിരുന്നുവെന്നാണു് അവിടെ ഉണ്ടായിരുന്നവർ പറഞ്ഞതു്. കലയുടെ ഭാവിയായിരുന്ന അവരുടെ കണ്ണിൽ പ്രധാനമായിരുന്നതു്. ഈ രണ്ടു് വയസ്സന്മാരും കളിച്ചു ചിരിച്ചു പളച്ചു പഴയകാലത്തെ നേരമ്പോക്കുകളും മറ്റും ആവർത്തിച്ചു പറഞ്ഞിരുന്നതാണു് അവിടെ ഉണ്ടായിരുന്നവരെ രസിപ്പിച്ചതു്. അവർ എന്നോടു് പറഞ്ഞു. ''ഇവിടെ ഇല്ലാതെപോയതു് കഷ്ടമായിപ്പോയി. ഇത്തരം ഒരു രംഗം ഇനി കാണുവാൻ തരപ്പെടില്ല'' എന്നു്. അടുത്തകൊല്ലവും തെരഞ്ഞെടുപ്പു് നടന്നതു് എന്റെ വീട്ടിൽവച്ചുതന്നെയാണു്; അന്നും വള്ളത്തോളും കുഞ്ചുക്കുറുപ്പുമാണു് ജഡ്ജിമാരായിരുന്നതു്.

അന്നത്തെ തെരഞ്ഞെടുപ്പിലാണെന്നു് തോന്നുന്നു, അതിസുന്ദരിയായ ഒരു ബംഗാളി യുവതി അതിൽ പങ്കെടുക്കാൻ എത്തിയിരുന്നു. ഒരു മലയാളി കഥകളി നടൻ അവരെ കൃഷ്ണലീല നൃത്തമഭ്യസിപ്പിച്ചിരുന്നു. ഒരു മുട്ടു കഥകളി നൃത്തം ചെയ്യാറായിരുന്ന അവർക്കു്. അവർക്കു് തെരഞ്ഞെടുപ്പിൽ ജയം കിട്ടിയില്ല. അന്നു വൈകുന്നേരം ഞാൻ വള്ളത്തോളിനോടു് ചോദിച്ചു. ''എന്തെ ആ യുവതിയെ തെരഞ്ഞെടുക്കാഞ്ഞതു്?''

''കഥകളി നൃത്തം പഠിക്കാൻ സൗന്ദര്യം മാത്രം പോരാ; കുറെ ചാടിത്തുള്ളാൻ പഠിച്ചതുകൊണ്ടു് അതിനു് വാസനയുമുണ്ടാവില്ല. നല്ല സുന്ദരി, ധാരാളം സ്വത്തുണ്ടു്, പക്ഷെ വാസന വേണ്ടേ?'' അദ്ദേഹം ചോദിച്ചു.

അക്കൊല്ലമാണു് മദിരാശിയിൽ ജമിനി സ്ക്സ്സുകാർ കൂടാരമടിച്ചു് കളി നടത്തിയിരുന്നതു്. ആ സ്ക്സ്സിന്റെ ഉടമസ്ഥന്മാരിൽ മി. കണ്ടമ്പള്ളി ബാലനും, മി. കെ.എസ്. മേനോനും ഉണ്ടായിരുന്നു. അവർ രണ്ടുപേരും മറ്റു ചിലരുംകൂടി ഒരുദിവസം വള്ളത്തോളിനെ സ്ക്സ്സിനു നിർബന്ധത്തോടെ ക്ഷണിച്ചു. ഞാൻ കോടതിയിൽ നിന്നു് വന്നു് എന്റെ ഭാര്യയോടുകൂടി മി. യു.പി. ശങ്കുണ്ണിമേനോന്റെ വസതിയിൽ ചെന്നപ്പോൾ അവിടെ എല്ലാവരും സ്ക്സ്സിനു് പുറപ്പെട്ടുകയാണു്. വള്ളത്തോൾ എന്നെക്കണ്ടപ്പോൾ പറഞ്ഞു.''സ്ക്സ്സിനുപോകണം. മേനോനും ബാലനും വന്നു് നിർബന്ധിച്ചിരിക്കയാണു്. പുറപ്പെട്ടോളൂ.'' ഏറെതാമസിയാതെ അദ്ദേഹവും പുറപ്പെട്ടു. സ്ക്സ്സുകാർതന്നെ ഒരു വാഹനം കൊണ്ടുവന്നിരുന്നു. ഞങ്ങളെല്ലാവരും അതിൽ കയറി മൂർമാക്കറിനു് സമീപമുള്ള സ്ക്സ്സു് കൂടാരത്തിന്നടുത്തെത്തി. സ്ക്സ്സിന്റെ ചുമതലക്കാരെല്ലാവരുംകൂടി വള്ളത്തോളിനെ സ്വീകരിച്ചു. ഞങ്ങളെല്ലാവരും വാനിൽനിന്നിറങ്ങി. ആ സ്ഥലമെല്ലാം നടന്നു കണ്ടു.

വള്ളത്തോൾ ചോദിച്ചു: ''കായികാഭ്യാസികളെ ആരാണു് പഠിപ്പിക്കുന്നതു്? '' അതിനു് മറുപടി പറഞ്ഞപ്പോൾ, ''മൃഗങ്ങളെ ആരാണു് പഠിപ്പിക്കുന്നതു്?'' എന്നു് വീണ്ടുംചോദ്യമായി. ഒരു സ്ക്സ്സു് കമ്പനി നടത്തുവാൻ എത്ര ചെലവുവരും; എത്ര വരവുണ്ടു്? എന്നിങ്ങിനെ ആവിഷയത്തെക്കുറിച്ചു് ചോദ്യങ്ങളം ആവർത്തിച്ചാവർത്തിച്ചു് ചോദിക്കാൻ തുടങ്ങി. ഞാൻ ചോദ്യങ്ങളെല്ലാം വ്യക്തമാക്കിക്കൊടുക്കും. അവയ്ക്കു് കിട്ടുന്ന മറുപടികളം അദ്ദേഹത്തെ മനസ്സിലാക്കും. ഒരരമണിക്കൂറിനുള്ളിൽ ഒരു സ്ക്സ്സുകമ്പനി നടത്തിപ്പിനെക്കുറിച്ചുള്ള സാമാന്യ വിവരങ്ങളെല്ലാം അദ്ദേഹം ധരിച്ചു കഴിഞ്ഞു.

സ്ക്സ്സുടമസ്ഥന്മാർ അന്നദ്ദേഹത്തിനു് കലാമണ്ഡലം രജതജൂബിലി നിധിയിലേയ്ക്കു് ഒരു ചെറിയ പണക്കിഴി സമ്മാനിക്കുകയുണ്ടായി.

അന്നദ്ദേഹംചെയ്ത കവിതാസാരസ്യനർമ്മോല്ലസിതമായ ആ കമനീയ വാചാപ്രസംഗം അനേ

കായിരം ആളുകൾ തിങ്ങിക്കൂടിയ, വിശേഷിച്ചും അകേരളീയർ നിറഞ്ഞുതിങ്ങിയ ആ സദസ്സിൽ ഹസ്തതാഡനങ്ങളാൽ ആഹ്ലാദകല്ലോലങ്ങളുയർത്തിയതു് ഇന്നും എന്റെ ചെവിയിൽ മുഴങ്ങുന്നതായി തോന്നുന്നു.

സക്സ്സ സന്ദർശനത്തിൽനിന്നു് വള്ളത്തോളിന്റെ ഒരു സ്വഭാവ വിശേഷം വളരെ വ്യക്തമായി. അദ്ദേഹം എന്തൊന്നു് നിരീക്ഷിക്കുമ്പോഴും അതിന്റെ സൂക്ഷ്മവശങ്ങൾ മുഴുവൻ മനസ്സിലാക്കാൻ എപ്പോഴും ജാഗരൂകനായിരുന്നു.

ഞാനൊരിക്കൽ നാട്ടിൽ വന്നപ്പോൾ മഹാകവി വള്ളത്തോളിന്റെ പത്നിയെ (അമ്മയെ) മദിരാശിക്കു് ക്ഷണിച്ചു. കാഞ്ചീപുരം ക്ഷേത്രത്തിൽ ഒന്നു് തൊഴാമെന്നു് പറഞ്ഞു. കാമാക്ഷീ ക്ഷേത്രം സന്ദർശിക്കാൻ ഒരവസരം കിട്ടിയാൽ അതു് കൈവിടുന്ന കൂട്ടത്തിലല്ല അമ്മയെന്നു് എനിയ്ക്കറിയാമായിരുന്നതുകൊണ്ടാണു അങ്ങിനെ ഒരു പ്രലോഭനം കൂടി വച്ചുനീട്ടിയതു്. രണ്ടുമാസങ്കംകൂശേഷം വള്ളത്തോൾ മദിരാശി സന്ദർശിച്ചു. അമ്മയും കൂടെവന്നു. എന്നെ കണ്ട ഉടനെ വള്ളത്തോൾ പറഞ്ഞു. ''അമ്മയും വന്നിട്ടുണ്ടു്; കാഞ്ചീപുരത്തേയ്ക്കു പോകണം''

ഞങ്ങൾ കുറച്ചധികം പേർ കാഞ്ചീപുരത്തേയ്ക്കു് പുറപ്പെട്ടിരുന്നുവെങ്കിലും യാത്രയ്ക്കു് കാറിൽ അഞ്ചുപേർ മാത്രമേയുണ്ടായിരുന്നുള്ളൂ. മറ്റുള്ളവർക്കു് ദേഹാസ്വാസ്ഥ്യവും മറ്റും കാരണം കൂടെപോരാൻ കഴിഞ്ഞില്ല.

കാഞ്ചീപുരത്തു് കാമാക്ഷീക്ഷേത്രത്തിലെ ശാന്തിനടത്തുന്ന സ്ഥാനീകം കാശിനാഥശാസ്ത്രികൾ എന്റെ ഒരു സുഹൃത്താണു്. അദ്ദേഹത്തിന്റെ ഗൃഹത്തിൽ അന്നുച്ചഭക്ഷണം കഴിച്ചു് അവിടെ വിശ്രമിച്ചു. വൈകുന്നേരം മടങ്ങാമെന്നുള്ള നിശ്ചയത്തോടെ ഒരുദിവസം രാവിലെ ഞങ്ങൾ യാത്രയായി. പൂനമല്ലി, ശ്രീ പെരുംപുതൂർ മാർഗ്ഗമായാണു് ഞങ്ങൾ പോയതു്. ശ്രീപെരുംപുതൂരെത്തിയപ്പോൾ ഞാൻ വള്ളത്തോളിനോടു് പറഞ്ഞു. ''ഇതു് രാമാനുജാചാര്യരുടെ ജന്മദേശമാണു്. ഈ കാണുന്ന വിഷ്ണുക്ഷേത്രം അദ്ദേഹത്തിന്റെ ജീവിതത്തോടു് ബന്ധപ്പെട്ടതാണു്.'' ഉടനെ അദ്ദേഹം ചോദിച്ചു. ''രാമാനുജാചാര്യരുടെ സ്മാരകമായി എന്തെങ്കിലും സ്ഥാപനമുണ്ടോ?'' ''ഒരു ചെറിയ സംസ്കൃത പാഠശാലയും വായനശാലയും മാത്രമേയുള്ളൂ'' എന്നു് ഞാൻ മറുപടി പറഞ്ഞു. ''പല നല്ല സ്ഥാപനവുമുണ്ടെങ്കിൽ ഇറങ്ങിക്കാണാമായിരുന്നു'' എന്നദ്ദേഹം പറഞ്ഞു. നമുക്കു് നമ്മുടെ സൂര്യപുരുഷന്മാരെപ്പറ്റി വേണ്ടുന്നതു ശ്രദ്ധയില്ല എന്നദ്ദേഹം അന്നുപറഞ്ഞതു് എത്രയോ പരമാർത്ഥമാണു്!.

''വെട്ടത്തരചന്മാർതൻ
കൊട്ടാരം തെങ്ങണിപ്പുറമ്പായി;
തുണയറുമണ്ണുകപ്പീ
തുഞ്ചത്താചാര്യർതൻ പുരത്തറയും.
ചരൽനിലമായു് മാറിപ്പോയു്
ചങ്ങമ്പള്ളിക്കുരുക്കംതൻ കളരി;
കിഷ്കിന്ധാഗ്രഹയിൽത്താൻ
കിടകൊള്ളുകയായി ബാലിയോതിക്കൻ
ഏതിരുളിലോ വിബോധ-
ജ്യോതിർന്നിധി പാക്കനാരിരുന്നകുടിൽ
കേരളമണ്ഡലമേ ബഹു
കേമംനിൻ സൂര്യപൂർവ്വികസ്മരണം,''

എന്നു് വള്ളത്തോൾതന്നെ മറ്റൊരവസരത്തിൽ പറഞ്ഞതു് ഭാരതത്തെസ്സംബന്ധിച്ചും തികച്ചും വാസ്തവമാണു് — ഇന്നു് അങ്ങിങ്ങായിചില സ്മാരകങ്ങൾ പണിചെയ്യിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും. മഹാകവിയുടെ മരണാനന്തരം നമ്മുടെ നാട്ടുകാർ അദ്ദേഹത്തിനൊരു സ്മാരകം നിർമ്മിക്കുന്ന കാര്യത്തിൽ കാട്ടിയ അനാസ്ഥയാണു് ഈ അവസരത്തിൽ ഇതെഴുതുമ്പോൾ ഇതെടുത്തു പറയാൻ കാരണമായതു്.

ഏതായാലും ഞങ്ങൾ ശ്രീപെരുംപുതൂർ ഇറങ്ങിയില്ല. നേരിട്ടു് കാഞ്ചീപുരത്തു പോയി നിശ്ചയിച്ചിരുന്നപോലെ കാമാക്ഷീ ക്ഷേത്രം സന്ദർശിച്ചു. കൂടാതെ, അവിടെയുള്ള ഏകാമ്രനാഥ ക്ഷേത്രവും വരദരാജപ്പെരുമാൾക്ഷേത്രവും സന്ദർശിച്ചു. ശാസ്ത്രികളുടെ അതിഥി പൂജയും സ്വീകരിച്ചു് സന്തുഷ്ടരായി വൈകുന്നേരം മദിരാശിക്കു് മടങ്ങി. ഇങ്ങിനെ മദിരാശിയിൽ താമസിച്ചിരുന്ന കാലത്തു് പല സംഭവങ്ങളുമുണ്ടായിട്ടുണ്ടു്. അവയിൽ ചിലതെടുത്തു് ഇവിടെ രേഖപ്പെടുത്തിയെന്നേയുള്ളൂ.

മറ്റൊരു വള്ളത്തോൾ

സുകുമാർ അഴീക്കോട്

നമുക്ക് ഏറ്റവും പരിചിതനായ ഒരു വള്ളത്തോളുണ്ട്. ആ വള്ളത്തോൾ കേരളീയ സഹൃദയർക്ക് എന്നുമൊരു മിത്രമാണ്. സഹൃദയനോട് മിത്രഭാവത്തിൽ വർത്തിക്കുവാൻ കവിയ്ക്ക് നിഷ്പ്രയാസം സാധിക്കും എന്നായിരിക്കും പലരും ധരിച്ചിരിക്കുക. കാരണം മിത്രം, ഹാ, എത്ര സാധാരണനല്ല! വള്ളത്തോൾ മിത്രസമ്മിതനായ കവിയാണ് എന്നു പ്രസ്താവിക്കുന്നതു്, അവരുടെ ദൃഷ്ടിയിൽ പ്രശംസയാവില്ല. കവിയാണെങ്കിൽ വേണ്ടതു് സാധരണനായൊരു മിത്രത്തിന്റെ നേരും പുഞ്ചിരിയല്ല, അസാധാരണനായ ഒരു പ്രവാചകന്റെ അർദ്ധനിമീലിതാക്ഷികളോ ഗംഭീരനായ ഒരു ഗുരുവിന്റെ ചിന്താരോമന്ഥമോ ഒരു പൂമ്പാറ്റയുടെ വിലോല കാന്തിയോ ഒരു വിജിഗീഷുവിന്റെ വീരഖഡ്ഗമോ ആണ് എന്നതെ അവരുടെ സങ്കല്പം. ഇപ്പറഞ്ഞ പ്രവാചകാദികളാകാനാണ് കവികൾക്ക് പ്രയാസമെന്നു് അവർ കരുതുന്നു. നേരേമറിച്ചു് നമ്മുടെ ഒരു ഉറ്റ തോഴനെപ്പോലെ തോളത്തു കയ്യിട്ടു് ചുമലുരുമ്മി സല്ലപിച്ചു് ഒപ്പത്തിനൊപ്പം അടിവെച്ചു നടന്നു പാടവും തോട്ടം മേട്ടം കടന്നു കൊണ്ടു് നമ്മുടെ അന്തരാത്മാവിനെ രമിപ്പിക്കുന്ന ഒരു കവിയുടെ കൃത്യത്തേപ്പോലെതന്നെ ശ്രമാവഹമാണെന്നു് അവർ മനസ്സിലാക്കുന്നില്ല. മലയാള സാഹിത്യത്തിൽ നമുക്ക് ആപ്തമിത്രമായി കൈക്കൊള്ളാവുന്ന കവികൾ ഏറേയില്ല; ഉള്ളവരിൽ മുമ്പൻ മഹാകവി വള്ളത്തോളാണെന്നു് എനിക്ക് തോന്നുന്നു.

ഇതാണ് നമ്മുടെ വള്ളത്തോൾ. അദ്ദേഹത്തെക്കുറിച്ചു് ഇന്നുവരേയുണ്ടായ അഭിപ്രായങ്ങളും വിമർശനങ്ങളും എല്ലാം ഈ മിത്രചിത്രത്തിന്റെ വ്യാഖ്യാനങ്ങളാണ്. സ്നേഹപൂർവ്വം നമ്മുടെ കൈപിടിച്ച നടക്കുന്ന അദ്ദേഹം നാം കാണുന്ന പ്രകൃതിയെ നോക്കി അതിന്റെ ഭംഗികളെപ്പറ്റി ശാലീനമായി നമ്മോടു പറയുന്നു. നാം നടന്നുവന്ന വഴി പിന്തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹം അതിന്റെ ഏകാന്തവിദൂരതയോളം കണ്ണുപായിച്ചു് ആ ദീർഘസഞ്ചാര പഥത്തിന്റെ അപദാനങ്ങൾ വാഴ്ത്തിപ്പാടിത്തരുന്നു; നാം ചവിട്ടിയ ചെളിയും കാലിൽ തറച്ച മുള്ളും മുമ്പിൽ കിടക്കുന്ന പടുകഴിയും കണ്ടു വിഷമിക്കുമ്പോൾ അദ്ദേഹം നമ്മോടൊപ്പം നെടുവീർപ്പിടുകയും പാതയുടെ വളവിന്നപ്പുറത്തു് തലയുയർന്നു മറഞ്ഞുനിൽക്കുന്ന സൗധത്തിലേയ്ക്ക് സോത്സാഹം ഓടിച്ചെല്ലുവാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. വള്ളത്തോളിന്റെ പ്രകൃതിപ്രേമവും പൂർവ്വസംസ്കാര ഭക്തിയും ശുഭപ്രതീക്ഷയും നമുക്ക് ഏറ്റവും അടുത്തുകിടക്കുന്ന ഭൗതിക സാമൂഹികാവസ്ഥകളുടെ നിരീക്ഷണത്തിൽനിന്നും അനുഭൂതിയിൽനിന്നും ജന്മംകൊണ്ടവയാണ്. അതായതു്, മിത്ര സമ്മിതനായ കവി എന്ന നിലയിൽ വള്ളത്തോൾ എപ്പോഴും സഹൃദയന്റെ കൂടെത്തന്നെ കഴിയുന്നു. തന്നെ കൈവെടിഞ്ഞ് അദ്ദേഹം അകലെ പാഞ്ഞു മറഞ്ഞതായി അയാൾക്ക് ഒട്ടും പരാതിപ്പെടാൻ നിവൃത്തിയില്ല. താൻ വണ്ണിച്ച 'ഒരരിപ്പിറാവി'നെപ്പോലെതന്നെ, ''മന്ദമകന്നകന്നുപോയ് അഴലിങ്ങരുളാ'' തിരിക്കണമെന്നു് വള്ളത്തോളിന്നു നിർബന്ധമുണ്ടായിരുന്നു. തന്റെ സംപൂതപ്രേമത്തെ വഞ്ചനയോടെ പ്രത്യാദേശം ചെയ്ത നാഗരിക കാമുകനും അയാളുടെ കാന്തയും ജീവിക്കുന്ന ലോകത്തിന്റെ ഒരു കോണിൽ ജീവിക്കുകയാണ് തനിയ്ക്ക് കൃതാർത്ഥതയെന്നു് പ്രഖ്യാപിക്കുന്ന രാധയുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ഏതു സാരഭൂതമായ ഭാവമാണോ കരിഞ്ഞുപോകാതെ അവശേഷിച്ചിരിപ്പുള്ളതു് ആ മിത്രഭാവത്തിന്റെ ഗായകനാണ് വള്ളത്തോൾ.

പക്ഷെ ഒരു കവി ഇപ്രകാരം തന്റെ സഗർഭ്യരുടെ ഭൗതിക സാമൂഹ്യാവസ്ഥകളുടെ അനുഭൂതിമാത്രം ഉൾക്കൊണ്ടു് അവരുടെ കൂടെ സഞ്ചരിച്ചു് മിത്രസ്ഥാനീയനായി കഴിയുന്നതു കൊണ്ട് അയാളുടെ കർത്തവ്യം മുഴുവൻ നിറവേറ്റപ്പെട്ടുമോ? കവിയുടെ കർത്തവ്യം പുതിയ അനുഭൂതികൾ ഉണ്ടാക്കുകയല്ല, ജീവിതാനുഭൂതികൾക്ക് കൂട്ടതൽ ആഴവും കനവും നൽകുകയാണ്. ദൈനംദിന ജീവിതത്തിലെ മൃഗസാധാരണങ്ങളായ ലഘുചലനങ്ങളുടെ നിരന്തരത്വത്തിന്റേയും പ്രത്യക്ഷതയുടേയും സ്ഥൂലതയുടേയും ഇടയിൽപ്പെട്ടു് മനുഷ്യാത്മാവിന്റെ അന്തരംഗത്തിൽ പെട്ടെന്നു എപ്പോഴോ ഉദിക്കുകയും അപ്പോൾത്തന്നെ മങ്ങിമാഞ്ഞുപോവുകയും ചെയ്യുന്ന അസാധാരണങ്ങളായ ചില അനുഭൂതികൾ മനുഷ്യനുണ്ട്. അവയുടെ പ്രകാശവേളയിൽ ബാഹ്യപ്രപഞ്ചത്തിന്റെ ഐന്ദ്രിയസീമകൾ ലംഘിക്കപ്പെടുന്നതായും അവയ്ക്കപ്പുറത്തുള്ള പരന്നുകിടക്കുന്ന നിഗൂഢ മണ്ഡലത്തിലേയ്ക്ക് കടക്കാനാവാതെ ബുദ്ധിപോലും പരിക്ഷീണമായിപ്പോകുന്നതായും ആ തുംഗതലത്തിന്റെ കാന്തിപൂരത്തിന്റെ നേരിയ പ്രതിഫലനമേറ്റ് മനസ്സ് വികാസം പ്രാപിക്കുന്നതായും ചിലപ്പോൾ ചില മനുഷ്യർക്കും, പലപ്പോഴും കവികൾക്കും എല്ലായ്പോഴും മിസ്റ്റിക്കുകൾക്കും തോന്നാറുണ്ടെന്നു് പ്രൊഫസ്സർ ഓട്ടോവിനെപ്പോലുള്ളവർ പറയുന്നതു് അവിശ്വസിക്കത്തക്കവണ്ണം നമ്മിൽ പലരും യുക്തിവാദികളായിട്ടില്ലല്ലോ. വള്ളത്തോൾ മിസ്റ്റിക്കായിരുന്നില്ലെങ്കിലും വെറും മനുഷ്യനും ആയിരുന്നില്ല. അദ്ദേ

ഹം ശരിയായ കവിയായിരുന്നു. ബാഹ്യപ്രപഞ്ചത്തേയും ഭൗതിക ജീവിതത്തേയും സർവ്വോപരി സ്നേഹിക്കുകയും ആ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് മനുഷ്യനെ മിത്രമായി കാണുകയും ചെയ്ത വള്ളത്തോളിന്റെ സമീപത്തേക്ക് കവിപൈതൃകമായ ആ ആത്മീയനിഗ്രഹാനുഭൂതികളുടെ നിശ്വാസവായു പതുക്കെ വീശിയെത്താതിരുന്നില്ല. ഈ അഭൗതികവും അധ്യൈഷണികവും ആത്മീയവുമായ, അതുകൊണ്ട് അവ്യക്തവും, എന്നാലും അനിഷേധ്യവും ആയ രഹസ്യാനുഭൂതിയുടെ ഗായകനായിട്ട് വള്ളത്തോളും ചിലപ്പോഴും പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതു മറ്റൊരു വള്ളത്തോളാണ്. ഈ വള്ളത്തോളും സഹൃദയന്റെ തോഴനല്ല. സഹൃദയനെ അപ്പോഴും അദ്ദേഹം കാണുന്നുപോലുമില്ല. ആ ഘട്ടങ്ങളിൽ അദ്ദേഹം സ്വന്തം വഴിക്കു വേഗത്തിൽ പാഞ്ഞുപോകുന്നു. വേണമെങ്കിൽ സഹൃദയൻ കൂടെ ഓടിയെത്തണം.

'സാഹിത്യ മഞ്ജരി'യുടെ രണ്ടും ഏഴും ഭാഗങ്ങളിൽ ക്രമത്തിൽ പ്രഥമപദ്യങ്ങളായി ചേർത്ത 'സത്യഗാഥ'—'ജ്ഞാനം' എന്നിവയിലാണ് ഈ മറ്റേ വള്ളത്തോളും അസന്ദിഗ്ധപ്രൌഢിയോടെ പ്രത്യക്ഷപ്പെടുന്നതു്. സത്യത്തിന്റേയും ജ്ഞാനത്തിന്റേയും ജയഗാഥകളും പാടിത്തിമർത്തുപോകുന്ന കവി കാണുന്നതു് ദരിദ്രകേരളത്തേയോ പരതന്ത്രഭാരതത്തേയോ അല്ല, തന്റെ അന്തരാത്മാവിൽ ഏതോ ഒരു അനർഘനിമിഷത്തിൽ പ്രതിബിംബിതമായിക്കണ്ട വിശ്വസത്യത്തേയാണ്. ഈ കവിതകളിൽ കവി മാത്രമേയുള്ള. യഥാർത്ഥമായ അന്തർദർശനത്തിന്റെ കവിതകളാണ് ഇവ. ആംഡസ് ഹക്സലി 'സനാതനതത്വചിന്ത' (Perennial Philosophy) എന്നു വിളിക്കുന്ന ഗീത, ഉപനിഷത്തുകളും, ബൈബിളും മുതലായ മഹാഗ്രന്ഥങ്ങളിൽ ഇടതൂർന്ന് കാണപ്പെടുന്ന അവാച്യാനുഭൂതികളുടെ ഒന്നു രണ്ടു കമിളകളും ഈ കവിതകളിൽ കമനീയ രൂപം നേടിയെട്ടത്തിരിക്കുന്നു. വസ്തുതന്നെ അവസ്തുനീയമാകയാൽ, ഇത്തരം കവിതകളിൽ ഭാവനയോ സങ്കല്പമോ പ്രവർത്തിക്കുന്നില്ല; അതിനാൽ ഇവയിൽ അലങ്കാരങ്ങളുമില്ല. അവയിലുള്ളതു് കവിയുടെ അവ്യക്തമായ അന്തർദർശനം മാത്രം. ബ്രഹ്മം ദൂരത്തും അടുത്തും ആണെന്നു് ഈശാവാസ്യോപനിഷത്തു് പാടുമ്പോഴും അവിടെ വിരോധാഭാസാലങ്കാരം പറയാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ബ്രഹ്മം ദൂരത്തും അടുത്തും വിലസുന്നുണ്ടെന്നുള്ളതു്, അങ്ങിനെ ആഭാസിക്കുന്നതും കൃത്രിമമായി പരിഹരിക്കാവുന്നതുമായ വിരോധമല്ല, സത്യത്തിലുള്ളതായ വിരോധം തന്നെയാണ്. അതുപോലെ നമ്മുടെ കവി സത്യദേവതയെപ്പറ്റി:

''മിന്നൽ നിൻ പള്ളിവാൾ; മേഘം നിൻ
പള്ളിത്തേർ;
ഉന്നതമാമിടി നിൻ പടഹം;
ശാശ്വതമാകുമകൃത്രിമശബ്ദങ്ങ—
ളീശ്വരി, നിൻ ജയകാഹളങ്ങം!''

എന്നു പാടുന്നേടത്തും യാഥാർത്ഥ്യാവിഷ്ക്കരണമാണുള്ളതു്. ഭാവനാപ്രകടനമല്ല.

ഈ മറ്റെ വള്ളത്തോളാണ് സാധാരണ വള്ളത്തോളിനു് കാന്തിയും മൂല്യവും ബലവും കൂട്ടുന്നതെന്നു് ഞാൻ കരുതുന്നു—ക്രോമിയം ഇരുമ്പിനോടു് ചേരുന്നതുപോലെ. അദ്ദേഹത്തിന്റെ പ്രശസ്തങ്ങളും ഉൽകൃഷ്ടങ്ങളുമായ പല കവിതകളിലും ഈ അപരവ്യക്തിത്വം ആണു് മഹിമാപരാഗം ചാർത്തിയിരിക്കുന്നതു് എന്നു് സൂക്ഷിച്ചു നോക്കുന്നവർക്കു് മനസ്സിലാക്കാം.—'ഒരു തോണിയാത്ര', 'വെടികൊണ്ട പക്ഷി' എന്നിവ ഉദാഹരണങ്ങളം. 'ഒരു തോണിയാത്ര'യിൽ വിവരിക്കപ്പെട്ട ആ അന്തിമമായ ആനന്ദാനുഭൂതിയുക്തിസീമയിൽ ഒതുങ്ങാത്തതും വള്ളത്തോളിന്റെ സാമാന്യരീതിയിൽനിന്നു് വ്യത്യസ്തവും ആണെന്ന പ്രതീതിയിൽനിന്നു് വിട്ടുനിൽക്കാൻ വായനക്കാർക്കു് കഴിയുകയില്ല. പൂതിയൊരളവു് വർണ്ണനത്തിൽ കലർന്നതുപോലെയുണ്ടു്.

''ഒരുത്തുതത്തുമണമാ സ്ഥലത്തു
പരന്നുപാറീ കളിർകാറിലെങ്ങും,
നിരന്തരം വന്ന പൊഴിഞ്ഞിതേതോ
മരന്ദമൊന്നെന്നുടെ വഞ്ചിതന്നിൽ!''

ഇതൊരു വെറും അലങ്കാരം പറച്ചിലല്ല. ആത്മാവിന്റെ ആഴങ്ങളിൽ ഈ വരികളം ഏതോ ഓളങ്ങളും കോളകളും ഉയർത്തുന്നു. ക്ഷണികമെങ്കിലും ദിവ്യമോഹനമായ ഒരു പരോക്ഷാനുഭൂതിവിതാനത്തിന്റെ കാഴ്ചകണ്ടുണ്ടായ ഉംപുളകവും ഹർഷോന്മാദവും ഈ വരികളിൽ ഉണ്ടു്. ഇവിടെ വള്ളത്തോളും സഹൃദയന്റെ സന്തതസഹചാരിയായ വിശ്വസ്തമിത്രമല്ല., തന്റെ ആത്മാവിന്റെ വിപ്രകൃഷ്ടചക്രവാളങ്ങളിലേക്കു് കുതിച്ചു പായുന്ന ഒരു ഏകാന്തപഥികനാണു്. അദ്ദേഹം കൊല്ലത്തെ അതിസാധാരണ ജീവിതവ്യവഹാരങ്ങളെ തുച്ഛമാക്കിക്കാണിക്കുന്ന ഒരു നിമിഷകണികയുടെ ശശ്വല്പാസ്യമാണു് ഈ പദ്യത്തിന്റെ ജീവൻ.

വള്ളത്തോളും മഹാകവിയുടെ ഈ പരോക്ഷചേതനയെ കൂടുതൽ പ്രത്യക്ഷപ്പെടുത്തുന്ന വിമർശനങ്ങളും ഉണ്ടാവേണ്ടിയിരിക്കുന്നു. മിക്ക വിമർശനങ്ങളും അദ്ദേഹത്തെ ഇന്ദ്രിയപരിച്ഛിന്നമായൊരു ലോകത്തിന്നപ്പുറത്തേക്കു് ഒന്നും അമോഘമായില്ലെന്ന കരുതുന്ന ഒരു പരിമിതദൃഷ്ടിയായി പറഞ്ഞുതള്ളുന്നു—മണ്ഡനങ്ങളുംപോലും. അങ്ങനെ ഒരു കവി കേവലപ്രത്യക്ഷത്തിന്റെ അടിമയായാൽ അയാളുക്കു് നല്ലൊരു കവിയാകാൻ വയ്യെന്നു പറയുന്നില്ല. പക്ഷെ ഉത്തുംഗമായ കവിത അദ്ദേഹത്തിൽനിന്നുണ്ടാവാൻ വഴിയില്ല. ഉത്തുംഗകവിതയുടെ ഘടകങ്ങളും വള്ളത്തോളിൽ ഉണ്ടെന്നാണു് എന്റെ ഉറച്ച വിശ്വാസം. എന്തു ചെയ്യട്ടെ, ശാരദാഭൂതിന്റെ തുവെണ്മപ്പരപ്പു കാണുന്ന സാധാരണ മനുഷ്യൻ അതിലുറങ്ങിക്കിടക്കുന്ന തടില്പതയെപ്പറ്റി ഓർക്കുന്നുപോലുമില്ല!

വള്ളത്തോളിന്റെ നായികമാർ

അവരുടെ ഭാസുരമായ ഭാവ രൂപഭംഗികളുടെ ഒരവലോകനം

കെ. പി. ശങ്കരൻ

കവിതയിൽ ആദ്യമായി എന്നെ ആകർഷിച്ച കഥാപാത്രമേതാണു്? ഇന്നു് ഓർത്തുനോക്കുമ്പോഴും മനസ്സിലാവുന്നു, മറ്റാരുമല്ല, മഹാകവി വള്ളത്തോളിന്റെ ആ നായർ സ്ത്രീതന്നെ. ഇതിന്റെ കാരണം ലളിതമാണു്, അഭിനിവേശപൂർവ്വം ഞാൻ വായിച്ച ആദ്യത്തെ കാവ്യസമാഹാരമത്രെ സാഹിത്യമഞ്ജരി ഒന്നാം ഭാഗം. അഭിനിവേശമെന്നു് പറയാമോ, അതോ അന്ധമായ ഒരുതരം ആവേശമോ? അതെന്തായാലും വീട്ടിലെ പുസ്തകമുറിയിൽ നിന്നു് ഒരിക്കൽ യാദൃച്ഛികമായി കണ്ടുകിട്ടിയ ആ കൃതി അന്നു് കുട്ടിക്കാലത്തുതന്നെ ഞാനിരുന്നു് ആവർത്തിച്ചാവർത്തിച്ചു് ആലപിക്കുകയുണ്ടായിട്ടുണ്ടു്. ഒരർത്ഥബോധവും ഉണരില്ല, ഒരാശയധാരയും പകരില്ല; എന്നാലും, ഏതോ മുജ്ജന്മകർമ്മഫലംകൊണ്ടെന്നോണം, മുറ്റിനിന്നു് ഉരുവിടുകതന്നെ!.....

അങ്ങനെ വായിച്ചു കൂട്ടത്തിൽ ഒരു കവിത മാത്രം അന്നേ എനിക്കു് എങ്ങനെയോ ഒരുവിധമൊക്കെ മനസ്സിലായി: 'ഒരു നായർ സ്ത്രീയും മുഹമ്മദീയനും'. ഇരുന്നവായിച്ചിരുന്ന കോലായപ്പുറത്തുനിന്നു് ഇത്തിരിയൊന്നു് മുന്നോട്ടു നോക്കുകയേ വേണ്ടൂ, പ്രസിദ്ധമായ രായിരനെല്ലൂർ മലയുടെ അടിവാരത്തിൽ ആ കവിതയിലെ പശ്ചാത്തലം അതേപടി ഏതാണ്ടൊരുങ്ങിക്കിടക്കുന്നു. അതൊരുപക്ഷേ എന്റെ അനുഭവമണ്ഡലത്തെ സ്പർശിച്ചിരിക്കാം. എങ്കിലും അതൊന്നുമല്ല, ഉത്തേജിതവീര്യത്തോടെ ആ 'നായർവധൂമണി' ഉത്തനെ കുത്തി മലർത്തുന്ന അന്ത്യരംഗമുണ്ടല്ലോ, ഉജ്ജ്വലമായ ആ രംഗംതന്നെയാണു് എന്റെ കൗതുകത്തെ അത്രമേൽ ഉണർത്തിക്കൊണ്ടിരുന്നതു്. അടക്കിപ്പിടിച്ച ശ്വാസത്തോടെയാണു് ഞാനാഭാഗം വായിക്കുക. ഒടുക്കം ''അസ്സലായി—അങ്ങനെ വേണം—അവളാണു് മിടുക്കി'' എന്നൊക്കെ ആഹ്ലാദഭോരത്തോടെ എന്റെ കൊച്ചുഹൃദയം ആ നായികയെ അനുമോദിക്കയും ചെയ്തിരുന്നു...ഇപ്പോഴും അറിയാൻ കഴിയുന്നുണ്ടു്: അന്നത്തെ ആ പ്രതികരണം ബാലിശമായിരുന്നിരിക്കാം. വീരസാഹസം കൗമാരചാപലത്തെസ്സംബന്ധിച്ചിടത്തോളം വിശേഷിച്ചും രുചികരമാവാറുണ്ടല്ലോ. ആ നിലയ്ക്കല്ലേ അന്നു് ആ കവിത അത്രത്തോളം ആവർജ്ജകമായി അനുഭവപ്പെട്ടതു്?

എന്നാൽ ഇവിടെ ഒട്ടൊരുപരിവിചാരം ആവശ്യമായി തോന്നുന്നു. കൗമാരചാപലത്തെ വിരുന്നൂട്ടുന്ന വീരസാഹസം മാത്രമാണോ 'ഒരു നായർ സ്ത്രീയും മുഹമ്മദീയനും' എന്ന കവിതയിലെ ശ്രദ്ധേയമായ വിഭവം? ആണെന്നു് വിധിക്കാൻ കഴിയുന്നില്ല. മുതിർന്ന അഭിരുചിക്കും ആ കവിതയുടെ നാടകീയപരിണാമം ആസ്വാദ്യമാവാതെ വയ്യ! അപൂർവ്വ ധീരതയുടെ പരിവേഷമണിഞ്ഞ അതിലെ നായികയെ അഭിനന്ദിക്കാതേയും വയ്യ.—1—അല്ലെങ്കിൽ നോക്കൂ ആ കവിതയുടെ ഗതി: വിലാട്ടിയുടെ വിജനസാനു, അതുവഴി ആ നായർ യുവതി അമ്പലത്തിലേയ്ക്കു് തിരക്കിട്ടുനടക്കുകയാണു്. അവളെ അവതരിപ്പിക്കുന്ന ആ രംഗംകൊണ്ടുതന്നെ അനുവാചകൻ ആകൃഷ്ടനായിക്കഴിയും—അത്രമേൽ അനുഭവപൂർവ്വമാണു് അവതരണം. പക്ഷേ ആ ആകർഷണത്തിനു് അപ്പോഴും ബന്ധം അവളുടെ അഴകിനോടു് മാത്രമാവും. ആ അഴകു് അലസരോമന്ഥത്തിനു് കൊള്ളാംതാനും. എന്നാൽ അവളുടെ ഗതി തട്ടത്തുകൊണ്ടു് ഉത്തനെന്ന 'കരിമലയൻ' പ്രത്യക്ഷപ്പെടുമ്പോഴും അവനും 'നാലഞ്ചടി അറിയാതെ പിന്നിലേയ്ക്കു് മാറു'ന്നുണ്ടല്ലോ, ആ ചലനം അനുവാചകന്റെ കൗതുകത്തേയും ചലിപ്പിക്കുന്നു. അവിടുന്നങ്ങോട്ടു് പിന്നെ ആസ്വാദനം അലസമല്ല. അടിക്കടി ഉണരുന്ന ഉദ്വേഗത്തോടുകൂടി മാത്രമേ, ഉത്തന്റെ കൂടെ പോവേണ്ടിവന്ന അവളെ അനുവാചകനു് പിന്തുടരാനാവൂ. തുടർന്നു് ഒന്നമ്പരന്നെന്നുവരും: കടിലിലെത്തി ഒരു കരിക്കുകൊണ്ടു് പാരണ വീട്ടാനും മറ്റതുകൊണ്ടു് ഉത്തനെ ഉപചരിക്കാനും ഭാവിക്കുന്ന അവനും എന്തു് തരക്കാരിയാണെന്നറിയാതെ. അപ്പോഴേയ്ക്കുമാണു്,

> ''ആരണ്യായതനത്തിലങ്ങതിഥിയായു്—
> ച്ചെന്നാ ഗൃഹസ്ഥനു സൽ—
> ക്കാരം ചെയ്ത നതാംഗിയോ, വിനയമോ—
> ടക്കത്തി കൈക്കൊണ്ടടൻ,

---

1. ശ്രീ കുട്ടികൃഷ്ണമാരാർക്കു് ഒരു പക്ഷേ ഇതിനെച്ചൊല്ലി വിപ്രതിപത്തിയുണ്ടാവും. 'ദന്തഗോപുര'ത്തിലെ ഒരു പ്രബന്ധത്തിൽ ശ്രീ എൻ. വി. യുടെ 'കറുപ്പുകുടി നീണ്ടകവിത'കളിലെ 'മന്യ'യെ പരാമർശിക്കുന്ന കൂട്ടത്തിൽ, ആ കൃതിക്കു് ഈ വള്ളത്തോളം കൃതിയുമായുള്ള സാദൃശ്യം ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹമെഴുതുന്നു: ''എനിക്കു് മനസ്സിലായില്ലാ, സാധാരണ മനുഷ്യനു്, വിശേഷിച്ചും സ്ത്രീകൾക്കു്, ആപൽഘട്ടത്തിലുണ്ടാവുന്ന പ്രത്യുൽപ്പന്നമതിയെ ഉദാഹരിക്കുന്ന ഈ രണ്ടു കഥയിലും ഇത്രയൊക്കെ അഭിമാനം കൊള്ളാൻ എന്തിരിക്കുന്നു എന്നു്.'' (ദന്തഗോപുരം—പേ 107.)

ഘോരം വട്ടമുഖം മലർത്തിയിളനീർ—
വെള്ളം ചെലുത്തും ജള—
ക്രൂരൻതൻ നെടുതാം കഴത്തിലൊരു വെ—
ട്ടു ക്കിട്ടവെട്ടീടിനാം!''

എന്നു് രംഗം അന്തിമപരിണാമത്തിലണയുന്നതു്. അപ്രതീക്ഷിതമായ ആ പരിണാമംകൊണ്ടു് അത്യുജ്ജ്വലമാവുന്ന ആ നായർ വധൂമണിയുടെ പ്രത്യുൽപന്നമതിത്വത്തേയും പ്രഭാവാതിശയത്തേയും അനുമോദിക്കുകതന്നെ വേണ്ടേ?

വള്ളത്തോളിന്റെ നായികമാരെക്കുറിച്ചു് ഒരാക്ഷേപമുന്നയിക്കപ്പെട്ടു് കണ്ടിട്ടുണ്ടു്. അവർ ''സമഗ്രവ്യക്തിത്വത്തോടുകൂടി നമ്മുടെ മനസ്സിൽപ്പതിയുന്നില്ല, അവർക്കു് വല്ല ചലനവുമുണ്ടെങ്കിൽ, അതു് ആ സ്തനനിതംബകബര്യാദികളുടെ ചലനം മാത്രമാണു്, ആ ചലനത്തിൽ വെച്ചാണു് അവർ ജീവിക്കുന്നതു്'' എന്നു്—2—എന്തോ!. ഇവിടെ ഈ നായർ യുവതിയുടേയും സ്തനനിതംബകബരികം ചലിക്കുന്നുണ്ടു്; ആ ചലനങ്ങം കവി കൺകുളിർക്കെ കാട്ടിത്തരുന്നുമുണ്ടു് എങ്കിലും അതു മാത്രമാണോ അവളുടെ ചലനം? അതിനപ്പുറം ഒരു ചലനത്തിനും അവം ആളല്ലെങ്കിൽപ്പിന്നെ, 'ആ ജളക്രൂരൻതൻ നെടുതാം കഴത്തിലൊരു വെട്ടുക്കിട്ടവെട്ടി'യതെങ്ങനെ? ആ വെട്ടിന്റെ ചലനമുണ്ടല്ലോ—അതല്ലേ യഥാർത്ഥത്തിൽ അനുവാചകനിൽ കാതലായ അനുചലനം സൃഷ്ടിക്കുന്നതു്? തരളമായ താരുണ്യവും തളിർത്തു് തഴച്ച ലാവണ്യവും മാത്രമല്ല, തന്റേടം തികഞ്ഞൊരു ഹൃദയവും ആ നായർ സ്ത്രീയിൽ തുടിക്കുന്നു—'കമലത്തണ്ടൊത്ത കയ്യിലേന്തു് പേർകേട്ട പൂർവ്വികരുടെ ക്ഷത്രിയരക്തം അടിയുറഞ്ഞി ഉഷ്ണപ്പാ'യിക്കുന്ന തനിക്കു്താൻ പോരിമയാർന്നൊരു ഹൃദയം. അതു കാണാതിരിക്കുന്നതു് കാഴ്ചക്കേടാണെന്നേ കരുതാൻ കഴിയൂ.

II

അഥവാ, ആ നായർ യുവതിക്കു് മാത്രമല്ല, വള്ളത്തോളിന്റെ മിക്ക നായികമാർക്കും കാണാം ഈയൊരു തനിക്കുതാൻ പോരിമ. ഇതു് തീരെയില്ലാത്തതു്, ഒരുവേള, 'ചിത്രയോഗ'ത്തിലെ താരാവലിക്കു് മാത്രമായിരിക്കും. 'ഗണപതി'യിലെ പാർവ്വതിക്കും, ഒരു നായികയെന്ന നിലയിൽ സാക്ഷാൽക്കാരസമർത്ഥമായ സവിശേഷചൈതന്യം കൈവരുന്നുണ്ടോ—സംശയമത്രെ. 'വെണ്ണതോൽക്കുമുടലിൽ സുഗന്ധിയാമെണ്ണതേച്ചരയിലൊറ്റമുണ്ടമായു് തിണ്ണമേലമരുമന്നതാംഗി' മിഴികംക്കുത്സവമേകിയാൽത്തന്നേയും, മിഴിവുറ്റൊരു ഭാവത്തിന്റെ മികച്ച പരിവേഷം ആ നതാംഗിക്കില്ല. പിൽക്കാലത്തു് 'ശിഷ്യനും മകനും' കാണിച്ചുതരുന്ന പാർവ്വതിയുണ്ടല്ലോ, അവളെപ്പോലെ ആളിപ്പടരേണ്ടൊരു സന്ദർഭത്തിൽ ഈ പാർവ്വതി ചെയ്യുന്നതെന്താണെന്നോ:

''സ്തനവ്യാപാദകോപം തടവിന ശിവതൻ
മെയ്യിൽനിന്നക്ഷണംതാൻ
ഭാനുശ്രീശക്തിസാഹസ്രകമുലകുതി—
സ്ഥായ്പ്പുറപ്പെട്ടവീണ്ടും
വാനും മന്നും നിറഞ്ഞുൽക്കടമിളകിടവേ,
നിർജ്ജരർഷീന്ദ്രർ ഭക്തി—
ത്തേനുഞ്ചേരുംസ്തവത്താലൊരുവിധമഹി—
ഭൽക്കാന്തയെശ്ശാന്തയാക്കീ''
(പദ്യം 95)

എന്നു് മഹാകവി അതു് ശരിക്കും 'ശ്ലോകത്തിലൊതുക്കു'ന്നു. അങ്ങനെ ആകക്കൂടി ആ കഥാപാത്രത്തിന്റെ കാര്യത്തിൽ ഭാവം നന്നെ അസ്സ്ടമാണു്. എന്നാലും വല്ല ഭാവമുണ്ടെങ്കിലോ—അതിനെ തന്റേടം എന്നു് അസന്ദിഗ്ദ്ധമായി വിശേഷിപ്പിക്കയുമാവാം.

അതെ, പല പാകത്തിലും പശ്ചാത്തലത്തിലുമുള്ള വള്ളത്തോം നായികമാർ പരക്കെ പങ്കിട്ടന്ന ഒരു ധർമ്മമത്രെ ഈ തന്റേടം. വള്ളത്തോളിന്റെ പ്രശസ്ത ഖണ്ഡകാവ്യങ്ങളിലെ നായികമാരിൽ ഏറെപ്പേരും ഈ തന്റേടത്തിന്റെ പ്രകൃഷ്ടമാതൃകകളത്രെ. പാർവ്വതി (ശിഷ്യനും മകനും) ഉഷ (ബന്ധനസ്ഥനായ അനിരുദ്ധൻ) എന്നിവരെസ്സംബന്ധിച്ചിടത്തോളം ഇതു് വിശേഷിച്ചു വിവരിക്കേണ്ടതേയില്ല. 'ഉടൻ മഹാദേവിയിടത്തുകയ്യാലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കു'ന്ന ആ ചിത്രം മലയാള കവിത കണ്ട തന്റേടക്കാരികളുടെ ചിത്രങ്ങളിൽ ഏറ്റവും തേജോമയമായ ഒന്നുതന്നെ. ആ നോക്കു പോരെങ്കിൽ, 'പാർശ്വസ്ഥനാകും പതി'യോടു് അവളരുളുന്ന വാക്കുകൂടി ശ്രദ്ധിച്ചാൽ മതി, പാർവ്വതിയുടെ പരമോജ്ജ്വലമായ വ്യക്തിത്വം മറക്കാനേ വയ്യാത്തവിധം മനസ്സിൽ പതിയാതിരിക്കയില്ല.

ഉഷയുടെ നിലയും വിഭിന്നമല്ല. 'മാലേന്തിവാടി' 'മന്ദിതചേഷ്ടയായി, ആലേഖ്യരൂപിണി കണക്കാ'ണു് അവം അവതരിപ്പിക്കപ്പെടുന്നതു്. എന്നാൽ കുംഭാണ്ഡനെ കാണുന്നതോടെ, ആ അവശതയൊക്കെ മറന്നു്, എന്തൊരന്തസ്സോടെയാണു് അവം സംസാരിച്ചു തുടങ്ങുന്നതു്!—സ്വാഭാവികമായും, എങ്ങനെ തുടങ്ങണമെന്നു് ശങ്കിച്ചു് ഒന്നു കുഴങ്ങുകയുണ്ടായി. (പദ്യം 11) എന്തു പറയുന്നു എന്ന ഉൽക്കണ്ഠയോടെ ഉറ്റുനോക്കിനിൽപ്പാണു് തോഴിമാർ (12). ഈ ഉൽക്കണ്ഠ അനുവാചകനേറെയും അനുഭവമത്രെ. സന്ദർഭത്തിന്റെ അത്യന്തസമ്മർദ്ദത്തിനും സഹജമായ അഭിജാതസ്വഭാവത്തിനും അനുരൂപമാവുമോ അവളുടെ വാക്കുകം?....അങ്ങനെ ഒരു നിമിഷം—അതിനിടെ ഒരു നെടുവീർപ്പും (14) ഒരു ചുട്ടനോട്ടവും (15) തുടർന്നു് ഉഷയുടെ വാക്കാണു്:

2. മനുഷ്യ കഥാനുഗായികം (ഭാ. 63). മുണ്ടശ്ശേരി

''ഹാ, ജന്യസീമ്നിപലയോധഗണത്തെ
യൊറ്റ—
യ്ക്കോജസ്സുകൊണ്ടു വിമഥിച്ച യുവാവുതന്നെ
വ്യാജപ്പയറ്റിൽ വിജയിച്ചരുളുന്ന ദൈത്യ—
രാജന്നെഴും സചിവപുംഗവ, മംഗളം തേ!'' (16)

ആ ഒരൊറ്റ സ്വാഗതംതന്നെ അവളെ അനശ്വരയാക്കുന്നു. അവിടന്നങ്ങോട്ടും അളന്നു് മുറിച്ചെടുത്ത അവളുടെ വാക്കുകൾക്കു് എന്തൊരപൂർവ്വചൈതന്യമാണു്! ഒട്ടുക്കം മന്ത്രിവൃദ്ധനിൽ നിന്നു് മൗനാനുവാദം നേടി നേരെച്ചെന്നു് 'പാറാവുകാർ സപദി സംഭ്രമകമ്പമേന്തും മാറു' തുറന്ന തുറുകിന കത്തു കടക്കുന്നു, ആപച്ഛങ്കിയായ അനിരുദ്ധനോടു്

''ദുപാകർട്ടെയച്ഛനരിശപ്പെടുമെന്ന കാര്യം:
സ്ത്രീകൾക്കു് ഭർത്തൃസഹചര്യ വെടിഞ്ഞിടാ
മോ?'' (58)

എന്നു് അചഞ്ചലമായി നീതിവാദം നടത്തുന്നു... അതെ, നമ്മുടെ കവിതയിൽ അത്ഭുതകരമായ ആത്മവൈഭവംകൊണ്ടു് അവിസ്മരണീയങ്ങളായ ഏതാനും കഥാപാത്രങ്ങളിൽ ഉഷ ഏറക്കുറെ ഒരനന്യംതന്നെയാണു്*

ശകുന്തളയും ('അച്ഛനും മകളും') ചമ്പകവല്ലിയും ('കൊച്ചുസീത') തന്റേടക്കാരികളാണെന്നു പറയുമ്പോഴും താരതമ്യേന അത്രതന്നെ വ്യക്തമായി എന്നുവരില്ല. ഒന്നു് അവശയായൊരു സാധ്വി, മറ്റതു് അപകടയായൊരു തരുണിയും. എങ്കിലും അവർക്കുമുണ്ടു് അതാതു് സന്ദർഭത്തിൽ അടിപതറാത്ത ആത്മബോധം. 'അത്തലിന്റെ സ്വരൂപ'മാണു് ശകുന്തള; അച്ഛനെ ആത്മവൃത്താന്തമറിയിക്കുന്നതിനിടെ 'സങ്കടം പൊറാഞ്ഞവൾ തെല്ലിട തേങ്ങിക്കേണു' പോവുന്നു. അതൊക്കെയായാലും, ദുഷ്യന്തനെ ശപിക്കാൻ വിശ്വാമിത്രനയർത്തിയ ഉരുക്കുമുഷ്ടി തക്കസമയത്തവൾ തടുക്കാതിരിക്കുന്നില്ല. കുതിച്ചുകയറുന്ന ആ കോപത്തെ

''അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേവേണ്ടൂ''

എന്നു് കുറിക്കു് കൊള്ളുന്ന വാക്കുകൊണ്ടു് കെട്ടുക്കാതെയുമിരിക്കുന്നില്ല. ചമ്പകവല്ലിയാവട്ടെ, നിസ്സഹായയാണെന്നറിഞ്ഞിട്ടും വിധിക്കു് നിശ്ശബ്ദം കീഴടങ്ങുകയല്ല. ആത്മഹത്യയെങ്കിൽ ആത്മഹത്യ—അതിൽ അഭയം തേടിയിട്ടെങ്കിലും വിധിയെ നിശ്ചയദാർഢ്യത്തോടെ നിഷേധിക്കുതന്നെയാണു്. എന്നല്ല അന്നുരാത്രി അത്രമേൽ പരിഭ്രമിച്ചു് വീട്ട വിട്ടന്നതിനിടയിലും, 'ചേല്യറ ചേലയാൽ നീളൻ തലയണയെ മൂടിവെച്ചു്' അങ്ങനെ ചെട്ടിയാരെ വിഡ്ഢിയാക്കാൻമാത്രം കൗതുകശീലവും അവൾ കാണിക്കുന്നുണ്ടു്.

III

ഇതു് ഖണ്ഡകാവ്യങ്ങളിലെ നായികമാരുടെ കാര്യം. ഖണ്ഡകവിതകളിലേയ്ക്കു കടന്നാലോ: വെട്ടിത്തിളങ്ങുന്ന വ്യക്തിത്വമുള്ള പല നായികമാരേയും അവയിലും കാണാം. 'കള്ളനു സമ്മാനം'ത്തിലെ (സാഹിത്യമഞ്ജരി രണ്ടാം ഭാഗം) ആ 'കമിഴ്ന്നു കിടക്കുന്ന കമിനി' ഇവിടെ ഒരപവാദമാണു്. അവൾ മലർന്നിട്ടും കാര്യമില്ല: മറ്റു് സഹോദരിമാരുടെ മുന്നിൽ എങ്ങനെ മുഖം കാണിക്കും—കള്ളന്റെ നിഴൽ അറയുടെ മൂലയ്ക്കു കണ്ട പ്പോഴേയ്ക്കും കാതരയായി അത്രനേരം കാണിച്ച നിശ്ചയദാർഢ്യമൊക്കെ കാറ്റഴിത്തു് തുളിച്ച വിളറി വിറയ്ക്കുന്ന ആ മുഖം! 'ജാതിപ്രാഭവ' (സാ. മ. ഏഴാംഭാഗം) ത്തിലെ ഗൗരിയാവും, ഒരുപക്ഷേ, മറെറാരപവാദം. അത്രയ്ക്കുഗതിയായതിനാൽ താൻ പണ്ടിറങ്ങിപ്പോന്ന കഴിഞ്ഞ ആ സ്വന്തം ഭവനത്തിലേയ്ക്കു്, അവിടെ ഇന്നു് തന്റെ പേർ നഞ്ഞായിക്കഴിഞ്ഞിരിക്കേ, അവൾ അഭയാർത്ഥിനിയായിച്ചെല്ലുന്നു. അതു് വല്ലാത്തൊരവശതയായിപ്പോയി. അഥവാ, ആ കവിതയിൽ ഗൗരിയല്ലല്ലോ, ജാതിയാണല്ലോ, കഥാപാത്രം!

അതുപോട്ടെ; അപവാദങ്ങളെ അവഗണിച്ചു് ഉത്സർഗ്ഗങ്ങളെ ഉദാഹരിക്കാം ഇവിടെ. 'ഒരു വീരപത്നി' (സാ. മ. ഒന്നാംഭാഗം) തന്നെയാവട്ടെ ഒന്നാമത്തെ ഉദാഹരണം.

സച്ചിത്രവസ്ത്രക്കംകൊണ്ടഴകാർന്ന പൂ—
മച്ചിന്നകത്തൊരു മഞ്ചംചാരി,
എന്തോ വിചാരത്താൽ സ്തബ്ധയായ്മേവുന്ന
ചെന്താണ്ടിവായ്മലരാളൊരുത്തി:
ശീമയിൽപ്പേർകേട്ട ശില്പികം തീർത്തോരു
കോമളതങ്കപ്പെൺപാവപോലെ'' എന്നു് അവളെ അവതരിപ്പിച്ചിരിക്കുന്നു. അതു കാണുമ്പോഴും, ആ വിചാരം ആത്മകാന്തന്റെ ആസന്നവിരഹത്തെച്ചൊല്ലിയാവുമെന്നേ സാധാരണനിലയിൽ പ്രതീക്ഷിക്കുള്ളൂ. അസാധാരണമാണു്, പക്ഷേ, അവളുടെ നില. അവൾ മാഴ്കുന്നതു്, 'പോർകളിൽ പ്രോത്സാഹശാലി' യായ നാഥൻ പോകുന്നതോർത്തല്ല; പോകാതിരുന്നാലോ എന്നായിരുന്നു അവളുടെ ശോകവും ഭീതിയും. ഭർത്താവിന്റെ വീരപ്രശസ്തിക്കു് താൻനിമിത്തം മാലിന്യം വന്നു

---

*''പല വഴിക്കും അസാധാരണ ശോഭയോടെ മിന്നിത്തിളങ്ങുന്ന ഒരു നായികയാണു് വള്ളത്തോളിന്റെ ഉഷ. അദ്ദേഹത്തിന്റെ ശില്പകലയുടെ വിജയവൈജയന്തിയാണവൾ''എന്നു് ശ്രീ പി. ദാമോദരൻപിള്ള സമർത്ഥിക്കുന്നു. (വള്ളത്തോളിന്റെ കാവ്യശില്പം: മാ.—73—ദീപാന്തികം) തുടർന്നു്, സ്ത്രീയുടെ വർഗ്ഗസിദ്ധികളായ അപത്യവാത്സല്യം, പ്രണയം എന്നിവയുടെ അത്യുജ്വല മാതൃകകളാണു് യഥാക്രമം പാർവ്വതിയും ഉഷയും എന്നും അദ്ദേഹം ഉപപാദിക്കുന്നുണ്ടു്.

ചേരുന്നതു് അസഹ്യമത്രെ. അതിനാൽ അസ്വാസ്ഥ്യം കടിച്ചമർത്തിക്കൊണ്ടു് അവരം അദ്ദേഹത്തെ യാത്രയാക്കുന്നു:

''ആകയാൽ വൈരിജയത്തിനായ് നിശ്ശങ്കം
പോക; തേ മംഗളമാക മാർഗ്ഗം!''

'ധീരപ്രശാന്ത'മായ ആ 'ഉദാരവാക്യം' അയാളുടെ 'ചോരക്കഴലുകരംകു' ചൂട്ട'പകരുന്നു, 'ഓരോ ഞരമ്പിനും വേറെ വേറെ നൂതനമായൊരു കെല്പ' രുളുന്നു. അകമുലയുമ്പോഴും അവശരാകാതെത്തന്നെ പ്രാണനാഥരെ അടർക്കളത്തിലേയ്ക്കയച്ചിരുന്ന സംഘകാലാംഗനമാരുടെ സമുജ്ജ്വലപാരമ്പര്യം നമ്മുടെ ചരിത്രത്തിൽ ഉദ്ഘോഷിക്കപ്പെട്ടുന്നു. ആ പാരമ്പര്യത്തിന്റെ പരിവേഷമണിഞ്ഞവളാണു് ഈ വീരപത്നിയും.

ഇനി ശ്രദ്ധേയയായ നായിക നാഗിലയത്രെ. വാസുവത്തിൽ കാതലായും നായകന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു് രചിക്കപ്പെട്ടതാണു് ആ കവിത. എന്നിട്ടും അതിന്നു നായികയുടെ പേരിട്ടിരിക്കുന്നു. കാരണം, ഒരൊറ്റ നിമിഷം മതി, നായിക നായകനെ നിഷ്പ്രഭനാക്കുന്നു. അത്രത്തോളം നിരുപമമാണു് അവളുടെ നിശ്ചയദാർഢ്യത്തിന്റെ തേജസ്സു്. 'മുക്തിപദങ്ങളായ മുന്യാശ്രമസ്ഥലികരം വിട്ടു് സംസ്കൃതിയിലേയ്ക്കു തിരിച്ചുപോന്ന സന്യാസി'യായ ഭവദേവൻ മുഴുത്ത വികാരഭ്രാന്തിയോടെ ആശ്ലേഷിക്കാൻ നീട്ടിയ കൈകളെ അവരം നിരസിക്കുന്നു:

''തൊടായ്ക മാം, നാഥ, തൊടായ്ക സക്തി തേ
പെടായ്ക കൈവിട്ട നികൃഷ്ടവസ്തുവിൽ'!'

(സാ.മ. അഞ്ചാംഭാഗം 'നാഗില' III പദ്യം 12)

അവളുടെ ഈ വാക്കുകളെ 'സ്ഖടാദരസ്നേഹം' എന്നു് മാത്രമല്ല, 'ഉത്കണ്ഠനം കെടാതെ' എന്നു കൂടി അർത്ഥഗർഭമായി മഹാകവി വിശേഷിപ്പിക്കുന്നുണ്ടു്. ഭവദേവന്റെ ഞെക്കിപ്പഴുപ്പിച്ച സന്യാസത്തിനു് പരിപാകമരുളുന്നതു് ആ വാക്കുകളത്രെ.

ആശാന്റെ നളിനിയെപ്പോലെ ആത്മഹത്യയുടെ അഗാധതയിലേയ്ക്കു് അസംശയമായി ആണ്ടിറങ്ങുന്നൊരു നായികയെ വള്ളത്തോളും ആവിഷ്കരിച്ചിട്ടുണ്ടു്—'പരീക്ഷയിൽ ജയിച്ച' എന്ന പ്രഖ്യാതകൃതിയിൽ. (സാ. മ. നാലാം ഭാഗം) അർദ്ധരാത്രിക്കു്, 'പാരെല്ലാം പൊതിഞ്ഞ കൂരിരുളിലും മറയാത്ത താരകാസമുജ്ജ്വല'മായ ഭർത്തൃസ്നേഹത്തിന്റെ അന്തശ്ചോദനകൊണ്ടു് ആ നായിക ഇറങ്ങിയെത്തുന്നു—കടലിലെ 'പിമ്പോട്ട പോമലച്ചാർത്തി'ൽ 'വിരിച്ചളിഞ്ഞോരു മെത്തയിൽപ്പോലെ' കമിഴ്ന്ന കിടക്കാൻ—ഒട്ടക്കം അവരം അത്ഭുതകരമായി രക്ഷപ്പെടുന്നു. ഒരു നിലയ്ക്കു് അവിശ്വാസ്യംതന്നെയാവുന്ന ആ പരിണാമത്തെ അവളുടെ അപൂർവ്വധീരതയ്ക്കു് ലഭിച്ച അത്ര വിലപ്പെട്ട സമ്മാനമായിക്കരുതിയാൽ മതി.

മറക്കാനാവാത്ത മറ്റൊരു നായികയെ 'ഹരേ, കൃഷ്ണ!' എന്ന കവിതയിൽ കാണാം (സാ. മ. ഏഴാം ഭാഗം)

''അശ്രുവാർത്തീലെന്നല്ല, വിട്ടതില്ലൊരു
വീർപ്പും
—അത്തലിൻ ചെറുതായൊരാവിയും—വെ
ളിയ്ക്കുവം;
തല തെക്കോട്ടായന്ത്യവസ്ത്രാച്ഛാദനത്തോടേ
നിലത്തുകിടക്കുന്ന ഭർത്താവിൻ മൃതദേഹം
ചലനരഹിതയായ് നോക്കുകമാത്രം ചെയ്യാം,
തലയ്ക്കൽ വെയ്ക്കപ്പെട്ട വിളക്കിൻ ജ്വാല
യ്ക്കൊപ്പം!''

എന്നു് ആരംഭത്തിൽത്തന്നെ അസാധാരണമായൊരു വികാരചൈതന്യത്തെ ആ കവിത അനാവരണം ചെയ്യുന്നു. അത്രയും നിബിഡമായ ദുഃഖം അവളെങ്ങനെ പരിഹരിക്കുന്നുവെന്നോ: ഓടിപ്പോയി ഒന്നോലോലം മുങ്ങിവന്നു, ഭർത്താവിന്റെ ചിതയെ മൂന്നരു വലംവച്ചു് ഒട്ടക്കം അതിലേയ്ക്കു കയറി, 'അല്പൽ വിട്ടവസാനക്കട്ടിലിൽക്കിടപ്പായ വല്ലഭ'നു് തന്റെ ഉത്സംഗം ഉപധാനമാക്കുന്നു; എന്നിട്ടു്,

''നഷ്ടജീവിത ഞാനും നാഥന്റെ നിര്യാണത്താൽ;
ഒട്ടമേ മടിക്കേണ്ടാ ശവദാഹത്തിനു''

എന്നു് മടിച്ചും മാഴ്കിയും നിൽക്കുന്ന ബന്ധുക്കളോടു് വിളിച്ചു് പറയുന്നു, നിവൃത്തിയില്ലാതെ അവരങ്ങനെ ചെയ്യുന്നു. പുകഞ്ഞും ജ്വലിച്ചും പിടഞ്ഞും കത്തിയമരുന്ന ചിതയുടെ നടുക്കുനിന്നു് അല്പനേരത്തേയ്ക്കു് 'ഹരേ കൃഷ്ണ—കേശവ, ഹരേ, കൃഷ്ണ' എന്നൊരു പാട്ട കേൾക്കായത്രെ. അചഞ്ചലമായ ആത്മദാർഢ്യംകൊണ്ടു് 'പരീക്ഷയിൽ ജയിച്ച' മുഖവത്തിയെ പതിന്മടങ്ങു് അതിശയിക്കുന്നുണ്ടു് ഈ നായിക. ഈ കവിതയെ സംബന്ധിച്ചേടത്തോളം സമാപനം അവിശ്വാസ്യമാവുന്നുമില്ല. ആകക്കൂടി, 'ഹരേകൃഷ്ണ' എന്നു് പട്ടടയിൽ നിന്നുയരുന്ന ആ പവിത്രഗാനമുണ്ടല്ലോ, അതു് വല്ലാത്ത ഒരനുഭൂതി തന്നെ. സതി ഒരനാചാരമാണു്. സാധാരണമട്ടിൽ നിർബ്ബന്ധപൂർവ്വംഅടിച്ചേല്പിക്കപ്പെടുമ്പോഴോ. എന്നാൽ നിഷ്കൃഷ്ടമായ ഒരന്തർദ്ദാഹത്തിന്റെ അദമ്യപ്രേരണയാൽ അനുഷ്ഠിക്കപ്പെടുമ്പോഴോ—അസാധാരണമട്ടിലുള്ള ആ സതി ആരാധ്യംതന്നെയാവുന്നു.

'ഹരേ കൃഷ്ണ'യിലെ നായികയ്ക്കു് ആത്മഹത്യ ഒരന്തിമനിർവൃതിയാണെന്നിരിക്കേ, 'ഒട്ടക്കത്തെക്കുറിപ്പി'ലെ (സാ. മ. ആറാംഭാഗം) ഭാമയെസ്സംബന്ധിച്ചിടത്തോളം അതൊരു ധാർമ്മിക പ്രതികാരമത്രെ—'സ്വതന്ത്രനായ പുമാനു് അംഗനമാരെ സ്വൈരം, ഹന്ത, കൈക്കൊള്ളുകയും തള്ളുകയും' ചെയ്യാവുന്ന സാമൂഹ്യനീതിയോടു് അ

വം രേഖപ്പെടുത്തുന്ന തേജോമയമായ പ്രതിഷേധം. രണ്ടായാലും, അതിലടങ്ങിയ അസന്ദിഗ്ധമായ ആത്മവൈഭവം അംഗീകരിക്കതന്നെ വേണമല്ലോ.

ആദരാനുശാസിയായ ഇത്തരമൊരാത്മവൈഭവം മറെറാർത്ഥത്തിലാണെങ്കിലും, 'ഒഴക്കിൽപ്പോയ കവിത'യിലെ (സാ. മ. ആറാംഭാഗം) ആ ഹോംക്കരരാജ്ഞിക്കുപോലുമുണ്ട്. പൊള്ളക്കവികളുടെ വിടുവായത്തം കേട്ട് പൊങ്ങച്ചം ഭാവിക്കുന്നവരാണല്ലോ അധികാരികളിലധികം പേരും. എന്നാൽ ഈ രാജ്ഞിയോ, അതിശയോക്തിയുടെ അസംബന്ധജല്പനങ്ങൾകൊണ്ട് തനിക്കപദാനം ചമച്ച ആ കവിയെ കണക്കിനു തന്നെ സൽക്കരിക്കുന്നു—ഒഴുക്കുതികയ്ക്കുന്നായി അയാളുടെ കവിതയെ നമ്മദയിൽ നിക്ഷേപിച്ചുകൊണ്ട്!

എന്തിനേറെ, 'പട്ടിൽപ്പൊതിഞ്ഞ തീക്കൊള്ളി'യിലെ (സാ. മ. രണ്ടാംഭാഗം) അഭിസാരികയായ ആ അന്തർജനമുണ്ടല്ലോ, ഒരാദർശനായികയല്ലെങ്കിലും, അവരംക്കുമുണ്ട് അടിപതറാത്തൊരു തൻേറടം. 'ചട്ടററ കക്കടകമാസി കറുത്ത വാവു''; അന്നത്തെ കാളരാത്രിയിൽ കയ്യിൽ കടക്കൊള്ളിയും മിന്നിച്ചു ക്രൂസലൊന്നും കൂടാതെ കാമുകൻെറ കുടിലിലേയ്ക്കു കടന്നുചെല്ലുകയാണവരം. ചെന്ന നേരെ വാതിലിൽ മുട്ടുന്നു. അവരംക്കുവേണ്ടി വാതിൽ തുറക്കുന്ന പുരുഷൻ, പാവം, അസാരമൊന്നു പകച്ചുമിഴിച്ചുനിൽക്കുന്നുണ്ട്. പക്ഷേ അവളെ അങ്ങനെയൊരു ഭാവം തീണ്ടുന്നതേയില്ല. 'പൂതോററ പാണിയിണകൊണ്ടു പുതപ്പെടുത്തു കാൽ തോർത്തിയ' ആ കമനി, 'തിരുമനസ്സു മനസ്സിലില്ലേ' എന്ന അയാളുടെ ചോദ്യത്തിനു 'ആലത്തിയൂർക്കവിലിനായ് നടകൊണ്ടേ' എന്നുത്തരം കൊടുത്തു, അതേപടി അകം പൂകുകയാണു. എത്ര പ്രഗത്ഭമായ പെരുമാററം!.

പ്രഗത്ഭയായ ഈ അന്തർജനത്തിൻെറ നിറം കുറച്ചാണെങ്കിൽ, വെളുപ്പിൽ വരച്ച വേറൊരന്തർജനമുണ്ട് വള്ളത്തോൾ നായികമാരുടെ കൂട്ടത്തിൽ. (ബഹിഷ്കൃതമായ അന്തർജനം—സ്ത്രീ). അവരും ഒരു നിലയ്ക്കു പ്രഗത്ഭതന്നെ. സത്യശ്രദ്ധയായ അവർ സപതീമത്സരത്തിൻെറ ഫലമായി സ്മാർത്തവിചാരത്തിനിരയാവുന്നു. ആ ദുർഘടനരകത്തിൽ നിന്നു മോചനം നേടാൻ ഭർത്സനമായി ജാരസംസർഗ്ഗമുണ്ടായിട്ടുണ്ടെന്നു നുണപറയേണ്ടിവന്നുവെങ്കിലും, നേടിയ മോചനം അത്രമേൽ സ്വാഗതാർഹമായി അനുഭവപ്പെടുന്നു. അതുവഴി തൻെറ ജീവിതത്തിനൊരു കാറ്റും വെളിച്ചവും തട്ടാറായല്ലോ. അതിനെത്തുടർന്നു അവർ സ്വതന്ത്രജീവിതം നകരുന്നു—'ഓട്ടകങ്കണമുരിക്കളഞ്ഞാലും നാട്ടിനായ്ത്തൊഴിൽ ചെയ്വാൻ ലാഘവം വന്ന' സ്വന്തം കൈകളെ വിശ്വസിച്ചുകൊണ്ടു.

സ്വാശ്രയശീലത്തിൻെറ ഉത്തമദൃഷ്ടാന്തമായ ഈ അന്തർജനം, ഒരുപക്ഷേ, വള്ളത്തോൾ നായികമാരുടെ സാമാന്യപശ്ചാത്തലത്തിനു കാലാന്തരത്തിൽ സംഭവിക്കുന്ന ഒരു പരിവർത്തനത്തിൻെറ കൂടി ദൃഷ്ടാന്തമാണെന്നു തോന്നുന്നു. മഹാകവിയുടെ നായികമാരിൽ അധികം പേരും ഇന്നതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പഴയ മലയാളാന്തരീക്ഷത്തിലെ അവതാരങ്ങളത്രെ—തൻേറടികളും തറവാടികളുമെന്നു വിളികൊണ്ട അന്നത്തെ കേരളീയതരുണിമാരുടെ തനിരൂപങ്ങളാം. (അദ്ദേഹം അവതരിപ്പിച്ച പുരാണനായികമാരിൽ സംക്രമിപ്പിച്ചുകാണുന്ന പുതുചൈതന്യംപോലും പൂർണ്ണമായിത്തന്നെ കേരളീയമാണെന്നു പറയാം) പരിമിതമായ ഒരു വലയത്തിനകത്തു പല പരതന്ത്രതകളിൽ കുടുങ്ങിക്കിടക്കുകയാവാം അവരുടെ ജീവിതം. എന്നാലും ശരി, അവഗണിക്കാനാവാത്ത ഒരാത്മതേജസ്സു അവരിൽ ജ്വലിച്ചുകൊണ്ടിരുന്നു. അതു സഫലമായി ആവിഷ്കരിച്ചിട്ടുമുണ്ട് അദ്ദേഹം. ഇപ്പോഴം സാർവ്വത്രിക വിദ്യാഭ്യാസവും സാമൂഹ്യസമത്വവും ഒക്കെ നേടി സ്ത്രീസമുദായം ഒന്നുകൂടി ഉദ്ബുദ്ധമായിക്കഴിഞ്ഞു. ഈ ഉദ്ബുദ്ധതയുടെ ചില ഉദയകിരണങ്ങളം 'ബഹിഷ്കൃതമായ അന്തർജനം'ത്തിൽ ഒളി വിതറുന്നു. 'മദിരാശിക്കടൽപ്പുറ'മാണു (സ്ത്രീ) ഈ പ്രകൃതത്തോടു ബന്ധപ്പെടുത്തി സ്മരിക്കാവുന്ന മറെറാരു കവിത. അവിടെനിന്നുകൊണ്ടു മുകളിലുള്ള ആകാശത്തിലും മുന്നിലുള്ള അലകടലിലും സ്വാതന്ത്ര്യത്തിൻെറ അനന്തവിസ്തൃതി നിരീക്ഷിക്കുന്ന കവി ഒന്നു പിൻതിരിയുമ്പോം ഒരു വിധവാലയം കാണുന്നു. അവിടത്തെ 'നിർഭരതാരുണ്യമാ'രുടെ നിറംമങ്ങിയ നിഹതജീവിതത്തെക്കുറിച്ചു തുടർന്നു ചിന്താകുലനാകുന്ന അദ്ദേഹം ഒടുക്കംനിരാശരാവാനില്ലെന്നു അവരെ സമാശ്വാസിപ്പിക്കുന്നുണ്ടു:

> ''ഭദ്രേസഹോദരിമാരേ, ഗൃഹോപാന്ത—
> രത്ര്യതൻ വൈദ്യുതദീപങ്ങംപോലവേ
> നോക്കാൻ തുടങ്ങിയിരിയ്ക്കുന്നു, നിങ്ങംതൻ
> നേക്കു ജഗത്തിൻ പ്രബുദ്ധങ്ങം ദൃഷ്ടികം.''

ഏതായാലും ഈ പരിണാമത്തിൻെറ ആവശ്യവും അനുഗ്രഹവും ഒന്നു സൂചിപ്പിക്കുന്നതുവരെ മാത്രമേ വള്ളത്തോളിൻെറ നായികാസങ്കല്പം എത്തിയിട്ടുള്ളൂ. അതിൽക്കവിഞ്ഞു ഈ പരിണാമം ആത്മസാൽക്കരിച്ചുകഴിഞ്ഞ ആധുനികവനിതകളെയൊന്നും, സ്വാഭാവികമായും, അദ്ദേഹം അവതരിപ്പിച്ചിട്ടില്ലെന്നു തോന്നുന്നു.

IV

ഇതുവരെപ്പറഞ്ഞുവന്നതു വള്ളത്തോൾ നായികമാരുടെ തൻേറടത്തെക്കുറിച്ചാണല്ലോ. തൻേറടം അസാരം പുരുഷമായ ഭാവമാണെന്നു തോന്നുന്നുവെങ്കിൽ, അതിനെതിരെ അത്രമേൽ മൃദുലമായ

ഭാവവും അവരിൽച്ചിലർക്കു് കാണാവുന്നതാണല്ലോ. തരളമായ അത്തരം തനിസ്ത്രൈണസ്വഭാവത്തിന്റെ തത്സ്വരൂപമല്ലേ മശലനമറിയം? അവരെ മൂലകഥയിലെ നായികയോളം പ്രൗഢയല്ലെന്നും, അവളോടു് കവിക്കുള്ള അനുകമ്പ ആ കാവ്യത്തിലൂടനീളം പ്രകടമാണെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ടു്. 8. ശരിയാണു്, മാർട്ടവത്തോടൊക്കെ അനുകമ്പയെന്നല്ല, അഭിനിവേശംതന്നെ ഉണരുന്ന ഒന്നായിരുന്നുവല്ലോ മഹാകവിയുടെ മാനസികഘടന. ആ സൗന്ദര്യകൃതുകിയുടെ ഈ സഹജസ്വഭാവംകൊണ്ടു് അനുഗൃഹീതകളായ ഏതാനും നായികമാരെ ഖണ്ഡകവിതകളിലും കാണാം. ഇവിടെ ആദ്യമായി അനുസ്മരിച്ചുപോവുന്നതു് 'വിലാസലതിക'യിൽ ആവിഷ്ക്കരിച്ചിരിക്കുന്ന ആ അനശ്വരചിത്രമാണു്.

''ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്,—
ത്തൻമന്ദിരത്താഴ്വര—
ത്തുണാലൊട്ട മറഞ്ഞുനിന്ന, നെടുതാം
വീർപ്പിട്ടുകൊണ്ടങ്ങനെ,
'കാണാം താമസിയാതെ'യെന്നൊരു വിധം
ബന്ധുക്കളോടോതിട്ടം
പ്രാണാധീശനെയശ്രുപൂർണ്ണമിഴിയാൽ
നോക്കുന്ന മയ്ക്കണ്ണിയാം.
(പദ്യം—12)

ഒരൊറ്റ മുക്തകം, എങ്കിലും അതിന്റെ ചിമിഴിൽ അടങ്ങിക്കിടക്കുമ്പോഴും ആ ചിത്രം മുഗ്ധാസ്വഭാവത്തിന്റെ സ്നിഗ്ധതാരള്യം ചിതറാതിരിക്കുന്നില്ല. 'ഒരു ക്ഷമാപണ'ത്തിലെ (സാ. മ.അഞ്ചാംഭാഗം) നായിക, 'വീരശൃംഖല'യിലെ (വീരശൃംഖല) ആ നവോഢയും തോഴിയും—ഇവരൊക്കെ ഈ പ്രകൃതത്തിൽ പ്രസക്തങ്ങളായ മറ്റു് മനോഹരമാതൃകകളത്രെ. പ്രേമത്തിനു് പ്രേമം, നാണത്തിനു് നാണം: അങ്ങനെ പേർത്തും പേർത്തും ഓമനിക്കാൻ തോന്നുന്ന കോമളപ്രകൃതികളാണിവർ.

എന്നല്ല, മുൻഖണ്ഡത്തിൽ പ്രതിപാദിച്ച ആ നായികമാരിൽത്തന്നെ പലരിലും തന്റേടത്തിനകത്തുതന്നെ തനിസ്ത്രൈണമായ ഒരുതരം താരള്യവും കാണാം. അത്രയ്ക്കൊക്കെ ഭർത്താവിനോടു് തട്ടിക്കയറുന്ന ആ പാർവ്വതിതന്നെ ('ശിഷ്യനും മകനും'), അവസാനം ആ ഭർത്താവു് 'സാകൂതമന്ദസ്മിതമഭിവീക്ഷിയ്ക്കേ' 'ലജ്ജാക്രാന്തം വക്ത്രേന്ദുതാഴ്ത്തി, ചരണപതിതനാം രാമനെ പ്രേമഭാരാൽ താൻതന്നെ ഹന്ത കൈക്കൊണ്ടതിഭൃശമുപലാളിക്ക'ന്നുണ്ടല്ലോ. 'ആ സച്ഛധീരസാന്തൻ വിശൈകയോദ്ധാവൊരു ചെറുശിശുപോൽ അംബികാങ്കേ വിളങ്ങുക'യും ചെയ്യുന്നു. (ശിഷ്യനും മകനും—IVപദ്യം 23) എന്തൊരു ഏറ്റവുമായ പരിണാമം! ഉഷയും കാണാം, കുംഭാണ്ഡനെറ മുന്നിൽ ജ്വലിച്ച ആ തന്റേടമൊക്കെത്തളർന്നു്, അനിരുദ്ധന്റെ അടുക്കൽ ആകെ അവശയാവുന്നതു്— 'ആ ധീരനന്യഭൃതചരധൈര്യലയം പിണ'യുമാറു് അത്രത്തോളം 'പരമദീന'യാവുന്നതു്. (അനിരുദ്ധൻ—പദ്യം 46) അപ്രകാരംതന്നെ ആ വീരപത്നി: വിജയാശംസയോടെ ഭർത്താവിനു് വിടയരുളുകയും ആ തുക്കാൽ വണങ്ങാൻ കുഞ്ഞിനോടു് നിർദ്ദേശിക്കയും ചെയ്യുന്നുണ്ടു്, അത്രത്തോളം ധീരയാണവൾ. എങ്കിലും, അപ്പോഴും അവളുടെ മിഴികളിൽ നിന്നു് 'ചേണാറ ഭർത്താവിൻ ചേവടിയിൽ താനേ വീണുപോയ' വെൺപളുങ്കുമണി കവി കാണാതിരിക്കുന്നില്ല! അത്തരം സന്ദർഭങ്ങളിലത്രെ സാക്ഷാൽ സ്ത്രീത്വത്തെ അദ്ദേഹം അങ്ങേയറ്റം സഫലമായി അനാവരണം ചെയ്യുന്നതു്. അഥവാ, തന്റെ മറ്റൊരു നായികയായ നിളാനദിയുടെ ചില നേരത്തെ ഭീഷണിഭാവത്തെക്കുറിച്ചു് മഹാകവി പറയുന്നില്ലേ:

''നരർ കൃസണമെങ്കിൽ വേണമൊട്ടി—
ത്തരമാംരുദ്രനടിപ്പുമെന്നിതോത്തോ,
ശരദിസ്സുടമാം മണൽപ്പുറത്താൽ
വരകല്പോലിനി, നീ സ്വയം ചിരിപ്പൂ!'
(ഭാരതപ്പുഴ—സാ.മ. ഒന്നാംഭാഗം.)

ഏതു് നായികയുടെ കാര്യത്തിലും അത്രതന്നെയല്ലേ പരമാർത്ഥം? അനിവാര്യമായ സാഹചര്യത്തിൽ അവരുടെ ഭാവം ഉഗ്രവും ഉദ്ധതവുമായി കാണപ്പെട്ടാൽത്തന്നേയും, സ്വതവേ അതു് ശാന്തവും ശാലീനവുമാണു്. നായികമാരുടെ ഭാവപരമായ ഈ ചലനാത്മകതപോലും അവർ പെരുമാറുന്ന സന്ദർഭങ്ങൾക്കു് നാടകീയദീപ്തിയരുളാനും സഹായിക്കുന്നുണ്ടു്.

ഇങ്ങനെ ഭാവത്തിന്റെ പ്രശാന്തവും പ്രക്ഷുബ്ധവുമായ അവസ്ഥ വള്ളത്തോളിന്റെ സ്ത്രീസങ്കല്പത്തെ സ്വാധീനിക്കുന്നുണ്ടു്. അത്രത്തോളം സമ്പൂർണ്ണവുമാണു് ആ സങ്കല്പം. ഏതായാലും സ്ത്രീയുടെ സമഗ്രസത്ത അനുഗ്രഹിക്കുമ്പോഴേ പുരുഷന്റെ ജീവിതം ചരിതാർത്ഥമാവൂ എന്നാണദ്ദേഹത്തിന്റെ വിശ്വാസം.

''എങ്ങിനെ ശരിയ്ക്കുള്ളൂ ജീവിതഭാരംനര—
നി,ങ്ങൊരുനതമാം തോയം തുണപ്പാനില്ലെന്നാകിൽ?
ശ്രേഷ്ഠയാം ശ്രീമാതെത്രനാംവാഴ്വം, തനിക്കൊരു
കൂട്ടുകാരിയാം സ്ത്രീയെക്കാണാത്ത ഭവനത്തിൽ?
പൂനിലാവിനു നിറമെത്രകണ്ടുണ്ടാം, പ്രേമ—
പൂർണ്ണമാംപുരന്ധ്രിതൻ പുഞ്ചിരിചേരാത്തേടം?
കാന്തിയും കലകളും പുഷ്ടിയും സന്തുഷ്ടിയും
ശാന്തിയുമെല്ലാംദേവഭാഷയിൽസ്ത്രീശബ്ദങ്ങൾ.
ആദിമപ്രകൃതിയും സ്ത്രീത്വമേ വഹിയ്ക്കുന്നു;
സ്ത്രീതന്നേ പരാശക്തി; സത്തയും ചിത്തും സ്ത്രീതാൻ;
(—'സ്ത്രീകം'—സ്ത്രീ)

8— മാറ്റൊലി: മുണ്ടശ്ശേരി.

സ്ത്രീത്വത്തിന്റെ തൃച്ചേവടികളിൽ അർച്ചനാപുഷ്പങ്ങളർപ്പിക്കുന്ന ഈ മനോഭാവംതന്നെയാണു്, പലപ്പോഴും സ്ത്രൈണസൗന്ദര്യത്തോടുള്ള ആകർഷണമായും അഭിനിവേശമായും മഹാകവിയിൽ രൂപാന്തരം പ്രാപിക്കുന്നതെന്നു വ്യാഖ്യാനിക്കാമോ? അതെന്തോ——ജീവിതംതന്നെ അഭിരാമം, അതിൽ സ്ത്രീ വഹിക്കുന്ന പങ്കാവട്ടെ, കൂടുതൽ അഭിരാമം എന്നതത്രെ അദ്ദേഹത്തിന്റെ ഭാവം.

> ''ഭൂലോകരംഗത്തെസ്ത്രീവക നാട്യങ്ങളം
> ശീലിയ്ക്കമച്ചെറുനേർത്തകിയെ
> നിർന്നിമേഷാക്ഷിയാൽസ്സാദരം വീക്ഷിച്ചു
> നിന്നിതു''എന്നു് കിളിക്കൊഞ്ചലിൽ

(സാ.മ. നാലാം ഭാഗം) കൊച്ചുസീതയുടെ ക്രീഡകളിൽ കൗതുകം കൊള്ളുന്ന ദാസിമാരെ അദ്ദേഹം വർണ്ണിച്ചില്ലേ, അതദ്ദേഹത്തിനും ബാധകമാണു്. അദ്ദേഹവും അതൊക്കെക്കണ്ടാൽ നിർന്നിമേഷനായി നിന്നു പോവും!

V

ജീവിതത്തെ അർത്ഥഗർഭമാക്കുമാറു് അത്രത്തോളം അനുഗൃഹീതയാണു് സ്ത്രീയെന്ന ആശയം കാല്പനികകവിതയ്ക്കു അഭിമതമത്രെ. ഇത്തരം ആദർശവൽക്കരണത്തിനുള്ള അഭിനിവേശം കാല്പനികത്വത്തിന്റെ പല ഘടകങ്ങളിലൊന്നാണല്ലോ. ഈ ഘടകം ചില സന്ദർഭങ്ങളിൽ വള്ളത്തോളിന്റെ നായികാസങ്കല്പത്തെ സ്വാധീനിച്ചിട്ടുണ്ടെന്നു കാണാം. എങ്കിലും കുമാരനാശാന്റെ നായികമാരിൽ ഈ ഘടകത്തിന്റെ സ്വാധീനശക്തി നിർണ്ണയിക്കുമ്പോഴും, വള്ളത്തോളിന്റെ നായികമാരിൽ ഇതിന്റെ അനുപാതം ആപേക്ഷികമായി നിസ്സാരമാണു്. കുമാരനാശാനളിനിക്കുവേണ്ടി അർത്ഥിക്കുന്നുണ്ടല്ലോ:

> ''ഹാ ഹസിക്കരുതു ചെയ്യു കേവലം
> സാഹസികൃമിവളെന്നു സാദ്ധ്വിയാകം
> ഗേഹവും സുഖവുമൊക്കെ വിട്ടതൻ
> സ്നേഹമോതിയതു ചെയ്തതാണിവൾ''

എന്നു്; വള്ളത്തോളിനു് തന്റെ ഒരു നായികയ്ക്കു വേണ്ടിയും അങ്ങനെ വായനക്കാരുടെ അനുഭവം അർത്ഥിക്കേണ്ടി വരുന്നില്ല. കാരണം ആശാന്റെ നായികമാരോളം അസാധാരണമോ അലൗകികമോ ആവാറില്ല പൊതുവെ അവരുടെ പെരുമാറ്റം. ഏകാന്തരാഗത്തിന്റെ വഴി തുടർന്നു് ആ ഏകാഗ്രതയ്ക്കിടയിൽ ആത്മാവിന്റെ ജ്വാലയ്ക്കു ഇന്ധനമായി ശരീരത്തെ എരിച്ചുകളയുന്ന അത്ഭുതമാതൃകകളൊക്കെ വള്ളത്തോളിനെസ്സംബന്ധിച്ചേടത്തോളം അപരിചിതമത്രെ. അദ്ദേഹത്തിന്റെ നായികമാർ അങ്ങകലെ 'നല്ല ഹൈമവതഭൂവി'ൽ വിദൂരഭൂതത്തിലോ 'വിഭാതവേള'യിലോ ജീവിക്കുന്നവരൊന്നുമല്ല. ചുരുക്കിപ്പറയട്ടെ: ആദർശമാത്രനിഷ്ഠകൊണ്ടു് അമാനുഷവിതാനത്തിലുയരുന്നവരോ അസ്പടപ്രതിഭാസങ്ങളായി മറയുന്നവരോ അല്ല വള്ളത്തോൾ നായികമാർ.

ഗ്രാമീണരെ ആരാധിക്കാനും ആദർശവൽക്കരിക്കാനുമുള്ള പ്രവണത ഒരു 'സന്ധ്യാപ്രണാമ'ത്തിലും(സാ.മ. മൂന്നാംഭാഗം) മറ്റും പ്രകടമാണു്. ആ നാടൻ മാഹാത്മ്യമഹങ്കയുടെ സായന്തനപ്രാർത്ഥന വർണ്ണിച്ചുകൊണ്ടു്, സരളജീവിതവും സമുന്നതാദർശങ്ങളും ഗ്രാമസംസ്കാരത്തിന്റെ സഹജഭാവങ്ങളാണെന്നു കവി സമർത്ഥിക്കുന്നു. (''സാധുശ്രീമണിമേടയല്ല, കുടിലാണീദ്ധ്രുണങ്ങൾക്കിടം!''—പദ്യം 7) പരീക്ഷയിൽ ജയിച്ച മുക്കുവത്തിയാണു് ഇവിടെ മറ്റൊരുദാഹരണം.

> കേവലംവായിച്ചിട്ടില്ലനുരാഗാഖ്യാനങ്ങളം;
> ഭാവഹാവാദികളുമഭ്യസിച്ചിട്ടില്ലവം;
> അക്ഷരപരിജ്ഞാനംതന്നെയില്ലവംകൂ''

എന്നു് അവളുടെ അനാഗരികത്വം വെളിപ്പെട്ടതിയശേഷം, അതിനെ കവി അഭിനന്ദിക്കുകയാണോ എന്നു തോന്നും. 'എന്നാലസ്സലായറിയാമേ പതിയെ സ്നേഹിക്കുവാൻ' എന്നു വായിക്കുമ്പോഴം. പ്രശസ്തയായ രാധയും (രാധയുടെ കൃതാർത്ഥത—സാ. മ. നാലാം ഭാഗം) നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറത്തിന്റെ നറുമലരാണല്ലോ.

രാധയുടെ കാര്യം പറയുമ്പോഴം ഓമ്മവരികയാണു്: ഒരു പക്ഷെ ആദർശപ്രേമത്തിന്റെ അലൗകികസൗരഭ്യം ശ്വസിക്കുന്ന ഒരേയൊരു വള്ളത്തോൾ നായിക അവളല്ലേ? കാമുകന്റെ വഞ്ചന കൊണ്ടും കാതരമാവുന്നില്ല അവളുടെ കാല്പനിക പ്രണയം. അദ്ദേഹം ശോഭനമാക്കുന്ന ലോകത്തിന്റെ അകന്ന കോണിലങ്ങനെ ജീവിക്കാമെന്നിരിക്കെ, എന്തിനു ഹതാശയാവുന്നു, അതൊന്നു കൊണ്ടു മാത്രം കൃതാർത്ഥയാവാമല്ലോ. ആ കൃതാർത്ഥതയോടെ അദ്ദേഹത്തിന്റെ ദാമ്പത്യത്തിനു് അവം അകം തെളിഞ്ഞു് ആശംസകളർപ്പിക്കുന്നു.

രാധയെപ്പോലെ അത്ര പവിത്രമായ കഥാപാത്രം വേറൊന്നുകൂടിയേ വള്ളത്തോംക്കവിതയിൽ കാണുന്നു എന്നു തോന്നുന്നു. കവിയുടെ ആദരാരാധനങ്ങളാജ്ജിച്ച പുരാണ നായികയായ തുളസി. ('മുറത്തെ തുളസി' സാ. മ. മൂന്നാം ഭാഗം) രാധയിൽ ആത്യന്തികമായ ഒരാദർശത്തിന്റെ തേജസ്സുകൊണ്ടു് ഒരു കഥാപാത്രത്തെ അലൗകികവിതാനത്തിലേയ്ക്കു് ഉയർത്തിനിർത്തിയിരിക്കയാണെങ്കിൽ, തുളസിയിൽ സ്വതവേതന്നെ അലൗകികവിതാനത്തിൽ തേജസ്സു ചൊരിയുന്ന ഒരു കഥാപാത്രം ആത്യന്തികമായ ഒരാർദ്രശമായി ഉദിച്ചു നിൽക്കുകയാണു്.

മഹാകവിയുടെ മറെറാരു ആദർശതാരമാണു് ഭാസുരമായ ഭാവശുദ്ധികൊണ്ടു ഹമയൂൺ ചക്രവർത്തിയെപ്പോലും കോരിത്തരിപ്പിക്കുന്ന ഭാരതസ്ത്രീ. ആ നായികയുടെ അനുരൂപമായ പ്രശസ്തി അനുവാചകർക്കിടയിൽ അനായാസമായിത്തന്നെ ലഭിക്കയും ചെയ്തിരിക്കുന്നു. ഒരു കാര്യം നിരീക്ഷിക്കുന്നതു്, ഏതായാലും കൗതുകകരമാണു്. ഉസ്താൻഖാനുവേണ്ടി

''ഭൃത്യന്റെ കുറ്റം പൊറുക്കുമാറാകണം.
മർത്ത്യന്നു കൈപ്പിഴ ജന്മസിദ്ധം!''

എന്നു് ഹമയൂണിനോടു ക്ഷമാപണം നടത്തുന്ന ഈ ഭാരത സ്ത്രീയോളംതന്നെ ഭാവശുദ്ധയത്രെ, ഉത്തനെ കുത്തിക്കൊല്ലുന്ന ആദ്യം പറഞ്ഞ ആ കേരളസ്ത്രീയും. മഹാശയനായ ഹമയൂൺ ചക്രവർത്തിക്കു് മനസ്വിനിമാരുടെ ഭാവശുദ്ധി മനസ്സിലാവും. പക്ഷെ ഉന്മത്തനായ ഉത്തനെറ മുമ്പിലുണ്ടോ അതു വിലപ്പോവുന്നു! അങ്ങനെ വെട്ടപോത്തിനോടു വേദമോതേണ്ടതില്ലെന്നറിഞ്ഞ ആ നായർ യുവതി ഭാവശുദ്ധിയുടെ ഭദ്രത്സ്ഥായി കൊലക്കത്തി നിവർത്തുകതന്നെ ചെയ്യുന്നു.

VI

ഇതുവരെ പരിശോധിച്ചുപോന്നതു് വള്ളത്തോൾ നായികമാരുടെ ഭാവം മാത്രമാണു്. അതുതന്നെ ഇതുയും അഭിരാമമാണെങ്കിൽ, അവരുടെ രൂപമാവട്ടെ ആസ്വാദൈകവേദ്യമായ ഒരനുഭൂതിയത്രെ. മൂർത്തമായ ഏതു സൗന്ദര്യത്തിനെറ സാന്നിദ്ധ്യത്തിലും മുഗ്ധമാവുന്ന ഒന്നായിരുന്ന മഹാകവിയുടെ സംവേദനക്ഷമമായ സർഗ്ഗചേതന. ഒരരിപ്പിറാവിനെറ അരുമച്ചന്തം കണ്ടാൽ മതി, അദ്ദേഹം അഭിഭ്രുതനായിപ്പോവുന്നു. പിന്നെ 'മഴവില്ലു പിഴിഞ്ഞെടുത്ത സത്താമഴകേ' 'സൗകുമാര്യപ്പുഴതൻ കൊച്ചുതരംഗമേ' എന്നൊക്കെ മധുരാർദ്രമായേ അതിനെ അവതരിപ്പിക്കൂ. അങ്ങനെയുള്ള ഒരുഹൃദയം താരുണ്യത്തിനേറെയും ലാവണ്യത്തിനേറെയും തളിർപ്പൊടിപ്പും മലർത്തപ്പും കണ്ടാൽ ആകൃഷ്ടമല്ല ആവിഷ്ടം തന്നെയായിപ്പോവുന്നതു് അസ്വാഭാവികമല്ല. അത്തരം സന്ദർഭങ്ങളിൽ താൻ വർണ്ണിച്ച ഹമയൂണിനെറ അവസ്ഥതന്നെയാണു് അദ്ദേഹത്തിനും:

''തെല്ലുഴഞ്ഞുള്ള കാർകൂന്തലോ, വാർകുന—
ചില്ലിയോ ചില്ലൊളിപ്പൂംകവിളോ.
ഏതേതു നോക്കണമെന്നു മൃഗാക്ഷിതൻ
മെയ്തന്നിൽപ്പായുക''യായീ കണ്ണിണ,

ആയാസപ്പെട്ടേ പിന്നെ അതു നിയന്ത്രിക്കാനാവൂ! ഇത്തരം സൗന്ദര്യവിഭ്രാന്തിക്കിടയിൽ ആശാനെറ സംയമശീലമുണ്ടല്ലോ, 'നീർചിന്തുമീറനൊട്ട പൊയ്കതൻ തടേ ബന്ധുരാംഗരുചി തുവിനിന്ന പാവനാംഗിയാളെ' 'ഉഷസ്സന്ധ്യപോലെ,' എന്നു മാത്രം വർണ്ണിച്ചു വിരമിക്കുന്ന (നിളിനി) അത്ഭുതകരമ
അതു വള്ളത്തോളിൽ നിന്നു
ഇക്കാര്യം കൂടുതൽ വിസ്തരിപ
പണച്ചായയിലായാലും അനു
യാലും ഇതു പലവട്ടം പറ
ഞ്ഞതാണു്. അല്പം ഉദാഹ
ങ്ങളിൽപ്പോലും —12 സഹധ
വത്തിനു മാറ്റമില്ലെന്നും ഉപദ

അതിരിക്കട്ടെ, സ്ത്രീസൗന്ദ
ങ്ങളിൽ അത്രമേൽ ഉപഭോഗക
പ്പിക്കുന്നതിനെറ ഉദ്ദേശശുദ്ധി
തബുദ്ധിയോ തൽക്കാലം ചർ
ന്തായാലും അത്തരം അവതര
ണിഞ്ഞൊരുങ്ങി നിൽക്കുന്ന
കല്പനാഭംഗികരം ആസ്വാദകർ
വാനിടയില്ലെന്നു തോന്നുന്നു.
ങ്ങളിൽ നിശ്ചല കല്പനകരം
ര്യാപ്തമാണെന്നു വള്ളത്തോളും
രുന്നു. ചടുലതരളമായ സൗന്ദ
സാക്ഷാൽക്കാരസമർത്ഥമായും
ക്കാൻ ചലനാത്മകസങ്കല്പ
അദ്ദേഹം അവലംബിക്കാറുള്ള
നെറ'സഞ്ചാരിണീ ദീപശി
ണീ പല്ലവിനീലത'യ്ക്കോ ഒ
ഷ സൗഭാഗ്യം അത്തരം കല്പ
ക്കുന്നതും കാണാം.

താഴത്തെയ്ക്കുന്തിത്ര സൂക്ഷി
താരകളേ, നിങ്ങളം നിശ
നിങ്ങളംതൻ കൂട്ടത്തിൽ നി
ഭംഗമാർന്നൂഴിയിൽ വീണ
ഉഡു, താ, നക്ഷത്രം തന്നെ
ന്നർവ്വിയിലിപ്പുരവീഥിയിൽ

എന്നു മറിയത്തെ അവതരിപ്പ
ര സങ്കല്പം പരക്കെ പട്ടം വളയ
താണല്ലോ. അതേസങ്കല്പം 'ഒ
മുഹമ്മദീയനും' എന്ന പഴയ കൃ
അസംസ്കൃതരൂപത്തിലാണെ
നിൽക്കുന്നതു ശ്രദ്ധേയമാണു്.

''തടിമരവുമിടയ്ക്കിടയ്ക്കു വ
ക്കടിലുമിണങ്ങിടമപ്പെത്ത
വടിവൊടവം വിളങ്ങി,
ടിതിപതിച്ചൊരു കൈ
അതുപോലെ,

''അല്ലെങ്കിൽ മറെറാരു
മുല്ലപ്പൂപോലുള്ള തുനില

12—ക്രിസ്തുവിനെറതുപ്പാടങ്ങളിൽ അ
യ്യാൻപോകുന്നമറിയത്തിനെറ വ
മം നടത്തുന്ന മുസ്ലിംപനിതയുടെ
നടയ്ക്കൽ തൊഴാനെത്തുന്ന സുന്ദര
ക്തിയും വിഭക്തിയും) മുതലായവ

എന്ന മശ്ലനമറിയത്തിലെ പ്രശസ്ത കല്പനയും അതിനു മുമ്പു പ്രയോഗിച്ചു നോക്കിപ്പരിചയിക്കുന്നതു കാണാം: ''ഉജ്ജല ശ്രീലാത്തുന്ന നിലാവിൽ മറൊരു നിലാവായങ്ങു പൊയ്ക്കൊയ്ക നീ'' എന്ന 'വിലാസലതിക'യിലെ അമ്പത്തൊന്നാം പദ്യത്തിൽ.

'ഇന്നുപൂവ്വാഹത്തിങ്കലിന്ദിരോത്സവംകാണാൻ
വന്ന നീ മാലോകക്കു മറൊരുത്സവശ്രീയായ്
(ഒരു ക്ഷമാപണം സാ. മ. 5—ാംഭാഗം)

എന്ന വർണ്ണനയിലും ഇതേ കല്പനയുടെ കമനീയമായൊരു രൂപാന്തരമല്ലേ കാണുന്നതു?

നിശ്ചലചിത്രങ്ങളെക്കൊണ്ടു തൃപ്തിപ്പെട്ടിരുന്നില്ല വള്ളത്തോൾ എന്നു നിരീക്ഷിച്ചുവല്ലോ. അതു സ്പഷ്ടമാക്കാൻ ഏതാനും ദൃഷ്ടാന്തങ്ങൾ കൂടി നിർദ്ദേശിക്കാം. നായർ നതാംഗിയുടെ രൂപം

''കളിയതുപൊഴതേ കഴിഞ്ഞ കൊണ്ടൽ—
ക്കുളിർകുഴലാളുടെ കോമളാമലാംഗം
ഒളിവിതറി മിനുക്കുവേലതീരും
ലളിതസുവർണ്ണശലാകയെന്നപോലെ''

എന്നു സമാകർഷകമായി വർണ്ണിച്ചതുകൊണ്ടു മാത്രം കവി സംതൃപ്തനാവുന്നില്ല. സുവർണ്ണശലാക എന്ന ഉപമാനം നായികയുടെ ചലനാത്മകമായ സൗന്ദര്യം സഫലമായി പ്രകാശിപ്പിക്കുവാൻ സമർത്ഥമാണോ?....തുടർന്നു അവളുടെ കുന്തലം കുറുനിരയും വർണ്ണിച്ചു — അങ്ങനെ ചിത്രത്തിനു ചലനം കൂടിയരുളുന്നു. 'പ്രാലേയശൈലത്തിൻ പ്രാന്താരണ്യ'ത്തിൽ പെട്ടെന്നു പ്രത്യക്ഷപ്പെടുന്ന വൃത്രഗിനിയെ (ഒരു യുവാവിന്റെ ആത്മസംയമം—സാ. മ. ഒന്നാം ഭാഗം) അവതരിപ്പിച്ച കല്പനകളും ഈ പ്രകരണത്തിൽ സ്മരണീയമാണു:

''ഈ വരവർണ്ണിനിയാരായിരിയ്ക്കു?—മാ—
ലാവണ്യരൂപനെക്കണ്ടു കാട്ടിൽ
പൂവമ്പനാണിതെന്നോത്താരാൽ മാനിപ്പാ—
നായ് വന്ന വാസന്തലക്ഷ്മിതാനോ''

എന്നൊരുല്പേഖം ആദ്യം ഉപയോഗിച്ച നോക്കുന്നു. ഒടുക്കം അതുകൊണ്ടായില്ലെന്നു തോന്നി ചലനാത്മകമായ മറൊന്നു അതിനെത്തുടർന്നു അവതരിപ്പിക്കുന്നതോടെ ആ പ്രകൃതം ധന്യമാവുന്നു.

''മഞ്ഞുമലയിലങ്ങിങ്ങു വിളങ്ങുന്ന
മഞ്ഞുളമന്ദാരവല്ലികളിൽ
മത്തമരാളിയോടഞ്ചിതസഞ്ചാര—
വിദ്യശീലിച്ചൊരു വല്ലികയോ!''

ഈ സങ്കല്പം ശരിക്കും 'സഞ്ചാരിണീ പല്ലവി നീലത'യുടെ സഹോദരിതന്നെ!

'ചുററിട്ടകാതിണതുടുംകവിളിൽപ്പതിഞ്ഞും
നെററിയ്ക്കു ചന്ദനവരക്കുറി ചെറുമാഞ്ഞും
'തെററിത്തെറിച്ച' മിഴിതുള്ളിയുമാവെളിച്ചം
പററിത്തിളങ്ങി ;യരുണാധരിതൻമുഖാബ്ജം'

എന്നു ഒറ്റപ്പദ്യംകൊണ്ടു ആ അഭിസാരികയായ അന്തർജ്ജനത്തിന്റെ തരളസൗന്ദര്യം പരിസ്ഫുടമായി പകർത്തിക്കാട്ടിയപ്പോഴും, മഹാകവി കവിതയിലെ വർണ്ണനയുടെ കലാമർമ്മമെന്തെന്നറിഞ്ഞു പെരുമാറുന്നു.

ഉദ്ദീപകമായ സ്ത്രീസൗന്ദര്യത്തിന്റെ തന്മയീഭാവം കൊണ്ടു വള്ളത്തോളിന്റെ ഭാവനയ്ക്കു അപൂർവ്വമായ ഒരുന്മീലനം ലഭിക്കാറുള്ളതായി പലപ്പോഴും അനുഭവപ്പെടുന്നു. ആ ഭാവന പിന്നെ അവതരിപ്പിക്കുന്ന ഭാസുരചിത്രങ്ങളുടെ ഭംഗിയൊന്നു വേറെതന്നെ. 'ധ്യാനക്രിയയ്ക്കു മുറപോലെ വിവിക്തസ്ഥാനത്തിരിപ്പളവു' വേദേവന്റെ അടച്ച മിഴിക്കു മുന്നിൽ ഉദിച്ചുകാണാറുള്ള നാഗിലയുടെ ആനന്ദകരമായ രൂപം അവതരിപ്പിക്കുന്നുണ്ടല്ലോ. അതാണു് ഇവിടെ അനുസ്മരിക്കാവുന്ന അനശ്വരമാതൃക. അതുപോലെ, അന്തണയുവാവിനെ പ്രലോഭിപ്പിക്കാൻ പ്രയത്നിക്കുന്ന അപ്സരസ്സായ വൃത്രഗിനി അയാളോടു് 'ഉല്ലസൽ സുസ്മിതമോതു'ന്നതിനു മുമ്പു്,

''താമരപ്പൂമാലപോലാംകൈ കുങ്കുമ—
സ്തോമംകിലുങ്ങുമാറൊന്നുയർത്തി,
രുവിരൽച്ചെന്തളിർപ്പൊന്മണിമോതിര—
ശ്രീവിരിച്ചീടിന പാണിയാലേ
തെല്ലുഴഞ്ഞുള്ളകാർകുന്തൽ തിരുകി''യതായി

വർണ്ണിക്കുന്നുണ്ടു്. ('ഒരു യുവാവിന്റെ ആത്മസംയമം—സാ. മ. ഒന്നാംഭാഗം) അതും മറൊരാകർഷകമാതൃകയായി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

ഇക്കാര്യത്തിൽ ഇനിയുമിനിയും ഉദാഹരണങ്ങൾ ഉദ്ധരിക്കാവുന്നതാണു്. എന്നാൽ അതു വ്യർത്ഥമത്രെ. ഉദാഹരിച്ചുമാത്രം ബോദ്ധ്യപ്പെടുത്താവുന്ന ഒന്നല്ല ഈ വിഷയം. ആദ്യമേ സൂചിപ്പിച്ചതു് ആവർത്തിക്കുകയാണു്. അംഗനമാരുടെ ആകാരസൗഷ്ഠവത്തെ അവതരിപ്പിക്കുന്ന സന്ദർഭങ്ങളുണ്ടല്ലോ, അവ വള്ളത്തോൾക്കവിതയിലെ അനുഭൂതി മാത്രവേദ്യങ്ങളായ വിഭവങ്ങളത്രെ. അത്തരം അനുഭൂതി നുകരുന്നതിനിടയിൽ, ചിലപ്പോൾ ചിലർക്കു് അസാരം സദാചാരഭ്രംശത്തിന്റെ ശങ്ക പിണയുമോ എന്നാണു സങ്കോചം, എങ്കിൽ അതൊരു രുചിഭേദം മാത്രമാണെന്നു കരുതുകയേ വേണ്ടൂ.

With the best Compliments

from

Ratilal Hemraj

MULCHAND MANSION

PRINCESS ST;

BOMBAY-2.

Cable Address:
"INMISUP" Calcutta
"IMSUP" Giridih


Codes used:
BENTLEY'S UNITED
TELEGRAPH & PRIVATE

Telephone:

Head Office - Calcutta	33-3335
Giridih Factory & Office, Giridih	20
Directors Residence Giridih	21
Factory at Jhumri-Telaiya Kodarma	49
Mines Office at Kodarma: Kodarma	91

THE BIGGEST AND OLDEST

Manufacturers of:
MICA
THE INDIAN MICA
SUPPLY COMPANY PRIVATE LIMITED
GIRIDIH (BIHAR) INDIA
Mica Mine Owners
Exporters and Manufacturers of
ALL SORTS OF MICA BLOCKS & SPLITTINGS
Mines at: Kodarma, Deori, Ganwan.
Branches: Jhumri Telaiya, Giridih & Ghoranji
Agents Abroad: United Kingdom, Germany, Italy, Japan.
Head Office: 95, Lower Chitpur Road, Calcutta.
Bankers: The United Commercial Bank Ltd.
The United Bank of India Ltd.



ലിറിൽസ്
ഓറിയൻറൽ ബാം

തലവേദന, ജലദോഷം
മേലുവേദന —
എല്ലാ വേദനകൾക്കും
കൈകണ്ട
ഔഷധം



ജർമക്സ്
മുറിവു്, വ്രണങ്ങൾ എന്നിവയ്ക്കും
എല്ലാതരം ചൊറികൾക്കും
അത്യുത്തമമായ പ്രത്യൗഷധം !

With best compliments

of

Janata Works Pvt. Ltd.,

BOMBAY—13 BC

MANUFACTURERS OF:

TIN CONTAINERS	**Plain & Decorated**
ALUMINIUM CAPS & SEALS	**For Injection Vials & Bottles**
PILFER PROOF CLOSURES	**In Complete range**
ELECTRIC HEAT SEALERS	**For selling Polythene Film**

Grams: 'JANWORKS' Phone: 76940

മലയാളത്തിന്റെ മഹാകവിയുടെ
പാവനസ്മരണയ്ക്കു മുന്നിൽ
കൺമണി ഫിലിംസ്
ആദരാഞ്ജലികളർപ്പിക്കുന്നു.

കൺമണിയുടെ ആദ്യോപഹാരം:

തകഴിയുടെ
വിഖ്യാതമായ

ചെമ്മീൻ

ഈസ്റ്റ്മെൻ കളറിൽ

നിർമ്മാണം:
ബാബു

സംവിധാനം:
രാമു കാര്യാട്ട്

കൺമണി ഫിലിംസ്

എറണാകുളം & മദ്രാസ്

വള്ളത്തോളിന്റെ 'ഗ്രന്ഥവിഹാരം'

—എം. എസ്. മേനോൻ

കവിയും സഹൃദയനുമായിരുന്ന വള്ളത്തോൾ മഹത്തായ ഒരു സാംസ്കാരിക കാലഘട്ടത്തിന്റെയും ശ്രുദ്ധ മൂലമായ കലാപാരമ്പര്യത്തിന്റേയും ഉജ്വല പ്രതീകമത്രെ. 'കാരയിത്രി'യായ പ്രതിഭയും 'ഭാവയിത്രി'യായ പ്രതിഭയും ഒരു പോലെ സമ്മേളിച്ചിരുന്ന ഈ കവി ജ്ഞാനത്തിന്റെ അധിഷ്ഠാനദേവതയായ സരസ്വതിയുടെ തത്വം തികച്ചും ഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. പാണ്ഡിത്യവും കവിത്വവും രസികതയും വള്ളത്തോളിൽ അന്യോന്യ ഗുണാധ്യായകമായി വർത്തിച്ചതിന്റെ നിദർശനങ്ങളാണ് ബഹുമുഖമായ അദ്ദേഹത്തിന്റെ സാഹിത്യ പ്രവർത്തനങ്ങൾ. കാവ്യതത്വങ്ങൾ ശ്രുദ്ധിക്കുകയും സ്വീകരിക്കുകയും ഏകാഗ്രതയോടെ മനസ്സിലുറപ്പിക്കുകയും ഊഹാപോഹങ്ങളിലൂടെ പരിനിഷ്ഠിതമായ വിജ്ഞാനത്തിലെത്തുകയും ചെയ്യുന്ന ബുദ്ധി ആക്കോ അയാളെ കാവ്യമീമാംസാകാരൻ 'ബുദ്ധിമാനായ കവി'യെന്ന വ്യവഹരിച്ചിട്ടുണ്ട്. ശ്രുശ്രൂഷ, ശ്രവണം, ഗ്രഹണം, ധാരണം, ഊഹാപോഹം, അർത്ഥവിജ്ഞാനം, തത്വജ്ഞാനം എന്നീ ബുദ്ധിയുടെ രൂപങ്ങളെല്ലാം വള്ളത്തോളിൽ പ്രകടമായിരുന്നു. അതുകൊണ്ടാണ് പ്രജ്ഞാശാലികൾക്ക് മാത്രം സുഗ്രഹമാകുന്ന സാരസ്വതരഹസ്യങ്ങൾ സ്വായത്തമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതു്. കവിതാദേവിയോട്:

''ചേതസ്സിൽച്ചില വേണ്ട വിത്തുപൊറുതിസ്സ്വയം
മേ വിതപ്പിപ്പ, നീ—
യാതങ്കത്തിൽ മരന്ദമഞ്ജുളമരുന്നേകുന്ന,
സേവിസ്സുവാൻ.
സ്വാതന്ത്ര്യം തടയാതെ സൽഗതിപഠിപ്പിസ്സുന്ന;
ഹാ നിൻഗുണ—
ക്രീതൻ ദാസനിവൻ; തവദേകനതിയാ—
ലെൻ ജീവിതം പാവിതം.''

എന്നും ആത്മനിവേദനം നടത്തുമ്പോഴും പ്രകാശിപ്പിക്കുന്ന വിനയവും

'അല്പാകും മറ നീങ്ങി വെണ്മവിലസീ; പൊൻകാൽ—
ച്ചിലമ്പൊച്ചയോ
തെല്ലാരാൽ നിശിമിപ്പതു; റൊരാനഘജ്യോതിസ്സിതാ
മുന്നിൽ മേ!
എല്ലാം സാധിതമിന്നെനിസ്സു.....,,'

എന്ന ആത്മാവിഷ്കരണത്തിൽ പ്രകാശിതമാകുന്ന വിശ്വാസവും രണ്ടും വള്ളത്തോളിന്റെ സിദ്ധികളാകുന്നു. പ്രതിഭയും വ്യൽപ്പത്തിയും വള്ളത്തോളിന്റെ കവിത്വവാസനയെ വികസിപ്പിച്ചു. കാവ്യനിർമ്മിതിയിലെന്നപോലെ കാവ്യവിവേചനത്തിലും പ്രഗത്ഭമായിരുന്നു ആ പ്രതിഭ. ഒരേ ഉപലം തന്നെ സ്വർണ്ണമല്ലാതിപ്പിക്കുകയും സ്വർണ്ണത്തിന്റെ മേന്മ പരീക്ഷിക്കുകയും ചെയ്യുന്ന അലൌകികപ്രതിഭാസം വിസ്മയാവഹമാണെന്നു രാജശേഖരനെന്ന പ്രൗഢവിമർശകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. വള്ളത്തോൾ പ്രതിഭ, ഈയർത്ഥത്തിൽ തികച്ചും ഒരദ്ഭുതപ്രതിഭാസം തന്നെയാകുന്നു. മഹാകവിയെ പരിണത പ്രജ്ഞനായ ഒരു നിരൂപകൻകൂടിയാക്കിത്തീർത്തതു് ഈ അലൌകികസിദ്ധിയത്രേ. സ്വയം നിരൂപകൻ കൂടിയായതു കൊണ്ടാകാം, തന്റെ കവിതയുടെ നിരൂപണം മഹാകവിയെ ഒരിക്കലും ക്ഷോഭിപ്പിക്കുകയും അസ്വസ്ഥനാക്കുകയും ചെയ്യാഞ്ഞതു്. വള്ളത്തോൾക്കവിതയെ നിരാധാരമായി അധിക്ഷേപിച്ച നിരൂപകരെല്ലാം പരാജയപ്പെട്ടതും അതുകൊണ്ടാണ്.

''അമ്മിഞ്ഞ കുടിച്ച ചുണ്ടുകൊണ്ടു് സംസാരിച്ച ഭാഷയെ ആകാശത്തോളം ഉയർത്തണം.'' പത്രപ്രവർത്തനത്തിനു് മഹാകവിയെ പ്രേരിപ്പിച്ചതു് ഈ അഭിലാഷമായിരുന്നുവെന്നൂഹിക്കാം. 'കേരളോദയം' 'രാമാനുജൻ', 'ആത്മപോഷിണി' എന്നീ സാഹിത്യ മാസികകളുടെ താളുകളിലൂടെയാണു് വള്ളത്തോൾ ഒരു ഗ്രന്ഥനിരൂപകനായി പ്രത്യക്ഷനായതു്. സാഹിത്യകൃതിയുടെ സൌന്ദര്യവും മൂല്യവും നിശ്ചയിക്കുന്നതിൽ അനുവാചകരെ സഹായിക്കലാണു് നിരൂപകന്റെ പരമമായ ധർമ്മമെന്ന വള്ളത്തോൾ വിശ്വസിച്ചിരുന്നു. ഗ്രന്ഥനിരൂപകന്റെ കർത്തവ്യം വള്ളത്തോൾ ഒരിക്കൽ ഇങ്ങിനെ ഉദ്ബോധിപ്പിക്കുകയുണ്ടായി:

''പഠിപ്പും പരിചയവും പരുങ്ങലാണെങ്കിലും, ഉള്ളിൽ തോന്നിയ അഭിപ്രായം, മനസ്സാക്ഷിയെ മറയത്തുള്ളാതെ വെളിപ്പെടുത്തുക എന്നൊരു വ്രതം ഗ്രന്ഥനിരൂപകന്മാർക്കു പരമ്പരക്കെ അനുഷ്ഠിക്കാവുന്നതാണു്. ഒരു ഗ്രന്ഥം ഗുണദോഷിഷ്ടമാണെങ്കിൽ അതിന്റെ ഗുണങ്ങളെ വേണ്ടംവണ്ണം പ്രശംസിക്കുന്നതു കൊണ്ടു് നിരൂപകന്റെ വൈദുഷ്യകീർത്തിക്കു് ഒരുവാട്ടവും വരാനില്ല. ഗുണശ്ലാഘനത്തേക്കാൾ ദോഷഘോഷണം ഇഷ്ടപ്പെടുന്ന വായനക്കാരുണ്ടാവാം. എന്നാൽ അവരെ പ്രസാദിപ്പിക്കുന്നതിനു് നിരൂപകൻ ശ്രമിക്കുന്നതു് ഉർവ്വാസനയ്ക്കു് വളം കൊടുക്കുകയാണു്. സൗമ്യങ്ങളും ഗുണാശംസയെ ദ്യോതിപ്പിക്കുന്നവയുമായ അക്ഷരങ്ങളും കൊണ്ടു് വേണം ദോഷങ്ങളെ ഉപന്യസിപ്പാൻ. തീക്ഷ്ണമായ ദോഷപ്രഖ്യാപനം മേലിൽ നന്നാകുന്നവരായി കാണപ്പെടുന്ന യുവാക്കൾക്കു് ഉത്സാഹഭംഗം വരുത്തിയേയ്ക്കാവുന്നതാകയാൽ, അവരെസ്സംബന്ധിച്ചിടത്തോളം വിശേഷിച്ചും വർജ്ജനീയമാകുന്നു.''

ഗ്രന്ഥനിരൂപകന്മാർക്കു മനസ്സാക്ഷിയുണ്ടാകുന്നതു അനർത്ഥമാണെന്നു ധരിച്ചിട്ടുള്ളവർക്കു് വള്ളത്തോളിന്റെ ഉദ്ബോധനം അരോചകമായേയ്ക്കും. വിമർശനമെന്നാൽ സംഹാരമെന്നു ഘോഷിക്കുന്നവരേയും ഈ പ്രസ്താവം അസ്വസ്ഥരാക്കും. മഹാകവിയുടെ തുടർന്നുള്ള മറ്റൊരു പ്രസ്താവവും ഈ സന്ദർഭത്തിൽ ശ്രദ്ധേയമായിത്തോന്നുന്നു:—

''ഗ്രന്ഥനിരൂപണം സമീചീനമായി സാധിക്കണമെങ്കിൽ, അറിവു വേണം, നെറിവു വേണം, കാഴ്ചവേണം, ഓർമ്മവേണം എന്നതൊക്കെ പഴംകഥയായിപ്പോയി! ഇപ്പോഴത്തെ 'മഹാനിരൂപകന്മാർ' ദയ വിചാരിച്ചു് ഗ്രന്ഥനിരൂപണത്തെ വൈരനിര്യാതനത്തിനുള്ള ആയുധമാക്കാതിരിക്കയെങ്കിലും ചെയ്യുമോ, ആവോ?'' മറ്റൊന്നായില്ലെങ്കിലും ഗ്രന്ഥനിരൂപണം വൈരനിര്യാതനമായിത്തീരുതേ എന്നാണല്ലോ ഈ സഹൃദയ കവി പ്രാർത്ഥിച്ചതു്. ഒടുവിൽ അദ്ദേഹത്തിന്റെ ഈ ആപേക്ഷ ഒരു യഥാർത്ഥമായി തീർന്നിരിക്കുന്നു. തന്റെ സാഹിത്യ വിമർശന ഗ്രന്ഥം ഒരു വൈരനിര്യാതനമാണെന്ന സ്വയം സമ്മതിച്ചും അനുമോദിച്ചും അതിലൊരംകൊണ്ടും മലയാളത്തിലെ ഒരു പ്രൌഢനിരൂപകൻ ഈയ്യിടെ രംഗത്തു് പ്രവേശിക്കയുണ്ടായല്ലോ. അദ്ദേഹത്തെച്ചൊല്ലി മഹാകവി വള്ളത്തോൾ വാഗ്ദേവതയോടു് ഇങ്ങനെ അഭ്യർത്ഥിക്കുന്നുണ്ടാകണം:

''ഇന്നു തന്നെ നിന്മക്കളീ മൗഢ്യത്തിൽ
നിന്നു കേറാൻ കനിവരുളേണമേ.''

സാഹിത്യബാഹ്യമായ ഇഷ്ടാനിഷ്ടങ്ങൾ നിരൂപണത്തിന്റെ യജ്ഞവേദിയെ ദൂഷിപ്പിക്കരുതെന്നു വള്ളത്തോൾ ആശിച്ചിരുന്നു. അതുകൊണ്ടാണു് ഒരു സാഹിത്യകാരനേറെയും വിഗ്രഹം തകർക്കാൻ തന്റെ തൂലിക

അദ്ദേഹം വിനിയോഗിക്കാഞ്ഞതു്. സർഗ്ഗാത്മകമായ നിരൂപണമായിരുന്ന അദ്ദേഹത്തിന്നിഷ്ടം. ''നിരൂപകൻ നിർമ്മാതാവാകുന്നതോടെ മറ്റൊല്ലാ നിർമ്മാതാക്കളേടേയും എതിരാളിയായിത്തീരുമെന്ന സിദ്ധാന്തം മഹാകവിക്കു് അജ്ഞാതമായിരുന്ന. നിരൂപണ വിധേയമായ കൃതിയെ സൂക്ഷ്മമായും വസ്തുനിഷ്ഠവുമായി പരിശോധിച്ചു് നിരൂപണം ചെയ്യുമ്പോഴും നിരൂപകൻ എന്തിനു് ഗ്രന്ഥകർത്താവിന്റെ ശത്രുവാകണം എന്ന അദ്ദേഹം ചോദിക്കാറുണ്ടു്. ഗ്രന്ഥനിരൂപണത്തിൽ പുണ്ടിക്കാണിക്കുന്ന ദോഷങ്ങളും ഗ്രന്ഥത്തിന്റേതാണു്, എന്നായിരുന്ന മഹാകവിയുടെ വിശ്വാസം. താൻ ഉള്ളൂരിന്റേയും ആശാന്റേയും ശത്രുവാണെന്ന അപവാദം പ്രചരിപ്പിച്ചിരുന്നവരോടു് ഒരിക്കലദ്ദേഹം ഇങ്ങനെ മറുപടി പറയുകയുണ്ടായി.

''എന്റെ ജ്യേഷ്ഠഭ്രാതാക്കളാണു് ഉള്ളൂരും ആശാനും. ഞാൻ അവരെ ഇതുവരെ പരസ്യമായി ഒരു കുറവും പറഞ്ഞിട്ടില്ല. അവരുടെ കൃതികളായ 'മംഗളമഞ്ജരി'യും 'ലീല'യും എനിക്കു നിരൂപണം ചെയ്യേണ്ടിവന്നിട്ടുണ്ടു്. അതു ഞാനൊരു പത്രാധിപരായിരുന്ന കാലത്താണു്. വള്ളത്തോളിന്റെ കൃപായം മാറി പത്രാധിപരായിട്ടാണു് ഞാനതു നിരൂപണം ചെയ്തതു്.''

(പ്രസംഗവേദിയിൽ—പേജു് 148)

''ഗ്രന്ഥവിഹാരത്തിൽ കാണുന്ന നിരൂപണങ്ങളിൽ പലതും വള്ളത്തോളിന്റെ സഹൃദയത്വത്തിന്നും ഭാഷാസ്നേഹത്തിനും രസികത്വത്തിനും നിദർശനങ്ങളത്രേ. പ്രാചീന ഭാരതീയ വിമർശന സമ്പ്രദായത്തോടു് ബന്ധപ്പെട്ടവയാണു് അവയിലധികവും. ഗുണദോഷ ചർച്ച, പ്രയോഗവൈചിത്ര്യചിന്ത, ഔചിത്യസിദ്ധാന്തത്തിന്റെ വെളിച്ചത്തിലുള്ള സൗന്ദര്യനിരീക്ഷണം എന്നീ ധർമ്മങ്ങളും കാവ്യസമീക്ഷയിൽ വള്ളത്തോളും ദീക്ഷിച്ചിരുന്ന. സൗന്ദര്യാവബോധപരവും ആത്മനിഷ്ഠമെന്നതിനേക്കാളും വസ്തുനിഷ്ഠവുമാണു് മഹാകവിയുടെ ഗ്രന്ഥനിരൂപണങ്ങളും. യുക്തിബോധം അവയെ ശാസ്ത്രീയമാക്കി തീർക്കുന്ന. രസികത്വം അവയ്ക്കു ഹൃദ്യതയേറ്റുന്ന. നിരൂപണത്തിനു് വിധേയമായ കൃതിയുടെ സൌന്ദര്യവൈരൂപ്യങ്ങളെ പരാമർശിക്കുന്ന സന്ദർഭങ്ങളിൽ സമകാലിക സാഹിത്യത്തിന്റെ മുഖ്യപ്രവണതകളും കൂടി മഹാകവിയുടെ ശ്രദ്ധയ്ക്കു വിഷയമാകാറുണ്ടു്. ശങ്കരകവിയുടെ 'കൃഷ്ണവിജയ'ത്തെ വിമർശിച്ചുകൊണ്ടു് അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തുന്ന.

''ഗംഗാപ്രവാഹം പോലെ അനർഗ്ഗളമായി തള്ളിയൊഴുകുന്ന അനുപ്രാസധോരണിയോടു് കൂടി ഒന്നാന്തരം പുതിയപുതിയ അത്ഥാലങ്കാരങ്ങളെ നിഷ്പ്രയാസം തട്ടിമിന്നിച്ചിരിക്കുന്ന ഈ കവിമല്ലന്റെ വാസനാവൈഭവവും വ്യൽപ്പത്തി ദാർഢ്യവും എത്ര ആശ്ചര്യകരം! എത്ര ആഹ്ലാദപ്രദം!''

തുടർന്നുള്ള പരാമർശം നിലവിലുള്ള ദുഷിച്ച സാംസ്കാരിക വാസനകളെ പ്രകാശിപ്പിക്കുന്നതാണു്:—

''ഹാ, ഒരു കാലത്തു് ഇത്തരം കവിശ്രേഷ്ഠന്മാരാൽ പ്രശോഭിതമായിരുന്ന കേരള രാജ്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണു്? ശരിയായ ശാസ്ത്രവ്യൽപ്പത്തിയും കരകളഞ്ഞ കവിതാബവും നമ്മുടെ രാജ്യത്തെ ഉപേക്ഷിച്ചുകൂത്തിലായി. ഉത്തമന്മാരായ സാഹിത്യകാരന്മാരെവിടെ? അവരെ പ്രോത്സാഹിപ്പിക്കുന്ന പ്രഭുക്കന്മാരെവിടെ? അഭിനന്ദിക്കുന്ന സഹൃദയന്മാരെവിടെ? ചിലർ യഥാർത്ഥ കവിത, യഥാർത്ഥ കവിത എന്നിങ്ങനെ ഉൽഘോഷിക്കുന്നതു കേട്ടാൽ, അവർ സഹൃദയത്വത്തിന്റെ അവതാരമൂർത്തികളാണെന്നു തോന്നിപ്പോകും. യഥാർത്ഥ കവിതയെ ആസ്വദിപ്പാനുള്ള ഹൃദയങ്ങളം അടുത്ത കാലത്തു് നമ്മുടെയിടയിൽ ഉണ്ടായിത്തീരുമെന്നാശിപ്പാൻ കൂടി വഴികാണുന്നില്ല;

''കാലത്തുണർന്നീശ്ശേണം
ദേഹശുദ്ധി വരുത്തണം
പുസ്തകക്കെട്ടെടുക്കേണം
പാഠം ചൊല്ലിപ്പഠിയ്ക്കണം''

എന്ന തരത്തിലുള്ള നീതിമാലകളെയല്ലേ, ചില പണ്ഡിതന്മാർ നമ്മുടെ പിഞ്ചുടർച്ചക്കാരായ കുട്ടികൾക്കു് കണ്ഠാഭരണങ്ങളായി കല്പിച്ചിരിക്കുന്നതു്?''

(ഗ്രന്ഥവിഹാരം—പേജു് 39)

അന്നു് ഇതുയുമെഴുതിയ കവിയുടെ ക്രാന്തദർശിത്വം അഭിനന്ദ്യം തന്നെ. അന്നു് അദ്ദേഹം പരിശ്രമിച്ചപോലെതന്നെയായിട്ടുണ്ടല്ലോ ഇന്നു് കാര്യങ്ങൾ. ശാസ്ത്രവ്യൽപ്പത്തിയില്ലായ്മ; സാഹിത്യാസ്വാദന വൈമുഖ്യം, സാഹിത്യകാരന്മാരെ അവഗണിക്കൽ, ഭാഷയോടുള്ള അധികൃതരുടെ അനാദരം—ഇതെല്ലാം ഇന്ന നമ്മുടെ നാട്ടിൽ കൊടികുത്തി വാഴുകയാണല്ലോ. സാഹിത്യ പോഷണത്തിനു് വേണ്ടി ഉടലെടുത്ത സ്ഥാപനങ്ങളും ഭാഷയുടേയും സംസ്കാരത്തിന്റേയും വികസനത്തിനു് വേണ്ടി പിറന്ന സർവ്വകലാശാലകളുമെല്ലാം ഇക്കാര്യത്തിലേയ്ക്കു് തങ്ങളുടെ ''മഹത്തായ'' സംഭാവനകൾനൽകിക്കൊണ്ടിരിക്കുന്ന ഇന്നു് മഹാകവിവള്ളത്തോളിനെപ്പോലുള്ള യഥാർത്ഥ കൈരളീക്ഷേത്രന്മാരുടെ അഭാവം ഓരോ നിമിഷവും അനുഭവപ്പെടുന്നുണ്ടു്. സാഹിത്യ പുരോഗതിയുടെ മന്ദത മഹാകവിയെ അസ്വസ്ഥനും അക്ഷമനുമാക്കിയിരുന്ന. തന്റെ അഭിപ്രായവും വിശ്വാസവും ഏതു സന്ദർഭത്തിലും തുറന്ന പറയാൻ അദ്ദേഹം സന്നദ്ധനായിരുന്ന. 'ലീല'യുടെ നിരൂപണം വള്ളത്തോളിന്റെ സാഹിത്യസേവനമണ്ഡലത്തിലെ അതിപ്രധാനമായ ഒരു സംഭവമത്രെ. മലയാള കവിതയുടെ ഗതിമാന്ദ്യത്തിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടു് ആരംഭിക്കുന്ന ഒരു വിമർശനം കുമാരനാശാന്റെ നവനവോന്മേഷ നൈപുണ്യത്തേയും പുരോഗാമിത്വത്തേയും മുക്തകണ്ഠം പ്രശംസിക്കുന്നുണ്ടു്. ആശാന്റെ രസസന്നിവേശത്തിലുള്ള ഏകാഗ്രതയെ മഹാകവി പ്രത്യേകം അഭിനന്ദിച്ചിരിക്കുന്ന. ''വിപ്രലംഭശൃംഗാരത്തെ തദനുഗുണമായ കരുണരസത്തിന്റെ സംസ്പർശത്തോടുകൂടി ഇത്ര മനോഹരമായി വർണ്ണിക്കുന്ന ഒരു കാവ്യം മലയാള ഭാഷയിൽ അവതരിച്ചിട്ടില്ല.'' എന്നവരെ വള്ളത്തോളും അഭിപ്രായപ്പെടുകയുണ്ടായി. ആ സന്ദർഭത്തിൽ, 'ലീല'യിലെ കഥാഘടനയിൽക്കടന്നുകൂടിയിട്ടുണ്ടെന്നു തനിക്കുതോന്നിയ ചില ന്യൂനതകളേയും രചനാ ദോഷങ്ങളേയും കുറിച്ചു് അദ്ദേഹം പ്രസ്താവിച്ചു. യുക്തിബോധത്തിന്റേയും സഹൃദയത്വത്തിന്റേയും സാഹിത്യ മർമ്മജ്ഞതയുടേയും നർമ്മബോധത്തിന്റേയും മണ്ഡലത്തിൽ നിന്നുകൊണ്ടാണു് വള്ളത്തോളും 'ലീല'യെ വിമർശിച്ചതു്. മലയാളത്തിലെ മറ്റൊരു മഹാകവിയും സമശീർഷനായ മറ്റൊരു കവിയുടെ കൃതിയെ ഇത്ര അന്തസ്സോടെ നിരൂപണം ചെയ്തിട്ടുണ്ടോ എന്ന സംശയമാണു്. ''ദോഷങ്ങളും എത്രയെങ്കിലും കിടക്കട്ടെ, 'ലീല' ഒരു വിശേഷപ്പെട്ട യഥാർത്ഥകവിതയാണെന്നു് ആരും സമ്മതിക്കും. ചവിട്ടും കുത്തും കലശലാണെന്ന വെച്ചു്, ധാരാളം പാലുള്ള ഒരു പശുവിനെ ആരും കറക്കാതിരിക്കുക പതിവില്ലല്ലോ?.....മഹാർഘങ്ങളായ രത്നങ്ങളും കിട്ടേണമെങ്കിൽ, സമുദ്രമജ്ജനക്ലേശം അനുഭവിക്കാതെ നിവൃത്തിയില്ല.'' എന്നിങ്ങനെയാണു് ആ നിരൂപണം അവസാനിപ്പിച്ചിട്ടുള്ളതു്.

''നമ്മുടെ സാഹിത്യം നന്നാകണമെങ്കിൽ കക്ഷിവഴക്കുകളും ജാതി ചിന്തകളും മറന്നു് മലയാളികളെല്ലാം ഒന്നാകണം.'' എന്നു് കുട്ടികളുടെ അനസ്യൂതിപ്പിച്ചിരുന്ന വള്ളത്തോളും സാഹിത്യ നിരൂപണ രംഗത്തിൽ അത്തരം ക്ഷുദ്രതകളും വളരാൻ ഒട്ടും അനുവദിക്കുകയുണ്ടായില്ല. ''ആശയ ഗുണമുണ്ടായാൽ കവിതയായി എന്നൊരു സിദ്ധാന്തം മുറുകെ പിടിപ്പാൻ നമ്മുടെ ചില നിരൂപകന്മാർ എങ്ങിനെയോ നിർബ്ബുദ്ധരായി തീർന്ന. ഈ തെറ്റിദ്ധാരണ വാസനയില്ലാത്ത പലരേയും തുവലെടുപ്പിക്ക

കവിസാർവ്വഭൌമൻ


പടിഞ്ഞാറെപ്പാട്ട് മാധവൻനമ്പ്യാർ

അങ്ങന്നിപ്പോഴം വസിപ്പു; ത്രിദശസഹൃദയ—
പ്രാതസംപൂജയേറ്റും,
തിങ്ങും മോദേന വൃത്രാന്തകനരുളിടു,മാ—
സ്ഥാനപട്ടം ധരിച്ചും;
വിങ്ങും ചിത്തത്തൊടിക്കേരളജനത മഹാ—
താപവാരാശിമദ്ധ്യേ
മുങ്ങുന്നു, താണിടുന്നു, കവിവരസമതേ!
തവദിയോഗംനിമിത്തം.

ശ്രീമൽഗ്രന്ഥങ്ങളോരുംപടി, നരനു പുനർ—
ജ്ജന്മമുണ്ടെന്നുവന്നാൽ,
ക്ഷേമം നമ്മൊക്കു; നാരായണകവിയിവിടെ—
ത്തന്നെ, വീണ്ടും ജനിക്കും;

പ്രേമംതൻ നാടിനോടത്യധികമിയലുമ—
ക്കാരണംകൊണ്ടു, പാത്താ—
ലീമന്നിൽ,ക്കേരളത്തിൻപുറമൊരുദിശിയാ—
കില്ല,തോന്നാശസിക്കാം.

അന്ത,സ്സോജസ്സു, ചിത്താർജ്ജവ,മൃജുതയെഴും
സുന്ദരം ദീർഘഗാത്രം,
ചന്തം ചിന്തുന്ന പുപ്പഞ്ചിരി, രസികവിനോ—
ദപ്രദം ഭാഷണങ്ങളം
'അന്തംവിട്ടാർക്കു,മാരിസ്സഗേ നരുമഹാൻ
വേഴ്ചയാകേണമെന്നായ്
സാന്തത്തിൽച്ചിന്തചേർക്കും, കവിവര,തവ മാ—
ഹാത്മ്യമോതാവതാണോ?



ന്നുണ്ട്. അതിന്റെ ഫലമത്രെ ആശയഗ്രഹണവും രചനാസൌഷ്ഠവവുമില്ലാത്ത ക്ഷുദ്രകാവ്യങ്ങളുടെ അനർഗ്ഗളപ്രവാഹം. കേവലം ശബ്ദം കൊണ്ടോ കേവലാർത്ഥം കൊണ്ടോ ഒരു വാക്യം കാവ്യമാകുന്നതല്ല. രസസ്പൂർത്തിയില്ലാത്തകാവ്യംനിർജ്ജീവശരീരമാണെങ്കിൽ ശബ്ദപുഷ്ടിരഹിതമായ വാക്യം വെറും അസ്ഥികൂടമാണെന്നു് നാം മനസ്സിലാക്കണം.'' എന്നു് ''ഭാഷാഭൈമീപരിണയം'' 'ദമയന്തി' തുടങ്ങിയ സാഹിത്യകൃതികളെ വിലയിരുത്തിക്കൊണ്ടുള്ള പ്രസ്താവങ്ങളിൽ ഉത്തമകവിതയെക്കുറിച്ചുള്ള വള്ളത്തോളിന്റെ സങ്കല്പങ്ങളം വ്യക്തമായും കാണാം.

ഭാഷാന്തരീകരണം എങ്ങനെയായാലാണു് ഒരു ഉത്തമകലയാവുന്നതെന്നു് വിവർത്തനഗ്രന്ഥങ്ങളെ നിരൂപണം ചെയ്തിട്ടുള്ളപ്പോഴൊക്കെ വള്ളത്തോളം പുണ്ടിക്കാണിച്ചിട്ടുണ്ടു്. അന്യഭാഷയിൽ നിന്നു് വിവർത്തനം ചെയ്യുമ്പോൾ വിവർത്തകൻശ്രദ്ധിക്കേണ്ട പല സൂക്ഷ്മതത്ത്വങ്ങളും അദ്ദേഹം അനുസ്മരിപ്പിച്ചിരിക്കുന്നു. വിവർത്തനം പലപ്പോഴും അക്ഷന്തവ്യമായ ഒരപരാധവും സാഹസവും അതിരുകടന്ന ഔദ്ധത്യവുമായി തീരുന്നുവെന്നു് പല പരിഭാഷകളേയും മുൻ നിർത്തി വള്ളത്തോളം പ്രസ്താവിച്ചു. 'സുധാബിന്ദു'വേപ്പോലുള്ള പരിഭാഷകളെപ്പററി അഭിപ്രായം പറയുന്ന സന്ദർഭത്തിലാണു് ശ്രദ്ധേയമായ ഈ ഉദ്ബോധനം കേൾക്കുന്നതു്:—

''അനശ്വരമായ ഗ്രന്ഥമെഴുതണമോ, നിങ്ങളുടെ തൂലിക ജീവരക്തത്തിൽ മുക്കുക'' എന്നത്രെ മഹാനായ ഒരു സാഹിത്യകാരൻ ഉപദേശിക്കുന്നതു്. ക്ലേശഭീതത്വത്തോടു് കൂടി സാഹിത്യ പരിശ്രമത്തിനു് ഇറങ്ങുന്ന മലയാളികം ഇതു് നിശ്ചയമായും ഓർമ്മയിൽ വെയ്ക്കേണ്ടതാണു്. സ്വന്തമായ ഗ്രന്ഥനിർമ്മാണം ചെയ്യുന്നതിൽ ഒട്ടുമക്കാലും അധ്വാനം ഭാഷാന്തരീകരണത്തിനുമുണ്ടു്. ഈ പ്രയത്നാധിക്യം എത്രകണ്ടു് അനുഭവിക്കുന്നുവോ അത്രകണ്ടു് പരിഭാഷകന്റെ ശ്രമം പ്രശംസനീയമായി തീരുന്നു.'' കാവ്യങ്ങളം നാടകങ്ങളും, പുരാണങ്ങളും ഋഗ്വേദവും മററും ഏകാഗ്രതയോടെ വിവർത്തനം ചെയ്ത ഒരു കവീശ്വരനാണു് വിവർത്തനത്തിന്റെ ഈ പൊരുൾ വ്യക്തമാക്കിയിട്ടുള്ളതു് എന്നു് കൂടി അവധേയമത്രേ.

'ഗ്രന്ഥവിഹാരം' അവതരിപ്പിച്ചുകൊണ്ടു് നിരൂപകവര്യനായ കുട്ടികൃഷ്ണമാരാർ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ, മനഃക്ഷുത്തയുടെ പുഴക്കത്താകട്ടെ, നിർദ്ദയത്വത്തിന്റെ പരുപരുപ്പാകട്ടെ, അപ്രഗൽഭതയുടെ അയവാകട്ടെ എങ്ങും വന്ന പോകാതെ — അദ്ദേഹം നിരൂപണ സാഹിത്യത്തെ പരിപോഷിപ്പിച്ച പോന്നു.'' 'ഗ്രന്ഥവിഹാര'ത്തിലെ ഗദ്യരീതിയുടെ മോഹനത്വവും പ്രത്യേകം അഭിനന്ദനീയമായിട്ടുണ്ടു്. ''വള്ളത്തോളിന്റെ ഗദ്യരീതി, അദ്ദേഹത്തിന്റെ പദ്യ രീതിയെപ്പോലെ തന്നെ, ഒട്ടും താഴെയല്ലാതെ, പ്രൌഢവും പ്രസന്നമധുരവുമാണു്; സംസ്കൃതോപസ്കൃതമായ മലയാണ്മയുടെ ആകൃതി സൌഭാഗ്യവും ആശയ സൌഷ്ഠവവും തെളിയിച്ച കാണിക്കുന്നതത്രെ വള്ളത്തോളിന്റെ ഗദ്യരീതി. ഉജ്ജ്വലങ്ങളും ഉചിതങ്ങളുമായ അലങ്കാരങ്ങളണിഞ്ഞു് വന്ദ്യസഖിയായ ഗൈർവ്വാണിയുടെ കൈകോർത്തുപിടിച്ചു് സാരവും സാരസ്യവും തികഞ്ഞ ഫലിതങ്ങളം പറഞ്ഞു് പൊട്ടിച്ചിരിച്ചുകൊണ്ടും, ഹൃദയസ്പർശികളായ പ്രൌഢവിഷയങ്ങളിലേയ്ക്കു് അപാംഗവീക്ഷിതമയച്ചുകൊണ്ടും, അസ്ഥാനത്തിലോ അശക്തമായിട്ടോ ഒരു പദവും വെച്ചുപോകാതെ, സവിലാസം സഞ്ചരിക്കുന്ന നമ്മുടെ മാതാവായ സാക്ഷാൽ കൈരളീദേവിതന്നെയാണു് വള്ളത്തോളിന്റെ ഗദ്യരീതി''. (മാരാരുടെ അവതാരികയിൽ നിന്നതന്നെ).

സാഹിത്യത്തിന്റെ സർവ്വാംഗീണമായ അഭിവൃദ്ധിയൊന്നിനെത്തന്നെ ലക്ഷ്യമാക്കി ആജീവനാന്തം പ്രയത്നിച്ച മഹാകവിയുടെ പ്രതിജ്ഞയ്ക്കു് പല മുഖങ്ങളുമുണ്ടായിരുന്നതിൽ ഒന്നായിരുന്ന അദ്ദേഹത്തിന്റെ 'ഗ്രന്ഥവിഹാരം'. വള്ളത്തോളിന്റെ കവിതകളെപ്പോലെ തന്നെ അദ്ദേഹത്തിന്റെ സാഹിത്യനിരൂപണങ്ങളം ഭാഷയുടെ ജീവരക്തത്തിൽ പ്രവേശിച്ചു് അതിനെ ഉദ്ദീപിപ്പിച്ചിട്ടുണ്ടെന്നതു് നിർവ്വിവാദമത്രേ. ''എല്ലാ നദികളും വന്നു ചേരുന്ന ഒരു സമുദ്രമായി തീരണം എന്റെ ഭാഷ''യെന്നാശിച്ച എമേഴ്സന്റെ ഈ അനുഗാമിയെ ഭാഷാപ്രണയികം എങ്ങനെ മറക്കാനാണു്!!

With best compliments
from

V. K. K. MENON

L.C.E., A.M.I.S.E, A.M.I.E.T., (Lond.)
CIVIL ENGINEER
&
ARCHITECTURAL CONSULTANT
31, Medavakkam Tank Road,
KILPAUK, MADRAS-10

★

Phone: **62535** Grams:

With best compliments
from

CHOKSI BROTHERS
PRIVATE LTD.

BOMBAY,
CALCUTTA,
DELHI,
MADRAS.

Phone; **86963**

5/17, Mount Road,
MADRAS-2

വള്ളത്തോൾകവിതയിലെ റൊമാൻറിസിസം

—എം. അച്യുതൻ

ആശാൻറെയും വള്ളത്തോളിൻറെയും കവിത നമ്മുടെ ഭാഷയിലെ കാല്പനിക പരിണാമത്തിൻറെ പ്രഥമഘട്ടമാണു് പ്രകാശിപ്പിക്കുന്നതു്. ഈ ഭാവരൂപപരിവർത്തനത്തിൻറെ പശ്ചാത്തലവും സ്വഭാവവും എന്താണു്?

മണിപ്രവാളസാഹിത്യത്തിൻറെ പാരമ്പര്യമാണു് കേരളവർമ്മ കോയിത്തമ്പുരാൻ സ്വായത്തമാക്കിയതു്. പുരാണത്തിലെ അല്പകിൽ ചരിത്രത്തിലെ പ്രഥിതങ്ങളായ സംഭവങ്ങളെ വിഷയമാക്കി സംസ്കൃത സാഹിത്യത്തിൽ നിന്നു ലഭിച്ച രൂപമാതൃകകളിൽ കാവ്യങ്ങൾ രചിച്ചു പോരുകയായിരുന്നു അന്നത്തെ പതിവു്. കഥാപാത്രങ്ങളും വർണ്ണനങ്ങളും സങ്കല്പങ്ങളുമെല്ലാം ടൈപ്പുകളായി അങ്ങിനെ കുമിഞ്ഞുകൂടി. പ്രകൃതിയിലേയ്ക്കോ ജീവിതത്തിലേയ്ക്കോ ഹൃദയത്തിലേയ്ക്കോ സ്വയം നോക്കി എഴുതുന്ന ശീലം വിരളമായിരുന്നു. വിരഹദുഃഖം സ്വാനുഭവമായിരുന്നിട്ടും കോയിത്തമ്പുരാൻറെ മയൂരസന്ദേശം വികാരദരിദ്രവും ഭാവനാവിരളവുമായിത്തീർന്നതിനു് ഇതാണു് കാരണം. പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് കവിതയുടെ സ്വഭാവത്തിലേക്കു് ചൂണ്ടിക്കൊണ്ടു് ഏ. ഈ. ഹൗസ്മാൻ പറയുകയുണ്ടായി, 'ഉണങ്ങി കട്ടപിടിച്ച ഒരു കൃത്രിമ കാവ്യഭാഷയാണിവിടെ.' അന്നത്തെ കവികളെ സംബന്ധിച്ചിടത്തോളം, പ്രകൃതിയും ജീവിതവുമൊക്കെ പണ്ടുള്ളവരുടെ കൃതികളിൽ വരച്ചും വിവരിച്ചും വെച്ച പ്രകൃതിയും ജീവിതവുമാണു്. ഭാഷയുടെ ജഡതയുടെ അനുഭവത്തിൻറെ നിർജ്ജീവത തന്നെയാണു് കാരണം. ദ്വിഗ്വീവേച്ച ഈ കാവ്യഭാഷ മറ്റൊരു ഫലംകൂടി ഉളവാക്കിയിട്ടുണ്ടു്. അതു മനുഷ്യഹൃദയത്തെ ബാധിച്ചു് സംവേദനശക്തിയെക്കുടി ജഡീഭവിപ്പിച്ചിരിക്കുന്നു. മലയാള കവിതയുടെ ചരിത്രം പരിശോധിക്കുമ്പോഴും ഇപ്പറഞ്ഞതു ശരിയാണെന്നു കാണാം. ഈ ജാഡ്യബാധയിൽ നിന്നു മോചനം നേടി മനുഷ്യ ചേതന മുമ്പെങ്ങും അതിനു എത്താൻ സാധിച്ചിട്ടില്ലാത്ത വൈകാരിക തലങ്ങളെ, ഭാവനാശൃംഗങ്ങളെ ആശ്ലേഷിക്കാൻ തുടങ്ങി. അതാണു് നമ്മുടെ കവിതയിലെ കാല്പനിക പരിണാമം.

ഗതാനുഗതികത്വത്തിൽ മടുപ്പു തോന്നിയ ചില കവികളും കോയിത്തമ്പുരാൻറെ കാലത്തു് ഭാഷാകവിതയ്ക്കു ഒരു നവോന്മേഷം നൽകാൻ ഉദ്യമിക്കാതിരുന്നില്ല. രൂപത്തേയും ശൈലിയേയും ആണു്, ആ പരീക്ഷണം മുഖ്യമായി തൊട്ടു പോയിരുന്നതു്. കവിതയിലെ ഏതു പരിണാമവും കാവ്യഭാഷയിൽ വരുന്ന പരിണാമം കൂടിയാകാതെ വയ്യ. സംസ്കൃതപ്രചുര മണിപ്രവാളരീതി ഉപേക്ഷിച്ചു് മലയാള ഭാഷയുടെ അന്തസ്സത്തയെ മാനിക്കുവാൻ ഈ കാലങ്ങളിൽ നമ്മുടെ പല കവികളും ഒരുങ്ങിയിട്ടുണ്ടു്. ശൈലിയിലെ ഈ മാറ്റം കവിതയിലെ പ്രതിപാദ്യത്തിൽ വരുന്ന മാറ്റത്തിൻറെ നാന്ദിയായിരുന്നു.

> മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മൂടീട്ടു വൻകറയും
> ചൂടിക്കൊണ്ടരിവാംപ്പുറത്തു തിരുകി പ്രാഞ്ചിക്കിതച്ചങ്ങനെ
> നാടൻ കച്ചയുടുത്തു മേനി മുഴുവൻ ചേറും പുരണ്ടിപ്പൊഴി—
> പ്പാടത്തുന്നു വരുന്ന നിൻ വരവു കണ്ടേറെക്കൊതിക്കുന്നു ഞാൻ!.

എന്ന പൂന്തോട്ടത്തിൻറെ ശ്ലോകം ഭാവത്തിലും രൂപത്തിലും നിയോ ക്ലാസ്സിക്കു് അഭിരുചിയിൽ നിന്നു വിട്ടു നിൽക്കുന്നു. വെണ്മണിയും ഇതുപോലെ തെളിഞ്ഞ മലയാളത്തിൽ ഒട്ടേറെ 'റിയലിസ്റ്റിക്കു്' ചിത്രങ്ങളും വരച്ചു വെച്ചിട്ടുണ്ടു്. ശൃംഗാരവിഷയകങ്ങളായ വസ്തുതകളൊഴിച്ചു് കാര്യമായൊന്നും ആവിഷ്കരിച്ചിട്ടില്ലെങ്കിലും, ഈ കവികൾ വിശേഷിച്ചും വെണ്മണി, മലയാള കവിതയെ റിയലിസത്തിലേയ്ക്കു തിരിച്ചു നിർത്തി. പിൽക്കാലത്തു് നമ്മുടെ കാല്പനിക കവികളെ, വിശേഷിച്ചും വള്ളത്തോളിനെ, വെണ്മണിയുടെ ഭാഷാശൈലിയും റിയലിസവും സ്വാധീനിച്ചിട്ടുണ്ടു്. സാമൂഹികമായ ഒരു സാധാരണ സംഭവത്തെ പിടിച്ചു് ലളിതമായ ഭാഷയിൽ 'ദൈവയോഗം' എന്ന കാവ്യമെഴുതാൻ കോയിത്തമ്പുരാനെവരെ പ്രേരിപ്പിക്കുകയുണ്ടായി, വെണ്മണി പ്രസ്ഥാനം. കാവ്യഭാഷയിൽ വന്ന ഈ മാറ്റം പച്ചമലയാളത്തിലേയ്ക്കു് വഴി തെളിയിച്ചു. സംസ്കൃത ശബ്ദങ്ങളൊന്നും കലരാതെ പച്ചമലയാളത്തിൽ കാവ്യമെഴുതിത്തീർക്കുക—ഒരഭ്യാസം കാണിച്ച ജയിക്കുന്ന കൗതുകമാണതിൽ മുഖ്യമായും ഉള്ളതു്. കുഞ്ഞിക്കുട്ടൻ തമ്പുരാൻറെ നല്ലഭാഷ, പാലുള്ളി ചരിതം, തുടങ്ങിയ കാവ്യങ്ങളും ഈ ഭാഷാ പരീക്ഷണത്തിൻറെ പ്രാഥമിക രേഖകളാണു്. ഒഴക്കൻ മട്ടിൽ സ്നോജനകമായി പച്ചമലയാളത്തിൽ സംഭവങ്ങളെ വർണ്ണിച്ചു പോവുകയാണവയിൽ. ഈ പ്രസ്ഥാനത്തിൽ ഭാവപ്രധാനമായ കവിതയെഴുതാൻ കഴിഞ്ഞതു കുണ്ടൂരിനു മാത്രമാണു്. പാലാട്ടുകോമൻ, ശക്തൻതമ്പുരാൻ തുടങ്ങിയ വീരപൂർവ്വികരുടെ സാഹസിക ജീവിതത്തെ ആസ്പദമാക്കി കുണ്ടൂർ രചിച്ച കഥാകാവ്യങ്ങൾക്കു് പ്രതിപാദ്യസ്വഭാവത്താൽ വൈചിത്ര്യവും കാല്പനികമായ ആകർഷകത്വവും ഉണ്ടായിരുന്നു. മീഡിയത്തെ സംബന്ധിക്കുന്ന നിഷ്കർഷ ഈ പ്രസ്ഥാനക്കാരെ വളരെ പരതന്ത്രരാക്കി. ഗൗരവമാർന്ന കാവ്യോപാസനയ്ക്കു് ഉതകാത്തതായിരുന്ന കൃത്രിമമായ പച്ചമലയാളപ്രസ്ഥാനം.

മലയാള കവിതയ്ക്കു് ഒരു വിനോദമെന്ന നിലയിൽ നിന്നു് ഈ ഘട്ടത്തിലൊന്നും മോചനം കിട്ടിയിട്ടില്ല. കവിതയ്ക്കു് ജീവിത സ്പർശിതയോ അനുഭൂതി ഗൗരവമോ കൈവന്നിരുന്നില്ല. എങ്കിലും നിയോ ക്ലാസ്സിസത്തിൻറെ മരവിപ്പിൽ നിന്നുള്ള മോചനത്തെ സൂചിപ്പിക്കുന്നതായിരുന്ന വെണ്മണി, കുണ്ടൂർ തുടങ്ങിയവരുടെ കവിതകളിലെ പുതുമ.

ഈ കാലങ്ങളിൽ ഇംഗ്ലീഷ് ഭാഷയും സാഹിത്യവുമായുള്ള സമ്പർക്കം നമ്മുടെ കവികൾക്കും മറ്റു സാഹിത്യകാരന്മാർക്കും ലഭിച്ചു തുടങ്ങിയിരുന്നു. കോയിത്തമ്പുരാൻറെ ഇംഗ്ലീഷ് സാഹിത്യപരിചയം പാഠപുസ്തക നിർമ്മാണത്തിൽ പുതിയ ഗദ്യമാതൃകകളെ കൈക്കൊള്ളാൻ സഹായിച്ചെങ്കിലും കവിതാരംഗത്തിൽ പ്രത്യേകിച്ചൊരുണർവും വരുത്തിയില്ല. എന്നാൽ ഏ. ആർ. തമ്പുരാൻറെ ഉൽപതിഷ്ണതപ വിപ്ലവം സൃഷ്ടിച്ചു. തമ്പുരാൻറെ കാവ്യങ്ങളിലേക്കാം കാവ്യാദർശത്തിലാണു് ഈ നവചൈതന്യം പ്രകടമായതു്. കവികളുടെ ശ്രുതശബ്ദത്തിൽ നിന്നു് 'അന്തഃരുചി'യിലേയ്ക്കു് തിരിച്ചുവിടുകയായിരുന്ന പ്രാസവാദത്തിൽക്കുടി അദ്ദേഹം ചെയ്തതു്. 'അന്തഃ'ത്തിൽ രസഭാവങ്ങളും അന്തർഭവിക്കുന്നുണ്ടെങ്കിലും, ശ്രീ പി. കെ. പരമേശ്വരൻനായർ ചൂണ്ടിക്കാട്ടിയതു പോലെ സ്വാന്തം രചനകളിലും നിരൂപണങ്ങളിലും മറ്റും വികാരാത്മകതയെയല്ല, അന്തഃധ്വനികളെയാണു് തമ്പുരാൻ മുഖ്യമാക്കിയിരിക്കുന്നതു്. എന്നാൽ നളിനിയെപ്പോലെയുള്ള ഒരു കാവ്യത്തിൻറെ നവീന തസ്സു സ്വാഗതമോതാനും പുതിയ കാവ്യാഭിരുചിയുടെ

അന്തരീക്ഷം സൃഷ്ടിക്കുവാനും തമ്പുരാൻ ഉത്സാഹം കാണിച്ച എന്നതാണു പ്രധാനം.

മുപ്പത്തഞ്ചാമത്തെ വയസ്സിലാണെന്നു തോന്നുന്നു, കുമാരനാശാൻ 'വീണപൂവു' രചിച്ചതു്. അതിനു് മുമ്പു് ചില സ്തോത്രങ്ങളും മറ്റും പഴയമട്ടിൽ ആശാനും എഴുതിപ്പോന്നു. പിന്നീടു് എഴുതിയ കവിതകളിൽ, ഒരു പുതിയ ഭാവധാര എങ്ങനെ പ്രത്യക്ഷപ്പെട്ടു? ബംഗാളും നിവാസത്തിനിടയിൽ ഷെല്ലി, കീറ്റ്സു്, ടാഗോർ, ഇഖ്ബാൽ തുടങ്ങിയവരുടെ കവിതകളുമായി പരിചയപ്പെട്ടതുകൊണ്ടു് ആശാന്റെ ഭാവനയ്ക്കു് പുതിയൊരു സംസ്കാരം തന്നെ കൈവന്നതാണു് അതിനു് കാരണം. ആംഗലസാഹിത്യസമ്പർക്കത്തിന്റെ ഫലമായി കാല്പനികവിപ്ലവം ആദ്യം പൊട്ടിപ്പുറപ്പെട്ടതു് ബംഗാളിലാണു്. ബങ്കിം ചന്ദ്രചാറ്റർജി, മൈക്കേൽ മധുസൂദനദത്തു്, ടാഗോർ തുടങ്ങിയ മഹാരഥന്മാരുടെ പ്രതിഭ ബംഗാളിസാഹിത്യത്തിൽ വലിയ പരിവർത്തനം വരുത്തി. അവിടത്തെ സാംസ്കാരികാന്തരീക്ഷവും സാഹിത്യപ്രവണതകളും ആശാന്റെ ഭാവനയെ വളരെയധികം വികസിപ്പിച്ചിട്ടുണ്ടു്. വാസ്തവത്തിൽ ഇവിടം തൊട്ടാണു് സംസ്കൃതേതര കവിതയുടെ, വിശേഷിച്ചും ആംഗലകവിതയുടെ, സ്വാധീനശക്തി മലയാളകവിതയിൽ കണ്ടു തുടങ്ങുന്നതു്. വീണപൂവു് കാല്പനിക നവോത്ഥാനത്തെ കുറിക്കുന്ന ആദ്യകൃതിയായിട്ടാണല്ലോ ഗണിക്കപ്പെടുന്നതു്. ഒരു ഭാവഗീതമെന്ന നിലയിൽ ആ കാലഘട്ടത്തിൽ അതിനൊരു പുതുമയുണ്ടായിരുന്നു. തോമാസു് ഗ്രേയുടെ പ്രസിദ്ധമായ 'എലിജി'ക്കു് വൈയക്തികഭാവമോ വികാരതീവ്രതയോ ഇല്ലെന്നും, അതു് ശുശാന്തത്തിലിരുന്നുകൊണ്ടുള്ള നിർവ്വികാരമായ തത്ത്വവിചാരമാണെന്നും വാറ്റ്സു് ഡൺടൻ പ്രസ്താവിക്കുകയുണ്ടായി. വൈയക്തികാനുഭവതീവ്രതയില്ലാത്ത തത്ത്വചിന്തയും, സന്മാർഗ്ഗകഥനവുമാണു് വീണപൂവിലും കുറെയേറെ. 'അലിഗറി' എന്നു പറയുന്ന അന്യാപദേശകവിതാവിഭാഗത്തിലാണിതിനെ ഉൾപ്പെടുത്തേണ്ടതു്. ഇഖ്ബാലിന്റെ 'വിതേർഡു് റോസു്' ഒരു കേവല ഭാവഗീതിയാണു്. അന്യാപദേശഗീതമല്ല. 'വീണപൂവിൽ' സൗഭഗവും കല്പനാസൗന്ദര്യവുമുള്ള ചില ശ്ലോകങ്ങളുണ്ടു്. ഒരു പൂവു് അതുയും ഗൗരവമുള്ള ചിന്തകനും മറ്റു കവികളിലുമുണ്ടാക്കിയിരുന്നുമില്ല. അതുകൊണ്ടു് ആ കാവ്യം ശ്രദ്ധേയമായി. കാല്പനിക പരിണാമത്തിലേയ്ക്കു് ചൂണ്ടുന്ന ഭാവ തീവ്രമായ ഒരു ആത്മാലാപം

— വി. സി. ബാലകൃഷ്ണപ്പണിക്കരുടെ 'ഒരു വിലാപം'

— വീണ പൂവിനു മുമ്പേ ഉണ്ടായിക്കഴിഞ്ഞിരുന്നു.

മുങ്ങിപ്പൊങ്ങും തമസ്സിൽ കടലിലൊരു കുടം
പോലെഭ്രചക്രവാളം
മുങ്ങിപ്പൊയീ മുഴക്കെ,ക്കുളിരിളകുമിളം
കാറ്റു താനേ നിലച്ചു,
മങ്ങിക്കാണുന്ന ലോകപ്രകൃതിയുടെ പകർ—
പ്പെന്ന മട്ടുന്ന മൌനം
തങ്ങിക്കൊണ്ടർദ്ധരാത്രിസ്സൊരു പുരുഷനിരു—
ന്നീടിനാനാടലോടേ.

എന്നു തുടങ്ങുന്ന ഈ വിലാപം ആദ്യന്തം വികാരതീവ്രമായ ആത്മാവിഷ്കാരമാണു്. ആംഗലകവിതയിലെ റൊമാൻറിക് വിപ്ലവത്തിന്റെ ആരംഭത്തിൽ പെട്ടെന്നുദിച്ചു് പെട്ടെന്നു് മറഞ്ഞ ചാറ്റർട്ടന്റെ സ്ഥാനമാണു് വി. സി. സ്സു മലയാളത്തിൽ.

ഇതരഭാഷാകാവ്യസംസർഗ്ഗത്താൽ പ്രഭാവിതനായ ആശാന്റെയും സംസ്കൃതമലയാള കാവ്യപാരമ്പര്യം മാത്രം ആഞ്ജിച്ചിരുന്ന വള്ളത്തോളിന്റെയും സംഭാവനകളാണു്, —ആശാന്റെ ഖണ്ഡകാവ്യങ്ങളും വള്ളത്തോളിന്റെ ഭാവഗീതങ്ങളുമാണു്—മലയാള കവിതയെ അഭൂതപൂർവ്വമായ ഗൗരവവും സൗന്ദര്യവും നൽകി കാല്പനിക മാർഗ്ഗത്തിൽ ബഹുദൂരം മുമ്പോട്ടു നയിച്ചതു്. അതിനാൽ ഖണ്ഡകാവ്യം, ഭാവഗീതം എന്നീ കാവ്യരൂപങ്ങളെക്കുറിച്ചു് ചില വസ്തുതകം ഇവിടെത്തന്നെ പറഞ്ഞുവെയ്ക്കുട്ടെ. ഏതെങ്കിലും ചിന്തയോ വസ്തുവോ അനുഭവമോ സാഹൃദയത്തിലുണർത്തുന്ന വികാരത്തെ ഭാവനാമയങ്ങളായ മൂർത്തചിത്രങ്ങളിൽക്കൂടി നാതിദീർഘമായി പ്രകാശിപ്പിക്കുമ്പോഴാം അതു് ഭാവഗീതമാകുന്നു. ആത്മാവിഷ്കാര കൃതികളായ കാല്പനിക കവിയ്ക്കു് ഏറ്റവും സ്വീകാര്യമായ കാവ്യരൂപം അതാണു്. ഭാവാത്മ പ്രഷ്കൃത്തിനു് അനുരോധമായ ശബ്ദസംഗീതവും ഗാനാത്മകത്വം കൂടിയ ശീലുകളും വികാരതീവ്രതയും ദൈർഘ്യക്കുറവും മറ്റും ആ കാവ്യരൂപത്തിന്റെ സാമാന്യധർമ്മങ്ങളാണു്. എന്നാൽ പാശ്ചാത്യനിരൂപകന്മാർ ആത്മനിഷ്ഠത തീരെക്കുറഞ്ഞ, മിക്കവാറും അവൈയക്തികങ്ങളായ, പ്രാചീന ജനഗാനങ്ങളടക്കം കീറ്റ്സു്, ഷെല്ലി തുടങ്ങിയവരുടെ കാവ്യങ്ങളെ വരെ കാല്പനിക ഭാവഗീതങ്ങളായി ഗണിക്കുന്നുണ്ടു്. 'ബല്ലാർഡുകളെ' ഭാവഗീതശാഖയിൽപ്പെടുത്തണമെന്നാണു് വേഡ്സ്വർത്തിന്റെ സിദ്ധാന്തം. അവ ആഖ്യാനകവിതകളാണു്. വീരകൃത്യങ്ങളും പ്രണയസാഹസവൃത്തികളും മറ്റുമാണു് അവയിലധികവും പ്രതിപാദിക്കുന്നതു്. ഗാനത്തിന്റെ ചിറകിൽക്കൂടി ഭാവനയെ വർത്തമാനയാഥാർത്ഥ്യങ്ങളിൽ നിന്നു് കാല്പനികമായ ഭൂതകാലാന്തരീക്ഷങ്ങളിലേയ്ക്കു് നയിക്കുന്നവയുമാണു് ഈ ഗാനങ്ങളം. ഇതുകൊണ്ടൊക്കെയാണു് അവയെ കാല്പനികഗീതങ്ങളായി ഗണിക്കുന്നതു്. വടക്കൻപാട്ടുകളം പോലുള്ള നമ്മുടെ ജനഗാനങ്ങളം ഈ സ്വഭാവത്താൽ കാല്പനിക ശാഖയിൽ പെടുന്നു. ഇവയൊന്നും ആത്മാവിഷ്കാരപരങ്ങളല്ല. കഥാഖ്യാനങ്ങളല്ലാത്ത ഗാനങ്ങളുമുണ്ടു്, ആത്മനിഷ്ഠതാഭാവം പ്രകടിപ്പിക്കാത്തവയായി. ഇങ്ങോട്ടിങ്ങോട്ടു വരും തോറുമാണു് റൊമാൻറിക് കവികം കൂടുതൽ അന്തർമ്മുഖരാകുന്നതും ഭാവഗീതികളം്കു് വികാര തീവ്രതയും ആത്മച്ചുവിയും ഗൗരവവും കൂടിക്കൂടിവരുന്നതും. കാല്പനിക പരിണാമത്തിനെ ഇങ്ങേത്തലയ്ക്കൽ വച്ചുണ്ടായ ഖണ്ഡകാവ്യങ്ങളാകട്ടെ ആഖ്യാനപരങ്ങളായി മുമ്പുണ്ടായിട്ടുള്ള കാവ്യങ്ങളിൽനിന്നു് സ്വഭാവംകൊണ്ടു വ്യത്യസ്തങ്ങളാണു്. ഈ ഖണ്ഡകഥാകാവ്യങ്ങളെ ഭാവഗീതികളുടെ സീമയിൽ തന്നെ പെടുത്തേണ്ടിയിരിക്കുന്നു. നിയോ ക്ലാസ്സിക് യുഗത്തിലെ നീണ്ട മഹാകാവ്യങ്ങളിലും ഇതിഹാസങ്ങളിലും മറ്റു് ചെറിയ കഥാകാവ്യങ്ങളിലും സംവേദങ്ങളെ വിവരിച്ചും വർണ്ണിച്ചും പോവുക മുഖ്യലക്ഷ്യമാണു്. അവയിൽ ഗദ്യത്തിൽ നിന്നു ഭിന്നമല്ലാത്ത ഭാഗങ്ങളം ധാരാളം കാണും. വാൾട്ടർ പേറ്ററുടെ ഭാഷയിൽ പറഞ്ഞാൽ 'രത്നോജ്ജ്വലമായ അഗ്രശിഖയാൽ ആകാശാഗ്രം ദീപ്തമായിരിക്കുക' എന്ന ശുദ്ധ കവിതാസ്വഭാവം ഭാവഗീതിയിലെന്ന പോലെ കാല്പനിക ഖണ്ഡകാവ്യങ്ങളിലും ഏറെക്കുറെ അനുഭവമാകും. വളരെ നീണ്ട കാവ്യങ്ങളിൽ ഈ സ്വഭാവം ആദ്യന്തം നിലനിർത്തുക ദുഷ്കരമാകയാലാണു് ദീർഘകാവ്യം എന്നൊന്നില്ല എന്നുവരെ എഡ്ഗർ അല്ലൻപോ പറഞ്ഞതു്. കഥാകാവ്യം കവിയുടെ ആത്മശോഭയാൽ ദീപ്തമാണെങ്കിൽ, കഥാകൗതുകത്തേക്കാം ഭാവാനുവേധമാണു് നമ്മെ ഉത്തേജിപ്പിക്കുന്നതെങ്കിൽ അതു് ഭാവഗാനത്തോടടുത്തതാണു് എന്നു് ഡബ്ലിയു. പി. കെ. പ്രസ്താവിച്ചതാണു് വാസ്തവം. നളിനി, ലീല, മഗ്ദലനമറിയം, അച്ഛനും മകളും തുടങ്ങിയ കാല്പനിക ഖണ്ഡകാവ്യങ്ങളം ഇങ്ങനെ ഭാവഗാനങ്ങളോടടുത്ത കലാസൃഷ്ടികളാണു്. രൂപത്തിലും ഭാവത്തിലും അവ വലിയ കോയിത്തമ്പുരാന്റെ സാങ്കേതികയുഗത്തിലെ കവികം എഴുതിക്കൂട്ടിയ കഥാകാവ്യങ്ങളിൽനിന്നു് വ്യത്യസ്തങ്ങളാണു്.

ഇനി നമുക്കു് ആശാന്റെയും വള്ളത്തോളിന്റെയും കൃതികളിലെ കാല്പനിക ഭാവമെന്തെന്നു് പരിശോധിക്കാം. ലൌകികവഴക്കങ്ങളിൽ നിന്നു് വിട്ടു നിന്നോ, കുതറിപ്പോന്നോ ആന്തരിക പ്രേരണകളാൽ സ്വേച്ഛാവൃത്തികളാകുന്ന കഥാപാത്രങ്ങളുടെ ഭാവ ജീവിത ചിത്രണമാണു് ആശാന്റെ ഖണ്ഡകാവ്യങ്ങം. അവ കവിഹൃയ പ്രകാശകങ്ങളം കൂടിയാണു്. ''ഉദഗ്രമായ ഒരു ദാർശനിക ദുഃഖവും അലൌകികതയും ആദർശലോകവാഞ്ഛയുമാണു് അവയിലെ കാല്പനിക ഭാവത്തിന്റെ സത്ത. ടാഗോർ, ഇഖ്ബാൽ, നിസ്സാമി, ഷെല്ലി തുടങ്ങിയ പൗരസ്ത്യ പാശ്ചാത്യ കവികളുടെ കൃതികളുടെ അനുസന്ധാനം അതിനെ അധികം സമ്പന്നമാക്കിയിട്ടുണ്ടു്. ടാഗോർ

സ്പർശിച്ച പ്രമേയങ്ങളിൽ പലതും ആശാൻ സ്വീയ ഭാവനയിൽ പരിഷ്ക്കരിച്ച് കാവ്യ വിഷയമാക്കിയിട്ടുണ്ട്. നളിനി, കരുണ, ചണ്ഡാലഭിക്ഷുകി തുടങ്ങിയവ ഉദാഹരണം. ലീല നിസ്സാമിയുടെ പ്രസിദ്ധ കാവ്യത്തോട് വളരെ കടപ്പെട്ടിരിക്കുന്നു. പ്രരോദനത്തിനും ഷെല്ലിയുടെ 'അഡോണൈ'യോടാണ് രക്തബന്ധം. ആശാന്റെ അന്യസാഹിത്യ സംസർഗ്ഗം അങ്ങിനെ മലയാള കവിതയ്ക്ക് വലിയ നേട്ടമായിത്തീർന്നു.

ആശാൻ ആവിഷ്ക്കരിച്ചിട്ടുള്ള അനുഭൂതികാംക്ഷ മിക്കപ്പോഴും ഒരു ഏകസ്വരതയുണ്ട്. ആശാനിലെ കവിയെ ആശാനിലെ വേദാന്തിയും സമുദായപരിഷ്ക്കർത്താവും വിടാതെ അനുഗമിക്കുന്നു. ചിലപ്പോഴും കവി അവരെ അനുഗമിക്കുന്നതായും തോന്നാറുണ്ട്.

ഏതെല്ലാം തരത്തിലുള്ള വികാരത്താൽ കവിഹൃദയത്തെ ഉത്തരളമാക്കാൻ പോന്നതാണ് ലോകം. വിശേഷിച്ച് ഭാരതീയ ജീവിതത്തിൽ ഒരു നവോത്ഥാനത്തിന്റെ കാറ്റ് വിശിത്തുടങ്ങിയ ഘട്ടത്തിലാണ് ആശാൻ ജീവിച്ചിരുന്നതും. ജാതിചിന്ത എന്ന ദുരാചാരത്തെപ്പോലെ മറ്റു ലൌകികപ്രശ്നങ്ങളൊന്നും ആശാനെ ഉത്തേജിപ്പിച്ചിട്ടില്ല. ഇതു പറയുമ്പോഴും മംഗള പത്രങ്ങളും (ബ്രിട്ടീഷ് ചക്രവർത്തി ഗീതയിൽ പറഞ്ഞു കാണുംപോലെയുള്ള യഗാവതാരമാണെന്നും വേണാട്ട് രാജാക്കന്മാരും ദിവാൻമാരും ദിവ്യപുരുഷന്മാരാണെന്നും മറ്റും പഴയ പാരമ്പര്യത്തിൽ സ്തുതിച്ചെഴുതിയതാണ് എങ്കിലും കിരീടധാരണം, പള്ളിക്കെട്ട്, ഷഷ്ടിപൂർത്തി തുടങ്ങി പലതും മംഗളപത്ര വിഷയമാക്കിയിട്ടുണ്ട്.) ഇഷ്ടജന സ്മരണകളും പ്രകൃതി വർണ്ണനകളുമായി ആശാൻ രചിച്ചിട്ടുള്ള കവിതകളെ ഇവിടെ വിസ്മരിക്കുന്നില്ല. അവയൊന്നും ആശാന്റെ കവിതപ്രതിനു നിദർശനങ്ങളല്ല; വള്ളത്തോളിന്റെ ഏതാദൃശങ്ങളായ ചില കവിതകളും അദ്ദേഹത്തിന്റെ കവിതപ്രതിനു നിദർശനങ്ങളല്ലാത്തതുപോലെ. ആശാൻ ലൌകിക സാഫല്യങ്ങളെ നിസ്സാരമായി എണ്ണുകയും മണ്ണുമായുള്ള ബന്ധം വിട്ടന്നതുവരെ ജീവിതത്തെ ആദർശവത്ക്കരിക്കുകയും ചെയ്തു. നമ്മുടെ ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യ സമരവും അദ്ദേഹത്തെ അത്രയൊന്നും ആകർഷിച്ചില്ല. പ്രബുദ്ധരായ ഭാരതീയർ വെയ്ത്സ് രാജകുമാരന്റെ വരവിൽ പ്രതിഷേധിച്ച് കരിങ്കൊടി പിടിച്ചപ്പോഴും ആശാൻ അദ്ദേഹത്തിൽ നിന്ന് പട്ടും വളയും വാങ്ങാൻ മടിച്ചില്ല. ജാതിചിന്ത പോകാത്തിടത്തോളം കാലം സ്വരാജ്യസിദ്ധികൊണ്ട് കാര്യമില്ലെന്നും, അതുകൊണ്ട്

''ഈ നമ്മെ നമ്മളുടെ നന്മ നിനയുന്നില്ല്യ,
ശ്രീനുനമാർക്കുമുളവാമിഹയത്നമാർന്നാൽ'',

എന്നും ആശാൻ തീയ്യക്കുട്ടിയെക്കൊണ്ട് വിചാരിപ്പിച്ചിട്ടുണ്ട്. താണജാതിക്കാർക്ക് വളരാൻ അവസരമോ അവർക്ക് അംഗീകാരമോ നൽകാൻ അന്ന് സവർണ്ണർ തയ്യാറായിരുന്നില്ല. സാമ്രാജ്യ മോഹികളായ ബ്രിട്ടീഷ്കാർ ഈ ചീത്ത മനോവൃത്തി കാണിച്ചുമില്ല. സാഹചര്യങ്ങളെ വെച്ചുനോക്കുമ്പോൾ, ദീർഘ വീക്ഷണക്കുറവുണ്ടെങ്കിലും, ആശാന്റെ ഈ മനോഭാവത്തിനു സാധൂകരണമുണ്ട്. പക്ഷെ, ആശാനു സ്വാതന്ത്ര്യം ആത്മാവിന്റെ സ്വാതന്ത്ര്യമായിരുന്നു, ഒരു പിടി മണ്ണിന്റെ സ്വാതന്ത്ര്യമായിരുന്നില്ല എന്നൊക്കെ, രാഷ്ട്രീയ സ്വാതന്ത്ര്യാഭിലാഷവും ദേശാഭിമാനവും ഒരു കവിയ്ക്ക് ആത്മാത്ഥതയോടെ, ആവേശത്തോടെ പാടുവാൻ പ്രചോദനമായിട്ടുണ്ടെങ്കിൽ അതത്ര ഗണ്യമല്ല എന്ന് അർത്ഥം വരുന്നവിധത്തിൽ ചിലർ പറഞ്ഞു കേൾക്കാറുണ്ട്. ഒരു കവി രാഷ്ട്രചരിത്രത്തിലെ അതിപ്രധാന സംഭവങ്ങളാൽ പ്രചോദിതനായി കവിത എഴുതിപ്പോവുന്നതു വളരെ സ്വാഭാവികമാണ്. ആത്മാവിന്റെ സ്വാതന്ത്ര്യം അതിൽ പ്രധാനം തന്നെ. മാതൃഭൂമിയുടെ സ്വാതന്ത്ര്യവും പ്രധാനമാണ്. രണ്ടാമത്തേതില്ലാതെ ആദ്യത്തേതുണ്ടാവുമോ? കവിത്വം എങ്ങിനെ പ്രതിപാദ്യ വസ്തുവിനെ പ്രചോദിപ്പിക്കുന്നു, പരിണമിപ്പിക്കുന്നു എന്നതാണ് മുഖ്യം. ആശാന്റെ കവിത്വം തത്വചിന്താപ്രധാനവും ആദർശാത്മകവുമായ ഒരു അലൌകികസ്നേഹ ഭാവാന്തരീക്ഷത്തിന്റെ പരിമിതമായ സീമയിൽ കേന്ദ്രീകരിച്ച് പ്രകാശിക്കുന്നു. വള്ളത്തോളിന്റെ കവിത്വം നക്ഷത്രംതൊട്ട് കീറത്തലയണവരെയുള്ള വിവിധാനുഭവവസ്തുതകളുടെ വിപുല മേഖലയിൽ തരംഗിതമായിക്കാണുന്നു.

വള്ളത്തോളിന്റെ അനിരുദ്ധമായ ഭാവന യഥാർത്ഥ ലോക ജീവിതാനുഭവങ്ങളിലേയ്ക്ക് ഉന്മേഷ തൃഷ്ണകളോടെ കടന്നു ചെല്ലുന്നു. തികച്ചും ലൌകികനായ ഒരു കലാകാരന്റെ സൌന്ദര്യാനുഭൂതിപ്രേമത്തെയാണ് സാഹിത്യ മഞ്ജരിയിലെ കവിതകളും പ്രകാശിപ്പിക്കുന്നതു്. പഞ്ചേന്ദ്രിയങ്ങളേയും മനസ്സിനേയും കുളിർപ്പിക്കുന്ന ഒരു വസന്താരാമത്തോടാണ് ആ കവിതകൾക്ക് സാദൃശ്യം. മാനുഷികഭാവ വൈവിദ്ധ്യങ്ങളുടെ ഒരു പ്രദർശന ശാലയാണ് വള്ളത്തോളിന്റെ 'ഭാവഗീതങ്ങൾ'. ലഘുസംഭവങ്ങളേയോ, പുരാണ കഥാപാത്രങ്ങളേയോ, കഥാസന്ദർഭങ്ങളേയോ, വ്യക്തി ജീവിതത്തിലെ ചെറിയ അനുഭവങ്ങളേയോ ഒക്കെ ആസ്പദമാക്കി രചിച്ചിട്ടുള്ള ആ ഗാനങ്ങളിൽ പൊതുവെ കലർന്നു കാണുന്ന കാല്പനിക ഭാവം കവിയുടെ ആർഷസംസ്കാര പ്രേമവും തീവ്രമായ ദേശീയ ബോധവും ആണ്. അടിമത്തത്തിൽ അമർന്നു കിടക്കുന്ന നിർവീര്യമായ ഒരു ജനത അതിന്റെ പാരമ്പര്യ മഹത്വവും ശക്തിയും വിസ്മരിക്കാനിടയുണ്ട്. അതിനു് ആത്മനിന്ദവരെ തോന്നിയേക്കാം, ചിലപ്പോഴും. അടിമത്തത്തെ ശാശ്വതമാക്കുന്ന ആപൽക്കരമായ ഈ അവസ്ഥയിലെത്തിയിരുന്ന ഭാരതത്തെ പൌരാണിക പ്രഭാവത്തെയും അന്തഃശക്തിയേയും കുറിച്ച് ഓർമ്മിപ്പിക്കുന്നതും അങ്ങനെ ആത്മബോധം തെളിയിക്കുന്നതും, ഒരാവശ്യമായിരുന്നു. രാജാറാം മോഹൻറായും മഹർഷി ദേവേന്ദ്രനാഥ ടാഗോറും വിവേകാനന്ദനും മറ്റും ഒരു നവോത്ഥാനത്തിലൂടെ ഭാരതീയരിൽ മഹത്വ ബോധവും ഐക്യബോധവും ഉളവാക്കാൻ ഉദ്യമിച്ചു. അവിടെനിന്ന രൂപമെടുത്ത ദേശീയപ്രസ്ഥാനം വളർന്നു പിന്നീട് ഗാന്ധിജിയുടെ ആദർശങ്ങളാൽ സംസ്കൃതവും സമുജ്വലവുമായി. വള്ളത്തോളിൽ അതു് അനല്പമായ പ്രാഭവം ചെലുത്തി. പൌരാണികഭാരതീയസംസ്കാരത്തിന്റെ പാവന സ്രോതസ്സുകളിൽ മുങ്ങി ആത്മവൈമല്യവും വീര്യവും ആജ്ജിക്കാൻ ഉത്തേജിപ്പിക്കുന്ന ഒരു വൈകാരികാംശം വള്ളത്തോക്കവിതയിൽ പൊതുവെയുണ്ട്. —ദേശീയ ഗീതങ്ങളിലും, ഭിന്ന വിഷയങ്ങളായ മറ്റു കവിതകളിലും ഈ വൈകാരികാംശം കാണാം.

വള്ളത്തോളിന്റെ ആർഷസംസ്കാരപ്രതിപത്തി, റിവൈവലിസ്റ്റ് പ്രവണതയല്ല. ഉത്തുംഗമായ പാരമ്പര്യ ശൃംഗത്തിൽ നിന്നുകൊണ്ട്, ആരോഗ്യവും അന്തസ്സത്തയും ആജ്ജിച്ച പുതിയ വിശാലലോകത്തെ സ്വാഗതം ചെയ്യാനുള്ള പുറപ്പാടാണ്. ദുരാചാരങ്ങളെ എതിർക്കുവാനും മാനുഷിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും ഒരു സോഷ്യലിസ്റ്റ് സമുദായത്തെ സ്വപ്നം കാണുവാനും വള്ളത്തോളിന്റെ കവിതയ്ക്ക് സാധിച്ചിട്ടുണ്ടല്ലോ. ജാത്യാചാരം, ജനങ്ങളുടെ അനൈക്യം, പാവങ്ങളുടെ കഷ്ടപ്പാട്, ധനിക വർഗ്ഗത്തിന്റെ നിഷ്ഠുരത മുതലായവയുടെ മാനസിക പ്രതികരണങ്ങളെ ആസ്പദമാക്കി വള്ളത്തോൾ രചിച്ച കവിതകൾ അതിനു തെളിവാണ്. ജാതിചിന്തയേയും സതിസമ്പ്രദായത്തേയും മറ്റും എതിർത്തു് വള്ളത്തോൾ എഴുതിയ ചില കവിതകളും ഉർവ്യാഖ്യാനം ചെയ്ത് അദ്ദേഹത്തിന്റെ ചിന്തയിൽ വൈരുദ്ധ്യങ്ങളുണ്ടെന്നു് വരുത്താൻ ചില മുഢശ്രമങ്ങളും നടന്നിട്ടുണ്ട്. 'നായർ സ്ത്രീയും മുഹമ്മദീയനും' എന്ന കവിതയിലെ ഉത്തനെ പോക്കിരിയാക്കിയതു് വർഗ്ഗീയവിദ്വേഷമാണെന്നു് എഴുതാൻ മടിക്കാത്തവരുണ്ട്. 'ജാതകം തിരുത്തി' 'അല്ലാഹ്' 'സന്ധ്യാപ്രണാമം' തുടങ്ങിയ കവിതകളുടെ കർത്താവിനെക്കുറിച്ച് ഇതു പറയണമെങ്കിൽ എത്രത്തോളം ആന്ധ്യം പിടിപെട്ടിരിക്കണം! ഭർത്താവിന്റെ ചിതയിൽ സ്വയം ജീവാഹുതി ചെയ്ത ഒരു സ്ത്രീയെക്കുറിച്ചുള്ള പത്ര റിപ്പോർട്ടിനെ ആസ്പദമാക്കി വള്ളത്തോൾ കവിത എഴുതിയിട്ടുണ്ട്. സമ്മതമാണെങ്കിലും അല്ലെങ്കിലും വിധവയെ ചിതയിലേക്ക് പിടിച്ചെറിയുന്ന ദുരാചാരത്തെ എതിർക്കുന്ന കവിയെ സംബന്ധിച്ച് ഇതു വൈപരീത്യമാണത്രെ!

വള്ളത്തോളെ നിരങ്കുശവ്യക്തിസ്വാതന്ത്ര്യവാദിയും വിപ്ലവകാരിയുമായ ഗ്രീക്ക് റൊമാൻറിക് കവിയല്ല. ക്ലാസ്സിക്ക് സംസ്കാരത്തിൻെറ സുഭഗസൂത്രങ്ങളാൽ നിയന്ത്രിതമാണ് അദ്ദേഹത്തിൻെറ വികാരങ്ങളും വിചാരങ്ങളും. അവ പൊട്ടിപ്പോകാത്ത പരിധി വരെ സ്വതന്ത്രമായി സഞ്ചരിക്കുവാൻ വള്ളത്തോളിൻെറ ആത്മവത്തയ്ക്ക് സാധിച്ചിട്ടുണ്ട്. സംസ്കൃതകവിതയുടേയും, പാട്ടും, മണിപ്രവാളവുമായി വെണ്മണി നമ്പൂതിരിമാർ വരെ വളർന്നെത്തിയ മലയാള കവിതയുടെയും പാരമ്പര്യങ്ങളിൽ വേരുന്നി, അവയിൽ നിന്ന് ആരോഗ്യദായകങ്ങളായ പോഷകാംശങ്ങളും വലിച്ചെടുത്ത് വളർന്ന് പുതിയ കാലത്തിൻെറ അന്തരീക്ഷത്തിൽ നിന്ന ചൂടും വെളിച്ചവും സ്വാംശീകരിച്ച് പ്രവൃദ്ധി ചൈതന്യമായി തൻെറ ഹൃദയത്തിൻെറ വണ്ണവും സുഗന്ധവും മുറ്റിയ പുഷ്പങ്ങളുടെ ഒരു വസന്തം സൃഷ്ടിക്കുകയാണ് വള്ളത്തോൾ ചെയ്തത്. വിക്ടർയൂഗോ, ടാഗോസ്റ്റോയ്, റസ്കിൻ മുതലായ വിശ്വപ്രസിദ്ധസാഹിത്യകാരന്മാരുടെ ചിന്തകളും വീക്ഷണങ്ങളും വള്ളത്തോളിൻെറ സംസ്കാരത്തിൽ നിറം വീശിയിട്ടുണ്ട്. പാരമ്പര്യത്തിൽ നിന്ന വിട്ട നിൽക്കുന്ന വൈപ്ലവിക നൂതനതമല്ല, പക്ഷേ, വള്ളത്തോൾക്കവിതയിലെ കാല്പനികത. ഖർടാൻഡ് റസ്സൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ, വിപ്ലവകാരിയായ ഒരു റൊമാൻറിസിസ്റ്റ്, സാമൂഹ്യ ബന്ധങ്ങൾക്കെതിരായി നിൽക്കുന്ന പ്രക്ഷോഭകാരിയായ ഏകാകിയാണ്. അയാളിൽ അഹംബുദ്ധി എഴുന്ന നിൽക്കുന്നു. എന്തും താൻ അഭിലഷിക്കുന്നതുപോലെ-അതാണ് അയാളുടെ മനോഭാവം. അയാളിലെ 'അഹം' മറ്റുള്ളവരിൽ നിന്ന് അതിദൃഢലസമീപനങ്ങളെ പ്രതീക്ഷിക്കുന്നു. അതു ലഭിക്കാതാകുമ്പോഴോ ഗ്രാഹ്യമായ ഈ അഹംബുദ്ധി വിദ്വേഷവും നൈരാശ്യവും വിഷാദവും വമിക്കാം. അയാളം യഥാർത്ഥ്യത്തിൽ നിന്ന് ഒഴിഞ്ഞു മാറും, സങ്കല്പത്തിലേക്ക് പിന്മാറും. ഈ പ്രതികരണമെല്ലാം ചങ്ങമ്പുഴയിലും കാണാം. എല്ലാ റൊമാൻറിക് കവികളിലുമുണ്ട് ഈ അഹംബുദ്ധി. സമൂഹത്തോട് തെറ്റിപ്പിരിഞ്ഞ് പ്രക്ഷോഭം കൊള്ളാൻ പ്രേരിപ്പിക്കുന്ന ഒന്നല്ല വള്ളത്തോളിൻെറ അഹംബുദ്ധി. സമൂഹജീവിതത്തിൽ വ്യക്തമായ ചില ആദർശങ്ങളം സാക്ഷാത്കൃതമായിക്കാണാൻ വള്ളത്തോളം അഭിലഷിക്കുന്നു. ഈ ആദർശങ്ങളിൽ ചിലതു ഭൂതകാല യാഥാർത്ഥ്യങ്ങളായിരുന്നതിനാൽ വള്ളത്തോളം ഭൂതകാലപ്രേമിയായിത്തീരുന്നു. ദേശപ്രേമവും ആർഷസംസ്കാരാഭിമാനവും കവിയുടെ അഹംബുദ്ധി രാഷ്ട്രത്തിൻെറ അഹംബുദ്ധിയായി മാറുന്നതിനെയാണ് കാണിക്കുന്നതു. പ്രക്ഷോഭകാരിയായ നിരങ്കുശവ്യക്തിസ്വാതന്ത്ര്യവാദിയോ സമൂഹത്തിൽ നിന്ന് തെറ്റിപ്പിരിയുന്ന ഏകാകിയോ അല്ല വള്ളത്തോളിലെ റൊമാൻറിസിസ്റ്റ്.

വള്ളത്തോളം കവിതയിലെ കാല്പനികഭാവത്തിൻെറ മറ്റു ചില ധാരകളാണ് ഇനി നമുക്ക് പരിശോധിക്കാനുള്ളതു. ഏതു നല്ല കവിയും നിലനിവിലുള്ള കാവ്യാഭിരുചിക്ക് പുതിയ ഒരു വളർച്ച വരുത്തും. വള്ളത്തോളിനു ഇതു സാധിച്ചിട്ടുണ്ട്. സങ്കേത ബദ്ധമായ നിയോക്ലാസ്സിക്ക് കവിത ജീവിതാനുഭൂതികളമായി ബന്ധമില്ലാത്ത ഉക്തിവൈചിത്ര്യപ്രധാനമായ വാങ്മയമായിരുന്നു. വള്ളത്തോളം ജീവിതവുമായി അടുത്ത ബന്ധപ്പെട്ട വസ്തുതകളെ കവിതയ്ക്ക് വിഷയമാക്കി. സങ്കേത ബദ്ധത കൊണ്ടുണ്ടായ മരവിപ്പിൽ നിന്ന് കാവ്യഭാഷയെ മോചിപ്പിച്ച് അതിനെ ഭാവപ്രകാശനസമർത്ഥമാക്കി. ഭാഷ മാത്രമല്ല ഭാഷാവൃത്തവും നൂതന ചൈതന്യമാജ്ജീവിച്ചിട്ടുണ്ട് വള്ളത്തോളിൻെറ ഹൃദയസ്പർശത്താൽ. അങ്ങിനെ മലയാളകവിതയ്ക്ക് അതുവരെ ഉണ്ടായിട്ടില്ലാത്ത അന്തസ്സംവേദനക്ഷമത നൽകുകയാണ് വള്ളത്തോളം ചെയ്തതു. പലപ്പോഴും അനുവേപ്പെട്ടിട്ടുള്ളതും ഒരിക്കലും ഭംഗിയായി ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ലാത്തതുമായ അനുഭൂതികളുടെ പ്രകാശനമാണ് കവിതയെന്നു പണ്ഡിതകവിയായ പോപ്പ് കവിതയ്ക്കൊരു നിർവ്വചനം നൽകിയിട്ടുണ്ടല്ലോ. വള്ളത്തോളംക്കവിതയെ സംബന്ധിച്ച് അതുവളരെ ശരിയാണ്. തികച്ചും അന്തർമുഖനും ആത്മാവിഷ്ക്കാരനിരതനും ആയ ഒരു ഗ്രീക്ക് റൊമാൻറിക് കവിയെ സംബന്ധിച്ചിടത്തോളം ആവിഷ്ക്കരിക്കുന്ന അനുഭൂതി ആവിഷ്കരിക്കപ്പെടുന്നതിനു മുമ്പ് അയാളുടെ ഹൃദയത്തിനു തന്നെ മുഴുവൻ സ്പഷ്ടമായിരിക്കില്ല. അയാളം വാക്കുകളിൽക്കൂടിയും ബിംബങ്ങളിൽക്കൂടിയും ആണ് സ്വാനുഭൂതികളെ പൂർണ്ണമായി അറിയുന്നതു. അയാളുടെ അനുഭൂതികളം സ്വകീയ രൂപത്തിൽ നിർഗ്രഥിക്കുന്നു. വള്ളത്തോളിനെപ്പോലെ ക്ലാസ്സിക്ക് സംസ്കാര നിയന്ത്രിതനായ കവി വിചാര വികാരങ്ങളം മനസ്സിൽ സ്ഥൂടമായി ഉണർന്നതിനുശേഷം അവയ്ക്ക് സുഗവും സമുചിതവുമായ രൂപം നൽകുകയാണ്. ''വികാരങ്ങളെ തന്മയതയോടെ ആവിഷ്ക്കരിക്കുന്നവയാണ് വള്ളത്തോംക്കവിതകളം. ഒരു സഹൃദയനിലെന്നോണം കൊടുമ്പിരിക്കൊള്ളുന്നവയും കുത്തിനോവിക്കുന്നവയുമായ ഉൽക്കടാനുഭൂതികളുടെ തേങ്ങലല്ല അവയിലുടെ കേൾക്കുന്നതു. പിന്നെയോ, എല്ലാ ഹൃദയങ്ങളും എന്നെന്നും കമ്മ കോലാഹലത്തിനിടയിൽത്തന്നെ മീണ്ടാതനുവേച്ച പോരുന്ന, അതേ കാരണത്താൽ അത്രയും പ്രിയതരങ്ങളായി തീർന്നിട്ടുള്ള ആ അച്ചടക്കമുറ്റ വികാരങ്ങളുടെ കാൽവെപ്പൊച്ചയത്രെ.'' —എന്നു പ്രസ്താവിച്ചപ്പോം ഇതാകാം ശ്രീമതി ബാലാമണിയമ്മ വിവക്ഷിച്ചതു. താനനുവേക്കുന്നതും തനിക്കു രൂപം കൊടുക്കാൻ കഴിയാത്തതുമായ അനുഭൂതികളുടെ സമുചിത പ്രകാശനമാകയാൽ വള്ളത്തോംക്കവിത ആസ്വാദകനു സത്വരമായ തന്മയീഭവനവും സാക്ഷാത്കാരവും സാദ്ധ്യമാക്കുന്നു. പിഞ്ചുകുഞ്ഞിൻെറ പുഞ്ചിരിയുടെ ആനന്ദനിർവൃതിദായകമായ അനിർവ്വചനീയ ലാവണ്യത്തെ,

'സഞ്ചിതമായിരിപ്പുണ്ട തികച്ചുമി—
ച്ചെംചെറുവായ് മലർപ്പഞ്ചിരിയിൽ
പാരിങ്കലെപ്പനിനീർപ്പക്കളൊന്നൊന്നായ്
സൈരം വിരിയും വിരിയലെല്ലാം—
സൗന്ദര്യലക്ഷ്മീവിലാസദളങ്ങളോ—
രോന്നായ് നിവരും നിവരലെല്ലാം—
മഞ്ജിമ മാണിക്യക്കഞ്ഞിയളക്കുകം
മന്ദം തുറക്കും തുറക്കലെല്ലാം—
തൊട്ടാൽ തിണർത്തതുപോം പട്ടപതുപുകം
ചുറ്റി വിരിയ്ക്കും വിരിയ്ക്കലെല്ലാം—
തേൻ തുള്ളി താവിക്കതിർത്ത സുഗന്ധങ്ങളേന്തിത്തുളുമ്പും തുളുമ്പലെല്ലാം—
വിണ്ണിനു ചേർന്ന വിശിഷ്ട വാഗ്വൃദ്ധികം
വിങ്ങി വഴിയും വഴിയലെല്ലാം!''

എന്നു വർണ്ണിക്കുമ്പോഴും, തുളസിത്തറയിൽ കുടുംബിനി അന്തിത്തിരി വയ്ക്കുന്നതിനെ

'അന്തിമയാകും സന്ധ്യ ഭാസ്കരകരംകൊണ്ടു
നിന്തിരുമെയ്യിൽപ്പുത്തൻ സിന്ദൂരമണിയിയ്ക്കേ,
രാജരാജേന്ദ്രാദിദിക്പാലന്മാർ മണിമൌലി—
രാജിയാൽ നീരാജനം ചെയ്ത നിൻതുപ്പാദത്തിൽ
പാവമെൻ കുടുംബിനി കൊണ്ടുവന്നർപ്പിയ്ക്കുന്ന
കേവലംചെറുവിരൽപ്രായമൊരന്തിത്തിരി!
തുവലംകയ്യിൽ തഞ്ജന്യംഗ്രഷ്ടാഗ്രത്താലെടു—
ത്താ, വക്രുവാകമിടം കൈത്താരാൽ മറച്ചി,വം
അങ്ങയെപ്പൂജിപ്പാനായെത്തിച്ച തിരിയിതു
മങ്ങിയ വെളിച്ചത്താലിവം തൻ കവിംത്തട്ടിൽ
മംഗളഗോരോചനം ചാർത്തിച്ചു; ചെറുതിടയംഗലീരസ്രുങ്ങളിൽത്തളിച്ചൂ തങ്കച്ചാറും!'

എന്നു വർണ്ണിക്കുമ്പോഴും നമുക്കനുഭവപ്പെടുന്ന ഹൃദയോന്മേഷം നമ്മുടെ തന്നെ അനുഭൂതികളുടെ ശരിയായ രൂപം കണ്ടെത്തലാണ്. ആ കവിതകം വായിക്കുമ്പോം നമ്മിലുള്ള ഒരു കാല്പനികതൃഷ്ണ സന്തർപ്പിതമാകുന്നു. വള്ളത്തോളിൻെറ പ്രകൃതിവർണ്ണനകളം ഈയനുഭവമല്ലേ ഉളവാക്കുന്നതു?

വള്ളത്തോളിനെപ്പോലെ കേരളത്തിൻെറ പ്രകൃതി സൗന്ദര്യം കവിതയിൽ പകർത്തിക്കാണിച്ച കവികം പിൽക്കാലത്തും അധികം ഉണ്ടായിട്ടില്ല. മിക്കവാറും സംസ്കൃത കാവ്യങ്ങളിലെ പ്രകൃതി തന്നെയായിരുന്ന മുമ്പുള്ള കവികംക്കു മാതൃക. വള്ളത്തോളം കേരളത്തിൻെറ പ്രകൃതിയെ ചിത്രീകരിച്ചപ്പോം കേരളീയർക്കു

തന്നെ അതു് ഒരു നൂതന സുന്ദരസത്യമായി അനുഭവപ്പെട്ടു. റൊമാൻറിക് കവികളെന്ന നിലയിൽ ആശാനേയും വള്ളത്തോളിനേയും പ്രകൃതി എങ്ങനെ എത്രത്തോളം പ്രചോദിപ്പിച്ചിട്ടുണ്ടെന്നു പരിശോധന വള്ളത്തോടാം ക്കവിതയിലെ റൊമാൻറിക് ഭാവത്തിൻറെ മറെറാരു മുഖം കാണുവാൻ സഹായിക്കും. കാളിദാസൻറെ കവിതയിൽ പ്രകൃതിയ്ക്കും മനുഷ്യർക്കുമിടയിൽ തമ്മിൽഹൃദയബന്ധമുള്ളതായി വിഭാവനം ചെയ്തിട്ടുണ്ടല്ലോ. മററു കവികളും വസ്തുവിഷയങ്ങളിലൊന്നായിട്ടു മാത്രമേ പ്രകൃതിയെ കണ്ടിട്ടുള്ള. കാളിദാസ കവിതയിലെ ഒരു റൊമാൻറിക് ഭാവമാണു് പ്രകൃതിക്കും മനുഷ്യനും തമ്മിലുള്ളബന്ധകല്പന. പക്ഷെ, അതിനു് ഒരു പരിമിതിയുണ്ടു്. ഏതു ഭാഷയിലേയും നിയോ ക്ലാസ്സിക്ക് കവികളും ബാഹ്യപ്രകൃതിയെ മനുഷ്യ ജീവിതത്തിൽ നിന്നു വേർതിരിഞ്ഞു നിൽക്കുന്ന ഒന്നായിട്ടാണു് കാണുന്നതു്. കാല്പനിക കവികളാകട്ടെ രണ്ടും ബന്ധപ്പെട്ട നിലയിൽ കാണുന്നു. ചിലർക്കു് ഈ ബന്ധം വ്യക്തികം തമ്മിലുള്ളതുപോലൊന്നാണു്. ശകുന്തളയും മല്ലവല്ലിയും തമ്മിൽ, അല്ലെങ്കിൽ സീതയും സീതയോടു് അനുതാപം പ്രദർശിപ്പിക്കുന്ന വെള്ളില വല്ലിയും തമ്മിൽ ഉള്ളതുപോലെ ഒന്നു്. എന്നാൽ അന്തർമുഖനായ ആധുനിക റൊമാൻറിസിസ്റ്റിനു് പ്രകൃതിയുമായുള്ള ബന്ധം ഇതിൽ നിന്നു് ഭിന്നമാണു്. പ്രകൃതിപ്രതിഭാസങ്ങടം അയാളുടെ ഹൃദയത്തിലെ വൈകാരിക സംഭവങ്ങളാകുന്നു ഏതു നിസ്സാര പുഷ്പത്തിനും കണ്ണുനീരിനുകൂടി പ്രകാശിപ്പിക്കാനാവാത്ത കഥ പറയാനുള്ളതായി വേർഡ്സ്വർത്തിനു തോന്നി. വാനമ്പാടിയുടെ ഗാനത്തിനു് കീററ്സിൻറെയും മേഘത്തിനു് ഷെല്ലിയുടെയും ഹൃദയത്തിലെ വികാരവിക്ഷോഭങ്ങളായിട്ടല്ലാതെ അസ്തിത്വമില്ല. ഈ വിധത്തിൽ പ്രകൃതിയും മനുഷ്യഹൃദയത്തിനും തമ്മിലുള്ള ആന്തരികബന്ധത്തിൻറെ വികാരോഷ്മളമായ ആവിഷ്ക്കാരം കാല്പനികപരിണാമത്തിൻറെ ദ്വിതീയഘട്ടത്തിലെ കവികളുടെ കൃതികളിലേ കാണൂ. വള്ളത്തോളും ആശാനും, പൊതുവേ, കാളിദാസൻറെ ആദർശമാണു് ഉൾക്കൊണ്ടിട്ടുള്ളതു്. എന്നാൽ വള്ളത്തോടാം ഒരു പടികൂടി മുന്നോട്ടു കടന്നിട്ടുമുണ്ടു്. വള്ളത്തോളിൻറെ ഭാവനയ്ക്കു് പ്രകൃതിഅന്തരാത്മകപ്രതിഭാസമാണു്. അതു കവിയുടെ അഹംബുദ്ധിയെ അലിയിച്ചു് വിനീതനാക്കുന്നു. വിസ്മയഭാവാനുഭവമായ ഹർഷത്താൽ പുളകിതനാകുന്നു. ഒരു സൂര്യോദയത്തെക്കുറിച്ചെഴുതിയ ഓണപ്പൂവ എന്ന കവിതയിലെ ഏതാനും വരികടം ഉദ്ധരിക്കട്ടെ.

സംപ്രതി രമണീയം, ശോഭനം, വിശ്വഗൃഹം
നിൻ പുണ്യാവതാരത്താൽപ്പൊന്നണിഞ്ഞതിരോനേ;
ഉദയോദ്യാനത്തിലെച്ചെംപനിനീർപ്പുഷ്പം നീ—
യുഷസ്സിൻ സൽസൗഭാഗ്യസിന്ദൂരതിലകം നീ,
ആമ്നായപ്രഭവിൻറെ മാണിക്യപ്പുതപ്പം നീ—
യാ, ദി മാതാവിൻ പ്രേമരഞ്ജിതഹൃദയം നീ!
. . . . . .
ഹാ, തവ ചെമ്പൊൻവീണക്കമ്പികടം നാനാപക്ഷി
ഗീതിയാൽ തനിപ്രേമ മാധുരി തൂകുമ്പോഴോ,
ആയതു നകരാനായ്ക്കാറിനു മണം നൽകു—
മാനനം വിടർത്തുന്ന തേനുള്ളിലേന്തും പൂവും!

ഏതാണ്ടു് അരശ്രാബ്ദത്തിനു് മുമ്പു് രചിക്കപ്പെട്ട ഈ കവിതയിൽ നൂതനചക്രവാളങ്ങളിലേയ്ക്കു് പറന്നയരുന്ന മലയാള കവിഭാവനയുടെ ചിറകടികളാണു് നാം കേൾക്കുന്നതു്. സൂര്യോദയത്തെ അതിനു് മുമ്പ് എത്ര കവികടം വണ്ണിച്ചിരിക്കുന്നു. വള്ളത്തോളിൻറെതു് ഒരു നൂതനാലോകമാണു്. ജ്ഞാനമെന്നോ, പരാവിദ്യയെന്നോ വിളിക്കാവുന്ന ഒരു അമേയചൈതന്യത്തിൻറെ ഈഷൽസ്പുരണങ്ങളായിട്ടാണു് പ്രപഞ്ചഘടകങ്ങളെ വള്ളത്തോടം കാണുന്നതു്. മൻസൂചിപ്പിച്ച വിസ്മയാദരഭാവ സങ്കലമായ ആത്മഹർഷം ഈ ദർശനത്തിൽ അധിഷ്ഠിതമാകുന്നു. തികച്ചും കാവ്യാത്മകമായ സൗന്ദര്യത്തോടെ പല കവിതകളിലും അദ്ദേഹം ഈ ദർശനം ആവിഷ്ക്കരിച്ചിട്ടുണ്ടു്. 'സത്യഗാഥ'യിൽ ആകാശത്തിലെ തൈജസഗോളങ്ങടം കവിഭാവനയിൽ എങ്ങിനെ പ്രതിഫലിക്കുന്നു എന്നു നോക്കുക:

മേൽവശത്താറുമില്ലാതെ കിടക്കുമ—
ക്കേവലമാം മരുഭൂമി തന്നിൽ
എത്ര പുഷ്പങ്ങളെ മിന്നിത്തിളങ്ങിപ്പി
ച്ചിത്രം നിൻ തേജസ്സിൻകന്ദളങ്ങടം,

കാററിൽ ഇളകുന്ന വൃക്ഷത്തലപ്പുകളും മിന്നലും മേഘനാദവും മററും കവിതയിൽ നാം ധാരാളം കണ്ടും കേട്ടും കഴിഞ്ഞിരുന്നു. പ്രപഞ്ചാധാരമായ അജ്ഞേയ ചൈതന്യത്തിൻറെ മാഹാത്മ്യത്തെ അഭിവ്യഞ്ജിപ്പിക്കുന്ന ദൃശ്യങ്ങളായി വള്ളത്തോളിൻറെ ഭാവനയിൽഅവയെല്ലാംനൂതനമായ ഒരു വൈകാരിക രൂപം കൈവരുന്നതല്ലേ—

''പൃഥ്വിതന്നുള്ളിൽനിന്നൽഗമിച്ചിട്ടും
വ്യർത്ഥവാഞ്ഛകളാകിന ശാഖികം
പത്രമമ്മരം കൊണ്ടശ്രുമാർഗ്ഗമോ—
ടെത്ര ചോദിപ്പതില്ല നിൻതത്വത്തെ?
ഉത്തരമിതിന്നെന്തി, ടിവെട്ടലോ
പൊൽത്തകിടൊളിച്ചൂരൽ മിന്നിയ്ക്കലോ!''
—(ജ്ഞാനം)

എന്ന വരികളിൽ നാം കാണുന്നതു്? വള്ളത്തോടാംക്കവിതയിൽ റൊമാൻറിക് ഭാവത്തിൻറെ സൂക്ഷ്മധാര ഇത്തരം കവിതകളിലർന്തഭാവിച്ചിരിക്കുന്നു. അവ കൂട്ടത്തിൽ ആത്മാവിഷ്ക്കാരപരങ്ങളും കവിതയുടെ അന്തർമുഖതയെ കുറിക്കുന്നവയുമാണു്. ഇന്നലെ, തിരുമനസ്സിലെ മതം, ഇരുളിൽ നിന്നു തുടങ്ങിയ ഭാവഗീതികടം നോക്കുക. ചിന്തകളെ ഭാവനാമയങ്ങളായ മൂർത്ത ചിത്രങ്ങളിൽക്കൂടി വികാരാത്മകമാക്കി ആവിഷ്ക്കരിക്കുന്നതിൽ വള്ളത്തോളിലെ കലാകാരനുള്ള നിഷ്ക്കർഷത്തിനും വൈദഗ്ധ്യത്തിനും നിദർശനങ്ങളാണു് ആ കവിതകടം. നാലു ദശകങ്ങടംക്കപ്പുറം രചിക്കപ്പെട്ട അവസ്സു് നിത്യകർഷകമായ പുതുമയുണ്ടു്. മൺമറഞ്ഞ ദിവസത്തെ വിഷയമാക്കിയുള്ള 'ഇന്നലെ' എന്ന കവിത നോക്കുക. അതിലെ പ്രഥമ പദ്യത്തിലെ സങ്കല്പം തന്നെ ആധുനിക ചേതനയുടെ പുഷ്പമായിത്തോന്നും. എങ്ങോട്ടെന്നു പിടിതരാതെ തിരോധാനം ചെയ്യുന്ന ഈ കാലവാർദ്ധിയിലെ തിരമാല അതിനെ അനുധാവനം ചെയ്യാൻ കവിയെ നിരക്ഷരം ക്ഷണിക്കുകയാണു്. കവി അതിനെ പിന്തുടരുന്നു. ലോകത്തെ വിദേശമായും മരണാനന്തരവിശ്രമസ്ഥാനത്തെ ഭാഗ്യോജ്ജ്വലമായ തറവാടായും കാണുന്ന ഈ മനോഭാവം — പ്രത്യക്ഷ ജീവിതത്തിനപ്പുറത്തെ അവസ്ഥയോടുള്ള ആഭിമുഖ്യം, ഒരു കാല്പനികതൃഷ്ണയാണു്. ഇവിടെ ഒരു ചോദ്യം ഉയരാം. 'ഇല്ല ഞാൻ മരണ'ത്തിൻ വഴിക്കു്' എന്നെല്ലാം ഈ കവിതയെ പാടിയിട്ടില്ലേ. വള്ളത്തോടാം ലോക ജീവിതാനന്ദങ്ങളിൽ അനുരക്തനാണു്.; സൗന്ദര്യാരാധകനാണു്. അങ്ങനെയായിരിക്കെത്തന്നെ ഈ കവി ഇടയ്ക്കു് അന്തർമ്മുഖനാവുകയും അത്മഗതത്തിനു് പിടിതരാത്ത ജീവിതത്തിൻറെ ക്ഷണികതയേയും സനാതനസത്യമായ മരണത്തേയുംകുറിച്ചുള്ള ചിന്തയിൽ മുഴുകുകയും ചെയ്യുന്നു. ഈ മനോഭാവം ആദ്യന്തം പ്രകടിപ്പിച്ചിരുന്നെങ്കിൽ വള്ളത്തോടാംക്കവിതയിലെ രത്നച്ചന്തനമ്മുടെ ഒരു മുഖ്യ ചർച്ചാവിഷയമാകുമായിരുന്നു. എന്നാൽ ഈ ചിന്താപ്രവണത വള്ളത്തോളിലെ ജീവിതകാമുകനെ ലോകജീവിതത്തെ നിസ്സാരമായിക്കാണുന്ന വേദാന്തിയാക്കിമാററിയിട്ടില്ല. വള്ളത്തോൾ ഒരു ലൗകികത ഒരു കേവല ഭൗതികവാദിയുടെ ജീവിതാസക്തിയല്ലതാനും. ആർഷധാർമ്മികമൂല്യങ്ങളിലധിഷ്ഠിതമായ ആ മൂല്യങ്ങടം അനുവദിക്കുന്ന കർമ്മപരിപാടികളും സമസ്ത സുഖങ്ങളും അടങ്ങുന്ന ലൗകിക ജീവിതമാണു് വള്ളത്തോളിൻറെ ആദർശം. ആ ജീവിതത്തിൽ ദുഃഖത്തിൻറെ കണ്ണുനീർ വീഴാതിരിക്കുവാനും. കാരണം, ജീവിച്ചു് ലോകത്തോടങ്ങം ഗ്രഹിക്കുവാൻ തുടങ്ങുമ്പോഴേക്കും അവസാനിക്കുന്നതാണു് ജീവിതം. ഈ ബോധം മനുഷ്യനു് ദുഃഖദമാണു്. അതു സഹിച്ചുകൊണ്ടു് ലോകത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ കാലാത്മാവിനാൽ മനുഷ്യർ നിയുക്തരായിരിക്കുന്നു. 'തിരുമനസ്സിലെ മതം' എന്ന കവിതയിൽ 'രാത്രി'യുടെ ഗതിയെ വർണ്ണിച്ചുകൊണ്ടു് വള്ളത്തോടാം മർത്ത്യാവസ്ഥ കലാഭംഗിയോടെ സൂചിപ്പിച്ചിട്ടുണ്ടു്. നക്ഷത്രചുപികളിൽ നിന്നു് പൊരുളിറ്റുന്നു

താൻ നേടി വരുന്ന വെളിച്ചത്തെ സമീപിക്കുമ്പോഴെക്കും തമസ്വിനിസ്സു് അറുതി വരുന്നു. അവളുടെ കണ്ണീരാണു് പ്രഭാതത്തിൽ പുൽക്കൊടികളിൽ തിളങ്ങുന്നതു്, അവ യുടെ വളർച്ചയെ സഹായിച്ചുകൊണ്ടു്. ഇതു തന്നെയ ല്ലേ മത്തവ്യവസ്ഥയും?

''ഭവൽസൃഷ്ടരേവം വിഭോ, കാലാത്മാവേ,
ഭവനമാകുമീത്തവ കളിത്തോട്ടം
നയനനീർ കൊണ്ടേ നനസ്സുണമെന്നോ
ദയാലുവാം തിരുമനസ്സിലെ മതം!''

പരമജ്ഞാനത്തിലെത്തിച്ചേരുമ്പോഴേക്കും ജീവിതത്തി ന്റെ കല്യത തളരുന്നു, ജീവിതത്തിനു് അറുതി വരുന്നു. രാത്രിയെന്നപോലെ സനാതന ജ്ഞാനത്തിന്റെ ഏതാ നും കണങ്ങളുടെ അല്പപ്രകാശംമാത്രമുള്ള ഇരുളാണു് ലൌ കിക ജീവിതമെന്ന സങ്കല്പം ''ഇരുളിൽനിന്നു്'' എന്ന കവിതയിലുമുണ്ടു്. ജീവിതത്തിന്റെ ഈ ക്ഷണപരിണാ മിത്വം ദുഃഖപ്രദം തന്നെ. എന്നാൽ ലൌകിക ജീവിതം ഉപേക്ഷ്യമാണെന്നോ ജ്ഞാനാന്വേഷണം വേണ്ടെന്നോ അല്ല 'തിരുമനസ്സി'ലെ മതം. ജ്ഞാനോന്മുഖനായി ഈ ദുഃഖസ്മരണയോടെ ജീവിക്കുക, ജീവിതത്തെ സ്നേ ഹിക്കുക, അതിനെ ലോകസംഗ്രഹകർമ്മപരിപാടി യാക്കുക — അതാണു് കാലാത്മാവിന്റെ മതം. വള്ള ത്തോളിന്റെ ആദർശവും അതു തന്നെ.

മലയാള കവിതയിലെ കാല്പനിക നവോത്ഥാന ത്തി ന്റെ ആദ്യപ്രതിനിധികളാണു് ആശാനും വള്ളത്തോളുമെ ന്നു് തുടക്കത്തിൽ പ്രസ്താവിച്ചുവല്ലോ. യാഥാർത്ഥ്യ പരാ ങ്മുഖത, ഏതെങ്കിലും ആദർശലോകത്തെപ്പറ്റിള്ള പ്രേ മം, തീവ്രവികാരപരത, പ്രക്ഷോഭകാരിത എന്നിവ യെല്ലാമാണു്, കൂടിയ തോതിലോ കുറഞ്ഞ തോതിലോ റൊമാൻറിക് കവികളിൽ കാണാവുന്ന മുഖ്യസ്വഭാവ ങ്ങളാം. ക്ലാസ്സിസത്തിൽ ബോധമനസ്സിന്റെ നിയന്ത്രണ ത്തിനും റൊമാൻറിസിസത്തിൽ അബോധമനസ്സിന്റെ ഉദ്ഗാരത്തിനുമാണു് പ്രാബല്യമെന്നു് ജെ.ബി. പ്രീസ്റ്റ്ലി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. കവിത ബോധമനസ്സിന്റെ മാത്രം സൃഷ്ടിയാകുമ്പോഴും ചൈതന്യരഹിതമാകും; അ ബോധമനസ്സിന്റേതു മാത്രമാകുമ്പോഴും ജീവിതവുമായി ബന്ധമില്ലാത്ത, രോഗത്തോടടുത്ത സ്വപ്നാടനമാകും. ര ണ്ടിന്റെയും സംയുക്ത വ്യാപാരത്തിന്റെ ഉല്പന്നമായി രിക്കും നല്ല കവിത. കവിദ്വയത്തിന്റെ കവിതയിൽ ക്ലാസിക് — റൊമാൻറിക് ഭാവങ്ങളുടെ സംയോഗമാ ണുള്ളതു്. അവരുടെ കവിതയിൽ പ്രകടമായിക്കാണുന്ന അന്തർമ്മുഖതയും ആത്മാവിഷ്ക്കാരപരതയും അനുഭൂ തിക്ഷമതയും തത്ത്വചിന്തയാലോ ആർഷധർമ്മചിന്തയാ ലോ നിയന്ത്രിതമായി പരിമിതമായ സീമയിൽനിന്നിരുത്തി നിൽക്കുന്നു. ഈ സീമകളെ ലംഘിക്കുന്ന റൊമാൻറിക് ഭാവത്തിന്റെ നൂതനമായ വ്യാപ്തി പിൽക്കാലത്തെ കവികളുടെ കൃതികളിൽ കാണാം.



'ഇന്നാടെല്ലാം വിളർപ്പിച്ചിടുമുതുവിതുപോയ്
വല്ലപാടം വസന്തം
വന്നാൽ ഞാനിങ്ങു മാനത്തൊരു രുചിരമണി-
പ്പച്ചമേലാപ്പു കെട്ടും,'
എന്നാവാം കൂലവൃക്ഷത്തിനു നിനവു, സരി-
ത്തിന്റെ വൻനീരൊഴുക്ക-
ന്നന്നായ്ത്തൻമൂലമണ്ണാസകലമപഹരി-
യ്പുന്നതാരെന്തറിഞ്ഞു?'

''കൈക്കുമ്പിൾ''

ശ്രീമഹാഭാരതം

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ
വിവർത്തനം:
ഒന്നേകാൽലക്ഷം ശ്ലോകങ്ങളും.
ഏഴുവാല്യങ്ങളും (ഹരിവംശം ഉൾപ്പടെ)
7000 പേജ്
വില 125 ക.

ശബ്ദതാരാവലി

ഗ്രന്ഥകർത്താ:
ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള
ഏറ്റവും മികച്ചതും വലുതുമായ
മലയാളനിഘണ്ടു.
പരിഷ്കരിച്ചു വിപുലപ്പെടുത്തിയ
പുതിയ പതിപ്പ്
10'' x 7½'' സൈസിൽ 1500 പേജ്
വില 35 ക.

ഇംഗ്ലീഷ് – മലയാളം നിഘണ്ടു

ഗ്രന്ഥകർത്താ:
സി. മാധവൻപിള്ള
ഒന്നരലക്ഷം ഇംഗ്ലീഷ് പദങ്ങളും.
പ്രസിദ്ധപ്പെടുത്തുന്നതു്
1966 മാർച്ചു് 15 നു്
വില 40 ക.

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം — തിരുവനന്തപുരം — എറണാകുളം — തൃശ്ശൂർ

For PAPER & BOARDS

Enquire With

R. RAMALINGAIER

BROADWAY-
ERNAKULAM - 1

Also

Telegram: "CADALAS"
Post Box No: 25.

Telephones: Office 111 & 111A
Residence: 1062


Phone Office— 85936
Residence: 88013

With the best compliments from

The
BALIA PATAM TIMBERS

375, Triplicane High Road,
MADRAS-5.

WITH BEST COMPLIMENTS
FROM



Grams: PRAYER

Phone: 84126

Sivaji Films Private Limited

Motion Pictures Producers & Distributors

3, Besant Road, Royapettah,
MADRAS-14.

ഓർക്കുമ്പോഴെല്ലാം.....

ടി. എൻ. ഗോപിനാഥൻ നായർ

കൊല്ലത്തുവച്ച് സാഹിത്യപരിഷത്തിന്റെ വാർഷികാഘോഷം നടന്ന കാലത്താണ് ഞാൻ ആദ്യമായി മഹാകവി വള്ളത്തോളിനെ നേരിൽ കണ്ടത്. കൊച്ചുകുട്ടിയായ ഞാൻ അച്ഛന്റെ ദേഹത്തോട് ഒട്ടിച്ചേർന്നു നിൽക്കുമ്പോൾ മഹാകവി എന്നെ അരികിൽ വിളിച്ച് എന്റെ പേരു ചോദിച്ചു. അദ്ദേഹത്തിന്റെ ബാധിര്യത്തെപ്പറ്റി അജ്ഞനായിരുന്ന ഞാൻ 'ഗോപി' എന്നു പറഞ്ഞു. പിടികിട്ടാതെ അദ്ദേഹം അച്ഛന്റെ മുഖത്തുനോക്കി. അച്ഛൻ നെറ്റിയിൽ ഗോപിതൊട്ടന്നു ആംഗ്യം കാണിച്ചുകൊടുത്തു. 'ഗോപിയോ?' എന്നു പോദിച്ചുകൊണ്ട് അദ്ദേഹം പരുപരുത്ത ആ ഇഴഞ്ഞശബ്ദത്തിൽ എന്നോട് പറഞ്ഞു. 'ആരു പറഞ്ഞാലും കേറം ക്കാത്ത കൂട്ടത്തിലാണ് കണ്ണേ, ഈ വള്ളത്തോൾ!'

ഒരർത്ഥത്തിൽ അദ്ദേഹം പറഞ്ഞതു് ശരിയല്ലെന്നു് ഇന്നെനിക്കു് ധൈര്യമായി പറയാൻ കഴിയും. മരിക്കുന്നതുവരെ ഞാൻ പറഞ്ഞതെല്ലാം അദ്ദേഹം കേട്ടിട്ടുണ്ട്. ഞാനഭ്യർത്ഥിച്ചിട്ടുള്ളതെല്ലാം അനുസരിച്ചിട്ടുണ്ട്. ആവശ്യപ്പെട്ടിട്ടുള്ളപ്പോഴെല്ലാം കവിതകളും എഴുതിയിട്ടുണ്ട്. ക്ഷണിച്ചിട്ടുള്ള സമ്മേളനങ്ങൾക്കും സൽക്കാരങ്ങൾക്കുമെല്ലാം വന്നിട്ടുണ്ട്. ശ്രീഗോദം പരിഭാഷപ്പെടുത്തുന്ന കാലത്തു് പൊതുയോഗങ്ങളിൽ ചെല്ലുകയില്ലെന്നു് വ്രതമെടുത്തിരുന്ന ഘട്ടത്തിൽപ്പോലും ഞങ്ങളൊക്കെച്ചേർന്നു് തിരുവനന്തപുരത്തു് നടത്തിയ സാഹിത്യ പരിഷത്തിൽ സംബന്ധിച്ചതു് എന്നോടുള്ള വാത്സല്യം കൊണ്ടായിരുന്നു.

രണ്ടാമതു് ഞാനദ്ദേഹത്തെ കണ്ടതു് ഏതാനും വർഷം കഴിഞ്ഞു് പറവൂരുവച്ചാണു്. ഒരു വിവാഹം നടക്കുന്ന വീട്ടിൽ ഒരാൾ കൂട്ടത്തിൽ ഞാൻ നിൽക്കുമ്പോൾ—'അതു് പി.കെ.യുടെ മകനല്ലേ!' എന്നദ്ദേഹം എന്നെ മൂങ്ങി ആതിഥേയനോടു് ചോദിച്ചു. ആ ഓമ്മശക്തിയുടെ കഴിവിൽ ഞാൻ വിസ്മയസ്തബ്ധനായി നിന്നുപോയി.

എന്റെ അച്ഛൻ മരിച്ച വാർത്തയറിഞ്ഞു് ഹൃദയസ്പർശിയായ ഒരു കത്തയച്ചതന്നു. ആയിടയ്ക്കു് അച്ഛനെപ്പറ്റി അദ്ദേഹം ഒരു ലേഖനവും എഴുതി. അതിന്റെ തലവാചകം — 'ഓർക്കുമ്പോഴെല്ലാം' — എന്നായിരുന്നു. അടുത്ത കുറി അദ്ദേഹം തിരുവനന്തപുരത്തുവന്നപ്പോഴും എന്റെ അപേക്ഷയെ ആദരിച്ച് എന്റെ അതിഥിയായിട്ടാണു് താമസിച്ചതു്. ആ ദിവസം പിന്നേയും രണ്ടുമൂന്നവട്ടം എനിക്കു് ലഭിച്ചിട്ടുണ്ട്. ദിനചര്യയെപ്പറ്റിയും ഊണിനു് ഇഷ്ടമുള്ള കറികളെപ്പറ്റിയും അദ്ദേഹം മൻകൂട്ടി എഴുതി അയച്ചിരുന്ന ആ കുറിപ്പു് ഇപ്പോഴും എന്റെ ഓമ്മയിലുണ്ട്. ആദ്യം വന്നപ്പോൾ കഴിച്ച ഒരു നാരങ്ങാക്കറിയുടെ സ്വാദു് അദ്ദേഹം കാണുമ്പോഴൊക്കെ പറയാറുമുണ്ടായിരുന്നു. സഞ്ചാരവേളകളിൽ കഴിക്കാറുള്ള സ്വാദുള്ള കറികളെപ്പറ്റി മടങ്ങി വീട്ടിൽ ചെല്ലുമ്പോഴും ഭാര്യയോടു് വിസ്തരിച്ചു് പറഞ്ഞു് അവ ആ മട്ടിൽ പാകം ചെയ്യണമെന്നു് നിർദ്ദേശിക്കുക അദ്ദേഹത്തിന്റെ ഒരു പതിവായിരുന്നു.

ഒരിക്കൽ ഒന്നിച്ചു് യാത്രചെയ്യുമ്പോഴും ഉച്ചക്ഷണത്തിനും വിശ്രമത്തിനും ഒരു ബാങ്കു് കെട്ടിടത്തിലാണു് ഒരുക്കിയിരുന്നതു്. രണ്ടു് മേശകൾ ചേർത്തിട്ടു് മാനേജർ കിടയ്ക്കു വിരിച്ചു. മഹാകവി ചോദിച്ചു:— ''ഇതൊരു ബാങ്കല്ലേ? എന്റെ ഉറക്കത്തിനും നിർഭയം പലിശ ചുമത്തുമോ?''

ഉറക്കമെഴുന്നേറ്റപ്പോഴും മുട്ട ധാരാളമുള്ള ആ മേശയിൽ കിടന്നതു് ഉപദ്രവമായോ എന്നു് മാനേജർ വ്യഗ്രമായി ചോദിച്ചു. 'ഞാനൊരു പാവമായതുകൊണ്ടു് മുട്ട എന്നെ കടിക്കാറില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഹൈദരാബാദിൽ കഥകളി സംഘവുമായി സഞ്ചരിക്കുമ്പോഴാണു് അവിടത്തെ പുരാതനമായൊരു കൊട്ടാരത്തിൽ കടക്കുന്നതിനു് തലയിൽ തൊപ്പി ധരിക്കണമെന്ന കീഴ്വഴക്കത്തെപ്പറ്റി അറിഞ്ഞതു്. തൊപ്പി അവിടെത്തന്നെ കൊടുക്കും. ''മലയാളികളെ ആരോടും തോറ്റിട്ടില്ലല്ലോ. പിന്നെന്തിനാണു് തൊപ്പിയിടുന്നതു്?' എന്നാണദ്ദേഹം ചിരിച്ചുകൊണ്ടു് ചോദിച്ചതു്.

ഒരു പാട്ടുകച്ചേരി നടത്തിയ ഒരു പെൺകുട്ടിക്കു് പാരിതോഷികമായി ഒരു മെഡൽ നൽകുവാൻ ഭാരവാഹികളെ അദ്ദേഹത്തോടു് അപേക്ഷിച്ചപ്പോഴും അദ്ദേഹം വിസമ്മതം പറഞ്ഞില്ല. ആ സുന്ദരിക്കു് സമ്മാനം നൽകിക്കൊണ്ടദ്ദേഹം പറഞ്ഞു. 'എന്നോളം ആസ്വദിച്ചവർ ഈ സദസ്സിൽ ഉണ്ടാവില്ല. ഞാൻ ഗാനം കാണുകയായിരുന്നു.!'

ശ്രീഗോദത്തിന്റെ പരിഭാഷ അച്ചടിച്ചപ്പോഴും അതു് വിറ്റഴിക്കാൻ നടത്തിയ പര്യടനത്തിൽ പിലേടത്തു് ഞാനും അനുഗമിച്ചിരുന്നു. ഒരു ധനികനായ വ്യാപാരി ആ ബൃഹത്തായ പുസ്തകം കയ്യിൽവാങ്ങി. 'ഇതൊക്കെ വായിക്കാൻ ഞങ്ങൾക്കു നേരം കിട്ടുകയില്ലെ'ന്നു് ഒഴിവുകഴിവു പറയാൻ ഭാവിച്ചു. ''ഹേയ് ഇതു് വാങ്ങണമെന്നല്ലാതെ ഇതു് വായിക്കണമെന്നു് ഞാൻ ആരേയും നിർബന്ധിക്കാറില്ല'' എന്നായിരുന്ന മഹാകവി തൽക്ഷണം പറഞ്ഞതു്. വ്യാപാരിയുടെ മുഖത്തു് പുഞ്ചിരിയും, അദ്ദേഹത്തിന്റെ പേഴ്സിന്റെ ചുണ്ടത്തു് നൂറ്റുപാനോട്ടും ഉയർന്നതും ഒന്നിച്ചാണു്.

'അമ്മതന്നെ എന്നെ കല്യാണം കഴിച്ചാൽ മതി'യെന്നു് കൊച്ചുസീതയെക്കൊണ്ടു് തീരുമാനംചെയ്യിച്ചകവി രാജനാണോ ഫലിതത്തിനു് പഞ്ഞം? അവിചാരിതമായി ഇലഞ്ഞിയിൽനിന്നു് ഇതളുകളും ഇറുന്നുവീഴുന്നപോലെയാണു് നറുമണംകലർന്ന കവിതാശകലങ്ങളും അദ്ദേഹത്തിന്റെ നാവിൽനിന്നും സംഭാഷണവേളകളിൽ പൊഴിഞ്ഞിരുന്നതു്.

അദ്ദേഹം റഷ്യ സന്ദർശിച്ചതു് ഒരു വസന്തകാലത്താണു്. അന്യദേശക്കാരറിവില്ലാത്ത ബധിരനും, വൃദ്ധനുമായ കേരളീയ മഹാകവിയെ ബഹുപുരുഷാരം കൗതുകത്തോടും അത്ഭുതത്തോടും സ്വാഗതം ചെയ്തു. പുഷ്പമാലകളും, പൂച്ചെണ്ടുകളുംകൊണ്ടു് ആളുകൾ അദ്ദേഹത്തെ പൊതിഞ്ഞപ്പോഴും പ്രസംഗവേദിയിൽനിന്നു് അദ്ദേഹം കൃതജ്ഞത പറഞ്ഞതു് ഇങ്ങിനെയാണു്: 'വസന്തത്തിനു റഷ്യയിലെ മുരടിച്ച മരങ്ങളിൽ മാത്രമേ തളിരും മലർക്കുലകളും ചാർത്താൻ കഴിഞ്ഞുള്ളു. എന്നാൽ, നിങ്ങളുടെ ഔദാര്യത്തിനു് മുരടിച്ച വള്ളത്തോളിനെപ്പോലും അടിമുടി പുഷ്പിച്ച പുമരമാക്കി മാറ്റാൻ സാധിച്ചിരിക്കുന്നു!''ഈ വാചകങ്ങളും പരിഭാഷപ്പെടുത്തി സദസ്യരെ അറിയിച്ചപ്പോഴും ദീർഘനേരം കരഘോഷം മുഴങ്ങിയെന്നു് പറയേണ്ടല്ലോ.

അദ്ദേഹത്തിന്റെ ഏതാനും ഖണ്ഡകൃതികളും ഒന്നിച്ചു് സവിശേഷമായി ബയൻറു ചെയ്തു് അതിൽ വടിവുള്ള കൈപ്പടയിൽ ആശംസകളും കുറിച്ചു് എനിക്കു് വിവാഹസമ്മാനമായി അയച്ചു തന്നു. ഞാൻ വിവാഹം ചെയ്തു

തു് അദ്ദേഹത്തിന്റെ അനന്തിരവളേയാണു്. (ശ്രീ കുറി പ്പുറത്തു് കേശവൻനായരുടെ പുത്രി) വിവാഹാലോചന നടക്കുന്ന കാലത്തു് ഒരു നേരമ്പോക്കുണ്ടായി. വള്ളത്തോ ളിന്റെ ജന്മദിനാഘോഷം ചെറുതുരുത്തിയിൽനടക്കുന്ന സമയമാണു്. അതു സംബന്ധിച്ചു് ശ്രീ കുറിപ്പുറവും പുത്രിയും അവിടെ വരുന്നുണ്ടെന്നു് എനിക്കറിവു കിട്ടി. ആരുമറിയാതെ കുട്ടിയെ കാണാൻ അതൊരു പറ്റിയ അ വസരമാണെന്നു് ബന്ധപ്പെട്ടവർ നിർദ്ദേശിച്ചു. വള്ള ത്തോൾ വിവരമറിഞ്ഞിരുന്നു. ഞാൻ ചെറുതുരുത്തിയിൽ എത്തുമ്പോഴേക്കും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ പറ വൂർ ടി.കെ.നാരായണപിള്ളയുടെ അധ്യക്ഷതയിൽ പൊ തുയോഗം നടക്കുകയാണു്. എന്നെ കണ്ടയുടനെ പറവൂർ ടി. കെ. കാര്യപരിപാടി നോക്കി. എന്റെ പേരില്ല. അദ്ദേഹം ജിജ്ഞാസയോടെ വള്ളത്തോളിനോടു്: ''ഗോ പി വന്നിട്ടുണ്ടല്ലോ. ഗോപിയുടെ പ്രസംഗമുണ്ടോ?'' എ ന്നു് ചോദിച്ചു. ശ്രദ്ധഗതിക്കാരനായ മഹാകവി ''ഗോ പി വന്നതു് വിവാഹം കഴിക്കാൻ പോകുന്ന പെൺകു ട്ടിയെ കണ്ടു് ബോധ്യപ്പെടാനാണെ'' ന്നു് വെട്ടിത്തുറന്നു പറഞ്ഞു. പറഞ്ഞതു് പ്രസംഗവേദിയിൽ ഘടിപ്പിച്ചിരു ന്ന മൈക്കിലാണു്. ടി.കെ. മാത്രമല്ല, മുൻപിൽ തടി ച്ചുകൂടിയിരുന്ന ആ വമ്പിച്ച സദസ്സു് മുഴുവനും കാര്യം മ നസ്സിലാക്കി. എല്ലാവരുടേയും ശ്രദ്ധ എന്റെ മേൽ പതി ഞ്ഞു. അങ്ങിനെയൊരു വിളംബരം നടന്നതിൽപ്പിന്നെ യാണു് എന്റെ വിവാഹം നടന്നതു്.

ഓരോ മലരിലും ഓരോ തളിരിലും ഞാൻ ഓടിക്കഴ യുന്നില്ല. നെടുനാളത്തെ എന്റെ ബന്ധം സ്മരണകളുടെ മിന്നാമിനുങ്ങുകളം പൊതിഞ്ഞ ഒരു പനിനീർ ചെമ്പക മാണു്. ഏതാണ്ടു് അര നൂറ്റാണ്ടുകാലം കേരളീയരെ തേനൂട്ടിയും, വീണമീട്ടിയും ഉറക്കുകയും, പലപ്പോഴും കാ ഹളമൂതിയും കാതിൽ പിടിച്ചും ഉണർത്തുകയും ചെയ്ത തറ വാട്ടു് കാരണവരാണു് വള്ളത്തോളം. പ്രിയംകരമായ പ്രകൃതിയുടെ ഉപാസകനും, സ്തുതിപാഠകനും,പ്രാണവല്ല ഭനുമാണദ്ദേഹം. കേരളത്തിലെ മനോഹരമായ മലനിര കളും, അലയാഴികളും, പുഴകളും പൽമേട്ടുകളും, പുഞ്ചപ്പാ ടങ്ങളും പൂഴിപ്പരപ്പുകളും, കാവുകളും, കാട്ടുകളും കായലോ രങ്ങളും അദ്ദേഹത്തിന്റെ പ്രതിനവപ്രഭോജ്വലമായ കല്പനയെ ഇക്കിളിക്കൂട്ടാൻ കൗതുകം കാട്ടിയിട്ടുണ്ടു്. ഉഷസ്സും മദ്ധ്യാഹ്നവും നറുംനിലാവിൽ നീരാട്ടുന്ന നിശീഥിനിയും അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പററി പ്പിടിക്കാൻ അണിഞ്ഞൊരുങ്ങിയിട്ടുണ്ടു്. കേരളീയ ഗ്രാമങ്ങളിലെ വഴിയോരങ്ങളിൽ വിടരുന്ന പല തരം പൂക്കളേയും, നാട്ടുമ്പുറത്തെ ചില്ലകളിൽ കാലാകാലങ്ങളിൽവന്നു കളകളം പെയ്തു് കൺമറയാ വുള്ള പലതരം കിളികളേയും ഊരും പേരും അദ്ദേ ഹത്തിനു് സുപരിചിതമായിരുന്നു. കേരളത്തിലെ മ ണ്ണിന്റെ മണവും, സ്വഭാവവും സ്വപ്നവും, പ്രാ ത്ഥനയും അദ്ദേഹത്തെപ്പോലെ അറിഞ്ഞിരുന്നവരില്ല. അദ്ദേഹത്തിന്റെ ഭാവന സ്പർശിച്ചതെല്ലാംഅനശ്വരതയു ടെ മേഖലയിലേയ്ക്കുയർന്നു. പുരാണ കഥാപാത്രങ്ങൾക്കു പോലും അദ്ദേഹം പുനരുജ്ജീവനം നൽകി. സൌര യൂഥത്തെ വെറും കയ്വിളക്കായും ദിനകരനെ ഒരു ദീപനാളമായും സങ്കല്പിക്കാൻ സാധിച്ചിരുന്ന കല്പ നാധനികനായിരുന്നു അദ്ദേഹം. ലോകത്തെ തറവാടായി കാണാൻ കഴിഞ്ഞിരുന്ന വിശാലമനസ്കനായിരുന്നു അ ദ്ദേഹം. ഉറങ്ങിക്കിടന്ന കേരളീയരിൽ ദേശീയ പ്രബുദ്ധ ത ആളിക്കത്തിച്ച ആചാര്യനാണദ്ദേഹം.

കഥകളിയുടെ വളർത്തച്ഛൻ കലാശം ചവിട്ടി അരങ്ങ ത്തുനിന്നു് അന്തർദ്ധാനം ചെയ്തു കഴിഞ്ഞു. മരിക്കുന്നതി നു് തലേന്നാളാണു് ഞാനദ്ദേഹത്തെ അവസാനമായിക്കണ്ടതു്. ഇളയമകന്റെ — ബാല ന്റെ വീട്ടിൽ വാടിയ ഒരു വെള്ളത്താമരപോലെ അ ദ്ദേഹം കിടന്നിരുന്നു. അദ്ദേഹം ശയ്യാവലംബിയായെന്നു റിഞ്ഞതോടെ ആ ഭവനം ഭാരതത്തിന്റെ ശ്രദ്ധാകേന്ദ്രമാ യിക്കഴിഞ്ഞിരുന്നു. വിവരങ്ങളാരാഞ്ഞു് കമ്പികളും ക ത്തുകളും വന്നു കുമിഞ്ഞിരുന്നു. അധികാരസ്ഥാനങ്ങ ളിൽനിന്നും വിദേശഭിഷഗ്വരന്മാരെ അനുസൃതം അയ ച്ചിരുന്നു.

അല്പനേരം ഞാനാപാദംതലോടി അടുത്തിരുന്നു. ഓമ്മ ച്ചു് തളർച്ചയൊന്നുമില്ല. കുശലപ്രശ്നങ്ങൾക്കുശേഷം ഞാൻ എഴുന്നേറ്റപ്പോൾ 'നാളെ പോയാൽ പോരെ?' എ ന്നു്ചോദിച്ചു. അതിൽ അസാധാരണതാപമൊന്നും അന്നേ രം തോന്നിയില്ല. എന്റെ ഭാര്യയോടു് കുട്ടികളുടെ ക്ഷേ മവിവരങ്ങളം ചോദിച്ചു. അടുത്ത വാരം വീണ്ടും വരാ മെന്നു് പറഞ്ഞു് ഞാൻ സകുടുംബം തിരുവനന്തപുരത്തേ ക്കു മടങ്ങി.

'നാളെ പോയാൽ പോരേ?' എന്ന ചോദ്യത്തിന്റെ പൊരുൾ അടുത്ത ദിവസം കമ്പി കിട്ടിയപ്പോഴാ മനസ്സി ലായി. ഞാനെത്ര നേരം ആ ഇരുപ്പിരുന്നെന്നു് നിശ്ച യമില്ല.

അടുത്ത വാരം ഞാൻ ചെറുതുരുത്തിയിൽ ചെന്നു് ആ ചിതാഭസ്മത്തിനു മുമ്പിൽ പ്രണമിച്ചു. വിമൂകമായ ആ ഭവനത്തിൽ വിളക്കണഞ്ഞു കഴിഞ്ഞു. ചാരുകസേര ശൂ ന്യമായി കിടക്കുന്നു. കൃത്യനിർവ്വഹണം കഴിഞ്ഞ പാദുക ങ്ങളും, ഊന്നുവടിയും, കണ്ണടയും, വാച്ചും ഒരിക്കലും മഷി വറ്റിയിട്ടില്ലാത്ത ആ പേനയും അനാഥമായി അവശേ ഷിക്കുന്നു. കണ്ണീരമത്തിനിന്നിരുന്ന അദ്ദേഹത്തിന്റെ കുട്ടികളെക്കണ്ടപ്പോഴം ഏതാണ്ടു് ഇരുപത്തിരണ്ടുകൊല്ലം മുമ്പു് ഞാൻ അതേ അവസ്ഥയിൽനിന്ന മകരമാസത്തി ലെ ഒരു രാത്രി എന്റെ ഓമ്മയിലേയ്ക്കു് ഇഴഞ്ഞുവന്നു.

വള്ളത്തോൾ—കുന്നംകുളത്തു്

—സി. പി.

വള്ളത്തോൾ—നാലപ്പാടൻ ഗുരുശിഷ്യപ്രതിപത്തിയെ മനോഹരമായ ഒരു കാവ്യമായി മുമ്പാരിക്കൽ ഞാൻ ചിത്രീകരിക്കുകയുണ്ടായി. അത്തരം ഒരു ബന്ധത്തിന്റെ നേരിയ നിഴലാട്ടം കുറച്ചിടങ്ങളിലും വീഴുകയുണ്ടായി. പക്ഷെ എന്റെ ഭാഗ്യക്കുറവിനാൽ ചുറ്റുപാടുകൾ അതു് നീണ്ടുപോകാൻ അനുവദിച്ചില്ല.

പരേതനായ എന്റെ ജ്യേഷ്ഠൻ വള്ളത്തോളിന്റെ ഒരു ബാല്യകാല സുഹൃത്തായിരുന്നു. വാല്മീകി രാമായണ തർജ്ജമ മാസികാരൂപത്തിൽ പുറത്തുവന്നപ്പോൾ ജ്യേഷ്ഠൻ അതു് വരുത്തിയിരുന്നു. പുസ്തകം എത്തിച്ചേർന്നാൽ ഇരുന്ന ഇരുപ്പിൽ അതു് വായിച്ചു തീർക്കും. 'എന്തിതിൽ ഇത്ര രസം, എന്നു് എനിക്കു് അത്ഭുതം തോന്നാറുണ്ടു്. ഒരു ദിവസം ഞാൻ കടന്നു ചോദിച്ചു. പത്തുപന്ത്രണ്ടു് വയസ്സുമാത്രം പ്രായമായിട്ടേ ഉണ്ടായിരുന്നുള്ളു എനിക്കു്. ആ എനിക്കും ധരിക്കാൻ സാധിക്കുന്ന രീതിയിൽ അതിലെ ഭംഗിതികഞ്ഞ ഭാഗങ്ങളം ജ്യേഷ്ഠൻ എന്നെ ചൊല്ലിക്കേൾപ്പിച്ചു. എനിക്കതിൽ താല്പര്യമുണ്ടെന്നറിഞ്ഞപ്പോഴം, ജ്യേഷ്ഠൻ ആദ്യലക്കം മുതൽ എന്നെ വായിച്ചു കേൾപ്പിച്ചു. വാല്മീകിയുടേയും രാമായണത്തിന്റേയും കഥ പറഞ്ഞു തരുകയും ചെയ്തു. മൂലഗ്രന്ഥത്തിലെ ശ്ലോകങ്ങളും അവയുടെ വിവർത്തനവും മാറിമാറിച്ചൊല്ലാറുണ്ടു്. എനിക്കങ്ങേതാ അതിലെ സാരസ്യം ധരിക്കാൻ അന്നു് കഴിവു്! എന്നിരുന്നാലും പ്രസിദ്ധീകരണം അവസാനിക്കുന്നതുവരെ രാമായണം വായന ഒരു വ്രതമായിത്തീർന്ന ഞങ്ങൾക്കു്. കവിയെപ്പറ്റി എന്തെന്നില്ലാത്ത —— അന്നാണെങ്കിൽ അന്തമറ്റതും —— ഒരു ഭക്തിവിശേഷം എന്നിൽ അടിയുറച്ചു.

ഇങ്ങനെ മനസാ പരിചയപ്പെട്ട മഹാകവിയെ നേരിട്ടുകണ്ടതു് ഇന്നും സങ്കടത്തോടെ ഞാൻ ഓർക്കുന്നു. ചൂണ്ടലിൽവച്ചാണതുണ്ടായതു്. ബ്രഹ്മശ്രീ അഷ്ടവൈദ്യൻ ആലത്തൂർ നമ്പിയുടെ ചികിത്സയ്ക്കിടയ്ക്കു് വള്ളത്തോളിനെ കാണാൻ ജ്യേഷ്ഠൻ പോയപ്പോഴം എന്നെയും കൊണ്ടുപോയി. ഉന്മേഷത്തോടെ പെരുമാറാൻ കവി വളരെ ശ്രമിച്ചിരുന്ന എങ്കിലും, അദ്ദേഹത്തിനെന്തോ അസുഖമുണ്ടു് എന്നെനിക്കു് തോന്നി. ജ്യേഷ്ഠൻ വിവരമൊന്നും പറഞ്ഞിട്ടില്ലായിരുന്നു.

വരുമിവനിനി നാളെ രാവിലേയ്ക്കും—
ട്ടൊരുസുഖമെന്നിരവിൽക്കിടന്നാരുങ്ങും.
അരുണതനുലതേ! പുലർച്ച നേരം
പെരുതുമനസ്സിടിവാർന്നണർന്നെണീയ്ക്കും.

ജ്യേഷ്ഠനോടും ഇതുതന്നെയായിരുന്നു അദ്ദേഹം പറഞ്ഞിരുന്നതു്. വിഷാദം നിറഞ്ഞ ആ മുഖത്തിനുള്ള കാരണം ഞാൻ ശരിക്കു് ധരിച്ചതു് പിന്നീടു് ബധിരവിലാപം വായിച്ചപ്പോഴം മാത്രമായിരുന്നു. എന്നെ അടുക്കലേയ്ക്കു് വിളിച്ചു് വാത്സല്യപൂർവ്വം പലതും ചോദിച്ചു. ''രാമായണം വായിക്കാറുണ്ടു്'' എന്നു് കേട്ടപ്പോഴം മുഖം തെളിഞ്ഞു; കൂട്ടത്തിൽ സന്തോഷത്തോടെ സംസാരിപ്പാൻ തുടങ്ങി. 'എന്തുകിട്ടിയാലും വായിക്കണം. ശ്ലോകങ്ങളം ധാരാളം പഠിക്കുകയും വേണം' എന്നിങ്ങിനെ എനിക്കു് നിർദ്ദേശം തന്നു് തൊട്ടനുഗ്രഹിച്ചു. ഞാനോ അതു് ആവുന്നതും അനുഷ്ഠിച്ചുപോരുകയും ചെയ്തു. കവിയെ കാണാൻ സാധിച്ചതിൽ വളരെ സംതൃപ്തി തോന്നി. എങ്കിലും ദുഃഖമയമായ ആ മുഖം ഒരു ദുഃസ്വപ്നം പോലെയാണു് ഞാനെന്നും ഓർത്തിരുന്നതു്.

കുറച്ചുകൊല്ലങ്ങൾക്കുശേഷം കുന്നംകുളത്തുള്ള ഏ. ആർ. പി. പ്രസ്സിൽവച്ചാണു് ഞങ്ങൾതമ്മിൽ പിന്നീടു് കണ്ടുമുട്ടിയതു്. അദ്ദേഹം ആത്മപോഷിണി പത്രാധിപരായിരുന്നു. 'ചിത്രയോഗം' രചിച്ചും കഴിഞ്ഞിരുന്നു. ഞാനോ ഒരു ഇന്റർമീഡിയറ്റു് വിദ്യാർത്ഥി മാത്രം. പ്രസ്സുടമസ്ഥൻ എന്നെ പരിചയപ്പെടുത്താൻ ഭാവിച്ചപ്പോൾ ''എനിക്കറിയാം'' എന്നും പറഞ്ഞു് അടുത്തുതന്നെ എന്നെ പിടിച്ചിരുത്തി. അദ്ദേഹത്തിന്റെ ആ വിനയസ്വഭാവത്തിൽ ഞാനൊന്നു ഞെട്ടിപ്പോയി. തീരെ ബധിരനായിത്തീർന്നുവെന്നറിഞ്ഞിരുന്നു. എങ്കിലും ആ ഒരവസ്ഥ നേരിട്ടനുഭവപ്പെടുക ആദ്യമായിട്ടായിരുന്നു. അതെന്നെ എന്തെന്നില്ലാതെ വിഷമിപ്പിക്കുന്നുണ്ടെന്നോറിഞ്ഞു് അദ്ദേഹംതന്നെ എന്നെ സമാധാനപ്പെടുത്തി. കലാലയ വിദ്യാഭ്യാസത്തെപ്പറ്റി പലതും എന്നോടു് ചോദിച്ചു. മറുപടി പറഞ്ഞൊപ്പിക്കാൻ ഞാൻ കഴങ്ങി. അടിവരെ തുളച്ചെത്തുന്ന ചോദ്യങ്ങളായിരുന്നു അവ. സ്ഥിതിഗതികളം മുമ്പേ അറിയാമായിരുന്നുവെന്നാലും ഓരോ വിദ്യാർത്ഥിയിലും അതെങ്ങിനെ പ്രതിഫലിക്കുന്നുവെന്നു് വീണ്ടും വീണ്ടും അറിയുവാനുള്ള ഉൽക്കണ്ഠമാത്രമായിരുന്ന ആ ചോദ്യങ്ങളം. ''മാതൃഭാഷയ്ക്കു് സ്ഥാനംതന്നെ ഇല്ലാത്തിടത്തുനിന്നു് സാഹിത്യാഭിരുചി എങ്ങിനെ വളർത്തിയെടുക്കും?'' തന്റെ ഈ ഒരു വിശ്വാസം ഒന്നുകൂടി കൂട്ടിയുറപ്പിക്കുക മാത്രമായിരുന്ന അദ്ദേഹത്തിന്റെ ഉദ്ദേശം. എനിക്കാണെങ്കിലോ സാഹിത്യാദികലകളിലേയ്ക്കും ചിന്താലോകത്തിലേയ്ക്കും നോക്കാനുള്ള ഒരു ജനൽ തുറന്നുകിട്ടുകയും ചെയ്തു.

തമ്മിൽ പിരിയുന്നതിനു മുമ്പു്, എന്നെ അദ്ദേഹം വീട്ടിലേയ്ക്കു് ക്ഷണിച്ചു. മണക്കളം മാപ്പാടിന്നടുത്തായിരുന്ന താമസം. ഞാൻ പിറേറ ദിവസംതന്നെ അവിടെയെത്തി. കാപ്പിക്കുശേഷം അടുത്തെഴുതിത്തീർന്ന ഒരു കവിത എന്റെ കയ്യിൽ തന്നു. വളരെ ശ്രദ്ധയോടെ ഞാൻ വായിക്കുന്നതു കണ്ടിട്ടു് അദ്ദേഹം പറഞ്ഞു: ''കവിത ഉറക്കെ വായിക്കണം. ശരിക്കാസ്വദിപ്പാൻ അങ്ങിനെ വേണം''. ഞാൻ അപ്രകാരം ചെയ്തു. ''അതിൽ ഏറവും നല്ല ഭാഗമേതാ?'' എന്നോടു് ചോദിച്ചു. എനിക്കെല്ലാം നല്ലതുതന്നെ. അതിലെ വ്യംഗ്യങ്ങളം അദ്ദേഹം വിവരിച്ചതന്നു. ഒന്നുകൂടി വായിക്കുവാൻ പറഞ്ഞു. ഞാൻ ആദ്യം ധരിച്ചതിൽനിന്നു് എത്രയോ വ്യത്യാസപ്പെട്ടൊന്നായി എനിക്കപ്പോൾ അതനുഭവപ്പെട്ടു. കാവ്യരസാസ്വാദനരീതിയെപ്പറ്റി പിന്നെ കുറേനേരം എന്നെ പഠിപ്പിക്കുകതന്നെ ചെയ്തു. ''സാഹിത്യാസ്വാദനത്തിനുള്ള കഴിവു് രാമായണ പാരായണം ഉണ്ടാക്കിത്തീർക്കും''. ഇങ്ങിനെ എന്നെ ഉപദേശിച്ചു. താമസിയാതെ ഞങ്ങളം പ്രസ്സിലേയ്ക്കു് പുറപ്പെട്ടു. ആത്മപോഷിണിയിൽ നിരൂപണത്തിനായി വന്നിട്ടുണ്ടായിരുന്ന പുസ്തകങ്ങളിൽനിന്നു് രണ്ടെണ്ണം എന്നെ ഏല്പിച്ചു. മാസികയുടെ ഒരു പഴയലക്കംകൂടി തന്നു. അതിൽ നിരൂപണം നടത്തിയിട്ടുണ്ടായിരുന്ന പുസ്തകങ്ങളം. 'നിരൂപണരീതി ഇതിൽനിന്നു് മനസ്സിലാക്കാം' എന്നു് എന്നോടു പറഞ്ഞു. വളരെ ശ്രദ്ധവച്ചു് ഒരാഴ്ചകൊണ്ടു് ആ ജോലി നടത്തി ഞാൻ അദ്ദേഹത്തിന്നടുത്തെത്തി—— ഭയശങ്കകളോടെ. വായിച്ചുനോക്കിയിട്ടു് ''വീക്ഷണകോണതന്നെ ശരിയായില്ല. അതു് തെറ്റാണെന്നു് പറയുന്നില്ല. എങ്കിലും ഗ്രന്ഥകാരന്റെ ഹൃദയം അനുഭവപൂർവ്വം കണ്ടെത്തണം.'' ആ നിലപാടു് എന്നെ വിസ്മരിച്ചു കാണിച്ചതന്നു. ആദ്യം തെയ്യാറാക്കിയിരുന്നതു് മാറിയെഴുതി ഞാൻ അദ്ദേഹത്തെ രണ്ടാമതും കണ്ടു.

മുഴുവൻ വായിച്ചുനോക്കി, രീതി സ്വീകരിച്ചു. എഴുതിയതിൽ കണ്ട ദോഷാവൈകല്യങ്ങളും എല്ലാം തീർത്തുതന്നു. ''ചിരപരിചയം കൊണ്ടേ ഇതിൽ സാമർത്ഥ്യം നേടാൻ കഴിയുകയുള്ളൂ''. എന്നെ സമാശ്വസിപ്പിച്ചു് വേറെ കുറച്ചു പുസ്തകങ്ങളും ഏല്പിച്ചു. സാഹിത്യപരിചയത്തിൽ ആദ്യത്തെ കാൽവെപ്പു് അദ്ദേഹത്തിന്റെ സവിശേഷമായ മേൽനോട്ടത്തിൽ എനിക്കു് സാധിച്ചു. മിക്ക ദിവസവും തമ്മിൽ കണ്ടും വായിച്ചിരുന്നു വയെപ്പറ്റി അഭിപ്രായങ്ങളും കൈമാറിയും പല നാളും എനിക്കദ്ദേഹത്തോടൊത്തു പെരുമാറുവാൻ അവസരം ലഭിച്ചു.

മണക്കുളം മഠപ്പാടിന്റെ കിഴക്കേ പൂമുഖമായിരുന്നു പലപ്പോഴും ഞങ്ങളുടെ സമ്പർക്കരംഗം. എന്നും വൈകുന്നേരം അടുത്തുള്ള കലാപ്രേമികളും ശീട്ടുകളിക്കാനും ചതുരംഗം വയ്ക്കാനും അവിടെ എത്തിച്ചേരും. കൂട്ടത്തിൽ മഹാകവിതന്നെ എന്നും അദ്ധ്യക്ഷൻ. കളികൾക്കിടയിലും വെടി പറയുമ്പോഴും സാഹിത്യംതന്നെയായിരിക്കും സംസാരവിഷയം. എല്ലാവരും കേട്ടുകൊണ്ടിരിക്കും. വല്ലപ്പോഴും മുകുന്ദരാജാവോ നാലാപ്പാടനോ വല്ലതും പറഞ്ഞെന്നുവരും. വള്ളത്തോളിനെ കാണാൻ വന്നിരുന്ന പല സാഹിത്യകാരന്മാരേയും ഞാൻ അവിടെവെച്ചു് പരിചയപ്പെട്ടിട്ടുണ്ടു്. സാഹിത്യസംബന്ധിയായ വിലയേറിയ പലതും അറിയാനും പഠിക്കാനും എനിക്കു് അങ്ങിനെ അവസരം ലഭിച്ചു. അടുത്തെങ്ങാനും കഥകളിയോ ക്ഷേത്രോത്സവങ്ങളോ ഉണ്ടെങ്കിൽ പോകുമ്പോഴും അദ്ദേഹം എന്നെ കൂടിനു് വിളിക്കാറുണ്ടു്. അവയെപ്പറ്റി അറിഞ്ഞിരിക്കേണ്ട എത്രയോ സംഗതികളും എന്നെ പറഞ്ഞു് ധരിപ്പിക്കാറുമുണ്ടു്. കലാമണ്ഡലം ഷോടതി ടിക്കറ്റു് വില്പനക്കും, 'പാവങ്ങളും' വിററഴിക്കുവാനും അദ്ദേഹത്തെ സഹായിച്ചുംകൊണ്ടു് കേരളത്തിൽ പല ദിക്കിലും ഞങ്ങളും ഒന്നിച്ചു് സഞ്ചരിക്കുകയുണ്ടായിട്ടുണ്ടു്. യാത്രാമദ്ധ്യേ എന്നും സംസാരം സാഹിത്യംതന്നെ. പ്രകൃതിദൃശ്യങ്ങളും എങ്ങിനെ കവി ഹൃദയത്തിൽ പ്രതിഫലിക്കാമെന്നു് യാത്രക്കിടയ്ക്കു് മനോഹര കാഴ്ചകളും കണ്ണിൽപ്പെട്ടാൽ കാവ്യഭംഗിയോടെ വിസ്തരിക്കും. ആദ്ധ്യാത്മപരമായ അത്തരം യാത്രകളും എനിക്കാനന്ദപ്രദം മാത്രമല്ല വിജ്ഞാനപ്രദവും കൂടിയായിരുന്നു.

മറ്റുള്ള സുഹൃദയന്മാരെക്കുറിച്ചായാലും കഥകളിയിൽ എത്ര മോശക്കാരനായ വേഷക്കാരനെക്കുറിച്ചായാലും നല്ലതു പറയുക എന്നല്ലാതെ ആക്ഷേപപരമായ തീവ്രാഭിപ്രായങ്ങളും അദ്ദേഹത്തിൽനിന്നു് കേൾക്കാനെനിക്കിടയുണ്ടായിട്ടില്ല. തന്നേതായിട്ടുള്ള കഴിവുകളും—— പലതും തന്നേതു മാത്രം—— അന്യരിൽ ലോഭം കൂടാതെ പകർന്നുകൊടുക്കുക, അവ വികസിപ്പിക്കുന്നതിനു് അവരെ നിരന്തരം പ്രോത്സാഹിപ്പിക്കുക——ഈ ധർമ്മം എത്രയോ ഔദാര്യത്തോടെ അദ്ദേഹം നിർവ്വഹിച്ചു.

ആ ധന്യാത്മാവിനു് എന്റെ കൂപ്പുകൈ!



ഈ മട്ടെത്ര വിലപ്പെട്ടം മണികളു-
ണ്ടിങ്ങാകരംതോറു,മ-
ശ്രീമദ്വസ്തുചയത്തെ—യെന്തുപറയാം
വ്യാമോഹദുർവ്വൈഭവം!—
പാഴ്മണ്ണിൻപൊടി പറ്റുമെന്നു കരുതി
സ്പർശിയ്യുയേ ചെയ്വതി-
ല്ലോമൽസ്സോദരമട്ടനക്കറ പെറും
മേലാളിമാർതൻകരം !

'തോണിയാത്ര'

മാതൃഭൂമി പ്രസിദ്ധീകരണങ്ങൾ

മഹാത്മാഗാന്ധി:

സത്യാന്വേഷണ പരീക്ഷകൾ *	6.25
അനാസക്തിയോഗം (ഗീത) *	2.50

ജവാഹർലാൽ നെഹ്റു:

വിശ്വചരിത്രാവലോകം *	15.00
ഇന്ത്യയെ കണ്ടെത്തൽ *	10.00
ഒരുകൂട്ടം പഴയ കത്തുകൾ *	10.00
ആത്മകഥ *	10.25

വിക്തോർ യൂഗോ:

പാവങ്ങൾ (രണ്ടുഭാഗങ്ങൾ) *	15.00

പേൾബുക്ക്:

നല്ലഭൂമി *	3.50

എം. ആർ. നായർ:

സഞ്ജയൻ (4 ഭാഗങ്ങൾ)	13.00
ഹാസ്യപ്രകാശം	7.50

ശങ്കരാചാര്യർ:

സൗന്ദര്യലഹരി (വ്യാഖ്യാ)	5.00

W. Dumergue:

Indulekha (English) *	5.00

കേന്ദ്രസാഹിത്യ അക്കാദമി:

മലയാളസാഹിത്യചരിത്രം	4.50
വിവേകാനന്ദൻ	4.50
വാൽമീകി *	7.50

കേരളസാഹിത്യ അക്കാദമി:

പാരമ്പര്യശാസ്ത്രം	2.50

കാളിദാസർ:

അഭി: ശാകുന്തളം	5.00
രഘുവംശം	5.50
കുമാരസംഭവം	2.50
മേഘസന്ദേശം	2.00

കെ. പി. കേശവമേനോൻ:

നവഭാരതശില്പികൾ	5.00
കഴിഞ്ഞ കാലം	5.00

ഡോ: ഭാസ്കരൻ നായർ:

ഔഫ് വീഡർ സോഹൻ	2.00

ബാലാമണിയമ്മ:

സോപാനം	7.50

ജി. ശങ്കരക്കുറുപ്പ്:

ഓടക്കുഴൽ	2.50

ഉണ്ണികൃഷ്ണൻ നായർ:

വള്ളത്തോൾ	6.50

കൃഷ്ണകൃപലാനി:

ടാഗോർ *	3.50

കെ. പി. എസ്. മേനോൻ:

കഥകളിരംഗം	6.00

കെ. ജി. അടിയോടി:

കേരളത്തിലെ വിഷപ്പാമ്പുകൾ	6.00

നാഷനൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ:

സൌഖ്യാഭിജ്ഞം (ബ.റസ്സൽ) *	4.50
ഏകലോകവും ഭാരതവും *	1.50

ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ്:
എല്ലാ മലയാള പ്രസിദ്ധീകരണങ്ങളും (റീജിയനൽ വിതരണം)

* **പരിഭാഷകൾ:** ഈ ഗ്രന്ഥകാരന്മാരുടെ മാതൃഭൂമി പ്രസിദ്ധീകരണങ്ങളായ ഇതരകൃതികളടക്കം 120-ൽ പരം പ്രസിദ്ധീകരണങ്ങൾ

മാതൃഭൂമിയുടെ എല്ലാ ബ്രാഞ്ചുകളിലും ബുക്ക്സ്റ്റാളുകളിലും
നാഷണൽ ബുക്ക്സ്റ്റാളിലും ലഭിക്കുന്നതാണ്.

അല്ലെങ്കിൽ എഴുതുക:


മാതൃഭൂമി

മാതൃഭൂമി സെൻട്രൽ ബുക്ക് സ്റ്റാൾ

മാതൃഭൂമി കെട്ടിടം, കോഴിക്കോട്.

HELP TO KEEP HIM SMILING ALWAYS..

Our actions today will reflect on the future of our country and the happiness of those near and dear to us...only we can ensure a happy smiling future for the India of tomorrow by striving, as we have never done before, in every field of activity in which we are engaged.



PRESSMAN PSOI-2

P.S.O.I

RELEASED BY :
PUBLICITY SOCIETY OF INDIA LTD.
CALCUTTA • BOMBAY • MADRAS • DELHI • LUCKNOW

കലകളിലെ കലാതിലകം:

അതാണ് കൃഷ്ണനാട്ടം!

പ്രാചീന നൃത്തസംഗീതസംവിധാനത്തിന്റെ അന്യാദൃശമായ മാതൃക! കണ്ണിനും കരളിനും കുളിർമ്മ നൽകുന്ന ഈ അത്യത്ഭുത കല എട്ട കഥകളിലൂടേ, എട്ട രാത്രിയിലൂടേ, കണ്ണഞ്ചിക്കുന്ന വർണ്ണപ്പൊലിമയോടെ ശ്രീകൃഷ്ണചരിതം പുനരാവിഷ്കരിക്കുന്നു!!

പുരാണങ്ങളുടെ സൗരഭ്യവും ഭക്തിയുടെ കുളിർമ്മയും ഒരേസമയം ലഭ്യമാകുന്ന ഒരേ ഒരു കലാസംവിധാനമാണ് 'കൃഷ്ണനാട്ടം.'

അത് ഭാരതത്തിൽ, ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ മാതൃകാപരമായി പരിരക്ഷിക്കപ്പെടുന്നു.

വിശദവിവരങ്ങൾക്കെഴുതുക:

മാനേജർ, ഗുരുവായൂർ ദേവസ്വം

OR

സൂപ്രണ്ട്,

ക്ഷേത്രകലാനിലയം, ഗുരുവായൂർ.

With the Best Compliments

from

K. G. MENON, *A. M. I. E.,*

ENGINEER ARCHITECT

Phone. Home: 63227 — **Office: 62893**

"JAYASREE"

No. 3, 1st. Street, Jayalakshmipuram,
Nungambakkam,
MADRAS-34

★

Consult For Construction of:

RESIDENTIAL BUILDINGS FACTORIES & GODOWNS
SCHOOLS & COLLEGES THEATRES & CINEMA HALLS

R. C. C. — A SPECIALITY

Telephone : 23236

MODERN MACHINERY COMPANY

GRAPHIC MACHINERY DEALERS
No. 1, Phillips Street,
MADRAS - 1.

Dealers in:

Printing Machines, Paper cutting Machines, Wire stitching Machines, Book binding Machines etc.,

Manufacturers of:

Brass rules, Hot Press, Proof press, Perforating machines, Disc ruling machines & other fabricational works.

FOREST INDUSTRIES (TRAVANCORE) LIMITED,
ALWAYE.

Leading suppliers of ready made doors, windows, Ventilators all types of wooden furniture and allied products for Government, Commercial and Educational Institutions and for General construction works.

'FIT' Products are superb in quality
are elegant in appearance
are economic in cost
are unique in strength.

A trial will convince you.

Enquiries may be addressed to:
Managing Director,
Forest Industries (Trav.) Ltd.,
Post Box No. 18,
ALWAYE, Kerala State.

Phone : **24 Alwaye.** *Gram:* **'FIT' ALWAYE.**

ഷൊറണ്ണൂർ കൊ-ഓപ്പറേറീവ് സർവ്വീസ് ബാങ്ക് Ltd. No. F. 1203.
ഷൊർണ്ണൂർ

H. O. ഷൊർണ്ണൂർ ബ്രാഞ്ച്: ഓങ്ങല്ലൂർ

സ്ഥിരം ഡിപ്പോസിറ്റുകളുടെ പലിശനിരക്ക്

6	മാസത്തേക്ക്	5%
12	,,	6%
24	,,	6½%
36	,,	7%
60	,,	8%
സേവിങ്സ്	ബാങ്ക് അക്കൗണ്ട്	4%

സ്വർണ്ണം, വെള്ളി ഭൂസ്വത്തു്, ഉല്പന്നങ്ങൾ മുതലായ തുകകളുടെ ഈടിന്മേൽ മിതമായ പലിശനിരക്കിൽ പണം കടം കൊടുക്കുന്നതിനു പുറമേ കൃഷിക്കു് ആവശ്യമായ വെള്ളം, കീടനാശിനികൾ മുതലായവയും മൊത്തമായും ചില്ലറയായും വിൽപ്പന നടത്തുന്നു. കൂടാതെ മറ്റ് എല്ലാവിധ ബാങ്കു് ഇടപാടുകളും നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കു് ഹെഡാഫീസിൽ അന്വേഷിക്കുക.

ഏ. ടി. രാമദാസ്
തിരുമൽപ്പാടു്, സെക്രട്ടറി.

കെ. ഗോപാലദേവ്
പ്രസിഡണ്ടു്.

SESHASAYEES
for
WIRE ROPES

FOR ALL JOBS:
MINING, ROPEWAYS, SHIPPING, LIFTS & HOISTS and GENERAL ENGINEERING PURPOSES

(Certified by the American Petroleum Institute and Llyod's Register of Shipping)

Seshasayee Wire Ropes Ltd.

Regd. Office and Works
Edathala (Alwaye) Kerala State
Telephone : 329 and 330 (Alwaye)
Telegram: " STEELROPES ", Alwaye
Managing Agents:
Seshasayee Brothers (Travancore) Private Limited.

Distributors in Kerala State:
Messrs Achuthanpillai & Company,
Willingdon Island P. O. Cochin

Use Always

Saseendra

Medicated Soap



Banerji Road — Ernakulam

വായനശാലകളുടെ
സവിശേഷശ്രദ്ധയ്ക്ക്

Vallathol Grandhalayam

Cheruthuruthy - Kerala State

വള്ളത്തോൾ കൃതികളും, ഗ്രന്ഥാലയം
മറ്റു പ്രസിദ്ധീകരണങ്ങളും

കൂടാതെ മഹാകവികളായ ഉള്ളൂർ, ആശാൻ, ജി. ശങ്കരക്കുറുപ്പ് എന്നിവരുടെ കൃതികളും എൻ. ബി എസ്. കറൻറ്, മംഗളോദയം, പി. കെ. ബ്രദേഴ്സ്, മാതൃഭൂമി, പരിഷത് ബുക്ക് സ്റ്റാൾ, സി. ഐ. സി. ബുക്ക് ഹൌസ്, ശ്രീനരസിംഹവിലാസം ബുക്ക് ഡിപ്പോ എന്നീ പ്രസിദ്ധീകരണക്കാരുടെ പുസ്തകങ്ങളും വില്പനയുണ്ട്. വായനശാലകൾക്കും സ്കൂൾ ലൈബ്രറികൾക്കും എല്ലാ പുസ്തകങ്ങളും ആകർഷകമായ വ്യവസ്ഥയിന്മേൽ കൊടുക്കാൻ തെയ്യാറാണ്.

പുസ്തകങ്ങൾ വി. പി. അയയ്ക്കാൻ ആവശ്യപ്പെടുന്നവർ 25 ശതമാനം അഡ്വാൻസ് അയയ്ക്കണം. പുസ്തകങ്ങളുടെ പേരും മേൽവിലാസവും വ്യക്തമായി എഴുതുകയും വേണം. 5 രൂ. യിൽ കൂടുതൽ സംഖ്യയ്ക്ക് വി. പി. അയയ്ക്കുന്നതല്ല.

മാനേജർ
വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി.

മഹാകവി വള്ളത്തോളിന്റെ കൃതികം

ഇതിനുമുമ്പ് പ്രസിദ്ധീകരിച്ച വള്ളത്തോളം സപ്തതി, മഹാകവി വള്ളത്തോളം എന്നീ കൃതികളിൽ രേഖപ്പെടുത്തിയ വിവരങ്ങളാസ്പദിച്ചാണ ഈ പട്ടിക തയ്യാറാക്കിയിട്ടുള്ളതു്. ഇതിലുള്ള വിവരങ്ങളം ഏറെക്കുറെ ശരിയാണു്. മേല്പറഞ്ഞ രണ്ടു് പുസ്തകങ്ങളും പ്രസിദ്ധീകരിച്ച കാലത്തു് ഞാൻ അച്ഛനോടു് നേരിട്ടു് ചോദിച്ചു മനസ്സിലാക്കിയ വിവരങ്ങളാണു് അവയിൽ ചേർത്തിട്ടുള്ളതു്. അതുകൊണ്ടു് അച്ഛനു് ഓർമ്മത്തെറ്റുപറ്റിയവയൊഴിച്ചു് മറ്റുള്ളതെല്ലാം ശരിയാണെന്നു് തീർച്ച പറയാം.

കൊല്ലം 1890–91– 12–13 വയസ്സു

1. കിരാതശതകം. ഇതുരണ്ടും 12–13 വയസ്സുകാലത്തു് രചിച്ചതാകയാൽ
2. വ്യാസാവതാരം ജനങ്ങളെ വിസ്മയിപ്പിക്കുകകൂടി ചെയ്തിട്ടുണ്ടു്. രണ്ടും അക്കാലത്തു് അച്ചടിച്ചിരുന്നു. ഇപ്പോളം നാമാവശേഷമായി.

കൊല്ലം 1895–96

3. സല്പാപപുരം—വെള്ളാനശ്ശേരി വാസുണ്ണി മൂസ്സതുമായി ഒരു ദിവസത്തെ സമാഗമത്തിൽ മലയാളശ്ലോകരൂപേണയുണ്ടായ സംഭാഷണം. അതിന്റെ മാതൃക താഴെ കാണിക്കാം.

''കൃതാന്താന്തകപ്രാണനാഡീകടാക്ഷം
കൃതാർത്ഥപ്പെടുത്തീടുമെൻതമ്പുരാനെ
സദാ തങ്കിടും ലക്ഷ്മിയോടൊത്തുകണ്ടീ
ഹൃദാതങ്കമെന്നൊന്നു ദൂരത്തകറും?''

മൂസ്സതു്.

ഇതിൽ പ്രസ്താവിക്കപ്പെട്ട തമ്പുരാൻ പ്രസിദ്ധ പണ്ഡിതകവിയായ കോഴിക്കോട്ട സാമൂതിരി മാനവിക്രമനേട്ടൻ തമ്പുരനാണു്.

''കടൽക്കന്യയാം തന്റെ കാന്തൻകനിഞ്ഞാ—
ക്കടക്കണ്ണുകൊണ്ടെന്നുകൊണ്ടാട്ടമന്നാം
കടക്കാം മഹാരാജമന്ദാരവൃക്ഷ—
ക്കടയ്ത്തൽക്കലമ്പാതെ കൈകൂപ്പിനില്പാം.''

വള്ളത്തോളം

4. ത്രിയാമാ—ഇതു വെള്ളാനശ്ശേരി മൂസ്സതൊന്നിച്ചതന്നെ ഒരു രാത്രി കൂടിച്ചേർന്നു് എഴുതിയ ഒരു സംസ്കൃതകൃതിയാണു്. അതിന്റെ മാതൃക ഒന്നിതാ:—

ദദാദ്യൽകൃപാപദ്യാവിദ്യാഹൃദ്യാപുരദ്വിഷ:
(വള്ളത്തോളം)
സർവ്വദാസർവദാസർവ്വമംഗളാസർവ്വമംഗളം.

ഒരു ശ്ലോകംകൂടി:—ഇതു് ഏതിലെയാണെന്നു് തീച്ചപ്പോരാ. കേട്ടറിവുമാത്രമേഉള്ളൂ.

''വരു വരു വരമേകീ നിർണ്ണയംമേ പിനാകീ
വിരവിൽവരുവനല്ലാ നിങ്ങളീമോളിലുണ്ടോ?
(മൂസ്സതു്)
''പുരുപരവശനാംഞാൻമോളിലോചോട്ടിലുല്ല,
വരവിബുധനതാകുന്നിബ്ഭോൻ ചോട്ടിലാമോ?
(വള്ളത്തോളം)

സല്പാപപുരത്തിലേതായിരിയ്ക്കാം.

മേല്പറഞ്ഞ രണ്ടും അച്ചടിച്ചിട്ടുണ്ടായിരുന്നു. ഇപ്പോളം കഥാവശേഷമായി.

5. പോർഷ്യാവിവാഹം—ഇതുഷേക്സ്പിയരുടെ വെനീസ്സിലെ കച്ചവടക്കാരൻ എന്ന നാടകത്തെ ഉപജീവിച്ച നിർമ്മിച്ച ഒരു പഞ്ചാങ്ക നാടകമാണു്. അച്ചടിച്ചിട്ടില്ല, നശിച്ചുപോയിരിയ്ക്കുന്നു.

6. കീചകവധം – (കൈകൊട്ടിക്കളിപ്പാട്ടു്) മറ്റു ചിലരൊന്നിച്ചു് എഴുതിയതു്, രണ്ടു് വൃത്തംമാത്രം മഹാകവിയുടേതു്. അച്ചടിച്ചിട്ടില്ല. നശിച്ചുപോയി.

7. അർജ്ജുനവിജയം—(നാടകം) അഞ്ചുങ്കങ്ങളുണ്ടു്. മുഴുമിച്ചിരിക്കുന്നു. അച്ചടിച്ചിട്ടില്ല, നശിച്ചുപോയി.

8. തപതീസംവരണം—ഇതൊരു സംസ്കൃത മഹാകാവ്യമാണു്. മാഘം മുതലായ മഹാകാവ്യങ്ങളിലുള്ള പലതരം യമകങ്ങൾചേർന്ന ഒരു സർഗ്ഗം ഇതിലുണ്ടായിരുന്നു. അഞ്ചാറു് സർഗ്ഗങ്ങളേ എഴുതുകയുണ്ടായുള്ളു, ഇതും നശിച്ചുപോയി.

ഈ വസ്തുതകളം വള്ളത്തോളം സപ്തതിയിൽ ചേർത്ത ക്രമം ശരിയാണോ എന്നു് സംശയം. ശ്രീ കുറിപ്പുറത്തുകിട്ടുണ്ണിനായരുടെ 'മഹാകവി വള്ളത്തോളം' ജീവചരിത്രത്തിൽ ചേർത്ത ക്രമമാണു് ഏറെക്കുറെ ശരിയെന്നു് തോന്നുന്നു. അദ്ദേഹം മഹാകവിയുടെ സതീർത്ഥ്യനായിരുന്നുവല്ലോ.

1899–21 വയസ്സു്

9. ഋതുവിലാസം—കടത്തനാട്ടു് ഉദയവർമ്മ ഇളയരാജാവിന്റെ 'കവനോദയം' മാസികയിൽ പ്രസിദ്ധീകരിച്ച പുസ്തകരൂപേണ പുറത്തുവന്നതു്.

1900–22 വയസ്സ്.

10. ആരോഗ്യചിന്താമണി–സർവ്വശാസ്ത്ര വിശാരദനായ കൈക്കുളങ്ങരെ രാമവാരിയരുടെ ആരോഗ്യകല്പദ്രുമത്തെ അനുസരിച്ച് എഴുതിയ ഒരു കൃതി. ഇതിൽ 2975 പദ്യങ്ങളാണുള്ളതു്. പകർപ്പവകാശം പണ്ടത്തെ കേരളകല്പദ്രുമമായ ഇന്നത്തെ മംഗളോദയം കമ്പനിയ്ക്കാണു്. ഗ്രഹരേണം–ഒരു നല്ല ഗദ്യലേഖനമാണിതു്. അന്നത്തെ രസികരഞ്ജിനിയിൽ.

11. പാർവ്വതീപാദാദികേശസ്തവം – എൻ. വി. കൃഷ്ണവാരിയർ എന്ന പ്രസിദ്ധ സംസ്കൃത പണ്ഡിതന്റെ സവിസ്തരവ്യാഖ്യാനത്തോടുകൂടിയ ഈ സംസ്കൃതകൃതി നശിച്ചുപോയിരിക്കുന്നു.

1901–23 വയസ്സ്.

12. പഞ്ചതന്ത്രം (മണിപ്രവാളം) 'പരിഷ്കാരാഭിവർദ്ധിനി' സഭയുടെ നിർദ്ദേശമനുസരിച്ച് പലരുംകൂടി എഴുതിയ ഈ കാവ്യത്തിൽ ഒന്നാംതന്ത്രം മുഴുവനും മഹാകവിയുടേതാണു്.

1902–1903. 24–25 വയസ്സ്.

13. വൈദ്യഭ്രഷണം–'വൈദ്യ ജീവന'മെന്ന സംസ്കൃത ഗ്രന്ഥത്തെഅവലംബിച്ചെഴുതിയ ഒരു ശ്ലോകാത്മകവൈദ്യഗ്രന്ഥം.

14. ഗർഭരക്ഷാക്രമം–മഹാകവി തന്റെ പ്രിയപത്നിയുടെ ആദ്യ ഗർഭകാലത്തു് പത്ഥ്യോപദേശം ചെയ്ത ഒരു ചെറുകാവ്യം. പകർപ്പവകാശം മംഗളോദയത്തിനുതന്നെ.

15. വൈദ്യജീവനം–ഇതു് പൂണ്ണുമാണു്. ആദ്യത്തേതുമാത്രമേ അച്ചടിച്ചിട്ടുള്ളൂ.

16. ചന്ദ്രികാസ്വയംവരം–കൈകൊട്ടിക്കളിപ്പാട്ടു്. 1903 ഏപ്രിൽ 21–ാംനു (1078മേടം 9–ാംനു) ഏതാനും മണിക്കൂർകൊണ്ടെഴുതിയതു്. കവനോദയത്തിൽ പ്രസിദ്ധിപ്പെടുത്തിയിരുന്നു.

1903–1904. 26 വയസ്സ്.

ഭാരതമഞ്ജരി — കടത്തനാട്ടു് ഇളയരാജാവിന്റെ ആവശ്യപ്രകാരം കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മുതലായ പലരും കൂടി തർജ്ജമ ചെയ്ത ഈ മഹാഗ്രന്ഥത്തിൽ 709–ലധികം ശ്ലോകങ്ങളുള്ള അന്ത്യഭാഗം മഹാകവിയുടേതാണു്. തർജ്ജമ പ്രസ്ഥാനത്തിൽ മഹാകവിയുടെ ആദ്യത്തെ കൈവെപ്പാണിതു്. ഇതു് അച്ചടിച്ചിട്ടുണ്ടെന്നു തോന്നുന്നു.

18. നേത്രാമൃതം——കണ്ണുചികിത്സാ ഗ്രന്ഥം. അഷ്ടാംഗഹൃദയത്തിലെ നേത്രരോഗനിദാനവും ചികിത്സയും മലയാളത്തിൽ ശ്ലോകരൂപേണ എഴുതിയതു്. അച്ചടിച്ചിട്ടില്ല. നശിച്ചുപോയി.

19. കാശിമാഹാത്മ്യം കിളിപ്പാട്ടു്–മുഴുമിച്ചിട്ടില്ല–ഇക്കാലത്തു് എഴുതാൻ ശ്രമിച്ചതാണു്. ഇതിന്റെ ഒരു ഭാഗം 88 കും്ത്തിലെ(1913 ഫെബ്രുവരി) കവന കൗമുദിയിൽ ''ഒരു രാക്ഷസകൃത്യ'' മെന്ന തലക്കെട്ടിൽ പ്രസിദ്ധിപ്പെടുത്തിയിട്ടുണ്ടു്. മറ്റു ഭാഗമൊക്കെ നശിച്ചുപോയി.

20. വാല്മീകിരാമായണം തർജ്ജമ— 1905 ഫെബ്രുവരിയിൽ തർജ്ജമ ആരംഭിച്ചു. ഒരു കൊല്ലവും എട്ടു മാസവും കൊണ്ടു് എഴുതിത്തീർത്തു. 1908ൽ മാസികയായി അച്ചടിച്ചുകഴിഞ്ഞു. ഇതെത്ര പതിപ്പായെന്നു് കൃത്യമായി പറകവയ്യ. ഇല്ലാത്ത ഫാറങ്ങൾ പലപ്പോഴും അച്ചടിച്ചു കൂട്ടിച്ചേർത്തു് പുസ്തകമാക്കിയിട്ടുണ്ടു്. 1930 ൽ അച്ചടിച്ച പുസ്തകത്തിൽ വെടിപ്പു വരുത്തിയ രണ്ടാം പതിപ്പെന്നു കാണുന്നു. ഇതിനുശേഷം 1938 ൽ (1114ൽ ഷഷ്ടിപൂർത്ത്യവസരത്തിൽ)വീണ്ടും നിശ്ശേഷം പരിശോധിച്ചു് മൂന്നാംപതിപ്പു് പ്രസിദ്ധിപ്പെടുത്തുകയുണ്ടായി. ഇപ്പോഴും ഓരോ കാണ്ഡവും വെവ്വേറെ അച്ചടിച്ച നാലാം പതിപ്പാണു് പ്രചാരത്തിലുള്ളതു്. ഷഷ്ടിപൂർത്ത്യവസരത്തിൽ അച്ചടിച്ച കോപ്പിയിൽ ഉത്തരകാണ്ഡം ചേർത്തിരുന്നില്ല. അതിനാൽ ഉത്തരകാണ്ഡം ആദ്യം വേറെ അച്ചടിച്ചു.

21. ഉത്തരരാഘവം പ്രേക്ഷണകം — (തർജ്ജമ)ഒരു ചെറിയ ദൃശ്യകാവ്യം. ഒന്നു രണ്ടു ദിവസത്തെ നേരമ്പോക്കിന്റെ ഫലമാണു്. 1909 സപ്തംബറിൽ മാത്രമേ പ്രസിദ്ധീകരിയ്ക്കപ്പെട്ടുള്ളൂ.

22. ശ്രീകൃഷ്ണസ്തവം——സംസ്കൃതത്തിൽ എഴുതിയ ഒരു സ്തോത്രം; അപൂർണ്ണം. അച്ചടിച്ചിട്ടില്ല.

23. ദേവീസ്തവം——ഓരോരോ മാസികകളിൽ അപ്പപ്പോഴായി എഴുതിയിട്ടുള്ള ഒരു നൂറോളം പദ്യങ്ങളും ഒന്നിച്ചു ചേർത്തതു്. എല്ലാം ദേവിയെക്കുറിച്ചുതന്നെ. ഇതു് എഴുതിയ കാലം വളരെ തിട്ടമായിപ്പറയുകവയ്യ.

24. മാതംഗലീല–(തർജ്ജമ) ഇതു വന്നേരിയിലുള്ള കടലായി മനയ്ക്കലെ ഒരു നമ്പൂതിരിപ്പാടിന്റെ ആവശ്യപ്രകാരം തർജ്ജമ ചെയ്തുകൊടുത്തതാണു്. കയ്യെഴുത്തുപ്രതി വള്ളത്തോൾ ഗ്രന്ഥാലയത്തിനു് നമ്പൂതിരിപ്പാടു് അയച്ചുതന്നിട്ടുണ്ടു്. അച്ചടിച്ചിട്ടില്ല. മുഴുവൻ തർജ്ജമ ചെയ്തിട്ടില്ലെന്നു തോന്നുന്നു.

1906–7. 28 വയസ്സ്.

25. ബധിരവിലാപം——രണ്ടായിരം പ്രതികവീതം പതിനഞ്ചുപതിപ്പു്.

26. ദണ്ഡകാരണ്യം——1910 ജൂണിൽ കവന കൗമുദിയിൽ പ്രസിദ്ധീകരിച്ച ഒരു ചെറു കാവ്യം. ഇതു പുസ്തക രൂപത്തിൽ 1960 ൽ മാത്രമേ പുറത്തു വന്നുള്ളൂ.

27. കുബ്ജകന്യാചരിതം–(മണിപ്രവാളം) ഇതു് കവിതിലകൻ കുണ്ടൂരും പി.കെ.നാരായണൻ

നമ്പീശനും കൂടിച്ചേർന്നു് നിർമ്മിച്ചതാണു്. അന്ത്യഭാഗമാണു് മഹാകവിയുടേതു്. കഥ രാമായണം ബാലകാണ്ഡത്തിലുള്ള 'കുശനാഭ കന്യാദാന'മാണു്. പുസ്തകമാക്കി അച്ചടിച്ചിട്ടില്ല.

28.ചിത്രയോഗം മഹാകാവ്യം—1910 ൽ എഴുതിത്തുടങ്ങി. 1912 ലേ അവസാനിച്ചുള്ളൂ. ഏഴു പതിപ്പു്. മിക്ക പതിപ്പുകളും ആയിരം വീതംതന്നെ.

29.ഗണപതി—1913 മേയു് (1088 മേടം 20—ാംനു) വെള്ളിയാഴ്ച എഴുതി. നവംബറിൽ പ്രസിദ്ധിപ്പെടുത്തി. പതിനൊന്നു പതിപ്പു്.

30. വിലാസലതിക—1913 ആഗസ്റ്റു് 1—ാംനു എഴുതിത്തുടങ്ങി. പതിനൊന്നു പതിപ്പു്. ആയിരം വീതംതന്നെ.

31. അനിരുദ്ധൻ—1914 മാർച്ചു് 1—ാംനു ഞായറാഴ്ച എഴുതിത്തീർത്തു. 29 പതിപ്പു്. വള്ളത്തോൾക്കൃതികളിൽ ഏറ്റവുംകൂടുതൽ അച്ചടിച്ചിട്ടുള്ളതു് ഇതാണു്. ആദ്യകാലത്തു് രണ്ടായിരവും പിന്നീടു് മൂവായിരവും വീതമാണു് ഓരോ പതിപ്പും അച്ചടിച്ചതു്. സുമാർ 78000 പ്രതി വിറ്റഴിഞ്ഞിരിക്കുന്നു.

32. ഒരുകത്തു്—1914 ഏപ്രിൽ 12—ാംനു എഴുതിത്തീർത്തു. പന്തിരണ്ടു പതിപ്പു്. രണ്ടായിരം പ്രതികളാണു് മിക്കപ്പോഴും അച്ചടിച്ചിരുന്നതു്.

33. മാർക്കണ്ഡേയ പുരാണം (1915). ഗദ്യതർജ്ജമ. ഇതു ഇടപ്പള്ളി കുറുമൂർനാരായണൻഭട്ടതിരിപ്പാടിന്റെ ആവശ്യപ്രകാരം തർജ്ജമചെയ്തുകൊടുത്തു.

34.പദ്മപുരാണം

35.വാമനപുരാണം.

36.മത്സ്യപുരാണം—ഇവ മൂന്നും തിരുവനന്തപുരം ബി. വി. ബുക്കു് ഡിപ്പോക്കാരുടെ ആവശ്യപ്രകാരം ഗദ്യത്തിലും വിശേഷ സന്ദർഭങ്ങളിൽ പദ്യത്തിലുമായി പരിഭാഷപ്പെടുത്തിയതാണു്. ഏതു കാലത്തു് അവസാനിച്ചുവെന്നു് തീർച്ച പറകവയ്യ.

1916

37. സാഹിത്യമഞ്ജരി—ഒന്നാംഭാഗം പതിനേഴു പതിപ്പു്. എല്ലാം ആയിരം കോപ്പി. ഇതു പലപ്പോഴും പാഠ്യപുസ്തകമായിട്ടുണ്ടു്. ഒരു തവണ തിരുവിതാംകൂറിൽ മാത്രം മലയാളം ഏഴാം ക്ലാസ്സിൽ ടെക്സ്റ്റായിരുന്നു. അന്നു് കുറെയധികംകോപ്പികളും ഒന്നിച്ചടിയ്ക്കുകയുണ്ടായിട്ടുണ്ടു്. ഇതിലെ ഒന്നാമത്തെ 'വന്ദിപ്പിൻ മാതാവിനെ' എന്ന സുപ്രസിദ്ധ ഗാഥ 1913 ഏപ്രിൽ 19—ാംനു യാണു് എഴുതിയതു്. ഇതിൽ 14 കൃതികളുണ്ടു്.

38.ശിഷ്യനും മകനും—1918 ജൂലായു് 27—ാംതീയതി എഴുതിത്തീർത്തു. ഇരുപത്തൊന്നു പതിപ്പു്. ആകെ 41500 ൽ അധികം കോപ്പികളും അച്ചടിച്ചിരിക്കുന്നു.

39. ഊരുഭംഗം—1919 ഫെബ്രുവരി

40. സാഹിത്യ മഞ്ജരി—രണ്ടാം ഭാഗം 1920ൽ. പന്തിരണ്ടു പതിപ്പു്.

41. ഔഷധാഹരണം ആട്ടക്കഥ: നാലു പതിപ്പു

42. മധ്യമവ്യായോഗം—- 1920 ജനുവരി.

43. അഭിഷേക നാടകം } തർജ്ജമ
44. ഭദ്രാവതാരം—പാന. }

ഇവരണ്ടും ബി. വി. ബുക്കു്ഡിപ്പോക്കാർ അച്ചടിപ്പിച്ചിട്ടുണ്ടു്. പകർപ്പവകാശം അവക്കാണു്.

45. മശലനമറിയം—1921ജൂണിൽ (1096 മിഥുനത്തിൽ) ഇരുപത്തേഴു പതിപ്പു്. ആകെ 82,000 കോപ്പി. ഇതു വളരെ കൃത്യമായ കണക്കാണെന്നു പറഞ്ഞുകൂടാ. മഹാകവിയുടെ മാസ്റ്റർപീസാണെന്നാണു് വിദഗ്ധമതം. അനിരുദ്ധനേക്കാളും കൂടുതൽ ചെലവുള്ള കൃതിയാണിതു്, ഇപ്പോളും. ഇതു ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി ലണ്ടനിലെ Meridian Books Ltd., പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

1922

46. സാഹിത്യ മഞ്ജരി മൂന്നാം ഭാഗം—പന്തിരണ്ടു പതിപ്പു്. കൃതികളും 14.

47. പഞ്ചരാത്രം നാടകം തർജ്ജമ 1922 ആഗസ്റ്റു്—സപ്തംബർ കാലത്തു് (1098 ചിങ്ങം)

48. സാഹിത്യമഞ്ജരി നാലാം ഭാഗം—പതിനഞ്ചാംപതിപ്പു്. 1923—ൽ (1099) കൃതികളും 13.

49. സ്വപ്നവാസവദത്തം നാടകം തർജ്ജമ—ആറാംപതിപ്പു്.

50. സാഹിത്യമഞ്ജരി—അഞ്ചാംഭാഗം 1924 കാലത്തുതന്നെ. ഒമ്പതാം പതിപ്പു്. കൃതികളും17.

51. സാഹിത്യമഞ്ജരി ആറാംഭാഗം—1922ൽ. ഒമ്പതാംപതിപ്പു്.

52. കൊച്ചുസീത—ഒരു സാമുദായികമായ ഗാഥാകാവ്യം. പതിനാറാം പതിപ്പു്.

53. ഗ്രന്ഥവിഹാരം—1927ൽ കേരളോദയത്തിന്റെയും ആത്മപോഷിണിയുടേയും പത്രാധിപത്യം വഹിച്ചിരുന്ന കാലത്തു് അവ രണ്ടിലും എഴുതിയ ഗ്രന്ഥനിരൂപണങ്ങളുടെ സമാഹാരം. ആകെ നാല്പത്തിനാലു ഗ്രന്ഥങ്ങളുടെ നിരൂപണമാണു് ഇതിലുള്ളതു്. രണ്ടാം പതിപ്പു്.

54. സാഹിത്യമഞ്ജരി—ഏഴാംഭാഗം. ഒമ്പതാം പതിപ്പ്. കൃതികം 19.

55. ശരണമയ്യപ്പാ!—1932ൽഎഴുതി. 1941—ൽ അച്ചടിച്ചു പുറത്തു വന്നു. ശബരിമല തീർത്ഥാടകർക്കു് ഭക്തിമധുരമായി ആലപിക്കാവുന്ന ഒരു ലഘുകാവ്യം. രണ്ടാം പതിപ്പ്. ആദ്യം മൂവായിരം കോപ്പി അച്ചടിച്ചിരുന്നു.

1936

56. അഭിജ്ഞാനശാകുന്തളം നാടകം തർജ്ജമ. ആറു പതിപ്പായി കഴിഞ്ഞിരിക്കുന്നു. പാഠ്യപുസ്തകമാകയാൽ പത്തുപതിനയ്യായിരം കോപ്പിയിൽ കൂടുതൽ ചെലവായിക്കഴിഞ്ഞു.

57. അച്ഛനും മകളും—പതിനൊന്നാംപതിപ്പ്. പുസ്തകരൂപത്തിൽ പുറത്തുവന്നതു് 1941—ലാണു്. എഴുതിയതു് 1936 ൽ.

1942-43

58. ഇന്ത്യയുടെ കരച്ചിൽ: അഞ്ചാംപതിപ്പ്.

1944

59. വിഷുക്കണി—സാഹിത്യമഞ്ജരിയുടെ തുടർച്ച. നാലു പതിപ്പ്. കൃതികം 10.

60, സ്ത്രീകളെ സംബന്ധിക്കുന്ന കവിതകളം മാത്രം അടങ്ങിയതു്. കൃതികം 7. അഞ്ചാം പതിപ്പ്.

61. ദിവാസ്വപ്നം—സാഹിത്യമഞ്ജരിയുടെ തുടർച്ച. മൂന്നാം പതിപ്പ് കൃതികം 10.

62. വീരശൃംഖല— സാഹിത്യമഞ്ജരിയുടെ തുടർച്ച. ആറാംപതിപ്പ്. കൃതികം 10, ഒമ്പതിനായിരം പ്രതി.

63. എന്റെ ഗുരുനാഥൻ— മഹാത്മജിയെക്കുറിച്ചുള്ള കവിതകളം മാത്രം കൂട്ടിച്ചേർത്തതു്. കൃതികം 7.

64. പരലോകം—ചരമമടഞ്ഞ തിലകൻ, ദാദാഭായിനവറോജി, സി. ആർ. ദാസു് എന്നീ രാഷ്ട്രനേതാക്കളേയും വെണ്മണി, കുഞ്ഞിക്കുട്ടൻതമ്പുരാൻ, കുണ്ടൂർ എന്നീ സാഹിത്യനായകന്മാരെയും കുറിച്ചെഴുതിയ കവിതകളം.

65. കപടകേളി—1120 മകരം. മഹാമാത്യ വത്സരാജന്റെ പ്രഹസനത്തിന്റെ തർജ്ജമ. രണ്ടാം പതിപ്പ്.

1945

66. കർപ്പൂരചരിതം ഭാണം. 1121 മകരം. മഹാമാത്യ വത്സരാജന്റെ ഭാണം തർജ്ജമ. രണ്ടാം പതിപ്പ്.

67. രുഗ്മിണീഹരണം — 1123 ചിങ്ങം. മഹാമാത്യ വത്സരാജന്റെ നാടകം തർജ്ജമ. രണ്ടാം പതിപ്പ്.

1947

68. ത്രിപുരദഹനം—1123 മകരം. മഹാമാത്യ വത്സരാജന്റെ നാടകം തർജ്ജമ. രണ്ടാം പതിപ്പ്.

69. ബോധിസത്ത്വാപദാനകല്പലത— കേരള സർവ്വകലാശാലയുടെ (അന്നത്തെ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ) ആവശ്യപ്രകാരം തർജ്ജമ ചെയ്തു കൊടുത്തതു്. ഇതു് 2830 പദ്യങ്ങളം അടങ്ങിയ ഒരു വലിയ പുസ്തകമാണു്.

1950

70. സാഹിത്യമഞ്ജരി എട്ടാം ഭാഗം. കൃതികം 12. ആറു പതിപ്പ്.

71. ബാപ്പുജി—മഹാത്മജി വെടിയേറ്റു മരിച്ചതു മുതൽ ഭസ്മപ്രക്ഷേപണംവരെയുള്ള ഇതിവൃത്തത്തെ വിവരിക്കുന്നതു്. ഇതു് ഹരിപ്പാട്ടു് അഡ്വക്കേറ്റ് വി. കെ. മൂത്തതു ഹിന്ദിയിൽ തർജ്ജമ ചെയ്തുവെങ്കിലും പ്രസിദ്ധീകരിയ്ക്കുകയുണ്ടായില്ല. നാലു പതിപ്പ്.

72. ഭഗവൽസ്തോത്രമാല—പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി പ്രസാധനം ചെയ്തതു്. ഇതിൽ വൈഷ്ണവം, ശൈവം, ശക്തി എന്നീ പദ്ധതികളിൽക്കൂടി 16 സ്തോത്രങ്ങളം ഒടുവിൽ സ്വധർമ്മവൃത്തത്തിൽ 16 പദ്യങ്ങളുള്ള ഒരു ദേവീസ്തവവുമുണ്ടു്. രണ്ടാം പതിപ്പ്.

1951

73. വള്ളത്തോൾ റഷ്യയിൽ—1951 ൽ റഷ്യൻ പര്യടനവേളയിൽക്കണ്ട പ്രധാന ദൃശ്യങ്ങളിൽചിലതിനെപ്പറ്റി അഞ്ചു കവിതകൾ. മൂന്നാം പതിപ്പ് (ഇതു റഷ്യയിൽ തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പതിനായിരക്കണക്കിൽ കോപ്പികൾ ചെലവായതത്രെ)

74. ഋഗ്വേദം തർജ്ജമ—1955 ൽ ഋഗ്വേതർജ്ജമ ഒന്നാംവാല്യം പുറത്തുവന്നു. മഹാകവി ദിവംഗതനാവുന്നതിനു് ഏതാനും മാസം മുമ്പു മാത്രമാണു് നാലാം വാല്യം അച്ചടികഴിഞ്ഞതു്. രണ്ടരക്കൊല്ലക്കാലമാണു് തർജ്ജമയ്ക്കു് എടുത്തതു്. ഒന്നാം പതിപ്പ് രണ്ടായിരം കോപ്പി.

75. അഭിവാദ്യം—1957. ഒരു കവിതാസമാഹാരം.

76. സാഹിത്യമഞ്ജരി ഒമ്പതാം ഭാഗം—മഹാകവി ദിവംഗതനായതിനുശേഷം പ്രസിദ്ധീകരിച്ചതു്. 1958. മൂന്നാം പതിപ്പ്. 17 കൃതികം.

77. നാഗിള—നാഗിള മാത്രം വേറെ പുസ്തകമാക്കിയതു്.

78. സാഹിത്യമഞ്ജരി പത്താം ഭാഗം. ഒന്നാം പതിപ്പ്. 1964. 17 കൃതികം.

79. പ്രസംഗവേദിയിൽ: മഹാകവി അപ്പപ്പോഴം ചെയ്ത പ്രസംഗങ്ങളുടെ സമാഹാരം. ഒരു പതിപ്പ്.

80. പത്മദളം—

81. പുരാണകാവ്യമഞ്ജരി— ഒന്നാം ഭാഗം.

81. പുരാണകാവ്യമഞ്ജരി—രണ്ടാം ഭാഗം. ഇവ കമലാലയം ബുക്കഡിപ്പോക്കാർ പുരാണങ്ങളിൽ നിന്നു തിരഞ്ഞെടുത്ത പദ്യങ്ങളം കൂട്ടിച്ചേർത്തു് വേറെ പുസ്തകമാക്കി പ്രസിദ്ധീകരിച്ചതാണെന്നു തോന്നുന്നു.—

സി. ഗോവിന്ദക്കുറുപ്പ്

DC Library
00024052
T51 V24



face value

In *kathakali*, Kerala's gift to the world of art, the faces of actors who take on the roles of gods and heroes are painted a glistening green—the colour of fresh young farms and fields, the hue that heralds, as it were, a richer harvest.

An important factor which boosts crop yield is the judicious use of chemical fertilisers.

The FACT range of fertilisers includes: FACTAMFOS
Ammonium Phosphate
ULTRAFOS
(Finely ground mineral phosphate)
Ammonium Sulphate
Superphosphate
NPK Fertiliser Mixtures

FACT ...for almost name in fertilisers!

THE FERTILISERS AND CHEMICALS TRAVANCORE LIMITED
Regd. Office: Eloor, Udyogamandal P.O., Kerala State.

CRITERION-FT-481

Published by Vallathol Grandhalayam, Cheruthuruthy and Printed at the Mathrubhumi Press, Ernakulam-7